ബംഗാളിൽ നിന്നുള്ള വാർത്തകൾ... | അഴിമതിരാഷ്ട്രീയത്തിനെതിരെ ജനനായകന്റെ പടപ്പുറപ്പാട് | ഓാസിനൊരു ഭരണം | സി.പി.ഐ (എം) മാജിക്കൽ റിയലിസം രാഷ്ട്രീയത്തിൽ | അരനൂറ്റാണ്ടിന്റെ സർഗ്ഗാർച്ചന

OCTOBER | VOL.05 | ISSUE 10

# മലയാളി.com magazine 2026



## പാർവതി തിരുവോത്ത്
# അഭിനയത്തിലെ ക്ലിനിക്കൽ വശ്യചാരുത



# പൗരൻ ആണ് സാർ !
ആരുടെ അജണ്ടയാണ് തെരഞ്ഞെടുപ്പു കമ്മീഷൻ പൂർത്തിയാക്കിയത് ?

## മലയാള ചലച്ചിത്രഗാനങ്ങൾ പുതിയ നൂറ്റാണ്ടിൽ



450+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
Price
LOCKED
Gold
SECURED
PAY
25%
NOW
and lock in your
festive gold price.
PLAN YOUR
festivities
NOW!
Offer valid till
8th November 2026
T&C Apply*

മലയാളി.com Magazine
DIGITAL MAGAZINE
2026
OCTOBER
VOL/05
ISSUE/10
Contact: mag@emalayalee.com | www.emalayalee.com

# തീവെട്ടിക്കൊള്ള!

മികച്ച ആശുപത്രികൾ സാധാരണക്കാർക്ക് അപ്രാപ്യമായിട്ട് എത്രയോ വർഷങ്ങളായിരിക്കുന്നു. അവയെ ആശ്രയിക്കുന്ന മധ്യവർഗത്തിനും ഉപരി മധ്യവര്ഗ്ഗത്തിനും പോലും ഇപ്പോൾ ഇൻഷുറൻസ് ഇല്ലെങ്കിൽ ചികിത്സക്ക് പോകുക ബുദ്ധിമുട്ടായി മാറിയിരിക്കുന്നു .അതിനു പുറമെയാണ് പുതിയ തലമുറ മരുന്നുകളുടെ ക്രമാതീതമായ വില. കാൻസർ പോലെയുള്ള ദീർഘകാലം നീണ്ടു നിൽക്കുന്ന ചികിത്സ ആവശ്യമായ രോഗങ്ങൾക്ക് വിദേശ മരുന്നുകൾ ലഭ്യമാണെങ്കിലും അതിനു ഒരാളുടെ ശമ്പളത്തിലും വലിയ തുക നൽകേണ്ടി വരും. രോഗബാധിതരിൽ ഏറെയും പ്രായമായവർ ആണെന്ന നിലക്ക് ഇത് അവരുടെ തുഛമായ വരുമാനത്തിലും സമ്പാദ്യത്തിലും ഏൽപ്പിക്കുന്ന ആഘാതം ഭീകരമാണ്. ചില കുടുംബങ്ങളിൽ ഒന്നിലെറെ പേർ തന്നെ കാൻസർ രോഗികളാണ് എന്നാ യാഥാർത്ഥ്യവും നമ്മുടെ ആരോഗ്യ രംഗത്തിന് വലിയ വെല്ലുവിളിയായി നിൽക്കുന്നു .ഈ സാഹചര്യത്തിലാണ് മരുന്നുകളുടെ വില 16 ശതമാനത്തിൽ കൂടാൻ പാടില്ലെന്നും എല്ലാ മരുന്നുകൾക്കും ഒരേ വില ഏർപെടുത്താനുമുള്ള സുപ്രീംകോടതി നിർദ്ദേശം ആശ്വാസമാകുന്നത്. സർക്കാർ മറുപടി നൽകിയിട്ടില്ല എങ്കിലും ഈ ആശയം അവർക്ക് അവഗണിക്കാനാവില്ല .

പുതിയ ഇനം മരുന്നുകൾക്ക് വലിയ വില നൽകേണ്ടി വരുന്നത് അതിനായി വർഷങ്ങളായി നടത്തുന്ന ഗവേഷണത്തിനുള്ള ചെലവു പരിഗണിച്ചാണെന്നു മരുന്ന് കമ്പനികൾ വാദിക്കുന്നു .പക്ഷെ ഓരോ മരുന്നിനും നിർമ്മതാക്കൾ ചുമത്തുന്നതിന്റെ പത്തിരട്ടി വരെ വില വാങ്ങുന്നത് എങ്ങനെ ന്യായീകരിക്കാനാകും ? ഔഷധ നിർമ്മാണ രംഗത്ത് അന്താരാഷ്ട്ര തലത്തിൽ മുൻനിരയിൽ നിൽക്കുന്ന ഇന്ത്യൻ കമ്പനികൾക്ക് ഇതിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാകും .പലരും റിവേർസ് എഞ്ചിനീയറിംഗ് വഴി പേറ്റന്റ് ഉള്ള മരുന്നുകൾ നിർമ്മിച്ചു കുറഞ്ഞ വിലക്ക് വിതരണം ചെയ്ത ചരിത്രം ഉള്ളവരാണ് .

എയിഡ്സിനുള്ള ആന്റി റിട്രോ വൈറൽ മരുന്നുകൾ നിർമ്മിച്ചു ആ രോഗം തന്നെ നിയന്ത്രണത്തിലാക്കാൻ സഹായിച്ച സിപ്ല ഇവിടെ ഒരു മാതൃകയാണ് .ആഫ്രിക്കൻ രാജ്യങ്ങളിൽ പോലും ആ മരുന്ന് രോഗികൾക്ക് സഹായകമായി .പക്ഷെ വിലകുറഞ്ഞ അപകടകാരികളായ ചുമ മരുന്ന് നൽകി കുഞ്ഞുങ്ങളെ കശാപ്പ് ചെയ്ത ചില ഇന്ത്യൻ കമ്പനികളും ഉണ്ട്.ഒരു കമ്പനി കരിമ്പട്ടികയിൽ പെടുമ്പോൾ മറ്റൊന്നു ഉദയം ചെയ്യുന്നു എന്നതാണ് സ്ഥിതി .എല്ലാ വശങ്ങളും പഠിച്ചു എല്ലാ മരുന്നുകളും കുറഞ്ഞ വിലക്ക് ലഭിക്കാവുന്ന ഒരു സംവിധാനം സൃഷ്ടിക്കാൻ സർക്കാരിനു കഴിയണം .

ആരോഗ്യമേഖലയിലെ ലാഭക്കൊതി മൂത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ചില ഡോക്ടർമാരും മൂലമാണ് അനിയന്ത്രിതമായി മരുന്ന് വിലയും ആശുപത്രി ചെലവും വർദ്ധിക്കാൻ കാരണം.പല വിദേശ മുതൽ മുടക്ക് സ്ഥാപനങ്ങളും പ്രമുഖ ആശുപത്രികളെ ഏറ്റെടുക്കുകയും ഇടത്തരം ആശുപത്രികൾക്ക് തുടരാൻ കഴിയാത്ത സ്ഥിതി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു .ഇവിടെ ശക്തമായ നിയന്ത്രണം അവശ്യമാണ്.അതെ പോലെ സർക്കാർ എര്പെടുത്തുന്ന മെഡിക്കൽ ഇൻഷുറൻസ് ശരിയായ കരങ്ങളിൽ എത്തുന്നുവെന്ന് ഉറപ്പാക്കണം .

അതിനു നമ്മുടെ സർക്കാർ ആശുപത്രികളെ നവീകരിക്കുകയാണ് പ്രധാനം .അവിടത്തെ ചികിത്സക്ക് ശേഷമേ വൻകിട ആശുപത്രികളിൽ അഭയം തേടാവൂ എന്ന നിയന്ത്രണം ഉണ്ടാകണം. ആരോഗ്യരംഗത്തെ മികവുറ്റവർ പ്രവർത്തിക്കുന്ന രംഗമാണ് സർക്കാർ ആശുപത്രികൾ .അവിടെ സൗകര്യങ്ങൾകൂട്ടുകയുംതാലുക്ക്തലത്തിലുംസേവനംവ്യാപിപ്പിക്കുകയും ചെയ്താൽ ഒരു പരിധി വരെ ഈ തുക മാന്യമായി ഉപയോഗിക്കപ്പെടും എന്ന് ഉറപ്പാക്കാനാകും .അതിനു സർക്കാർ സ്വകാര്യ മേഖലയുടെ ദല്ലാൾ ആണ് എന്ന നില വരാതെ നോക്കണം . ആരോഗ്യ മേഖലയുടെ അന്തസുറ്റ വളർച്ചയാണ് നല്ലൊരു സംസ്ഥാനത്തിന്റെവളർച്ചയുടെ മികച്ച സൂചിക.

*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS








06 ദേശീയ രാഷ്ട്രീയം / എസ് ഐ ആർ
പൗരനാണ് സാർ !
പി എസ് ജോസഫ്

11 സിനിമ / അഭിനേത്രി
പാർവതി തിരുവോത്ത്
അഭിനയത്തിലെ ക്ലിനിക്കൽ വശ്യചാരുത
വി ആർ സന്തോഷ്

21 പശ്ചിമ ബംഗാൾ
ബംഗാളിൽ നിന്നുള്ള വാർത്തകൾ ...
എം കെ നാരായണ മൂർത്തി

29 തമിഴകം
അഴിമതി രാഷ്ട്രീയത്തിനെതിരെ ജനനായകന്റെ പുറപ്പാട്
പി കെ ശ്രീനിവാസൻ

33 കേരളം
ഓസിനൊരു സർക്കാർ !
പി എസ് ജോസഫ്

37 സി പി ഐ (എം)
മാജിക്കൽ റിയലിസം രാഷ്ട്രീയത്തിൽ !
എൻ പി ചെക്കുട്ടി

41 സംഗീതം
പുതിയ നൂറ്റാണ്ടിലെ പാട്ട്
കുര്യൻ കെ തോമസ്

51 എന്റെ സംഗീത വഴികൾ – 18
അപര യേശുദാസുമാർ
എസ് രാജേന്ദ്ര ബാബു

57 പ്രത്യേക അഭിമുഖം
വി ജെ ജെയിംസ്
കള്ളനുമുണ്ട് ഒരു ദൈവം ...
ജോർജ് ജോസഫ്

65 ചെറുകഥ
വരത്തുപോക്ക്
ജോസഫ് എബ്രഹാം

71 സാഹിത്യം / എഴുത്തും വ്യക്തിയും
പ്രസന്നരാജൻ
അരനൂറ്റാണ്ടിന്റെ സർഗ്ഗാർച്ചന
അജീഷ് ജി ദത്തൻ

81 ചെറുകഥ
മറ്റൊരാൾ
കെ എ വിനോദ്

84 മിനിക്കഥ
അതിലളിതം
സിൽവിക്കുട്ടി

85 ശാസ്ത്രവും സമൂഹവും
ഒരു എ ഐ ദുരന്തഗാഥയും ചില പാഠങ്ങളും
എസ് സുന്ദർദാസ്

87 ചെറുകഥ
ജയ്സാല്മാറിലെ പക്ഷികൾ
സി ഹനീഫ്

91 പ്രത്യേക അഭിമുഖം
മോത്തി രാജേഷ് / പ്രദീപ് പനങ്ങാട്
വാർത്തകൾക്കും വരികൾക്കും ഇടയിൽ








# CONTENTS

    


96 ചെറുകഥ
**ഓട്ടം**
മിനിമോൾ കാഞ്ചിയാർ

100 ചെറുകഥ
**അവസ്ഥാന്തരം**
ജമാൽ റാഷി

103 പുസ്തകലോകം
പി കെ ശ്രീനിവാസൻ
ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ
**നട്ടുച്ചയിലെ ഇരുട്ട്**
സുധീശ് രാഘവൻ

107 അനീഷ് ടി
പരാജിത നായകർ
**തമിഴക താര രാഷ്ട്രീയം:**
**ദൃശ്യതയും അദൃശ്യതയും**
ആർ ചന്ദ്രബോസ്

111 കവിത
**മേടുകൾ**
**മഴ നനയുന്നു**
റോസി തമ്പി

112 **വേലത്തിച്ചുഴി**
ജിതേഷ് വേങ്ങൂർ

113 **തെരുവാധാരമാകാത്ത ജീവിതം**
കൃഷ്ണകുമാർ എം

114 **ഉമ്മക്കൊരു കത്ത്**
അബ്ദുള്ള ആരിഫ് ഹാസ്മി

115 **ഞായം**
കസ്തൂരി മാധവൻ

116 **അന്വേഷണം**
പ്രദീപ് എസ് എസ്

117 സിക്കിം യാത്ര
**നാം ചിയിലെ**
**സിദ്ധേശ്വർ ധാമം**
സുഭാഷ് വലവൂർ

121 നോവൽ
**നിഗൂഢതകളുടെ തടവറ**
പി എസ് ജോസഫ്

131 ഗീതാവ്യാഖ്യാനം
**ഭക്തിയോഗം**
സുധീർ പണിക്കവീട്ടിൽ

135 സാഹിത്യം /പുനർവായന
**റബ്ബർ**
**മലയാള സാഹിത്യത്തിൽ**
കുര്യൻ കെ തോമസ്

137 കാനം ഇ ജെ
**കാലത്തെ അതിജീവിച്ച**
**പൈങ്കിളി ആശാൻ**
ആന്റണി കണയംപ്ലാക്കൽ

141 സിനിമ
കോലങ്ങൾ
**ഗ്രാമീണ ജീവിതത്തിന്റെ**
**നേർവരകൾ**
മാത്യു സണ്ണി കെ

144 കാർട്ടൂൺ
**ചുവരെഴുത്തുകൾ**
ജോഷി ജോർജ്


    




ഗ്യാനേഷ് കുമാർ

# പൗരൻ ആണ് സാർ !

## ആരുടെ അജണ്ടയാണ് തെരഞ്ഞെടുപ്പു കമ്മീഷൻ പൂർത്തിയാക്കിയത് ?

പി എസ് ജോസഫ്

അവസാനം സത്യം പുറത്തു വന്നിരിക്കുന്നു .ഇന്ത്യയിലെ വോട്ടർമാരെ അർദ്ധ നരകത്തിലാക്കിയ , 13.3 കോടി പേരുടെ വോട്ടവകാശം നിഷേധിച്ച

2026 ലെഎസ് ഐ ആർ (SIR) എന്ന തീവ്ര വോട്ട് പരിഷ്ക്കരണ നടപടികൾക്ക് തുല്യ അധികാരമുള്ള മറ്റു രണ്ടു തെരഞ്ഞെടുപ് കമ്മീഷണർമാരുടെ കയ്യൊപ്പ് ഉണ്ടായിരുന്നില്ല .എല്ലാം മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാറിൻറെ തന്നിഷ്ട പ്രകാരമുള്ള തീരുമാനമായിരുന്നു.ഇന്ത്യൻ എക്സ്പ്രസ് ദിനപത്രത്തിൽ റസിഡെന്റ് എഡിറ്റർ റിതിക ചോപ്ര നടത്തിയ ഈ വെളിപ്പെടുത്തൽ ഇന്ത്യയുടെ മന:സാക്ഷിയെ തന്നെ ഉലക്കുന്നതായിരുന്നു .ഇതേ തുടർന്നു ബംഗാളിലും ബീഹാറിലും

> **13.3 കോടി പേരുടെ വോട്ടവകാശം നിഷേധിച്ച 2026 ലെഎസ് ഐ ആർ (ടകഞ) എന്ന തീവ്ര വോട്ട് പരിഷ്ക്കരണ നടപടികൾക്ക് തുല്യ അധികാരമുള്ള മറ്റു രണ്ടു തെരഞ്ഞെടുപ് കമ്മീഷണർമാരുടെ കയ്യൊപ്പ് ഉണ്ടായിരുന്നില്ല. എല്ലാം മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാറിൻ റെ തന്നിഷ്ട പ്രകാരമുള്ള തീരുമാനമായിരുന്നു**

മഹാരാഷ്ട്രയിലും നടന്ന നിയമസഭ തെരഞ്ഞെടുപ്പു റദ്ദാക്കണമെന്നു ആവശ്യപ്പെട്ടു മമത ബാനർജിയും തേജസ്വി യാദവും ഉദ്ധവ് താക്കറെയും തന്നെ രംഗത്തെത്തി .തെരഞ്ഞെടുത്തു നടത്തിയ ഒഴിവാക്കൽ മൂലം ചെറിയ വോട്ടുകൾക്ക് തങ്ങളെ പരാജയപെടുത്താൻ ബി ജെ പിക്കും ബി ജെ പി മുന്നണികൾക്കും കഴിഞ്ഞു വെന്നു അവർ ആരോപിക്കുന്നു .

കണക്കുകളും അവരുടെ അഭിപ്രായത്തെ സാധുകരിക്കുന്നതാണ്.ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനത്തെ മുഴുവൻ ഉലച്ച ശേഷം ഇപ്പോൾ കമ്മീഷൻ ചില നടപടികളും ആയി എത്തിയിരിക്കുന്നു അവരുടെ തന്നെ നടപടികളെ കുറിച്ചുള്ള റിപ്പോർ

ട്ട് ശരി വെയ്ക്കുന്ന നടപടികൾ ആണിവ .പക്ഷെ ആത്യന്തികമായി തെരഞ്ഞെടുപ്പ് സംവിധാനത്തെ തന്നെ തകർക്കുന്ന വിധമായിരുന്നു ജനാധിപത്യത്തിന്റെ കാവൽ നായ ആയിരിക്കേണ്ട കമീഷൻ പെരുമാറിയത് .വൈകി എടുത്ത അപര്യാപ്തമായ ഈ നടപടികൾ അനീതിഇല്ലാക്കുന്നില്ല. ഇത് മൂലം നരകത്തീയിൽ കഴിഞ്ഞവരുടെയും കഴിയുന്നവരുടെയും വേദന ഇത് കുറക്കുന്നില്ല. ഗ്യാനേഷ് കുമാറിൻറെ രാജി ആവശ്യപ്പെട്ട് കൊണ്ടു കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനെ രാജി വെയ്പിക്കുന്നതിൽ വിജയിച്ച ജെൻസികളുടെ കോക്രോച്ചു ജനതാ പാർട്ടിയും ഗ്യാനേഷ് രാജി വെയ്ക്കണം എന്നാവശ്യപ്പെട്ടു രംഗത്ത് എത്തിയിരിക്കുന്നു .

മുന്നംഗ തെരഞ്ഞെടുപ്പു കമ്മീഷനിൽ തീരുമാനങ്ങൾ ഏകകണ്ഠമായിരിക്കണം.അല്ലെങ്കിൽ രണ്ടുപേരുടെ തീരുമാനത്തിനാണ് മേൽക്കൈ ഇന്ത്യയുടെ തെരഞ്ഞെടുപ്പു കമ്മീഷണമാർ ആണവർ . അവർക്ക് രാഷ്ട്രപതിയോടും അത് വഴി ജനങ്ങളോടും ആണ് ഉത്തരവാദിത്തം .ആ നിലക്ക് കുറ്റാതീതമായ നടപടികൾ ഏകകണ്ഠമായി അവർ എടുക്കേണ്ടതുണ്ട് .എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ കഴിഞ്ഞ പത്തു മാസത്തെ തീരുമാനങ്ങളിൽ 14 -ഇൽ പത്തു തവണ കമ്മീഷണർമാരായ വിവേക് ജോഷിയും സുഖ്ബിർ സിംഗ് സന്ധുവും രേഖാമൂലമായി വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും കമ്മീഷൻ അനധികൃതവും നിയവിരുദ്ധവുമായ നടപടികൾ കൈകൊണ്ടു എന്നാണു റിപ്പോർട്ട് പറയുന്നത് . .

യഥാർത്ഥത്തിൽ എസ് ഐ ആർ ആവശ്യമുള്ളതോ വേണ്ടതൊ അല്ലെന്നും അത് ഇപ്പോൾ നിയവിരുദ്ധവുമാണെന്നും മുൻ തെരഞ്ഞെടുപ്പു കമ്മീഷണർ എസ് വൈ ഖുറേഷി പറയുന്നു 1948 -49 കാലത്താണ് പുതിയ വോട്ടർമാരെ ചേർക്കാനും മാറ്റാനും ഒഴിവാക്കാനും വ്യവസ്ഥ ഉണ്ടാകുന്നത് .എല്ലാവരെയും ഉൾപ്പെടുത്തിയുള്ള റിവിഷൻ ആയിരുന്നു ഉദ്ദേശം .1950 ഇലെ ജനപ്രാതിനിധ്യ നിയമത്തിൽ മാത്രമാണ് തീവ്ര നടപടി എന്ന പരാമർശം ഉള്ളത് .യഥാർത്ഥത്തിൽ 2002 ഇൽ ബീഹാറിൽ സമ്മറി റിവിഷൻ ആണ് നടന്നത് . ഓരോ തവണയും പട്ടിക അപ്ഡേറ്റ് ചെയ്യും അത്ര മാത്രം. കൊട്ടി ഘോഷിച്ച് ബംഗാളിലെ എട്ടു കോടി ജനങ്ങൾക്കിടയിൽ നടത്തിയ എസ് ഐ ആറിൽ 115 ബംഗ്ലാദേശികളെ മാത്രമാണ് കണ്ടെത്താൻ ആയതു എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു .

**ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനത്തെ മുഴുവൻ ഉലച്ച ശേഷം ഇപ്പോൾ കമ്മീഷൻ ചില നടപടികളും ആയി എത്തിയിരിക്കുന്നു അവരുടെ തന്നെ നടപടികളെ കുറിച്ചുള്ള .റിപ്പോർട്ട് ശരി വെയ്ക്കുന്ന നടപടികൾ ആണിവ . പക്ഷെ ആത്യന്തികമായി തെരഞ്ഞെടുപ്പ് സംവിധാനത്തെ തന്നെ തകർക്കുന്ന വിധമായിരുന്നു ജനാധിപത്യത്തിന്റെ കാവൽ നായ ആയിരിക്കേണ്ട കമീഷൻ പെരുമാറിയത്**

2002ഇലോ 2005 ഇലോ നടന്ന എസ് ഐ ആർ ആധാരമാക്കി നടത്തിയ പുതിയ എസ് ഐ ആർ ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ് .ചുരുക്ക ചില സംസ്ഥാനങ്ങളിൽ മാത്രമേ ഇനി എസ് ഐ ആർ നടക്കാനുള്ളൂ .ലക്ഷ്യം സാധിച്ച ശേഷം ഗോൾ പോസ്റ്റ് പഴയ പടി ആക്കാൻ ശ്രമിക്കുന്ന അപൂർവ്വ ദൃശ്യം ആണിത് .ഇത് വരെ നടന്ന എസ് ഐ ആർ റദ്ദ് ചെയ്യുകയോ വിവാദ തീരുമാനങ്ങൾ ഒഴിവാക്കുകയോ അല്ല നടപടികൾ ഇത്തിരി മയപ്പെടുത്തുക മാത്രമാണ് കമ്മീഷൻ ചെയ്തത് .ആ നിലക്ക് ഇത് ഒരാളുടെ മാത്രം കൃത്യ വിലോപം ആയി കണക്കാക്കി കൂടാ .വോട്ടർമാരെ തേടി ചെല്ലേണ്ട വോട്ട് അവകാശം മുടക്കുകയായിരുന്നു എന്ന് മുൻമുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ എസ് വൈ ഖുറേഷി പറയുന്നു.പുതിയ എസ് ഐ ആറിൽ മാതാപിതാക്കളിൽ ഒരാളുടെ എസ് ആർ നിർബന്ധമായും സൂചിപ്പിക്കണമായിരുന്നു . അപേക്ഷയിൽ യുക്തിസഹമല്ലാത്ത തെറ്റുകൾ പാടില്ലെന്നും ഉണ്ടായിരുന്നു.



വോട്ടിംഗ് മെഷിൻ



ബീഹാർ വോട്ട് ചെയ്യുന്നു
(ഫയൽ ചിത്രങ്ങൾ )

അതനുസരിച്ച് നടപടികൾ കൈക്കൊണ്ടത് കേന്ദ്രീകൃതമായ ഐ ടി സെല്ലും .അതിന്റെ ഒരു ഇര ആയിരുന്നു നോബൽ ജേതാവ് അമർത്യ സെൻ തന്നെ .ദൽഹിയിൽ എത്തിയപ്പോൾ ബി ജെ പി നേതാക്കൾ വരെ പുറത്തായി. ഒരു ബൂത്തിൽ ഒരാൾ ഒഴികെ എല്ലാവരും ഒഴിവാക്കപ്പെട്ടു .വീടുകൾ നഷ്ടപ്പെട്ടു ആശ്രയം ഇല്ലതായവരാണ് ഇങ്ങനെ ഒഴിവാക്കപ്പെട്ടത് .നിയമം അനുസരിച്ചു വോട്ടർമാരെ ചേർക്കാനോ ഒഴിവാക്കാനോ അധികാരമുള്ള എസ് ഡി എം അഥവാ ചീഫ് എലെക്ടോറൽ ഓഫീസറുടെ അധികാരം നിയമത്തിനു വിരുദ്ധമായി വെട്ടികുറച്ചത്കൊണ്ടു സംസ്ഥാനതലത്തിൽ തിരുത്തലിനു വഴി ഇല്ലാതായി .കുറ്റമറ്റ വോട്ടർ പട്ടികയുടെ നട്ടെല്ല് ആയിരുന്നു ഈ സംവിധാനം. മാത്രമല്ല പട്ടികകൾ തിരയാനുള്ള സംവിധാനം ഇല്ലാത്ത പി ഡി എഫ് ആണ് എല്ലാ വോട്ടർമാർക്കും നൽകിയത് എന്നതും പ്രശ്നം രൂക്ഷമാക്കി.അത്ര രഹസ്യാല്മകമായിരുന്നു ഐ ടി സംവിധാനം .

പശ്ചിമ ബംഗാളിൽ എതാണ്ട് ഉറപ്പായിരുന്ന മമത ബാനെർജിയുടെ വിജയമാണ് വോട്ടർമാരെ ഒഴിവാക്കലിലൂടെ കവർന്നതെന്ന് നിരീക്ഷകർ പറയുന്നു .27 ലക്ഷം വോട്ടർമാരെയാണ് ഇവിടെ ഒഴിവാക്കിയത് .എന്നിട്ടും നേരിയ വോട്ടുകൾക്കായിരുന്നു മമതയുടെ തോൽവി. തോൽവി അടയുകയും അധികാരം നഷ്ടപ്പെടുകയും ചെയ്തതോടെ മമതയുടെ ക്യാമ്പിൽ നിന്നു ഭൂരിപക്ഷവും എതിർ പാളയത്തിൽ എത്തി ,ഇപ്പോൾ പാർട്ടി പേരും ചിഹ്നവും വരെ കമ്മീഷൻ മരവിപ്പിച്ചിരിക്കുന്നു .ഇവിടെ 16 ലക്ഷം വോട്ടർമാരെ ഒഴിവാക്കാൻ കമ്മീഷൻ തന്നെ അപേക്ഷ നൽകിയെന്നത് ഞെട്ടിപ്പിക്കുന്ന മറ്റൊരു കാര്യം

**തെരഞ്ഞെടുപ്പ് കമ്മീഷന്റെ കഴിഞ്ഞ പത്തു മാസത്തെ തീരുമാനങ്ങളിൽ 14 – ഇൽ പത്തു തവണ കമ്മീഷണർമാരായ വിവേക് ജോഷിയും സുഖ്ബിർ സിംഗ് സന്ധുവും രേഖാമൂലമായി വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും കമ്മീഷൻ അനധികൃതവും നിയവിരുദ്ധവുമായ നടപടികൾ കൈകൊണ്ടു എന്നാണു റിപ്പോർട്ട് പറയുന്നത്**

ബീഹാർ തെരഞ്ഞെടുപ്പിന് തൊട്ടു മുൻപാണ് എസ് ഐ ആർ പ്രഖ്യാപിക്കുന്നത് . നിതിഷ് കുമാർ സർക്കാരിന്റെ വിജയം ഊട്ടി ഉറപ്പിക്കാനുള്ള ശ്രമം എന്നായിരുന്നു അതിനെ പ്രതിപക്ഷം വിശേഷിപിച്ചത് .എസ് ഐ അറിനെതിരെ സുപ്രീം കോടതിയിൽ നിരവധി ഹർജികൾ ഫയൽ ചെയ്യപ്പെട്ടു .അവ ഫയലിൽ സ്വീകരിച്ചെങ്കിലും അത് സ്റ്റേ ചെയ്യാൻ നടപടി ഉണ്ടായില്ല .പക്ഷെ കേസ് അവർ സജീവമായി നില നിർത്തി .ഇതേ തുടർന്നു നടന്ന എസ് ഐ ആർ വ്യാപകമായ വോട്ടർമാരുടെ വെട്ടിക്കുറക്കലുകൾ കണ്ടു .പശ്ചിമ ബംഗാളിൽ പല മണ്ഡലങ്ങളിലും തൃണമൂൽ കോൺഗ്രസ്സിന്റെ മാർജിന് തുല്യമായ വോട്ടുകൾ ആണ് വെട്ടിക്കുറച്ചതെന്നു മമതയും മഹുവാ മോയിത്രയും കുറ്റപ്പെടുത്തി .പട്ടികയിൽ നിന്നു ഒഴിവാക്കിയത് ധൃത ഗതിയിൽ; ആയിരുന്നു എങ്കിലും പുനസ്ഥാപിക്കാനുള്ള ഹർജികളിൽ തീരുമാനം വൈകിയായിരുന്നു .സുപ്രീം കോടതി ആവശ്യപ്പെട്ടത് കൊണ്ടു മാത്രമാണ് അപ്പീൽ സംവിധാനം കൂട്ടിയത് .അങ്ങനെ അപേക്ഷിച്ചവരിൽ ഭൂരിഭാഗവും വോട്ടർമാരായി തിരിച്ചെത്തി എന്നത് വോട്ടു ചോർച്ചയുടെ ആഘാതം വെളിപ്പെടുത്തുന്നു .മുഴുവൻ അപേ

ക്ഷകളും പരിഗണിക്കാൻ വർഷങ്ങൾ വേണ്ടി വരുമെന്ന് മമതയുടെ മണ്ഡലത്തിൽ അവരുടെ ഭൂരിപക്ഷത്തിലും വലിയ സംഖ്യ വോട്ടർമാരെയാണ് പുറത്താക്കിയത്.

കമ്മീഷനിലെ ഈ വിള്ളൽ ഏതായാലും പ്രതിപക്ഷ സംഖ്യം ഒന്ന് കൂടി ശക്തമാകാൻ കാരണമായി .മമതയും സി പി എം ജനറൽ സെക്രട്ടറി എം എ ബേബിയുമായി സംസാരിച്ചു എന്നത് തന്നെ വലിയ വാർത്തയായി .ഇന്ത്യ സംഖ്യത്തിൽ വോട്ട് ചോരി മുഖ്യ വെല്ലുവിളിയായി രാഹുൽ ഉയർത്തി കൊണ്ടിരുന്നു . ഇപ്പോൾ മറ്റു കക്ഷികളും അവരോടൊപ്പം അണിചേർന്നിരിക്കുന്നു.

മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ മാപ്പ് സാക്ഷിയായി മാറി ഇതിനു ശ്രമിച്ച ബി ജെ പി നേതാക്കളെ വിചാരണ ചെയ്യണം എന്നാണ് രാഹുൽ ആവശ്യപ്പെടുന്നത് .സംശയാസ്പദമായ എസ് ഐ ആർ സസ്പെൻഡ് ചെയ്യുകയും പുറത്തായ 13.3 കോടി വോട്ടർമാരെ പുനസ്ഥാപിക്കുകയും ചെയ്യണമെന്നു കോൺഗ്രസ് പ്രവർത്തക സമിതി തന്നെ ആവശ്യപ്പെട്ടു .

മാച്ച് ഫിക്സിംഗ് ആണ് നടന്നിരിക്കുന്നതെന്നും ഇതിന്റെ പേരിൽ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറെപുറത്താക്കി , പ്രധാന മന്ത്രിനരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും രാജി വെയ്ക്കണമെന്നും പ്രവർത്തക സമിതി ആവശ്യപ്പെടുന്നു .

കമ്മീഷണറെ ഇമ്പീച്ചു ചെയ്യാൻ നടപടി എടുക്കുമെന്ന് പാർട്ടി വ്യക്തമാക്കിയിട്ടുണ്ട് .കമ്മീഷൻറെ ഇ സി ഐ നെറ്റിന്റെ ചുമതല വഹിച്ചിരുന്ന സീമ ഖന്നയ്ക്ക് നിയമപരിരക്ഷയില്ല അവരേ ഉടനെ അറസ്റ്റ് ചെയ്യണം എന്നാണ് മുൻ കേന്ദ്ര മന്ത്രി കപിൽ സിബൽ ആവശ്യപ്പെട്ടത് .ഇ ആർ ഒ മാരെ മറികടന്നു ഡൽഹിയിൽ നിന്ന് കേന്ദ്രീകൃതമായി ഇ സി ഐ നെറ്റ് നടപടികൾ എടുക്കുകയായിരുന്നു എന്ന് അദേഹം കുറ്റപ്പെടുത്തുന്നു

ഗോവയിൽ 97 വോട്ടർമാരെ ഒഴിവാക്കിയത് ഇ സി ഐ നെറ്റ് എല്ലാ നിയന്ത്രണവും ഏറ്റെടുത്തു എന്ന് സൂചിപ്പിക്കുന്നു .നിയമം നടപ്പാക്കാൻ സഹായിക്കേണ്ട സംവിധാനം സ്വയം അധികാരം ഏറ്റെടുക്കുക എന്ന സ്ഥിതിയാണ് ഇവിടെ ഉണ്ടായത് .



ബീഹാർ വോട്ട് ചെയ്യുന്നു
(ഫയൽ ചിത്രങ്ങൾ )

**എസ് ഐ ആർ മൂലം ബാധിക്കപ്പെട്ട ബീഹാർ , പശ്ചിമ ബംഗാൾ ,തമിഴ് നാട്, കേരളം , പുതു ശേരി എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടപ്പ് തന്നെ റദ്ദുചെയ്യണം എന്നാണ് പ്രമുഖ ആക്ടിവിസ്റ്റ് ആയ പറകല പ്രഭാകർ ആവശ്യപ്പെടുന്നത് . അത് നടന്നില്ലെങ്കിലും എസ് ഐ ആർ പൂർണ്ണമായും പരിശോധനക്ക് വിധേയമാക്കുകയും കുറ്റമറ്റ വോട്ടർ പട്ടിക പുന സ്ഥാപിക്കുകയും ചെയ്യണം .**

97 വോട്ടർമാരെ ഉൾക്കൊള്ളിക്കണമെന്ന് ഗോവ എലെക്ടോറൽ ഓഫീസർ ഏഴു ദിവസത്തിനുള്ളിൽ എട്ടു തവണ കത്ത് അയച്ചിട്ടും നടപടി ഉണ്ടായില്ല .അവരുടെ പേര് ഇല്ലാതെയാണ് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് .ഗോവ ഒരു ഉദാഹരണം മാത്രമാകാം .

ഇന്ത്യൻ എക്സ്പ്രസ്സിലെ ശക്തമായ റിപ്പോർട്ടിനെ തുടർന്നു അവസാനം തെരഞ്ഞെടുപ്പു കമ്മീഷൻ തിരുത്തൽ നടപടികൾ പ്രഖ്യാപിച്ചുവെങ്കിലും അത് പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നില്ലെന്നു ഖുറേഷി കുറ്റപ്പെടുത്തുന്നു .

എന്തായാലും ഇന്ത്യയുടെ സമൂഹ മനസാക്ഷിയിൽ ഇതൊരു വടുവായി എന്നെന്നും നിലനിൽക്കും..പക്ഷെ ഇതിന്റെ പ്രത്യാഘാതം ഒരു ജനാധിപത്യ രാജ്യം എന്ന നിലയിലുള്ള നമ്മുടെ നിലനിൽപ്പിനെ തന്നെ ബാധിച്ചേക്കാം. തെരഞ്ഞെടുപ്പിൽ വിശ്വാസം നഷ്ടപ്പെട്ടാൽ ജനാധിപത്യം എങ്ങനെ നില നിൽക്കും ? എസ് ഐ ആർ മൂലം ബാധിക്കപ്പെട്ട ബീഹാർ , പശ്ചിമ ബംഗാൾ , തമിഴ് നാട്, കേരളം , പുതുശേരി എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടപ്പ് തന്നെ റദ്ദുചെയ്യണം എന്നാണ് പ്രമുഖ ആക്ടിവിസ്റ്റ് ആയ പറകല പ്രഭാകർ ആവശ്യപ്പെടുന്നത് .

അത് നടന്നില്ലെങ്കിലും എസ് ഐ ആർ പൂർണ്ണമായും പരിശോധനക്ക് വിധേയമാക്കുകയും കുറ്റമറ്റ വോട്ടർ പട്ടിക പുന സ്ഥാപിക്കുകയും ചെയ്യണം .വോട്ട് കവർന്നെടുക്കാൻ പൊതു സമൂഹം ആരെയും അനുവദിച്ചു കൂടാ. ഭരണ കക്ഷി 97 ശതമാനം നേടുന്ന ഉത്തര കൊറിയയുടെ നിലയിലേക്ക് ഇന്ത്യ താഴരുത് .


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# അഭിനേത്രി !

## പാർവതി തിരുവോത്ത്



എത്ര അനായാസമായാണ് പുരുഷ കേന്ദ്രീകൃത സിനിമ സങ്കൽപ്പങ്ങളെ ഒരു നടി ഭേദിക്കുന്നത് .മലയാളത്തിനു എക്കാലവും അഭിമാനിക്കാവുന്ന അഭിനേത്രി ആയി പാർവതി തിരുവോത്തു സ്ക്രീൻ കീഴടക്കുന്നു

ആശയവും അഭിനയവും അഭിനേതാക്കളും സംവിധാനവും ഒത്തു ചേരുന്ന സിനിമകൾ അപൂർവ്വമാണ് .എസ്‌ടാബ്ലിഷ്മെന്റിന്റെ ഭാഗമായ പോലീസുകാരുടെ കഥ പറയുമ്പോൾ പലപ്പോഴും വീരവാക്യങ്ങളും ആക്ഷനുകളും വാചക കസർത്തുകളും കഥയെ തന്നെ മായിച്ചു കളയും. യുക്തി സഹമായ കഥയുടെ വികാസമോ യാഥാർത്ഥ്യത്തിൽ അടിയുറച്ച കഥാപാത്ര സൃഷ്ടിയോ പലപ്പോഴും ഉണ്ടാകുന്നില്ല .ഷഹദ് സംവിധാനം ചെയ്ത പ്രഥമദൃഷ്ട്യ കുറ്റക്കാർ സിനിമയുടെ പേര് തൊട്ടു അവസാനം വരെ ഒരു സിനിമാനുഭവം സൃഷ്ടിക്കുന്നു .കുറ്റാന്വേഷണ ത്രില്ലർ എന്നോ അതിജീവനകഥയെന്നോ വിശേഷിപ്പിക്കാവുന്ന സിനിമ സംഭാവ്യമായ ഒരു കുറ്റകൃത്യം ഉയർത്തുന്ന പ്രശ്നങ്ങൾ പല മുഖങ്ങളിൽ കൂടി പരിശോധിക്കുന്നു .കഥ മുന്നോട്ടു നയിക്കുന്നത് ഒരു സ്ത്രീ കഥാപാത്രമാണ് എന്നത് യാദൃശ്ചികമല്ല .ഒരു പക്ഷെ തളർന്നു വീണു പോയേക്കാവുന്ന ഒരു കഥാപാത്രം .മത്സരത്തിൽ പിന്നിൽ ആയേക്കാവുന്ന ദുർബലയായ വ്യക്തി .പക്ഷെ നിസ്സാരക്കാരിയല്ല ഈ നായിക .താരതമ്യേനെ സുരക്ഷിതമായ ഒരു ജോലി ഉപേക്ഷിച്ചു പോലിസ് ജോലി തന്നെ സ്വീകരിക്കുന്ന നായികയാണിത് .അനായാസമായി തൻറെ സ്വത്വം മറക്കാനും തൻറെ വേഷങ്ങളിൽ പരകായപ്രവേശം ചെയ്യാനും കഴിയുന്ന പാർവതി തിരുവോത്തു ആ വേഷം ചെയ്യുമ്പോൾ മലയാളത്തിനു എക്കാലവും അഭിമാനിക്കാവുന്ന അഭിനേത്രി ആയി സ്ക്രീൻ കീഴടക്കുന്നു .വിനയ ഫോർട്ടും റിയാസും മാത്യുവും സിദ്ധാർത്തും മത്സരിച്ചഭിനയിക്കുന്ന ഒരു ലോകത്ത് വിജയരാഘവൻ എന്ന സമർഥനായ പോലിസ് ഓഫീസറുടെ ഒപ്പം നിൽക്കുന്ന അഭിനേത്രി എന്ന നിലയിൽ ചെറിയ നേട്ടമല്ല പാർവതിയുടെത് .ഒരു നടിയുടെ പേരിൽ ഒരു സിനിമയുടെ വിജയം കുറിക്കപ്പെടുന്നു .

മലയാളിയായ നിമിഷ സജയൻ ഹിന്ദിയിൽ വ്യത്യസ്തമായ ഒരു പോലിസ് റോളിൽ നെറ്റിൽ (ബബിത സിംഗ് റിപ്പോർട്ടിംഗ് ) തരംഗം സൃഷ്ടിക്കുമ്പോഴാണ് പാർവതിയുടെ അലിന പ്രേക്ഷകരെ കീഴടക്കുന്നത് .സിനിമയിൽ എന്നതിലും ഏറെ ജീവിതത്തിലും ധീരയായ ഒരു നായക നടി തൻറെ സഹപ്രവർത്തകർക്ക് നൽകുന്ന ധൈര്യം വലുതാണ് . സ്ത്രീകേന്ദ്രീകൃതമായ ഉള്ളൊഴുക്കിൽ ഉർവശിക്കൊപ്പം നിറഞ്ഞു നിന്ന നടി എത്ര അനായാസമായാണ് പുരുഷ കേന്ദ്രീകൃത സിനിമ സങ്കൽപ്പങ്ങളെ ഭേദിക്കുന്നത് .കവിയും ചിത്രകാരനുമായ വി ആർ സന്തോഷ് ഈ മികവുറ്റ അഭിനേത്രിയുടെ സൂക്ഷ്മമായ അഭിനയ ശൈലി അസുലഭമായ സർഗശേഷിയോടെ വിലയിരുത്തുന്നു .

-പി എസ്



# പാർവതി തിരുവോത്ത്

# അഭിനയത്തിലെ ക്ലിനിക്കൽ വശ്യചാരുത

**മലയാള സിനിമയിൽ കണ്ടുവന്ന അതിവൈകാരികതയ്ക്കും ഉച്ചത്തിലുള്ള ശബ്ദപ്രയോഗങ്ങൾക്കും ബദലായി തികച്ചും കണ്ടെയ്ൻഡ് ആയ പ്രകടനരീതിയാണ് പാർവ്വതി പിന്തുടരുന്നത്. അനാവശ്യമായ ചലനങ്ങളോ അമിതമായ ഭാവങ്ങളോ പ്രകടിപ്പിക്കാതെ കഥാപാത്രത്തിന്റെ ആന്തരിക സംഘർഷങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നത് പാർവ്വതിയുടെ അഭിനയത്തിന്റെ പ്രത്യേകതയാണ്.**

**വി ആർ സന്തോഷ്**

പാർവ്വതി തിരുവോത്ത് എന്ന നടിയുടെ അഭിനയശൈലി മലയാള സിനിമയിലെ ഭാവുകത്വ മാറ്റങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. പരമ്പരാഗതമായി മലയാള സിനിമയിൽ കണ്ടുവന്ന അതിവൈകാരികതയ്ക്കും ഉച്ചത്തിലുള്ള ശബ്ദപ്രയോഗങ്ങൾക്കും ബദലായി തികച്ചും കണ്ടെയ്ൻഡ് ആയ പ്രകടനരീതിയാണ് പാർവ്വതി പിന്തുടരുന്നത്. അനാവശ്യമായ ചലനങ്ങളോ അമിതമായ ഭാവങ്ങളോ പ്രകടിപ്പിക്കാതെ കഥാ



പാത്രത്തിന്റെ ആന്തരിക സംഘർഷങ്ങൾ പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നത് പാർവ്വതിയുടെ അഭിനയത്തിന്റെ പ്രത്യേകതയാണ്.നതാലി പോർട്ട്മാൻ , ലേഡി ഗാഗ യൊക്കെ പിൻതുടരുന്ന മെത്തേഡ് ആക്ടിങ് രീതിയെ പാർവ്വതി അഭിമുഖീകരിക്കുന്നുമുണ്ട്.

'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന ചിത്രത്തിലെ അലീന എന്ന കഥാപാത്രം പാർവ്വതിയുടെ ഈ മിനിമലിസ്റ്റ് ശൈലിയ്ക്ക്  മികച്ച ഉദാഹരണമാണ് (ഉള്ളൊഴുക്ക്,ഉയരെ,എന്ന് നിന്റെ സ്വന്തംമൊയ്തീൻ തുടങ്ങിയവയെ കണക്കിലെടുത്തുകൊണ്ട്). ഒരു പോലീസ് ഉദ്യോഗസ്ഥയുടെ ഔദ്യോ

'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന ചിത്രത്തിലെ അലീന എന്ന കഥാപാത്രം പാർവ്വതിയുടെ ഈ മിനിമലിസ്റ്റ് ശൈലിയ്ക്ക് മികച്ച ഉദാഹരണമാണ്(ഉള്ളൊഴുക്ക്,ഉയരെ,എന്ന് നിന്റെ സ്വന്തംമൊയ്തീൻ തുടങ്ങിയവയെ കണക്കിലെടുത്തുകൊണ്ട്). ഒരു പോലീസ് ഉദ്യോഗസ്ഥയുടെ ഔദ്യോഗിക ജീവിതാവസ്ഥയും വ്യക്തിപരമായ അസ്വസ്ഥതകളും ഒരേ സമയം ആവിഷ്കരിക്കാൻ അവർ ഭാവങ്ങളുടെ കൃത്യമായ അളവെടുപ്പ് നടത്തുന്നു. അങ്ങനെ മലയാള സിനിമയിൽ സ്വാഭാവിക അഭിനയം എന്ന് വിളിക്കപ്പെടുന്ന' ലൗഡ് ആക്റ്റിങ്ങി'നെ മറികടക്കാൻ അലീനയുടെ അവതരണത്തിലൂടെ പാർവ്വതിക്ക് കഴിയുന്നു.

ഗിക ജീവിതാവസ്ഥയും വ്യക്തിപരമായ അസ്വസ്ഥതകളും ഒരേ സമയം ആവിഷ്കരിക്കാൻ അവർ ഭാവങ്ങളുടെ കൃത്യമായ അളവെടുപ്പ് നടത്തുന്നു. അങ്ങനെ മലയാള സിനിമയിൽ സ്വാഭാവിക അഭിനയം എന്ന് വിളിക്കപ്പെടുന്ന' ലൗഡ് ആക്റ്റിങ്ങി'നെ മറികടക്കാൻ അലീനയുടെ അവതരണത്തിലൂടെ പാർവ്വതിക്ക് കഴിയുന്നു.

അലീനയുടെ കഥാപാത്ര നിർമ്മിതി ആരംഭിക്കുന്നത് തികച്ചും സ്വാഭാവികമായ ഒരു സംഭവാനന്തര അവസ്ഥയിലാണ്. നൈറ്റ് പട്രോളിംഗിനിടയിൽ വാഹനം നിർത്താതെ പോകുന്ന സീരിയൽ കില്ലറെ പിൻതുടർന്ന് ( കില്ലറെന്ന് അറിയാതെ) പിടികൂടുകയും സ്റ്റേഷനിൽ എത്തിക്കുകയും ചെയ്യുന്നതോടെയാണ് സംഭവങ്ങളുടെ തുടക്കം. സ്റ്റേഷനിൽ വച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്ന അക്രമിയെ നൈറ്റ് ഡ്യൂട്ടിയിലെ പാറാവുകാരിയുടെ തോക്കെടുത്ത് തടയാൻ ശ്രമിക്കുന്നതിനിടെ സീരിയൽ കില്ലർ കൊല്ലപ്പെടുന്നു. ഈ അപ്രതീക്ഷിത സംഭവം അലീനയുടെയും സഹപ്രവർത്തകരുടെയും ജീവിതമാറ്റത്തിന് വിധേയമാക്കുന്നു.

തുടർന്ന് നടക്കുന്ന ഇൻവെസ്റ്റിഗേഷനും നിയമപരമായ വിചാരണയുമാണ് സിനിമയുടെ പ്രമേയം. ഒരു കുറ്റകൃത്യത്തിന്റെ ഭാഗമായ് മാറിയ പോലീസുകാരി എന്ന അവസ്ഥയെ പാർവ്വതി ഇവിടെ അതിവൈകാരികമായി അല്ല സമീപിക്കുന്നത്. പകരം ഒരുതരം ക്ലിനിക്കൽ നിഷ്പക്ഷതയോടെയും കടുത്ത മാനസിക നിശ്ശബ്ദതയോടെയുമാണ് പാർവ്വതി കഥാപാത്രത്തെ സ്ക്രീൻ പ്രേക്ഷക4ക്ക് നൽകുന്നത്.

നടിയുടെ ബോഡി ലാംഗ്വേജ് പരിശോധിച്ചാൽ സ്വയം നടത്തുന്ന ഒരു ശരീരപരിശോധനയുടെ സ്വഭാവം കാണാം. ഒരു ദുരന്തം നടന്നു കഴിഞ്ഞാൽ ശരീരം അതിനോട് എങ്ങനെ പ്രകൃതിദത്തമായി പ്രതികരിക്കുന്നു എന്നതിനെ പാർവ്വതി സൂക്ഷ്മമായി നിരീക്ഷിക്കുന്നു. ശ്വാസോച്ഛ്വാസത്തിന്റെ വേഗതയിലുണ്ടാകുന്ന വ്യതിയാനം, കൺപോ



ളകളുടെ ചലനം, നിവർന്നുനിൽപ്പ് എന്നിവയിലൂടെ അവർ ആന്തരികമായ പരിഭ്രാന്തി പുറത്തുകൊണ്ടുവരുന്നു.

മലയാള സിനിമയിൽ പോലീസുകാർ തങ്ങളുടെ അധികാരം തെളിയിക്കാൻ അലറിവിളിക്കുകയോ ഉഗ്രമായ സംഭാഷണങ്ങൾ പറയുകയോ ചെയ്യുക സാധാരണമാണ്.

എന്നാൽ അലീന തങ്ങളുടെ നിയന്ത്രണത്തിലുള്ള സാഹചര്യങ്ങൾ കൈവിട്ടുപോകുമ്പോഴും അത്തരം ലൗഡ് ശൈലികൾ ഒഴിവാക്കുന്നു. ഭയം, കുറ്റബോധം, ആത്മാഭിമാനം എന്നിവയെല്ലാം ഒരേ സമയം വിറയ്ക്കാത്ത എന്നാൽ തളർന്ന ശരീരഭാഷയിലൂടെ അവതരിപ്പിക്കാൻ അവർക്ക് സാധിക്കുന്നു.

ഇത്തരം പ്രകടനത്തെ ദാർശനികമായി അപഗ്രഥിക്കാൻ ഷീൽ ദുല്യൂസിന്റെ വിഭാവനങ്ങൾ ഉപകരിക്കും. ദുല്യൂസിന്റെ 'സ്ഥിരാന്തര പരിണാമം' (Becoming) എന്ന ആശയം ഒരു നിശ്ചിത രൂപത്തിലേക്ക് ഒതുങ്ങാത്ത മാറ്റത്തെ ആണ് സൂചിപ്പിക്കുന്നത്. അലീന എന്ന കഥാപാത്രം ഒരേ സമയം നിയമപാലകയും അതേസമയം താൻ അറിയാതെ ഒരു കുറ്റകൃത്യത്തിന്റെ ആധാരമായി മാറിയ വ്യക്തിയുമാണ്.

അലീന പോലീസുകാരി എന്ന നിശ്ചലമായ അവസ്ഥയിൽ നിന്ന് ഒഴിഞ്ഞുമാറുകയും ഒരു പുതിയ മാനസികാവസ്ഥയിലേക്ക് പരിണമിക്കുകയും ചെയ്യുന്നു. അലീനയെന്ന കഥാപാത്രത്തിന്റെ ഈ മാറ്റം പാർവ്വതിയുടെ ഭാവമാറ്റങ്ങളിൽ വ്യക്തമാണ്. മുഖത്തെ ഓരോ ചെറിയ ചലനത്തിലും ഈ സ്ഥിരാന്തരത്തിന്റെ അസ്ഥിരത പ്രേക്ഷകന് അനുഭവപ്പെടുന്നു.

പിന്നീട് കേന്ദ്രീകൃതമല്ലാത്ത, വശങ്ങളിലേക്ക് പടരുകയാണ് അലീന. കൊലപാതകത്തിന് ശേഷമുള്ള അന്വേഷണത്തിൽ അലീന ചെന്നുപെടുന്നത് അധികാരത്തിന്റെ സങ്കീർണ്ണമായ കുരുക്കിലാണ്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ, നിയമം, ആത്മരക്ഷയ്ക്കുള്ള ശ്രമങ്ങൾ എന്നിവയെല്ലാം ഒരു പടർ ഘടനയിൽ അലീനയെ പിടി കൂടുന്നു.

ഈ ഘടനയ്ക്കുള്ളിൽ നിൽക്കുമ്പോൾ അലീനയുടെ പ്രതികരണങ്ങൾ രേഖീയമല്ല. ഒരു പ്രത്യേക ദിശയിലേക്ക് മാത്രം ചിന്തിക്കുന്ന പോലീസുകാരിയല്ല അവർ. ചുറ്റുമുള്ള സംവിധാനങ്ങളെ നിശബ്ദമായി നിരീക്ഷിക്കുന്ന, തനിക്ക് ചുറ്റുമുള്ള

**അക്രമിയുടെ മൃതദേഹത്തിന് മുന്നിൽ നിൽക്കുമ്പോഴും ചോദ്യം ചെയ്യലുകളിൽ പങ്കെടുക്കുമ്പോഴും അലീന കാണിക്കുന്ന നിസ്സംഗത യഥാർത്ഥത്തിൽ തിരസ്കൃതാവസ്ഥയുടെ പ്രതിഫലനമാണ്. അതിൽ നിന്നാണ് അഭിനയത്തിലെ ക്ലിനിക്കൽ സ്വഭാവമുണ്ടാകുന്നത്. വികാരങ്ങളെ ശസ്ത്രക്രിയാ വിദഗ്ദ്ധന്റെ കൃത്യതയോടെ കൈകാര്യം ചെയ്യുന്ന രീതിയും ആണത്. അമിതമായ വിലാപങ്ങളോ ആംഗ്യങ്ങളോ അവിടെ ഉണ്ടാവില്ല. വികാരങ്ങളുടെ പ്രവാഹത്തെ തടഞ്ഞു നിർത്തിക്കൊണ്ട്, ചെറിയൊരു തലചായ്ക്കലിലൂടെയോ കണ്ണിലെ തിളക്കമാറ്റത്തിലൂടെയോ അർത്ഥം കൈമാറുകയാണ് ഇവിടെ ചെയ്യുന്നത്**

കണ്ണികളെ അറിഞ്ഞു പെരുമാറുന്ന ഒരു കഥാപാത്രമായി മാറുക കൂടിചെയ്യുന്നു .പാർവ്വതിയുടെ കണ്ണുകളിലെ ഭയത്തിലും നിശ്ചലതയിലും ഈ ഘടനയിലെ വലിഞ്ഞുമുറുക്കലുകൾ തെളിയുന്നു.

അതിലൂടെ മാനസികമായ അന്യവൽക്കരണത്തിലെത്തുകയാണു ചെയ്യുന്നത്.അത് അലീനയെ തിരസ്കൃതാവസ്ഥയിലെത്തിക്കുന്നു.

നിയമം സംരക്ഷിക്കേണ്ട കൈകൾ കൊലപാതകത്തിന്റെ ഭാഗമായി മാറുമ്പോൾ ആ വ്യക്തിക്ക് സ്വന്തം ശരീരത്തോടുതന്നെ ഉണ്ടാകുന്ന അറപ്പാണ് ഈ തിരസ്കൃതാവസ്ഥയ്ക്ക് കാരണം. പാർവ്വതി ഈ അവസ്ഥയെ അതീവ സൂക്ഷ്മതയോടെ അവതരിപ്പിക്കുന്നു. അക്രമിയുടെ മൃതദേഹത്തിന് മുന്നിൽ നിൽക്കുമ്പോഴും ചോദ്യം ചെയ്യലുകളിൽ പങ്കെടുക്കുമ്പോഴും അലീന കാണിക്കുന്ന നിസ്സംഗത യഥാർത്ഥത്തിൽ തിരസ്കൃതാവസ്ഥയുടെ പ്രതിഫലനമാണ്. അതിൽ നിന്നാണ് അഭിനയത്തിലെ ക്ലിനിക്കൽ സ്വഭാവമുണ്ടാകുന്നത്.വികാരങ്ങളെ ശസ്ത്രക്രിയാ വിദഗ്ദ്ധന്റെ കൃത്യതയോടെ കൈകാര്യം ചെയ്യുന്ന രീതിയും ആണത്. അമിതമായ വിലാപങ്ങളോ ആംഗ്യങ്ങളോ അവിടെ ഉണ്ടാവില്ല. വികാരങ്ങളുടെ പ്രവാഹത്തെ തടഞ്ഞു നിർത്തിക്കൊണ്ട്, ചെറിയൊരു തലചായ്ക്കലിലൂടെയോ കണ്ണിലെ തിളക്കമാറ്റത്തിലൂടെയോ അർത്ഥം കൈമാറുകയാണ് ഇവിടെ ചെയ്യുന്നത്.

പാർവ്വതി തിരുവോത്ത് അലീനയാകുമ്പോൾ ഈ ക്ലിനിക്കൽ സമീപനം പ്രകടമാണ്. ഒരു സീരിയൽ കില്ലർ കൊല്ലപ്പെടുന്ന നിമിഷത്തിൽ സ്റ്റേഷനിൽ ഉണ്ടാകുന്ന പരിഭ്രാന്തിക്കിടയിലും അലീനയുടെ ശരീരം തികച്ചും നിയന്ത്രിതമാണ്. വികാരങ്ങൾ നിയന്ത്രണം വിട്ടുപോകാതിരിക്കാൻ അവർ സ്വന്തം ചലനങ്ങളെ അളന്നു കുറിക്കുന്നു.

മലയാള സിനിമയിൽ ഇന്നും നിലനിൽക്കുന്ന പ്രധാന വെല്ലുവിളിയാണ് ഡ്രാമാറ്റിക് ആയ അഭിനയം. ഒരു രംഗത്തിന്റെ തീവ്രത കാണിക്കാൻ അഭിനേതാക്കൾ ശബ്ദമുയർത്തുകയും ആംഗ്യം കാണിക്കുകയും ചെയ്യുന്നു. ഇത് പലപ്പോഴും സിനിമയുടെ സ്വാഭാവിക അന്തരീക്ഷത്തെ തകർക്കാറുണ്ട്.

എന്നാൽ ഭാവം എവിടെയൊക്കെ നൽകണം, എവിടെയൊക്കെ ഭാവങ്ങളെ ഒതുക്കണം എന്നതിന്റെ വ്യക്തമായ തെളിവാണ് പാർവ്വതി നൽകുന്നത്. നിശ്ശബ്ദതയ്ക്ക് കഥാപാത്രത്തിന്റെ വികാരങ്ങളെ കൈമാറാൻ കഴിയും എന്ന് അവർ തെളിയിക്കുന്നു. സംസാരിക്കാത്ത നിമിഷങ്ങ



ളിൽ പോലും അലീനയുടെ ഉള്ളിലെ ഭയം സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നു.

ശരീരത്തെ സ്വയം ഒരു ഉപകരണമായി ഉപയോഗിക്കാൻ അഭിനേതാവിന് കഴിയണം. പാർവ്വതി തന്റെ ശരീരത്തെ അലീനയുടെ ആന്തരികാവസ്ഥയ്ക്കനുസരിച്ച് ക്രമീകരിക്കുന്നു. തോക്ക് ഉപയോഗിക്കുന്ന രംഗങ്ങളിലും, ഉന്നത ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലുകളിൽ പങ്കെടുക്കുമ്പോഴും ശരീരത്തിന്റെ ഓരോ ഭാഗവും ആ കഥാപാത്രത്തിന്റെ ഭാരം പേറുന്നുണ്ട്.

അന്വേഷണം പുരോഗമിക്കുന്തോറും അലീന നേരിടുന്ന മാനസിക സമ്മർദ്ദം വലുതാകുന്നു. എങ്കിലും ആ സമ്മർദ്ദത്തെ ലൗഡ് ആയ പ്രകടനങ്ങളിലേക്ക് അവർ മാറ്റുന്നില്ല. അതിനു പകരം കൂടുതൽ തളർന്ന, എന്നാൽ ദൃഢമായ നടപ്പിലൂടെയും നോട്ടത്തിലൂടെയും ആ അവസ്ഥയെ പ്രകടിപ്പിക്കുന്നു.

ഈ മിനിമലിസം പ്രേക്ഷകരെ സിനിമയിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. കഥാപാത്രത്തിന്റെ വികാരങ്ങൾ നേരിട്ട് വിളിച്ചു പറയാതെ, അത് കണ്ടെത്തുവാൻ പ്രേക്ഷകന് അവസരം നൽകുകയാണ് ഇത്തരം അഭിനയരീതി ചെയ്യുന്നത്. അലീന അനുഭവിക്കുന്ന ആന്തരികമായ പിരിമുറുക്കം പ്രേക്ഷകനിലേക്ക് നേരിട്ട് സംപ്രേഷണം ചെയ്യപ്പെടുന്നു.

**ഭാവം എവിടെയൊക്കെ നൽകണം, എവിടെയൊക്കെ ഭാവങ്ങളെ ഒതുക്കണം എന്നതിന്റെ വ്യക്തമായ തെളിവാണ് പാർവ്വതി നൽകുന്നത്. നിശ്ശബ്ദതയ്ക്ക് കഥാപാത്രത്തിന്റെ വികാരങ്ങളെ കൈമാറാൻ കഴിയും എന്ന് അവർ തെളിയിക്കുന്നു. സംസാരിക്കാത്ത നിമിഷങ്ങളിൽ പോലും അലീനയുടെ ഉള്ളിലെ ഭയം സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നു. ശരീരത്തെ സ്വയം ഒരു ഉപകരണമായി ഉപയോഗിക്കാൻ അഭിനേതാവിന് കഴിയണം. പാർവ്വതി തന്റെ ശരീരത്തെ അലീനയുടെ ആന്തരികാവസ്ഥയ്ക്കനുസരിച്ച് ക്രമീകരിക്കുന്നു. തോക്ക് ഉപയോഗിക്കുന്ന രംഗങ്ങളിലും, ഉന്നത ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലുകളിൽ പങ്കെടുക്കുമ്പോഴും ശരീരത്തിന്റെ ഓരോ ഭാഗവും ആ കഥാപാത്രത്തിന്റെ ഭാരം പേറുന്നുണ്ട്.**

കേവലം ഒരു ക്രൈം ത്രില്ലറിലെ നായിക എന്നതിലുപരി, അധികാരത്തിനും കുറ്റബോധത്തിനും ഇടയിൽ നിൽക്കുന്ന മനുഷ്യശരീരത്തിന്റെ അവസ്ഥയായി അലീന മാറുന്നു.

അലീനയുടെ ആന്തരിക സംഘർഷങ്ങൾ വ്യക്തിപരമല്ല, സാമൂഹികവും സാംസ്കാരികവുമായ സമ്മർദ്ദങ്ങളുടെ ഫലമാണ്. ഒരു സ്ത്രീ എന്ന നിലയിലും പോലീസുകാരി എന്ന നിലയിലും അവൾ നേരിടുന്ന വെല്ലുവിളികൾ അവളുടെ ശരീരഭാഷയെ തന്നെ സ്വാധീനിക്കുന്നുണ്ട്.

പാർവ്വതി തിരുവോത്ത് എന്ന അഭിനേത്രി മലയാള സിനിമയിൽ കൊണ്ടുവന്ന ഈ ഭാവുകത്വപരമായ മാറ്റം വരുംകാലങ്ങളിൽ വളർച്ച പ്രാപിക്കേണ്ട അഭിനയ രീതികൾക്ക് വഴിതുറക്കുന്നുണ്ട്. ശരീരത്തിന്റെ കൃത്യമായ ഉപയോഗവും വികാരങ്ങളുടെ അളന്നുമുറിച്ച പ്രയോഗവും സിനിമയെ കൂടുതൽ റിയലിസ്റ്റിക് ആയ തലത്തിലേക്ക് ഉയർത്തുന്നു.

'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന സിനിമ അലീന എന്ന കഥാപാത്രത്തിലൂടെ മുന്നോട്ടുവെക്കുന്നത് അഭിനയത്തിന്റെ തികച്ചും വ്യത്യസ്തമായ ഒരു ഭാഷയാണ്. പരമ്പരാഗതമായ ഭാവപ്രകടനങ്ങളെക്കാൾ നിശ്ശബ്ദതയ്ക്കും സൂക്ഷ്മ ചലനങ്ങൾക്കും ഉള്ള ശക്തി അത് വ്യക്തമാക്കുന്നു.

പാർവ്വതിയുടെ അഭിനയം മലയാള സിനിമയിലെ ലൗഡ് ആക്റ്റിങ്ങിനുള്ള ശക്തമായ മറുപടിയാണ്. ക്ലിനിക്കലായും ദാർശനിക ആഴത്തോടെയും അവർ അലീനയെ അവതരിപ്പിക്കുന്നു. ശരീരത്തെ ഒരു പരീക്ഷണശാലയാക്കി മാറ്റി ഭാവങ്ങളെ പുനർനിർമ്മിക്കാൻ പാർവ്വതിക്ക് സാധിക്കുന്നു.

ഈ പ്രകടനം പാർവ്വതിയുടെ കരിയറിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ ഒന്നായി മാറുന്നു. ലൗഡ് ആക്റ്റിംഗിന് അപ്പുറത്തേക്ക് ഒരു അഭിനേതാവിന് എത്രത്തോളം ഇറങ്ങിച്ചെല്ലാം എന്ന് അലീന നമ്മെ കാണിച്ചുതരുന്നു.

അലീന എന്ന കഥാപാത്രത്തിലൂടെ പാർവ്വതി തിരുവോത്ത് നിർമ്മിച്ചെടുക്കുന്ന അഭിനയരീതി സിനിമയിലെ ലിംഗപരമായ സാന്നിധ്യത്തെക്കൂടി പുനർവിചാരം ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ്. മലയാള സിനിമയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ അവതരിപ്പിക്കുമ്പോൾ സാധാരണ കാണാറുള്ളത് പുരുഷകേന്ദ്രീകൃത ആക്ഷൻ നായകന്മാരുടെ അനുകരണമോ അല്ലെങ്കിൽ കേവലം അനുകമ്പ അർഹിക്കുന്ന കഥാപാത്രങ്ങളോ ആണ്. എന്നാൽ പാർവ്വതിയുടെ അലീന ഇതിൽ രണ്ടിൽ നിന്നും വേറിട്ടുനിൽക്കുന്നു. അനാവശ്യമായ ധീരതാപ്രകടനങ്ങളോ (bravado) മുഷ്ടി ചുരുട്ടലുകളോ ഇല്ലാതെ തന്നെ ഒരു പോലീസുകാരിയുടെ ആധികാരികതയും അതേസമയം ഒരു വ്യക്തിയുടെ പരിമിതികളും സ്ക്രീനിൽ കൊണ്ട് വരാൻ പാർവ്വതിക്ക് സാധിക്കുന്നു.

'മൈക്രോ-പൊളിറ്റിക്സ്' (Micropolitics) അഥവാ സൂക്ഷ്മ രാഷ്ട്രീയത്തിന്റെ തലത്തിൽ അലീനയുടെ ശരീരഭാഷയെ വായിക്കാവുന്നതാണ്. പോലീസ് സ്റ്റേഷനിലെ ആൺകോയ്മ നിറഞ്ഞ അന്തരീക്ഷത്തിലും അന്വേഷണ ഏജൻസികളുടെ സമ്മർദ്ദങ്ങൾക്കിടയിലും അലീന കാണിക്കുന്ന നിശ്ശബ്ദത ഒരു പ്രതിരോധമാണ്. അലറിവിളിച്ചുകൊണ്ട് തങ്ങളുടെ ഭാഗം ന്യായീകരിക്കുന്ന സാധാരണ സിനിമാ ശൈലികളിൽ നിന്ന് മാറി, സ്വന്തം മനസ്സിന്റെയും ശരീരത്തിന്റെയും ശാന്തതയിലൂടെ അവർ ആ അന്തരീക്ഷത്തെ വിച്ഛേദിക്കുന്നു. ഈ വിച്ഛേദനം അഭിനയത്തിലെ മിനിമലിസത്തിന്റെ രാഷ്ട്രീയ മാനമാണ്.

കൊലപാതകം നടന്നു കഴിഞ്ഞ ശേഷമുള്ള ചോദ്യം ചെയ്യൽ രംഗങ്ങളിൽ പാർവ്വതിയുടെ പ്രകടനം കൂടുതൽ ക്ലിനിക്കൽ ആകുന്നു. ഇവിടെ വികാരങ്ങൾ പ്രകടിപ്പിക്കാനല്ല ശ്രമിക്കുന്നത്. വികാരങ്ങളെ അമർത്തിവക്കാനാണ് അവർ ശ്രമിക്കുന്നത്. മനുഷ്യശരീരം കടുത്ത മാനസിക സമ്മർദ്ദത്തിലൂടെ കടന്നുപോകുമ്പോൾ പുറത്തെടുക്കുന്ന ഒരുതരം മരവിപ്പ് (numbness) അലീനയിൽ കാണാം. കണ്ണുകളിലെ തിളക്കം കുറയുന്നതും, ശബ്ദത്തിലെ അളന്നു മുറിച്ച താളവും, കൈകളുടെ ഉറഞ്ഞ അവസ്ഥയും കഥാപാത്രത്തിന്റെ ആന്തരികമായ ഒറ്റപ്പെടലിനെ വ്യക്തമാക്കുന്നു.

> **'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന സിനിമ അലീന എന്ന കഥാപാത്രത്തിലൂടെ മുന്നോട്ടുവെക്കുന്നത് അഭിനയത്തിന്റെ തികച്ചും വ്യത്യസ്തമായ ഒരു ഭാഷയാണ്. പരമ്പരാഗതമായ ഭാവപ്രകടനങ്ങളെക്കാൾ നിശ്ശബ്ദതയ്ക്കും സൂക്ഷ്മ ചലനങ്ങൾക്കും ഉള്ള ശക്തി അത് വ്യക്തമാക്കുന്നു. പാർവ്വതിയുടെ അഭിനയം മലയാള സിനിമയിലെ ലൗഡ് ആക്റ്റിങ്ങിനുള്ള ശക്തമായ മറുപടിയാണ്. ക്ലിനിക്കലായും ദാർശനിക ആഴത്തോടെയും അവർ അലീനയെ അവതരിപ്പിക്കുന്നു. ശരീരത്തെ ഒരു പരീക്ഷണശാലയാക്കി മാറ്റി ഭാവങ്ങളെ പുനർനിർമ്മിക്കാൻ പാർവ്വതിക്ക് സാധിക്കുന്നു.**

അലീന ഒരു ഇരയോ (victim) അതോ വേട്ടക്കാരിയോ (offender) എന്ന ചോദ്യം ഉയരുമ്പോൾ, ഈ രണ്ട് വിരുദ്ധ ധ്രുവങ്ങളിലേക്കും വഴുതിവീഴാതെ യാഥാർത്ഥ്യത്തിൽ നിന്ന് മറ്റൊന്നിലേക്ക് സഞ്ചരിക്കുന്ന അവസ്ഥയിലാണ് കഥാപാത്രം. അലീന എന്ന പോലീസുകാരി നിയമത്തിന്റെ വക്താവിൽ നിന്ന് അന്വേഷണ വിധേയയാകുന്ന ഘട്ടത്തിൽ അവരുടെ ശരീരത്തിലുണ്ടാകുന്ന ചെറു ചലനങ്ങൾ പോലും ഈ മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയെ അടയാളപ്പെടുത്തുന്നു.

താൻ സംരക്ഷിക്കേണ്ടിയിരുന്ന നിയമം തന്നെ തന്റെ കൈകളിലൂടെ ലംഘിക്കപ്പെട്ടു എന്ന തിരിച്ചറിവ് അലീനയിൽ ഒരു ആത്മീയവും മാനസികവുമായ അറപ്പ് നിർമ്മിക്കുന്നു. കൊലപാതകത്തിന് ഉപയോഗിച്ച തോക്കിലേക്ക് നോക്കുന്ന അലീനയുടെ പാർവ്വതി തരുന്ന ഭാവം ഒരു ആയുധത്തെ നോക്കുന്ന പോലീസുകാരിയുടേതല്ല. നേരെമറിച്ച്, സ്വന്തം ശരീരത്തിന്റെ ഭാഗമായി മാറിയ ഒരു അന്യവസ്തുവിനെ അറപ്പോടെയും ഭയത്തോടെയും നോക്കുന്ന ഒന്നാണ്. ഈ നോട്ടം മലയാള സിനിമ ഇതുവരെ പരിചയിച്ചിട്ടുള്ള രംഗങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

ലൗഡ് ആക്റ്റിങ് എന്നത് വികാരങ്ങളെ പ്രേക്ഷകന് നേരിട്ട് വച്ചുനീട്ടുന്ന രീതിയാണെങ്കിൽ, പാർവ്വതിയുടെ അഭിനയം വികാരങ്ങളെ സൂചനകളായി മാത്രം നിലനിർത്തുന്നു. പ്രേക്ഷകൻ കഥാപാത്രത്തിന്റെ ഉള്ളിലേക്ക് ഇറങ്ങിച്ചെന്ന് ആ വികാരത്തെ വായിച്ചെടുക്കേണ്ടി വരുന്നു. ഇത് പ്രേക്ഷകനെയും സിനിമയുടെ ഒരു സജീവ പങ്കാളിയാക്കുന്നു. അലീനയുടെ മുഖത്തെ ഭാവങ്ങൾ ഒരു തുറന്ന പുസ്തകമല്ല. വരികൾക്കിടയിൽ വായിക്കേണ്ട ഒരു സാഹിത്യകൃതി പോലെയാണ് മാറുന്നത്.

ശരീരത്തെ സ്വയം പരിശോധനയ്ക്ക് വിധേയമാക്കുക എന്ന നടനരീതി അലീനയുടെ നടപ്പിലും നിൽപ്പിലും പ്രതിഫലിക്കുന്നുണ്ട്.

പട്രോളിംഗ് കാറിൽ നിന്ന് ഇറങ്ങുന്നത് മുതൽ നൈറ്റ് ഡ്യൂട്ടിയിലെ ക്ഷീണം പേറുന്ന രീതിയും, അതിനുശേഷം ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവത്തിൽ ശരീരം വലിഞ്ഞു മുറുകുന്നതും പാർവ്വതി അതീവ സൂക്ഷ്മതയോടെ ചെയ്യുന്നു. മലയാള സിനിമയിലെ ആക്ഷൻ അല്ലെങ്കിൽ ക്രൈം ത്രില്ലറുകളിൽ സാധാരണ കാണുന്ന കൃത്രിമമായ ഗൗരവമല്ല ഇത്. പകരം ഒരു യഥാർത്ഥ മനുഷ്യ ശരീരം സങ്കീർണ്ണമായ അവസ്ഥകളോട് പ്രതികരിക്കുന്നതിന്റെ സ്വാഭാവിക പരിണാമമാണ്.

സിനിമയിലെ ക്ലൈമാക്സിലേക്ക് അടുക്കുമ്പോഴും അലീനയുടെ ആന്തരിക സംഘർഷം ലളിതമായി മാറുന്നില്ല. അന്വേഷണത്തിന്റെ ഫലങ്ങൾ എന്തുതന്നെയായാലും, താൻ കടന്നുപോയ അനുഭവങ്ങൾ അലീന എന്ന വ്യക്തിയിൽ ഉണ്ടാക്കിയ ആഴത്തിലുള്ള മുറിവുകൾ സ്ക്രീനിൽ ബാക്കിയാവുന്നു. ആ മുറിവുകളെ ഉറക്കമില്ലാത്ത കണ്ണുകളിലൂടെയും നിസ്സംഗമായ പുഞ്ചിരിയിലൂടെയും പാർവ്വതി അടയാളപ്പെടുത്തുന്നു.

'പ്രഥമദൃഷ്ടിയിൽ കുറ്റക്കാർ' എന്ന സിനിമയിലെ അലീന മലയാള സിനിമയിലെ നടനരീതികളെക്കുറിച്ചുള്ള പുതിയ പഠനങ്ങൾ തുറന്നിടുന്നു. ഉച്ചത്തിലുള്ള പ്രകടനങ്ങൾ തന്നെയാണ് മികച്ച അഭിനയം എന്ന തെറ്റിദ്ധാരണയെ പാർവ്വതി തിരുവോത്ത് തിരുത്തുന്നു. ശരീരത്തിന്റെ ഭ വോപയോഗം, ഭാവങ്ങളുടെ ക്ലിനിക്കൽ സ്വഭാവം, ദാർശനികമായ ആഴം എന്നിവയിലൂടെ അലീന എന്ന കഥാപാത്രം മലയാള സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളുടെ നിർമ്മിതിയിലും അഭിനയ രീതിശാസ്ത്രത്തിലും ഒരു പ്രധാന നാഴികക്കല്ലായി മാറും.

തുടർ അന്വേഷണ ഘട്ടങ്ങളിൽ അലീന നേരിടുന്ന പോലീസ് സംവിധാനത്തിന്റെ വിചാരണകളെ പാർവ്വതി തിരുവോത്ത് അവതരിപ്പിക്കുന്നത് തികച്ചും വേറിട്ടൊരു തലത്തിലാണ്. ഇവിടെ സിനിമയിലെ അധികാര ഘടനകളും അലീന എന്ന വ്യക്തിയും തമ്മിലുള്ള ഏറ്റുമുട്ടലാണ് നടക്കുന്നത്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലുകൾക്ക് മുന്നിൽ അലീന ഇരിക്കുമ്പോൾ, അവളുടെ ശരീരം കാണിക്കുന്ന നിശ്ചലത കേവലമായ ഭയമല്ല. അത് വ്യവസ്ഥിതിയോടുള്ള ഒരു തരം പ്രതിരോധവും അതേ സമയം സ്വന്തം അവസ്ഥയെക്കുറിച്ചുള്ള ആത്മപരിശോധനയുമാണ്.



അലീന അകപ്പെട്ടിരിക്കുന്ന അന്വേഷണ ശൃംഖലയും അതുപോലെ ഒന്നാണ്. മേലധികാരികൾ, മാധ്യമങ്ങൾ, പൊതുജന അഭിപ്രായങ്ങൾ, നിയമപരമായ തടസ്സങ്ങൾ എന്നിവയെല്ലാം പല വഴികളിലൂടെ അലീനയെ ചുറ്റിവരിയുന്നു. പാർവ്വതി തന്റെ കഥാപാത്രത്തിൽ ഈ വരിഞ്ഞുമുറുക്കൽ കൊണ്ടുവരുന്നത് കൺപോളകളുടെ കനപ്പിലൂടെയും, വളരെ സാവധാനത്തിലുള്ള വാക്കുകളുടെ തിരഞ്ഞെടുപ്പിലൂടെയുമാണ്.

ഇവിടെ ലൗഡ് ആക്റ്റിങ്ങിന്റെ വഴികൾ പൂർണ്ണമായും അടയുന്നു. അലറിവിളിച്ച് നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കുന്ന പോലീസുകാരെയാണ് മലയാള സിനിമ സാധാരണ കാണിച്ചുതന്നിട്ടുള്ളത്. എന്നാൽ അലീന താൻ ചെയ്ത പ്രവൃത്തിയുടെ ഗൗരവവും അതിന്റെ പ്രത്യാഘാതങ്ങളും പൂർണ്ണമായി മനസ്സിലാക്കുന്നു. അതിനാൽത്തന്നെ അവളുടെ വാക്കുകളിൽ അനാവശ്യമായ വൈകാരികതയില്ല. ഒരു ക്ലിനിക്കൽ റിപ്പോർട്ട് വായിക്കുന്നതുപോലെ, എന്നാൽ ഉള്ളിൽ വൻ മലവെള്ളപ്പാച്ചിൽ ഒളിപ്പിച്ചുവച്ചുകൊണ്ട് അവർ സംസാരിക്കുന്നു.

അഭിനേത്രി സ്വന്തം ശരീരത്തെ ഇവിടെ ഒരു മാധ്യമമാക്കി കീഴ്പ്പെടുത്തുന്നു. അന്വേഷണ സംഘത്തിന് മുന്നിലിരിക്കുമ്പോൾ അലീനയുടെ നട്ടെല്ലിന്റെ നിവർന്നുനിൽപ്പ്, കൈകൾ മേശപ്പുറത്ത് വയ്ക്കുന്ന രീതി, ശ്വാസമെടുക്കുന്നതിന്റെ താളം എന്നിവയെല്ലാം ഒരു കൃത്യമായ അളവുകോലിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഭാവങ്ങളെ ആവശ്യമുള്ളയിടത്തു മാത്രം പുറത്തെടുക്കുക

യും, അല്ലാത്ത ഇടങ്ങളിൽ അതിനെ പൂർണ്ണമായ് റദ്ദാക്കുകയും ചെയ്യുന്ന ശൈലിയാണിത്.

അലീന എന്ന പോലീസുകാരി താൻ സംരക്ഷിച്ച നിയമത്തിന്റെ തന്നെ മുന്നിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ, അവൾക്ക് സ്വന്തം വ്യക്തിത്വത്തോട് തോന്നുന്ന അന്യവൽക്കരണമുണ്ട്. താൻ ഒരു കൊലപാതകിയാണോ അതോ ജീവൻ രക്ഷിച്ചവളാണോ എന്ന സംശയം അവളെ വേട്ടയാടുന്നു. സ്വസ്വത്വവും പദവിയും തമ്മിലുള്ള ഈ അതിർത്തി മാഞ്ഞുപോകുമ്പോഴാണ് 'തിരസ്കൃതത്തം' സംഭവിക്കുന്നത്. പാർവ്വതിയുടെ വിറയ്ക്കാത്ത, എന്നാൽ തളർന്ന നോട്ടം ഈ മാനസികാവസ്ഥയുടെ കൃത്യമായ പ്രതിഫലനമാണ്.

അലീന എന്ന കഥാപാത്രം മലയാള സിനിമയിലെ സ്ത്രീ കഥാപാത്ര നിർമ്മിതിയിലെ പരമ്പരാഗത രീതികളെ അങ്ങനെ തകർക്കുന്നു. ഒരു ഭീകര സംഭവത്തിന് ശേഷം കരഞ്ഞു തളരുന്ന നായികയോ, അല്ലെങ്കിൽ അതിനെ തികച്ചും പുരുഷാനുകരണത്തോടെ നേരിടുന്ന സ്ത്രീ കഥാപാത്രമോ അല്ല അലീന. സ്വന്തം ഭയത്തെയും കുറ്റബോധത്തെയും വിവേകത്തോടെ അഭിമുഖീകരിക്കുന്ന ഒരു യഥാർത്ഥ മനുഷ്യ ശരീരത്തെ ആണ് അവർ സ്ക്രീനിൽ സാധ്യമാക്കുന്നത്.

ഈ സിനിമ കാണിച്ചുതരുന്ന പ്രധാന കാര്യം, അഭിനയം എന്നാൽ ഒച്ചവെക്കലോ അതിരുകടന്ന ആംഗ്യവിക്ഷേപങ്ങളോ അല്ല എന്നതാണ്. ഭാവം എവിടെ നൽകണം, ഭാവത്തെ എവിടെ അടക്കണം എന്ന തിരിച്ചറിവാണ് യഥാർത്ഥ അഭിനയം. പാർവ്വതി തിരുവോത്ത് അലീനയിലൂടെ തെളിയിക്കുന്നത്, ഏറ്റവും കുറഞ്ഞ ഭാവചലനങ്ങൾ കൊണ്ട് ഏറ്റവും വലിയ വൈകാരിക ആഘാതം സൃഷ്ടിക്കാൻ കഴിയും എന്നാണ്.

ഒരു സീരിയൽ കില്ലറുടെ മരണവും അതിനെത്തുടർന്നുണ്ടാകുന്ന ഇൻവെസ്റ്റിഗേഷനും കേവലം ഒരു



**ലൗഡ് ആക്റ്റിങ് എന്നത് വികാരങ്ങളെ പ്രേക്ഷകന് നേരിട്ട് വച്ചുനീട്ടുന്ന രീതിയാണെങ്കിൽ, പാർവ്വതിയുടെ അഭിനയം വികാരങ്ങളെ സൂചനകളായി മാത്രം നിലനിർത്തുന്നു. പ്രേക്ഷകൻ കഥാപാത്രത്തിന്റെ ഉള്ളിലേക്ക് ഇറങ്ങിച്ചെന്ന് ആ വികാരത്തെ വായിച്ചെടുക്കേണ്ടി വരുന്നു. ഇത് പ്രേക്ഷകനെയും സിനിമയുടെ ഒരു സജീവ പങ്കാളിയാക്കുന്നു. അലീനയുടെ മുഖത്തെ ഭാവങ്ങൾ ഒരു തുറന്ന പുസ്തകമല്ല. വരികൾക്കിടയിൽ വായിക്കേണ്ട ഒരു സാഹിത്യകൃതി പോലെയാണ് മാറുന്നത്.**

ക്രൈം കഥ എന്നതിലുപരി, മനുഷ്യന്റെ ആന്തരിക തലങ്ങളെയും അധികാര സംവിധാനങ്ങളുടെ സങ്കീർണ്ണതകളെയും കുറിച്ചുള്ള ഒരു പഠനമായി മാറുന്നു. ഇതിന് പ്രേക്ഷകരെ പ്രാപ്തരാക്കുന്നത് പാർവ്വതി തിരുവോത്തിന്റെ ഈ മിനിമലിസ്റ്റിക്, ക്ലിനിക്കൽ പ്രകടനമാണ്.

അലീന എന്ന കഥാപാത്രം പാർവ്വതി തിരുവോത്ത് എന്ന അഭിനേത്രിയുടെ അഭിനയ ജീവിതത്തിലെ നിർണ്ണായകമായ ഒരു അധ്യായമാണ്.  അവർ നടത്തിയ ഈ കഥാപാത്ര പ്രകടനം മലയാള സിനിമയിലെ ലൗഡ് ആക്റ്റിങ് സംസ്കാരത്തിന്മേലുള്ള വലിയൊരു തിരുത്തലാണ്.

അലീനയുടെ ആന്തരികാവസ്ഥയെ കൂടുതൽ ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ, അവൾ നേരിടുന്ന മാനസിക സംഘർഷങ്ങളുടെ സങ്കീർണ്ണത വെളിവാകുന്നു. പോലീസ് സ്റ്റേഷനിലെ സാധാരണമായ രാപ്പകലുകളിൽ നിന്ന് ഒരു അപ്രതീക്ഷിത കൊലപാതകത്തിന്റെ വേദിയിലേക്ക് മാറുന്ന ആ നിമിഷം, കഥാപാത്രത്തിൽ സംഭവിക്കുന്ന മാറ്റം തികച്ചും വിപ്ലവകരമാണ്. ഒരു സീരിയൽ കില്ലറുടെ ശരീരത്തിൽ നിന്ന് ജീവൻ വേർപെടുന്ന നിമിഷത്തിലെ ചോരയും നിശ്ശബ്ദതയും അലീനയെ ഒരു പുതിയ യാഥാർത്ഥ്യത്തിലേക്ക് തള്ളിവിടുന്നു.

അലീന എന്ന പോലീസുകാരി ഒരു സാധാരണ ഉദ്യോഗസ്ഥ എന്ന പദവിയിൽ നിന്ന് നിരന്തരം മാറിമറിയുന്ന ഒരു അവസ്ഥ കാണാം. കൊലപാതകങ്ങൾ തടയാൻ ശ്രമിച്ച ഒരു രക്ഷക എന്ന നിലയിലും, അതേ സമയം ഒരു മനുഷ്യന്റെ ജീവനെടുത്ത വ്യക്തി എന്ന നിലയിലും ഒരേ സമയം രണ്ട് അവസ്ഥകളിൽ അവൾ നിലകൊള്ളുന്നു. ഈ ഇരട്ട സ്വഭാവത്തെ പാർവ്വതി തിരുവോത്ത് സ്ക്രീനിൽ കൈകാര്യം ചെയ്യുന്നത് തികച്ചും സങ്കീർണ്ണമായ നിശ്ശബ്ദതയിലൂടെയാണ്. അവൾ പൂർണ്ണമായും നിർദോഷിയല്ല, അതേസമയം കുറ്റവാളിയുമല്ല; ഈ മധ്യവർത്തി അവസ്ഥയുടെ ആകുലതകളാണ് അവരുടെ ഓരോ ചലനത്തിലും പ്രകടമാകുന്നത്.

അന്വേഷണം പുരോഗമിക്കുമ്പോൾ ഉയർന്നുവരുന്ന ചോദ്യങ്ങൾ അലീനയുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്നവയാണ്. ഈ ഘട്ടത്തിൽ താൻ വിശ്വസിച്ചിരുന്ന നിയമവ്യവസ്ഥ തന്നെ തനിക്കെതിരെ തിരിയുന്ന അനുഭവമാണ് അവൾക്കുണ്ടാകുന്നത്.  എവിടെനിന്നും എങ്ങോട്ടും തെന്നിനീങ്ങാവുന്ന ചോദ്യം ചെയ്യലുകളും സംശയങ്ങളും അലീനയെ കൂടുതൽ ശ്വാസം മുട്ടിക്കുന്നു.

പാർവ്വതി തന്റെ ശരീരത്തെ ഈ അന്തരീക്ഷത്തിലേക്ക് വിട്ടുകൊടുക്കുമ്പോൾ അനാവശ്യമായി കണ്ണീരൊഴുക്കാനോ തളർന്നു വീഴാനോ തയ്യാറാകുന്നില്ല. സ്വന്തം ശ്വാസഗതിയെപ്പോലും നിയന്ത്രിച്ചുകൊണ്ട് ആ ഘടനയെ അതിജീവിക്കാൻ ശ്രമിക്കുന്ന ശരീരഭാഷയാണ് അവർ പുറത്തെടുക്കുന്നത്.

ചോദ്യം ചെയ്യലുകൾക്ക് ശേഷം അല്ലെങ്കിൽ ജോലിക്ക് ശേഷമുള്ള ഒറ്റപ്പെടലുകളിൽ, സ്വന്തം കൈകളിലേക്ക് നോക്കുന്ന അലീനയുടെ ഒരു ഭാവമുണ്ട്. തോക്കിന്റെ വിരലമർത്തിയ ആ വിരലുകളിലേക്ക് അവൾ നോക്കുന്നത് അറപ്പോടെയും അപരിചിതത്വത്തോടെയുമാണ്. താനും താൻ ചെയ്ത പ്രവൃത്തിയും തമ്മിൽ വേർപെടുത്താനാകാത്ത വിധം ഒട്ടിച്ചേർന്നിരിക്കുന്നു എന്ന തിരിച്ചറിവാണ് തിരസ്കൃതത്തം. പാർവ്വതിയുടെ മുഖത്ത് ആ നിമിഷങ്ങളിൽ മിന്നിമറയുന്ന ഭാവങ്ങൾ ക്ലിനിക്കൽ കൃത്യതയുള്ളവയാണ്. ഒരുതരം ആന്തരിക നിസ്സംഗതയും സൂക്ഷ്മമായ തരിപ്പും ഒരേ സമയം ആ മുഖത്ത് തെളിയുന്നു.

മലയാള സിനിമയിലെ പരമ്പരാഗത ലൗഡ് ആക്റ്റിങ് സമ്പ്രദായം ഇത്തരം തിരസ്കൃതാവസ്ഥകളെ പ്രേക്ഷകന് മുന്നിൽ വിളിച്ചുകൂവി കാണിക്കാനാണ് ശ്രമിക്കാറുള്ളത്. എന്നാൽ അലീനയായി പാർവ്വതിയായിമാറുമ്പോൾ, ഭാവങ്ങൾ നൽകേണ്ടതില്ലാത്ത ഇടങ്ങൾ ഏതാണെന്ന് അവർ കൃത്യമായി അടയാളപ്പെടുത്തുന്നു. വൈകാരികമായി പൊട്ടിത്തെറിക്കേണ്ട രംഗങ്ങളിൽ പോലും ഭാവങ്ങളെ ഉള്ളിലേക്ക് വലിച്ച് നിശ്ശബ്ദത സൃഷ്ടിക്കുന്ന രീതി (under-statement) അവർ സ്വീകരിക്കുന്നു. ഇത് കഥാപാത്രത്തിന് കൂടുതൽ കരുത്തും അതേസമയം വഞ്ചനാപരമായ ഒരു സങ്കീർണ്ണതയും നൽകുന്നു.

ശരീരത്തെ സ്വയം വിചാരണ ചെയ്യുക എന്ന പ്രക്രിയ പാർവ്വതി ഈ ഘട്ടത്തിലും തുടരുന്നു. പോലീസുകാരി എന്ന നിലയ്ക്കുള്ള അവളുടെ കൃത്യമായ നടപ്പിലും, പിന്നീട് ആ നടപ്പിലേക്ക് കടന്നുകൂടുന്ന ഒരു ചെറിയ വിറയലിലും ഈ സ്വയം വിചാരണ അടങ്ങിയിട്ടുണ്ട്. സ്വന്തം ശരീരം തനിക്കെതിരെ തന്നെ സാക്ഷിപറയുമോ എന്ന ഭയം അലീനയുടെ ഓരോ ചെറിയ ആംഗ്യത്തിലും പ്രകടമാണ്. വസ്ത്രങ്ങൾ ധരിക്കുന്നതിലും പോലീസ് യൂണിഫോം മുറുക്കുന്നതിലും പോലും ഒരു തരം വൈകാരികമായ ബലപ്രയോഗം കാണാം.

**അലറിവിളിച്ച് നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കുന്ന പോലീസുകാരെയാണ് മലയാള സിനിമ സാധാരണ കാണിച്ചുതന്നിട്ടുള്ളത്. എന്നാൽ അലീന താൻ ചെയ്ത പ്രവൃത്തിയുടെ ഗൗരവവും അതിന്റെ പ്രത്യാഘാതങ്ങളും പൂർണ്ണമായി മനസ്സിലാക്കുന്നു. അതിനാൽത്തന്നെ അവളുടെ വാക്കുകളിൽ അനാവശ്യമായ വൈകാരികതയില്ല. ഒരു ക്ലിനിക്കൽ റിപ്പോർട്ട് വായിക്കുന്നതുപോലെ, എന്നാൽ ഉള്ളിൽ വൻ മലവെള്ളപ്പാച്ചിൽ ഒളിപ്പിച്ചുവച്ചുകൊണ്ട് അവർ സംസാരിക്കുന്നു.**

തീർച്ചയായും, അലീന എന്ന കഥാപാത്രം പാർവ്വതി തിരുവോത്ത് എന്ന അഭിനേത്രിയുടെ കരിയറിലെ ഒരു വേറിട്ട പരീക്ഷണമാണ്. മലയാള സിനിമയിൽ പുരുഷ കേന്ദ്രീകൃതമായ ആക്ഷൻ/ത്രില്ലർ സിനിമകളിൽ സ്ത്രീകൾക്ക് നൽകാറുള്ള പരമ്പരാഗത റോളുകളെ ഇത് പൂർണ്ണമായും മാറ്റിനിർത്തുന്നു. സ്ത്രീയുടെ ആന്തരിക ജീവിതവും അവൾ നേരിടുന്ന വ്യവസ്ഥാപിത സമ്മർദ്ദങ്ങളും എത്രത്തോളം സൂക്ഷ്മമായി സ്ക്രീനിൽ കൊണ്ടുവരാം എന്ന് ഈ കഥാപാത്രം കാണിച്ചുതരുന്നു.

പാർവ്വതിയുടെ ഈ അഭിനയ ശൈലി കേവലം ഒരു സിനിമയിലെ കഥാപാത്ര അവതരണം മാത്രമല്ല, മലയാള സിനിമാഭിനയത്തിന്റെ ചരിത്രത്തിലെ ഒരു പുതിയ മാതൃകയാണ്. ഉച്ചത്തിലുള്ള പ്രകടനങ്ങളെക്കാൾ സൂക്ഷ്മവും ക്ലിനിക്കലുമായ അഭിനയത്തിന് മനുഷ്യ മനസ്സുകളിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ കഴിയുമെന്നതിന്റെ വ്യക്തമായ തെളിവാണ് 'പ്രഥമദൃഷ്ടിയിൽ കുറ്റക്കാർ' എന്ന സിനിമയിലെ അലീന.

അലീന എന്ന പോലീസുകാരിയെ മുൻനിർത്തി പാർവ്വതി തിരുവോത്ത് നടത്തിയ പ്രകടനം മലയാള സിനിമയിലെ അഭിനയരീതിശാസ്ത്രങ്ങൾക്കെതിരെയുള്ള ഒരു സർഗ്ഗാത്മക സമരമായി മാറുന്നു. പരമ്പരാഗതമായി ആഘോഷിക്കപ്പെട്ടുപോന്ന ഉച്ചത്തിലുള്ള ഭാവപ്രകടനങ്ങളോടും (Loud Acting) അനാവശ്യമായ നാടകീയതയോടും ഉള്ള വ്യക്തമായ വിച്ഛേദനമാണിത്. അഭിനയം എന്നാൽ ഉറക്കെ സംസാരിക്കലോ കൈകാലുകൾ അമിതമായി ചലിപ്പിക്കലോ അല്ല, അത് നിശ്ശബ്ദതകൊണ്ടും നിയന്ത്രിതമായ ശരീരഭാഷകൊണ്ടും കഥാപാത്രത്തിന്റെ ആന്തരിക മണ്ഡലങ്ങളെ വെളിപ്പെടുത്തലാണെന്ന് ഈ പ്രകടനം സ്ഥാപിക്കുന്നു.

അധികാരം, കുറ്റബോധം, ആത്മാഭിമാനം, വ്യവസ്ഥിതിയുടെ ചുരുളുകൾ എന്നിവയ്ക്കുള്ളിൽ അകപ്പെടുന്ന സ്ത്രീയുടെ ശരീരം എങ്ങനെ സ്വയം വിചാരണ നടത്തുന്നു എന്നതിന്റെ മിനിമലിസ്റ്റിക് മാതൃകയാണ് അലീന.

വികാരങ്ങളെ അളന്നു മുറിച്ച് കൈകാര്യം ചെയ്യുന്ന ഈ ക്ലിനിക്കൽ ശൈലിയും, അധികഭാവങ്ങൾ എവിടെയൊക്കെ ഒഴിവാക്കണം എന്ന അഭിനേത്രിയുടെ തിരിച്ചറിവും മലയാള സിനിമയുടെ ഭാവുകത്വത്തെ പുതിയൊരു ഘട്ടത്തിലേക്ക് ഉയർത്തുന്നു. ആ അർത്ഥത്തിൽ, 'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' എന്ന സിനിമയിലെ പാർവ്വതിയുടെ അഭിനയം കേവലം ഒരു കഥാപാത്രാവിഷ്കാരമായി കാണാനാവില്ല. വരുംകാല മലയാള സിനിമാഭിനയ ശാഖയ്ക്ക് കൃത്യമായ ദിശാബോധം നൽകുന്ന സവിശേഷവും ശക്തവുമായ ഒരു പ്രതിരോധമാണ്


അച്ചായൻസിൽ
സ്വർണ്ണം വിൽക്കാം
ഇരട്ടി
വിശ്വാസത്തോടെ
50+ BRANCHES
22 Year Legacy of Trust & Quality
TONY YARKICHAN
ACHAYANS GROUP
SINCE 2005
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
www.achayansgold.in
എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട
ഇടുക്കി, കൊല്ലം, ദുബായ്, ഷാർജ
90613 50 916 | 85900 46 916



# ബംഗാളിൽ നിന്നുള്ള വാർത്തകൾ...



എം.കെ നാരായണമൂർത്തി
പശ്ചിമ ഭബംഗാളിൽ നിന്ന്

*ചിത്രങ്ങൾ:*
**യദുകൃഷ്ണൻ**



**മുഖ്യമന്ത്രി സുവേന്ദു അധികാരി**

പശ്ചിമബംഗാളിൽ ഇപ്പോൾ ദുർഗ്ഗാഷ്ടമി ഉൽസവകാലമാണ്.ബംഗാളികൾ ജാതി-മതവ്യത്യാസമില്ലാതെയാണ് ദുർഗ്ഗാഷ്ടമി ആഘോഷിക്കുന്നത്.കാളിമാതാവിന്റെ വിവിധ അവതാരങ്ങളെ അവതരിപ്പിച്ചു കൊണ്ടുള്ള പൂജാപന്തലുകൾ നാട്ടിലുടനീളം ഉയർന്നിട്ടുണ്ട്.

പൂജാകമ്മിറ്റികൾ പരസ്പരം മൽസരിച്ചാണ് ദുർഗ്ഗാപൂജ നടത്തുന്നത്.സുവേന്ദു അധികാരി ഭരണസാരഥ്യമേറ്റിട്ടുള്ള ആദ്യ പൂജാ ഉൽസവമായതിനാൽ സർക്കാർ പൂജകമ്മിറ്റികൾക്ക് ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്.

പക്ഷേ ഇപ്പോൾ മുഖ്യമന്ത്രി തന്നെ പുലിവാൽ പിടിച്ചിരിക്കുകയാണ്.എവിടെ അധികാരത്തിൽ വന്നാലും ഉത്തരേന്ത്യയിലെ ചില സന്യാസിമാരെയും ബാബമാരെയും കെട്ടിയെഴുന്നെള്ളിക്കുന്ന ഒരു ശീലം ബി.ജെ.പിയ്ക്കും ആർ.എ

സ്.എസിനുമുണ്ട്.അത്തരത്തിൽ ഒരു ബാബയെ മദ്ധ്യപ്രദേശിൽ നിന്നും കൊൽക്കട്ടയിലിറക്കി കളിച്ച കളി ബി.ജെ.പിയ്ക്കുള്ളിൽ തന്നെ വലിയ സംഘർഷങ്ങൾക്കാണ് വഴിവച്ചിരിക്കുന്നത്.മദ്ധ്യപ്രദേശിലെ ഭാഗേശ്വർ ധാം എന്ന മഠത്തിന്റെ അധിപതിയായ ധീരേന്ദ്രകൃഷ്ണ ശാസ്ത്രിയെ പശ്ചിമ ബംഗാൾ സർക്കാർ തന്നെ ക്ഷണിച്ചു കൊണ്ടു വന്ന് കൊൽക്കട്ടയിൽ വലിയ പരിപാടികൾ സംഘടിപ്പിച്ചു.ഹിന്ദുത്വഭ്രാന്ത് മൂത്ത സന്യാസിയാകട്ടെ വായിൽ തോന്നിയതെല്ലാം വിളിച്ചു പറയുകയും ചെയ്തു. ദുർഗ്ഗാഷ്ടമികാലത്ത് മൽസ്യവും മാംസവും ഉപയോഗിക്കുന്നത് ചണ്ഡാളന്മാരാണെന്നായിരുന്നു സന്യാസിയുടെ കമന്റ്.ബംഗാളിൽ ദുർഗ്ഗഷ്ടമി പൂജകളുടെ പ്രധാന പ്രസാദം തന്നെ മാംസം ആണ്. ഈ ദിവസങ്ങളിൽ ഒരുക്കുന്ന പ്രത്യേക ഭക്ഷണത്തിന്റെ അവിഭാജ്യഘടകമാണ് മൽസ്യവും മാംസവും.തന്റെ രാഷ്ട്രീയം പറയാനാണ് സന്യാസി ശ്രമിച്ചത്.

ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് സമിക് ഭട്ടാചാര്യ തന്നെ ഇയാളുടെ പ്രസ്താവനയെ എതിർത്തു കൊണ്ട് ആദ്യം രംഗത്തെത്തി.ബംഗാളിന്റെ സംസ്കാരം പുറത്ത് നിന്നും വരുന്നയാൾക്ക് മനസ്സിലാകില്ലെന്നും ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുതെന്നും സമിക് ഭട്ടാചാര്യ മുന്നറിയിപ്പ് നൽകി.ഭട്ടാചാര്യയ്ക്ക് പുറമേ നഗരവികസനകാര്യ മന്ത്രി അഗ്നിമിത്ര പാൽ,പശ്ചിമബംഗാൾ ബി.ജെ.പിയുടെ മുൻ സംസ്ഥാന പ്രസിഡന്റും ഇപ്പോൾ പഞ്ചായത്ത് വകുപ്പ് മന്ത്രിയുമായ ദിലീപ് ഘോഷ്,വ്യവസായ വകുപ്പ് മന്ത്രി തപസ് റോയി,പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി അംഗവും ബംഗാളിയുമായ സഞ്ജീവ് സന്യാൽ, ബി.ജെ.പിയുടെ തല മുതിർന്ന നേതാവും മുൻത്രിപുര ഗവർണ്ണറുമായിരുന്ന തഥാഗതറോയി എന്നിവരും സന്യാസിയുടെ പ്രസ്താവനയ്ക്ക് എതിരെ പരസ്യമായി രംഗത്ത് വന്നു.എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനം സുവേന്ദു തുടരുകയാണ്.



കാളിപൂജ

**ദുർഗ്ഗാഷ്ടമികാലത്ത് മൽസ്യവും മാംസവും ഉപയോഗിക്കുന്നത് ചണ്ഡാളന്മാരാണെന്നായിരുന്നു സന്യാസിയുടെ കമന്റ്. ബംഗാളിൽ ദുർഗ്ഗഷ്ടമി പൂജകളുടെ പ്രധാന പ്രസാദം തന്നെ മാംസം ആണ്. ഈ ദിവസങ്ങളിൽ ഒരുക്കുന്ന പ്രത്യേക ഭക്ഷണത്തിന്റെ അവിഭാജ്യഘടകമാണ് മൽസ്യവും മാംസവും. തന്റെ രാഷ്ട്രീയം പറയാനാണ് സന്യാസി ശ്രമിച്ചത്. ബി. ജെ. പി സംസ്ഥാന പ്രസിഡന്റ് സമിക് ഭട്ടാചാര്യ തന്നെ ഇയാളുടെ പ്രസ്താവനയെ എതിർത്തു കൊണ്ട് ആദ്യം രംഗത്തെത്തി. ബംഗാളിന്റെ സംസ്കാരം പുറത്ത് നിന്നും വരുന്നയാൾക്ക് മനസ്സിലാകില്ലെന്നും ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുതെന്നും സമിക് ഭട്ടാചാര്യ മുന്നറിയിപ്പ് നൽകി**

സന്യാസിയുടെ പ്രസ്താവനയ്ക്കെതിരെ അയാളുടെ ഫോട്ടോ കത്തിച്ച് പ്രതിഷേധിച്ച കോൺഗ്രസ്സുകാർക്കെതിരെ കേസെടുക്കാൻ ഉത്തരവിട്ടിരിക്കുകയാണ് മുഖ്യമന്ത്രി.നിയമസഭയിൽ നിന്നു കൊണ്ടാണ് ഇദ്ദേഹം ഒരു ഉത്തരവ് കൊൽക്കട്ട പോലീസ് കമ്മീഷണർക്ക് വാക്കാൽ നൽകിയത്.അറസ്റ്റിനെ സ്വാഗതം ചെയ്തു കൊണ്ട് കോൺഗ്രസ്സും രംഗത്തെത്തി.

നേരത്തെ സനാതനധർമ്മം

പാലിച്ചു കൊണ്ട് വേണം ദുർഗ്ഗാ പൂജകൾ നടത്തണമെന്ന പ്രസ്താവന സുവേന്ദു അധികാരി തന്നെ നടത്തിയിരുന്നു.പൂജയുടെ പന്തലുകൾ ഒരുക്കുമ്പോൾ പോലും ഇത് ശ്രദ്ധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.ഒരു പൂജാ പന്തലൊരുക്കാൻ സർക്കാർ ഖജനാവിൽ നിന്നും ഒരു ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്.ഇതിൽ കനത്ത എതിർപ്പ് ഉയർന്നതോടെ സ്വന്തമായി കാശ് സ്വരൂപിക്കാൻ കഴിയുന്നവരെ ഒഴിവാക്കാൻ മുഖ്യമന്ത്രി തന്നെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.ഇല്ലാത്ത പന്തലുകൾക്ക് ഫണ്ട് അനുവദിച്ചു കൊണ്ട് ഉദ്യോഗസ്ഥർ തന്നെ പണാപഹരണം നടത്തിയെന്ന വാർത്തകളും പുറത്ത് വന്നിട്ടുണ്ട്.ഈ പന്തലുകളിൽ മാംസം വിളമ്പുന്നത് ബംഗാളിൽ പതിവാണ്.സനാതനധർമ്മം പാലിച്ചു കൊണ്ട് മാംസം വിളമ്പുന്ന പുതിയ വിദ്യയ്ക്കും ബംഗാൾ സാക്ഷ്യം വഹിക്കും.മഹാഷ്ടമി എന്ന വിശിഷ്ട ദിവസത്തിൽ ഡി.ജെ പാർട്ടികളും മദ്യവിൽപ്പനയും സർക്കാർ നിരോധിച്ചിട്ടുണ്ട്.എല്ലായ്പ്പോഴും ദുർഗ്ഗാപൂജ നടക്കുമ്പോൾ പന്തലുകൾക്ക് സമീപമായി സി.പി.എം അവരുടെ പ്രസിദ്ധീകരണങ്ങൾ വിൽക്കുന്ന സ്റ്റാളുകൾ തുറക്കാറുണ്ട്.ഇതിനവർ നൽകുന്ന പേര് ശാരദോൽസവ് എന്നാണ്.ഇക്കുറി ശാരദോൽസവ് എന്നാണ് പേരെങ്കിൽ പൂജാ കമ്മിറ്റിക്കാർ സി.പി.എമ്മിന് സ്റ്റാളുകൾ അനുവദിക്കരുതെന്നാണ് സുവേന്ദു അധികാരി പരസ്യമായി ആഹ്വാനം ചെയ്തിരിക്കുന്നത്.ദുർഗ്ഗ എന്ന പേര് ഉപയോഗിക്കാൻ സി.പി.എം മടിക്കുന്നത് അവർ സനാതന ധർമ്മത്തെ മാനിക്കാത്തത് കൊണ്ടാണെന്നാണ് മുഖ്യമന്ത്രിയുടെ വിചിത്രമായ വിശദീകരണം.കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ ഉണ്ടാകുന്നതിന് മുമ്പ് 1908ൽ തന്നെ രബീന്ദ്രനാഥ് ടാഗോർ ശാരദോൽസവ് എന്ന പേരിലുള്ള കൃതി പ്രസിദ്ധീകരിച്ചിരുന്നു എന്നും ബംഗാളിന്റെ ചരിത്രത്തിലും സംസ്കാരത്തിലും മുഖ്യമന്ത്രിയ്ക്ക് വിവരമില്ലെന്നും എഴുതിക്കൊണ്ട് ബംഗാളിലെ പ്രശസ്തനായ ചരിത്രകാരൻ പ്രൊതിമാ സർക്കാർ രംഗത്ത് വന്നു.

അദ്ദേഹം ദി ടെലിഗ്രാഫ് പത്രത്തിന് നൽകിയ അഭിമുഖത്തിൽ ദുർഗ്ഗയുടെ മറ്റൊരു പേരാണ് ശാരദയെന്ന് അറിയാത്തത് മുഖ്യമന്ത്രിയുടെ വിവരമില്ലായ്മ കൊണ്ട് മാത്രമാണെന്ന് തുറന്നടിച്ചു.തങ്ങൾ ഇപ്രാവശ്യവും ശാരദോൽസവ് നടത്തുമെന്നും തടയാമെങ്കിൽ തടഞ്ഞോളു എന്ന മറുപടി സി.പി.എം നേതാക്കളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ക്രമസമാധാനം സംരക്ഷിക്കേണ്ട മുഖ്യമന്ത്രി തന്നെ അത് തകർക്കാൻ കാരണമാകുന്ന പ്രസ്താവന നടത്തുന്ന അപൂർവ്വ കാഴ്ചയാണ് വംഗനാട്ടിൽ കണ്ടത്.

**എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനം സുവേന്ദു തുടരുകയാണ്. സന്യാസിയുടെ പ്രസ്താവനയ്ക്കെതിരെ അയാളുടെ ഫോട്ടോ കത്തിച്ച് പ്രതിഷേധിച്ച കോൺഗ്രസ്സുകാർക്കെതിരെ കേസെടുക്കാൻ ഉത്തരവിട്ടിരിക്കുകയാണ് മുഖ്യമന്ത്രി. നിയമസഭയിൽ നിന്നു കൊണ്ടാണ് ഇദ്ദേഹം ഒരു ഉത്തരവ് കൊൽക്കട്ട പോലീസ് കമ്മീഷണർക്ക് വാക്കാൽ നൽകിയത്. അറസ്റ്റിനെ സ്വാഗതം ചെയ്തു കൊണ്ട് കോൺഗ്രസ്സും രംഗത്തെത്തി.**

തൃണമൂൽ കോൺഗ്രസ്സും സി.പി.എമ്മും തെരുവിൽ പ്രതിഷേധം തുടങ്ങിയതോടെ പ്രശ്നം എങ്ങനെ പരിഹരിക്കണമെന്നറിയാതെ കുഴയുകയാണ് സുവേന്ദു അധികാരി.ബംഗാളിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സന്യാസിയ്ക്കെതിരെ മതവികാരം വൃണപ്പെടുത്തിയതിന് പരാതികളുടെ പ്രവാഹവുമാണ്.

ആരാണ് ഇയാളെ പോലുള്ളവരെ സംസ്ഥാനത്തേയ്ക്ക് ക്ഷണിച്ചു കൊണ്ട് വന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന ആവശ്യവുമായി എം.എൽ.എയും തൃണമൂൽ കോൺഗ്രസ് നേതാവുമായ കുനാൽഘോഷ് സെക്രട്ടറിയേറ്റിന് മു



അംബാസഡറും സൈക്കിൾ റിക്ഷയും

ന്നിൽ കുത്തിയിരുന്നു.ബംഗാൾ മുഖ്യമന്ത്രി തന്നെ ബംഗാളികളല്ലാത്ത അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ കൂട്ടിക്കൊണ്ട് വന്ന് ബംഗാളിലെ ജനങ്ങളെ വേദനിപ്പിക്കുന്നു എന്ന രൂക്ഷപ്രതികരണവും അദ്ദേഹം നടത്തി.സി.പി.എം നേതാവ് ബികാഷ് രഞ്ജൻ ഭട്ടാചാര്യയും ഇതേ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.ഇതിനെ വലിയൊരു രാഷ്ട്രീയ വിഷയമാക്കി ഈ ഉൽസവകാലത്ത് മാറ്റിയെടുക്കാൻ പ്രതിപക്ഷത്തിന് സാധിക്കുകയും ചെയ്തു.

ഈ സംഭവത്തെ കുറിച്ച് പ്രധാനപ്പെട്ട ബി.ജെ.പി നേതാക്കൾ നടത്തിയ പ്രതികരണങ്ങളിലൂടെ മറനീക്കി പുറത്ത് വരുന്ന മറ്റൊരു കാര്യം കൂടിയുണ്ട്.അധികാരം ലഭിച്ചതിന് ശേഷം പശ്ചിമ ബംഗാൾ ബി.ജെ.പി ഘടകത്തിലുണ്ടായിരിക്കുന്ന ഗ്രൂപ്പിസമാണത്. മുഖ്യമന്ത്രി സുവേന്ദു അധികാരിയും ബി.ജെ.പി പ്രസിഡന്റ് സമിക് ഭട്ടാചാര്യയും നയിക്കുന്ന രണ്ടു ഗ്രൂപ്പുകളായി ബി.ജെ.പി പശ്ചിമ ബംഗാൾ ഘടകം മാറിയിരിക്കുന്നു.

തൃണമൂൽ കോൺഗ്രസ്സിൽ നിന്നും എത്തി,മോദി-അമിത് ഷാ ദ്വയത്തിന്റെ സ്വന്തം ആളായി മാറിക്കൊണ്ടാണ് സുവേന്ദു അധികാരി മുഖ്യമന്ത്രിക്കസേരയിലെത്തുന്നത്.തൃണമൂലിൽ നിന്നും പഠിച്ച ജനാധിപത്യ വിരുദ്ധമായ എല്ലാക്കാര്യങ്ങളും അതേപടി പകർത്തുകയാണ് സുവേന്ദു അധികാരി.ഇത് ബി.ജെ.പിയുടെ രീതിയല്ലെന്നാണ് സമിക് ഭട്ടാചാര്യയുടെ നിലപാട്.പതിറ്റാണ്ടുകളായി ബി.ജെ.പിയിലും ആർ.എസ്.എസിലും പ്രവർത്തിച്ചു വരുന്ന വളരെ മുതിർന്ന നേതാക്കളെ പോലും ഒതുക്കുന്ന സമീപനമാണ് സുവേന്ദുവിന്റേത്.തൃണമൂൽ പിളർത്തി വന്ന ഋതബ്രത ബാനർജി കൂടിയായപ്പോൾ മുഖ്യമന്ത്രി ആണെന്ന നിലപോലും മറന്നുള്ള സമീപനമാണ് അദ്ദേഹം സ്വീകരിച്ചു വരുന്നത്.ബംഗാളിലെ യൂണിവേഴ്സിറ്റികളിൽ സാധാരണയായി ഭരണാധികാരികൾ ഇടപെടാറില്ല.ഇടതു കാലത്തും മമതയുടെ കാലത്തും അങ്ങനെ തന്നെയായിരുന്നു.പക്ഷേ ബി.ജെ.പി ഭരണത്തിലെത്തിയതോടെ ആദ്യം ജാദവ്പൂർ സർവ്വകലാശാലയിൽ ഇടപെട്ടു കൊണ്ടാണ് സുവേന്ദു അധികാരി തന്റെ അമിതാധികാര പ്രവണത കാണിച്ചു തുടങ്ങിയത്.

സർവ്വകലാശാലയിലെ ചുമരുകളിൽ വിദ്യാർത്ഥികൾ എഴുതി വച്ചിരുന്നതും വരച്ചു വച്ചിരുന്നതുമായ ഇടതനുകൂല മുദ്രാവാക്യങ്ങളേയും ഹോചിമിന്റെ ഉൾപ്പടെ

**ജാദവ്പൂർ സർവ്വകലാശാലയിൽ ഇടപെട്ടു കൊണ്ടാണ് സുവേന്ദു അധികാരി തന്റെ അമിതാധികാര പ്രവണത കാണിച്ചു തുടങ്ങിയത്. സർവ്വകലാശാലയിലെ ചുമരുകളിൽ വിദ്യാർത്ഥികൾ എഴുതി വച്ചിരുന്നതും വരച്ചു വച്ചിരുന്നതുമായ ഇടതനുകൂല മുദ്രാവാക്യങ്ങളേയും ഹോചിമിന്റെ ഉൾപ്പടെയുള്ള ചിത്രങ്ങളുടേയും മുകളിൽ വെള്ള പെയിന്റടിക്കാൻ മുഖ്യമന്ത്രി തന്നെ കൊൽക്കട്ട മുനിസിപ്പൽ കോർപ്പറേഷനോട് നിർദ്ദേശിച്ചു. സർവ്വകലാശാലയ്ക്കുള്ളിൽ പ്രവേശിക്കാൻ അധികാരം ഇല്ലാഞ്ഞിട്ടും കോർപ്പറേഷൻ തൊഴിലാളികൾ ഇരുട്ടിന്റെ മറവിൽ ഇവയ്ക്ക് മേൽ പെയിന്റടിച്ചു. വിദ്യാർത്ഥികൾ പിന്നെയും അതേ മുദ്രാവാക്യങ്ങളും പെയിന്റിംഗുകളും പുനർചിത്രണം ചെയ്തു. അതോടെ എ. ബി. വി. പി പ്രവർത്തകരെ കൊണ്ട് യൂണിവേഴ്സിറ്റിയിൽ കലാപാന്തരീക്ഷം സൃഷ്ടിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്**



യുള്ള ചിത്രങ്ങളുടേയും മുകളിൽ വെള്ള പെയിന്റടിക്കാൻ മുഖ്യമന്ത്രി തന്നെ കൊൽക്കട്ട മുനിസിപ്പൽ കോർപ്പറേഷനോട് നിർദ്ദേശിച്ചു. സർവ്വകലാശാലയ്ക്കുള്ളിൽ പ്രവേശിക്കാൻ അധികാരം ഇല്ലാഞ്ഞിട്ടും കോർപ്പറേഷൻ തൊഴിലാളികൾ ഇരുട്ടിന്റെ മറവിൽ ഇവയ്ക്ക് മേൽ പെയിന്റടിച്ചു.വിദ്യാർത്ഥികൾ പിന്നെയും അതേ മുദ്രാവാക്യങ്ങളും പെയിന്റിംഗുകളും പുനർചിത്രണം ചെയ്തു.അതോടെ എ.ബി.വി.പി പ്രവർത്തകരെ കൊണ്ട് യൂണിവേഴ്സിറ്റിയിൽ കലാപാന്തരീക്ഷം സൃഷ്ടിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്.ഈ യൂണിവേഴ്സിറ്റിയിലെ മുൻവിദ്യാർത്ഥികളും സമൂഹത്തിൽ വളരെയേറെ ആദരിക്കപ്പെടുന്ന മുൻ അധ്യാപകരും പ്രതിഷേധവുമായി രംഗത്തെത്തിയതോടെയാണ് താൽക്കാലികമായെങ്കിലും സ്ഥിതിഗതികൾ ശാന്തമായത്.വിദ്യാഭ്യാസ രംഗത്തെ കാവിവൽക്കരിക്കാനുള്ള കഠിനശ്രമത്തിലാണ് ബംഗാളിൽ ബി.ജെ.പി ശ്രമിക്കുന്നത്.അതിനാവശ്യമായ അക്കാദമിക്കുകളെ ലഭിക്കാത്തതാണ് ബി.ജെ.പി നേരിടുന്ന പ്രശ്നം.മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരെ എത്തിക്കാമെന്ന് വച്ചാൽ ബംഗ്ളാ ബോധം അപ്പോൾ പ്രശ്നങ്ങൾ സൃഷ്ടിക്കും.യൂണിവേഴ്സിറ്റികളിൽ നിന്നും മറ്റു യൂണിവേഴ്സിറ്റികളിലേക്ക് അധ്യാപകരെ മാറ്റുന്ന പതിവ് ബംഗാളിലുണ്ടായിരുന്നില്ല.ഇപ്പോൾ മികവുള്ള അധ്യാപകർ ഒരേ യൂണിവേഴ്സിറ്റിയിൽ മാത്രം തുടരുന്നത് വിദ്യാർത്ഥികളോടുള്ള അനീതിയാണെന്നാണ് സർക്കാർ നിലപാട്. ഇന്റർ യൂണിവേഴ്സിറ്റി സ്ഥലം മാറ്റങ്ങൾ ആരംഭിച്ചതോടെ മികവുള്ള അധ്യാപകർ പശ്ചിമ ബംഗാൾ തന്നെ വിടുകയാണ്.തങ്ങൾക്ക് മുന്നിൽ അനന്തമായ മറ്റു സാധ്യതകൾ ഉള്ളപ്പോൾ ഇങ്ങനെയൊരു മുഖ്യമന്ത്രിയുടെ രാഷ്ട്രീയ വിഡ്ഢിത്തരങ്ങൾക്ക് ഇരയാകേണ്ടതില്ലെന്നാണ് അവർ പറയുന്നത്.ബി.ജെ.പിയിലെ സുവേന്ദു വിരുദ്ധരുടെ പിന്തുണയും ഇവർക്കുണ്ട്.ഇത്തരത്തിൽ സ്ഥലമാറ്റം നടത്താൻ നിയമം ഇല്ലാതിരുന്നത് കൊണ്ട് സെപ്റ്റംബർ പത്താം തീയതി നിയമസഭയുടെ പ്രത്യേക സമ്മേളനം രണ്ടു മണിക്കൂർ നേരത്തേയ്ക്ക് കൂടിയാണ് പുതിയ നിയമം പാസാക്കിയത്.ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ ബിൽ എന്നാണ് ഈ ബില്ലിന് നൽകിയിരിക്കുന്ന പേര്.അദ്ധ്യാപകരെ മാത്രമല്ല മറ്റു ജീവനക്കാരെയും തോന്നുന്നത് പോലെ സ്ഥലംമാറ്റാൻ ഈ നിയമം പാസ്സാക്കിയതിലൂടെ സർക്കാരിന് സാധിക്കും.



> **കാവി നിറത്തെ കളിയാക്കുന്ന ഒരുത്തരേയും വെറുതെ വിടില്ലെന്ന് സുവേന്ദു ആവർത്തിച്ചു പറയുന്നതിന് പിന്നിലെ രാഷ്ട്രീയ കാരണം സ്വന്തം പാളയത്തിൽ തന്നെ ഉരുത്തിരിയുന്ന പടയെ പേടിച്ചാണ്. ബി. ജെ. പി സംസ്ഥാന അധ്യക്ഷനായ സമിക് ഭട്ടാചാര്യ നാഗ്പൂരിന്റെ പ്രിയപ്പെട്ടവനാണെന്ന് സുവേന്ദു അധികാരിയ്ക്ക് അറിയാം. തന്റെ പല നിലപാടുകളും ആർ. എസ്. എസ് അംഗീകരിക്കുകയില്ലെന്നും അധികാരിയ്ക്ക് അറിയാം. കൂടുതൽ വർഗ്ഗീയത പറഞ്ഞ് സംഘപരിവാരത്തിന്റെ വേണ്ടപ്പെട്ടനാകാനുള്ള ഈ ശ്രമം പക്ഷേ ബംഗാളിലെ ആർ. എസ്. എസ് നേതൃത്വം തിരിച്ചറിയുന്നുണ്ട്. അറിയാം. വിവിധ പാർട്ടികൾ മാറി വന്ന സുവേന്ദു അധികാരിയെ അവർ വിശ്വസിക്കുന്നുമില്ല.**

സർവകലാശാലകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് പി.എസ്.സി പോലുള്ള സ്ഥാപനങ്ങൾ വഴിയല്ല.സർവകലാശാലകൾ നേരിട്ടാണ്.നിയമനിർമ്മാണത്തിലൂടെ സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ ഇല്ലാതാക്കുകയാണ് ബംഗാൾ സർക്കാർ ചെയ്തിരിക്കുന്നത്.ഇത്തരം പ്രവർത്തികൾ ജാദവ്പൂർ സർവകലാശാല,പ്രസിഡൻസി സർവകലാശാല പോലുള്ള രാജ്യത്തെ പ്രധാനപ്പെട്ട സർവകലാശാലകളുടെ നിലവാരം നശിപ്പിക്കുമെന്നാണ് വിദ്യാഭ്യാസ വിചക്ഷണന്മാർ അഭിപ്രായപ്പെടുന്നത്.

ആഗസ്റ്റ് മാസം ഇരുപതാം തീയതി ജാദവ്പൂർ സർവ്വകലാശാല കാമ്പസിൽ എ.ബി.വി.പി പ്രവർത്തകർ അഴിഞ്ഞാട്ടം നടത്തിയിരുന്നു.ഇതിനെതിരെ സർവ്വകലാശാലയിലെ മുതിർന്ന അദ്ധ്യാപകർ ഉൾപ്പടെയുള്ളവർ കാമ്പസിനുള്ളിൽ പ്രകടനം നടത്തിയിരുന്നു.അവരെ ഒരു പാഠം പഠിപ്പിക്കാൻ കൂടിയാണ് ബംഗാൾ സർക്കാരിന്റെ തിരക്കിട്ടുള്ള ഈ നീക്കം.പണ്ട് മമതയും ഇതേ തരത്തിൽ ഒരു നീക്കം നടത്തിയിരുന്നു.ബി.ജെ.പിയ്ക്ക് സ്വാധീനമില്ലാത്ത സംസ്ഥാനങ്ങളിൽ ഗവർണ്ണമാരെ വച്ച് കളിക്കുന്ന അതേ കളി തന്നെയാണിത്.സർവകലാശാലകൾ വിവിധ ആശയങ്ങളുടെ തർക്കവിതർക്കങ്ങളിലൂടെ കടന്നു പോകുമ്പോൾ മാത്രമേ മികച്ച വി

ദ്യാഭ്യാസം ലഭ്യമാകൂ എന്നത് ആർക്കും അറിയാവുന്നതാണ്.പക്ഷേ ഏകപക്ഷീയമായി തങ്ങളുടെ പ്രത്യയശാസ്ത്രം അടിച്ചേൽപ്പിച്ചേ അടങ്ങുവെന്ന നിലപാട് ബി.ജെ.പി സ്വീകരിച്ചാൽ ധർമ്മേന്ദ്ര പ്രധാന് ഉണ്ടായ വിധി മറ്റുള്ളവർക്കും ഉണ്ടാകും.ഇടതുപക്ഷ മനസ്ഥിതി പുലർത്തുന്ന അദ്ധ്യാപകരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തനിക്കറിയാമെന്ന് വീമ്പു പറയാനും സുവേന്ദു അധികാരി തയ്യാറായി.കാവി നിറത്തെ കളിയാക്കുന്ന ഒരുത്തരേയും വെറുതെ വിടില്ലെന്ന് സുവേന്ദു ആവർത്തിച്ചു പറയുന്നതിന് പിന്നിലെ രാഷ്ട്രീയ കാരണം സ്വന്തം പാളയത്തിൽ തന്നെ ഉരുത്തിരിയുന്ന പടയെ പേടിച്ചാണ്.ബി.ജെ.പി സംസ്ഥാന അധ്യക്ഷനായ സമിക് ഭട്ടാചാര്യ നാഗ്പൂരിന്റെ പ്രിയപ്പെട്ടവനാണെന്ന് സുവേന്ദു അധികാരിയ്ക്ക് അറിയാം.തന്റെ പല നിലപാടുകളും ആർ.എസ്.എസ് അംഗീകരിക്കുകയില്ലെന്നും അധികാരിയ്ക്ക് അറിയാം.കൂടുതൽ വർഗ്ഗീയത പറഞ്ഞ് സംഘപരിവാരത്തിന്റെ വേണ്ടപ്പെട്ടനാകാനുള്ള ഈ ശ്രമം പക്ഷേ ബംഗാളിലെ ആർ.എസ്.എസ് നേതൃത്വം തിരിച്ചറിയുന്നുണ്ട്. അറിയാം.വിവിധ പാർട്ടികൾ മാറി വന്ന സുവേന്ദു അധികാരിയെ അവർ വിശ്വസിക്കുന്നുമില്ല.ത്രിപുരയിൽ നിന്ന് ബിപ്ളബ്കുമാറിനെ നീക്കിയത് പോലെ താനും നീക്കപ്പെട്ടേക്കാമെന്ന ഭീതി സുവേന്ദു അധികാരിക്കുണ്ട്.കാളീഘട്ടിൽ പോയി മീൻ തിന്നു കാണിച്ചാൽ തീരുന്നതിലും വലിയ പ്രശ്നങ്ങളാണ് സുവേന്ദു അധികാരിയെ കാത്തിരിക്കുന്നത്.

ഹിന്ദുത്വരാഷ്ട്രീയത്തിന്റെ ആശയ പ്രചരണത്തിനായി തുടങ്ങിയിരിക്കുന്ന പുതിയ പരിപാടിയാണ് പ്രസിദ്ധമായ റോഡുകളുടെ പേര് മാറ്റൽ.കൊൽക്കട്ട നഗരത്തിന്റെ ചരിത്രത്തിൽ തന്നെ വളരെ പ്രധാനപ്പെട്ട റോഡാണ് ലെനിൻ സരണി.അതിന്റെ പേര് ജനസംഘത്തിന്റെ പ്രസിഡണ്ടായിരുന്ന ദേബപ്രസാദ് ഘോഷിന്റെ പേരിലേക്ക് മാറ്റാൻ തീരുമാനിച്ചു.കാൾസ് മാർക്സ് സരണിക്ക് ബംഗാളിലെ വലതുപക്ഷ എഴുത്തുകാരായിരുന്ന രംഗലാൽ ബന്ദോപാധ്യായയുടേയോ മൈക്കൽ മദുസൂദനൻ ദത്തയുടേയോ പേര് നൽകാനാണ് തീരുമാനം.ആഭ്യന്തര തർക്കം കാരണം അതിൽ ഒരു തീരുമാനം വന്നിട്ടില്ല.ഹോചിമിൻ സരണിക്ക് മാർട്ടിൻലൂതർ കിംഗ് ജൂനിയറിന്റെ പേരാണ് തീരുമാനിച്ചിരിക്കുന്നത്. ഭാരത് സേവാശ്രം സംഘ് എന്ന സംഘടനയുടെ തലവൻ കാർത്തിക് മഹാരാജ് എന്ന് അറിയപ്പെടുന്ന സ്വാമി പ്രതിപ്താനന്ദയാണ് പേരുമാറ്റൽ കമ്മിറ്റിയുടെ തലവൻ. കൊൽക്കൊത്തയിലേക്ക് വരുന്ന പ്രസിദ്ധമായ സ്ട്രാൻഡ് റോഡിന്റേയും മയോ റോഡിന്റേയും പേര് സർദാർ പട്ടേൽ റോഡ് എന്ന് നേരത്തെ മാറ്റിയിരുന്നു.മുസ്ളീം




**ഹിന്ദുത്വരാഷ്ട്രീയത്തിന്റെ ആശയ പ്രചരണത്തിനായി തുടങ്ങിയിരിക്കുന്ന പുതിയ പരിപാടിയാണ് പ്രസിദ്ധമായ റോഡുകളുടെ പേര് മാറ്റൽ. കൊൽക്കട്ട നഗരത്തിന്റെ ചരിത്രത്തിൽ തന്നെ വളരെ പ്രധാനപ്പെട്ട റോഡാണ് ലെനിൻ സരണി. അതിന്റെ പേര് ജനസംഘത്തിന്റെ പ്രസിഡണ്ടായിരുന്ന ദേബപ്രസാദ് ഘോഷിന്റെ പേരിലേക്ക് മാറ്റാൻ തീരുമാനിച്ചു. കാൾസ് മാർക്സ് സരണിക്ക് ബംഗാളിലെ വലതുപക്ഷ എഴുത്തുകാരായിരുന്ന രംഗലാൽ ബന്ദോപാധ്യായയുടേയോ മൈക്കൽ മദുസൂദനൻ ദത്തയുടേയോ പേര് നൽകാനാണ് തീരുമാനം. ആഭ്യന്തര തർക്കം കാരണം അതിൽ ഒരു തീരുമാനം വന്നിട്ടില്ല. ഹോചിമിൻ സരണിക്ക് മാർട്ടിൻലൂതർ കിംഗ് ജൂനിയറിന്റെ പേരാണ് തീരുമാനിച്ചിരിക്കുന്നത്.**

നാമത്തിലുള്ള റോഡുകളുടേയും സ്ഥലങ്ങളുടേയും പേരും മാറ്റുമെന്ന് ഇതിനകം അറിയിപ്പ് വന്നു കഴിഞ്ഞു.ടോളിഗഞ്ച്-ഗരിയ റൂട്ടിലോടുന്ന ബ്ലൂലെയിൻ റെയിൽവേയിലെ സ്റ്റേഷനുകളുടെ പേരും മാറ്റണമെന്ന് റെയിൽവേ മന്ത്രാലയത്തോട് ബംഗാൾ സർക്കാർ ഔദ്യോഗികമായി ആവശ്യപ്പെട്ടു കഴിഞ്ഞു.

ഭരണം നഷ്ടപ്പെട്ടപ്പോൾ തൃണമൂൽ വിട്ടു വന്നവർ കാണിച്ചു കൂട്ടുന്ന വൃത്തികേടുകൾ ബി.ജെ.പിയ്ക്ക് വലിയ തലവേദനയാകുകയാണ്.ഹഫ്ത പിരിക്കൽ,തട്ടിക്കൊണ്ടു പോകൽ,സ്ത്രീകളെ ഉപദ്രവിക്കൽ,അനധികൃത ഭൂമിയിടപാടുകൾ എന്നു തുടങ്ങി എല്ലാവിധ വൃത്തികേടുകളും ഇവർ നിർബാധം തുടരുന്നു.മമതയേയും കൂട്ടരേയും ജനം തള്ളിയത് ഇത്തരം പ്രവർത്തികൾ സഹിക്കാൻ വയ്യാതെയാണ്.

സി.പി.എമ്മിനെ ബംഗാളുകാർ അധികാരത്തിൽ നിന്നും തൂത്തെറിഞ്ഞതിനും ഇത്തരം പ്രവർത്തികൾ കാരണമായിരുന്നു.ബംഗാളിലെ രാഷ്ട്രീയ പാർട്ടികൾക്ക് ഇത്തരം ഗുണ്ടാ സംവിധാനം ഇല്ലാതെ പ്രവർത്തിക്കാൻ കഴിയില്ലെന്ന് മറ്റുള്ളവർക്ക് തോന്നുന്ന രീതിയിലാണ്

**ഭരണം നഷ്ടപ്പെട്ടപ്പോൾ തൃണമൂൽ വിട്ടു വന്നവർ കാണിച്ചു കൂട്ടുന്ന വൃത്തികേടുകൾ ബി.ജെ.പിയ്ക്ക് വലിയ തലവേദനയാകുകയാണ്. ഹഫ്ത പിരിക്കൽ,തട്ടിക്കൊണ്ടു പോകൽ,സ്ത്രീകളെ ഉപദ്രവിക്കൽ,അനധികൃത ഭൂമിയിടപാടുകൾ എന്നു തുടങ്ങി എല്ലാവിധ വൃത്തികേടുകളും ഇവർ നിർബാധം തുടരുന്നു. മമതയേയും കൂട്ടരേയും ജനം തള്ളിയത് ഇത്തരം പ്രവർത്തികൾ സഹിക്കാൻ വയ്യാതെയാണ്. സി.പി. എമ്മിനെ ബംഗാളുകാർ അധികാരത്തിൽ നിന്നും തൂത്തെറിഞ്ഞതിനും ഇത്തരം പ്രവർത്തികൾ കാരണമായിരുന്നു. ബംഗാളിലെ രാഷ്ട്രീയ പാർട്ടികൾക്ക് ഇത്തരം ഗുണ്ടാ സംവിധാനം ഇല്ലാതെ പ്രവർത്തിക്കാൻ കഴിയില്ലെന്ന് മറ്റുള്ളവർക്ക് തോന്നുന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്.**



കാര്യങ്ങളുടെ പോക്ക്.മമതയുടെ വീഴ്ചയോടെ ഇടതുപക്ഷം തിരിച്ചുവരവിന്റെ പാതയിലാണ്.അവരുടെ യുവനേതാക്കളായ മീനാക്ഷി മുഖർജിയും ദീപ്സിത ധറിനേയും പോലുള്ളവർ ഇപ്പോൾ ജീവിക്കുന്നത് തെരുവിൽ തന്നെയാണ്.ജനപക്ഷത്ത് നിന്നുള്ള നിരവധി സമരങ്ങളാണ് അവർ നടത്തിവരുന്നത്.പഴയ നേതാക്കളെ പോലെ പല്ലുപോയ സിംഹങ്ങളല്ല ഇവർ.പോലീസിനേയും മറ്റ് പാർട്ടികളിലെ ഗുണ്ടകളേയും കൈകാര്യം ചെയ്യാൻ ഇവർക്കാകുന്നുണ്ട്.

പണ്ട് ഭരണം പോയപ്പോൾ മമതയുടെ പാർട്ടിക്കാർ കൈയ്യേറിയ പാർട്ടി ഓഫീസുകൾ തിരിച്ചു പിടിച്ച് ചുവപ്പ് നിറം അടിക്കാൻ ഇപ്പോൾ ബംഗാളിൽ ഇവർക്ക് കഴിയുന്നു.തൃണമൂൽ കോൺഗ്രസ്സിനേറ്റ തിരിച്ചടി ഉപയോഗപ്രദമായിരിക്കുന്നത് സി.പി.എമ്മിനാണ്.ഒരു ലെഫ്റ്റ് എക്കോ സിസ്റ്റം തിരികെയെത്തിക്കാൻ ബംഗാളിലെ സി.പി.എമ്മിന് സാധിച്ചു.പഴയ സി.പി.എം നേതാക്കൾ ചെയ്ത് കൂട്ടിയ അബദ്ധങ്ങൾക്ക് മാപ്പ് പറഞ്ഞു കൊണ്ടാണ് യുവതലമുറയിലെ നേതാക്കൾ പൊതുയോഗങ്ങളിൽ പോലും സംസാരിച്ചു തുടങ്ങുന്നത്.

കഴിഞ്ഞ പൊതുതെരഞ്ഞടുപ്പ് ദിനത്തിൽ എം.എ ബേബി തന്നെ ബംഗാളിലെ ജനങ്ങളോട് മാപ്പ് പറഞ്ഞത് ഓർക്കുമെല്ലോ.പഴയ കാല നേതാക്കളുടെ പല നിലപാടുകളിലും പുതിയ ചെറുപ്പക്കാർ തൃപ്തരല്ല.അവർ തുറന്ന എതിർപ്പ് പരസ്യമായി പ്രകടിപ്പിക്കുന്നില്ലെന്ന് മാത്രം.അങ്ങനെ വേണ്ടി വരുന്ന അവസരത്തിൽ അത്തരത്തിൽ സംഭവിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.വിദ്യാർത്ഥികളും യുവജനങ്ങളുമാണ് ബി.ജെ.പി സർക്കാരിന്റെ വിവിധതരത്തിലുള്ള ഭീഷണികൾ നേരിടുന്നത്.അതുകൊണ്ട് തന്നെ പഴയ നേതാക്കളു

ടെ ആവശ്യമില്ലാത്ത ശാഠ്യങ്ങൾക്ക് അവർ വഴങ്ങുകയുമില്ല.പഴയ നേതാക്കളിൽ പലരും പുതിയകാലത്തിനൊത്ത് മാറാത്തത് സി.പി.എമ്മിനെ സംബന്ധിച്ചിടത്തോളം വലിയ തലവേദനയാണ്.

നീണ്ടകാലത്തെ ഭരണം അവരിൽ ചിലരെയെങ്കിലും മാടമ്പി സ്വഭാവമുള്ളവരാക്കിയിട്ടുണ്ട്.നീണ്ട പതിനാറു വർഷങ്ങൾ ഭരണമില്ലാതിരുന്നിട്ടും അവർക്ക് ആ സ്വഭാവം ഉപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ല.അതുണ്ടാക്കുന്ന പ്രശ്നങ്ങൾ പാർട്ടിയെ തിരികെയെത്തിക്കാൻ ശ്രമിക്കുന്നവർക്ക് മോശമല്ലാത്ത തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.ഗ്രാമങ്ങളിൽ നഷ്ടപ്പെട്ട ജനസ്വാധീനം തിരികെ പിടിക്കാൻ സാധിക്കുന്നതിന്റെ തെളിവാണ് .

ജന്തർമന്തറിൽ കണ്ട സമരത്തിൽ നിന്നും പാഠം പഠിച്ച ആദ്യപാർട്ടി ബംഗാളിലെ സി.പി.എമ്മാണ്.ജൻസീയെ പാർട്ടിയിലേക്ക് അടുപ്പിക്കുന്നതിന്റെ ആദ്യഘട്ടമായി ബുദ്ധദേബ് ഭട്ടാചാര്യ സാംസ്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'തലമുറകളുടെ ശബ്ദം'എന്ന പേരിൽ വിവിധ വിഷയങ്ങളിൽ സെമിനാർ ശൈലിയിൽ ചെറുപ്പക്കാർക്കായി ബംഗാളൊട്ടുക്ക് പരിപാടികൾ സംഘടിപ്പിക്കുന്ന തിരക്കിലാണ് ഇവരിപ്പോൾ.ഐഷി ഘോഷ്,ആകാശ് ഘാർ,പ്രണോയ് ഖർജി,അഫ്രീൻ ബീഗം ശിൽപ്പി,ദീപ്സിതാ ധർ, ശോവിക് ദാസ് ബക്ഷി,ഇഷാനാ സെൻ,അയനാൻഷു സർക്കാർ തുടങ്ങിയ യുവനേതാക്കളാണ് ഈ പരിപാടികൾക്ക് നേതൃത്വം നൽകുന്നതും സംസാരിക്കുന്നതും.

പരമ്പരാഗത രീതിയിൽ അല്ല ഇവർ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത്.ആർ.എസ്.എസും ബി.ജെ.പിയും സമൂഹത്തെ എങ്ങനെ വിഷലിപ്തമാക്കുന്നു എന്നതിൽ തുടങ്ങി തൊഴിലില്ലായ്മ,കൂടുതൽ വ്യവസായവൽക്കരണത്തിന്റെ ആവശ്യം വരെ ഈ വേദികളിൽ ചർച്ചയാകുന്നുണ്ട്.ഇടതുരാഷ്ട്രീയം നേരിട്ടു പറയാതെ ചെറുപ്പക്കാരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ഇവർ ശ്രമിക്കുന്നു.

**തൃണമൂൽ കോൺഗ്രസ്സിനേറ്റ തിരിച്ചടി ഉപയോഗപ്രദമായിരിക്കുന്നത് സി.പി.എമ്മിനാണ്.ഒരു ലെഫ്റ്റ് എക്കോ സിസ്റ്റം തിരികെയെത്തിക്കാൻ ബംഗാളിലെ സി.പി.എമ്മിന് സാധിച്ചു.പഴയ സി.പി.എം നേതാക്കൾ ചെയ്ത് കൂട്ടിയ അബദ്ധങ്ങൾക്ക് മാപ്പ് പറഞ്ഞു കൊണ്ടാണ് യുവതലമുറയിലെ നേതാക്കൾ പൊതുയോഗങ്ങളിൽ പോലും സംസാരിച്ചു തുടങ്ങുന്നത്.കഴിഞ്ഞ പൊതു തെരഞ്ഞടുപ്പ് ദിനത്തിൽ എം.എ ബേബി തന്നെ ബംഗാളിലെ ജനങ്ങളോട് മാപ്പ് പറഞ്ഞത് ഓർക്കുമെല്ലോ.പഴയകാല നേതാക്കളുടെ പല നിലപാടുകളിലും പുതിയ ചെറുപ്പക്കാർ തൃപ്തരല്ല.അവർ തുറന്ന എതിർപ്പ് പരസ്യമായി പ്രകടിപ്പിക്കുന്നില്ലെന്ന് മാത്രം.അങ്ങനെ വേണ്ടി വരുന്ന അവസരത്തിൽ അത്തരത്തിൽ സംഭവിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.**

സംസ്ഥാനത്തേയും ബംഗാളിലേയും ബി.ജെ.പി സർക്കാരുകൾ കൈക്കൊള്ളുന്ന നയങ്ങൾ ബംഗാളിന്റെ സാമ്പത്തിക മേഖലയെ തകർക്കുന്ന രീതികളൊക്കെ വളരെ വിശദീകരിച്ചു പറയുന്ന ഈ പരിപാടികളിൽ ചെറുപ്പക്കാർ പങ്കെടുക്കുന്നുമുണ്ട്.

ബംഗാളിലെ ഭദ്രലോകത്തിന്റെ കുത്തകയായിരുന്ന സാംസ്കാരിക ചർച്ചകളെ ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനും ഇവർക്ക് സാധിക്കുന്നു.

ദി ടെലിഗ്രാഫ് പോലുള്ള വലതുപക്ഷവൽക്കരിക്കപ്പെട്ട പത്രങ്ങൾ പോലും ഈ പരിപാടികളുടെ വാർത്തകൾ വളരെ പ്രാധാന്യത്തോടെ നൽകുന്നുമുണ്ട്.

എന്തായാലും ബംഗാൾ സമൂഹത്തെ വലിയ തോതിൽ വർഗ്ഗീയവൽക്കരിക്കാൻ ബി.ജെ.പിയ്ക്ക് സാധിച്ചിട്ടുണ്ട്.252 മദ്രസകൾ അടച്ചുപൂട്ടാൻ സുവേന്ദു സർക്കാർ തീരുമാനിച്ചതിലൂടെ കാര്യങ്ങളുടെ പോക്ക് എങ്ങനെയായിരിക്കുമെന്ന സൂചനയാണ് മുസ്ളിം സമൂഹത്തിന് അവർ നൽകിയിരിക്കുന്നത്.

മാൾഡയെന്ന ഒറ്റ ജില്ലയിലാണ് ഈ പൂട്ടൽ നടന്നിരിക്കുന്നത്.ബംഗ്ളാദേശ് അതിർത്തി പങ്കിടുന്ന ജില്ലയാണിത്.വിഭജനകാലത്ത് ധാരാളം രക്തം വീണ മണ്ണ്.അവിടെയൊരു വർഗ്ഗീയകലാപം സർക്കാർ തന്നെ സൃഷ്ടിച്ചാലും അത്ഭുതത്തിന് വകയില്ല.ടി.എം.സിയിൽ നിന്നും ജയിച്ച ശേഷം മറുകണ്ടം ചാടിയ ജഗദീഷ് ചന്ദ്ര ബർമ്മ ബസൂനിയയ്ക്ക് തന്റെ സ്വന്തം മണ്ഡലമായ കൂച്ച്ബിഹാറിൽ കടക്കാൻ കഴിയാത്ത അവസ്ഥയാണ്.

അയാൾക്ക് വോട്ടു ചെയ്ത മുസ്ലീം വോട്ടർമാരാണ് അയാളെ മണ്ഡലത്തിൽ കയറ്റാതിരിക്കുന്നത്.ഇത്തരം സംഭവങ്ങൾ കൊണ്ടുചെന്ന് എത്തിക്കുന്നത് അക്രമങ്ങളിലും കൊലപാതകങ്ങളിലുമായിരിക്കും.ബംഗാളിലെ രാഷ്ട്രീയത്തിന്റെ കൂടെപിറപ്പാണ് അക്രമങ്ങൾ.കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന ബി.ജെ.പിയുടെ രാഷ്ട്രീയം മറ്റുള്ളവരിൽ ജനിപ്പിക്കുന്നത് ഭയം മാത്രമാണ്.

ഒരു കാലത്ത് രാജ്യത്തിന്റെ പലഭാഗത്തുള്ളവർക്കും തൊഴിലും ജീവിതവും നൽകിയ വംഗനാടിന്റെ മണ്ണിൽ നിന്നും ലക്ഷക്കണക്കിനാളുകൾ അന്യസംസ്ഥാനങ്ങളിലേക്ക് ജീവിതം തേടി പോകുന്ന അവസ്ഥ സൃഷ്ടിച്ചത് ബംഗാളിലെ രാഷ്ട്രീയ നേതൃത്വങ്ങൾ തന്നെയാണ്.

ദേശീയ രാഷ്ട്രീയം /തമിഴകം



# അഴിമതിരാഷ്ട്രീയത്തിനെതിരെ ജനനായകന്റെ പടപ്പുറപ്പാട്

**ആറ് പതിറ്റാണ്ട് കാലത്തെ ധാരണകളെ തകർത്തെറിഞ്ഞു കൊണ്ടാണ് ഒരു സിനിമാനടൻ തമിഴകത്ത് അത്ഭുതങ്ങൾ വാരിവിതറിക്കൊണ്ട് രാഷ്ട്രീയഭീകരന്മാരെ മലർത്തിയടിച്ചിരിക്കുന്നത്. പ്രതിപക്ഷത്തെപ്പോലും ഞെട്ടിച്ചു കൊണ്ടാണ് വിജയ് സർക്കാർ മുന്നോട്ടു നീങ്ങുന്നത്. മൂന്നര മാസത്തിനുള്ളിൽ പലതും ചെയ്യാൻ കഴിഞ്ഞെങ്കിലും അഴിമതി തുടച്ചുനീക്കാനുള്ള ശ്രമങ്ങൾക്കാണ് കൂടുതൽ ജനശ്രദ്ധ ലഭിച്ചിരിക്കുന്നത്.**

**പി കെ ശ്രീനിവാസൻ**

തമിഴ് രാഷ്ട്രീയത്തിൽ അത്ഭുതങ്ങൾ സംഭവിക്കുക വിരളമാണ്. കഴിഞ്ഞ അറുപതു വർഷങ്ങളായി രണ്ട് ദ്രാവിഡകക്ഷികൾ തിരിഞ്ഞും മറിഞ്ഞും ഭരിച്ചതുകൊണ്ടാണ് ഇവിടെ അത്ഭുതങ്ങൾ സംഭവിക്കാതെ പോയത്. എന്നാൽ ആറ് പതിറ്റാണ്ട് കാലത്തെ ധാരണകളെ തകർത്തെറിഞ്ഞു കൊണ്ടാണ് ഒരു സിനിമാനടൻ തമിഴകത്ത് അത്ഭുതങ്ങൾ വാരിവിതറിക്കൊണ്ട് രാഷ്ട്രീയ ഭീകരന്മാരെ മലർത്തിയടിച്ചിരിക്കു



ന്നത്. ദ്രാവിഡരാഷ്ട്രീയത്തിന്റെ മഹത്വങ്ങൾ വെറും പൊള്ളയാണെന്നും അതിൽ വിശ്വസിക്കരുതെന്നും ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് രാഷ്ട്രീയഗോദയിൽ ഇറങ്ങിയ, തട്ടുപൊളിപ്പൻ ചിത്രങ്ങളുടെ ജനനായകനായ സി ജോസഫ് വിജയ് ഉയർത്തിയ ഉരുക്കുകോട്ടയുടെ മുന്നിൽ ദ്രാവിഡചക്രവർത്തിമാർക്ക് മുട്ടുമടക്കേണ്ടിവന്നു..

അധികാരത്തിന്റേയും അഴിമതിയുടെയും ആർത്തിയിൽ മുങ്ങികുളിച്ചുനിൽക്കുന്ന ദ്രാവിഡ മുന്നേറ്റ കഴകം (ഡിഎംകെ) എന്ന ഒറ്റയാനയെ തളച്ചിടാൻ വിജയ് ശ്രമിച്ചപ്പോൾ ജനാധിപത്യത്തിന്റെ വിശുദ്ധ




**ടിവികെ സൃഷ്ടിച്ച മാജിക്കിൻെറ അന്ത്യത്തിൽ ജനങ്ങളുടെ ആത്മ വിശ്വാസം വീണ്ടെടുക്കാനുള്ള ശ്രമമാണ് വിജയ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ജനവിശ്വാസം ആർജ്ജിച്ചില്ലെങ്കിൽ തൻെറ സർക്കാരിന് പിടിച്ചു നിൽക്കാനാവില്ലെന്ന കേവലമായ തത്വം വിജയ് സർക്കാരിനറിയാം. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ പാലിക്കാനും പഴയ സർക്കാരിൻെറ കോട്ടങ്ങളും അഴിമതിപരമ്പരകളും പരസ്യമാക്കാനും ശ്രമിക്കുകയാണ് വിജയ്**

ഭൂമിയിൽ വിശ്വസിക്കുന്ന ജനം മാറിച്ചിന്തിച്ചതിൽ അത്ഭുതമില്ല. വർഷങ്ങളായി കുടുംബവാഴ്ച വേണ്ടുവോളം അനുഭവിച്ച ഡിഎംകെയുടെ തലതൊട്ടപ്പനായ മുത്തുവേൽ കരുണാനിധിയുടെ മകൻ സ്റ്റാലിൻെറ വിശ്വാസങ്ങളാണ് ചീട്ടുകൊട്ടാരം പോലെ ഇപ്പോൾ ചിതറി വീണിരിക്കുന്നത്. ടിവികെ സൃഷ്ടിച്ച മാജിക്കിൻെറ അന്ത്യത്തിൽ ജനങ്ങളുടെ ആത്മവിശ്വാസം വീണ്ടെടുക്കാനുള്ള ശ്രമമാണ് വിജയ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ജനവിശ്വാസം ആർജ്ജിച്ചില്ലെങ്കിൽ തൻെറ സർക്കാരിന് പിടിച്ചുനിൽക്കാനാവില്ലെന്ന കേവലമായ തത്വം വിജയ് സർക്കാരിനറിയാം. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ പാലിക്കാനും പഴയ സർക്കാരിൻെറ കോട്ടങ്ങളും അഴിമതിപരമ്പരകളും പരസ്യമാക്കാനും ശ്രമിക്കുകയാണ് വിജയ്. യുവനിരക്ക് മാത്രമേ അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാനും ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനും കഴിയൂ എന്ന യാഥാർത്ഥ്യം വ്യക്തമാകുകയാണ്.

സർക്കാർ നൂറു ദിവസം പൂർത്തിയാക്കിയപ്പോൾ തന്നെ അസാധാരണമായ കാര്യങ്ങളാണ് നടപ്പിലാക്കിത്തുടങ്ങിയത്. ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനും അവരുടെ പ്രതീക്ഷകൾക്ക് ആക്കം വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങളാണ് തുടക്കത്തിൽ തന്നെ ടിവികെ സർക്കാർ ആരംഭിച്ചിരിക്കുന്നത് തമിഴകത്തെ സംബന്ധിച്ച് മദ്യവ്യവസായം സർക്കാരിൻെറ കറവപ്പശുവാണ്. വമ്പിച്ച രാഷ്ട്രീയ അഴിമതിക്കും അത് കളമൊരുക്കുന്നുണ്ട്. മദ്യപാനത്തിലൂടെ സാധാരണക്കാരുടെ ജീവിതം താറുമാറാക്കിയ ഒരു സംസ്ഥാനമാണ് തമിഴ്നാട്. അഴിമതിക്കാരായ ഭരണക്കാർക്ക് പണം വാരിക്കൂട്ടാനുള്ള ഒരു മാർഗവുമാണ് മദ്യ വ്യവസായം. ഏകദേശം 4765 മദ്യഷാപ്പുകളാണ് സംസ്ഥാനത്തുള്ളത്. മദ്യക്കച്ചവടം ഘട്ടംഘട്ടമായി നിർത്തലാക്കുമെന്ന് പ്രചരിപ്പിച്ച് വോട്ടുപിടിച്ച ഡിഎംകെ സർക്കാർതന്ന മദ്യഷാപ്പുകളുടെയും സ്വകാര്യബാറുകളുടെയും എണ്ണം വർദ്ധിപ്പിച്ച് സാധാരണക്കാരെ വഞ്ചിച്ചതല്ലാതെ മറ്റൊന്നും സംഭവിച്ചില്ല. എന്നാൽ ഭരണത്തിൽ കയറിയ ഉടൻ തന്നെ വിജയ് സർക്കാർ കൈക്കൊണ്ട് തീരുമാനങ്ങൾ ജനങ്ങളെ ഞെട്ടിപ്പിച്ചു. സ്കൂളുകളുടെയും ആരാധനാലയങ്ങളുടെയും ബസ്സ്റ്റാൻഡുകളുടെയും 500 മീറ്റർ ചുറ്റുവട്ടത്തിലുള്ള 717 മദ്യഷാപ്പുകൾ അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവിട്ടു. അനധികൃതമായി എംആർപിക്ക് മുകളിൽ ഉപഭോക്താക്കളിൽ നിന്ന് പിടിച്ചുവാങ്ങിയിരുന്ന അധിക തുകയും സർക്കാർ അവസാനിപ്പിച്ചു.

അഴിമതിയിൽ കുളിച്ചുനിന്ന കഴിഞ്ഞ ഡിഎംകെ സർക്കാരിന്റെ പ്രധാന പദ്ധതികളിൽ ഒന്നായിരുന്നു പരന്തൂർ വിമാനത്താവള പദ്ധതി. കോടിക്കണക്കിന് രൂപയുടെ അഴിമതി ആരോപിച്ചിരുന്ന ഈ പദ്ധതി വിജയ് റദ്ദ് ചെയ്തു. 5800 ൽ പരം ഏക്കർ ഭൂമി വേണ്ടിവരുന്ന ഈ വിമാനത്താവളപദ്ധതി സാധാരണ കൃഷിക്കാരുടെ ജീവിതത്തെയാണ്

തകർത്തു തരിപ്പണമാക്കാൻ തുടങ്ങിയത്. ഇതിൽ 1900 ഏക്കർ ഭൂമി കൃഷിയിടമായിരുന്നു. അതെല്ലാം ഏറ്റെടുത്താൽ അതിന്റെ പരിസരത്തുള്ള വിശാലമായ ഭൂപ്രദേശം പാർട്ടി നേതാക്കൾക്ക് കുറഞ്ഞ വിലയ്ക്ക് സ്വന്തമാക്കാമെന്നും ഡിഎംകെ പദ്ധതി ഒരുക്കിയിരുന്നു. അതിഭീകരമായ ഒരു അഴിമതി കഥയാണ് വിജയ് സർക്കാർ പൊളിച്ചടിക്കിയത്.

500 ൽ താഴെ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് 200 യൂണിറ്റ് സൗജന്യമാക്കാനും സർക്കാർ മുന്നോട്ടുവന്നു. 350 കോടി രൂപ ചെലവിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സിംഹപ്പെൺ എന്നൊരു പദ്ധതിയും രൂപീകരിച്ചു. അതിനുവേണ്ടി ഒരു വനിതാ ഐജിയുടെ കീഴിൽ 2500 പോലീസ് ഔട്ട് പോസ്റ്റുകളും സംസ്ഥാനത്ത് സ്ഥാപിച്ചു. പരിസ്ഥിതിക്ക് 11 ശതമാനം നികുതി ഒഴിവാക്കിയതോടെ തുണി വ്യവസായത്തിനും ആശ്വാസമായി. സംസ്ഥാനത്ത് വമ്പൻ സ്രാവുകൾ നിയന്ത്രിച്ചിരുന്ന ഗ്രാനൈറ്റ് ക്വാറികൾ നിരോധിച്ചു.

അഴിമതി നിരോധനം എന്ന യജ്ഞത്തിലൂടെ സർക്കാരിന് മഹനീയമായ മറ്റൊരു തലത്തിൽ എത്താൻ കഴിഞ്ഞു. ഇതൊരു വൻനേട്ടമായി ജനം കാണുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യാഗസ്ഥർക്ക് കൈക്കൂലി കൊടുക്കുന്നത് ശിക്ഷാർഹമാണെന്നും അത് കണ്ടെത്തിയാൽ പോലീസിനെ അറിയിക്കണമെന്നും ഓഫീസുകളിലും മറ്റും പരസ്യങ്ങൾ പതിച്ചു. തമിഴകത്തിന്റെ വികസനത്തെ ഏറ്റവുമധികം ബാധിക്കുന്ന ഭീകരതയാണ് അഴിമതി. മാറിമാറി വന്ന ദ്രാവിഡ സർക്കാരുകൾ അതുവഴി കോടികളാണ് സ്വാന്തം പോക്കറ്റിലാക്കിയത്. കരുണാനിധി ആയാലും ജയലളിത ആയാലും സ്റ്റാലിനായാലും അഴിമതിക്ക് മാറ്റമൊന്നുമില്ല. അഴിമതിരഹിത മുന്നേറ്റംവഴി ജനങ്ങൾക്കിടയിൽ വിജയ് സർക്കാരിന് അസാധാരണമായ വരവേൽപ്പാണ് ലഭിച്ചത്. ഡിഎംകെ ഭരണകാലത്ത് വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് 20/ 30 ശതമാനമാണ് പാർട്ടി ഫണ്ടിനുവേണ്ടി പിരിച്ചെടുത്തിരുന്നത്. ചെന്നൈ, കോയമ്പത്തൂർ, തിരുപ്പൂർ, തൃച്ചി മേഖലകളിലെ വ്യവസായങ്ങളെ പാർട്ടി ഫണ്ട് ശേഖരണം വല്ലാതെ തകർത്തിരുന്നു. വിജയ് സർക്കാർ ഈ കിരാതഭരണം അവസാനിപ്പിച്ചതോടെ വലിയ ആശ്വാസമാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യവസായികൾ പറയുന്നു. പാർട്ടിഫണ്ട് ശേഖരണപരാമർശം നിയമസഭയിൽ വലിയ കോലാഹലങ്ങൾക്ക് കളമൊരുക്കി. ക്ഷേത്രങ്ങളിലും ആരോഗ്യരംഗത്തും റേഷൻ വിതരണരംഗത്തും കൊടികുത്തി വാണിരുന്ന അഴിമതിയും അവസാനിപ്പിക്കുന്നതിലും മുൻഗണന ലഭിച്ചു. വിവാഹത്തിന് സ്ത്രീധനമായി പാവപ്പെട്ടവർക്ക് ആയിരം രൂപ സഹായം നൽകാനും നവജാതശിശുക്കൾക്ക് തായ്മാമൻ തങ്കമോതിരം പദ്ധതി അനുസരിച്ച് സ്വർണ്ണ മോതി

**ഭരണത്തിൽ കയറിയ ഉടൻ തന്നെ വിജയ് സർക്കാർ കൈക്കൊണ്ട് തീരുമാനങ്ങൾ ജനങ്ങളെ ഞെട്ടിപ്പിച്ചു. സ്കൂളുകളുടെയും ആരാധനാലയങ്ങളുടെയും ബസ്സ്റ്റാൻഡുകളുടെയും 500 മീറ്റർ ചുറ്റുവട്ടത്തിലുള്ള 717 മദ്യഷാപ്പുകൾ അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവിട്ടു. അനധികൃതമായി എംആർപിക്ക് മുകളിൽ ഉപഭോക്താക്കളിൽ നിന്ന് പിടിച്ചുവാങ്ങിയിരുന്ന അധിക തുകയും സർക്കാർ അവസാനിപ്പിച്ചു.**





രം കൊടുക്കാനും തീരുമാനിച്ചപ്പോൾ ജനങ്ങളിൽ നിന്ന് അസാധാരണമായ പ്രതികരണങ്ങളാണ് ഉണ്ടായത്.

മുൻസർക്കാർ ആവിഷ്കരിച്ച സ്കൂൾ ബാഗുകളിൽ മുഖ്യമന്ത്രിയുടെ ഫോട്ടോ പതിക്കുന്ന ഏർപ്പാടും എടുത്തുകളഞ്ഞു. ജയലളിതയുടെ ഭരണകാലത്ത് പാവപ്പെട്ടവർക്ക് മൂന്ന് നേരം വിലക്കുറവിൽ ഭക്ഷണം കൊടുക്കുന്ന ''അമ്മ ഉണവകം'' പദ്ധതി ഡിഎംകെ കാലത്ത് മന്ദഗതിയിലായിരുന്നു. എന്നാൽ വിജയ് ആ പദ്ധതി വിപുലീകരിക്കുകയും ആഹാരസാധനങ്ങളുടെ നിലവാരം ഉയർത്തുകയും ചെയ്തു. സ്കൂളുകളിൽ വാർഷിക മെട്രിക്കുലേഷൻ ഫീസുകൾ ഒഴിവാക്കി. ഏറ്റവും അധികം അഴിമതി നിറഞ്ഞുനിന്ന രജിസ്ട്രേഷൻ/ ട്രാൻസ്പോർട്ട് വിഭാഗങ്ങൾ ഓൺലൈനിലേക്ക് മാറ്റിയതോടെ നിലനിന്നിരുന്ന അഴിമതിക്കെട്ടുകൾ തകർന്നുവീണു.

ഗ്രാമങ്ങളിൽ പോലും പൈപ്പിലൂടെ കുടിവെള്ളം വിതരണം ചെയ്യാനുള്ള പദ്ധതിയും ആരംഭിച്ചു. പൊതുകിണറുകളിൽ നിന്ന് വെള്ളം എടുക്കാൻ അനുവദിക്കാത്ത സവർണ്ണമേധാവികൾക്ക് ഇതൊരു കനത്ത തിരിച്ചടിയായി. ഇന്നും ജാതിയുടെ പേരിൽ ഏറ്റവുമധികം ദുരിതങ്ങൾ അനുഭവിക്കുന്നത് തമിഴകത്തെ ഗ്രാമീണ ജനതയാണ്. വിജയ്ന്റെ

**500 ൽ താഴെ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് 200 യൂണിറ്റ് സൗജന്യമാക്കാനും സർക്കാർ മുന്നോട്ടുവന്നു. 350 കോടി രൂപ ചെലവിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സിംഹപ്പെൺ എന്നൊരു പദ്ധതിയും രൂപീകരിച്ചു. അതിനു വേണ്ടി ഒരു വനിതാ ഐജിയുടെ കീഴിൽ 2500 പോലീസ് ഔട്ട് പോസ്റ്റുകളും സംസ്ഥാനത്ത് സ്ഥാപിച്ചു. പരിസ്ഥിതിക്ക് 11 ശതമാനം നികുതി ഒഴിവാക്കിയതോടെ തുണിവ്യവസായത്തിനും ആശ്വാസമായി. സംസ്ഥാനത്ത് വമ്പൻ സ്രാവുകൾ നിയന്ത്രിച്ചിരുന്ന ഗ്രാനൈറ്റ് ക്വാറികൾ നിരോധിച്ചു.**

പരിഷ്ക്കാരങ്ങൾ അത്തരക്കാർക്ക് കൂടുതൽ ഉപകാരപ്രദമാകുന്നു. സ്കൂൾ കുട്ടികൾക്കുള്ള പ്രഭാതഭക്ഷണ പരിപാടിക്ക് ഒരു ലക്ഷം കോടി രൂപയുടെ വികസനമാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

ഹുണ്ടായി പോലുള്ള വമ്പൻ കമ്പനികളുമായി പുതിയ എഗ്രിമെന്റുകൾ ഉണ്ടാക്കി തമിഴ് വ്യവസായ മേഖലയ്ക്ക് വമ്പൻ പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 67452 കോടിയുടെ വികസന പദ്ധതികൾ ഇതിനകം ആസൂത്രണം ചെയ്തുകളഴിഞ്ഞു. മുഖ്യമന്ത്രിയായി അധികാരമേറ്റ ശേഷം സെപ്തംബർ പത്തു മുതൽ വിജയ് വ്യവസായവികസനത്തിനു വേണ്ടി ലണ്ടൻ യാത്ര നടത്തിയിരുന്നു. വ്യവസായ മന്ത്രി കീർത്തനയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം സെപ്റ്റംബർ നാലിന് തായ്‌ലാൻഡിലേക്ക് പുറപ്പെട്ടിരുന്നു. യുകെ- ഇന്ത്യ സ്വതന്ത്ര വ്യാപാര കരാർ 2026 ജൂലൈ 15ന് ഒപ്പുവച്ച ശേഷം നിക്ഷേപ സാധ്യതകൾ വർധിച്ചിരിക്കുകയാണ്. അത് അനുകൂലമാക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ വിജയ് ഉൾപ്പെടെയുള്ളവർ വിദേശയാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

തമിഴകത്തെ സമഗ്രമായ മാറ്റം മനസ്സിലാക്കിയ ചിലർ അടുത്ത ഇന്ത്യൻ പ്രധാനമന്ത്രിയായി വിജയിനെ എടുത്തു കാണിച്ചിരുന്നു. ചില എംഎൽഎമാർ തേനിയിലും തൂത്തുക്കുടിയിലും അടുത്ത പ്രധാനമന്ത്രി വിജയ് എന്ന പോസ്റ്റർ ഒട്ടിച്ചാണ് ആത്മവിശ്വാസം പ്രകടിപ്പിച്ചത്. സിവോട്ടർ മൂഡ് ഓഫ് ദി നേഷൻ എന്ന പരിപാടിയിൽ ഇന്ത്യാടുഡേ വിജയിനെ മൂന്നാമത്തെ ദേശീയനേതാവായി ഉൾപ്പെടുത്തിയിരുന്നു. ഒന്നും രണ്ടും സ്ഥാനങ്ങൾ മോദിക്കും രാഹുൽ ഗാന്ധിക്കുമായിരുന്നു.

സെക്രട്ടേറിയേറ്റ് മാറ്റി സ്ഥാപിക്കാനുള്ള വിജയ്ന്റെ നീക്കത്തിനാണ് തരിച്ചടി നേരിട്ടിരിക്കുന്നത്. പട്ടണപ്പാക്കത്തെ കടൽപ്രദേശത്ത് സെക്രട്ടേറിയേറ്റ് നിർമ്മിക്കുന്നതിനെതിരെ വന്നിരിക്കുന്നത് മത്സ്യബന്ധനംവഴി ഉപജീവനം കഴിക്കുന്നവരാണ്. തങ്ങളുടെ ജീവിതം താറുമാറാകുമെന്നാണ് അവർ വിലപിക്കുന്നത്. എന്തായാലും പ്രതിപക്ഷത്തെപ്പോലും ഞെട്ടിച്ചുകൊണ്ടാണ് വിജയ് സർക്കാർ മുന്നോട്ടു നീങ്ങുന്നത്. മൂന്നര മാസത്തിനുള്ളിൽ പലതും ചെയ്യാൻ കഴിഞ്ഞെങ്കിലും അഴിമതി തുടച്ചുനീക്കാനുള്ള ശ്രമങ്ങൾക്കാണ് കൂടുതൽ ജനശ്രദ്ധ ലഭിച്ചിരിക്കുന്നത്.



*തൊടുപുഴ സ്വദേശി ജോസ് കെ എസ് ആർ ടി സിക്ക് ബസ് സമ്മാനിച്ചപ്പോൾ*

# ഓസിനൊരു ഭരണം

**ഭരണത്തിൽ നാല് മാസം പൂർത്തിയാക്കുന്ന വി ഡി സർക്കാർ ശക്തമായ ഒരു നടപടിയും എടുക്കാതെ മറ്റൊരു സാധാരണ സർക്കാർ എന്ന നിലയിലേക്ക് തരം താഴുന്ന സ്ഥിതിയാണ് കാണുന്നത് . മുൻ നിലപാടുകളിൽ നിന്നുള്ള യൂ ടെൺ മാത്രമല്ല , പുതിയ നയ പരിപാടികളുടെ അഭാവവും പുതിയ സർക്കാരിനെ വലയ്ക്കുന്നു .**

**പി എസ് ജോസഫ്**

അധികാരം ആളുകളെ എങ്ങനെ മാറ്റും എന്നറിയാൻ ആക്ടൻ പ്രഭുവിൻറെ വാക്കുകൾ ആശ്രയിക്കണമെന്നില്ല .അധികാരത്തിൻറെ ആകർഷണം എത്ര വലുതാണെന്ന് അത് നഷ്ടപ്പെടുന്നവരോടു ചോദിച്ചാൽ മതി .കൊടിവെച്ച കാറും സല്യൂട്ട് ചെയ്യുന്ന ആൾക്കാരും എവിടെ നിന്നോ വരുന്ന അജ്ഞാതരായ അഭ്യുദയകാംക്ഷികളും അവതാരങ്ങളും അധികാരം കിട്ടുമ്പോൾ രംഗപ്രവേശം ചെയ്യും .

സമ്പത്തിലും സമൃദ്ധിയിലും ജീവിച്ചു അറിവില്ലായ്മയുടെ കയത്തിൽ കൂടി അധികാരത്തിൽ എത്തുന്ന സുഖലോലുപതയുടെ പര്യായമായ പഴയകാല രാജകുമാരന്മാരുടെ കഥയല്ല ഇവിടെ പറയുന്നത് .മിനിട്ടിനു മിന്ട്ടിനു നെഹ്രുവിനെ ഉദ്ധരിക്കുകയും എണ്ണിയാൽ ഒടുങ്ങാത്ത പുസ്തകങ്ങൾ പാരായണം നടത്തുകയും ചെയ്തിട്ടുള്ള അഭിനവ രാജകുമാരനും വഴിതെറ്റുന്നു .ആകാശങ്ങളോടുള്ള അഭിനിവേശം നിമിത്തം വീണത് വിദ്യയാക്കാൻ വൃഥാശ്രമം നടത്തുന്നു ..

വി ഡി സതീശൻ സർക്കാർ അധികാരം ഏറ്റെടുത്തപ്പോൾ കേരളത്തിൽ വ്യത്യസ്തമായി ചിന്തിക്കുന്ന, പതിവ് നടപടികളിൽ നിന്ന്

**പരിചയ സമ്പന്നനായ അഭ്യന്തര മന്ത്രി രമേഷ് ചെന്നിത്തല തുടങ്ങി വെച്ച മയക്കു മരുന്ന് വേട്ടക്കായുള്ള ഓപ്പറേഷൻ തൂഫാൻ മാത്രമാണ് ഈ സർക്കാരിന്റെ വലിയ നേട്ടങ്ങളിൽ ഒന്നായി പറയാനാവുന്നത്. ഒരു പക്ഷെ ആരോഗ്യമേഖലയിൽ കെ മുരളിധരൻ നടത്തുന്ന മാറ്റങ്ങളും ശ്രദ്ധേയമാണ് . എങ്കിലും മുഖ്യമന്ത്രിയുടെ വിവാദ പ്രസ്താവനകൾക്ക് കുട പിടിക്കുന്ന മന്ത്രി എന്ന നിലയിലാണ് അദേഹത്തിന്റെ പ്രശസ്തി**

മാറി ചിന്തിക്കുന്ന ഒരു സർക്കാർ വരുമെന്നായിരുന്നു എല്ലാവരുടെയും പ്രതീക്ഷ .ഭരണത്തിൽ പരിചയം ഇല്ലെങ്കിലും അധികാര ദാസന്മാരുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ 25 വർഷമായി റിങ്ങിൽ നിന്ന് തന്നെ വീക്ഷിച്ചു വന്ന ഒരു ഭരണാധികാരി കേരളത്തിനു വലിയ മാറ്റങ്ങൾ കൊണ്ടു വരുമെന്ന് തന്നെയായിരുന്നു എല്ലാവരും കരുതിയത് .

പക്ഷെ ഭരണത്തിൽ നാല് മാസം പൂർത്തിയാക്കുന്ന ഒരു സർക്കാർ ശക്തമായ ഒരു നടപടിയും എടുക്കാതെ മറ്റൊരു സാധാരണ സർക്കാർ എന്ന നിലയിലേക്ക് തരം

**ആശമാരുടെ ശമ്പളം തെല്ലു വർദ്ധിപ്പിക്കുകയും സ്ത്രീകൾക്ക് സൗജന്യ കെ എസ് ആർ ടി സി യാത്ര നടപ്പാക്കുകയും ചെയ്തുവെങ്കിലും പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഇനിയും അകലെയാണ് . 25ലക്ഷം ആരോഗ്യ ഇന്ഷുറന്സ് ഇപ്പോഴും കടലാസിൽ തന്നെയാണ് . ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടില്ല . അഞ്ചു ലക്ഷം രൂപയുടെ യുവ സംരംഭക വായ്പ ഇനിയും രൂപം കൊണ്ടിട്ടില്ല എന്തിനു വളരെ പെട്ടെന്നു നടത്താവുന്ന അക്കാദമി നിയമങ്ങൾ പോലും പോലും എത്രയോ വൈകിയാണ് പ്രഖ്യാപിച്ചത്.**



താഴുന്ന സ്ഥിതിയാണ് കാണുന്നത്. മുൻ നിലപാടുകളിൽ നിന്നുള്ള യൂ ടെൺ മാത്രമല്ല ,പുതിയ നയ പരിപാടികളുടെ അഭാവവും പുതിയ സർക്കാരിനെ വലയ്ക്കുന്നു .

പരിചയ സമ്പന്നനായ അഭ്യന്തര മന്ത്രി രമേഷ് ചെന്നിത്തല തുടങ്ങി വെച്ച മയക്കു മരുന്ന് വേട്ടക്കായുള്ള ഓപ്പറേഷൻ തൂഫാൻ മാത്രമാണ് ഈ സർക്കാരിന്റെ വലിയ നേട്ടങ്ങളിൽ ഒന്നായി പറയാനാവുന്നത്.ഒരു പക്ഷെ ആരോഗ്യമേഖലയിൽ കെ മുരളിധരൻ നടത്തുന്ന മാറ്റങ്ങളും ശ്രദ്ധേയമാണ് .എങ്കിലും മുഖ്യമന്ത്രിയുടെ വിവാദ പ്രസ്താവനകൾക്ക് കുട പിടിക്കുന്ന മന്ത്രി എന്ന നിലയിലാണ് അദേഹത്തിന്റെ പ്രശസ്തി.

ഇപ്പോൾ ഇതാ തിരുവനന്തപുരം മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനാണ് ഈ വട്ടിയൂർക്കാവ് എം എൽ ഏ യുടെ പിന്തുണ .ഏതാണ്ട് ഭൂരിപക്ഷം കോൺഗ്രസ് മന്ത്രിമാരുടെ പിന്തുണ ഇല്ലാത്ത മുഖ്യമന്ത്രിക്ക് കെ മുരളിധരൻ എങ്കിലും സഹായ വേലി കെട്ടുന്നു എന്ന് ആശ്വസിക്കാം .

കോൺഗ്രസ് നിയമസഭ കക്ഷിയിൽ ചെറിയ വിഭാഗത്തിന്റെ മാത്രം പിന്തുണ ഉണ്ടായിരുന്ന വി ഡി സതീശൻ ജനങ്ങളുടെ മുഖ്യമന്ത്രി എന്ന നിലയിൽ ആണ് അധികാരം ഏറ്റെടുത്തത് .അതിനു ഘടക കക്ഷികളും മുസ്ലിം ലീഗും പ്രത്യേകം അദ്ദേഹത്തെ സഹായിച്ചു.ഇത്തരം ഒരു സാഹചര്യത്തിൽ തൻറെ യശോധാവള്യം കൊണ്ടു മറ്റുള്ളവരെ തൻറെ വരുതിയിൽ പെടുത്താൻ ആയിരിക്കണം വി ഡി സതീശൻ ശ്രമിക്കേണ്ടിയിരുന്നത് . കേരളത്തിൻറെ മുഖഛായ തന്നെ മാറാൻ കഴിയുന്ന പദ്ധതികളും പ്രവർത്തികളുമായിരുന്നു സാധാരണക്കാർ അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിച്ചത് .

ആശമാരുടെ ശമ്പളം തെല്ലു വർദ്ധിപ്പിക്കുകയും സ്ത്രീകൾക്ക് സൗജന്യ കെ എസ് ആർ ടി സി യാത്ര നടപ്പാക്കുകയും ചെയ്തുവെങ്കിലും പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഇനിയും അകലെയാണ് . 25ലക്ഷം ആരോഗ്യ ഇന്ഷുറന്സ് ഇപ്പോഴും കടലാസിൽ തന്നെയാണ് .ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടില്ല .അഞ്ചു ലക്ഷം രൂപയുടെ യുവ സംരംഭക വായ്പ ഇനിയും രൂപം കൊണ്ടിട്ടില്ല എന്തിനു വളരെ പെട്ടെന്നു നടത്താവുന്ന അക്കാദമി നിയമങ്ങൾ പോലും പോലും എത്രയോ വൈകിയാണ് പ്രഖ്യാപിച്ചത്.

ഐ ഐ എമ്മിൽ ഭരണം നടത്താൻ പരിശീലനവും പ്രൊഫസർ അറ്റ് പ്രാക്ടീസ് ബിരുദവും നേടിയ നമ്മുടെ ഭരണാധികാരികൾ എന്തായാലും ഒരു വികസന പദ്ധതിയും തുടങ്ങിവെച്ചിട്ടില്ല .ആന്ധ്രയിൽ നിന്നോ തമിഴ് നാട്ടിൽ നിന്നോ വ്യത്യസ്തമാണ് ഇവിടെ കാര്യങ്ങൾ. ഹൈ സ്പീഡ് ട്രെയിൻ വേണ്ടെന്നു

**സമുദ്രത്തിൽപൊന്നുവിളയിക്കാനുള്ള ശ്രമം എത്രമാത്രം പ്രായോഗികമാകും എന്നും അറിയണം എന്തായാലും അദാനി തങ്ങളുടെ ഓഹരിയിൽ 49 ശതമാനവും വിറ്റു 15000 കോടിയോളം കണ്ടെത്തി ലക്ഷ്യം വിജയിപ്പിച്ചു കഴിഞ്ഞു . സർക്കാർ അത് അന്വേഷിക്കാൻ ഒരു വിദഗ്ദ സമിതിയെ നിയോഗിച്ചിരിക്കുന്നു**



**മുഖ്യ മന്ത്രി യു എസ് അംബാസഡറിനൊപ്പം**

വെച്ചത് നേട്ടമായി കാണാമെങ്കിലും അതിനു ബദലോ അല്ലാതെയോ ഉള്ള എതെങ്കിലും പദ്ധതി കൊണ്ടു വരാൻ സതീശൻ സർക്കാരിന് കഴിഞ്ഞോ എന്നത് വലിയ ചോദ്യമാണ് .

സമുദ്രത്തിൽപൊന്നുവിളയിക്കാനുള്ള ശ്രമം എത്രമാത്രം പ്രായോഗികമാകും എന്നും അറിയണം എന്തായാലും അദാനി തങ്ങളുടെ ഓഹരിയിൽ 49 ശതമാനവും വിറ്റു 15000 കോടിയോളം കണ്ടെത്തി ലക്ഷ്യം വിജയിപ്പിച്ചു കഴിഞ്ഞു . സർക്കാർ അത് അന്വേഷിക്കാൻ ഒരു വിദഗ്ദ സമിതിയെ നിയോഗിച്ചിരിക്കുന്നു കഴിഞ്ഞ സർക്കാർ തന്നെ തള്ളിക്കളയാൻ നിർബ്ബന്ധിതമായ പി എം ശ്രീ പദ്ധതിയിൽ നിന്നുള്ള കോടികളിൽ ആണ് സർക്കാരിൻറെ കണ്ണ് .

ആത്യന്തികമായി മുഖ്യമന്ത്രിയും ലീഗുമായുള്ള ബന്ധത്തിൽ പോലും ഇത് ഇടങ്കോൽ ഇടാം. നിയമ വകുപ്പിലെ നിയമനങ്ങൾ കോൺഗ്രസ്സുകാരുടെ എതിർപ്പിനു തന്നെ പാത്രമായിരിക്കുന്നു .

എന്തായാലും അത്ര വലിയപ്രാധാന്യം ഒന്നും ഇല്ലാത്ത മുവാറ്റുപുഴ ജില്ലക്കു വേണ്ടിയും അത് വഴി തിരൂർ ജില്ലക്ക് വേണ്ടിയും വാക്കാൽ പച്ചകൊടി കാട്ടിയിരിക്കുന്നു വി ഡി എസ് .ജില്ലകളുടെ അഭാവമല്ല അവിടത്തെ സൌകര്യങ്ങളുടെ അഭാവമാണ് യഥാർത്ഥ വില്ലൻ എന്ന് ഇടുക്കിയും വയനാടും കാസർകോടും പറഞ്ഞു തരും ദുരിതങ്ങൾ പ്രവചിക്കുന്നതിനോ സഹായം എത്തിക്കുന്നതിനോ അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിണോ ഈ കൊച്ചു കേരളത്തിൽ നമ്മുടെ സർക്കാരിന് കഴിയുന്നില്ല .

**ആദ്യ ഹെലികോപ്ടർ യാത്ര ചികിത്സയിൽ കഴിഞ്ഞ ഭാര്യ പിതാവിനെ കാണാനായിരുന്നു എന്ന ആരോപണത്തിന്റെ തിര അടങ്ങുന്നതിനു മുൻപാണ് അജ്ഞാതന്റെ ഔദാര്യത്തിൽ ഇരുപതു ലക്ഷം രൂപ ചെലവ് വരുന്ന ഒരു വിമാനയാത്ര മുഖ്യമന്ത്രി നടത്തിയത് . മലപ്പുറത്തു പ്രളയ ദുരന്തത്തിൽ പെട്ടവരെ കാണാൻ അടിയന്തിരമായി അവിടെയെത്താൻ ചിപ്സൻ ഏവിയേഷൻ ഏർപ്പെടുത്തിയ വിമാനത്തിൽ അദ്ദേഹം പോയി എന്നതാണ് ഇപ്പോൾ അദ്ദേഹത്തെ വിഷമ വൃത്തത്തിൽ ആക്കുന്നത്**

അല്ലെങ്കിൽ മലപ്പുറത്തേക്ക് എന്തിനാണ് മുഖ്യമന്ത്രി തന്നെ വിമാനത്തിൽ അടിയന്തിരമായി ഓടിയെത്തേണ്ടി വന്നത് ?ചെങ്ങന്നൂരിലും മറ്റും മന്ത്രിക്കു പോലും വൈകി മാത്രം എത്താൻ കഴിഞ്ഞത് ?ഹെലികോപ്റ്ററോ വിമാനമോ ഉള്ളതോ ഇല്ലാത്തതോ അല്ല ,വേണ്ട നടപടികൾ എടുക്കാൻ മതിയായ സംവിധാനമോ ഡെലിഗെഷനോ ഇല്ല എന്നതാണ് കേരളത്തെ അലട്ടുന്ന വലിയ പ്രശ്നം.

മാത്രമല്ല ഇത് വി ഡി സതീശൻ സർക്കാരിനെ മുൾ മുനയിലാക്കുക

യും ചെയ്തു .ആദ്യ ഹെലികോപ്ടർ യാത്ര ചികിത്സയിൽ കഴിഞ്ഞ ഭാര്യ പിതാവിനെ കാണാനായിരുന്നു എന്ന ആരോപണത്തിന്റെ തിര അടങ്ങുന്നതിനു മുൻപാണ് അജ്ഞാതന്റെ ഔദാര്യത്തിൽ ഇരുപതു ലക്ഷം രൂപ ചെലവ് വരുന്ന ഒരു വിമാനയാത്ര മുഖ്യമന്ത്രി നടത്തിയത് .

മലപ്പുറത്തു പ്രളയ ദുരന്തത്തിൽ പെട്ടവരെ കാണാൻ അടിയന്തിരമായി അവിടെയെത്താൻ ചിപ്സൻ ഏവിയേഷൻ ഏർപ്പെടുത്തിയ വിമാനത്തിൽ അദ്ദേഹം പോയി എന്നതാണ് ഇപ്പോൾ അദ്ദേഹത്തെ വിഷമ വൃത്തത്തിൽ ആക്കുന്നത് .വിമാനം നൽകിയ കേളച്ചന്ദ്ര ഏവിയേഷൻ ചിപ്സന് നൽകിയ ഇൻവോയിസ് നാടെങ്ങും പ്രചരിക്കുന്നുണ്ട് .തൻറെ മണ്ഡലത്തിലെ വോട്ടർമാരുടെ വിമാനമായിരുന്നു അതെന്നു സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നു. പക്ഷെ വിമാന യാത്രക്ക് പണം നൽകിയത് ഒരു അജ്ഞാതൻ ആണെന്ന് മുഖ്യമന്ത്രി പതിവു പോലെ പറയുന്നു .

സംസ്ഥാനത്തിനു ഓാസിൽ കിട്ടിയ ഒരു കാര്യമാണിത് എന്നാണ് അദ്ദേഹത്തിൻറെ വാദം ഏതായാലും ജി എസ് ടി ഇനത്തിൽ കർണാടകത്തിനും കേന്ദ്രത്തിനും ഇതിൽ ഗുണം ലഭിച്ചുവെന്ന് അവകാശപ്പെടാം. കേരളവുമായി ഉള്ള ഹെലികൊപ്റ്ററിന്റെ കരാർ കാലാവധി അവസാനിപ്പിച്ച ചിപ്പ്സനാണ് വിമാനം സംഘടിപ്പിച്ചത് എന്നത് ഇടപാടിനു ഒരു ദുരൂഹത നൽകുന്നു .പക്ഷെ അത് ഒരു അജ്ഞാതന്റെ പറ്റിൽ എഴുതിയിരിക്കുക യാണ് മുഖ്യമന്ത്രി വി ഡി സതീശൻ .

ഒരിക്കലും ഒരിടത്തും ഫ്രീ ലഞ്ച് ലഭിക്കില്ല എന്നത് മാനേജ്മെന്റിലെ അടിസ്ഥാന പ്രമാണമാണ്.എവിടെയെങ്കിലും വെച്ചു ആഹാരം തരുന്നവൻ അത് മുതലാക്കിയിരിക്കും എന്ന് വിവക്ഷ .അത് അറിയാത്തവർ അല്ലല്ലോ നമ്മുടെ രാഷ്ട്രീയക്കാർ. ശശിധരൻ കർത്താമാരുടെ പഴകിയ റൂൾഡ നോട്ടു ബുക്കിൽ ഔദാര്യം പറ്റിയവരുടെ പേര് എപ്പോഴും ഭീഷണിയായി ഉണ്ടാകും എന്ന് അവർ ഓർക്കണം. ഉന്നതമായ സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് അടിയന്തിരാവശ്യം

**ഫ്രീ ലഞ്ച് ലഭിക്കില്ല എന്നത് മാനേജ്മെന്റിലെ അടിസ്ഥാന പ്രമാണമാണ്. എവിടെയെങ്കിലും വെച്ചു ആഹാരം തരുന്നവൻ അത് മുതലാക്കിയിരിക്കും എന്ന് വിവക്ഷ .അത് അറിയാത്തവർ അല്ലല്ലോ നമ്മുടെ രാഷ്ട്രീയക്കാർ. ശശിധരൻ കർത്താമാരുടെ പഴകിയ റൂൾ നോട്ടുബുക്കിൽ ഔദാര്യം പറ്റിയവരുടെ പേര് എപ്പോഴും ഭീഷണിയായി ഉണ്ടാകും എന്ന് അവർ ഓർക്കണം . ഉന്നതമായ് സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് അടിയന്തിരാവശ്യം അനുസരിച്ചു എന്ത് സൌകര്യവും ഉപയോഗിക്കാൻ അനുവാദമുണ്ട് . മാത്രമല്ല മറ്റുള്ളവരുടെ ഔദാര്യം കൈപ്പറ്റരുതെന്നു സർക്കാരിന്റെ കോഡ് ഓഫ് കോണ്ടക്ടിൽ പറയുന്നുമുണ്ട്**

അനുസരിച്ചു എന്ത് സൌകര്യവും ഉപയോഗിക്കാൻ അനുവാദമുണ്ട്. മാത്രമല്ല മറ്റുള്ളവരുടെ ഔദാര്യം കൈപ്പറ്റരുതെന്നു സർക്കാരിന്റെ കോഡ് ഓഫ് കോണ്ടക്ടിൽ പറയുന്നുമുണ്ട്.

ഇത് സൗജന്യമായി വിമാന ടികെറ്റ് വാങ്ങി വിദേശ യാത്ര നടത്തുന്ന മന്ത്രിമാർക്കും സുഹൃത്തുക്കളുടെ റേഞ്ച് റോവർ കാർ ഉപയോഗിക്കുന്നവർക്കും ബാധകമാണ് .പകരത്തിനു പകരം ഉണ്ടാവില്ലെന്ന് ഉറപ്പു നൽകിയാലും അതൊരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും. പകരം ഇനിയും സൌജന്യം വാങ്ങി വിദേശ യാത്ര ചെയ്യാനാണ് മുഖ്യമന്ത്രി തൻറെ സഹപ്രവർത്തകരെ ഉപദേശിക്കുന്നത് .തൻറെ സുഹൃത്തിൽ നിന്നു സെന്റോ വിമാന ടിക്കറ്റോ വാങ്ങി ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകി എന്ന ആരോപണത്തിന്റെ പേരിലാണ് തൃണമൂൽ കോൺഗ്രസ് നേതാവ് മഹുവ മൊയിത്രയെ ലോക്സഭയിൽ നിന് പുറത്താക്കിയത്. അത് പ്രതികാരനടപടി ആയിരുന്നുവെങ്കിലും അതൊരു ധാർമ്മിക പ്രശ്നം തന്നെയായിരുന്നു എന്ന് മറക്കരുത് .

അധികാരത്തിൽ കയറിക്കൂടിയ ഒരു സർക്കാരിനെ വിലയിരുത്താൻ പറ്റിയ ഒരു വലിയ കാലയളവ് അല്ല നാല് മാസങ്ങൾ .പക്ഷെ പോകുന്ന പോക്ക് കണ്ടാൽ ഇതും ഒരു സാധാരണ സർക്കാർ ആയി അഞ്ചു കൊല്ലം ഭരിക്കാനാണ് ഇട .അല്ലെങ്കിൽ ഈ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ അടിമുടി മാറേണ്ടിയിരിക്കുന്നു .

മാസങ്ങൾ മുന്നിൽ ഉണ്ട് എങ്കിലും ഓരോ നിമിഷവും ശ്രദ്ധാപൂർവ്വം വിനിയോഗിച്ചില്ലെങ്കിൽ അത് വിനാശത്തിലേക്കായിരിക്കും എന്ന് തിരിച്ചറിവ് മന്ത്രിസഭക്ക് ഉണ്ടാകണം .തുടക്കത്തിൽ കർക്കശമായ നടപടികൾ കൈക്കൊള്ളാനുള്ള നല്ല അവസരമാണ് കയ്യിൽ നിന്ന് വഴുതി പോകുന്നതെന്ന് സർക്കാർ മനസ്സിലാക്കണം ..

ഒരു ഭരണാധികാരിയുടെ ഔന്നത്യം അളക്കുന്നത് ജന ഹൃദയങ്ങളിൽ താൻ എങ്ങനെ പ്രതിഷ്ഠിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് .കരുത്തുറ്റ .നടപടികൾ കൊണ്ടും ശക്തമായ നിലപാടു കൊണ്ടും നവീന ആശയങ്ങൾ കൊണ്ടും അതിനു കഴിയണം. നല്ല ഉപദേശകരേ നിയോഗിച്ചും സൌഹൃദ സൌജന്യത്തിനു പിന്നാലെ പായുന്ന സഹപ്രവർത്തകരെ നിയന്ത്രിച്ചും വേണം അത് കൈവരിക്കാൻ. ആത്യന്തികമായി കേരളത്തിന്റെ മുഖച്ഛായ മാറ്റാനും മുഖ്യമന്ത്രിക്ക് കഴിയണം .അതിനു ഖജനാവിൽ നിന്ന് എത്ര തുക വിനിയോഗിച്ചാലും അധികമാവില്ല .



## സി.പി.ഐ (എം)

# മാജിക്കൽ റിയലിസം രാഷ്ട്രീയത്തിൽ

**മാജിക്കൽ റിയലിസം ലാറ്റിനമേരിക്കൻ സാഹിത്യം വിട്ടു കേരളത്തിലെ സിപിഐ(എം) അന്തഃപ്പുരങ്ങളിലേക്കു കുടിയേറി എന്നാണ് കരുതേണ്ടത്.**

**എൻ പി ചെക്കുട്ടി**

കേരളത്തിലെ സിപിഐ (എം) നേരിടുന്ന പ്രതിസന്ധിയെ വ്യാഖ്യാനിക്കാനും മനസ്സിലാക്കാനുമുള്ള ചിന്താപരമായ ഉപകരണങ്ങൾ എവിടെയാണ് ലഭ്യമാകുക? സാധാരണനിലയിലുള്ള രാഷ്ട്രീയ വിശകലനരീതികൾ കൊണ്ടു വിശദീകരിക്കാൻ കഴിയാത്തവിധം സങ്കീർണമാണ് അവിടെ പ്രശ്നങ്ങൾ. കഴിഞ്ഞ തെരഞ്ഞെടുപ്പിലെ കടുത്ത തിരിച്ചടികൾക്കു ശേഷം പാർട്ടി കേന്ദ്രക്കമ്മിറ്റി പോലും കണ്ടെത്തിയ സത്യം അതാണ്. കേന്ദ്രക്കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിൽ അതു തുറന്നു പറയുന്നുമുണ്ട്. അടുത്ത കാലത്തൊന്നും നേരിട്ടിട്ടില്ലാത്ത വിധമുള്ള ഗുരുതരമായ ഒരു അസ്തിത്വ പ്രതിസന്ധി തന്നെയാണ്



കേരളത്തിൽ പാർട്ടി നേരിടുന്നതെന്ന് കമ്മിറ്റി റിപ്പോർട്ടിൽ വിശദീകരിക്കുന്നുണ്ട്.

ബ്രാഞ്ച് തലം മുതൽ നടത്തിയ പരിശോധനകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന സെക്രട്ടറിയറ്റ് നേരത്തെ ഒരു തെറ്റുതിരുത്തൽ രേഖ തയ്യാറാക്കിയിരുന്നു. അതിൽ ഒട്ടകപ്പക്ഷിയുടെ നയമാണ് സംസ്ഥാന നേതൃത്വം സ്വീകരിച്ചതെന്നു സംസ്ഥാനകമ്മറ്റിയിൽ പലരും കുറ്റപ്പെടുത്തി. ഗുരുതരമായ പല വിഷയങ്ങളിലും ആരോപണങ്ങൾ കൃത്യമായി രേഖപ്പെടുത്താതെയും തെറ്റുകൾക്ക് ഉത്തരവാദികൾ ആരാണെന്നു വ്യക്തമാക്കാതെയും അവ്യക്തമായ ഒരു രേഖയാണ് സംസ്ഥാന നേതൃത്വം കോഴിക്കോട്ടു ആസൂത്രണം ചെയ്ത വിശാല സംസ്ഥാനകമ്മിറ്റി യോഗത്തിനു മുന്നിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയത്.

പ്രശ്നങ്ങളെ ലഘൂകരിച്ചു കാണാനുള്ള ശ്രമമാണ് അതു നടത്തുന്നതെന്നും ഇത്തരമൊരു രേഖ ഒരു തിരുത്തൽ നടപടിക്കും പാർട്ടിയെ സഹായിക്കുകയില്ലെന്നും സംസ്ഥാന കമ്മിറ്റിയിൽ മാത്രമല്ല, സെക്രട്ടറിയറ്റിലും പല അംഗങ്ങളും

തുറന്നടിച്ചു. തുടർന്നാണ് ജൂലൈ മാസത്തിൽ കേന്ദ്രകമ്മിറ്റി യോഗം ചേർന്നു തയ്യാറാക്കിയ രേഖയുടെ പശ്ചാത്തലത്തിൽ വിശാല സംസ്ഥാനകമ്മിറ്റിയുടെ പരിഗണനക്കായി പുതുക്കിയ രേഖ തയ്യാറാക്കിയത്.

അതിൽ നേരത്തെ പാർട്ടി കണ്ടെത്തിയതും കേന്ദ്രകമ്മിറ്റി അവലോകന റിപ്പോർട്ടിൽ അക്കമിട്ടു നിരത്തിയതുമായ വസ്തുതകൾ കൂടി കൂട്ടിച്ചേർത്തു. രണ്ടു ദിവസമായി പത്തുമണിക്കൂറോളമാണ് വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും വർഗ-ബഹുജന പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തത്.

കോഴിക്കോട്ടെ യോഗത്തിൽ നിശിതമായ വിമർശനങ്ങളുണ്ടായി എന്ന് സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ തന്നെ മാധ്യമങ്ങൾക്കു മുന്നിൽ നടത്തിയ വിശദീകരണത്തിൽ വ്യക്തമാക്കിയിരുന്നു. താൻ അടക്കമുള്ള നേതാക്കൾ വിമർശന വിധേയരായി. എന്നാൽ ആർക്കൊക്കെ എതിരെ എന്തൊക്കെ വിമർശനങ്ങളാണ് ഉയർന്നത് എന്നൊന്നും അദ്ദേഹം വ്യക്തമാക്കിയില്ല. എന്നാൽ അനൗപചാരികമായി പുറത്തുവന്ന വിവരങ്ങൾ പ്രകാരം ഏറ്റവും മുതിർന്ന നേതാവ് പിണറായി വിജയൻ മുതൽ വിവിധ ജില്ലകളിലെ നേതാക്കൾ വരെ വിമർശനത്തിനു വിധേയരായി.

അതൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ സാധാരണ പതിവുള്ള രീതികളാണ്. എന്നാൽ ഇത്തവണ അതുകൊണ്ടൊന്നും പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിക്കുകയില്ല എന്ന് കേന്ദ്രകമ്മിറ്റി രേഖയിൽ തന്നെ സൂചിപ്പിച്ചിരുന്നു. കൃത്യമായ തിരുത്തലുകളാണ് വേണ്ടതെന്നു അതിൽ സൂചിപ്പിക്കുകയുണ്ടായി. എന്തൊക്കെ വിഷയങ്ങളിലാണ് പാർട്ടി പ്രത്യേകശ്രദ്ധ നൽകേണ്ടതെന്നും അതിനായി സ്വീകരിക്കേണ്ട മാർഗങ്ങൾ എന്തൊക്കെയെന്നും കേന്ദ്രകമ്മറ്റി സൂചിപ്പിക്കുന്നുണ്ട്.



**ആദ്യം തയാറാക്കിയ രേഖ ഒരു തിരുത്തൽ നടപടിക്കും പാർട്ടിയെ സഹായിക്കുകയില്ലെന്നും സംസ്ഥാന കമ്മിറ്റിയിൽ മാത്രമല്ല, സെക്രട്ടറിയറ്റിലും പല അംഗങ്ങളും തുറന്നടിച്ചു. തുടർന്നാണ് ജൂലൈ മാസത്തിൽ കേന്ദ്രകമ്മിറ്റി യോഗം ചേർന്നു തയ്യാറാക്കിയ രേഖയുടെ പശ്ചാത്തലത്തിൽ വിശാല സംസ്ഥാനകമ്മിറ്റിയുടെ പരിഗണനക്കായി പുതുക്കിയ രേഖ തയ്യാറാക്കിയത്. അതിൽ നേരത്തെ പാർട്ടി കണ്ടെത്തിയതും കേന്ദ്രകമ്മിറ്റി അവലോകന റിപ്പോർട്ടിൽ അക്കമിട്ടു നിരത്തിയതുമായ വസ്തുതകൾ കൂടി കൂട്ടിച്ചേർത്തു. രണ്ടു ദിവസമായി പത്തുമണിക്കൂറോളമാണ് വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും വർഗ – ബഹുജന പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തത്.**

ഉദാഹരണത്തിന് കണ്ണൂരിൽ പാർട്ടിയുടെ കോട്ടകളിൽ സംഭവിച്ച തിരിച്ചടിക്കു കാരണം പാർട്ടിയുടെ തന്നെ അംഗങ്ങളും അനുഭാവികളും പാർട്ടിക്കെതിരെ തിരിഞ്ഞതാണ് എന്നു കേന്ദ്രകമ്മിറ്റി കണ്ടെത്തി. എന്നാൽ സംസ്ഥാന കമ്മറ്റി അതിൽ ഒരു അഴകൊഴമ്പൻ നയമാണ് സ്വീകരിക്കാൻ ശ്രമിച്ചത്. പാർട്ടി അംഗങ്ങൾ ഉടക്കാൻ കാരണം സ്ഥാനാർഥി നിർണയത്തിലെ പാളിച്ചകളായിരുന്നു. പയ്യന്നൂരിൽ രക്തസാക്ഷിഫണ്ട് മുക്കിയ കക്ഷിയെ തന്നെ സ്ഥാനാർത്ഥിയാക്കി നിശ്ചയിച്ചു.

അതിനു പിന്നിലെ യഥാർത്ഥ കാരണം ഫണ്ട് മുക്കൽ പരിപാടിയിൽ സംസ്ഥാന-ജില്ലാ നേതൃത്വത്തിലെ പലരും ഉൾപ്പെട്ടതാണെന്നു പ്രദേശത്തെ അണികൾക്കു ബോധ്യമുണ്ടായിരുന്നു. അതേപോലെ തളിപ്പറമ്പിൽ സംസ്ഥാന സെക്രട്ടറിയുടെ ഭാര്യയെത്തന്നെ സ്ഥാനാർത്ഥിയായി നിശ്ചയിച്ചത് വേറെ ആളില്ലാഞ്ഞിട്ടല്ല. മറിച്ചു സ്വന്തം കളത്രത്തിനു ഉയർന്ന പദവികൾ നേടിയെടുക്കാനുള്ള സംസ്ഥാന സെക്രട്ടറിയുടെ തിടുക്കമായിരുന്നു. കഴിഞ്ഞ തവണ

മറ്റൊരു പിബി അംഗം ഇക്കാര്യത്തിൽ മാതൃക കാണിച്ചതുമാണ്. എ വിജയരാഘവന്റെ ഭാര്യക്കു മന്ത്രി ആകാമെങ്കിൽ എന്തുകൊണ്ട് തനിക്ക് പാടില്ല എന്ന് എം വി ഗോവിന്ദന്റെ നല്ലപാതി ചോദിച്ചാൽ എന്താണ് മറുപടി? അതിനാൽ സ്ഥാനാർഥി നിർണയം കുടുംബകാര്യമായി മാറി. അണികൾ ഉടക്കുകയും ചെയ്തു.

ഈ കാര്യത്തിൽ സംസ്ഥാന കമ്മറ്റി ഒരു മുടന്തൻ ന്യായമാണ് വിശദീകരണമായി നൽകിയത്. ജില്ലാക്കമ്മിറ്റിക്കാണ് സ്ഥാനാർഥിനിർണയ ചുമതല. അവർ നൽകിയ ലിസ്റ്റ് തങ്ങൾ മാറ്റമില്ലാതെ അംഗീകരിച്ചു. അതിൽ എന്താണ് കുഴപ്പം എന്നാണ് ഗോവിന്ദൻ പാർട്ടിരേഖയിൽ വിശദീകരിച്ചത്. സെക്രട്ടറിയുടെ ഭാര്യ ആയിപ്പോയി എന്നതുകൊണ്ട് ശ്യാമള മാഡത്തിന് മന്ത്രിയായി ഇരിക്കാനുള്ള അവസരം കൈമോശം വരുന്നത് എങ്ങനെ അംഗീകരിക്കാനാവും? അങ്ങനെ

**കണ്ണൂരിൽ പാർട്ടിയുടെ കോട്ടകളിൽ സംഭവിച്ച തിരിച്ചടിക്കു കാരണം പാർട്ടിയുടെ തന്നെ അംഗങ്ങളും അനുഭാവികളും പാർട്ടിക്കെതിരെ തിരിഞ്ഞതാണ് എന്നു കേന്ദ്രകമ്മിറ്റി കണ്ടെത്തി. എന്നാൽ സംസ്ഥാന കമ്മറ്റി അതിൽ ഒരു അഴകൊഴമ്പൻ നയമാണ് സ്വീകരിക്കാൻ ശ്രമിച്ചത്. പാർട്ടി അംഗങ്ങൾ ഉടക്കാൻ കാരണം സ്ഥാനാർഥി നിർണയത്തിലെ പാളിച്ചകളായിരുന്നു. പയ്യന്നൂരിൽ രക്തസാക്ഷിഫണ്ട് മുക്കിയ കക്ഷിയെ തന്നെ സ്ഥാനാർത്ഥിയാക്കി നിശ്ചയിച്ചു. അതിനു പിന്നിലെ യഥാർത്ഥ കാരണം ഫണ്ട് മുക്കൽ പരിപാടിയിൽ സംസ്ഥാന – ജില്ലാ നേതൃത്വത്തിലെ പലരും ഉൾപ്പെട്ടതാണെന്നു പ്രദേശത്തെ അണികൾക്കു ബോധ്യമുണ്ടായിരുന്നു.**

സംഭവിച്ചാൽ നാളെ പാർട്ടി സെക്രട്ടറിമാർക്കു പെണ്ണുകെട്ടാൻ ആളെക്കിട്ടാത്ത അവസ്ഥ വരികയില്ലേ?

പക്ഷേ സംസ്ഥാന നേതൃത്വത്തിന്റെ ഇത്തരം വാദങ്ങൾ കേന്ദ്ര നേതൃത്വം തള്ളിക്കളഞ്ഞു. അവർ പറഞ്ഞത്, ഇങ്ങനെയൊരു നിഷേധ പ്രചാരണം എതിരാളികൾ നടത്താനിടയാവും എന്നു ഉറപ്പുള്ള സ്ഥിതിക്ക് അത് ഒഴിവാക്കേണ്ടതായിരുന്നു എന്നാണ്. വിവാദ സ്ഥാനാർത്ഥികളെ ജില്ലാകമ്മിറ്റി നിർദേശിച്ചാൽ തന്നെ അത് ഒഴിവാക്കാൻ സംസ്ഥാന നേതൃത്വം ഇടപെടേണ്ടതായിരുന്നു എന്നാണ് കേന്ദ്രകമ്മിറ്റി രേഖയിൽ ചൂണ്ടിക്കാട്ടിയത്. അഖിലേന്ത്യാ സെക്രട്ടറി എം എ ബേബിയും അതേ കാര്യം പരസ്യമായി പറഞ്ഞു.

എന്നാൽ അതൊന്നും സംസ്ഥാന നേതൃത്വം ചെവിക്കൊണ്ടില്ല. അവരിൽ പലരും കേന്ദ്ര നേതൃത്വത്തെ ധിക്കരിക്കുന്ന സമീപനമാണ് സ്വീകരിച്ചത്.



പിബി അംഗവും മുൻമുഖ്യമന്ത്രിയുമായ പിണറായി വിജയൻ വിശാല സംസ്ഥാന കമ്മിറ്റിക്കു മുന്നോടിയായി പയ്യനൂരിലും തളിപ്പറമ്പിലും നടത്തിയ പ്രസംഗങ്ങൾ അതാണ് സൂചിപ്പിച്ചത്. ഈ പ്രദേശങ്ങളിൽ പാർട്ടി അംഗങ്ങൾ പാർട്ടിക്കെതിരെ വോട്ടുചെയ്തു. അവർ അക്ഷന്തവ്യമായ തെറ്റാണ് ചെയ്തത്. അത്തരക്കാർ പശ്ചാത്തപിച്ചു പാർട്ടിയിലേക്കു തിരിച്ചുവരികയാണ് നല്ലത് എന്നാണ് അദ്ദേഹം ഏതാണ്ടൊരു താക്കീതിന്റെ സ്വരത്തിൽ പ്രസ്താവിച്ചത്.

എന്നാൽ വിശാല സംസ്ഥാന കമ്മിറ്റി ചേർന്നപ്പോൾ കാര്യങ്ങൾ കുറെയൊക്കെ മാറിമറിഞ്ഞു. പിണറായിയും എം വി ഗോവിന്ദനും സ്വീകരിച്ച നയങ്ങൾ കടുത്ത വിമർശനം ഏറ്റുവാങ്ങി. പാർട്ടിക്കു തെറ്റുകൾ സംഭവിച്ചതായും അതിന് ഉത്തരവാദികളെ കണ്ടെത്തി നടപടികൾ സ്വീകരിക്കണം എന്നുമാണ് യോഗത്തിൽ പൊതുവായി ഉയർന്ന ആവശ്യം. അതിനാൽ സംസ്ഥാന സെക്രട്ടറിക്കെതിരെ ശാസനയടക്കമുള്ള ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. തോമസ് ഐസക്കും ടി പി രാമകൃഷ്ണനും സംസ്ഥാന സെക്രട്ടറിയറ്റിൽ നിന്നും പുറത്തുപോയതാണ് മറ്റൊരു വിശേഷം. തങ്ങൾ പുതിയ അംഗങ്ങൾക്കു വേണ്ടി സ്വമേധയാ മാറി എന്നാണ് തോമസ് ഐസക്ക് പറഞ്ഞത്. ശരിയാവാം; തെറ്റാവാം.

പക്ഷേ എന്തുകൊണ്ട് രണ്ടുപേർ മാത്രം പുറത്തായി എന്ന ചോദ്യം അന്തരീക്ഷത്തിൽ നിൽക്കുന്നു. രണ്ടുപേരും നേതൃത്വത്തിന് അഹിതമായ ചില നിലപാടുകൾ സമീപദിവസങ്ങളിൽ സ്വീകരിച്ചിരുന്നു എന്നതൊരു സത്യമാണ്. മിണ്ടാതെ നിന്ന മറ്റുള്ളവർക്കാർക്കും സ്ഥാനചലനം ഉണ്ടായിട്ടുമില്ല.

പക്ഷേ ഏറ്റവും പ്രസക്തമായ ചോദ്യം മുഖ്യമന്ത്രി ആയിരുന്ന പിണറായി വിജയനെതിരെ എന്തുകൊണ്ട് ഒരു നടപടിയും പരസ്യവിമർശനവും ഉണ്ടായില്ല എന്നതാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിൽ പാർട്ടി തന്നെ കണ്ടെത്തിയ പല വീഴ്ചകൾക്കും അദ്ദേഹത്തിനു നേരിട്ട് ഉത്തരവാദിത്വമുണ്ട് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ യാതൊരു നടപടിയുമില്ല താനും.

**വിശാല സംസ്ഥാനകമ്മിറ്റി ചേർന്നപ്പോൾ കാര്യങ്ങൾ കുറെയൊക്കെ മാറിമറിഞ്ഞു. പിണറായിയും എം വി ഗോവിന്ദനും സ്വീകരിച്ച നയങ്ങൾ കടുത്ത വിമർശനം ഏറ്റുവാങ്ങി. പാർട്ടിക്കു തെറ്റുകൾ സംഭവിച്ചതായും അതിന് ഉത്തരവാദികളെ കണ്ടെത്തി നടപടികൾ സ്വീകരിക്കണം എന്നുമാണ് യോഗത്തിൽ പൊതുവായി ഉയർന്ന ആവശ്യം. അതിനാൽ സംസ്ഥാന സെക്രട്ടറിക്കെതിരെ ശാസനയടക്കമുള്ള ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. തോമസ് ഐസക്കും ടി പി രാമകൃഷ്ണനും സംസ്ഥാന സെക്രട്ടറിയറ്റിൽ നിന്നും പുറത്തുപോയതാണ് മറ്റൊരു വിശേഷം.**

ഒരുപക്ഷേ മാന്യമായി റിട്ടയർ ചെയ്യാൻ അദ്ദേഹത്തെ അനുവദിക്കുക എന്ന നയം പാർട്ടി കൈക്കൊണ്ടതാവാം. അല്ലെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് അന്വേഷണം അടക്കം അദ്ദേഹം നേരിടുന്ന പലവിധ പ്രതിസന്ധികൾക്കിടയിൽ പാർട്ടി ഇടപെടുന്നത് ഒഴിവാക്കുന്നതാവും ബുദ്ധി എന്നു ചിന്തിച്ചതാവാം. സ്ഥിതിഗതികളുടെ പോക്കു കാണുമ്പോൾ പിണറായിക്ക് ഇനിയുള്ള നാളുകളിൽ സ്വന്തം കുടുംബത്തെ ജയിലറയിൽ നിന്നും കാത്തുരക്ഷിക്കൽ തന്നെ വലിയൊരു ചുമതലയായി വരാനാണ് ഇടയുള്ളത്.

കോഴിക്കോട്ടെ മഹാജാഥയും പ്രസംഗങ്ങളും കഴിഞ്ഞു പാർട്ടിക്കാരൊക്കെ വീട്ടിൽപ്പോയി. എന്നാൽ പാർട്ടിയിൽ എന്തെങ്കിലും തിരുത്തൽ സംഭവിച്ചുവോ? പാർട്ടി അതിന്റെ ജനകീയ പിന്തുണയും വിപ്ലവോർജവും വീണ്ടെടുത്തു സമരമുഖങ്ങളിൽ ഇരമ്പിക്കയറാൻ തുടങ്ങിയോ? അങ്ങനെയൊന്നും സംഭവിച്ചില്ല. പകരം നേതാക്കളുടെയും മക്കളുടെയും ബിസിനസ്സ് സംരംഭങ്ങളുടെ അത്ഭുതകഥകൾ നാട്ടുകാർക്കു വിശദീകരിച്ചു കൊടുക്കുന്ന തിരക്കിലാണ് പല നേതാക്കളും.

കോഴിക്കോട്ടു നിന്ന് ഇത്തവണ ജയിച്ച ഒരേയൊരു നേതാവ് ബേപ്പൂരിൽ മത്സരിച്ച മുൻമന്ത്രി റിയാസാണ്. അദ്ദേഹത്തിന്റെ മുഖ്യജോലി ഭാര്യ വീണാ വിജയന്റെ ബിസിനസ്സ് സാമ്രാജ്യത്തെ പൊതുസമൂഹത്തിൽ പ്രതിരോധിക്കലാണ്.

ഇ.ഡി പുറത്തുവിട്ട ചില രേഖകളിൽ അവർ ഹവാലപ്പണം ഗൾഫിലേക്കു കൈമാറിയ വിവരമുണ്ട്. അത് കോടികൾ വരുമെന്നാണ് രേഖകൾ പറയുന്നത്. എന്നാൽ റിയാസ് പറയുന്നത് അതൊക്കെ ഭാവിയിൽ ബിസിനസ്സിൽ കിട്ടാൻ പോകുന്ന ലാഭം സംബന്ധിച്ച കണക്കുകൂട്ടലുകൾ മാത്രമാണെന്നാണ്! ഭാവിയിൽ കിട്ടാൻ പോകുന്ന ലാഭം നേരത്തെക്കൂട്ടി ഗൾഫിലേക്കു കടത്താൻ സാധിക്കുന്ന ബിസിനസ് ഏത്? രാഷ്ട്രീയം, അല്ലാതെ വേറെന്ത്? സത്യത്തിൽ മാജിക്കൽ റിയലിസം ലാറ്റിനമേരിക്കൻ സാഹിത്യം വിട്ടു കേരളത്തിലെ സിപിഐ(എം) അന്തപ്പുരങ്ങളിലേക്കു കുടിയേറി എന്നാണ് കരുതേണ്ടത്. മക്കോണ്ടോ അല്ലാതെ മറ്റേതു നാട്ടിൽ ഇത്തരം ബിസിനസ്സ് സംരംഭങ്ങൾ കണ്ടെത്താൻ കഴിയും?

# മലയാള ചലച്ചിത്രഗാനങ്ങൾ പുതിയ നൂറ്റാണ്ടിൽ

**മലയാള ചലച്ചിത്ര സംഗീതലോകത്ത് പുതിയ നൂറ്റാണ്ടിൽ (2001 – 2025) ദൃശ്യമാകുന്ന രൂപ – ഭാവ പരിണാമങ്ങൾ.. ഗാനരചയിതാക്കൾ, സംഗീത സംവിധായകർ, ഗായകർ അടങ്ങുന്ന ചലച്ചിത്രഗാന ശരീരത്തിലെ ജൈവസാന്നിധ്യങ്ങളിൽ സംഭവിക്കുന്ന തലമുറമാറ്റം...**

**കുര്യൻ കെ തോമസ്**
പബ്ലിക്കേഷൻ ഡയറക്ടർ (റിട്ട), എം ജി യൂണിവേഴ്സിറ്റി

മലയാള സിനിമയുടെ ചരിത്രവഴിയിൽ പാട്ടുകൾക്ക് എക്കാലത്തും സവിശേഷമായ സ്ഥാനമുണ്ട്. മലയാളി സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തോട് ഏറ്റവും ചേർന്നുനിൽക്കുന്ന ഒന്നാണ് ചലച്ചിത്രഗാനങ്ങൾ. നാടകവേദികളിലെ സംഗീത പാരമ്പര്യത്തിന്റെ തുടർച്ചയായി സിനിമയിലേക്ക് എത്തിയ പാട്ടുകൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യകാൽനൂറ്റാണ്ട് പിന്നീടുമ്പോൾ മുൻപെങ്ങുമില്ലാത്തവിധം വലിയ രൂപ-ഭാവ പരിണാമങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്.

നാടകവേദികളിലെ സംഗീതപാരമ്പര്യത്തിന്റെ തുടർച്ചയായി ബാലൻ എന്ന ആദ്യ ശബ്ദചലച്ചിത്രത്തിലൂടെയാണ് 1938 ൽ മലയാള സിനിമാഗാന ചരിത്രം ആരംഭിക്കുന്നത്. ആദ്യകാലത്ത് സിനിമയുടെ പകുതിയിലധികം സമയവും പാട്ടുകൾക്കായിരുന്നുവെങ്കിൽ 1948 ൽ പുറത്തുവന്ന നിർമ്മല എന്ന ചിത്രത്തിലൂടെയാണ് പിന്നണി ഗാനശാഖ മലയാളത്തിൽ സജീവമായത്. ഇരുപതാം നൂറ്റാണ്ടി



ന്റെ മധ്യത്തോടെ സിനിമയിലെ പാട്ടുകൾ കേവലമൊരു വിനോദോപാധി എന്നതിനപ്പുറം മലയാളി സമൂഹത്തിന്റെ സാംസ്കാരിക ജീവിതത്തോട് ഏറ്റവും ചേർന്നുനിൽക്കുന്ന പ്രധാന ഘടകമായി മാറി.

ഗാനരചനാരംഗത്ത് പി ഭാസ്കരൻ, വയലാർ രാമവർമ്മ, ഒ എൻ വി കുറുപ്പ് തുടങ്ങിയ പ്രതിഭകളുടെ വരവോടെയാണ് മലയാള ചലച്ചിത്രഗാനങ്ങളുടെ സുവർണ്ണകാലം ആരംഭിക്കുന്നത്. ചലച്ചിത്ര ഗാന ശാഖയിൽ പ്രണയവും വിരഹവും ഭക്തിയും വിപ്ലവവും വിഷാദവും ഹാസ്യവും അടക്കം വ്യത്യസ്തങ്ങളായ ഭാവങ്ങളിലൂടെ കേരളീയ ജീവിതാനുഭവങ്ങൾ ഈ കാലഘട്ടത്തിൽ ആവിഷ്കരിക്കപ്പെട്ടു. പിന്നീട് എഴുപതുകളിലും എൺപതുകളിലും കടന്നുവന്ന ശ്രീകുമാരൻ തമ്പി, ബിച്ചു തിരുമല, കൈതപ്രം നമ്പൂതിരി എന്നിവരിലൂടെയും തൊണ്ണൂറുകളിൽ ഗണനീയ സാന്നിദ്ധ്യമായി മാറിയ ഗിരീഷ് പുത്തഞ്ചേരിയിലൂടെയുമാണ് കഴിഞ്ഞ നൂറ്റാണ്ടിലെ ചലച്ചിത്രങ്ങളിലെ കാവ്യഭാവങ്ങളുടെ വികാസപരിണാമങ്ങൾ അടയാളപ്പെടുത്തുന്നത്.

1960 കൾ മുതൽ മലയാള ചലച്ചിത്ര സംഗീതത്തിന്റെ പൊതുഭൂമികയെ വിവിധ സംഗീതപാരമ്പര്യങ്ങൾ നിർണ്ണയിക്കാൻ തുടങ്ങി. ബാബുരാജ്, ജി ദേവരാജൻ, ദക്ഷിണാമൂർത്തി, രാഘവൻ മാസ്റ്റർ, സലിൽ ചൗധരി തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്ലാസിക്കൽ ധാരകളും നാടോടി ജനകീയ പാരമ്പര്യങ്ങളും ഹിന്ദുസ്ഥാനി ശൈലികളും ചലച്ചിത്ര ആസ്വാദന വിഭവങ്ങളായി മാറി. തുടർന്ന് എൺപതുകളിൽ ജോൺസൺ, ഔസേപ്പച്ചൻ, രവീന്ദ്രൻ തുടങ്ങിയ പ്രതിഭകളുടെ വരവോടെ മലയാള സിനിമ

പടിപടിയായി അതിന്റെ തനതു വഴിയിൽ വികസിച്ചു കൊണ്ടിരുന്നു.

ആദ്യകാലത്ത് മദ്രാസ് കേന്ദ്രീകരിച്ച് ചലച്ചിത്ര നിർമ്മാണം നടന്നിരുന്നതിനാൽ പി ബി ശ്രീനിവാസ്, പി ലീല, പി സുശീല, എസ് ജാനകി തുടങ്ങി ഒരുനിര പ്രശസ്ത തെന്നിന്ത്യൻ ഗായകരാണ് മലയാളത്തിലും പാടിയിരുന്നത്. പിന്നീട് മാനക മലയാള ശബ്ദമാതൃകയായി മാറിയ കെ ജെ യേശുദാസ്, പി ജയചന്ദ്രൻ, ഉണ്ണിമേനോൻ, എം ജി ശ്രീകുമാർ, വാണി ജയറാം, സുജാത, കെ എസ് ചിത്ര അടക്കം അസംഖ്യം പതിഭാശാലികൾ കടന്നുവന്നു.

ഈ ചരിത്രഭൂമികയിൽ നിന്നുവേണം മലയാള ചലച്ചിത്രഗാന ശാഖയിലെ പുതിയ പ്രവണതകൾക്കായ അന്വേഷണങ്ങൾ. മുൻകാലങ്ങളിലെ സുവർണ്ണകാല മെലഡികളിൽനിന്നും ക്ലാസിക്കൽ ധാരകളിൽനിന്നും ആരംഭിച്ച്, ആധുനിക ഡിജിറ്റൽ യുഗത്തിലെ റാപ്പ്, ഹിപ്-ഹോപ്പ്, ഇലക്ട്രോണിക് തരംഗങ്ങളിൽ എത്തിനിൽക്കുന്ന മലയാള ചലച്ചിത്ര സംഗീതത്തിന്റെ കാൽനൂറ്റാണ്ട് കാലത്തെ പരിവർത്തനങ്ങളെയും, അതിന് പിന്നിലെ സാങ്കേതിക-വിപണന സാധ്യതകളെയും ഇവിടെ വിശകലനം ചെയ്യുന്നു.

## പൊതു പ്രവണതകൾ

2001–2025 കാലയളവിൽ മലയാളത്തിൽ 5,350 സിനിമകളും അവയിൽ 15,336 ഗാനങ്ങളുമുണ്ടെന്നാണ് മലയാളസംഗീതം (malayalasamgeetham.info) എന്ന സംഗീത, സിനിമാ വിജ്ഞാനകോശം രേഖപ്പെടുത്തപ്പെട്ടത്. 2001–2010 കാലയളവിൽ സിനിമയിൽ ശരാശരി 4 മുതൽ 5 വരെ ഗാനങ്ങൾ ഉണ്ടായിരുന്നതു 'ന്യൂ ജനറേഷൻ' സിനിമകളുടെ വരവോടെ 2011–2020 കാലത്ത് ശരാശരി 3 പാട്ടുകളായും, 2021–2025 കാലഘട്ടത്തിൽ കോവിഡിന് ശേഷമുള്ള ഒ.ടി.ടി കുതിച്ചുചാട്ടത്തോടെ അത് രണ്ടായും ചുരുങ്ങി.

| കാലയളവ് | സിനിമകളുടെ എണ്ണം | ഗാനങ്ങളുടെ എണ്ണം | ശരാശരി ഗാനങ്ങൾ |
|---|---|---|---|
| 2001– 2010 | 994 | 4,422 | 45 |
| 2011 –2020 | 2,335 | 6,926 | 3 |
| 2021 –2025 | 2,021 | 3,988 | 2 |

**മുൻകാലങ്ങളിലെ സുവർണ്ണ കാല മെലഡികളിൽനിന്നും ക്ലാസിക്കൽ ധാരകളിൽനിന്നും ആരംഭിച്ച്, ആധുനിക ഡിജിറ്റൽ യുഗത്തിലെ റാപ്പ്, ഹിപ് – ഹോപ്പ്, ഇലക്ട്രോണിക് തരംഗങ്ങളിൽ എത്തിനിൽക്കുന്ന മലയാള ചലച്ചിത്ര സംഗീതത്തിന്റെ കാൽ നൂറ്റാണ്ട് കാലത്തെ പരിവർത്തനങ്ങളെയും, അതിന് പിന്നിലെ സാങ്കേതിക – വിപണന സാധ്യതകളെയും ഇവിടെ വിശകലനം ചെയ്യുന്നു.**

വിസ്മൃതിയിലാകുമായിരുന്ന നാടൻ ഈണങ്ങളെയും പാരമ്പര്യ സംഗീതത്തെയും ഡിജിറ്റൽ യുഗത്തിലെ പുതിയ തലമുറയ്ക്ക് കൈമാറുന്ന ചരിത്ര, സാംസ്കാരിക ദൗത്യമായിരുന്നു ടെലിവിഷൻ ചാനലുകളിലെ സംഗീത റിയാലിറ്റി ഷോകൾ നൂറ്റാണ്ടിന്റെ തുടക്കം മുതൽ (അമൃത ടിവി 'സൂപ്പർ സ്റ്റാർ' 2005 ഏപ്രിൽ 14, ഏഷ്യാനെറ്റ് 'ഐഡിയ സ്റ്റാർ സിംഗർ, 2006) നിർവ്വഹിക്കുന്നത്.

ചലച്ചിത്രാഖ്യാനത്തിൽ പശ്ചാത്തല സംഗീതത്തിനു പ്രാധാന്യമേറുകയും പുതുതലമുറയുടെ സംഗീതാഭിരുചികളിൽ റാപ്പും ഇലക്ട്രോണിക് സംഗീതവും സോളോ ട്രാക്കുകളും തരംഗമായെത്തുകയും ചെയ്തു.

ആദ്യ വരികളിലൂടെ അറിയപ്പെട്ടിരുന്ന പാട്ടുകൾ പുതിയകാലത്ത് മൂഡ് /കൺസെപ്റ്റ് സൂചിപ്പിക്കുന്ന പേറുകളോടുകൂടിയ ട്രാക്കുകളായി. പ്രണയ പരാജയം യുവാക്കളിൽ തീർക്കുന്ന വൈകാരികതക്ക് 'സീൻ കോൺട്രാ' എന്ന് പേരിട്ട 'ചിന്നമ്മ അടിപൊളി ലുക്കമ്മ...' (പ്രേമം) എന്ന പാട്ടിലാണ് ഈ ശൈലിയുടെ തുടക്കം. തുടർന്ന് സിനിമയിലെ പാരാ പാരാ/'ചങ്ങാതിമാരെ ഒന്നുകൂടി...' (കമ്മട്ടിപ്പാടം), ഇല്ലുമിനാറ്റി/ 'ജാഡയല്ലിത്...' (ആവേശം), മണവാളൻ തഗ്ഗ്/'എല്ലാരും ചൊല്ലണതാണിവൻ...' (തല്ലുമാല) പോലെയുള്ള പാട്ടുകളിലൂടെ ട്രെൻഡ് കൂടുതൽ വ്യാപകമായി. കഥാപാത്രത്തിന്റെ സ്വഭാവത്തെയോ സോഷ്യൽ മീഡിയ ട്രെൻഡുകളെയോ അടയാളപ്പെടുത്തുന്ന ഇത്തരം പേരുകൾ




പാട്ടും ഗാനങ്ങളും വർഷക്കണക്കിൽ (ലൈൻ ഗ്രാഫ് )




**സോളോ ഗാനങ്ങളും ഡ്യുയറ്റും**

ഡിജിറ്റൽ സെർച്ചുകൾക്കും വിപണനത്തിനുമുള്ള ശക്തമായ മാർഗ്ഗമായി മാറി.

## കാവ്യഭംഗിയിൽനിന്ന് ആധുനിക ബീറ്റുകളിലേക്ക്

മലയാള ചലച്ചിത്ര ഗാനശാഖയിൽ നിലനിന്നിരുന്ന കാവ്യസംസ്കാരത്തിന്റെയും കാവ്യഭാഷയിലൂടെയും പ്രകൃതിബിംബസമൃദ്ധിയുടെയും പിൻതുടർച്ച നൂറ്റാണ്ടിന്റെ ആദ്യദശകത്തിലെ ‘കാർമുകിൽ വർണ്ണന്റെ ചുണ്ടിൽ...’, ’അമ്മ മഴക്കാറിന്...’, ‘എന്റെ ഖൽബിലെ വെണ്ണിലാവു നീ...’പോലെ മെലഡികളിൽ കാണാം. ’വ്യത്യസ്തനാമൊരു ബാർബറാം ബാലനെ’ പോലെയുള്ള ലളിതവും ആഖ്യാനപരവുമായ ഗാനങ്ങളും ഈ കാലഘട്ടത്തിലുണ്ട്

നൂറ്റാണ്ടിന്റെ ആദ്യദശകത്തിനൊടുവിൽ മലയാള സിനിമയിൽ ദൃശ്യമായ ’ന്യൂ ജനറേഷൻ’ തരംഗത്തിനൊപ്പം പാട്ടുകളിലെ വരികളും ഭാവവും മാറിതുടങ്ങി. റഫീഖ് അഹമ്മദ്, ഹരിനാരായണൻ തുടങ്ങി പുതിയ തലമുറയിലെ പുതിയ തലമുറ രചയിതാക്കളുടെ വരവോടെ കാൽപ്പനികത കൈവിടാതെതന്നെ വരികൾ കൂടുതൽ ലളിതവും റിയലിസ്റ്റിക്കായതുമായി മാറി (മഴകൊണ്ടു മാത്രം മുളയ്ക്കുന്ന, ജീവാംശമായി താനേ, ഉയിരിൽ തൊടും, ആകാശമായവളേ).’മാണിക്യ മലരായ പൂവി’ പോലെ പഴയ മാപ്പിളപ്പാട്ടുകളുടെയും നാടൻ ഈണങ്ങളുടെയും പുനരാവിഷ്കാരങ്ങളും ഈ കാലത്തുണ്ടായി.

**2001–2025 കാലയളവിൽ മലയാളത്തിൽ 5,350 സിനിമകളും അവയിൽ 15,336 ഗാനങ്ങളുമുണ്ടെന്നാണ് മലയാളസംഗീതം (malayalasamgeetham.info) എന്ന സംഗീത, സിനിമാ വിജ്ഞാനകോശം രേഖപ്പെടുത്തപ്പെട്ടത്. 2001–2010 കാലയളവിൽ സിനിമയിൽ ശരാശരി 4 മുതൽ 5 വരെ ഗാനങ്ങൾ ഉണ്ടായിരുന്നതു ’ന്യൂ ജനറേഷൻ’ സിനിമകളുടെ വരവോടെ 2011–2020 കാലത്ത് ശരാശരി 3 പാട്ടുകളായും, 2021–2025 കാലഘട്ടത്തിൽ കോവിഡിന് ശേഷമുള്ള ഒ.ടി.ടി കുതിച്ചുചാട്ടത്തോടെ അത് രണ്ടായും ചുരുങ്ങി.**

അവസാന അഞ്ച് വർഷങ്ങളിൽ ഗാനരചന രണ്ട് സമാന്തര പാതകളിലൂടെ സഞ്ചരിക്കുന്നു. ആകാശമായവളേ...’, ’അകലെയൊരു കാടിന്റെ...’, ’പൂമുത്തോളെ...’ പോലെ മനസ്സിന്റെ വൈകാരിക തലങ്ങൾക്കായി കുറിക്കപ്പെട്ട ലളിതമായ വരികളാൽ ഹൃദയം കവർന്ന ഗാനങ്ങൾക്കൊപ്പം കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും തെരുവ് ഭാഷയും പാട്ടുകളിലെ വരികളായി കടന്നുവന്നു (’മണവാളൻ തഗ്ഗ്’, ’ഇലുമിനാറ്റി, ’കുതന്ത്രം’, ’സ്തുതി’).

## പുതു സംഗീതശൈലികൾ

രവീന്ദ്രൻ, എം.ജി. രാധാകൃഷ്ണൻ, ഇളയരാജ തുടങ്ങിയ മുതിർന്ന സംഗീതജ്ഞർക്കൊപ്പംഎം. ജയചന്ദ്രൻ, വിദ്യാസാഗർ, മോഹൻ സിതാര എന്നിവർ തുടക്കത്തിൽ മെലഡികളിലൂടെ തിളങ്ങിനിന്ന നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ. ജാസി ഗിഫ്റ്റ്, ദീപക് ദേവ്, ഷാൻ റഹ്മാൻ, ഗോപി സുന്ദർ, ബിജിബാൽ, വിഷ്ണു വിജയ്, സുഷിൻ ശ്യാം, ജേക്സ് ബിജോയ് തുടങ്ങിയ യുവനിര സംഗീതസംവിധാനത്തിലേക്ക് കടന്നുവരുന്നു.

2004-ൽ ജാസ്സി ഗിഫ്റ്റിന്റെ ’ലജ്ജാവതിയേ’ എന്ന ഗാനം (4 ദി




**സിനിമയുടെ എണ്ണവും പാട്ടുകളുടെ എണ്ണവും വർഷക്കണക്കിൽ**

## വ്യത്യസ്തമായ ഈണം പകർന്നവർ


എം ജയചന്ദ്രൻ


ഗോപി സുന്ദർ


എ ആർ റഹ്മാൻ


വിദ്യാസാഗർ


ജാസി ഗിഫ്റ്റ്


ഷാൻ റഹ്മാൻ


മോഹൻ സിതാര


ദീപക് ദേവ്


ജെയ്ക്സ് ബിജോയ്

പീപ്പിൾ) വെസ്റ്റേൺ റാപ്പ് ശൈലിയിലൂടെ പാട്ടുകേൾവിയുടെ ഭാവതലത്തിലെ ആസ്വാദനത്തിൽനിന്ന് പാട്ടുകാഴ്ചയുടെ ദൃശ്യതലത്തിലെ ഇളകിയാട്ടങ്ങളുടെ അനുഭൂതിയിലേക്കുള്ള ആസ്വാദന ശീലങ്ങളിലെ ഭാവുകത്വ പരിണാമത്തിന്റെ വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു. കർണാടക സംഗീതത്തിലെയും കേരളീയ നാടൻ ശൈലിയുടെയും അകമ്പടിയോടെയുള്ള മെലഡികൾക്കൊപ്പം കമ്പ്യൂട്ടർ അധിഷ്ഠിത പ്രോഗ്രാമിങ്ങും പാശ്ചാത്യ സിന്തസൈസറുകളും സ്റ്റുഡിയോകളിൽ സജീവമായതോടെ സംഗീതത്തിന്റെ ശൈലിയും വേഗതയും മാറി.

സുശിൻ ശ്യാം, (മാലിക്ക്, 2021; ആവേശം, 2024), ഗോപി സുന്ദർ (അൻവർ, 2010); എ ആർ റഹ്മാൻ (ആടുജീവിതം, 2024), ഷാൻ റഹ്മാൻ (മലർവാടി ആർട്സ് ക്ലബ്, 2010; തട്ടത്തിൻ മറയത്ത്, 2012; ജേക്കബിന്റെ സ്വർഗ്ഗരാജ്യം, 2016; വെളിപാടിന്റെ പുസ്തകം, 2017, മിന്നൽ മുരളി, 2021), ഹെഷാം അബ്ദുൾ വഹാബ് (ഹൃദയം, 2022)പോലെ നിരവധി സംഗീത സംവിധായകർ അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രോണിക് സംഗീതത്തിന്റെയും പശ്ചാത്തല സംഗീതത്തിന്റെയും വൻ ഹൈപ്പ് ഉണ്ടാക്കുന്ന സിംഗിൾ ട്രാക്ക് സംസ്കാരത്തിന്റെയുമൊക്കെ പുതിയകാല മാതൃകകൾ തീർത്തു. ഷാൻ റഹ്മാന്റെ 'ജിമിക്കി കമ്മൽ...' (വെളിപാടിന്റെ പുസ്തകം, 2017), 'കലക്കാത്ത സന്ദനമേര...' (അയ്യപ്പനും കോശിയും, 2020), 'പാലാപ്പള്ളി തിരുപ്പള്ളി...' (കടുവ, 2022), ഹെഷാം അബ്ദുൾ വഹാബിന്റെ 'ദർശന...', 'ഇല്ലുമിനാറ്റി' (ആവേശം) 'മണവാളൻ തഗ്ഗ്' (തല്ലുമാല),'സ്തുതി' (ബൊഗെയ്ൻവില്ല) തുടങ്ങി ഗാനങ്ങളും ഇലക്ട്രോണിക് ഡാൻസ് മ്യൂസിക് ട്രാക്കുകളും ദൃശ്യങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ആഗോളശ്രദ്ധ നേടി.

### ആലാപനത്തിലെ ശബ്ദവൈവിധ്യവും തലമുറമാറ്റവും

ആലാപനരംഗത്ത് ശബ്ദവൈവിധ്യവും പുത്തൻ ശൈലികളും കൊണ്ട് വലിയ തലമുറമാറ്റമാണ് ഈ കാലയളവിൽ സംഭവിച്ചത്. പുതിയ നൂറ്റാണ്ടിന്റെ ഈ ആദ്യ കാൽ നൂറ്റാണ്ടിൽ പുരുഷ ഗായകരിൽ എം ജി ശ്രീകുമാർ (596 ഗാനങ്ങൾ), വനിതകളിൽ കെ എസ് ചിത്രയും (645) തന്നെയാണ് ഏറ്റവും കൂടുതൽ പാട്ടുകൾ പാടി. ഗായകരിൽ വിജയ് യേശുദാസും (514), യേശുദാസും (510),മധു ബാലകൃഷ്ണൻ (366), വിനീത് ശ്രീനിവാസൻ (312), വിധു പ്രാതാപ് (221), അഫ്സൽ (272), എന്നിവരും വനിതകളിൽ സുജാത മോഹൻ (412), ശ്വേത മോഹൻ (346), സിതാര കൃഷ്ണകുമാർ (263), റിമി ടോമി (218) എന്നിവരും കൂടുതൽ പാട്ടുകൾ പാടിയവർ.

ആകാശദീപങ്ങൾ സാക്ഷി... (രാവണപ്രഭു), സഹ്യസാനു ശ്രുതി ചേർത്ത (കരുമാടിക്കുട്ടൻ); 'ആറ്റിൻ കരയിൽ...' (രസതന്ത്രം), 'അമ്മ മഴക്കാറിന്... മാടമ്പി), ഈ ചില്ലയിൽ...' (സ്പിരിറ്റ്) അടക്കം യേശുദാസ് ഗാനങ്ങൾ. പി. ജയചന്ദ്രൻ പാടിയ 'നീ ഒരു പുഴയായി...' (തിളക്കം, 2003), 'ആരു പറഞ്ഞു (പുലിവാൽ കല്യാണം), 'കല്ലായിക്കടവത്ത്...' (പെരുമഴക്കാ

ലം), 'കണ്ണുനട്ടു കാത്തിരുന്നിട്ടും...', /വിദ്യാധരൻ, (കഥാവശേഷൻ), 'പ്രേമിക്കുമ്പോൾ...' (സാൾട്ട് ആൻഡ് പെപ്പർ) എം. ജി. ശ്രീകുമാർ സുജാത മോഹനോടോപ്പം ആലപിച്ച 'തുമ്പി കല്യാണത്തിന്... (കല്യാണരാമൻ, കൈ നിറയേ വെണ്ണതരാം... (ബാബ കല്യാണി),കുഴലൂതും പൂന്തെന്ന ലേ... (2009), പോലെ ഒട്ടനവധി പാട്ടുകൾ. കാലാതീതമായി നിലനിൽക്കുന്ന ക്ലാസിക് ആലാപനത്തിന് മികച്ച ഉദാഹരണമായി ഉണ്ണി മേനോൻ പാടിയ മരണമെത്തുന്ന നേരത്ത് (സ്പിരിറ്റ്) എന്ന ഗാനം. ഒരു ചെമ്പനീർ പൂവി... (സ്ഥിതി), മഴനീർതുള്ളികൾ...' (ബ്യൂട്ടിഫുൾ), 'തിരുവാവണി രാവ്...' (ജേക്കബിന്റെ സ്വർഗ്ഗരാജ്യം) പോലെ ഉണ്ണി മേനോൻ പാടിയ മറ്റു ചില ശ്രദ്ധേയ ഗാനങ്ങൾ.

വിജയ് യേശുദാസ് 'പ്രിയനുമാത്രം...' (റോബിൻഹുഡ്), 'ഈ പുഴയും സന്ധ്യകളും...' (ഇന്ത്യൻ റുപ്പി), 'മലരേ നിന്നെ കാണാതിരുന്നാൽ...', (പ്രേമം,), 'പൂമുത്തോളെ...' (ജോസഫ്), വിനീത് ശ്രീനിവാസൻ 'എന്റെ ഖൽബിലെ... (ക്ലാസ്മേറ്റ്സ്), 'മാണിക്യമലരായ പൂവി...', (ഒരു അഡാർ ലൗ), ഷഹബാസ് അമൻ 'ചാന്ദുകുടഞ്ഞൊരു സൂര്യൻ...', (ചാന്തുപൊട്ട്), മിഴിയിൽ നിൻ മിഴിയിൽ...' (മായാനദി), 'ആകാശമായവളേ...' (വെള്ളം), കെ. എസ്. ഹരിശങ്കർ 'പവിഴമഴയേ...'(അതിരൻ), സൂരജ് സന്തോഷ് (ആരാധികേ...' അമ്പിളി,2019)/മിഥുൻ ജയരാജ് (ഉയിരെ ഒരു ജന്മം കൂടെ.../ നാരായണി ഹരിപ്രസാദ്, മിന്നൽ മുരളി), കപിൽ കപിലൻ 'നീല നിലാവേ... (ആർ. ഡി. എക്സ്) പുതിയ തലമുറയുടെ പ്രണയശബ്ദങ്ങളായി മാറി. ഇല്ലുമിനാറ്റി/നാടിൻ നന്മകനേ പൊന്മകനേ... (ആവേശം), എന്ന ഗാനത്തിലൂടെ ഡാബ്സിയും കുതന്ത്രം/വിയർപ്പു തുന്നിയിട്ട കുപ്പായം... (മഞ്ഞുമ്മൽ ബോയ്സ്) എന്ന പാട്ടിലൂടെ വേടനും ഇൻഡി റാപ്പ് ആലാപന ശൈലി ജനപ്രിയമാക്കി

കെ. എസ്. ചിത്ര (കാർമുകിൽ

## സ്വപ്ന വാസര സ്വനവുമായി ...


യേശുദാസ്


ജയചന്ദ്രൻ


ഉണ്ണി മേനോൻ


വിജയ് യേശുദാസ്


എം ജി ശ്രീകുമാർ


മധു ബാലകൃഷ്ണൻ


അഫ്സൽ


വിധു പ്രതാപ്


വിനീത് ശ്രീനിവാസൻ

വർണ്ണന്റെ ചുണ്ടിൽ...,(നന്ദനം), കെ. സുജാത മോഹൻ (കരിമിഴി കുരുവിയെ...'മീശമാധവൻ); ശ്രേയ ഘോഷാൽ അനുരാഗ വിലോചനനായി...' (നീലത്താമര), കിഴക്കു പൂക്കും (അൻവർ), 'കാത്തു കാത്തിരുന്ന്...., (എന്ന് നിന്റെ മൊയ്തീൻ); സിതാര കൃഷ്ണകുമാർ, ('തുടക്കം മാംഗല്യം...', (ബാംഗ്ലൂർ ഡേയ്സ്), ചേരാതുകൾ...'(കുമ്പളങ്ങി നൈറ്റ്സ്)പോലെ പുതിയ നൂറ്റാണ്ടിലെ ശ്രദ്ധേയരായ വനിതാ ഗായികമാർ.

### യുഗ്മ ഗാനങ്ങൾ

ഈ കാലഘട്ടത്തിൽ ഗായകരുടെ തലമുറ മാറ്റത്തിനും സാങ്കേതിക വിദ്യയിലെ വലിയ കുതിച്ചുചാട്ടത്തിനുമൊപ്പം യുഗ്മഗാന ഘടനയിലും ആലാപനശൈലിയിലും സമാന്തരമായ പുക്കക്കങ്ങൾ നടന്നു. യേശുദാസ്, ജയചന്ദ്രൻ, എം ജി ശ്രീകുമാർ, ഉണ്ണിമേനോൻ, ജി. വേണുഗോപാൽ, കെ എസ് ചിത്ര, സുജാത മോഹൻ ഇവർ തീർക്കുന്ന വിവിധ കോമ്പോകൾക്കൊപ്പം വിജയ് യേശുദാസ്, വിനീത് ശ്രീനിവാസൻ, കാർത്തിക്, ഹരിചരൺ, നജീം അർഷാദ്, ഹരിശങ്കർ, ശ്വേത മോഹൻ, സിതാര, ശ്രേയാ ഘോഷാൽ, മൃദുല വാര്യർ തുടങ്ങി പുതിയനിര യുഗ്മഗാന രംഗ

## നിറഞ്ഞു നിന്ന ഗായികമാർ


ചിത്ര


സുജാത


സിതാര


ജ്യോത്സ്ന


റിമി ടോമി


നേഹ എസ് നായർ


ശ്വേത മോഹൻ


അന്ന കാതറീൻ വലയിൽ


അനു എലിസബത്ത് ജോസ്


മൃദുല വാര്യർ

ത്ത് ശ്രദ്ധേയനായി.

യേശുദാസ് – സുജാത മോഹൻ (ഇനിയെന്തു നൽകണം, ഡ്രീംസ്), ജയചന്ദ്രൻ – സുജാത മോഹൻ (കാറ്റേ നീ വീശരുതിപ്പോൾ, കസ്തൂരി മാൻ, , സ്വയംവര ചന്ദ്രികേ, ക്രോണിക് ബാച്ചിലർ), എം.ജി. ശ്രീകുമാർ – സുജാത (കണ്ടു കണ്ടു കൊതിപൂണ്ടു, ഇഷ്ടം), ജി. വേണുഗോപാൽ – സിതാര കൃഷ്ണകുമാർ (കുഴലൂതും പൂംതെന്നലേ, ഭ്രമരം), എസ്. ചിത്ര/ബിജു നാരായണൻ, (കളഭം തരാം..., വടക്കുംനാഥൻ (2006), വിജയ് യേശുദാസ് –ശ്വേത മോഹൻ (കോലക്കുഴൽ വിളി കേട്ടോ..., നിവേദ്യം), പോലെ മെലഡിയുടെ ഭംഗിക്കൊപ്പം പുതുമയും ഊർജ്ജവുമുള്ള നിരവധി സൂപ്പർഹിറ്റ് യുഗ്മഗാന കോമ്പോകൾ. ഒപ്പം വിനീത് ശ്രീനിവാസൻ – റിമി ടോമി (കരളേ കരളിന്റെ കരളേ, ഉദയനാണ് താരം), ഹരിചരൻ–മൃദുല വാര്യർ, മഴയേ, പട്ടം പോലെ, കെ.എസ്. ഹരിശങ്കർ – ശ്രേയഘോഷാൽ (ജീവാംശമായി താനേ... തീവണ്ടി),സൂരജ് സന്തോഷ്, മധുവന്തി നാരായണൻ, (ആരാധികേ, അമ്പിളി), സൂരജ് സന്തോഷ് – ആൻ ആമി (ഉയരിൽ തൊടും... കുമ്പളങ്ങി നൈറ്റ്സ്), ഹിഷാം അബ്ദുൽ വഹാബ് – ദർശനാ രാജേന്ദ്രൻ (ദർശനാ... ഹൃദയം) പോലെ യുഗ്മഗാനങ്ങളിൽ പ്രണയഭാവങ്ങളെ അടയാളപ്പെടുത്തിയ പുതുതലമുറ കോംബോകൾ.

### ഭക്തിഗാനങ്ങൾ

മലയാളസിനിമയിലെ ഭക്തിഗാനങ്ങൾ ചിത്രഗാത്രത്തോടും സാങ്കേതികപുരോഗതിയോടും കാലത്തിനൊപ്പംനിന്നു. സിറ്റുവേഷണൽ ഭക്തിയും സാങ്കേതികമികവും മതസൗഹാർദ്ദവുമാണ് ഈ കാലഘട്ടത്തിലെ ഗാനങ്ങളുടെ പൊതുവായ സവിശേഷതകൾ. ഹിന്ദു ഭക്തിഗാനങ്ങളിൽ ശാസ്ത്രീയ സംഗീതത്തിന്റെ തുടർച്ചയ്ക്കൊപ്പം നാടൻതാളങ്ങൾക്കും, ആധുനിക ഓർക്കസ്ട്രേഷനും പ്രാധാന്യമേറി. 'കാർമുകിൽ വർണ്ണന്റെ ചുണ്ടിൽ...' എന്ന ഗാനം കൃഷ്ണഭക്തിയും ശുദ്ധമായ ശാസ്ത്രീയ ഈണവും ചേർന്ന മികച്ച ഉദാഹരണമായി. 'അമ്പാടി പയ്യുകൾ മേയും...' എന്ന ഗാനം ആഘോഷമൂഡ് നൽകുന്ന നാട്ടുഭക്തിഗാനവുമായി. ഭ്രമയുഗം പോലുള്ള സിനിമകളിൽ ഭയവും മിസ്റ്റിസിസവും നിറഞ്ഞ തീവ്രമായ ആധുനിക പശ്ചാത്തല സംഗീതത്തോടെയാണ് ഭക്തി അവതരിപ്പിക്കപ്പെട്ടത്.

പരമ്പരാഗത ശൈലി നിലനിർത്തിക്കൊണ്ടുവന്ന പാശ്ചാത്യ ഗായകസംഘ ശൈലികൾ ക്രിസ്ത്യൻ ഭക്തിഗാനങ്ങളിൽ സമന്വയിപ്പിച്ചു. 'ഉയിരിൻ നാഥനെ...' എന്ന ഗാനം മരണവീട്ടിലെ പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ ഒരുക്കിയ വൈകാരികവും ആത്മീയവുമായ ഒന്നായിരുന്നു. 'യെരുശലേം നായക...' (അബ്രഹാമിന്റെ സന്തതികൾ) എന്ന ഗാനം കുട്ടികളുടെ ക്വയർ പാട്ടുകളുടെ ലളിത

മായ ഈണത്തിൽ ഒരുക്കിയതാണ്. ദി പ്രീസ്റ്റ് എന്ന സിനിമയിലെ 'ശുദ്ധർ സ്തുതിക്കും വീട്...' എന്ന പഴയഗാനത്തിൽ പാശ്ചാത്യ ബാൻഡുകളുടെ ശൈലിയും പള്ളിക്വയറിന്റെ ഗാംഭീര്യവും സിനിമാറ്റിക് ഭക്തിഗാനങ്ങൾക്ക് ആധുനികമുഖം നൽകി.

മാപ്പിളപ്പാട്ടുകളുടെ പരമ്പരാഗത ശൈലിയിൽനിന്നും ഗസലുകളുടെയും ഈശ്വരസാമീപ്യം തേടുന്ന സൂഫി സംഗീതശാഖയുടെയും ശൈലിയിലേക്കാണ് മുസ്‌ലിം പശ്ചാത്തലമുള്ള പ്രണയ, വിരഹ, സാമൂഹിക ഗാനങ്ങളെല്ലാം വഴിമാറിയത്. 'റസൂലള്ളാഹ്...' (സാൽവഡോർ ഡാലി), കിനാവുകൊണ്ട് മുറിച്ചൊരു...' (സുഡാനി ഫ്രം നൈജീരിയ), തനിയെ മിഴികൾ' (പരദേശി), 'തീരമേ തീരമേ...' (മാലിക്) പോലെ മലബാറിന്റെ തനത് സംസ്കാരം പ്രതിഫലിപ്പിക്കുന്ന, ലളിതമായ വരികളും ഡഫ്മുട്ടിന്റെ താളവുമുള്ള പ്രാർത്ഥനാരൂപത്തിലുള്ള നിരവധി ഗാനങ്ങൾ.

## ഗാനരചന: പാട്ടിന്റെ പാലാഴി തീർത്തവർ


കൈതപ്രം


ഗിരിഷ് പുത്തഞ്ചേരി


റഫീഖ് അഹമ്മദ്


ബി കെ ഹരിനാരായണൻ


അൻവർ അലി


വിനായക് ശശികുമാർ

### ഹിറ്റ് ഗാനങ്ങളുടെ പുനരുപയോഗം

ഹിറ്റ് ഗാനങ്ങൾ അതേപടിയോ റീ-മിക്സ് ചെയ്തോഉള്ള പുനരുപയോഗ സാധ്യതകൾ സിനിമാഗാന ഘടനയെയും ആഖ്യാനശൈലിയെയും ആസ്വാദനരീതികളെയും പുതുക്കി. കാറ്റു വന്നു വിളിച്ചപ്പോൾ (2001) എന്ന സിനിമക്കായി എം ജി രാധാകൃഷ്ണൻ ഗൗരിമനോഹരി രാഗഛായയിൽ ഈണംനൽകി കെ എസ് ചിത്ര പാടിയ 'കാറ്റേ നീ വീശരുതിപ്പോൾ എന്ന ഹിറ്റ് ഗാനം ഏതാണ്ട് ഏഴ് പതിറ്റാണ്ടുമുമ്പ് 1957 ൽ അച്ഛനും മകനും എന്ന സിനിമക്കായി തിരുനെല്ലൂർ കരുണാകരൻ രചിച്ച് വിമൽകുമാർ സംഗീതം നൽകി ശ്യാമള എന്ന ഗായിക പാടിയതായിരുന്നു.'അല്ലിയാമ്പൽ കടവിൽ', 'അകലെ അകലെ നീലാകാശം', 'കിഴക്കേ മലയിലെ', 'കണ്ട് രണ്ട് കണ്ണ്', 'കസ്തൂരി മണക്കുന്നല്ലോ', 'ചെട്ടികുളങ്ങര ഭരണി നാളിൽ', മഴതുള്ളി തുള്ളി', 'അയല പൊരിച്ചതുണ്ട്', 'കണ്ണും കണ്ണും തമ്മിൽ തമ്മിൽ', 'മിഴിയോരം നനഞ്ഞൊഴുകും', 'ഓ മൃദുലേ', 'ഒരു മധുര കിനാവിൻ', 'പൂമുഖവാതിൽക്കൽ', ഉണ്ണികളേ ഒരു കഥ പറയാം', 'ഉന്നം മറന്ന് തെന്നിപ്പറന്ന്' തുടങ്ങി പിൽക്കാലത്ത് വിജയകരമായി ഉപയോഗിക്കുകയോ പുനഃസൃഷ്ടിക്കുകയോ ചെയ്തിട്ടുള്ള ഗാനങ്ങൾ നിരവധിയാണ്.

റീ-മിക്സ്/കവർ പതിപ്പുകളായി എത്തിയവയിൽ 'ദേവദൂതർ പാടി' (കാതോട് കാതോരം) എന്ന ഗാനം 'ന്നാ താൻ കേസ് കൊട്' (2022) സിനിമയിൽ ചാക്കോച്ചന്റെ തകർപ്പൻ ഡാൻസിലൂടെ വലിയ തരംഗമായി മാറി. 'ചേക്കേറാൻ ഒരു ചില്ല' എന്ന ചിത്രത്തിൽ ജഗതി ശ്രീകുമാർ തമാശയായി പാടിയ 'പാൽക്കാരിപ്പെണ്ണേ പാലൊന്നു തായോ...' എന്ന വരികൾ നീരജ് മാധവ് ചിത്രമായ 'പൈപ്പിൻ ചുവട്ടിലെ പ്രണയം' (2017) എന്ന സിനിമയിൽ പ്രൊമോഷൻ ടീസറായും പാട്ടായുമെത്തി. തമിഴ് ചിത്രമായ 'ഗുണ'യിലെ (1991) ഇളയരാജ-വാലി ടീമിന്റെ 'കൺമണി അൻപൊടു' എന്ന ഗാനം മഞ്ഞുമ്മൽ ബോയ്സിലും പ്രേമത്തിലും ആഖ്യാനത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്ന ടൂൾ ആണ്.

### പാട്ടില്ലാത്ത സിനിമകൾ

കഴിഞ്ഞനൂറ്റാണ്ടിൽ പുറത്തുവന്ന 'സ്വയംവരം', 'എലിപ്പത്തായം', കാഞ്ചനസീതപോലെ പരീക്ഷണസിനിമകളും 'ന്യൂ ഡൽഹി' സിബിഐ സീരീസ് അടക്കമുള്ള വാണിജ്യസിനിമകളും സാമ്പത്തികവിജയത്തിനു പാട്ടുകൾ അനിവാര്യമാണെന്ന ചിന്താഗതിയെ പശ്ചാത്തല ശബ്ദങ്ങളും ബി.ജി.എമ്മും ഉപയോഗിച്ച് തകർത്തവയാണ്. 'ഒരു ചെറുപുഞ്ചിരി', 'മേൽവിലാസം', 'ഈ.മ.യൗ', 'ജല്ലിക്കട്ട്', 'അഞ്ചാം പാതിരാ', 'ജോജി', 'ഇലവീഴാപ്പൂഞ്ചിറ' തുടങ്ങി ഒട്ടനവധി പാട്ടില്ലാത്ത സിനിമകൾ ഈ നൂറ്റാണ്ടിലുണ്ടായി. സിനിമയുടെ കഥാപരിസരവും കഥാപാത്രങ്ങളുടെ

## തെരഞ്ഞെടുത്ത മലയാള ചലച്ചിത്രഗാനങ്ങൾ (2001– 2025)

1. ആകാശദീപങ്ങൾ സാക്ഷി... (രാവണപ്രഭു, 2001)
2. സുഖമണീ നിലാവ്... (നമ്മൾ, 2002)
3. കാർമുകിൽ വർണ്ണന്റെ ചുണ്ടിൽ... (നന്ദനം, 2002)
4. കരിമിഴി കുരുവിയെ കണ്ടീലാ... (മീശമാധവൻ, 2002)
5. ഒരു ചെമ്പനീർ പൂവിറുത്തു... (സ്ഥിതി, 2003)
6. നീ ഒരു പുഴയായി... (തിളക്കം, 2003)
7. ഒന്നാംകിളി പൊന്നാൺകിളി... (കിളിച്ചുണ്ടൻ മാമ്പഴം, 2003)
8. ആരു പറഞ്ഞു ആരു പറഞ്ഞു... (പുലിവാൽ കല്യാണം, 2003)
9. മെല്ലെയൊന്നു പാടിനിന്നെ... (മനസ്സിനക്കരെ, 2003)
10. കണ്ണിൽ കണ്ണിൽ മിന്നും... (ഗൗരീശങ്കരം, 2003)
11. ഇന്നലെ എന്റെ നെഞ്ചിലെ... (ബാലേട്ടൻ, 2003)
12. കാറ്റേ നീ വീശരുതിപ്പോൾ... (കഥാവശേഷൻ, 2004)
13. ലജ്ജാവതിയേ...' (4 ദി പീപ്പിൾ, 2004)
14. ആഴക്കടലിന്റെ അങ്ങേക്കരയിലായ്... (ചാന്തുപൊട്ട്, 2005)
15. അമ്പാടി പയ്യുകൾ മേയും... (ചന്ദ്രോത്സവം, 2005)
16. പറയാതെ അറിയാതെ... (ഉദയനാണ് താരം, 2005)
17. എന്റെ ഖൽബിലെ വെണ്ണിലാവു നീ... (ക്ലാസ്മേറ്റ്സ്, 2006)
18. കൈ നിറയേ വെണ്ണതരാം... (ബാബ കല്യാണി, 2006)
19. വ്യത്യസ്തനാമൊരു ബാർബറാം ബാലനെ... (കഥ പറയുമ്പോൾ, 2007)
20. അമ്മ മഴക്കാറിന്... (മാടമ്പി, 2008)
21. അനുരാഗ വിലോചനനായി... (നീലത്താമര, 2009)
22. അനുരാഗത്തിൻ വേളയിൽ...(മലർവാടി ആർട്സ് ക്ലബ്, 2010)
23. കിഴക്കു പൂക്കും... (അൻവർ, 2010)
24. ഈ പുഴയും... (ഇന്ത്യൻ റുപ്പി, 2011)
25. മഴനീർ തുള്ളികൾ... (ബ്യൂട്ടിഫുൾ, 2011)
26. ആറ്റുമണൽ പായയിൽ... (റൺ ബേബി റൺ, 2012)
27. നിലാമലരേ നിലാമലരേ...(ഡയമണ്ട് നെക്ലേസ്, 2012)
28. മഴകൊണ്ടു മാത്രം മുളയ്ക്കുന്ന... (സ്പിരിറ്റ്, 2012)
29. മരണമെത്തുന്ന നേരത്ത് നീയെന്റെ... (സ്പിരിറ്റ്, 2012)
30. ഒരു മെഴുതിരിയുടെ നെറുകയിലെരിയാൻ... (വിശുദ്ധൻ, 2013)

വൈകാരികതയും പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിൽ പശ്ചാത്തല സംഗീതം (BGM) ഇന്ന് നിർണ്ണായക പങ്കുവഹിക്കുന്നു. വെറും നിശബ്ദതയോ ഉയർന്ന ശബ്ദങ്ങളോ മാത്രമായിരുന്ന പഴയ രീതി മാറി, അന്താരാഷ്ട്ര നിലവാരമുള്ള ഓർക്കസ്ട്രേഷനും സിന്തസൈസർ ശബ്ദങ്ങളും ചേർന്നതാണ് പുതിയ കാലത്തെ ബി.ജി.എം.

### റെക്കോർഡിങ് സാങ്കേതികവിദ്യ

പഴയകാലത്ത് ഗായകരും വാദ്യകലാകാരന്മാരും സ്റ്റുഡിയോയിൽ ഒരുമിച്ചിരുന്ന് ഒറ്റ ടേക്കിലാണ് ലൈവ് റെക്കോർഡിങ് നടത്തിയിരുന്നത്. പിന്നീട് മാഗ്നറ്റിക് ടേപ്പുകളും ഓരോ ശബ്ദവും പ്രത്യേകമായി റെക്കോർഡ് ചെയ്യാൻ സഹായിക്കുന്ന മൾട്ടിട്രാക്ക് സംവിധാനങ്ങളും നിലവിൽവന്നു. ആർക്കെങ്കിലും തെറ്റ് പറ്റിയാൽ പാട്ട് വീണ്ടും പാടേണ്ടിവന്നിരുന്ന അവസ്ഥയ്ക്ക് ഇതിലൂടെ വലിയ മാറ്റമുണ്ടായി. പാടുമ്പോൾ സംഭവിക്കുന്ന ചെറിയ ശ്രുതി വ്യത്യാസങ്ങളും തെറ്റുകളും സ്റ്റുഡിയോകളിൽതന്നെ ഡിജിറ്റലായി തിരുത്താൻ സഹായിക്കുന്ന ഓട്ടോ ട്യൂൺ സോഫ്റ്റ്‌വെയറുകൾ അന്യഭാഷാ ഗായകർക്കുപോലും മലയാളത്തിൽ കൃത്യമായ ഉച്ചാരണത്തോടെയും ശ്രുതിയോടെയും പാടാൻ വഴിതുറക്കുകയും നിർമ്മാണച്ചിലവ് ഗണ്യമായി കുറയ്ക്കുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വലിയ അനലോഗ് ടേപ്പ് സ്പൂളുകളിൽനിന്ന് മലയാള സിനിമ കമ്പ്യൂട്ടർ അധിഷ്ഠിത ഡിജിറ്റൽ ഓഡിയോ വർക്ക്സ്റ്റേഷനുകളിലേക്ക് മാറിത്തുടങ്ങി. വലിയ ഓർക്കസ്ട്രകളെവെച്ച് റെക്കോർഡ് ചെയ്യാൻ ചെന്നൈയിലെ വലിയ സ്റ്റുഡിയോകളെ ആശ്രയിച്ചിരുന്ന രീതി സാങ്കേതിക മുന്നേറ്റത്തോടെ കുറഞ്ഞു. പ്രോ ടൂൾസ് പോലുള്ള ആധുനിക സോഫ്റ്റ്‌വെയറുകൾ പാട്ടുകൾ കുറഞ്ഞ സമയത്തിനുള്ളിൽ റെക്കോർഡ് ചെയ്യാനും എഡിറ്റ് ചെയ്യാനുമായി. സ്റ്റീരിയോ ഫോർമാറ്റുകളിൽനിന്ന് ഡോൾബി അറ്റ്മോസ് പോലുള്ള ഇമ്മേഴ്സീവ് സൗണ്ട് സാങ്കേതികവിദ്യകളിലേക്ക് ശബ്ദമിക്സിങ് വികസിച്ചതോടെ കേൾവിയുടെ ഗുണനിലവാരം ആഗോള നിലവാരത്തിലേക്ക് ഉയർന്നു.

ലൈവ് ഇൻസ്ട്രുമെന്റുകളിൽനിന്ന് ഡിജിറ്റൽ ഓഡിയോ വർക്ക്സ്റ്റേഷനുകളിലേക്കുള്ള മാറ്റം പാട്ടുകളുടെ വേഗതയും താളവും കൂട്ടി. റീൽസുകളിലും സോഷ്യൽ മീഡിയയിലും തരംഗമാകുന്ന തരത്തിലാണ് ഇന്ന് സിനിമയിലെ ബി.ജി.എമ്മും പ്രധാന ട്രാക്കുകളും രൂപകൽപ്പന ചെയ്യുന്നത്.

പരമ്പരാഗത റെക്കോർഡിങ് രീതികളിൽ നിന്നുള്ള മാറ്റങ്ങൾ, അന്താരാഷ്ട്ര നിലവാരമുള്ള സൗണ്ട് ഡിസൈനിങ്, ഒടിടി/ ഡിജിറ്റൽ സ്

31. മഴയേ തൂമഴയേ... (പട്ടം പോലെ, 2013)
32. സദാ പാലയ സാരസാക്ഷി... (മിസ്റ്റർ ഫ്രോഡ്, 2014)
33. ആലുവാപുഴയുടെ തീരത്ത്... (പ്രേമം, 2015)
34. മലരേ നിന്നെ കാണാതിരുന്നാൽ... (പ്രേമം, 2015)
35. സീൻ കോൺട്ര/അവള് വേണ്ട്രാ... ഇവള് വേണ്ട്രാ, (പ്രേമം, 2015 )
36. കാത്തിരുന്ന് കാത്തിരുന്ന്... (എന്ന് നിന്റെ മൊയ്തീൻ, 2015)
37. തിരുവാവണി രാവ്.... (ജേക്കബിന്റെ സ്വർഗരാജ്യം, 2016)
38. അകലെയൊരു കാടിന്റെ... (രാമന്റെ ഏദൻതോട്ടം, 2017)
39. ജീവാംശമായി താനേ... (തീവണ്ടി, 2018)
40. പൂമുത്തോളേ നീയെരിഞ്ഞ വഴിയിൽ... (ജോസഫ്, 2018)
41. മാണിക്യ മലരായ പൂവി... (ഒരു അഡാർ ലവ്, 2018)
42. ആരാധികേ.. മഞ്ഞുതിരും വഴിയരികേ... (അമ്പിളി, 2019)
43. ഉയിരിൽ തൊടും തളിർ... (കുമ്പളങ്ങി നൈറ്റ്സ്, 2019)
44. നീ ഹിമമഴയായ് വരൂ..., (എടക്കാട് ബറ്റാലിയൻ 06, 2019)
45. പവിഴമഴ/ദൂരെ ഒരു മഴവില്ലിൻ... (അതിരൻ, 2019)
46. വാതിക്കല് വെള്ളരിപ്രാവ്...(സൂഫിയും സുജാതയും, 2020)
47. ആകാശമായവളേ..., (വെള്ളം, 2021)
48. ഉയിരേ ഒരു ജന്മം നിന്നെ...  (മിന്നൽ മുരളി, 2021)
49. നിന്നെ ഞാൻ.. കണ്ടന്നേ.. ദർശനാ... (ഹൃദയം, 2022)
50. മണവാളൻ തഗ്ഗ്/എല്ലാരും ചൊല്ല്ണതാണിവൻ... (തല്ലുമാല, 2022)
51. കണ്ണിൽ പെട്ടോളെ... (തല്ലുമാല, 2022)
52. നീല നിലവേ... (ആർ.ഡി.എക്സ്, 2023)
53. കുട്ടി കുടിയേ... മീട്ടി... (പ്രേമലു, 2024)
54. ഇല്ലുമിനാറ്റി... (ആവേശം, 2024)
55. പെരിയോനെ റഹ്മാനെ... (ആടുജീവിതം, 2024)
56. കുതന്ത്രം/വിയർപ്പു തുന്നിയിട്ട കുപ്പായം... (മഞ്ഞുമ്മൽ ബോയ്സ്, 2024)
57. സ്തുതി... ഭൂലോകം സൃഷ്ടിച്ച കർത്താവിന്നു... (ബൊഗെയ്ൻവില്ല, 2024)
58. കഥ തുടരും...  മിഴിയോരം നനയുകയോ... (തുടരും, 2025)
59. മിന്നൽവള/കണ്ണോടു കണ്ടപ്പോൾ കണ്ടെത്തീ... (നരിവേട്ട, 2025)

ട്രീമിങ് പ്ലാറ്റ്ഫോമുകൾ, ട്രെൻഡിങ് ആകുന്ന അതിവേഗ ബീറ്റുകൾ, ഇവയൊക്കെച്ചേർന്നു  മലയാള ചലച്ചിത്ര സംഗീതത്തെയും  ലോകനിലവാരത്തിലും ലോകാന്തര ആസ്വാദനത്തിലും എത്തിച്ചു.

## ആസ്വാദനവും വിപണനവും

പാട്ടുകൾ കേൾക്കുകമാത്രം ചെയ്തിരുന്ന അവസ്ഥയിൽനിന്ന് ലിറിക് വീഡിയോകളും സിനിമയുടെ പിന്നണിദൃശ്യങ്ങളും കണ്ട് ആസ്വദിക്കുന്ന വിഷ്വൽ സംസ്കാരത്തിലേക്ക് മലയാളി മാറി.

നിലവിലുണ്ടായിരുന്ന ഓഡിയോ കാസറ്റുകളും സിഡികളും വാക്ക്മാൻ അല്ലെങ്കിൽ വലിയ മ്യൂസിക് സിസ്റ്റങ്ങളിൽ പാട്ടുകൾ കേട്ടിരുന്ന ആസ്വാദനരീതി എംപിത്രീ? ഡൗൺലോഡുകളിലേക്കും ബ്ലൂടൂത്തോ മെമ്മറി കാർഡോ വഴിയുള്ള കൈമാറ്റങ്ങളിലേക്കും വഴിമാറി. സ്മാർട്ട് ഫോണുകളിലും ഹൈ-സ്പീഡ് ഇന്റർനെറ്റിലും ഉണ്ടായ കുതിച്ചുചാട്ടം കേൾവിക്കാരെ പൂർണ്ണമായും ഡിജിറ്റൽ യുഗത്തിൽ എത്തിച്ചു. യൂട്യൂബ്, സ്പോട്ടിഫൈ, വിങ്ക്, ജിയോസാവൻ തുടങ്ങിയ ആധുനിക സ്ട്രീമിങ് പ്ലാറ്റ്ഫോമുകളാണ് ഗാനാസ്വാദനത്തിന്റെ പുതുവഴികൾ.

മലയാള ചലച്ചിത്ര സംഗീതരംഗത്ത് കാസറ്റു/സിഡി വിപണിയുടെ തകർച്ചയും മ്യൂസിക് ലേബലുകളുടെ പുനഃക്രമീകരണവുമാണ് ഈ കാൽനൂറ്റാണ്ടിനിടയിൽ ഉണ്ടായ വലിയ മാറ്റം. കാസറ്റ് വിപണി പൂർണ്ണമായും ഇല്ലാതായതോടെ പരമ്പരാഗത ഓഡിയോ കമ്പനികൾക്ക് വലിയ തിരിച്ചടിയേറ്റു. വിപണി ഡിജിറ്റൽ മ്യൂസിക് ലേബലുകൾ പൂർണ്ണമായും കൈയടക്കുന്ന അവസ്ഥയാണുണ്ടായത്.

ഇന്ന് യൂട്യൂബ് വ്യൂസ്, ഡിജിറ്റൽ സ്ട്രീമിങ് ആപ്പുകളിലെ പ്ലേ കൗണ്ട്, റോയൽറ്റി എന്നിവയിലൂടെയാണ് വരുമാനം കണ്ടെത്തുന്നത്. പാട്ട് ഹിറ്റാക്കാൻ പോസ്റ്ററുകളും ട്രെയിലറുകളുംമാത്രം പോരാത്ത ഇക്കാലത്ത് ഇൻസ്റ്റാഗ്രാം ഇൻഫ്ലുവൻസർമാരെക്കൊണ്ട് പാട്ടു റീലുകൾ ചെയ്യിച്ചും, കവർ വേർഷനുകളും ഡാൻസ് ചലഞ്ചുകളും സംഘടിപ്പിച്ചുമാണ് വിപണനം നടത്തുന്നത്. ഗായകർക്കും സംഗീതജ്ഞർക്കും സ്വന്തം യൂട്യൂബ് ചാനലുകളിലൂടെയോ സ്ട്രീമിങ് പ്ലാറ്റ്ഫോമുകളിലൂടെയോ പാട്ടുകൾ റിലീസ് ചെയ്ത് നേരിട്ട് വരുമാനം ഉണ്ടാക്കാൻ സാധിക്കുന്ന രീതിയിൽ വിപണി വികേന്ദ്രീകരിക്കപ്പെട്ടു. ഗാനങ്ങൾക്കും പ്രമോഗാനങ്ങൾക്കും ഇൻസ്റ്റാഗ്രാം റീലുകളിലൂടെയും യൂട്യൂബിലൂടെയും കിട്ടുന്ന പബ്ലിസിറ്റിക്കൊപ്പം റോയൽറ്റിയും അനുബന്ധ പരസ്യവരുമാനവും സിനിമയുടെ സാമ്പത്തിക വിജയത്തിൽ നിർണ്ണായകമായി. കടുവ സിനിമയിലെ 'പാലാപ്പള്ളി തിരുപ്പള്ളി..' എന്ന ഗാനം റിലീസിന് മുൻപേ

ഉത്സവപ്പറമ്പുകളിലും ക്ലബ്ബുകളിലും ഹിറ്റായി പ്രേക്ഷകരെ തിയേറ്ററുകളിലെത്തിച്ചു. റിലീസിന് മുൻപുതന്നെ വലിയ തരംഗമായ ഹൃദയം എന്ന ചിത്രത്തിലെ പാട്ടുകളുടെ ഓഡിയോ റൈറ്റ്സ് രണ്ട് കോടി രൂപയ്ക്കായിരുന്നു വിറ്റത്. ആവേശം ചിത്രത്തിലെ 'ഇല്ലുമിനാറ്റി...', 'ജാഡമൗഡി...' സിംഗിൾ ട്രാക്കുകൾ റിലീസിന് മുൻപേ റീലുകളിൽ തരംഗമായി രംഗണ്ണൻ എന്ന കഥാപാത്രത്തിന് തിയേറ്ററുകളിൽ വൻവരവേൽപ്പിനും സിനിമക്ക് നൂറ്റിഅൻപത് കോടി കളക്ഷനും വഴിയൊരുക്കി.

## പാട്ടിന്റെ പുതിയ നൂറ്റാണ്ട്

പണ്ട് നാടക, ചലച്ചിത്രഗാനങ്ങളിൽമാത്രം ഒതുങ്ങിയിരുന്ന ജനപ്രിയ സംഗീതനന്റെയുംസാങ്കേതിക പുരോഗതിക്കൊപ്പം പാട്ടി പാട്ടുകേൾവിയുടെയും ആസ്വാദനത്തിന്റെയും ലോകങ്ങൾ സാർവദേശീയമായതോടെ ചലച്ചിത്ര സംഗീതം സമ്പ്രദായിക വിഭജന സീമകളെ പിന്നിട്ട് സംഗീതവിപണിയിലെയും ആസ്വാദനത്തിലെയും വൈവിദ്ധ്യമാർന്ന തുരുത്തുകളിൽ ഒന്നായി മാറി.കാലത്തിനും സാങ്കേതിക വികാസത്തിനും ഒപ്പം പാട്ടിൻറെ രൂപവും ദൈർഘ്യവും ഉള്ളടക്കവും വിപണരീതികളും ആസ്വാദന ശീലങ്ങളും പുതുക്കപ്പെട്ടു കൊണ്ടിരിക്കുന്നു

ശബ്ദവും സംഗീതവും നിശബ്ദതയും ചലച്ചിത്രാഖ്യാന ആസ്വാദന ചരിത്രത്തിലെ അതിനിർണായക ഘടകമാണ്. അന്നും ഇന്നും എന്നും പാട്ടും പശ്ചാത്തല സംഗീത/ശബ്ദങ്ങളും വാണിജ്യോൽപന്നം എന്ന നിലയിൽ ചലച്ചിത്ര വ്യവസായം ഏറെ ഫലപ്രദമായി ഉപയോഗിക്കുന്നു. ചലച്ചിത്രങ്ങളുടെ സാമ്പത്തികവിജയം ഉറപ്പാക്കുന്നതിൽ പാട്ടുകൾക്കൊപ്പം തീം മ്യൂസിക്കുകളായി മാറിയ പശ്ചാത്തല സംഗീതവും പ്രമോ ഗാനങ്ങളും കവർ വേർഷനുകളും ഉപകരണങ്ങളായി മാറി.

കഴിഞ്ഞ കാൽനൂറ്റാണ്ടിൽ മലയാള സിനിമാസംഗീത വഴികളും കേൾവിക്കാരന്റെ ചൂണ്ടുവിരൽത്തുമ്പിലേക്ക് ചുരുങ്ങിയപ്പോൾ അതിലെ വിപണനസാധ്യതകൾ അതിരുകളില്ലാതെ ആഗോളതലത്തിലേക്ക് വ്യാപിക്കുകയായിരുന്നു. ആദ്യദശകത്തിലെ പ്രണയമെലഡികളിൽനിന്നും യുഗ്മഗാനങ്ങളിൽനിന്നും, പിന്നീട് വന്ന ഒടിടി കാലഘട്ടത്തിലെ സിംഗിൾ ട്രാക്ക് സംസ്കാരത്തിലേക്കും പശ്ചാത്തലസംഗീത പ്രാധാന്യത്തിലേക്കുമുള്ള മാറ്റം സിനിമയിലെ പാട്ടിന്റെ ധർമ്മത്തെത്തന്നെ മാറ്റിമറിച്ചു.

അനലോഗ് റെക്കോർഡിങ്ങിൽ നിന്ന് ഡിജിറ്റൽ ഓഡിയോ വർക്ക് സ്റ്റേഷനുകളിലേക്കും ഡൊൾബി അറ്റ്മോസ് സാങ്കേതിക വിദ്യയിലേക്കുമുള്ള വളർച്ച നിർമ്മാണച്ചെലവ് കുറയ്ക്കുകയും കേൾവിയുടെ ഗുണനിലവാരം രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തു. കേവലമൊരു ആസ്വാദന ഉപാധി എന്നതിനപ്പുറം കഥപറച്ചിലിനെ സഹായിക്കുന്ന ശക്തമായൊരു മാധ്യമമായും, കോടികളുടെ ബിസിനസ്സ് സാധ്യതയുള്ള വലിയ മാർക്കറ്റിംഗ് ടൂളായും മലയാള ചലച്ചിത്രഗാനങ്ങൾ പരിണമിച്ചിരിക്കുന്നു.എല്ലാ മാറ്റങ്ങൾക്കിടയിലും മരണമെത്തുന്ന നേരത്ത...', ആരാധികേ...', 'ആകാശമായവളേ...' പോലുള്ള ഗാനങ്ങൾ കാലാതീതമായി, പ്രായാതീതമായി പ്രിയതാരമായി നിലനിൽക്കുന്നു.

അതിവേഗ ബീറ്റുകളിലേക്കും ലിറിക്കൽ വീഡിയോകളിലേക്കും റാപ്പ്/ഹിപ്-ഹോപ്പ് ശൈലികൾക്കുമുള്ള ചലച്ചിത്രഗാനങ്ങളുടെ മാറ്റങ്ങൾക്കിടയിൽ ആസ്വാദനത്തിന്റെ ഭാവാനുഭവതലം പൂർണ്ണമായി ചോർന്നുപോവാതെ ചലച്ചിത്രത്തിന്റെ സമഗ്രാനുഭവത്തെ സമ്പന്നാക്കുന്നുണ്ടൊ എന്ന ആശങ്ക പല കോണുകളിൽനിന്നും ഉയരുന്നുണ്ട്.

കേൾവിശീലങ്ങളിൽ പതിറ്റാണ്ടുകളോളം നിലനിന്നിരുന്ന പാട്ടുകൾ സോഷ്യൽ മീഡിയ റീൽസ് ട്രെൻഡുകൾ മാറുന്നതിനതിനൊപ്പം പെട്ടെന്ന് വിസ്മൃതിയിലേക്ക് മറയുന്നുണ്ടോ എന്ന ചോദ്യവും പ്രസക്തമാണ്. റെക്കോർഡിങ് സാങ്കേതികവിദ്യയിലെ സമഗ്രമാറ്റങ്ങൾക്കിടയിൽ ലൈവ് ഇൻസ്ട്രുമെന്റ്സ് വായിക്കുന്ന പരമ്പരാഗത വാദ്യകലാകാരന്മാരുടെ സാന്നിധ്യംകൂടി ഉറപ്പുവരുത്തി പാട്ടുകൾക്ക് ജീവസ്സുറ്റ ജൈവികതയും ചലച്ചിത്ര നിർമ്മാണ പ്രക്രിയക്ക് സാമൂഹിക പ്രതിബദ്ധതും നൽകാനാകുമോ എന്നതാണ് മറ്റൊരു ചോദ്യം.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുള്ള വരുമാന വികേന്ദ്രീകരണം നടക്കുമ്പോൾ അതിന്റെ യഥാർത്ഥ ഗുണഫലം ഗാനരചയിതാക്കൾക്കും സംഗീതജ്ഞർക്കുംകൂടി ഉറപ്പാക്കാനുള്ള നിയമ വിതരണ സംവിധാനങ്ങൾ മറ്റൊരു വെല്ലുവിളിയാണ്.

## തുടർ വായന


അജിത് കുമാർ, എ എസ് (2020), കേൾക്കാത്ത ശബ്ദങ്ങൾ: പാട്ട് ശരീരം ജാതി, അദർ ബുക്സ്, കോഴിക്കോട്.

ദിവാകരൻ, ആർ വി എം (2016), സിനിമയും സംഗീതവും, (സിനിമ സാങ്കേതികതയും സംസ്കാരവും എഡി. ഷീബ എം കുര്യൻ കേരള സർവകലാശാല പ്രകാശന വിഭാഗം, തിരുവനന്തപുരം), പുറം193-207.

മീനാക്ഷി, സി എസ് (2024), പെൺപാട്ടുതാരകൾ; മലയാള സിനിമാപ്പാട്ടുകളിലെ പെണ്ണാവിഷ്കാരങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

രമേശ് ഗോപാലകൃഷ്ണൻ (2012), ജനപ്രിയ സംഗീതം, ഡിസി ബുക്സ്, കോട്ടയം.

രമേശ് ഗോപാലകൃഷ്ണൻ (2015), ജനകീയ സംഗീത വിചാരങ്ങൾ മാതൃഭൂമി ബുക്സ് കോഴിക്കോട്.

ശശി, കെ വി (2012), മലയാള ചലച്ചിത്രഗാനം: കാമന ശരീരം ദേശം, എൻ ബി എസ്, കോട്ടയം.



**കെജെ യേശുദാസിൻറെ ശബ്ദം അനുകരിക്കുന്നവരുടെ ഒരു വൻ നിര വളരെക്കാലമായി നാം കണ്ടുവരുന്ന വസ്തുതയാണ്. കൊല്ലം അഭിജിത്ത്, കൊല്ലം രാജ് മോഹൻ, സുമേഷ് അയിരൂർ, വിൽസ്വരാജ് തുടങ്ങി യേശുദാസിനെ കൃത്യമായി അനുകരിക്കുന്ന മിടുക്കരായ ഗായകർ ഇന്ന് നിരവധിയാണ്.**

# അപര ഗന്ധർവ ഗായകർ

എന്റെ സംഗീത വഴികൾ – 18

എസ് രാജേന്ദ്ര ബാബു

മിമിക്രി കലാകാരന്മാരുടെ പെരുമഴക്കാലമാണ് ഇപ്പോൾ. സിനിമാ നടന്മാരെയും രാഷ്ട്രീയ നേതാക്കളെയും ഇരകളാക്കി ഇവർ അരങ്ങ് തകർക്കുന്നു. സത്യനും പ്രേംനസീറും മമ്മൂട്ടിയും മോഹൻലാലും ലാലു അലക്സും വിഎസ് അച്യുതാനന്ദനും പിണറായി വിജയനും ഉമ്മൻചാണ്ടിയുമൊക്കെ മിമിക്രിക്കാരുടെ കൈകളിൽ ഞെരിഞ്ഞമരുന്നതു കണ്ട് പ്രേക്ഷകർ ആർത്തു ചിരിക്കുന്നു.

മിമിക്രിക്കാരുടെ പ്രകടനമാണോ ഇപ്പോഴത്തെ നേതാക്കളുടെയും സിനിമാക്കാരുടെയും അവസരവാദപരമായ നിലപാ



യേശുദാസ്



മാർക്കോസ്

ടുകളാണോ മികച്ച തമാശ എന്ന കാര്യത്തിലേ ജനങ്ങൾക്ക് ആശയക്കുഴപ്പമുള്ളു. കെജെ യേശുദാസിൻറെ ശബ്ദം അനുകരിക്കുന്നവരുടെ ഒരു വൻനിര വളരെക്കാലമായി നാം കണ്ടുവരുന്ന വസ്തുതയാണ്. കൊല്ലം അഭിജിത്ത്, കൊല്ലം രാജ്മോഹൻ, സുമേഷ് അയിരൂർ, വിൽസ്വരാജ് തുടങ്ങി യേശുദാസിനെ കൃത്യമാ



നടേശ് ശങ്കർ

യി അനുകരിക്കുന്ന മിടുക്കരായ ഗായകർ ഇന്ന് നിരവധിയാണ്. കെജി മാർക്കോസ് ആണ് യേശുദാസിൻറെ ശബ്ദം അനുകരിച്ച് ശ്രദ്ധേയരായവരിൽ പ്രമുഖൻ.

അദ്ദേഹത്തിൻറെ ശ്രദ്ധിക്കപ്പെട്ട ഗാനങ്ങൾ നിരവധിയുണ്ട്. ചലച്ചിത്ര രംഗത്ത് അധികം തിളങ്ങാനായില്ലെങ്കിലും ഗാനമേള വേദികളിലും ഭക്തിഗാന രംഗത്തും വർഷങ്ങളായി അദ്ദേഹം ശ്രോതാക്കളുടെ ആരാധനാ പാത്രമാണ്.

ദിവസവും ഒരു പുതിയ യേശുദാസിനെ അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി തന്നെ ഇടക്കാലത്ത് ഒരു ചാനൽ ആരംഭിച്ചിരുന്നു. പുതിയ ഗായകരെല്ലാം യേശുദാസിനൊപ്പമോ അദ്ദേഹത്തെക്കാൾ മുന്നിലോ നിൽക്കുന്നവരായി അവതാരകരും സദസ്സും മറ്റ് ബന്ധുമിത്രാദികളും പ്രഖ്യാപിക്കുമ്പോൾ അത് പ്രേക്ഷകർ അംഗീകരിച്ചതായി ബോധ്യപ്പെടുത്താനായി നേരത്തേ ചിത്രീകരിച്ചു വച്ച കരഘോഷത്തിൻറെ പിൻബലവും ഉപയോഗപ്പെടുത്തിയിരുന്നു.

എന്നാൽ യേശുദാസിനു തുല്യമായി മറ്റൊരു ഗായകൻ ഉള്ളതായി ഗായകരോ സംഗീത സംവിധായകരോ മറ്റ് സംഗീത പ്രവർത്തകരോ ഇതുവരെ എവിടെയും കണ്ടെത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.



ദിനേശ്

**ദിവസവും ഒരു പുതിയ യേശുദാസിനെ അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി തന്നെ ഇടക്കാലത്ത് ഒരു ചാനൽ ആരംഭിച്ചിരുന്നു. പുതിയ ഗായകരെല്ലാം യേശുദാസിനൊപ്പമോ അദ്ദേഹത്തെക്കാൾ മുന്നിലോ നിൽക്കുന്നവരായി അവതാരകരും സദസ്സും മറ്റ് ബന്ധുമിത്രാദികളും പ്രഖ്യാപിക്കുമ്പോൾ അത് പ്രേക്ഷകർ അംഗീകരിച്ചതായി ബോധ്യപ്പെടുത്താനായി നേരത്തേ ചിത്രീകരിച്ചു വച്ച കരഘോഷത്തിൻറെ പിൻബലവും ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ യേശുദാസിനു തുല്യമായി മറ്റൊരു ഗായകൻ ഉള്ളതായി ഗായകരോ സംഗീതസംവിധായകരോ മറ്റ് സംഗീത പ്രവർത്തകരോ ഇതുവരെ എവിടെയും കണ്ടെത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം**

യേശുദാസിന് മികവിലും എണ്ണത്തിലും ഏറ്റവുമധികം ഗാനങ്ങൾ നൽകിയത് സംഗീത സംവിധായകൻ ദേവരാജൻ മാസ്റ്ററാണ്. മലയാളത്തിലെ ഏറ്റവും മികച്ച ഗായകൻ ആരാണെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ അദ്ദേഹം എനിക്ക് നൽകിയ മറുപടി ഇങ്ങനെ: സംശയമെന്ത്? ഒന്നാമൻ യേശുദാസ് തന്നെ. അതിനർത്ഥം രണ്ടാമൻ ഉണ്ടെന്നല്ല.

രണ്ടാമനും മൂന്നാമനും ഒന്നുമില്ല. പിന്നെ പത്താമനേ ഉള്ളു. അതു പറയുമ്പോൾ അക്ഷരസ്ഫുടതയും ഉച്ചാരണശുദ്ധിയും ആലാപന മികവും ഭാവഗരിമയുമെല്ലാം ആർജിക്കുന്നതിൽ യേശുദാസിനെ നിരന്തരമായി പരിശീലിപ്പിച്ച മാസ്റ്ററുടെ വാക്കുകളിൽ സംതൃപ്തിയുടെ നിറവ്.

വർഷങ്ങൾക്കു മുമ്പ് തിരുവനന്തപുരത്തെ തരംഗിണി സ്റ്റുഡിയോയിൽ സംഗീത സംവിധായകൻ രവീന്ദ്രൻ യേശുദാസിനെ കാത്തിരിക്കുകയായിരുന്നു. ചില അവിചാരിത കാരണങ്ങളാൽ യേശുദാസിന് എത്തിച്ചേരാനായില്ല.

യേശുദാസിനെപ്പോലെ പാടുന്ന ഒരാളെ ഞാൻ തരാം,? നിർമ്മാതാക്കളിൽ ഒരാൾ ആവേശത്തോടെ അറിയിച്ചു. യേശുദാസിനെപ്പോലെ പാടുന്ന മറ്റൊരാളോ! രവീന്ദ്രൻ അത്ഭുതപ്പെട്ടു. ഏകദേശം ഒരു മണിക്കൂറിനു ശേഷം ഒരാൾ അകലെ നിന്ന് സ്റ്റുഡിയോയിലേക്ക് കടന്നു വരുന്നത് രവീന്ദ്രൻ ശ്രദ്ധിച്ചു. ശുഭ്രവസ്ത്രധാരി, യേശുദാസിൻറെ അതേ നടപ്പും ഭാവവും.

ചെരുപ്പിൻറെയും വാച്ചിൻറെയും സ്ട്രാപ്പ് വരെ തൂവെള്ള, രവീന്ദ്രൻ അന്തംവിട്ട് നോക്കിനിന്നു. നവാഗതൻറെ കുശലാന്വേഷണം കൂടിയായപ്പോൾ രവീന്ദ്രൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. സംഭാഷണ ശൈലി പോലും യേശുദാസിനെപ്പോലെ. പക്ഷെ പാട്ട് പഠിക്കാൻ തുടങ്ങിയപ്പോൾ പൂച്ച പുറത്ത്!

രവീന്ദ്രൻ പാട്ടിൻറെ പല്ലവി പലതവണ ആവർത്തിച്ചു പാടിയിട്ടും ഗായകൻ ശബ്ദിച്ചില്ല.

ഒരു വരിപോലും മുന്നോട്ട് നീങ്ങുന്നില്ല. മദിരാശിയിലേക്കുള്ള തൻറെ ഫ്ളൈറ്റ് മുടങ്ങുമെന്ന ഘട്ടമായപ്പോൾ രവീന്ദ്രൻ തന്നെ ട്രാക്ക് പാടിവച്ച് സ്ഥലംവിട്ടു. പക്ഷെ ഒരുകാര്യം ഗായകനെ ഓർമ്മിപ്പിക്കാൻ അദ്ദേഹം മറന്നില്ല.

– യേശുദാസിൻറെ ചലനങ്ങളും വസ്ത്രധാരണവും സംഭാഷണ ശൈലിയുമൊക്കെ പകർത്താൻ തങ്കൾ വർഷങ്ങൾ മെനക്കെട്ടിട്ടു ണ്ടാവും.

ഇതിൽ ഒരു വർഷമെങ്കിലും ഗു രുമുഖത്തു നിന്ന് സംഗീതം ചിട്ട യായി അഭ്യസിച്ചിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല ല്ലോ. കോടമ്പാക്കത്തെ ഹോളിവു ഡ് ഹോട്ടലിനു മുന്നിലെ പതിവു സായാഹ്ന കൂടിക്കാഴ്ചകളിൽ ഒരി ക്കൽ രവീന്ദ്രൻ പങ്കുവച്ചതാണ് അദ്ദേഹത്തിൻറെ ഈ അനുഭവം.

സംഗീതം ഇഷ്ടപ്പെടുന്നവരെ രണ്ട് വിഭാഗമായി തരംതിരിക്കാം – ശ്രോതാക്കളും ആസ്വാദക രും. ഒരു പാട്ട് കേട്ടിട്ട് കൊള്ളാം എന്നോ കൊള്ളില്ല എന്നോ സാമാ ന്യമായി അഭിപ്രായം പറയുന്നവ രെ ശ്രോതാക്കൾ ആയി കാണാം. സംഗീതം വളരെ ഇഷ്ടമാണെന്ന് ഇക്കൂട്ടർ തുറന്നു പറയും പക്ഷെ പാട്ടിനെ കുറിച്ച് ഒന്നോ രണ്ടോ വാക്കുകൾക്കപ്പുറം ഒന്നും പറ യാൻ അവർക്ക് കഴിയില്ല.

പാട്ട് കേട്ടിട്ട് വരികളുടെ അർത്ഥതലവും ഈണത്തിൻ റെ പ്രത്യേകതകളും ആലാപ നത്തിൻറെ സൗകുമാര്യവും ഭാവതീവ്രതയും സൂക്ഷ്മമായി വിലയിരുത്തി അഭിപ്രായം പറയു ന്നവരെ ആസ്വാദകർ ആയി പരിഗണിക്കാം. സംഗീതം ഇഷ്ട പ്പെടുന്നവരിൽ മഹാഭൂരിപക്ഷവും ശ്രോതാക്കളാണ്. ഇത്തരം ശ്രോ താക്കളുടെ പ്രോത്സാഹനത്തോ ടെയാണ് യേശുദാസിനെപ്പോലെ പാടുന്ന അപരന്മാർ രംഗപ്രവേശം ചെയ്യുന്നത്. ഇത്തരം പാട്ടുകാരോ പ്രോത്സാഹനം നൽകുന്നവരോ സംഗീതത്തെ ഗൗരവമായി സമീ പിക്കാൻ അറിയാത്തവരാണ്.

അപരന്മാരിൽ തന്നെ മൂന്നു വിഭാഗമുണ്ട്. യേശുദാസിൻറെ ആദ്യകാല ഗാനങ്ങൾ പാടുന്ന വർ, യേശുദാസിൻറെ ശബ്ദസൗന്ദ ര്യം ഏറ്റവും മികച്ചു നിന്ന മധ്യ കാല ഗായകർ, ഏറ്റവും ഒടുവിൽ ഇന്നത്തെ യേശുദാസിനെ അനു കരിക്കുന്നവർ. ഒടുവിലത്തെ വിഭാ ഗം യുവാക്കളാണെങ്കിലും അവരു ടെ ആലാപനത്തിൽ വാർദ്ധക്യം ബാധിച്ചിരിക്കും.

സംഗീതം അടിസ്ഥാനപരമായി അഭ്യസിക്കുകയോ വേണ്ടത്ര പരി ശീലിക്കുകയോ ചെയ്യാത്തവർക്ക് യേശുദാസിൻറെ സമീപത്ത് പോലും എത്തിച്ചേരാനാകില്ല. അപക്വമായ ശബ്ദാനുകരണം മാ ത്രമാകും ഇവരുടെ കൈമുതൽ. ഗാനത്തിൻറെ സൂക്ഷ്മതലങ്ങൾ അവർ മനസ്സിലാക്കുക പോലു മില്ല.

യേശുദാസ് അര മണിക്കൂറിൽ സ്റ്റുഡിയോയിൽ പാടിത്തീർ ക്കുന്ന ഗാനങ്ങൾ മാസങ്ങളോളം ആവർത്തിച്ച് കേട്ട് അപൂർണമായി അനുകരിക്കുന്നവർക്ക് എങ്ങനെ മറ്റൊരു യേശുദാസാകാൻ കഴി യും? ആത്മപരിശോധനയ്ക്കു പോലും വിധേയരാകാതെ ശ്രോ താക്കളുടെ പ്രോത്സാഹനത്തിൽ പ്രാദേശികമായി മിന്നിമറയാൻ മാത്രമാണ് ഇവരുടെ വിധി. വർഷ ങ്ങൾ നീണ്ട സംഗീത തപസ്സുകൊ ണ്ട് ആർജിച്ച യേശുദാസിൻറെ ശബ്ദഗാംഭീര്യവും സംഗീതാവ ബോധവും ആലാപന ശുദ്ധിയും കൃത്യതതയും കേവലം ശബ്ദസാ മീപ്യം കൊണ്ട് തുല്യത ചാർ ത്തിക്കിട്ടാൻ ആഗ്രഹിക്കുന്നത് സൂര്യഗ്രഹണത്തോട് പോലും ഉപമിക്കാനാകാത്ത മൗഢ്യമാണ്.

ദേവരാജൻ മാസ്റ്റർ ഒരിക്കൽ നടത്തിയ താരതമ്യം ഇവിടെ പ്രസക്തമാണ് – മഴ പെയ്തൊ ഴിഞ്ഞ നിലത്ത് മണ്ണിര ഇഴഞ്ഞ വരകൾ കണ്ടാൽ സ, രി, ഗ, മ എന്നൊക്കെ എഴുതിയ പോലെ കാണുന്നവർക്ക് തോന്നും. പക്ഷെ ആ യാഥാർത്ഥ്യം മണ്ണിര അറിയു ന്നില്ലല്ലോ.

കോടമ്പാക്കത്തെ സ്റ്റുഡിയോ കളിൽ മിക്ക ദിവസങ്ങളിലും കേ രളത്തിൽ നിന്ന് യേശുദാസിൻറെ അപരന്മാർ കയറിയിറങ്ങുന്നത് കാണാനായിട്ടുണ്ട്.

എവിഎം സി തിയേറ്ററിൽ രവീ ന്ദ്രൻ മാസ്റ്ററുടെ ഒരു റെക്കോഡി

**യേശുദാസിന് മികവിലും എണ്ണ ത്തിലും ഏറ്റവുമധികം ഗാനങ്ങൾ നൽകിയത് സംഗീത സംവിധാ യകൻ ദേവരാജൻ മാസ്റ്ററാണ്. മലയാളത്തിലെ ഏറ്റവും മികച്ച ഗായകൻ ആരാണെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ അദ്ദേഹം എനിക്ക് നൽകിയ മറുപടി ഇങ്ങനെ: സം ശയമെന്ത്? ഒന്നാമൻ യേശുദാസ് തന്നെ. അതിനർത്ഥം രണ്ടാമൻ ഉണ്ടെന്നല്ല. രണ്ടാമനും മൂന്നാമ നും ഒന്നുമില്ല. പിന്നെ പത്താമനേ ഉള്ളു.**



അഭിജിത്ത്



രാജ്മോഹൻ



**സുമേഷ് അയിരൂർ**



**വിൽസ്വരാജ്**

ങ്ങിന് സിഒ ആൻറോയും നടേഷ് ശങ്കറും തൃശൂർ റാഫിയും ഞാനുമടങ്ങുന്ന കോറസ് സംഘം ഒരു പാട്ടിൻറെ റിഹേഴ്സൽ കഴിഞ്ഞ് വിശ്രമിക്കുമ്പോൾ രവീന്ദ്രൻ ഒരു പുതിയ ഗായകനെ പരിചയപ്പെടുത്തി.

വളരെ വിനയാന്വിതനായി ആഗതൻ ഞങ്ങൾക്കു മുന്നിലിരുന്നു. അദ്ദേഹത്തോട് ഒരു പാട്ട് പാടാൻ രവിയേട്ടൻ ആവശ്യപ്പെട്ടു. ഏഴു സ്വരങ്ങളും തഴുകി വരുന്നൊരു ഗാനം എന്ന പാട്ടാണ് അദ്ദേഹം പാടിയത്. ഏകദേശ രൂപം ഉണ്ടെന്നല്ലാതെ പാട്ട് കൃത്യമായി പാടി എന്ന് പറയാനാകില്ല.

പുതിയ ഗായകൻ പാടിക്കഴിഞ്ഞപ്പോൾ നടേഷ് ശങ്കറിനോട് ഒരു പാട്ട് പാടാൻ രവിയേട്ടൻ നിർദ്ദേശിച്ചു. പ്രമദവനം വീണ്ടും എന്ന ഗാനം അണുകിട വ്യത്യാസമില്ലാതെ നടേശൻ പാടി. യേശുദാസിൻറെ നൂറു കണക്കിന് പാട്ടുകൾക്ക് ട്രാക്ക് പാടിയ ഗായകനാണ് നടേഷ് ശങ്കർ.

ഇത്രയും ഭംഗിയായി പാടാൻ കഴിവുള്ള ഒരു ഗായകൻ കോറസും ട്രാക്കും പാടി പുതിയ അവസരം കാത്തിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഒരുവിധം പാടുന്ന ഒരാൾക്ക് എങ്ങനെ അവസരം ലഭിക്കും, രവീന്ദ്രൻ ചോദിച്ചു.

കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയ കമ്മിറ്റി (2018) ഒരു നവാഗത ഗായകൻറെ ശബ്ദം

**അപരന്മാരിൽ തന്നെ മൂന്നു വിഭാഗമുണ്ട്. യേശുദാസിൻറെ ആദ്യകാല ഗാനങ്ങൾ പാടുന്നവർ, യേശുദാസിൻറെ ശബ്ദസൗന്ദര്യം ഏറ്റവും മികച്ചു നിന്ന മധ്യകാല ഗായകർ, ഏറ്റവും ഒടുവിൽ ഇന്നത്തെ യേശുദാസിനെ അനുകരിക്കുന്നവർ. ഒടുവിലത്തെ വിഭാഗം യുവാക്കളാണെങ്കിലും അവരുടെ ആലാപനത്തിൽ വാർദ്ധക്യം ബാധിച്ചിരിക്കും. സംഗീതം അടിസ്ഥാനപരമായി അഭ്യസിക്കുകയോ വേണ്ടത്ര പരിശീലിക്കുകയോ ചെയ്യാത്തവർക്ക് യേശുദാസിൻറെ സമീപത്ത് പോലും എത്തിച്ചേരാനാകില്ല. അപക്വമായ ശബ്ദാനുകരണം മാത്രമാകും ഇവരുടെ കൈമുതൽ. ഗാനത്തിൻറെ സൂക്ഷ്മതലങ്ങൾ അവർ മനസ്സിലാക്കുക പോലുമില്ല. യേശുദാസ് അര മണിക്കൂറിൽ സ്റ്റുഡിയോയിൽ പാടിത്തീർക്കുന്ന ഗാനങ്ങൾ മാസങ്ങളോളം ആവർത്തിച്ച് കേട്ട് അപൂർണമായി അനുകരിക്കുന്നവർക്ക് എങ്ങനെ മറ്റൊരു യേശുദാസാകാൻ കഴിയും?**

യേസുദാസിൻറേതാണെന്നു തെറ്റിദ്ധരിച്ച് യേശുദാസിന് അവാർഡ് നിശ്ചയിച്ച അനുഭവമുണ്ട്. കൊല്ലം അഭിജിത്താണ് പാടിയതെന്ന് പിന്നീട് തിരിച്ചറിഞ്ഞ അവാർഡ് കമ്മിറ്റി തീരുമാനം മാറ്റി.

പുതിയ ഗായകന് അവാർഡ് നൽകിയതുമില്ല. ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടി ചിത്രത്തിൻറെ സംവിധായകൻ പിന്നീട് പ്രതികരിച്ചിരുന്നു. ഇത് വിചിത്രവും അപഹാസ്യവുമാണ്. ഉണ്ണിമേനോൻറെ ഒരു ഗാനം യേശുദാസാണ് പാടിയതെന്ന് തെറ്റിദ്ധരിച്ച് സംസ്ഥാന അവാർഡ് യേശുദാസിന് നൽകിയെന്ന വാർത്തയും മുമ്പ് പ്രചരിച്ചിരുന്നു.

ശബരിമലയിലെ ഹരിവരാസനം ഉറക്ക്പാട്ടിനെ ചൊല്ലി വിവാദങ്ങൾ ഉണ്ടായപ്പോൾ അപരന്മാരുടെ ഒരു നിരതന്നെ ഹരിവരാസനം വീണ്ടും പാടിക്കൊണ്ട് രംഗത്തു വന്നു.

യേശുദാസ് വീണ്ടും പാടിയതാണെന്നാണ് ശ്രോതാക്കളെല്ലാം തെറ്റിദ്ധരിച്ചത്. യേശുദാസ് പാടിവച്ച മനോഹര ഗാനങ്ങൾ അദ്ദേഹത്തിൻറെ ചിത്രം സഹിതം കവർ വെർഷൻ എന്ന പേരിൽ അപനിർമ്മിതികൾ ഇറക്കി വികലമാക്കുകയാണ് അപര ഗന്ധർവന്മാരുടെ മറ്റൊരു ക്രൂരവിനോദം.

എന്നാൽ കൃത്യതയോടെ ഭംഗിയായി യേശുദാസിൻറെ ഗാനങ്ങൾ ആലപിക്കുന്ന ഗായകർക്ക് യേശുദാസിൻറെ ശബ്ദവുമായി സാമ്യമുള്ളതു കൊണ്ട് മാത്രമാണ് അർഹിക്കുന്ന അംഗീകാരം ലഭിക്കാതെ പോകുന്നത്.

മികച്ച ഗായകനും സൗണ്ട് ഡിസൈനറുമാണ് ദിനേശ് (വൈശാലി). ആദ്യകാലത്ത് അദ്ദേഹത്തിൻറെ ആലാപനത്തിൽ മുഹമ്മദ് റാഫിയുടെയും യേശുദാസിൻറെയും സ്വാധീനം കണ്ടെത്തിയ യേശുദാസ് ദിനേശിനെ ഉപദേശിച്ചു - തുടക്കകാലത്ത് ഞാനും ബാലുവും (എസ്പി ബാലസുബ്രഹ്മണ്യം) റാഫി സാബിനെ അനുകരിച്ചിരുന്നു.

പിന്നീട് ഞങ്ങൾ ആ ശീലം ഉപേക്ഷിച്ചു. സ്വന്തം ശബ്ദമില്ലെങ്കിൽ നമുക്ക് നിലനിൽപില്ല.



**ആന്റോ ,റാഫി ,നടേശ് ശങ്കർ ,ദേവരാജൻ ,അർജുനൻ ,രാജേന്ദ്ര ബാബു**

നീയും സ്വന്തം ശബ്ദത്തിൽ പാടി ശീലിക്കണം. പിൽക്കാലത്ത് യേശുദാസിൻറെയും റാഫിസാബിൻറെയും കിഷോർദായുടെയും എത്രയോ ഗാനങ്ങൾ സ്വന്തം ശബ്ദത്തിൽ ദിനേശ് പാടി മനോഹരമാക്കിയിരിക്കുന്നു. മികച്ച ഗായകനാണെങ്കിലും ആലാപനത്തേക്കാൾ സൗണ്ട് ഡിസൈനിംഗിലാണ് ദിനേശ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്.

വളരെ ചുരുക്കമായെങ്കിലും പി ജയചന്ദ്രൻറെയും എംജി ശ്രീകുമാറിൻറെയും അപരന്മാരും രംഗത്തില്ലാതില്ല. ഗായികമാരുടെ അപരശബ്ദങ്ങളും ധാരാളമായി കാണാം. എന്നാൽ ഉത്സവപ്പറമ്പുകൾക്കും കവർ വെർഷനുകൾക്കുമപ്പുറം ഈ അപര ഗായകർ വളർന്നു പടരുന്നത് കാണാനാവുന്നില്ല.

ശ്രാന്തമംബരം നിദാഘോഷ്മള സ്വപ്നാക്രാന്തം താന്തമാരബ്ധക്ലേശ രോമന്ഥം മമ സ്വാന്തം രാമു കാര്യാട്ടിൻറെ സംവിധാനത്തിൽ 1970 – ൽ പുറത്തു വന്ന അഭയം എന്ന ചിത്രത്തിനു വേണ്ടി മഹാകവി ജി ശങ്കരക്കുറുപ്പ് സംസ്കൃതത്തിൽ രചിച്ച ഈ കടുകട്ടി രചനയ്ക്ക് വി ദക്ഷിണാമൂർത്തി സ്വാമി പട്ടു പോലത്തെ ഈണം ചമച്ചപ്പോൾ വെണ്ണ പോലെ മൃദുവായി ആലപിച്ച് ആസ്വാദക ഹൃദയങ്ങളിൽ അമൃതധാരയായി പെയ്തിറങ്ങിയ ഗാനം കേട്ട് മഹാകവിയാണ് ആദ്യമായി യേശുദാസിനെ ഗന്ധർവൻ എന്ന് സംബോധന ചെയ്തത്.

> **ശബരിമലയിലെ ഹരിവരാസനം ഉറക്ക്പാട്ടിനെ ചൊല്ലി വിവാദങ്ങൾ ഉണ്ടായപ്പോൾ അപരന്മാരുടെ ഒരു നിരതന്നെ ഹരിവരാസനം വീണ്ടും പാടിക്കൊണ്ട് രംഗത്തുവന്നു. യേശുദാസ് വീണ്ടും പാടിയതാണെന്നാണ് ശ്രോതാക്കളെല്ലാം തെറ്റിദ്ധരിച്ചത്. യേശുദാസ് പാടിവച്ച മനോഹര ഗാനങ്ങൾ അദ്ദേഹത്തിൻറെ ചിത്രം സഹിതം കവർ വെർഷൻ എന്ന പേരിൽ അപനിർമ്മിതികൾ ഇറക്കി വികലമാക്കുകയാണ് അപര ഗന്ധർവന്മാരുടെ മറ്റൊരു ക്രൂരവിനോദം. വളരെ ചുരുക്കമായെങ്കിലും പി ജയചന്ദ്രൻറെയും എംജി ശ്രീകുമാറിൻറെയും അപരന്മാരും രംഗത്തില്ലാതില്ല. ഗായികമാരുടെ അപരശബ്ദങ്ങളും ധാരാളമായി കാണാം. എന്നാൽ ഉത്സവപ്പറമ്പുകൾക്കും കവർ വെർഷനുകൾക്കുമപ്പുറം ഈ അപര ഗായകർ വളർന്നു പടരുന്നത് കാണാനാവുന്നില്ല.**

കാലത്തിന് മായ്ക്കാനാകാത്ത സമുന്നതമായ അംഗീകാരം. യേശുദാസ് എന്ന ഗായകൻ ദശാബ്ദങ്ങൾ നീണ്ട ഉപാസന കൊണ്ട് അദ്ദേഹത്തിൻറെ മഹത്തായ സംഭാവനകൾ നമുക്ക് നൽകിക്കഴിഞ്ഞു.

ശബ്ദസാമീപ്യം കൊണ്ടുമാത്രം ആ അനുഗൃഹീത ഗായകനോട് ഒപ്പം നിൽക്കാൻ കഴിയുമെന്ന മൂഢവിശ്വാസം വെടിഞ്ഞ് നൂതനമായ ആസ്വാദന തലങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തിയുള്ള ഗായകരെയാണ് ഇനി സംഗീതലോകത്തിന് ആവശ്യം.



'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com

വി.ജെ. ജെയിംസ്

# കള്ളനുമുണ്ട് ഒരു ദൈവം; അക്ഷരത്തിനുമുണ്ട് ശക്തി

ഒ.വി. വിജയന് ശേഷം തത്വചിന്തയുടെ ഗഹനത ജനകീയ നോവലാക്കുന്ന അപൂർവ സിദ്ധിയുള്ള എഴുത്തുകാരനാണ് വി.ജെ. ജെയിംസ്. ആഴമായ ചിന്താസരണിയെ നിത്യജീവിതവുമായി ബന്ധിപ്പിക്കുകയും പുതിയ അർത്ഥതലങ്ങൾ നൽകുകയും ചെയ്യുന്ന എഴുത്തുകാരൻ. മതത്തിനും വിശ്വാസങ്ങൾക്കും അപ്പുറമുള്ള അന്വേഷി....

അക്ഷരത്തിനു ശക്തിയുണ്ടെന്നു ജെയിംസ് പറയുന്നു. താൻ എഴുതിയ കൃതികളൊക്കെ സ്വന്തം കാലിൽ സഞ്ചരിച്ചവയാണ്. ആരും പൊക്കിവിടുകയോ പബ്ലിസിറ്റിയുടെയും അവാർഡുകളുടെയും ബലത്തിൽ ജനശ്രദ്ധ നേടുകയോ ചെയ്തവയല്ല. വാഷിങ്ങ്ടൺ ഡി.സി എന്ന കഥ എഴുതിയിരുന്നു. ഇപ്പോഴിതാ ഡിസിയിൽ എത്തിയിരിക്കുന്നു. ലൈക്ക എന്ന നോവൽ റഷ്യയെപ്പറ്റിയാണ്. പിന്നീടവിടെ പോയി. നല്ല കൃതികൾ ജനം വായിക്കുക തന്നെ ചെയ്യും

ക്രിയേറ്റിവിറ്റിക്ക് പ്രായം ഒരു പ്രശ്നമല്ലെന്ന് അദ്ദേഹത്തിന്റെ പക്ഷം.

ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) സമ്മേളനത്തിനെത്തിയ അദ്ദേഹവുമായി ലാന സെക്രട്ടറി നിർമ്മല ജോസഫിന്റെ വസതിയിൽ ജോർജ് ജോസഫ് നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്.



**ചോദ്യം: ആദ്യത്തെ അമേരിക്കൻ സന്ദർശനം ആണല്ലോ. സങ്കല്പത്തിലുള്ള അമേരിക്കയും നേരിട്ട് കണ്ടപ്പോഴുള്ള അമേരിക്കയും തമ്മിലുള്ള വ്യത്യാസം എന്താണ്?**

വന്നിട്ട് രണ്ടു മൂന്നു ദിവസമേ ആയുള്ളൂ. ന്യൂയോർക്ക് സിറ്റിയിൽ പുറത്തേക്ക് ഇറങ്ങിയപ്പോൾ നമ്മുടെ ഡൽഹിയിലോ അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിലോ എത്തിയ ഫീൽ മാത്രമേ ആദ്യം കിട്ടിയുള്ളൂ. കിട്ടിയ സമയം കൊണ്ട് വേൾഡ് ട്രേഡ് സെന്ററിലെത്തി. അവിടെ നിൽക്കുമ്പോൾ ഒരുപാട് ചേതോവികാരങ്ങൾ നമ്മളെ ബാധിക്കും. ടിവിയിലൂടെ ഒക്കെ കാണുകയും വല്ലാതെ നമ്മളെ അലട്ടുകയും ചെയ്ത പ്രദേശം. മെമ്മോറിയലിൽ ബന്ധുക്കളാവണം വന്ന് പുഷ്പങ്ങൾ വെച്ചു മൗനമായി നിൽക്കുന്നതൊക്കെ കാണുമ്പോൾ നമ്മുടെ ഉള്ളിൽ ഉണ്ടാകുന്നത് വലിയ വികാര തരംഗം തന്നെ.

**എഴുത്തിന് ശക്തി ഉണ്ടെങ്കിൽ അത് സ്വയം സഞ്ചരിക്കും എന്നു ഞാൻ കരുതുന്നു . അതുകൊണ്ടാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്. പുതിയ കാലഘട്ടത്തിൽ സ്വയം പ്രൊജക്ട് ചെയ്യാൻ നിന്നു കൊടുക്കുകയും അതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്താൽ മാത്രമേ പുസ്തകവും ആൾക്കാരും കൂടുതലായി പെട്ടെന്ന് ശ്രദ്ധിക്കുകയുള്ളൂ.**

എങ്ങനെ ഞാൻ ഇവിടെ എത്തുന്നു എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം അക്ഷരത്തിന്റെ പ്രവർത്തനമാണ്. അക്ഷരമാണ് സൂക്ഷ്മമായിട്ട് ഈ പ്രവർത്തികൾ എല്ലാം നടത്തുന്നത്, എഴുതിക്കുന്നതും. ആ എഴുത്തിന്റെ ഫലമായിട്ടാണല്ലോ ഇവിടെ എത്തിച്ചേർന്നത്. അല്ലാതെ വേറെ ഒന്നുമല്ല. മലയാളത്തിലാണ് എഴുതുന്നതെങ്കിൽ പോലും അതിന്റെ സൂക്ഷ്മശക്തി ഒന്നാണ്. സൂക്ഷ്മത്തിൽ നിന്ന് സ്ഥൂലത്തിലേക്ക് വരുമ്പോഴാണ് വ്യത്യസ്ത ഭാഷകളായിട്ട് തോന്നുന്നത്. ആ സൂക്ഷ്മ ശക്തി എല്ലായിടത്തും വ്യാപിച്ചിട്ടുണ്ട്. ആ ഒരു സൂക്ഷ്മതയെയാണ് ഞാൻ ഇവിടെ തൊടുന്നതും.

**ചോദ്യം: ഞങ്ങളൊക്കെ വന്നിട്ട് മൂന്ന് പതിറ്റാണ്ട് ഒക്കെ കഴിഞ്ഞു. അതിനു ശേഷമാണ് താങ്കളുടെ കൃതികൾ പ്രത്യക്ഷപ്പെടുന്നത്. അതിനാൽ അർഹിക്കുന്ന പ്രചാരം താങ്കളുടെ കൃതികൾക്ക് ഇവിടെ വന്നിട്ടില്ല. നാട്ടിലെ സ്ഥിതി എന്താണ്? നാട്ടിൽ ചില എഴുത്തുകാർ ഹൈപ്പ് ഉണ്ടാക്കി പബ്ലിസിറ്റി നേടുന്നുണ്ട് . അങ്ങനെ ഒരു പബ്ലിസിറ്റി താങ്കളുടെ കാര്യത്തിൽ കാണുന്നില്ല. ഇങ്ങനെ ജനകീയത കിട്ടുന്നതിൽ കാര്യമുണ്ടോ?**

കാര്യമുണ്ടോ ഇല്ലയോ എന്നുള്ളത് എനിക്ക് അറിഞ്ഞൂടാ. പക്ഷെ ഞാൻ നേരത്തെ പറഞ്ഞതുപോലെ എഴുത്തിന് ശക്തി ഉണ്ടെങ്കിൽ അത് സ്വയം സഞ്ചരിക്കും എന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്. പുതിയ കാലഘട്ടത്തിൽ സ്വയം പ്രൊജക്ട് ചെയ്യാൻ നിന്നു കൊടുക്കുകയും അതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്താൽ മാത്രമേ പുസ്തകവും ആൾക്കാരും കൂടുതലായി പെട്ടെന്ന് ശ്രദ്ധിക്കുകയുള്ളൂ.

ഒരു സംഘടനയോ അല്ലെങ്കിൽ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ കൂട്ടത്തിൽ നമ്മൾ ഒഴുകുകയാണെങ്കിൽ നമുക്ക് ചിലപ്പോൾ കൂടുതലായി ഒരു പ്രൊജക്ഷൻ വരും. പക്ഷെ എന്നെപ്പോലുള്ള ഒരു സാധാരണക്കാരൻ അത്തരത്തിൽ ഒന്നിലും ഇടപെടാതെ നിൽക്കുന്നു . ഒരു കോളേജ് അധ്യാപകൻ വിളിച്ചിട്ട് പറഞ്ഞു ജെയിംസെ, താങ്കൾ താറാവിനെ പോലെയാണ് മുട്ട ഇട്ടിട്ട് എഴുന്നേറ്റു പോകും. പക്ഷെ കോഴിയെ പോലെ ആകണം. കോഴിയെപ്പോലെ ഒരു മുട്ടയിട്ടിട്ട് ഞാനിതാ ഒരു ഭൂലോകം പ്രസവിച്ചിരിക്കുന്നു എന്ന് ഉറക്കെ കൂവിയാൽ മാത്രമേ ലോകശ്രദ്ധയിൽ വരികയുള്ളൂ.

അദ്ദേഹം പോസിറ്റീവ് ആയിട്ട് തന്നെയാണ് പറഞ്ഞത്. അങ്ങനെ എല്ലാവരിലേക്കും പെട്ടെന്ന് ശ്രദ്ധ എത്തുന്ന രീതി വന്നിട്ടില്ലെങ്കിലും ഈ പുസ്തകങ്ങൾ സ്വയം സഞ്ചരിച്ച് പോകുന്ന സ്ഥിതിയുണ്ട്. സ്ലോ ലിറ്ററി സർവൈവൽ. അതായത് ഒരു പുസ്തകത്തിന് കാമ്പുണ്ടെങ്കിൽ അത് പതുക്കെ ആയിരിക്കും മൂവ് ചെയ്യുന്നത്. പക്ഷെ അതിങ്ങനെ പ്രോഗ്രസ്സ് ചെയ്തുകൊണ്ടേയിരിക്കും. കാമ്പുള്ള പുസ്തകമാണെങ്കിൽ ഒരു 10 വർഷം കഴിഞ്ഞാൽ അത് വീണ്ടും വിലയിരുത്തപ്പെടും. വീണ്ടും 10 വർഷം കഴിഞ്ഞാൽ അതിന് വീണ്ടും മാർക്കിടപ്പെടും. അങ്ങനെ ഒരു 25 വർഷം കഴിഞ്ഞാലും മാർക്കിടാൻ തക്കവണ്ണം ഉണ്ടെങ്കിൽ മാത്രമേ ഇത് കടന്നു പോവുകയുള്ളൂ.

**ആദ്യ നോവലായ പുറപ്പാടിന്റെ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് പെൻഗ്വിൻ ആണ് പുറത്തിറക്കുന്നത്. 25ാം വർഷത്തിലാണ് ഇത്. അതുപോലെ നിരീശ്വരന്റെ 27 പതിപ്പ് ഇറങ്ങി. യാതൊരു ഒച്ചപ്പാടുകളോ വിവാദങ്ങളോ ഉണ്ടാവാതെ ഒരു പുസ്തകം സ്വയം സഞ്ചരിച്ച് 27 പതിപ്പിലേക്ക് എത്തുന്നു. അതുപോലെ അഞ്ച് പുസ്തകങ്ങൾ പെൻഗ്വിനിലൂടെ ഇംഗ്ലീഷിൽ വന്നു. ഇംഗ്ലീഷിൽ വരാൻ ഞാനായിട്ട് ഒരു എഫർട്ട് എടുത്തതല്ല. തേടി വന്നതാണ്.**

ആദ്യ നോവലായ പുറപ്പാടിന്റെ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് പെൻഗ്വിൻ ആണ് പുറത്തിറക്കുന്നത്. 25ാം വർഷത്തിലാണ് ഇത്. അതുപോലെ നിരീശ്വരന്റെ 27 പതിപ്പ് ഇറങ്ങി. യാതൊരു ഒച്ചപ്പാടുകളോ വിവാദങ്ങളോ ഉണ്ടാവാതെ ഒരു പുസ്തകം സ്വയം സഞ്ചരിച്ച് 27 പതിപ്പിലേക്ക് എത്തുന്നു. അതുപോലെ അഞ്ച് പുസ്തകങ്ങൾ പെൻഗ്വിനിലൂടെ ഇംഗ്ലീഷിൽ വന്നു. ഇംഗ്ലീഷിൽ വരാൻ ഞാനായിട്ട് ഒരു എഫർട്ട് എടുത്തതല്ല. തേടി വന്നതാണ്. അക്ഷരത്തിന്റെ ശക്തി സ്വയം സഞ്ചരിച്ച് ഒരു പുസ്തകം വായിക്കാൻ വിധിക്കപ്പെട്ട ആളിൽ ചെന്നെത്തും. ഒരു ധാന്യത്തിൽ അത് കഴിക്കാൻ വിധിക്കപ്പെട്ടവന്റെ പേര് എഴുതി വെച്ചിട്ടുണ്ടെന്ന് പറയുന്നതുപോലെ ഒരു പുസ്തകം വായിക്കാൻ വിധിക്കപ്പെട്ട ആളിൽ ചെന്നെത്തുകയും അവർ പറഞ്ഞു ഈ പുസ്തകം മറ്റ് ആളുകളിലേക്ക് എത്തുകയും ചെയ്യുന്നു. കാലത്തിലേക്ക് സഞ്ചരിക്കാൻ വിധി ഉണ്ടെങ്കിൽ അത് സഞ്ചരിക്കും.

**ചോദ്യം: സ്വയം സഞ്ചരിക്കുന്ന എത്ര പുസ്തകങ്ങൾ ഉണ്ട് മലയാളത്തിൽ?**

കാമ്പുള്ള പുസ്തകങ്ങൾ സഞ്ചരിക്കും. ചിലപ്പോൾ ചിലരെ സംബന്ധിച്ചിടത്തോളം ഇതൊരു മണ്ടൻ വിചാരമായിട്ട് തോന്നിയാലും മതി. എന്റെ പരിമിതി ആയിരിക്കാം. ഞാൻ വലിയ ബഹളങ്ങളിലേക്കൊന്നും ചെല്ലാനോ അല്ലെങ്കിൽ അതിനു നിന്ന് കൊടുക്കാനോ തയ്യാറല്ല. ഇത് സഞ്ചരിക്കുന്നിടത്തോളം സഞ്ചരിച്ചാൽ മതി, അതാണ് അതിന്റെ ഒരു യാത്രാവഴി.

**ചോദ്യം: അങ്ങനെയുള്ള പുസ്തകങ്ങൾ മലയാളത്തിൽ ഉണ്ടോ?**

നിരീശ്വരന് 27 പതിപ്പുകൾ വന്നു. 50000 ത്തിനടുത്ത് കോപ്പികൾ ഒരു ബഹളവും ഉണ്ടാക്കാതെ ജനങ്ങളിലെത്തി. തകഴിയുടെയോ ദേവിന്റെയോ അല്ലെങ്കിൽ ക്ലാസിക്കുകൾ നമ്മളിലേക്ക് വന്നതും നിലനിൽക്കുന്നതും അതിന്റെ അതിജീവനശേഷി കൊണ്ട് തന്നെയാണല്ലോ. ആരും പ്രത്യേകമായിട്ട് ഒരു പിആർ വർക്ക് നടത്തിയിട്ടൊന്നുമില്ല.

**ചോദ്യം: ഖസാക്ക് ഞാൻ എപ്പോൾ കണ്ടാലും വീണ്ടും വീണ്ടും വായിക്കും. അപ്പോഴൊക്കെ പുതിയ എന്തെങ്കിലും ഒരു അർഥം കിട്ടുന്ന പോലെ**

**തോന്നും . അങ്ങനെ ഒരു പുസ്തകം മലയാളത്തിൽ പിന്നെ കണ്ടിട്ടില്ല. എന്താണഭിപ്രായം?**

എന്റെയും മാനസഗുരുവായിട്ട് ഞാൻ സ്വീകരിച്ചിരിക്കുന്നത് ഒവി. വിജയനെ തന്നെയാണ്. ഖസാക്ക് വായിച്ചു കഴിഞ്ഞപ്പോഴത്തേക്കും അതുവരെയുള്ള എന്റെ വായനയുടെ സകല ധാരണകളും അട്ടിമറിക്കപ്പെട്ടു. എൻജിനീയറിങ് കഴിഞ്ഞതിനു ശേഷമാണ് ഖസാക്കിന്റെ ഇതിഹാസം വായിക്കുന്നത്. ഒരു പ്രീഡിഗ്രി കാലഘട്ടത്തിൽ ഖസാക്ക് വായിച്ചാൽ എനിക്ക് ഈ ഒരു അനുഭവം കിട്ടില്ല. ഇടിവെട്ടിയതുപോലെ ശരിക്കും ബാധിച്ച ഒരു പുസ്തകം. എഴുതുകയാണെങ്കിൽ ഒവി വിജയനെ പോലെ ആണ് എഴുതേണ്ടത് എന്ന് പോലും ആഗ്രഹം ഉണ്ടായിരുന്നു. ആ ഇടയ്ക്കാണ് ഗുരുസാഗരം ഇറങ്ങുന്നത്. പിന്നെ എന്റെ എഴുത്തിന്റെ യാത്ര ആ ഒരു വഴിയിലായിരുന്നു. അതുകൊണ്ട് ഗുണവും ഉണ്ടായി ദോഷവുമുണ്ട്.

ദോഷം എന്ന് പറയുന്നത് മറ്റൊന്നുമല്ല നമ്മൾ എന്ത് എഴുതിയാലും വിജയൻ എഴുതുന്ന പോലെ ആയി തോന്നുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പുറപ്പാടിന്റെ പുസ്തകത്തിന്റെ മാനുസ്ക്രിപ്റ്റ് ഒരു സുഹൃത്തിന് വായിക്കാൻ കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇതാണ്. ഇതിൽ 90% ഒവി വിജയനും 10% വി.ജെ ജെയിംസുമാണ് ഉള്ളത്. ഒബ്സസ്ഡ് ആയി എഴുതി വരുമ്പോൾ അതുപോലെ ആയി പോകുന്നു. ഗുരുവായിട്ട് കൊണ്ടുനടന്ന ഒരാള് 'ബാധ'യായി. ഞാൻ വീണ്ടും ഞാൻ വെട്ടി തിരുത്തി. മൊത്തം 12 വർഷം എടുത്തു എനിക്ക് പുറപ്പാടിന്റെ പുസ്തകം പൂർത്തിയാക്കാൻ. വീണ്ടും ഇതേ സുഹൃത്തിനോട് വായിച്ചു നോക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഞാൻ ആ പെർസെന്റേജ് തിരിച്ചിടും. ഇപ്പോൾ 90 ശതമാനം ജെയിംസും 10% വിജയനുമേ ഉള്ളൂ എന്ന്. അപ്പോഴാണ് എനിക്ക് സമാധാനമായത്. പിന്നെ ആ കാലഘട്ടത്തിനു ശേഷം ഒ.വി വിജയനെ വായിച്ചതേ ഇല്ല. ഇഷ്ടമില്ലാഞ്ഞിട്ടല്ല അത് എന്നെ സ്വാധീനിക്കരുത് എന്ന് വിചാരിച്ചു.

ഖസാക്ക് വായിച്ചാൽ എന്ത് ഫ്രഷ്നെസ്സ് ആണ്. എത്ര കൃതികളെ നമുക്ക് അങ്ങനെ പറയാൻ പറ്റും. ഒരു കാലഘട്ടത്തിന് വേണ്ടി മാത്രമായി എഴുതപ്പെടുന്ന ചില കൃതികളുണ്ട്. ഇന്നത്തെ ഒരു വിഷയം എടുത്ത് എഴുതുമ്പോൾ പെട്ടെന്ന് ഒരു ഹൈപ്പ് ഉണ്ടാവാം. പക്ഷെ ഒരു അഞ്ചു വർഷം കഴിഞ്ഞാൽ അത്

> **ഖസാക്ക് വായിച്ചു കഴിഞ്ഞപ്പോഴത്തേക്കും അതുവരെയുള്ള എന്റെ വായനയുടെ സകല ധാരണകളും അട്ടിമറിക്കപ്പെട്ടു. എൻജിനീയറിങ് കഴിഞ്ഞതിനു ശേഷമാണ് ഖസാക്കിന്റെ ഇതിഹാസം വായിക്കുന്നത്. ഒരു പ്രീഡിഗ്രി കാലഘട്ടത്തിൽ ഖസാക്ക് വായിച്ചാൽ എനിക്ക് ഈ ഒരു അനുഭവം കിട്ടില്ല. ഇടിവെട്ടിയതുപോലെ ശരിക്കും ബാധിച്ച ഒരു പുസ്തകം. എഴുതുകയാണെങ്കിൽ ഒവി വിജയനെ പോലെ ആണ് എഴുതേണ്ടത് എന്ന് പോലും ആഗ്രഹം ഉണ്ടായിരുന്നു.**

ഉണ്ടാവണമെന്നില്ല. അപ്പൊ ഒരു കൃതി എപ്പോഴും നിലനിൽക്കുന്നത് ഏത് കാലഘട്ടത്തിലെ മനുഷ്യനെയും ബാധിക്കുന്ന ഒരു വിഷയമായിട്ട് മാറുമ്പോഴാണ്. ആ ഒരു ചിന്ത എനിക്ക് എപ്പോഴും ഉണ്ട്. 50 വർഷം കഴിഞ്ഞ് ഒരു മനുഷ്യൻ വായിച്ചാലും അയാൾക്ക് ഇതിൽ റിലേറ്റ് ചെയ്യാനായി ഉണ്ടായാൽ മാത്രമേ അത് ജീവിക്കുകയുള്ളൂ.

**ചോദ്യം: താങ്കൾ എഴുതിയ പുസ്തകങ്ങളിൽ ഇപ്പൊ തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവും ഇഷ്ടപ്പെട്ടത്. അല്ലെങ്കിൽ ഏറ്റവും കൂടുതൽ താല്പര്യം തോന്നിയ പുസ്തകം?**

താല്പര്യം എന്ന് പറയാൻ പറ്റില്ല. കാരണം ഞാൻ എഴുതുമ്പോൾ എനിക്കൊരു ധാരണയുണ്ട്. ഒരേ അച്ചിലിട്ട് വാർത്ത പുസ്തകങ്ങൾ ഉണ്ടാവരുത്. അത് നിർമ്മാണമായി പോകും. ഞാൻ എഞ്ചിനീയർ ആണ് അടിസ്ഥാനപരമായി. ഐഎസ്ആർ ഓയിൽ ജോലി ചെയ്യുമ്പോൾ ബുദ്ധി ഉപയോഗിച്ച് ചെയ്യേണ്ട ചില കാര്യങ്ങൾ ഉണ്ട്. അത് നിർമ്മിതിയാണ്. ക്രിയേറ്റിവിറ്റി അതിനകത്ത് ഉണ്ടെങ്കിലും സയൻസിന്റെ നിയമങ്ങൾ ഉപയോഗിച്ചു നമ്മൾ നിർമ്മിച്ചെടുക്കുകയാണ്. എഴുത്തിൽ നിന്ന് കിട്ടുന്ന ആനന്ദം എന്താണെന്ന് വെച്ചാൽ ഇതുവരെ നമ്മൾ ഇടപെടാത്ത ഒരു മേഖലയിലൂടെ അന്വേഷണം നടത്തി നമ്മൾ തന്നെ കണ്ടെത്തുന്നതിന്റെ ആനന്ദം. അപ്പൊ ഒന്ന് ഒന്നിൽ നിന്ന് വ്യത്യസ്തമായിരിക്കണം എന്ന ആഗ്രഹം ഉണ്ടായിരിക്കും.

പുറപ്പാടിന്റെ പുസ്തകത്തിൽ നിന്ന് പാടെ വ്യത്യസ്തമാണ് രണ്ടാമത്തെ നോവൽ ചോരശാസ്ത്രം. അത് ഒരുപാട് എനിക്ക് ഇഷ്ടമാണ്. അതുപോലെ ദത്താപഹാരം. എഴുത്തുകാരൻ എന്ന നിലയിൽ ഏറ്റവും വെല്ലുവിളിച്ച കൃതി ഏതാണെന്ന് ചോദിച്ചാൽ അത് ദത്താപഹാരമാണ്. അതിൽ ഒരു ഫിലോസഫി ഉണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ടത്. പരിസ്ഥിതിവാദം നമ്മൾ കൂടുതലായി ചർച്ച ചെയ്യപ്പെടുന്നത് മുൻപേ, 2005 ലാണ് പുസ്തകം വരുന്നത്. ആ ഫിലോസഫിയെ ഫിക്ഷനിലൂടെ ചിത്രീകരിക്കാൻ നല്ല ചലഞ്ച് ആണ്. ഫിലോസഫി വലിച്ചു കൊണ്ടുവന്ന് നിർബന്ധപൂർവ്വം ചേർക്കുകയാണെന്ന് തോന്നാത്ത വിധത്തിൽ കഥാപാത്രങ്ങളിലൂടെ സഞ്ചാരത്തിലൂടെ കഥയിലൂടെ സ്വാഭാവികതയിലൂടെ അത് വരുന്നു. ഫിലോസഫി എന്ന് പറഞ്ഞാൽ വലിയ കട്ടി പിടിച്ച സാധനം എന്നുള്ള അർത്ഥത്തിലല്ല. ഓ ഇങ്ങനെ ഒരെണ്ണം ഉണ്ടല്ലോ എന്ന്

നമ്മളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണത്. നമ്മൾ തന്നെയാണ് പ്രകൃതി എന്നും എന്റെ തന്നെ തുടർച്ചയാണ് പ്രകൃതി എന്നും ഉള്ള ഒരു അനുഭവതലത്തിലേക്ക് എത്തുന്ന, സ്വയം ഒരു കാടായി മാറിയ ഒരു വ്യക്തിയുടെ കഥയാണത് .

**ചോദ്യം: ഇംഗ്ലീഷിൽ തർജ്ജമ ചെയ്യുമ്പോഴും ഈ പുസ്തകങ്ങളുടെ എല്ലാം പേരുകൾ മലയാളത്തിൽ തന്നെ. നിരീശ്വരൻ എന്ന് തന്നെയാണ് ഇംഗ്ലീഷിലും. അത് നല്ലതാണോ ദോഷമാണോ?**

നിരീശ്വരൻ വായിക്കുമ്പോൾ മലയാളത്തിൽ ഉള്ളതിനെയാണ് ഓർമ്മ വരിക. പല പദങ്ങളും ഇന്ന് ഇംഗ്ലീഷുകാർ അക്സെപ്റ്റ് ചെയ്യുന്നുണ്ട്. പത്തുപേർ വായിച്ചാൽ നിരീശ്വരൻ അക്സെപ്റ്റഡ് ആകും. പിന്നെ ചോരശാസ്ത്രം ചോരശാസ്ത്ര: ദി സബ്റ്റിൽ സയൻസ് ഓഫ് തീവറി. ചോരശാസ്ത്രം എന്ന് പറഞ്ഞാൽ കളവിന്റെ ശാസ്ത്രമാണ്. വെറുതെ ചോരശാസ്ത്ര എന്ന് പറഞ്ഞാൽ ഒരാൾക്ക് എന്ത് എന്ന സംശയം തോന്നും അതുകൊണ്ട് സബ്റ്റിൽ സയൻസ് ഓ ഫ് തീവറി എന്ന് കൂട്ടിച്ചേർത്തു. പുറപ്പാടിന്റെ പുസ്തകത്തിന് ദി ബുക്ക് ഓഫ് എക്സോഡസ്. ദത്താപഹാരത്തിനു ഇതേ പ്രശ്നം ഉണ്ട്, പക്ഷെ ആ പദം കളയാൻ വിഷമം ഉള്ളതുകൊണ്ട് ദത്താപഹാരം: കോൾ ഓഫ് ദി ഫോറസ്റ്റ്; കാടിന്റെ വിളി. നിരീശ്വരൻ: ദ നോൺ ഗോഡ് എന്ന് കൂടി കൊടുക്കാമായിരുന്നു എന്ന് പിന്നീട് തോന്നി. അങ്ങനെയാണെങ്കിൽ ആളുകൾക്ക് പെട്ടെന്ന് എന്താണെന്നു മനസിലാവുമായിരുന്നു..

**ചോദ്യം: തത്വചിന്തയോടുള്ള താല്പര്യം എങ്ങനെയാണ് വന്നത്. തത്വചിന്ത നോവലിൽ സമന്വയിപ്പിക്കാൻ ആദ്യം തത്വചിന്തയോട് താല്പര്യം വരണമല്ലോ. എങ്ങനെയാണ് അതിന്റെ ഒരു തുടക്കം.**

നമ്മുടെ വായനയുടെ ഒരു പ്രൊഗ്രഷൻ ഉണ്ട്. ചെറുപ്പത്തിൽ കാർട്ടൂൺ ചെറിയ ചെറിയ ചിത്രകഥകൾ. അത് ഫസ്റ്റ് സ്റ്റെപ്പ് ആണ്. കുറച്ചു കഴിഞ്ഞപ്പോൾ അടുത്ത തലം കുറ്റാന്വേഷണ നോവലുകളായിരുന്നു. കോട്ടയം പുഷ്പനാഥ് പോലുള്ളവരുടെ നോവലുകൾ വളരെ ആകാംക്ഷയോടെ വായിച്ചു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ വായന ആരംഭിച്ചു. സഹോദരനാണ് പുസ്തകം കൊണ്ട് വരുന്നത്. ഒരു ദിവസം നോക്കുമ്പോൾ അദ്ദേഹത്തിന്റെ

**നമ്മൾ എന്ത് എഴുതിയാലും വിജയൻ എഴുതുന്ന പോലെ ആയി തോന്നുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പുറപ്പാടിന്റെ പുസ്തകത്തിന്റെ മാനുസ്ക്രിപ്റ്റ് ഒരു സുഹൃത്തിന് വായിക്കാൻ കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇതാണ്. ഇതിൽ 90% ഒവി വിജയനും 10% വി. ജെ ജെയിംസുമാണ് ഉള്ളത്. ഞാൻ വീണ്ടും ഞാൻ വെട്ടി തിരുത്തി. മൊത്തം 12 വർഷം എടുത്തു എനിക്ക് പുറപ്പാടിന്റെ പുസ്തകം പൂർത്തിയാക്കാൻ. വീണ്ടും ഇതേ സുഹൃത്തിനോട് വായിച്ചു നോക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഞാൻ ആ പെർസെന്റേജ് തിരിച്ചിടും. ഇപ്പോൾ 90 ശതമാനം ജെയിംസും 10% വിജയനുമേ ഉള്ളൂ എന്ന്. അപ്പോഴാണ് എനിക്ക് സമാധാനമായത്.**

കയ്യിൽ ഒരു ഡിറ്റക്ടീവ് നോവൽ ഇല്ല. പകരം ജനപ്രീയ നോവൽ വായിക്കാൻ തുടങ്ങി. പിന്നെ എല്ലാ പുസ്തകങ്ങളും വായിക്കുന്നു. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ലൈബ്രറിയിൽ മെമ്പർഷിപ്പ് എടുത്ത് അവിടെ ഇരിക്കുന്ന എല്ലാ പുസ്തകങ്ങളും വായിക്കും. എഴുത്തുകാരന്റെ പേരിൽ അല്ല പുസ്തകത്തിലായിരുന്നു താൽപര്യം. പെട്ടെന്ന് വായിക്കുന്നു, തിരിച്ചു കൊടുക്കുന്നു. ഇങ്ങനെ ഇങ്ങനെ കടന്നുപോയി.

അപ്പൊ ഇതിനൊരു സീക്വൻസ് ഉണ്ട് ചിത്രകഥയിൽ നിന്ന് അല്ലെങ്കിൽ കാർട്ടൂണുകളിൽ നിന്ന് നമ്മൾ കുറ്റാന്വേഷത്തിലേക്ക് എത്തുന്നു. ജനപ്രിയത്തിലേക്ക് എത്തിക്കുന്നു. പിന്നെ തകഴി, ദേവ് ഇങ്ങനെ കടന്നു പോയിട്ട് ആനന്ദ്, ഓ.വി. വിജയൻ അടുത്ത സീക്വൻസിലേക്ക് വരുന്നു. ഓ.വി.വിജയനെ ഒക്കെ വായിച്ച് ആ വായനയുടെ പുതിയ സംസ്കാര ലഹരി പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ തിരിച്ചു വന്നുകൊണ്ട് മുട്ടത്തുവർക്കിയോ കാനത്തെയോ വായിച്ച് ആസ്വദിക്കാൻ പറ്റില്ല. കാരണം പടിപടിയായി ക്ലാസ് ഉയര്ന്നു പോകുന്നതുപോലെ വായനയിൽ ഒരു സഞ്ചാരമുണ്ട്.

തുടർന്ന് ആനന്ദിന്റെ പുസ്തകങ്ങളുടെ വായന. അടുത്ത പടിയായിട്ടാണ് ഫിലോസഫിയിലെ വായന സംഭവിക്കുന്നത്. അതുവരെ ആനന്ദം നൽകിയിരുന്നതിനു അപ്പുറത്ത് ഒരുപാട് ചോദ്യങ്ങൾ കണ്ടെത്തുന്നു. അതുവരെ ചർച്ചിലൊക്കെ പോയി വിശ്വാസത്തിന്റെ രീതിയിൽ നിൽക്കുന്ന ഒരാൾക്ക് അതിനെ നിഷേധിക്കുന്നതിനല്ല, അതിനും അപ്പുറത്തേക്ക് കടന്നുള്ള പൊരുളിലേക്കുള്ള ഒരു തുറവി കിട്ടുകയാണ്

ചോദ്യങ്ങളുടെ ഉത്തരം എന്താണ് എന്ന അറിവിലാണ് പിന്നെ നമുക്ക് ആനന്ദം. പിന്നെ താഴേക്ക് വന്നിട്ട് കുറ്റാന്വേഷണത്തിൽ ഇതേ ലഹരി ഒരിക്കലും കിട്ടില്ല. എങ്കിലും ബ്രാം സ്റ്റോക്കറുടെ ഡ്രാക്കുള വീണ്ടും അടുത്ത കാലത്ത് വായിച്ചപ്പോൾ അത് അത് എത്ര ഉന്നതമായ ക്ലാസിക് നോവൽ ആണെന്ന് മനസിലായി. ആ കാലഘട്ടത്തിലെ ഏറ്റവും വലിയ സയൻസ് എല്ലാം അതിനകത്ത് കടന്നുവന്ന് മനോഹരമായ ഒരു ക്ലാസിക്. പക്ഷെ കോട്ടയം പുഷ്പനാഥിൽ നിന്ന് ഒരു ക്ലാസിക് വായിക്കാൻ പറ്റില്ല.

യാത്രകളുടെ എത്തിച്ചേരാവുന്ന

ഏറ്റവും മീതെയുള്ള സ്റ്റെപ്പാണ് ഫിലോസഫി. അവിടെ എത്തിക്കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ ഈ പൊരുളിന്റെ സത്യത്തെ ചെന്ന് തൊടുന്ന അവസ്ഥയിലേക്ക് എത്തുന്നത്. സയൻസ് ആണ് എന്റെ ഇഷ്ടപ്പെട്ട വിഷയം. ആദ്യകാലത്ത് ഫിലോസഫിയും സയൻസും രണ്ട് വ്യത്യസ്ത സ്ട്രീംസ് ആയി തോന്നും. രണ്ടിലൂടെ നമ്മൾ ഡീപ്പ് ആയി യാത്ര ചെയ്യുമ്പോൾ അവ തമ്മിലുള്ള അകലം കുറയുന്നു. സയൻസും സത്യത്തെയാണ് തേടുന്നത്.

രണ്ടുകൂട്ടരും പൊരുളിനെ തേടി ചെന്ന് കൂട്ടിമുട്ടുന്ന ഒരു പോയിന്റ് ഉണ്ടെന്ന് ബോധ്യപ്പെടുന്ന ഒരു മൊമെന്റ് ഉണ്ട്. അത്തരം മൊമെന്റുകളിലാണ് കൃതികൾ സംഭവിക്കുന്നത്. സയൻസും ഫിലോസഫിയും നോവലിൽ വാരി വലിച്ചു ഇടുകയല്ല. ആന്റി ക്ലോക്ക് എന്നത് ഒരു ശവപ്പെട്ടി കടക്കാരന്റെ ജീവിതമാണ്. എന്താണ് സമയം എന്നതിനെപറ്റിയുള്ള ചിന്തകൾ, ജനന മരണം തുടങ്ങിയവയെ കുറിച്ചുള്ള ധാരണകൾ എല്ലാം നാച്ചുറൽ ആയി ആവിഷ്കരിക്കുന്നു.

എന്നെ ഏറ്റവും ആകർഷിക്കുന്നത് ക്വാണ്ടം ഫിസിക്സ് അല്ലെങ്കിൽ ക്വാണ്ടം മെക്കാനിസത്തിലെ അതീതമായ തലങ്ങളിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന ആനന്ദം ആണ്. ഫിലോസഫിയും ഇതു രണ്ടുകൂടി കൂട്ടിമുട്ടുമ്പോൾ അനുഭവിക്കുന്ന തരത്തിലുള്ള ഒരു സന്തോഷം.

ഒരാളോട് സ്നേഹം ഉണ്ടെങ്കിൽ അത് നമ്മൾ ഉള്ളിൽ അനുഭവിക്കുകയല്ലേ ചെയ്യുന്നത്. അത് വാക്കുകൊണ്ട് പറയുന്നതല്ല. എന്ന് പറഞ്ഞതുപോലെ ഒരു അനുഭവതലം ഫിലോസഫിയിലുണ്ട്. സയൻസ് തേടുന്നതും ഇതാണ്. ആ അന്വേഷണത്തിലാണ് എന്നെ സംബന്ധിച്ചിടത്തോളം പുസ്തകങ്ങൾ ഉണ്ടാകുന്നത് .

**ചോദ്യം: മതവിശ്വാസവുമായി ഈ ചിന്താഗതി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്? മത വിശ്വാസം ഈശ്വരവിശ്വാസം ഇതൊക്കെ താങ്കൾക്ക് ഉണ്ടോ? വിശ്വാസിയാണോ?**

തീർച്ചയായിട്ടും. നമ്മൾ പലരും ക്രിസ്ത്യൻ പശ്ചാത്തലത്തിൽ ജനിക്കുന്നു . വളരുന്നു. എഞ്ചിനീയറിങ് കഴിയുമ്പോഴും ഞാൻ ചിന്തിച്ചിരുന്നത് ഞങ്ങൾ റോമൻ കത്തോലിക്കർ മാത്രമേ സ്വർഗ്ഗത്തിൽ പോകൂ എന്നാണ്. ദാർശനികതയുടെ റൂട്ടിലൂടെ നമ്മൾ സഞ്ചരിക്കുമ്പോൾ ഈ വിശ്വാസത്തെ ചവിട്ടി പുറത്താക്കേണ്ടതില്ല . നാലാം ക്ലാസ്സിൽ പഠിച്ചത് പത്താം ക്ലാസ്സിൽ വെച്ച് നമ്മൾ നിഷേധിക്കുകയില്ല. പിന്നെയും ഉന്നത ബിരുദങ്ങളുണ്ട്.

മതം ഈ യാത്രയുടെ ആദ്യത്തെ ഏതോ പടികളിൽ മാത്രമേ നിൽക്കുന്നുള്ളൂ. ഇപ്പോ സംഭവിക്കുന്നത് മതത്തിന്റെ പേരിൽ ആചരണങ്ങളെയും അതിനെക്കുറിച്ചുള്ള അഭിമാനങ്ങളെയും ഒക്കെ പെരുപ്പിച്ചു പറയുകയാണ്. അനുഭവത്തിന്റെ തലത്തിൽ ചെന്നെത്താൻ ആവാത്ത വിധത്തിൽ താഴെ എവിടെയോ മനുഷ്യരെ പിടിച്ചിട്ടിരിക്കുകയാണ് ഇപ്പോൾ മതം. യഥാർത്ഥത്തിലുള്ള പൊരുളിനെ തൊട്ടറിയാത്ത ചിലർ ഇത് കൈകാര്യം ചെയ്യുമ്പോൾ അവർ ഇതിനെ ചുരുക്കി ഒരു സ്ഥാപനമാക്കി മാറ്റുകയും ആ സ്ഥാപനത്തിലെ കുറെ അംഗങ്ങളാക്കി മറ്റുള്ളവരെ എപ്പോഴും പിടിച്ചു വെക്കുകയും ചെയ്യുന്നു .

അതുപോലെ വേറൊരു മതമായിട്ട് രാഷ്ട്രീയവും മാറുന്നുണ്ട്. മതത്തെ നിഷേധിക്കുകയല്ല, ഇതിനെ അതിജീവിക്കാൻ കഴിയണം. നിഷേധവും അതിജീവനവും രണ്ടും രണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞു പത്താം ക്ലാസ്സിൽ കടന്നു പോകുന്നത് നാലാം ക്ലാസ്സിനെ നിഷേധിക്കലല്ല.

**ചോദ്യം: ചോരശാസ്ത്രത്തിന്റെ ദേവത സുബ്രഹ്മണ്യൻ ആണെന്ന് പറയുന്നു. ആ അറിവ് ഒരു നോവലാക്കി മാറ്റാം എന്ന ചിന്തയിലേക്ക് എത്തുന്നത് എങ്ങനെയാണ്.**

ചോരശാസ്ത്രം യാദൃശ്ചികമായി സംഭവിച്ചതാണ്. ആ സമയത്ത് ഞാൻ രണ്ടാമത് വേറെ ഒരു നോവൽ എഴുതാൻ തുടങ്ങിയിരുന്നു. ഒരു ആറേഴ് അധ്യായം എഴുതി. എന്റെ പുറപ്പാടിന്റെ പുസ്തകത്തിന് മലയാറ്റൂർ പ്രൈസ് കിട്ടി. ഇങ്ങനെ ഇരിക്കെ എഴുത്തുകാരൻ സേതു പറഞ്ഞു. ജെയിംസേ നമ്മൾ രണ്ടാമത് എഴുതുന്ന കൃതിയായിരിക്കും നമ്മളെ പരീക്ഷിക്കുന്ന കൃതി. ഒന്നാമത്തെ കൃതി ആർക്കും എഴുതാൻ പറ്റും.

ഇത് എന്റെ ഉള്ളിൽ ആഞ്ഞു തറച്ചു. ഞാൻ അതുവരെ എഴുതിയിരുന്ന ആ ഏഴ് അധ്യായങ്ങൾ മാറ്റി വച്ചു. ഇന്നും അത് ഞാൻ പൂർത്തിയാക്കിയിട്ടില്ല. ഇങ്ങനെ ഇരിക്കുന്ന സമയത്ത് വിഎസ്എസ്സി ലൈബ്രറിയിലെ റെഫറൻസ് ഗ്രന്ഥങ്ങൾ മറിച്ചു നോക്കുമ്പോൾ കണ്ടതാണ്. പുരാതന ഇന്ത്യയിൽ ചോരശാസ്ത്രം എന്ന് പറഞ്ഞ ഒരു ശാസ്ത്രം ഉണ്ടായിരുന്നു എന്നും കനകശക്തി എന്ന ആചാര്യനാണ് അത് എഴുതിയത് എന്നും സുബ്രഹ്മണ്യനാണ് അതിന്റെ ദേവൻ എന്നും . അധികം ഡീറ്റെയിൽസ് ഒന്നുമില്ല.

കളവിനു ശാസ്ത്രം ഉണ്ടോ എന്ന് കൗതുകം. ഇത് വെച്ച് ഒരു നോവൽ എഴുതണമെന്നോ കഥ എഴുതണമെന്നോ കരുതിയില്ല. ആ സമയത്ത് ഒറ്റക്ക് വാടക വീട്ടിൽ. ഒരു വെളുപ്പാൻ കാലത്ത് ആരോ കതക് തുറക്കുന്നത് പോലെ ഒരു ശബ്ദം കേട്ട് ഉണർന്നു. പതുക്കെ നടന്നു ചെന്നിട്ട് വാതിലിലേക്ക് ടോർച്ച് അടിച്ചു. ടോർച്ചിന്റെ വെട്ടവും നടുക്ക് താക്കോൽ ദ്വാരവും കാണുന്നു. ഇത് കണ്ട സമയത്ത് പെട്ടെന്ന് എന്റെ ഉള്ളിലേക്ക് വന്ന് വീണതാണ് നോട്ടം കൊണ്ട് പൂട്ട് തുറക്കുന്ന വിദ്യ. അതുവരെ എന്റെ മനസ്സിന് വന്നിട്ടില്ലാത്ത ഒന്ന് ഫ്ലാഷ് പോലെ

അടിക്കുന്നു. ഞാൻ ലൈറ്റ് ഇട്ടു. പുറത്ത് ആരുമില്ല.

ബ്രാഹ്മ മുഹൂർത്തത്തിൽ വിളിച്ചുണർത്തി ചോരശാസ്ത്രത്തിന്റെ വഴി നടത്തിയ അദൃശ്യകാരുണ്യത്തിന് വിനീത പ്രണാമം. ആദ്യത്തെ വരി എഴുതി. തുടർന്ന് കുറച്ച് വരികൾ വരുന്നു. അപ്പൊ എനിക്ക് ഒരു കാര്യം മനസ്സിലായി . ഇത് ഞാനല്ല വാസ്തവത്തിൽ എന്നെ വിളിച്ചു ഉണർത്തിയതാണ്. അങ്ങനെയാണെങ്കിൽ വിളിച്ചുണർത്തി ഇട്ടുതന്ന ആ ശക്തി തന്നെയാണ് എന്നെക്കൊണ്ട് എഴുതിക്കുന്നത്. പുറത്തു നിന്ന് ആരോ വന്ന അർത്ഥത്തിലല്ല ഞാൻ പറയുന്നത്.

സുബ്രഹ്മണ്യൻ ജ്ഞാനത്തിന്റെ ദേവതയാണ്. ജ്ഞാനത്തിന്റെ ദേവൻ എങ്ങനെ ഒരു അധർമ്മ കർമ്മത്തിനു ദേവനാകും എന്ന ചിന്ത എന്റെ ഉള്ളിൽ നിറഞ്ഞു. തുടർന്ന് എല്ലാ ദിവസവും ഈ സമയത്ത് തന്നെ എഴുന്നേൽക്കുന്നു. ജ്ഞാന ദേവത എന്തുകൊണ്ട് ഒരു ധർമ്മ കർമ്മത്തിനു ദേവനായിരിക്കും എന്നതിന്റെ ഉത്തരം എനിക്ക് കിട്ടണം

എല്ലാ ഉത്തരങ്ങളും മഹാശാസ്ത്രന്മാർക്ക് ഉള്ളിൽ നിന്ന് യാദൃശ്ചികമായിട്ട് വരികയാണ്. എന്ന് പറഞ്ഞ പോലെ എന്റെ ചോദ്യത്തിന്റെ ഉത്തരം കിട്ടുന്നതോടുകൂടിയാണ് ചോരശാസ്ത്ര നോവൽ പൂർണ്ണമാകുന്നത്.

ഓരോ എഴുത്തുകാരനും തന്റെ സ്വന്തം കൃതിയിൽ അഹങ്കരിക്കാൻ ഒന്നുമില്ല. അവ തന്റെ ഉള്ളിലെ സ്രഷ്ട ദേവതയുടെ സാക്ഷാത്കാരമാണ് സാധിക്കുന്നത്. എഴുത്തുകാരൻ എന്ന് ഭാവിച്ച് വലിയൊരു ബലൂൺ പോലെ സ്വയം വീർപ്പിച്ചു വെച്ചിരിക്കുന്ന ഒരു ഞാൻ ഉണ്ടെങ്കിൽ പറയാം, അയാൾ അല്ല എഴുതിയത്! ചോരശാസ്ത്രത്തിലെ കള്ളനും ആത്മീയതയുടെ ഒരു കുഴിയിൽ ചെന്ന് വീഴുന്നു. അവസാനം ആ കള്ളന് മനസ്സിലാകുന്നത് ഇതൊന്നും തന്റേതല്ല. എല്ലാവരും എന്റേതാണെന്ന് സ്വയം അഭിമാനിച്ചതുപോലെ ഞാനും അഭിമാനിച്ചു എന്ന് തിരിച്ചറിയുന്ന നിമിഷം

പലരും തെറ്റിദ്ധരിച്ചിട്ടുണ്ട് കള്ളൻ അതിൽ മരിച്ചുപോയി എന്ന്. കള്ളൻ ശരിക്കും മരിക്കുന്നില്ല ഏറ്റവും അവസാനം അത് പറയുന്നുണ്ട്. പത്താം വാതിൽ തുറന്നു കിട്ടിയവൻ ഒൻപത് വാതിലുകളെയും അതിശയിക്കുന്ന കാഴ്ചകൾ കണ്ടു. ആ വാതിൽ തുറന്നു അവൻ രക്ഷപ്പെടുകയാണ്. എന്നിട്ട് ആരുടെയും ഒന്നും ഇനി മോഷ്ടിക്കാൻ ഇല്ലാത്തവന്റെ മനോലാഘവത്തോടെ കള്ളൻ മടങ്ങുന്നു.

**എഴുത്തിൽ നിന്ന് കിട്ടുന്ന ആനന്ദം എന്താണെന്ന് വെച്ചാൽ ഇതുവരെ നമ്മൾ ഇടപെടാത്ത ഒരു മേഖലയിലൂടെ അന്വേഷണം നടത്തി നമ്മൾ തന്നെ കണ്ടെത്തുന്നതിന്റെ ആനന്ദം. അപ്പൊ ഒന്ന് ഒന്നിൽ നിന്ന് വ്യത്യസ്തമായിരിക്കണം എന്ന ആഗ്രഹം ഉണ്ടായിരിക്കും. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്ന് പാടെ വ്യത്യസ്തമാണ് രണ്ടാമത്തെ നോവൽ ചോരശാസ്ത്രം. . അതുപോലെ ദത്താപഹാരം. എഴുത്തുകാരൻ എന്ന നിലയിൽ ഏറ്റവും വെല്ലുവിളിച്ച കൃതി ഏതാണെന്ന് ചോദിച്ചാൽ അത് ദത്താപഹാരമാണ്. അതിൽ ഒരു ഫിലോസഫി ഉണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ടത്. പരിസ്ഥിതി വാദം നമ്മൾ കൂടുതലായി ചർച്ച ചെയ്യപ്പെടുന്നത് മുൻപേ, 2005 ലാണ് പുസ്തകം വരുന്നത്.**

ഇനി അവൻ മോഷ്ടാവില്ല. ആരുടെയും ഒന്നും മോഷ്ടിക്കാൻ മാത്രം വിലപിടിപ്പുള്ളതല്ല എന്ന് തിരിച്ചറിവോട് കൂടി ജ്ഞാനദേവതയായ സുബ്രഹ്മണ്യനെ പ്രാർത്ഥിക്കുന്നു. ജ്ഞാനം അവന് കിട്ടുകയാണ്. ഇവിടെയാണ് സുബ്രഹ്മണ്യൻ ഈ ചോരശാസ്ത്രത്തിന്റെ അധിദേവത ആയതിന്റെ രഹസ്യം. സുബ്രഹ്മണ്യന്റെ പേര് സ്കന്ദൻ എന്നാണ്. സ്കന്ദൻ എന്ന് പറഞ്ഞാൽ കവരുന്നവൻ. ശരിക്കും കവരുന്നത് ഞാൻ എന്ന ഭാവമാണ്. ഞാൻ എന്ന കള്ളൻ ഞാൻ എന്ന എഴുത്തുകാരൻ ഞാൻ എന്ന എഞ്ചിനീയർ എന്നൊക്കെ പറഞ്ഞ് ഇങ്ങനെ നിൽക്കുന്ന ഭാഗത്തെ കവർന്നു കഴിഞ്ഞാൽ കിട്ടുന്ന എന്താണോ അതാണ് യഥാർത്ഥത്തിലുള്ള ഞാൻ.

സ്പിരിചാലിറ്റിയിലൂടെയോ അല്ലെങ്കിൽ ഫിലോസഫിയിലൂടെയോ സയൻസിലൂടെയോ ചെല്ലുമ്പോൾ എത്തുന്ന അൾട്ടിമേറ്റ് അവസ്ഥ. ആ അവസ്ഥയിലാണ് കള്ളനെ സുബ്രഹ്മണ്യൻ കൊണ്ടെത്തിക്കുന്നത്.

**ചോദ്യം: ഇത്രയും വലിയ ദാർശനിക ചിന്തകളൊക്കെ ഉൾക്കൊള്ളാനുള്ള കഴിവ് മലയാളിക്ക് ഉണ്ടോ?**

എത്രയൊ പേര് ഉണ്ട്. എങ്ങനെയാണ് 27 പതിപ്പുകളായി നിരീശ്വരൻ വായിച്ചുകൊണ്ടിരിക്കുന്നത്. ചോരശാസ്ത്രം വായിച്ചിട്ട് ഓങ്കോളജിസ്റ്റ് ഡോക്ടർ കുസുമം ഫോൺ വിളിച്ചിരുന്നു. എന്നോട് പറഞ്ഞത് ചോരശാസ്ത്രം വായിച്ച് അതിന്റെ പൊരുൾ മനസ്സിലാക്കിയ ഒരാൾ പണ്ടേ വായന നിർത്തിയ ആളായിരിക്കും എന്ന് .

എങ്കിലും ഇത് കഥയാണ്. രസിച്ച് വായിച്ചപ്പൊ ആദ്യത്തെ ലെയറിൽ കിടക്കുന്നത് കള്ളന്റെ കഥയാണ്. കള്ളന്റെ വിക്രിയകളും എല്ലാം രസിച്ച് എല്ലാവരും കള്ളനെ ഇഷ്ടപ്പെട്ട് വായിച്ചു പോയിട്ടുണ്ട് ഫസ്റ്റ് ലെയർ. സെക്കൻഡ് ലെയർ അതിൽ മാനുഷിക ഭാവങ്ങൾ ഭൗതിക ഭാവങ്ങളിലേക്ക് കടക്കുന്നു. മൂന്നാമത്തെ ലെയറിൽ സൂക്ഷ്മമായിട്ട് കിടക്കുന്നതാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഈ മൂന്നാമത്തെ ലെയർ വായിക്കുന്നവർ ഒരുപാട് പേരുണ്ടെന്ന് വരില്ല.

ആഴത്തിലേക്ക് കടക്കുന്ന ചില

ആൾക്കാരുണ്ട്. അവർ എന്നെ വിളിക്കും. വിളിച്ചിട്ട് ഞങ്ങൾ സംസാരിക്കുന്നത് വേറൊരു തലത്തിൽ ആയിരിക്കും. ദത്താപഹാരം 20 ൽ ഏറെ തവണ വായിച്ചിട്ടുണ്ടെന്ന് പറഞ്ഞ് കോഴിക്കോട് നിന്ന് വിഷ്ണു എന്നെ ഇടക്കിടക്ക് വിളിക്കാറുണ്ട്.

നമ്മൾ വിചാരിക്കുന്നതുപോലെ അല്ല പല ആൾക്കാരും ഉള്ളിൽ. കാരണം എല്ലാവരും അടിസ്ഥാന സത്യത്തെ അന്വേഷിക്കുന്നവരാണ്. എല്ലാവർക്കും വേണ്ടത് സത്യത്തെയാണ്. . അവിടെ എത്താതെ പരിസരത്ത് നിൽക്കുന്ന ഒരാൾ ഈ പുസ്തകം വായിക്കുമ്പോൾ പല സംശയങ്ങൾ ഒഴിഞ്ഞു പോയി എന്ന് വരും.

യുക്തിവാദത്തെ കുറിച്ച് സ്ഥിരമായി ക്ലാസ് എടുക്കാൻ പോകുന്ന ഒരാൾ എന്റെ പുസ്തകങ്ങൾ വായിച്ച ശേഷം ക്ലാസ് എടുക്കാൻ പോകുന്നത് നിർത്തിയെന്ന് പറഞ്ഞു. ഞാൻ ആരെങ്കിലും തെറ്റാണെന്നോ ശരിയാണെന്നോ പറയാനില്ല. ഒന്നിനെയും നിഷേധിക്കുന്നില്ല നിരീശ്വരൻ. അവനവന് ചിന്തിച്ച് ബോധ്യപ്പെട്ട് തീരുമാനം എടുക്കാനുള്ള വഴിയിലാണ് അത് നിർത്തിയിരിക്കുന്നത്. തെറ്റാണെന്ന് തോന്നിയാൽ ഉപേക്ഷിക്കുക. പക്ഷെ ശരിയാണെന്ന് തോന്നിയാൽ നമുക്ക് അക്സെപ്റ്റ് ചെയ്യാതിരിക്കാൻ പറ്റില്ല.

**ചോദ്യം: ഒരുപാട് ഫിലോസഫി പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ? ഏത് രീതിയിലാണ് ഫിലോസഫിയുമായി ഒരു ബന്ധം.**

ഫിലോസഫി ആയി ബന്ധപ്പെട്ട പുസ്തകങ്ങൾ – ഓഷോയുടെ ഒക്കെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്.

ഞാൻ പലപ്പോഴും പറയുന്നത് എഴുതാതിരിക്കാനുള്ള ശ്രമങ്ങളുടെ പരാജയമാണ് എഴുത്ത്. കഴിയുന്നതും എഴുതാതിരിക്കുക, എഴുത്തു വരുമ്പോൾ എഴുതുക. ഇന്ന് നമ്മൾ സയൻസിലൂടെ കണ്ടെത്തുന്ന എല്ലാ കാര്യങ്ങളും പ്രകൃതി എന്നും നടപ്പാക്കി വെച്ചതാണ്. നമ്മൾ വളരെ വൈകി അത് കണ്ടുപിടിക്കുകയാണ്.

നമ്മുടെ ശരീരത്തിലെ ഒരു സെല്ലിനോട് നമ്മൾ എന്തെങ്കിലും പറഞ്ഞിട്ടാണോ അത് പ്രവർത്തിക്കുന്നത്. എത്രയാ ട്രില്ല്യൺ സെൽസ് ഒരേ സമയം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ് നമ്മുടെ ശരീരത്തിൽ. എന്താണ് സെല്ലിനെ പ്രവർത്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ചേതോവികാരം?. നമ്മൾ ചിന്തിക്കുന്നില്ല. നമുക്ക് ചിന്തിക്കേണ്ട കാര്യമില്ല. ഉള്ളിൽ തന്നെ ഇരുന്നിട്ടും എനിക്ക് തിരിച്ചറിയാൻ ആവാത്ത എന്നെ തേടി അത് അനുഭവിക്കുന്നതാണ് യഥാർത്ഥത്തിൽ സ്പിരിചാലിറ്റി എന്ന് പറയുന്നത്.

അതിന് ഉതകുമെങ്കിൽ മാത്രമേ മതം കൊണ്ട് പ്രയോജനം ഉള്ളൂ.

ഒരു ആറേഴ് മാസം മുൻപ് എന്റെ ശരീരത്തിൽ ഉണ്ടായിരുന്ന ഒറ്റ സെല്ല് പോലും ഇപ്പോൾ എന്റെ ശരീരത്തിലില്ല. അതെല്ലാം മാറി പുതിയത് വന്ന് വന്നുകൊണ്ടിരിക്കും അപ്പൊ ഏഴ് മാസം മുമ്പുള്ള ജെയിംസ് അല്ല ഇപ്പോൾ . ജനിച്ചപ്പോഴുള്ള ജയിംസ് അല്ല ഇപ്പോൾ.

ശരീരം നിരന്തരം മാറിക്കൊണ്ടിരിക്കുമ്പോഴും ജനിച്ചപ്പോൾ മുതൽ എന്നിൽ ഉണ്ടായിരുന്ന മാറാത്ത എന്തോ ഒന്നുണ്ട്. അത് മാറുന്നില്ല. മാറ്റത്തിന് വിധേയമാകാതിരുന്നു കൊണ്ട് എന്നെ അന്ന് മുതൽ പ്രചോദിപ്പിച്ചുകൊണ്ടിരുന്ന അതിനെ അനുഭവിക്കലാണ് സ്പിരിചാലിറ്റി.

**ചോദ്യം: ജോലിയും എഴുത്തും ഫാമിലിയും. ഇതെല്ലാം കൂടെ ഒരുമിച്ച് കൊണ്ടുപോകാൻ എങ്ങനെ കഴിയുന്നു?.**

ചിന്തിക്കുക എന്ന് പറഞ്ഞാൽ നമ്മൾ ഭാരപ്പെട്ട ഒന്നും ചെയ്യുന്നില്ല. സാധാരണ മനുഷ്യനായിട്ട് ജീവിക്കുന്നു. സത്യത്തിൽ ഞാൻ എന്താ എഴുതുന്നതെന്ന് ഭാര്യക്ക് അറിയില്ല. ഞാനും അടുക്കളയിൽ വൈഫിന്റെ കൂടെ സഹായങ്ങൾ ചെയ്യുന്നു. കുട്ടികളുടെ കാര്യങ്ങളും നോക്കുന്നു. ഇപ്പോ നമ്മളീ പറഞ്ഞ സാധമൊന്നും തലയിൽ ഇങ്ങനെ ചുമന്നുകൊണ്ട് നടക്കുന്ന ഒരാളല്ല ഞാൻ. നമ്മുടെ ഉള്ളിൽ തന്നെ ഒരേ സമയം ഭർത്താവ് അച്ഛൻ മകൻ ഒരു സമൂഹജീവി ഒക്കെ ഉണ്ട്.

എഴുത്തിന് ഒരുപാട് കോംപ്രമൈസുകൾ വേണ്ടി വരും. മറ്റുള്ളവർ ആഘോഷമാക്കുന്ന കാര്യങ്ങളിൽ നിന്ന് എനിക്ക് മാറി നിൽക്കേണ്ടി വന്നിട്ടുണ്ട്. പകരം വായനയിലേക്കും എഴുത്തിലേക്കും മാറേണ്ടി വരുന്നു. എന്റെ ലഹരി വായനയും എഴുത്തുമായിരിക്കും. അവർക്ക് മറ്റൊന്നാകും. അത് ശരി ഇത് തെറ്റെന്നും പറയുന്നില്ല.

**ചോദ്യം: ഇതുവരെ ഇറങ്ങിയ ഇറങ്ങിയ ഇറങ്ങിയ പുസ്തകങ്ങളാണോ ഇനി വരാൻ പോകുന്ന പുസ്തകങ്ങളാണോ കൂടുതൽ മികച്ചതാകുക?**

എല്ലാ പുസ്തകങ്ങളും എനിക്ക് തീർച്ചയായിട്ടും ഇഷ്ടമായിരിക്കും. ഇനി ഇറങ്ങാൻ പോകുന്നത് വ്യത്യസ്തമായിരിക്കണം എന്നുള്ള ആഗ്രഹം മനസ്സിലുണ്ട് . അതിനു ഞാൻ തീർച്ചയായിട്ടും ശ്രമം നടത്തും

ഇനി വരുന്നതാണ് നല്ലതെന്നൊക്കെ പറയുന്നത് ഒരു ഈഗോയുടെ പ്രകാശനം മാത്രമായിരിക്കും. അത് വായനക്കാരൻ തീരുമാനിക്കും. ചില കഥകൾ വായിക്കുമ്പോൾ ഇത് കുറച്ചുനാൾ കൂടി എഴുത്തുകാരൻ വെച്ചുകൊണ്ടിരുന്നെങ്കിൽ മെച്ചമായേനെ എന്ന് തോന്നിയിട്ടുണ്ട്.

**ചോദ്യം: എത്ര വയസ്സു വരെ എഴുതാൻ കഴിയും?**

ഒന്നും പറയാൻ പറ്റില്ല. എനിക്ക് യാതൊരു പ്ലാനും പദ്ധതിയും ഇല്ല. നമ്മുടെ കൂടെ നടന്ന ഭയങ്കര മിടുക്കയിരുന്ന ചിലർ പെട്ടെന്ന് അപ്രത്യക്ഷരാകുന്നു. ക്ലെയിംസ് ഒന്നും മനസ്സിൽ കൊണ്ടുനടക്കുന്നതേ ഇല്ല. സംഭവിക്കുന്ന പോലെ സംഭവിക്കട്ടെ എന്ന് പറഞ്ഞ് വിടുന്നു.

ഒവി വിജയൻ അവസാന കാലം വരെ എഴുതുകയുണ്ടായി. പ്രായമായിട്ടും നന്നായി എഴുതുന്ന എത്രയോ നല്ല എഴുത്തുകാരുണ്ട്. പ്രായവും എഴുത്തുമായി ബന്ധം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ക്രിയേറ്റിവിറ്റി ഉള്ള കാലത്ത് എഴുതാൻ ശേഷിയുള്ള കാലത്ത് നല്ല കൃതികൾ എഴുതാനായി ആൾക്കാർക്ക് പറ്റണം, പറ്റുമെന്നാണ് എന്റെ ഒരു തോന്നൽ.

**ചോദ്യം: ഒരു എഴുത്തുകാരനായി എന്നൊരു ബോധ്യം എന്നാണ് വരുന്നത്.**

എഞ്ചിനീയറിങ് കോളേജിൽ പഠിക്കുന്ന സമയത്ത് സംഘം ചേർന്നവരുടെ സങ്കീർത്തനം എന്ന കഥ അവതരിപ്പിച്ചു. അധ്യാപകരടക്കം നല്ല അഭിപ്രായങ്ങൾ പറഞ്ഞു.

പുറപ്പാട് നോവൽ എഴുതാൻ തുടങ്ങി ട്ട് 10 –12 വർഷത്തിന് ശേഷം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ആദ്യം എം ടിക്ക് അയച്ചു കൊടുക്കാൻ ആയി ഒരു കത്ത് എഴുതി. അദ്ദേഹം മാതൃഭൂമി എഡിറ്റർ ആയിരുന്നു.

ജെയിംസേ അയച്ചു തരൂ ഞാൻ വായിച്ചു നോക്കാം എന്നു പറഞ്ഞു മറുപടി വന്നു. വായിച്ചു നോക്കിയാൽ തീർച്ചയായിട്ടും പ്രസിദ്ധീകരിക്കും എന്ന് ഉറപ്പായിരുന്നു. പക്ഷേ ആ സമയത്ത് എംടി രാജി വച്ച് പോയി. കുറെ നാൾക്ക് ശേഷം കലാകൗമുദിയിൽ കയറി ചെന്ന് എൻ ആർ എസ ബാബുവിനു മാനുസ്ക്രിപ്റ്റ് കൊടുത്തു.

ഒരാഴ്ച കഴിഞ്ഞ് അദ്ദേഹം എന്നെ വിളിച്ചു. ഉടനെ പ്രസിദ്ധീകരിക്കാം എന്നറിയിച്ചു . കലാകൗമുദി കത്തി നിൽക്കുന്ന കാലമാണ്. എനിക്ക് ഭയങ്കര സന്തോഷം. എല്ലാവരോടും പറഞ്ഞു. പക്ഷെ ആ സമയത്ത് കലാകൗമുദിക്ക് മാധവക്കുട്ടിയുടെ 'കവാടം' എന്ന നോവൽ കിട്ടി. പ്രശസ്തയായ എഴുത്തുകാരി, സ്വാഭാവികമായി ആദ്യം കൊടുക്കും. അതുകഴിഞ്ഞിട്ട് പിന്നെ കെ മോഹന്റെ നോവൽ. പുതിയ എഴുത്തുകാരൻ ആയതുകൊണ്ട് മാത്രം എനിക്ക് എൻട്രി കിട്ടാതെ വന്നു. സർവ്വ പ്രതീക്ഷയും നഷ്ടപ്പെട്ടിരിക്കുമ്പോഴാണ് യാദൃശ്ചികമായി ട്രെയിൻ യാത്രക്കിടയിൽ ആരോ വായിച്ചിട്ട് ഇട്ടിട്ട് പോയ ഒരു പത്രം മറിച്ച് നോക്കിയത്.

ഡിസി ബുക്സ് രജത ജൂബിലി പ്രമാണിച്ചു നോവൽ മത്സരം നടത്തുന്നു. 40 വയസ്സിൽ താഴെയുള്ളവർക്ക് വേണ്ടി. അങ്ങനെ ഞാൻ ഇത് അയച്ചു കൊടുത്തു. അതിനു

> **ഇതിനൊരു സീക്വൻസ് ഉണ്ട് ചിത്രകഥയിൽ നിന്ന് അല്ലെങ്കിൽ കാർട്ടൂണുകളിൽ നിന്ന് നമ്മൾ കുറ്റാന്വേഷത്തിലേക്ക് എത്തുന്നു. ജനപ്രിയത്തിലേക്ക് എത്തിക്കുന്നു. പിന്നെ തകഴി, ദേവ് ഇങ്ങനെ കടന്നു പോയിട്ട് ആനന്ദ്, ഓ. വി. വിജയൻ അടുത്ത സീക്വൻസിലേക്ക് വരുന്നു. ഓ. വി. വിജയനെ ഒക്കെ വായിച്ച് ആ വായനയുടെ പുതിയ സംസ്കാര ലഹരി പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ തിരിച്ചു വന്നുകൊണ്ട് മുട്ടത്തുവർക്കിയോ കാനത്തെയോ വായിച്ച് ആസ്വദിക്കാൻ പറ്റില്ല. കാരണം പടിപടിയായി ക്ലാസ് ഉയർന്നു പോകുന്നതുപോലെ വായനയിൽ ഒരു സഞ്ചാരമുണ്ട്.**

സമ്മാനം ലഭിച്ചു. അരുന്ധതി റോയി ആണ് അവാർഡ് തന്നത്. എന്റെ മാനസ ഗുരുവായിരുന്ന ഒവി വിജയൻ രൂപകലപന ചെയ്ത ശില്പമാണ് കിട്ടിയത് . വേദിയിൽ മലയാളത്തിലെ എല്ലാ പ്രശസ്ത എഴുത്തുകാരും ഉണ്ട്.

അക്ഷരത്തിന്റെ കരുത്തുകൊണ്ട് സ്വയം സംഭവിക്കട്ടെ എന്ന് വിചാരിച്ചതുപോലെ തന്നെ ഈ അക്ഷരം എന്നെ ഉയരത്തിലേക്ക് എടുക്കുകയാണ്. അപ്പോഴാണ് എഴുത്തുകാരനായി മാറി എന്നുള്ളത് അറിയുന്നത്

മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിൽ അവാർഡ് ഫോട്ടോ വന്നു. അതുവരെയുള്ള തിരസ്കാരങ്ങളും പ്രയത്നങ്ങളും ഫലമണിഞ്ഞു. അന്ന് എനിക്കൊരു കാര്യം മനസ്സിലായി. അക്ഷരം പ്രവർത്തിക്കും. അക്ഷരത്തിന് അത് വിട്ടു കൊടുത്തേക്കുക. അക്ഷരത്തിന് ശക്തിയുണ്ടെങ്കിൽ അത് സ്വയം തീരുമാനിക്കുകയും സഞ്ചരിക്കുകയും ചെയ്യും. ഇത് മൂഢവിശ്വാസം എന്ന് ചിലർ പറയുമായിരിക്കും.

**ചോദ്യം: ഇവിടെ മലയാളത്തിൽ അല്ലാതെ എഴുതുന്ന മലയാളികളുണ്ട്. പ്രത്യേകിച്ച് ഡോക്ടർ എബ്രഹാം വർഗീസ്. മലയാള ഭാഷയിൽ എഴുതിയാൽ മാത്രമേ മലയാള സാഹിത്യം ആകുകയുള്ളോ, അതൊ മലയാളി എഴുതിയാൽ മതിയോ.**

എനിക്ക് തോന്നുന്നു ഇനിയുള്ള കാലത്ത് നമുക്ക് ഇങ്ങനെ മലയാള സാഹിത്യം, ഇംഗ്ലീഷ് സാഹിത്യം എന്നൊന്നും പറയാൻ പറ്റുമെന്ന് തോന്നുന്നില്ല. മലയാളത്തിൽ എത്രയോ ഇംഗ്ലീഷ് പദങ്ങളുണ്ട്.

മലയാളത്തിൽ എഴുതുന്നത് തന്നെയാണ് മലയാളം എഴുത്ത് എന്ന് നമുക്ക് നിർബന്ധം പിടിക്കേണ്ടത് ഇല്ല.

ഇനി ഉള്ള കാലം നടക്കുകയുമില്ല. കാരണം ഇവിടെ പുതിയ തലമുറയിലെ കുട്ടികൾ എല്ലാം സംസാരിക്കുന്നത് ഇംഗ്ലീഷിലാണ്. പക്ഷെ വീട്ടിൽ മലയാളം സംസാരിക്കുന്നുണ്ടാവും.

പക്ഷെ എഴുതാനായി അവർക്ക് സാധിച്ചെന്നു വരില്ല. അതിനെ നമ്മൾ മലയാളം എഴുത്തല്ലെന്ന് എങ്ങനെ പറയാൻ പറ്റും. അങ്ങനത്തെ വിഭജനങ്ങൾ ഒക്കെ അസ്തമിച്ചു പോകുമെന്ന് എനിക്ക് തോന്നുന്നു. മറ്റു ഭാഷകളെയും മലയാളം അംഗീകരിക്കേണ്ടി വരും.

ചെറുകഥ



ജോസഫ് എബ്രഹാം

# വരത്തുപോക്ക്



*വര:*
**പി ആർ രാജൻ**

നാട്ടുവഴിയുടെ ഓരത്തുള്ള ആ വീട് വാടകയ്ക്ക് എടുക്കാനായി പോയിനോക്കുന്ന സമയത്തു തന്നെ അതുവഴിവന്ന കൃഷ്ണൻചെട്ടിയാർ മുന്നറിയിപ്പ് തന്നിരുന്നു.

"മാഷെ ഈ തൊടിയിലൂടെ അക്കരെക്കുന്നിലേക്ക് ഒരു വരത്തുപോക്ക് ഉണ്ട്ട്ടോ. അതൊക്കെ കണ്ട ആൾക്കാർ തോനെയുണ്ട്, പറഞ്ഞില്ലാന്നു വേണ്ട"

ചുറ്റിനും ചെമ്പരത്തി വേലി കുത്തി മനോഹരമാക്കിയ മുറ്റവും ചെറിയവീടും ഒറ്റനോട്ടത്തിൽ തന്നെ മനസ്സിനു പിടിച്ചിരുന്നു. പക്ഷെ ചെട്ടിയാർ അങ്ങിനെ പറഞ്ഞപ്പോൾ മനസ്സിൽ എന്തോ ഒരു ആപൽസൂചന തോന്നി.

"ചെട്ടിയാരെ നിങ്ങൾ വെർതെ മനുഷ്യമ്മാരെ സുയിപ്പാക്കാതെ. ഏതോ കാലത്ത് ആരോ എന്തോ കണ്ടെന്നു പറഞ്ഞുനടക്കാൻ നിങ്ങക്കെന്തിൻറെ കാറ്റാണ് മനുഷ്യാ"

ചെട്ടിയാരുടെ വർത്താനം വീട് വാടകയ്ക്ക് തരാക്കിതരാൻ വന്ന സുകുമാരനു പിടിച്ചില്ല. അയാൾ ചെട്ടിയാരെ വഴക്ക് പറഞ്ഞു. ചെട്ടിയാർ കൂടുതലായൊന്നും പറയാതെ എന്തോ പിറുപിറുത്തുകൊണ്ട് അവിടെനിന്നുംപോയി.

സുകുമാരൻ പറഞ്ഞു

"ഇങ്ങള് ബേജാറാവണ്ട. മൂപ്പർ ഒരുജാതി അന്ധവിശ്വാസിയയാണ്. അതൊക്കെ പഴേ ആളോടെ ഓരോ



കാര്യങ്ങൾ ശാസ്ത്രീയമായും അതിൻറെ സമൂഹികപാശ്ചാത്തലത്തിലും സുകുമാരൻ വിശദീകരിച്ചതോടെ എല്ലാം ബോധ്യമായ ഞാനും ചങ്ങാതി സാബുവും കൂടി പിറ്റേന്ന് മുതൽ ആ വീട്ടിലേക്കു താമസം മാറി. അങ്ങാടിയിൽ നിന്നും കുറച്ചുദൂരം നടക്കണം എന്നതൊഴിച്ചാൽ നല്ല സൌകര്യമുള്ള വീട്, അത്രയും വാടക കുറച്ചു വേറെങ്ങും കിട്ടില്ല. അടുത്ത ടൌണിലെ പാരലൽകോളേജിലെ മാഷുമ്മാരായ ഞങ്ങൾക്കുതുപോലെ സൌകര്യമുള്ളോരു വീട് പട്ടണത്തിൽ തരപ്പെടുത്താൻ ഒരിക്കലും കഴിയില്ല.

വിചാരങ്ങളാണപ്പ. അല്ലാ, രാത്രി ആകാശത്തൂടെ തേരും തീപ്പന്തവും പോണുന്നൊക്കെ പറഞ്ഞാൽ തലയ്ക്കു വെളിവുള്ള ആരാണ് വിശ്വസിക്കുക. ൻറെ, മാഷെ അതൊക്കെ പണ്ടത്തെ ഓരോ സൂത്രങ്ങളാണ്. ചില കാർന്നോമ്മാർ രാത്രി ചൂട്ടും കത്തിച്ചു ഒളിസേവക്കു പോണതിനാരും സുയിപ്പുണ്ടാക്കാതിരിക്കാൻ ഓര് തന്നെ പടച്ചൊണ്ടാക്കിയ ഇക്കുമത്തുകളാണ്''

കാര്യങ്ങൾ ശാസ്ത്രീയമായും അതിൻറെ സമൂഹികപാശ്ചാത്തലത്തിലും സുകുമാരൻ വിശദീകരിച്ചതോടെ എല്ലാം ബോധ്യമായ ഞാനും ചങ്ങാതി സാബുവും കൂടി പിറ്റേന്ന് മുതൽ ആ വീട്ടിലേക്കു താമസം മാറി. അങ്ങാടിയിൽനിന്നും കുറച്ചുദൂരം നടക്കണം എന്നതൊഴിച്ചാൽ നല്ല സൌകര്യമുള്ള വീട്, അത്രയും വാടക കുറച്ചു വേറെങ്ങും കിട്ടില്ല. അടുത്ത ടൌണിലെ പാരലൽകോളേജിലെ മാഷുമ്മാരായ ഞങ്ങൾക്കുതുപോലെ സൌകര്യമുള്ളോരു വീട് പട്ടണത്തിൽ തരപ്പെടുത്താൻ ഒരിക്കലും കഴിയില്ല.

ജീപ്പും ലോറിയുമൊക്കെ വരാൻ പറ്റിയ വീതിയുള്ള ചെമ്മൺ റോഡിനരികിലായുള്ള അരയേക്കർ തൊടിയിൽ ഒരു വീട്. രണ്ടുമുറിയും അടുക്കളയും അടച്ചുകെട്ടുള്ള കോലായിയും. പൂത്തുലയുന്ന ചെമ്പരത്തിവേലിക്ക് നടുവിൽ വെള്ളയുടുത്തു നിൽക്കുന്ന വീടൊരു ഗ്രാമീണ സുന്ദരിയായിരുന്നു. വീടിനകത്തുനിന്നും തട്ടിൻപുറത്തേക്കു കയറാൻ കോണിയൊന്നുമില്ല. കഴുക്കോലിൽ നിന്നും കെട്ടിഞ്ഞാത്തിയിട്ടുള്ള കയറിൽ പിടിച്ചുതൂങ്ങി, ചുവരിലെ ചെറിയ വെട്ടിൽ കാൽ ചവിട്ടി കയറുകയും ഇറങ്ങുകയും ചെയ്യാം.

ചങ്ങാതി സാബു രണ്ടാഴ്ചകൂടുന്ന വെള്ളിയാഴ്ച വൈകുന്നേരം അയാളുടെ വീട്ടിൽ പോകും. തിങ്കളാഴ്ച രാവിലെ ജോലിസ്ഥലത്തേക്ക് മടങ്ങിവരും. ആ രാത്രികളിൽ ഞാൻ തനിയെയായിരിക്കും. അങ്ങിനെ ഒറ്റയ്ക്കാവുന്ന ചില രാത്രികളിൽ തട്ടിൻപുറത്തുനിന്നും ചില തട്ടലുംമുട്ടലും കേൾക്കാം. വല്ല എലിയോ മരപ്പട്ടിയോ ആയിരിക്കുമെന്ന് കരുതിയത്. ഒരു രാത്രിയിൽ തട്ടിൻ പുറത്തുകൂടെ ആരോ നടക്കുന്നത്
പോലെ തോന്നി. പലകകൾ കാൽച്ചുവട്ടിൽ അമരുന്ന കിരുകിരാ ശബ്ദം.... ഒരാൾക്ക് നിവർന്നുനടക്കാനുള്ള

ഉയരമൊന്നും തട്ടിൻപുറത്തില്ല. കൂനിക്കൂടി നിന്നിലെങ്കിൽ കഴുക്കോലിലും മോന്തായത്തിലും തലയിടിക്കും. തീപ്പെട്ടിയുരച്ചു വിളക്ക് കത്തിച്ചു. മണ്ണെണ്ണ വിളക്കിൻറെ അരണ്ട വെളിച്ചം മുറിയിൽ നിറഞ്ഞു അതോടെ തട്ടിൻ പുറത്തുനിന്നുള്ള പദചലനങ്ങൾ ഇല്ലാതായി. വിളക്കുമെടുത്ത് നടുമുറിയിലേക്ക് നടന്നു ആ മുറിയിൽ നിന്നുമാണ് തട്ടിൻ പുറത്തേക്കു കയറാനുള്ള വാതിൽ. വിളക്കു മേലേക്ക് ഉയർത്തി നോക്കി മച്ചിന്റെ അടപ്പ് അടഞ്ഞുതന്നെ കിടക്കുന്നു. താഴിട്ടു പൂട്ടാനുള്ള കരു ബന്ധിച്ച നിലയിൽ തന്നെയാണ്. വിളക്കുമായി ചുറ്റും നോക്കി. തറയിൽ രണ്ടര ഇഞ്ചിൻറെ ഒരു ആണി കിടക്കുന്നതു കണ്ടു അതെടുത്ത് കൊളുത്തിൽ വളച്ചിട്ടു മച്ചിന്റെ പ്രവേശന അടപ്പ് ബന്തവസ്സിലാക്കി. വിളക്കുകെടുത്തി വീണ്ടും ഉറങ്ങാൻ കിടന്നു.

കണ്ണുകളടച്ചു കിടന്നുവെങ്കിലും ഉറക്കം വന്നില്ല. മനസ്സിൽ ഭയാശങ്കകൾ നിറഞ്ഞു. കട്ടിലിൽ എഴുന്നേറ്റിരുന്നു ഒരു ബീഡികത്തിച്ചു പുകവിട്ടു. തട്ടിൻ പുറത്തുനിന്നും വീണ്ടും അനക്കങ്ങൾ കേട്ടു. ഉടൻ തന്നെ വിളക്കു കത്തിച്ചുവച്ചു അതോടെ തട്ടിൻപുറവും നിശബ്ദമായി. അതോടെ സമാധാനമായി. വല്ല എലികളോ മരപ്പട്ടിയോ ആയിരിക്കുമെന്നാശ്വസിച്ചു എങ്കിലും മരപ്പലകകൾ അമരുന്ന ശബ്ദം, അതൊരു സംശയമായി മനസ്സിൽ അവശേഷിച്ചു.

അതിരാവിലെ പുറത്തിറങ്ങി നോക്കി. ചുറ്റും കോടമഞ്ഞിൽ പുതച്ചുനിൽക്കുന്ന കാപ്പിത്തോട്ടങ്ങൾ. അവയ്ക്കിടയിൽ ഒറ്റപ്പെട്ടുനിൽക്കുന്ന വീടിൻറെമേൽ ദുരുഹതയുടെ മൂടൽമഞ്ഞു പൊതിഞ്ഞതായി തോന്നി. ആ വീടിനോട് തോന്നിയ സ്നേഹം പതിയെ ഭീതിയായിമാറി. അന്നുരാത്രിയിൽ അവിടെ തനിയെ കിടക്കുന്ന കാര്യമോർത്തപ്പോൾ ഭയം തോന്നി. രാത്രിയിൽ ഉറക്കം വന്നില്ല കോലായിലെ മരയഴി വാതിൽ അടച്ചശേഷം ഒരു കസാലയിട്ടു അവിടെയിരുന്നു. പുറത്ത് നേരിയ നിലാവുണ്ട്. സന്ധ്യയോടുകൂടി വീടിനുമുൻപിലെ വഴിയിലൂടുള്ള മനുഷ്യസഞ്ചാരം നിലയ്ക്കും. അരക്കിലോമീറ്റർ അകലെയുള്ള കൃഷ്ണൻ ചെട്ടിയാരുടെ വീടാണ് ഏറ്റവും അടു



**ആ രാത്രികളിൽ ഞാൻ തനിയെയായിരിക്കും. അങ്ങിനെ ഒറ്റയ്ക്കാവുന്ന ചില രാത്രികളിൽ തട്ടിൻപുറത്തുനിന്നും ചില തട്ടലുംമുട്ടലും കേൾക്കാം. വല്ല എലിയോ മരപ്പട്ടിയോ ആയിരിക്കുമെന്ന് കരുതിയത്. ഒരു രാത്രിയിൽ തട്ടിൻ പുറത്തുകൂടെ ആരോ നടക്കുന്നത് പോലെ തോന്നി. പലകകൾ കാൽച്ചുവട്ടിൽ അമരുന്ന കിരുകിരാ ശബ്ദം....**

ത്തതെന്നു പറയാവുന്ന വീട്. ഇടയ്ക്കിടെ കുറുക്കൻ, പാക്കാൻ പോലുള്ള ജന്തുക്കളുടെ നിഴലനക്കം വഴിയിൽ കാണാമെന്നതൊഴിച്ചാൽ പരിപൂർണ്ണ നിശബ്ദമായ രാത്രി.

ഇരുന്നയിരുപ്പിൽ മയങ്ങിപ്പോയി. കണ്ണുതുറന്നപ്പോൾ റോഡിനരികിലുള്ള ശീമക്കൊന്ന ശക്തമായി ഉലയുന്നതായി കണ്ടു. മുകളിലൂടെ വലിപ്പമുള്ള എന്തോ പറന്നുപോകുന്നതിന്റെ വലിയനിഴൽ മുറ്റത്തൂടെ കടന്നു പോകുന്നത് ഞെട്ടലുളവാക്കി. കാപ്പിത്തോട്ടത്തിനു നടുവിൽനിന്നു കുറുനരികൾ ഓലിയിടുന്ന ശബ്ദം. ഭയന്നു പോയി. ഉടൻ മുറിയിൽകയറി വാതിലടച്ചു. ജനൽതുറന്നു പുറത്തേക്കു നോക്കാനുള്ള ധൈര്യമുണ്ടായിരുന്നില്ല. പുറത്തുനിന്നും മുറിയിലേക്ക് വായു സഞ്ചാരത്തിനായി ചുവരിൽ നിർമ്മിച്ചിട്ടുള്ള ദ്വാരത്തിലൂടെ പുറത്തേക്കു നോക്കി.

കാര്യങ്ങളെ യുക്തിയുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ ശ്രമിക്കാറുള്ള ഞാൻ വലിയ ദൈവവിശ്വാസിയോ ദൈവനിഷേധിയോ ആയിരുന്നില്ല. എങ്കിലും ഉള്ളിൽ ആശങ്ക കയറി. ഭയപ്പാടോടെ പുറത്തേക്കുനോക്കി. ഒന്നും കാണാനായില്ല. കുറുനരികളുടെ ഓരിയിടലും അവസാനിച്ചിരുന്നു.

എല്ലാം തോന്നലെന്നു കരുതി കണ്ണുകൾ പിൻവലിക്കുമ്പോഴാണ്, ചങ്കുതകർന്നു പോകുംവിധം ഭയാനകമായി, വീടിന്റെ മുറ്റത്ത് കുറുനരികൂട്ടത്തിന്റെ ഓരിയിടൽ അപ്രതീക്ഷിതമായി കേട്ടത്. ഹൃദയമിടിപ്പിന്റെ ശബ്ദം വീടിനുള്ളിൽ മുഴങ്ങികേൾക്കാമായിരുന്നു. ചുള്ളിക്കമ്പുകൾ ചവിട്ടിയൊടിച്ചും കാപ്പിമരങ്ങൾ ഉലച്ചും, ശക്തനായ ആരോ തൊടിയിലൂടെ നടന്നു. കുറുനരികൾ അയാളെ അനുഗമിച്ചു. അവയുടെ ശബ്ദം അകന്നകന്നു പോയി.

അല്പം കഴിഞ്ഞു സമനില വീണ്ടെടുത്തു. വിളക്ക് കൊളുത്തി. മുറിയുടെ ഒരു മൂലയിൽ വച്ചിരുന്ന ഇരുമ്പ്പെട്ടി തുറന്നു. അതിന്റെ അടിയിൽ നിന്നും അമ്മ നിർബന്ധിച്ചു



**എല്ലാം തോന്നലെന്നു കരുതി കണ്ണുകൾ പിൻവലിക്കുമ്പോഴാണ്, ചങ്കുതകർന്നു പോകുംവിധം ഭയാനകമായി, വീടിന്റെ മുറ്റത്ത് കുറുനരികൂട്ടത്തിന്റെ ഓരിയിടൽ അപ്രതീക്ഷിതമായി കേട്ടത്. ഹൃദയമിടിപ്പിന്റെ ശബ്ദം വീടിനുള്ളിൽ മുഴങ്ങികേൾക്കാമായിരുന്നു. ചുള്ളിക്കമ്പുകൾ ചവിട്ടിയൊടിച്ചും കാപ്പിമരങ്ങൾ ഉലച്ചും, ശക്തനായ ആരോ തൊടിയിലൂടെ നടന്നു. കുറുനരികൾ അയാളെ അനുഗമിച്ചു. അവയുടെ ശബ്ദം അകന്നകന്നുപോയി.**

എല്പ്പിച്ച ബൈബിളും കൊന്തയും കയ്യിലെടുത്തു.

ഇനിയിപ്പോ കൃഷ്ണൻചെട്ടിയാർ പറഞ്ഞതിൽ വല്ല കാര്യവുമുണ്ടാകുമോ? ബൈബിളും കൊന്തയും മാറോടു ചേർത്തു പിടിച്ചപ്പോൾ എന്തെന്നില്ലാത്ത ആശ്വാസം തോന്നി. ഞാൻ കിടന്നു. ഉറക്കം കണ്ണുകളെ പൂട്ടുന്നത് ഞാനറിഞ്ഞു

പിറ്റേന്ന് സാബു വന്നു. കഴിഞ്ഞദിവസങ്ങളിൽ എനിക്കുണ്ടായ അനുഭവം പറഞ്ഞപ്പോൾ അവൻ കളിയാക്കി. എല്ലാം എൻറെ തോന്നലുകളെന്നുപറഞ്ഞു പരിഹസിച്ചു.

മറ്റൊരു വീടുനോക്കണമെന്ന എൻറെ അഭിപ്രായം കേട്ടപ്പോൾ. ഇതുപോലെ സൌകര്യമുള്ള ഒരുവീട് വേറെയെവിടെയെങ്കിലും എടുത്താൽ പിന്നെ ഭക്ഷണം കഴിക്കാനുള്ള പൈസ എവിടെനിന്നു കിട്ടുമെന്നായി അവൻ. അവൻ പറഞ്ഞതു ശരിയാണ്. ഇതുപോലെ സൌകര്യമുള്ള ഒരുവീട് മറ്റെവിടെയെങ്കിലും കിട്ടണമെങ്കിൽ വലിയ വാടകയാകും അല്ലെങ്കിൽ ഏതെങ്കിലും കുടുസ്സുമുറിയിൽ തിങ്ങിഞെരുങ്ങി കഴിയേണ്ടിവരും.

ഇതിനെല്ലാംശേഷം പലദിവസങ്ങൾ കഴിഞ്ഞു. വേറെ പ്രത്യേകമായ അനുഭവങ്ങളോ ശബ്ദങ്ങളോ ഒന്നുമുണ്ടായില്ല. ചിലപ്പോൾ തട്ടിൻപുറത്ത് നിന്നും ശബ്ദങ്ങൾ കേൾക്കും അപ്പോൾ വിളക്കുകൊളുത്തി വയ്ക്കും അതോടെ ശബ്ദം നിലയ്ക്കും. തട്ടിൻമുകളിൽ മരപ്പട്ടി വരുന്നതെന്നു ഞങ്ങളും കരുതി. പതിയെ എൻറെ തോന്നലുകളും ഭയങ്ങളും ഇല്ലാതായി. അത്തരം ആശങ്കകളും എന്നെ വിട്ടൊഴിഞ്ഞു.

ഒരു വാരാന്ത്യത്തിൽ ഞാൻ വീട്ടിൽപോയി. ആ ആഴ്ചയിൽ സാബു വീട്ടിൽ പോയില്ല. ഞാൻ തിരികെയെത്തിയപ്പോൾ സാബു ആകെ ഭയന്നിരിക്കുകയായിരുന്നു. എന്നെ കണ്ടപ്പഴേ അവൻ ഇറങ്ങിവന്നു പറഞ്ഞു

‘‘എടാവേ, നീ അന്നു പറഞ്ഞത് ശരിയാണ്. ഈ വീട്ടിൽ എന്തൊക്കയോ കുഴപ്പമുണ്ട്. വേറെ വീട് നോക്കണം. നമുക്കുടനെ വീട് മാറണം’’

തലേന്നു രാത്രിയിൽ നടന്ന കാര്യങ്ങൾ അവൻ പറഞ്ഞു. അപ്പോഴും അവൻറെ ഭീതി മാറിയിരുന്നില്ല.

‘‘രാത്രിയിൽ ഉറങ്ങിക്കിടക്കവേ മച്ചിൻ മുകളിൽനിന്നും ശബ്ദംകേട്ടു ഉറക്കം തെളിഞ്ഞു. കാതോർത്തപ്പോൾ മച്ചിന്റെ മുകളിലൂടെ ആരോ നടക്കുന്നപോലെയുള്ള ശബ്ദം. നടപ്പിന്റെ ശക്തിയിൽ പലകകൾ ഞെരിഞ്ഞു. വിളക്കു കൊളുത്താനായി തീപ്പെട്ടി ഉറച്ചു നോക്കിയപ്പോൾ വിളക്ക് വച്ചിടത്ത് കണ്ടില്ല. തീകൊള്ളിയുടെ വെളിച്ചത്തിൽ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു.

കട്ടിലിനോട് ചേർത്തിട്ടിരുന്ന സ്റ്റൂളിൽ വച്ചിരുന്ന വിളക്ക് മച്ചിന്റെ അടിയിൽ ഒട്ടിനിൽക്കുന്നു. അതെങ്ങിനെ സാധ്യമാകും?

പെട്ടന്നു മുകളിലെ കാൽപ്പെരുമാറ്റം നിന്നു. പകരം ചിലങ്കയുടെ ശബ്ദം കേട്ടു. ഞാൻ ഭയന്നുവിറച്ചു കട്ടിലിൽ കൂനിക്കൂടി ഇരുന്നു. തൊണ്ടയും നാവും വരണ്ടു. നാവു ചലിപ്പിക്കാനാവാതെ ബന്ധനത്തിലായി. കരയുവാൻ പോലുമാകാതെ ശബ്ദം തൊണ്ടയിൽ കുരുങ്ങി ശ്വാസംമുട്ടി. ആരോ പിടിച്ചു മുകളിലേക്ക് ഉയർത്തുന്നത് പോലെ കട്ടിലിൽ നിന്നും എൻറെ ശരീരം മുകളിലേക്ക് ഉയർന്നു.

‘‘പിന്നീടു എന്തുണ്ടായെന്ന് ഓർമ്മയില്ല. നേരം പരപരെ വെളുത്തപ്പോൾ കണ്ണുതുറന്നു അപ്പോൾ ഞാൻ കട്ടിലിനു താഴെ നിലത്തുകിടക്കുന്നു. ശരീരത്തിനു കഠിനവേദന അനുഭവപ്പെട്ടു. മുറിയിയിൽ മണ്ണെണ്ണ മണം നിറഞ്ഞുനിന്നിരുന്നു. ചില്ലുവിളക്ക് നിലത്തു തകർന്നു കിടന്നിരുന്നു.’’

സാബുവിന്റെ അനുഭവംകൂടി ആയതോടെ അവിടെനിന്നും മാറാനായി ഞങ്ങൾ തീരുമാനിച്ച. മറ്റൊരു വീടിനായി അന്വഷണം തുടങ്ങിയെങ്കിലും ഉടനെയൊന്നും തരമായില്ല. പിന്നീടുള്ള രാത്രികളിൽ വിളക്ക് കൊളുത്തിവച്ചു ഞങ്ങൾ ഭയപ്പാടോടെ കിടന്നുവെങ്കിലും കുഴപ്പങ്ങൾ ഒന്നും ഉണ്ടായില്ല. കാര്യങ്ങൾ അങ്ങിനെ കുഴപ്പമില്ലാതെ പോയിത്തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞു പതിവുപോലെ സാബു വീട്ടിൽ പോയ സമയത്താണ് ആ ഭയാനകമായ അനുഭവം എനിക്കുണ്ടായത്. പകൽ നേരം കടുത്തവെയിലുള്ള ദിവസങ്ങളായിരുന്നതിനാൽ വീടിനകത്ത് ചൂടായിരുന്നു. ജനൽ തുറന്നാൽ നല്ല കാറ്റ് കടന്നുവരും. ഷർട്ടഴിച്ചു മാറ്റി ഞാൻ ജനലിനോട് ചേർന്നു കിടന്നു.

പിറ്റേന്നു രാവിലെ നോക്കിയപ്പോൾ ഇടതു മാറിലെ മുലക്കണ്ണിനു ചുറ്റുമായി ഒരു മനുഷ്യൻറെ അഞ്ചു വിരലുടെ അകലത്തിലും വലിപ്പത്തിലുമുള്ള അഞ്ചു നഖപ്പാടുകൾ കണ്ടു. വെറും പാടുകളല്ല, ചോര പൊടിഞ്ഞ മുറിപ്പാടുകൾ.

**പിറ്റേന്നു രാവിലെ നോക്കിയപ്പോൾ ഇടതു മാറിലെ മുലക്കണ്ണിനു ചുറ്റുമായി ഒരു മനുഷ്യൻറെ അഞ്ചു വിരലുടെ അകലത്തിലും വലിപ്പത്തിലുമുള്ള അഞ്ചു നഖപ്പാടുകൾ കണ്ടു. വെറും പാടുകളല്ല, ചോരപൊടിഞ്ഞ മുറിപ്പാടുകൾ.**

ആരോ പിടിച്ചുവലിക്കുന്നതായി തോന്നിയപ്പോൾ ഉറക്കത്തിൽനിന്നും ഉണർന്നു കണ്ണുതുറന്നു നോക്കി. ജനലിനു പുറത്തു വെളുത്ത തലമുടിയുള്ള രൂപം, അതിൻറെ കൈകളിൽ രോമമല്ല, വെളുത്ത തൂവലുകൾ. എൻറെ ശരീരം കട്ടിലിൽ നിന്നും മുകളിലേക്ക് പൊങ്ങാൻ തുടങ്ങി. അതിനെ പ്രതിരോധിക്കാൻ ഇടതു കൈകൊണ്ടു ജനലിന്റെ അഴികളിൽ മുറുകെ പിടിച്ചുകൊണ്ടു

‘‘അയ്യോ അമ്മേ...‘

എന്നൊക്കെ ഞാൻ വിളിച്ചു കരയാൻ ശ്രമിച്ചെങ്കിലും ശബ്ദം പുറത്തേക്കു വന്നില്ല. നാവു അനക്കാനാവാത്തവിധം ബന്ധിക്കപ്പെട്ടിരുന്നു.

‘‘എൻറെ ദൈവമേ...‘

ഉള്ളിൽ നിലവിളിച്ചു. കുറച്ചു കഴിഞ്ഞു പിടി അയഞ്ഞു. നാവും ശരീരവും സ്വതന്ത്രമായി. ജനാലക്കൽ ആരെയും കാണാനില്ല. ഞാൻ വേഗം ജനൽ വലിച്ചടച്ചു കുറ്റിയിട്ടു

രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ മുറിവുകൾ പഴുത്തു, പിന്നെ ഉണങ്ങി കറുത്ത കലയായി മാറി. മാസങ്ങളോളം ആ നഖപ്പാടുകൾ എൻറെ മാറിൽ മായാതെ കിടന്നിരുന്നു.

ഞങ്ങൾ മറ്റൊരു വീട്ടിലേക്കു താമസം മാറി. വൈദ്യുതി വെളിച്ചമുള്ളതായിരുന്നു പുതിയ വീട്. അവിടെ ഭയക്കാനായി ഒന്നുമില്ലായിരുന്നു. എങ്കിലും ചില രാത്രികളിൽ വിളക്കുകത്തിച്ചു വച്ചാലും മനസ്സിൻറെ തട്ടിൻപുറത്ത് ആരോ നടക്കുന്നത് പോലെ തോന്നാറുണ്ടായിരുന്നു.


BIG ANNOUNCEMENT!
THE WORLD JUST GOT BIGGER
6 BRAND NEW CHANNELS
NOW STREAMING ON
MediaAppUSA
THE TABERNACLE CHOIR AT TEMPLE SQUARE
NTD
Harmony
Gospel Music TV
Diya TV
THE WALK
NJOY TV 21.2
Experience a whole new level of global entertainment, news, and culture – now expanded like never before.
Why MediaAppUSA?
Unlimited Global Live Channels
Premium Video-On-Demand Content
Integrated News & Media Platforms
Multi-Device Streaming – Anytime, Anywhere
Built for the Worldwide Audience
More Content.
More Diversity. More Power.
MediaAppUSA continues to redefine digital broadcasting, bringing the world closer to you.
WATCH ANYTIME. ANYWHERE. ON ANY DEVICE.
iPhone
android
Roku
ROKU TV
SMART TV
Samsung TV
tv
Apple TV
amazon fireTV
Amazon fireTV
Google TV
GoogleTV
Panasonic
Panasonic TV
Vizio TV
Sony TV
LG
Life's Good
LGTV
Available on AppStore | Playstore
ANDROID APP ON Google play
Download on the App Store
NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.
Call North America | UK | Europe: 1-917-900-2123
Gulf Region | India 91 999 561 1116 eMail: info@medialogistics.us




**'സൂക്ഷ്മ ജാഗ്രതയുടെ ലാവണ്യരൂപങ്ങൾ'**
എഡിറ്റർ : **ജയൻ മഠത്തിൽ**
പ്രസാധകർ: **സിദ്ധാർത്ഥ പബ്ലിക്കേഷൻസ്**



# പ്രസന്നരാജൻ
# അരനൂറ്റാണ്ടിന്റെ സർഗ്ഗാർച്ചന

**മലയാള സാഹിത്യവിമർശനത്തിലെ സർഗാത്മക മുഖമാണ് പ്രസന്നരാജൻ. ആധുനിക, ഉത്തരാധുനിക സാഹിത്യവിമർശനത്തെ ചലനാത്മകമാക്കിയതിൽ പ്രസന്നരാജനുള്ള പങ്ക് അനിഷേധ്യമാണ്. സാഹിത്യവിമർശനത്തിൽ അരനൂറ്റാണ്ട് പൂർത്തിയാക്കുന്ന പ്രസന്നരാജനുള്ള അക്ഷരാർച്ചനയാണ് മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജയൻ മഠത്തിൽ എഡിറ്റ് ചെയ്ത 'സൂക്ഷ്മ ജാഗ്രതയുടെ ലാവണ്യരൂപങ്ങൾ.' പ്രസന്നരാജന്റെ സാഹിത്യവിമർശനത്തെ പ്രമുഖ എഴുത്തുകാർ സൂക്ഷ്മമായി വിലയിരുത്തുന്ന പ്രൗഢ പഠനങ്ങൾ അടങ്ങിയ പുസ്തകം മലയാള സാഹിത്യവിമർശനത്തിന്റെ ചരിത്രരേഖ കൂടിയാണ്. പുസ്തകത്തിൽ അജീഷ് ജി ദത്തൻ എഴുതിയ വിമർശന കടയിലെ കലിയും ചിരിയും എന്ന ലേഖനം ഇവിടെ ചേർക്കുന്നു.**

**സ്വന്തം നിലപാടുകൾ വിട്ടുവീഴ്ചയില്ലാതെ തുറന്നു പറഞ്ഞ വിമർശകൻ**

ഒരു സാഹിത്യനിരൂപകന്റെ മൗലികത സൃഷ്ടിക്കുന്നത് അയാളുടെ നിലപാടുകൾ കൂടിയാണെന്ന് പറയാം. അയാളെ കാലം അടയാളപ്പെടുത്തുന്നതിൽ ഈ നിലപാടുകൾക്ക് വലിയ പങ്കുണ്ട്. താൻ എഴുതുന്ന കാലത്തിന്റെ സ്പന്ദനങ്ങളെയും ഭാവുകത്വപരിണാമങ്ങളെയും തിരിച്ചറിയുന്നതിൽ ഇത് വലിയ പങ്കു വഹിക്കുന്നു. ആ പുതിയ ഭാവുകത്വത്തോട് വിട്ടുവീഴ്ചയില്ലാതെ ചേർന്നു നിൽക്കാൻ ഈ നിലപാടുകൾ നിരൂപകനെ സഹായിക്കുന്നു. അങ്ങനെ സ്വന്തം നിലപാടുകൾ വിട്ടുവീഴ്ചയില്ലാതെ തുറന്നു പറഞ്ഞ വിമർശകനാണ് കെ. പ്രസന്നരാജൻ.

അദ്ദേഹത്തിന്റെ ആശയങ്ങളോട് വിയോജിക്കുന്നവരും ഈ കാര്യം കണ്ണുമടച്ച് സമ്മതിക്കും. നിലപാടുകളിലെ ഈ ദൃഢത പ്രസന്നരാജനെ ആധുനികതയ്ക്കു ശേഷം വന്ന തലമുറയിലെ പ്രധാന നിരൂപകനായി മാറാൻ സഹായിച്ചു. ഈ നിരൂപകൻ തന്റെ വായനയുടെ തുടക്കത്തിൽ നേരിട്ടത് മലയാളത്തിലെ ആധുനിക എഴുത്തുകാരെയാണ്. നവോത്ഥനകാല സാഹിത്യത്തിന്റെ അലയൊലികൾ അവസാനിച്ചിട്ടില്ലാത്ത കാലമായിരുന്നു അത്. തകഴിയും ദേവും പൊറ്റെക്കാടും ഒക്കെ തന്നെ വലിയ എഴുത്തുകാരായി നിൽക്കുന്നു.

മുണ്ടശ്ശേരിയും ഗുപ്തൻനാ

യരും കെ. ഭാസ്കരൻനായരും സുകുമാർ അഴീക്കോടും വലിയ സ്വാധീനമുള്ള നിരൂപകരായി വിരാജിക്കുന്ന കാലം. ഈ കാലത്ത് തന്റെ വായനയിൽ സജീവമാകുന്ന ഒരാളാണ് പ്രസന്നരാജൻ. എന്നാൽ പ്രസന്നരാജന്റെ കോളേജ് ജീവിതമാകുമ്പോഴേക്കും മലയാളത്തിൽ ആധുനികതയുടെ തീ കത്തിപ്പടരാൻ തുടങ്ങിയിരുന്നു.

നോവലിൽ ആധുനികതയുടെ കൊടി പറപ്പിച്ച പ്രമുഖ കൃതികൾ എല്ലാം വന്നു തുടങ്ങുന്നു. കവിതയിൽ, ചെറുകഥയിൽ, നാടകത്തിൽ, സിനിമയിൽ അങ്ങനെ കലയുടെ സകല മണ്ഡലങ്ങളിലും പുതിയ ഭാവുകത്വത്തിന്റെ കൊടുങ്കാറ്റ് വീശിയടിച്ച കാലത്താണ് ഈ നിരൂപകന്റെ യൌവ്വനം തീക്ഷ്ണമായത്.

സ്വാഭാവികമായും അതിനോട് പുറം തിരിഞ്ഞുനിൽക്കാൻ അന്നത്തെ ചെറുപ്പക്കാർക്ക് ആകുമായിരുന്നില്ല. മലയാളം പഠിച്ചുകൊണ്ടിരുന്ന, സാഹിത്യത്തിൽ ആണ്ടു മുഴുകിയ പ്രസന്നരാജനും അതിനോട് ആവേശത്തോടെ ചേർന്നുനിന്നു. ആധുനികത ഒരിക്കലും ഏകപക്ഷീയമായി മലയാളത്തിൽ സ്വീകരിക്കപ്പെട്ടില്ല.

മറ്റേതൊരു സാഹിത്യപ്രസ്ഥാനത്തെക്കാളും ആധുനികത മലയാളത്തിൽ ആക്രമിക്കപ്പെട്ടു എന്നതാണ് ചരിത്രം. ഇപ്പോഴും അത് സജീവമായി വിമർശിക്കപ്പെടുകയും പുനർവായിക്കപ്പെടുകയും ചെയ്യുന്നു.

ആധുനികതയുടെ ഏറ്റവും പ്രധാനപ്പെട്ട വിമർശകർ അന്നത്തെ യാഥാസ്ഥിതിക നിരൂപകരും ഇടതുപക്ഷ വീക്ഷണമുള്ള ദേശാഭിമാനി സ്റ്റഡി സർക്കിൾ പ്രവർത്തകരുമായിരുന്നു. വലിയ വായനക്കാരൻ എന്നവകാശപ്പെടുന്ന എം. കൃഷ്ണൻനായരും മാർക്സിസ്റ്റ് ചിന്തകനായിരുന്ന പി. ഗോവിന്ദപ്പിള്ളയും സുകുമാർ അഴീക്കോടും അടങ്ങുന്ന ആളുകൾ രൂക്ഷമായ വിമർശനമാണ് ആധുനിക കൃതികൾക്ക് നേരെ അഴിച്ചുവിട്ടത്. ഈ പ്രതികൂല വിമർശനങ്ങളെ ശക്തമായി പ്രതിരോധിച്ചുകൊണ്ടാണ് നവീനവിമർശനം നിലവിൽ വന്നത്.

**കവിതയിൽ, ചെറുകഥയിൽ, നാടകത്തിൽ, സിനിമയിൽ അങ്ങനെ കലയുടെ സകല മണ്ഡലങ്ങളിലും പുതിയ ഭാവുകത്വത്തിന്റെ കൊടുങ്കാറ്റ് വീശിയടിച്ച കാലത്താണ് ഈ നിരൂപകന്റെ യൌവ്വനം തീക്ഷ്ണമായത്. സ്വാഭാവികമായും അതിനോട് പുറം തിരിഞ്ഞുനിൽക്കാൻ അന്നത്തെ ചെറുപ്പക്കാർക്ക് ആകുമായിരുന്നില്ല. മലയാളം പഠിച്ചുകൊണ്ടിരുന്ന, സാഹിത്യത്തിൽ ആണ്ടു മുഴുകിയ പ്രസന്നരാജനും അതിനോട് ആവേശത്തോടെ ചേർന്നുനിന്നു. ആധുനികത ഒരിക്കലും ഏകപക്ഷീയമായി മലയാളത്തിൽ സ്വീകരിക്കപ്പെട്ടില്ല. മറ്റേതൊരു സാഹിത്യപ്രസ്ഥാനത്തെക്കാളും ആധുനികത മലയാളത്തിൽ ആക്രമിക്കപ്പെട്ടു എന്നതാണ് ചരിത്രം. ഇപ്പോഴും അത് സജീവമായി വിമർശിക്കപ്പെടുകയും പുനർവായിക്കപ്പെടുകയും ചെയ്യുന്നു.**

കെ.പി. അപ്പനും നരേന്ദ്രപ്രസാദും വി. രാജകൃഷ്ണനും ആഷാമേനോനും അടക്കമുള്ളവർ നവീന വിമർശനത്തിന്റെ വക്താക്കളായി. കൊല്ലത്തെ പ്രമുഖ കലാലയമായ ശ്രീനാരായണ കോളേജിലേക്ക് അദ്ധ്യാപകനായി എത്തിയ കെ.പി. അപ്പൻ അവിടുത്തെ തന്റെ വിദ്യാർഥികൾക്ക് മുന്നിൽ ആധുനികതയുടെ സൌന്ദര്യശാസ്ത്രം സംസാരിച്ചു തുടങ്ങി.

അപ്പന്റെ വിദ്യാർഥിയായിരുന്ന പ്രസന്നരാജനും പതിയെ, ഈ പുതിയ ഭാവുകത്വത്തെ പൂർണ്ണമായും മനസ്സിലായില്ലെങ്കിലും സ്വീകരിച്ചു തുടങ്ങി. 1971-ൽ ഒരു വൈകുന്നേരം കോളേജ് വിട്ട സമയത്ത് കെ. പി. അപ്പനെ സന്ദർശിക്കാൻ അദ്ദേഹത്തിന്റെ മുറിയിലേക്ക് പോയതിനെപ്പറ്റി പ്രസന്നരാജൻ എഴുതിയിട്ടുണ്ട്. തന്റെ ജീവിതത്തെ മാറ്റിമറിച്ച കൂടിക്കാഴ്ചയെന്നാണ് പ്രസന്നരാജൻ ആ ലേഖനത്തിന് നല്കിയ ശീർഷകം.

അതിന്റെ ഒടുക്കത്തിൽ അങ്ങോട്ടുപോയ ഞങ്ങളായിരുന്നില്ല അദ്ദേഹത്തിന്റെ മുറിയിൽ നിന്നിറങ്ങിയത് എന്നദ്ദേഹം പറയുന്നുണ്ട്. ഇതെല്ലാം സവിശേഷമായി ശ്രദ്ധിക്കുമ്പോഴേ പ്രസന്നരാജൻ എന്ന നിരൂപകനെ രൂപപ്പെടുത്തിയ പശ്ചാത്തലം തെളിഞ്ഞുകിട്ടുകയുള്ളൂ. എങ്കിലും അപ്പന്റെ എല്ലാ ആശയങ്ങളോടും യോജിച്ച ഒരാളാണ് ഈ നിരൂപകൻ എന്നു കരുതരുത്.

ഈ കൂടിക്കാഴ്ചയിൽ തന്നെ, ആധുനിക മനസ്സുള്ള എഴുത്തുകാരനല്ല പത്മരാജൻ എന്ന അഭിപ്രായത്തോടും എം. സുകുമാരന്റെ കഥകളോട് മുഖം തിരിച്ച അപ്പന്റെ നിലപാടിനോടും യോജിക്കാൻ കഴിയാത്ത കാര്യം പ്രസന്നരാജൻ രേഖപ്പെടുത്തിയിട്ടുണ്ട്. അന്ന് അധ്യാപകനായ അദ്ദേഹത്തോട് നേരിട്ട് എതിർപ്പ് പറഞ്ഞില്ലെങ്കിലും പിൽക്കാലത്ത് ഇവരെ സൂക്ഷ്മമായി പഠിച്ചു എഴുതി തന്റെ നിലപാട് പ്രഖ്യാപിച്ചിട്ടുണ്ട് പ്രസന്നരാജൻ.

ഇത്തരം നിരവധി സന്ദർഭങ്ങൾ പ്രസന്നരാജന്റെ വിമർശനജീവിതത്തിൽ കാണാൻ സാധിക്കുന്നുണ്ട്. അതുകൊണ്ടാണ് തുടക്കത്തിൽ തന്നെ അദ്ദേഹം സ്വീകരിച്ച നിലപാടുകളുടെ കാര്യം എടുത്തു പറഞ്ഞത്. ഇനി ഈ കാര്യത്തിലേക്ക് കുറേക്കൂടി അടുത്തുനിന്നു

നോക്കാം. എന്താണ് പ്രസന്നരാജന്റെ നിരൂപണത്തിന്റെ പ്രസക്തി എന്നും എന്തുകൊണ്ട് അദ്ദേഹം നവീനവിമർശകർക്ക് ശേഷം വന്ന പ്രധാന നിരൂപകനായി മാറുന്നു എന്നും പറയേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ചപോലെ ആധുനിക സാഹിത്യപ്രവണതകൾ മലയാളത്തിൽ ഒരിക്കലും ഏകപക്ഷീയമായി സ്വീകരിക്കപ്പെട്ടില്ല. മാത്രമല്ല, അതോടൊപ്പം തന്നെ മറ്റു ധാരകളും അതിനു സമാന്തരമായി മലയാളത്തിൽ ആഘോഷിക്കപ്പെടുന്നുണ്ടായിരുന്നു.

ആധുനിക കവിതകൾ വരുമ്പോൾ തന്നെയാണ് ആ വഴി സ്വീകരിക്കാത്ത ഒ.എൻ.വിയുടെയും സുഗതകുമാരിയുടെയും ഒക്കെ കവിതകളും ശ്രദ്ധേയമായി വന്നുകൊണ്ടിരുന്നത്. എന്തായാലും ആധുനികകൃതികൾ പ്രസിദ്ധീകരിച്ച കാലങ്ങളിൽ തന്നെ അത് വായിച്ച് തന്റെ നിലപാടുകൾ രൂപപ്പെടുത്തിയ ഈ നിരൂപകൻ തന്റെ എഴുത്തുജീവിതത്തിൽ അതിന്റെ നല്ല വശങ്ങളെ സ്വീകരിച്ചു. എന്നാൽ ആധുനികതയുടെ ഭാവുകത്വത്തിൽ മാത്രം ഒതുങ്ങിയതുമില്ല.

അതാണ് പ്രസന്നരാജൻ കൃതികളുടെ ആദ്യത്തെ സവിശേഷതയായി എടുത്തുപറയേണ്ടത്. സ്വയം നവീകരിക്കാനും പുതിയ കാലത്തോട് മുഖം തിരിക്കാതിരിക്കാനും ഈ നിരൂപകൻ കാണിച്ച ബൌദ്ധിക സത്യസന്ധത തികച്ചും ശ്ലാഘനീയമാണ്. ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ പുതിയ പ്രവണതകളോട് മുഖം തിരിച്ച വലിയ നിരൂപകരെ നമുക്ക് ധാരാളം കാണാം. അവിടെയാണ് കെ. പി. അപ്പന്റെ യഥാർഥ ശിഷ്യനായി പ്രസന്നരാജൻ മാറുന്നത്. അപ്പൻ ആധുനികോത്തര പ്രവണതകളോട് മുഖം തിരിച്ചില്ല.

അദ്ദേഹത്തിന്റെ ആധുനികോത്തര സമീപനങ്ങളോട് വിയോജിക്കുന്നവർക്കും ഈ സത്യം കണ്ടില്ലെന്നു നടിക്കാനാവില്ല. പ്രസന്നരാജൻ തന്റെ എഴുത്തിന്റെ ഒരു പകുതിക്ക് ശേഷം ഉത്തരാധുനിക പ്രവണതകളെ വിശകലനം ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ 2023-ൽ പുറത്തുവന്ന 'മലയാള നോവൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ' എന്ന കൃതി ഇതിന്റെ പ്രായോഗിക ഉദ്ദാഹരണമായി ചൂണ്ടിക്കാട്ടാം.

അതിനു മുന്നേ തന്നെ പുറത്തുവന്ന 'ഉത്തരാധുനിക ചർച്ചകൾ' പോലുള്ള കൃതികൾ വേറെയുമുണ്ട്. ഇതിൽ നിന്നെല്ലാം ആധുനികതയിൽ തന്റെ ഗൌരവമായ വായന തുടങ്ങുന്ന ഈ നിരൂപകൻ അവിടെ നിന്നും അടുത്ത ഘട്ടത്തിലേക്ക് സജീവമായി മുന്നേറി എന്ന കാര്യം നിസ്സംശയം തെളിയുന്നു.

പ്രസന്നരാജൻ തന്റെ എഴുത്തിൽ ഉടനീളം സ്വീകരിച്ച നിലപാടുകളിലെ മൌലികതയെപ്പറ്റിയാണല്ലോ പറഞ്ഞുതുടങ്ങിയത്. അതിനെ ഒന്നുകൂടി സൂക്ഷ്മമായി എടുത്തുകാട്ടാം. 'ലീലാ കാവ്യം വീണ്ടും പരിശോധിക്കുമ്പോൾ' എന്ന മികച്ച കാവ്യവിമർശന കൃതിയുമായി രംഗത്തുവന്ന പ്രസന്നരാജൻ പിന്നീട് തന്റെ കവിതാനിരൂപണം ആധുനികകൃതികളിലേക്ക് തിരിക്കുന്നു.

അദ്ദേഹത്തിന്റെ വിമർശനജീവിതത്തിലെ ഏറ്റവും മികച്ചത് എന്നു ഈ ലേഖകൻ കരുതുന്നത് 'കേരളകവിതയിലെ കലിയും ചിരിയും' എന്ന കൃതി തന്നെയാണ്. ആധുനികകവികളുടെ കവിതകളെ വിമർശനാത്മകമായി സമീപിക്കുന്ന ഈ കൃതിയിലെ ആദ്യത്തെയും അവസാനത്തെയും ലേഖനങ്ങൾ ശ്രദ്ധേയമാണ്. ഏതെങ്കിലും ആധുനിക കവിയുടെ കൃതികളെ ഉപജീവിച്ച് തുടങ്ങാമായിരുന്നിട്ടും പ്രസന്നരാജൻ അങ്ങനെയല്ല ചെയ്തത്.

മറിച്ച്, 'കാല്പനികതയുടെ യഥാർഥ അപചയം' എന്നു പേരിട്ട ലേഖനത്തിലൂടെ ഒ.എൻ.വിയുടെ ജീർണ്ണിച്ച ശൈലിയെ ക്രൂരമായി ഖണ്ഡനവിമർശനം നടത്തുകയായിരുന്നു പ്രസന്നരാജൻ. എഴുത്തിലേക്ക് വരുന്ന ഒരു യുവനിരൂപകൻ പെട്ടെന്ന് ചെയ്യാൻ മടിക്കുന്ന ഖണ്ഡനവിമർശനത്തിന്റെ ഖഡ്ഗം പ്രയോഗിക്കാൻ അദ്ദേഹം യാതൊരു മടിയും പേടിയും കാട്ടിയില്ല.

എക്കാലത്തും ഒ. എൻ. വി മലയാളസാഹിത്യത്തിൽ ഏറ്റവും പ്രബലനായി നിന്ന ഒരാളാണ് എന്നു നമുക്കറിയാം. ആ കാര്യം ചിന്തിക്കുമ്പോൾ തുടക്കത്തിൽ

**1971–ൽ ഒരു വൈകുന്നേരം കോളേജ് വിട്ട സമയത്ത് കെ. പി. അപ്പനെ സന്ദർശിക്കാൻ അദ്ദേഹത്തിന്റെ മുറിയിലേക്ക് പോയതിനെപ്പറ്റി പ്രസന്നരാജൻ എഴുതിയിട്ടുണ്ട്. തന്റെ ജീവിതത്തെ മാറ്റിമറിച്ച കൂടിക്കാഴ്ചയെന്നാണ് പ്രസന്നരാജൻ ആ ലേഖനത്തിന് നല്കിയ ശീർഷകം. അതിന്റെ ഒടുക്കത്തിൽ അങ്ങോട്ടുപോയ ഞങ്ങളായിരുന്നില്ല അദ്ദേഹത്തിന്റെ മുറിയിൽ നിന്നിറങ്ങിയത് എന്നദ്ദേഹം പറയുന്നുണ്ട്. ഇതെല്ലാം സവിശേഷമായി ശ്രദ്ധിക്കുമ്പോഴേ പ്രസന്നരാജൻ എന്ന നിരൂപകനെ രൂപപ്പെടുത്തിയ പശ്ചാത്തലം തെളിഞ്ഞുകിട്ടുകയുള്ളൂ. എങ്കിലും അപ്പന്റെ എല്ലാ ആശയങ്ങളോടും യോജിച്ച ഒരാളാണ് ഈ നിരൂപകൻ എന്നു കരുതരുത്. ഈ കൂടിക്കാഴ്ചയിൽ തന്നെ, ആധുനിക മനസ്സുള്ള എഴുത്തുകാരനല്ല പത്മരാജൻ എന്ന അഭിപ്രായത്തോടും എം. സുകുമാരന്റെ കഥകളോട് മുഖം തിരിച്ച അപ്പന്റെ നിലപാടിനോടും യോജിക്കാൻ കഴിയാത്ത കാര്യം പ്രസന്നരാജൻ രേഖപ്പെടുത്തിയിട്ടുണ്ട്.**

പറഞ്ഞപോലെ, ഈ നിരൂപ കന്റെ നിലപാടിലെ ദാർഢ്യം നമുക്ക് വ്യക്തമാകും. ഈ ഒരൊറ്റ നിരൂപണം മതിയാകും പ്രസന്ന രാജന്റെ മൗലികത ഉറപ്പിക്കാൻ.

**പ്രസന്നരാജന്റെ ഒ.എൻ.വി വിമർശനങ്ങൾ**

പ്രസന്നരാജന്റെ ചില ഒ.എൻ. വി വിമർശനങ്ങൾ ഇവിടെ എടു ത്തെഴുതേണ്ടതുണ്ട്.

1. ''തന്റെ ഒന്നാന്തരം പ്രശസ് തി കൊണ്ട് തന്റെ നാലാംതരം കവിത അദ്ദേഹം മൂടിവെയ്ക്കുക യാണ് ചെയ്തത്'.

2. ''ഒ.എൻ.വി കുറുപ്പ് നമ്മുടെ കവിതാചരിത്രത്തിൽ തലയുയർ ത്തി നിൽക്കുന്ന മൗലികപ്രതിഭ യുള്ള കവിയല്ല. ചങ്ങമ്പുഴയുടെ കനകച്ചിലങ്കയുടെ കിലുക്കം കവി തകളിൽ നിന്നും ഉയർന്നുകേൾ ക്കുന്നു. സരളമായി പറഞ്ഞാൽ ചങ്ങമ്പുഴക്കവിതകളിലെ 'മധു രകോമളകാന്തപദാവലി'കളുടെ ഒരു തടവുകാരൻ മാത്രമാണ് അദ്ദേഹം.''

3. 'ആർദ്രവും മധുരവുമായ പ്രണയവിഷാദത്തിന്റെ പാട്ടുകൾ രചിച്ച് പ്രസിദ്ധനായ ഒ.എൻ.വി കുറുപ്പ് കൊച്ചു കൊച്ചു ദുഖങ്ങ ളുടെ പച്ചത്തുരുത്തുകൾ കാല്പ നികതയുടെ വർണ്ണരേണുക്കൾ നിറഞ്ഞ ശൈലിയിലൂടെ ചിത്രീക രിക്കുന്ന ഒരു കൊച്ചുകവി മാത്ര മാണ്.''

വിസ്ഭതാര ഭയം കൊണ്ട് ഇവിടെ നിർത്തുന്നു. ഈ ലേഖ നത്തിലൂടെ കടന്നുപോയിട്ടുള്ള വർക്ക് അറിയാം ഖണ്ഡനവിമർ ശനത്തിന്റെ പൊള്ളിക്കുന്ന ഭാഷ എപ്രകാരം പ്രസന്നരാജന് സ്വായ ത്തമാണെന്നും അത് ഗംഭീരമായി എങ്ങനെ പ്രയോഗിച്ചിട്ടുണ്ടെന്നും. ഇത് എഴുതിയ കാലത്തുണ്ടായ കോളിളക്കം ഊഹിക്കാവുന്നതേ യുള്ളൂ.

തനിക്ക് നഷ്ടപ്പെടുന്നതിനെപ്പ റ്റി എന്തെങ്കിലും വേവലാതികൾ ഉണ്ടായിരുന്നുവെങ്കിൽ പ്രസന്ന രാജൻ ഈ വഴി ഒരിക്കലും സ്വീ കരിക്കില്ല. തന്റെ ഭാഗം ആരെയും പേടിക്കാതെ പറയാനുള്ള ചങ്കൂറ്റം ഈ നിരൂപകന് ഉണ്ടായിരുന്നു എന്നു എടുത്തുകാട്ടാൻ ഈ ഭാ ഗം തന്നെ ധാരാളം. ഈ പു സ്തകത്തിലെ മറ്റു ലേഖനങ്ങൾ എല്ലാം ആധുനിക കവികളെ, അവരുടെ കവിതകളെ മുൻനി ർത്തിയാണ് രചിക്കപ്പെട്ടിരിക്കുന്ന ത്.

അപ്പോഴും അതിനെ യാതൊരു വിമർശനവും കൂടാതെ ഈ നിരൂ പകൻ ആണ്ടുപുൽകി എന്നാരും കരുതേണ്ടതില്ല. ഉദ്ദാഹരണമായി അയ്യപ്പപ്പണിക്കരുടെ പരീക്ഷണ കൌതുകങ്ങളോട് ചേർന്നു നി ൽക്കുമ്പോഴും; കുരുക്ഷേത്രത്തെ പ്രസന്നരാജൻ കടന്നാക്രമിക്കു ന്നത് നോക്കുക: ''കുരുക്ഷേത്ര ത്തിൽ വലിയ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കവിത എന്ന നിലയിൽ, കുരുക്ഷേത്രത്തി ലെ വിവിധ ഭാഗങ്ങളിലെ ഭാവതല ങ്ങൾ ലയിച്ചുചേർന്ന് സമഗ്രമായ കാവ്യാനുഭൂതിയുടെ മണ്ഡലം സൃഷ്ടിക്കുന്നുണ്ടോ എന്നതാണ് പ്രധാനപ്പെട്ട കാര്യം.

കാവ്യത്തിന്റെ ശില്പത്തിന് ശൈഥില്യം സംഭവിച്ചതായിട്ടാണ് എനിക്കു തോന്നിയത്. പല ഭാഗ ങ്ങളിലും പ്രത്യക്ഷപ്പെടുന്ന നക്ഷ ത്രം എല്ലാഭാഗത്തെയും സമന്വയി പ്പിക്കുന്ന കണ്ണിയാണെന്ന അഭി പ്രായവും സ്വീകരിക്കുവാൻ കഴി യില്ല. നക്ഷത്രം വീണ്ടും വീണ്ടും കടന്നുവരുന്ന പ്രതീകമാണ്. ലൈ റ്റ് മോട്ടീഫ് (leit motif) എന്ന നില യിൽ അതു കലാപരമായി വിജ യിക്കുന്നില്ല. കവിയുടെ മനസ്സിൽ കത്തിനിൽക്കുന്ന ശുഭപ്രതീക്ഷ യുടെ നക്ഷത്രം കാവ്യഘടനയിൽ ലയിച്ചുചേരാതെ മുഴച്ചു നിൽക്കുകയാണ്.

കവിതയിലെ പു രാണധ്വനികൾ ശിഥിലബിംബ ങ്ങളുമായും സ്വകാര്യപ്രതീക ങ്ങളുമായും കറുത്ത പരിഹാസ വുമായും ലയിച്ചുചേർന്നതായി തോന്നിയില്ല. എലിയട്ടിന്റെ പു ത്തൻരീതികൾ മലയാളത്തിന്റെ കാവ്യപാരമ്പര്യത്തിൽ ലയിപ്പിച്ചു ചേർത്തു പുതിയൊരു സൗന്ദര്യ ദർശനം രൂപപ്പെടുത്തിയെടുക്കു ന്നതിൽ കവി വിജയിച്ചില്ല.

'കുരുക്ഷേത്ര'ത്തോടൊപ്പമെ ഴുതിയ വളരെയൊന്നും പ്രസി ദ്ധമല്ലാത്ത 'ശീതസമരം' എന്ന കവിതയുടെ ശില്പപരമായ ഏകാഗ്രതയും ഒതുക്കവും 'കുരു ക്ഷേത്ര'ത്തിനു ലഭിച്ചിട്ടില്ല. എലി യട്ടിനെ അടിമുടി പിന്തുടരുവാനു ള്ള കവിയുടെ ബോധപൂർവ്വമായ വ്യഗ്രതയാണോ ഈ ശില്പശൈ ഥില്യത്തിനു കാരണം?''

ഇനി 'കിരാതന്റെ ക്രോധഗാ നം' എന്ന കടമ്മനിട്ട കവിതയെ പ

**ആധുനിക കവിതകൾ വരുമ്പോൾ തന്നെയാണ് ആ വഴി സ്വീകരിക്കാത്ത ഒ.എൻ.വിയുടെയും സുഗതകുമാരിയുടെയും ഒക്കെ കവിതകളും ശ്രദ്ധേയ മായി വന്നുകൊണ്ടിരുന്നത്. എന്തായാലും ആധുനികകൃതികൾ പ്രസിദ്ധീക രിച്ച കാലങ്ങളിൽ തന്നെ അത് വായിച്ച് തന്റെ നിലപാടുകൾ രൂപപ്പെടുത്തിയ ഈ നിരൂപകൻ തന്റെ എഴുത്തുജീവിതത്തിൽ അതിന്റെ നല്ല വശങ്ങളെ സ്വീകരിച്ചു. എന്നാൽ ആധുനികതയുടെ ഭാവുകത്വത്തിൽ മാത്രം ഒതുങ്ങിയ തുമില്ല. അതാണ് പ്രസന്നരാജൻ കൃതികളുടെ ആദ്യത്തെ സവിശേഷതയായി എടുത്തുപറയേണ്ടത്. സ്വയം നവീകരിക്കാനും പുതിയകാലത്തോട് മുഖം തിരിക്കാതിരിക്കാനും ഈ നിരൂപകൻ കാണിച്ച ബൌദ്ധിക സത്യസന്ധത തി കച്ചും ശ്ലാഘനീയമാണ്**

**അദ്ദേഹത്തിന്റെ വിമർശനജീവിതത്തിലെ ഏറ്റവും മികച്ചത് എന്നു ഈ ലേഖകൻ കരുതുന്നത് 'കേരളകവിതയിലെ കലിയും ചിരിയും' എന്ന കൃതി തന്നെയാണ്. ആധുനികകവികളുടെ കവിതകളെ വിമർശനാത്മകമായി സമീപിക്കുന്ന ഈ കൃതിയിലെ ആദ്യത്തെയും അവസാനത്തെയും ലേഖനങ്ങൾ ശ്രദ്ധേയമാണ്. ഏതെങ്കിലും ആധുനിക കവിയുടെ കൃതികളെ ഉപജീവിച്ച് തുടങ്ങാമായിരുന്നിട്ടും പ്രസന്നരാജൻ അങ്ങനെയല്ല ചെയ്തത്. മറിച്ച്, 'കാല്പനികതയുടെ യഥാർഥ അപചയം' എന്നു പേരിട്ട ലേഖനത്തിലൂടെ ഒ. എൻ. വിയുടെ ജീർണ്ണിച്ച ശൈലിയെ ക്രൂരമായി ഖണ്ഡനവിമർശനം നടത്തുകയായിരുന്നു പ്രസന്നരാജൻ. എഴുത്തിലേക്ക് വരുന്ന ഒരു യുവനിരൂപകൻ പെട്ടെന്ന് ചെയ്യാൻ മടിക്കുന്ന ഖണ്ഡനവിമർശനത്തിന്റെ ഖഡ്ഗം പ്രയോഗിക്കാൻ അദ്ദേഹം യാതൊരു മടിയും പേടിയും കാട്ടിയില്ല. എക്കാലത്തും ഒ. എൻ. വി മലയാളസാഹിത്യത്തിൽ ഏറ്റവും പ്രബലനായി നിന്ന ഒരാളാണ് എന്നു നമുക്കറിയാം. ആ കാര്യം ചിന്തിക്കുമ്പോൾ തുടക്കത്തിൽ പറഞ്ഞപോലെ, ഈ നിരൂപകന്റെ നിലപാടിലെ ദാർഢ്യം നമുക്ക് വ്യക്തമാകും**

റിക്കുന്ന നിരൂപണത്തിൽ നിന്നും ഒരുദാഹരണം നോക്കാം. ''ആദിമസ്മരണകളുണർത്തുന്ന പദാവലിയിലൂടെയും ബിംബകല്പനകളിലൂടെയും നാടൻപാട്ടിന്റെ സംഗീതധാരയിലൂടെയും ഇടശ്ശേരി സൃഷ്ടിച്ച ശക്തിദേവതയുടെ മുമ്പിൽവച്ച് കടമ്മനിട്ടയുടെ രൗദ്രദേവീസങ്കല്പം പരിശോധിക്കുമ്പോഴാണ് കടമ്മനിട്ട മലയാളകവിതയിൽ സൃഷ്ടിച്ചതായി പറയപ്പെടുന്ന കലാപത്തിന്റെ പരിമിതികൾ നാം മനസ്സിലാക്കുന്നത്. 'പൂതപ്പാട്ടും', 'കാവിലെ പാട്ടും' പ്രകടിപ്പിക്കുന്ന പ്രിമിറ്റിവിസവും ദ്രാവിഡഭാവവും നേടിയെടുക്കുവാനാണ് കടമ്മനിട്ട തന്റെ രചനകളിലൂടെ ശ്രമിക്കുന്നത്.

ചോരയുടെയും ചുവപ്പിന്റെയും ബിംബങ്ങളിലൂടെ കുരുതിയുടെ ഭീതി ജനിപ്പിച്ച് ആരംഭിക്കുന്ന 'കാവിലെ പാട്ടിലെ' ക്രൂരയും കുപിതയും ക്രോധമൂർത്തിയുമായ കാളിയും കടമ്മനിട്ടയുടെ കവിതകളിൽ സൂര്യപ്രഭ ചൊരിയുന്ന ഭൈരവിയും ഒന്നിച്ചെടുത്തു ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ കടമ്മനിട്ടയ്ക്ക് നാം കൊടുക്കുന്ന പ്രശംസയുടെ പൂക്കൾ അധികമല്ലേ എന്നുപോലും തോന്നിപ്പോകും. പുള്ളുവൻപ്പാട്ടിന്റെ നാടൻ ശീലുകൾ നിറഞ്ഞുനിൽക്കുന്ന ഈ വരികളിലുള്ള ദ്രാവിഡഭാവത്തെയും വർഗ്ഗസ്മരണയെയും വെല്ലുന്ന ഒറ്റ വരിയും കടമ്മനിട്ട എഴുതിയിട്ടില്ലെന്ന് ഞാൻ കരുതുന്നു. വാക്കുകൾ, ബിംബങ്ങൾ, താളം, ടോൺ എന്നിവയിലെല്ലാം ഇടശ്ശേരിക്കവിതയോട് കടപ്പാടു പ്രകടിപ്പിക്കുന്ന കടമ്മനിട്ട, ഇടശ്ശേരിയുടെ ആത്മീയകോമരമല്ലേ എന്നു സംശയിച്ചുപോകുകയാണ്.

അർത്ഥവത്തായ ഈ പരിമിതികൾ അംഗീകരിച്ചുകൊണ്ടുവേണം ആധുനികഭാവുകത്വത്തെ മുന്നോട്ടുനയിക്കുന്ന മലയാളകവിതയിലെ ഈ നായകന്റെ സർഗ്ഗജീവിതത്തെ മൂല്യനിർണ്ണയത്തിനു വിധേയമാക്കുവാൻ.'' ദീർഘമായി ചില ഉദ്ദാഹരണങ്ങൾ ഇവിടെ എടുത്തുകാണിച്ചത് ഈ നിരൂപകന്റെ ഖണ്ഡനവിമർശനത്തിനും നിലപാടുകൾക്കും സാധൂകരണം നല്കാനാണ്.

മലയാള കവിതയിലെ അന്നത്തെ പുത്തൻനാമ്പുകളെ കൂടി ശരിയായി എടുത്തുകാണിച്ചു കൊണ്ടാണ് അദ്ദേഹം തന്റെ 'കേരളകവിതയിലെ കലിയും ചിരിയും' അവസാനിപ്പിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. ആധുനികതയുടെ ഭാവുകത്വത്തിൽ നിന്നും മുന്നോട്ടുനീങ്ങാൻ ശ്രമിക്കുന്ന പുതുകവികളെ ശുഭപ്രതീക്ഷയോടെയാണ് ഈ നിരൂപകൻ അടയാളപ്പെടുത്തുന്നത്.

ഇങ്ങനെ കവിതയെ വിലയിരുത്തുമ്പോൾ പ്രസന്നരാജനിലെ നിരൂപകൻ തന്റെ വിശ്വരൂപം കാണിക്കുന്നുണ്ട്. ആശാന്റെ രാഷ്ട്രീയദർശനത്തെപ്പറ്റി, സീതയുടെ അധികാരവിമർശനത്തെപ്പറ്റി, ശങ്കരക്കുറുപ്പിന്റെ ശിവതാണ്ഡവത്തെപ്പറ്റി, മലയാളകവിതയിലെ രാഷ്ട്രീയഭാവനയെപ്പറ്റി ഒക്കെ എഴുതിയപ്പോൾ ഈ നിരൂപകന്റെ മികവ് നാം വീണ്ടും വീണ്ടും അറിഞ്ഞു. ആധുനികത മാത്രമല്ല; അതിനു മുൻപുള്ള പ്രധാനകവികളെയും പുതിയ കാലത്തിന്റെ ആശയങ്ങളും ഉപകരണങ്ങളും എക്കാലത്തെയും അതിന്റെ നിലനിൽപ്പും മുൻനിർത്തി വിശകലനം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചത് നിസ്സാരകാര്യമല്ല.

ബാലാമണിയമ്മയിൽ ഒരു രാഷ്ട്രീയകവിയുണ്ടെന്ന് സ്ഥാപിക്കുന്ന ലേഖനം മാതൃത്വത്തിന്റെ കവിയെന്ന് അവരെ ചാപ്പ കുത്തിയ പഴയ വിമർശനത്തോടുള്ള വിയോജിപ്പ് കൂടിയാണ് കാണിക്കുന്നത്. കഥയിലേക്കും നോവലിലേക്കും വരുമ്പോഴും പ്രസന്നരാജന്റെ ഈ സമീപനത്തിന് മാറ്റമില്ല. വലിയ എഴുത്തുകാരിൽ നാം ഒറ്റ കണ്ണിലൂടെ കാണുന്നതിനപ്പുറം പലതും ഒളിച്ചിരിപ്പുണ്ടെന്ന വിശ്വാസമാണ് ഇത്തരം അന്വേഷണങ്ങളുടെയെല്ലാം കാതൽ.

അത്തരത്തിൽ ആധുനിക എഴുത്തുകാരെയും അതിനു മുൻപുള്ളവരെയും വായിക്കാൻ ഈ നിരൂപകൻ സവിശേഷ ശ്രദ്ധ പുലർത്തുന്നു എന്നത് പ്രശംസനീയം തന്നെ. വിട്ടുപോകുന്ന, പറയാ

തെ പോകുന്ന, കാണാതെ പോകുന്ന ഇത്തരം കാഴ്ചകളെ നമ്മുടെ ദൃഷ്ടിപഥത്തിലേക്ക് കൊണ്ടുവരികയും അവയെ പൂരിപ്പിക്കുകയും ചെയ്യുന്നുണ്ട് പ്രസന്നരാജൻ.

അതുവഴി നമ്മുടെ സാഹിത്യ ചരിത്രത്തിന്റെ ദുർബലമായ സ്വരൂപങ്ങളെ പുതുക്കിപ്പണിയുന്ന ഒന്നായി സാഹിത്യനിരൂപണം മാറുകയും ചെയ്യുന്നു. പ്രസന്നരാജന്റെ എടുത്തുപറയേണ്ട സംഭാവനകളാണ് ഈ പുനർവായനകൾ. ആധുനികത, അതിൽ തന്നെ ആഘോഷിക്കപ്പെട്ട കൃതികളെയും കലാകാരന്മാരേയും വേണ്ട വിധത്തിലല്ല വായിച്ചതെന്നുള്ള പരാതി അദ്ദേഹത്തിന് ഉടനീളമുണ്ട്; അതിൽ ശരിയുമുണ്ട്.

അങ്ങനെ നിരൂപണത്തിന്റെ മുന്നോട്ടുപോക്കിൽ അദ്ദേഹം തന്റെ സജീവ പങ്കാളിത്തം ഉറപ്പിച്ചെടുക്കുന്നു. ആധുനികതയുടെ പൊതുവായ ചില ധാരണകളെ അതിലംഘിച്ച് മുന്നേറുകയാണ് ഈ നിരൂപകൻ. 'ആധുനികത – ഒരു പൊളിച്ചെഴുത്ത്' എന്ന ലേഖനത്തിൽ നിരൂപകൻ ഇത് വിശദമായി തന്നെ എഴുതിയിട്ടുണ്ട്. എഴുത്തുകാരന്റെ ധർമ്മം മനുഷ്യൻ നേരിടുന്ന നിത്യമായ പ്രശ്നങ്ങൾ സ്വതന്ത്രമായി അന്വേഷിക്കുകയാണെന്ന ആധുനികതയുടെ ദർശനത്തോടൊപ്പം ജീവിതത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ജാഗരൂകനാകുക കൂടിയാണെന്നു പ്രസന്നരാജൻ കൂട്ടിച്ചേർക്കുന്നു.

ദാർശനികദുഖങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ജീവിതമെന്നും അതിനു മറ്റനേകം വശങ്ങളുണ്ടെന്നും ഈ നിരൂപകന് അറിയാം. ആധുനിക എഴുത്തുകാർ ഈ സത്യം മനസ്സിലാക്കിയിരുന്നു എന്നദ്ദേഹം പറയുന്നു. ആധുനികതയിലെ പ്രധാന എഴുത്തുകാർ എല്ലാം തന്നെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ആത്മീയ ദുരന്തങ്ങളെപ്പറ്റി എഴുതിയത് അതുകൊണ്ടാണെന്ന് അദ്ദേഹം എഴുതുന്നു.

**"കുരുക്ഷേത്രത്തിൽ വലിയ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും കവിത എന്ന നിലയിൽ, കുരുക്ഷേത്രത്തിലെ വിവിധ ഭാഗങ്ങളിലെ ഭാവതലങ്ങൾ ലയിച്ചുചേർന്ന് സമഗ്രമായ കാവ്യാനുഭൂതിയുടെ മണ്ഡലം സൃഷ്ടിക്കുന്നുണ്ടോ എന്നതാണ് പ്രധാനപ്പെട്ട കാര്യം. കാവ്യത്തിന്റെ ശില്പത്തിന് ശൈഥില്യം സംഭവിച്ചതായിട്ടാണ് എനിക്കു തോന്നിയത്. എലിയട്ടിന്റെ പുത്തൻരീതികൾ മലയാളത്തിന്റെ കാവ്യപാരമ്പര്യത്തിൽ ലയിപ്പിച്ചുചേർത്തു പുതിയൊരു സൗന്ദര്യദർശനം രൂപപ്പെടുത്തിയെടുക്കുന്നതിൽ കവി വിജയിച്ചില്ല. 'കുരുക്ഷേത്ര'ത്തോടൊപ്പമെഴുതിയ വളരെയൊന്നും പ്രസിദ്ധമല്ലാത്ത 'ശീതസമരം' എന്ന കവിതയുടെ ശില്പപരമായ ഏകാഗ്രതയും ഒതുക്കവും 'കുരുക്ഷേത്ര'ത്തിനു ലഭിച്ചിട്ടില്ല. എലിയട്ടിനെ അടിമുടി പിന്തുടരുവാനുള്ള കവിയുടെ ബോധപൂർവ്വമായ വ്യഗ്രതയാണോ ഈ ശില്പശൈഥില്യത്തിനു കാരണം?"**

ആധുനികതയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർഷമായ 1969– ലാണ് കാക്കനാടന്റെ ഉഷ്ണമേഖല എന്ന നോവൽ പുറത്തുവരുന്നത്. അന്നുതന്നെ എഴുത്തുകാർ ഇത് മനസ്സിലാക്കിയെങ്കിലും നിരൂപണം അവർക്ക് നേരെ കണ്ണടയ്ക്കുകയായിരുന്നു എന്ന വിമർശനം അദ്ദേഹം ഉന്നയിക്കുന്നു.

അതോടൊപ്പം തന്നെ ഈ എഴുത്തുകാർ നടത്തിയ അധികാരവിമർശനം അദ്ദേഹം ശരിയായ നിലയിൽ കണ്ടെടുക്കുന്നു. എം.സുകുമാരന്റെയും പട്ടത്തുവിള കരുണാകരന്റെയും രചനകളിലെ ദാർശനികസൂചനകളിൽ തെളിയുന്ന രാഷ്ട്രീയ ദുരന്തങ്ങളുടെ ആഴം അദ്ദേഹം കാണിച്ചുതരുന്നുണ്ട് ഈ ലേഖനത്തിൽ.

ഒപ്പം തന്നെ ഇത്തരം പുനർവായനകളുടെ ആവശ്യകതയെക്കുറിച്ചും ഈ ലേഖനം സൂചിപ്പിക്കുന്നു. എം. മുകുന്ദന്റെ ദൽഹിയും ആനന്ദിന്റെ ആൾക്കൂട്ടവും ആധുനികനിരൂപണം വായിച്ചപോലെ ഇന്ന് വായിക്കാൻ സാധിക്കില്ല എന്നദ്ദേഹം പറയുന്നു. മാത്രമല്ല, പുനർവായനയിൽ പുതിയ അർഥോൽപാദനം ഈ കൃതികൾ നടത്തുകയും ചെയ്യുന്നു.

## ഖണ്ഡനവിമർശന ശൈലി പാടെ ഉപേക്ഷിക്കുന്നു

ആധുനികതയെ രാഷ്ട്രീയമായി, ജീവിതത്തോട് ചേർത്തുവെച്ച് പുനർവായിച്ചുകൊണ്ടാണ് പ്രസന്നരാജൻ തന്റെ നിരൂപണസപര്യയുടെ മറ്റൊരു ഘട്ടത്തിലേക്ക് കടക്കുന്നത്. അദ്ദേഹം കവിതാവിമർശനത്തിൽ തന്റെ മികച്ച കൃതികൾ സൃഷ്ടിച്ചെങ്കിലും പിന്നീട് ഫിക്ഷനിലേക്കാണ് അദ്ദേഹം ശ്രദ്ധ കൊടുക്കുന്നത്. ഉത്തരാധുനിക കവിതകളിലേക്കല്ല അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്.

മലയാളകവിതയുടെ ഭാവിയിൽ ശുഭപ്രതീക്ഷ വെച്ചു പുലർത്തി തന്റെ ഏറ്റവും മികച്ച കൃതി അവസാനിപ്പിച്ച ഈ നിരൂപകൻ, മലയാളത്തിലെ പോസ്റ്റ് മോഡേൺ കവിതകളെപ്പറ്റി ഏറെയൊന്നും വിമർശിച്ചെഴുതിയില്ല. അതിന്റെ കാരണം എന്തു തന്നെയായാലും ഇതൊരു യാഥാർഥ്യമാണ്.

സമകാല കവിതയെപ്പറ്റി ഉയർന്നുവരുന്ന പല വിമർശനങ്ങളുടെ ഭാഗമായി പ്രസന്നരാജന്റെ മാത്രമല്ല; മലയാളത്തിലെ മറ്റു പ്രധാന വിമർശകരുടെ മൗനം കൂടി കണക്കിലെടുക്കുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുന്നു. എന്തായാലും അതല്ല ഇവിടെ

ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്.

മറിച്ച്, തന്റെ നിരൂപണത്തിന്റെ അടുത്തൊരു ഘട്ടത്തിൽ പ്രസന്നരാജൻ എന്ന നിരൂപകന് എന്തു മാറ്റം സംഭവിച്ചു എന്നതാണ്. കവിതയിൽ നിന്നും അദ്ദേഹം നോവലുകളിലേക്ക് തന്റെ ദൃഷ്ടി പതിപ്പിച്ചപ്പോൾ ഉണ്ടായി വന്ന കൃതിയാണ് 'മലയാളനോവൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ'(2023). ആധുനികോത്തര സ്വഭാവങ്ങളുള്ള, ഈ നൂറ്റാണ്ടിൽ പുറത്തുവന്ന ചില നോവലുകളെക്കുറിച്ചുള്ള പഠനമാണ് ഈ ഗ്രന്ഥം. ഒപ്പം തന്നെ അതിന്റെ സൌന്ദര്യശാസ്ത്രത്തെ അഭിസംബോധന ചെയ്യുന്ന മൂന്നു ലേഖനങ്ങളും ഇതിലുണ്ട്.

ആധുനികതയുടെ സൌന്ദര്യശാസ്ത്രത്തിൽ നിന്നും ഉത്തരാധുനികതയുടെ സൌന്ദര്യശാസ്ത്രം എങ്ങനെയൊക്കെ മാറി എന്നതിന്റെ ഉദാഹരണമായി ഒറ്റയൊറ്റ നോവലുകളെ അദ്ദേഹം പഠിക്കുന്നു. കേരള കവിതയിലെ കലിയും ചിരിയും എന്ന മികച്ച വിമർശനകൃതിയിൽ നിന്നും ഇവിടേക്ക് സഞ്ചരിച്ചെത്തിയ നിരൂപകൻ പഴയ ഖണ്ഡനവിമർശന ശൈലി പാടെ ഉപേക്ഷിക്കുന്നു എന്നത് എന്നെ സംബന്ധിച്ചിടത്തോളം നിരാശയാണ് സമ്മാനിച്ചത്.

അദ്ദേഹത്തിന്റെ ഖണ്ഡനവിമർശനത്തിന്റെ ശൈലി എവിടെയോ നഷ്ടപ്പെട്ട പോലെയാണ് ഈ കൃതിയുടെ വായന നല്കിയ അനുഭവം എന്നു പറയാതെ വയ്യ. ഒരു നിരൂപകൻ എപ്പോഴും എല്ലാത്തിനെയും വിമർശിച്ചു തന്നെ എഴുതണോ എന്ന ചോദ്യം ഇത് വായിക്കുമ്പോൾ പലർക്കും തോന്നാം.

പ്രസന്നരാജന്റെ കൃതികളുടെ സൌന്ദര്യശാസ്ത്രം അറിയുന്ന വായനക്കാരെ സംബന്ധിച്ചിടത്തോളം ഈ മാറ്റം പ്രത്യക്ഷത്തിൽ തന്നെ അമ്പരിപ്പിക്കും. അദ്ദേഹത്തിന് ഈ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി ഉണ്ടായേക്കാം. അതിനെ മാനിച്ചുകൊണ്ട് തന്നെയാണ് ഈ വിമർശനം ഇവിടെ ഉന്നയിക്കുന്നത്. അദ്ദേഹം ഈ നോവൽ പഠനത്തിൽ രണ്ടു തരത്തിൽ മാറിയിട്ടുണ്ട് എന്നാണ് ഞാൻ കരുതുന്നത്.

ഖണ്ഡനവിമർശനത്തിന്റെ ശൈലിയിൽ നിന്നുള്ള പിൻമടക്കം സൂചിപ്പിച്ചു. മറ്റൊന്ന്, തന്റെ എഴുത്തിൽ ഒരു അക്കാദമിക്കിന്റെ സമീപനമാണ് ഈ കൃതിയിൽ ഉടനീളം സൂക്ഷിക്കുന്നത്; ഭാഷ അങ്ങനെ അക്കാഡമിക് പ്രകടനം അല്ലെങ്കിൽ പോലും.

പ്രസന്നരാജനെപ്പോലെ ഖണ്ഡനവിമർശനത്തിന്റെ മൂർച്ച കയ്യിലുള്ള ഒരു നിരൂപകനിൽ നിന്നും ഇതല്ലല്ലോ വായനക്കാർ പ്രതീക്ഷിക്കുക. സമകാല മലയാളനോവലിന്റെ വളർച്ചയും പരിമിതികളും ചൂണ്ടിക്കാട്ടാൻ നിരവധി സാദ്ധ്യതകൾ ഉണ്ടായിട്ടും ഈ വഴി അദ്ദേഹം സ്വീകരിക്കാത്തത് ഏറെ വിചിത്രമായിത്തോന്നി; പ്രത്യേകിച്ച് ആരെയും കൂസാത്ത, എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ച നിരൂപകനാണല്ലോ അദ്ദേഹം. ഈ കൃതിയിലെ എല്ലാ നിരീക്ഷണങ്ങളോടും എതിർപ്പുള്ള ആളല്ല ഈ ലേഖകൻ. എങ്കിലും ഇതിലെ ചില നിരീക്ഷണങ്ങളോട് എങ്കിലും വിയോജിക്കാൻ തോന്നുന്നു.

മലയാളനോവലിനെ ആധുനികർ അസ്തിത്വവാദ ആധുനികതയോട് ചേർത്തുവെച്ചു മാത്രം വായിച്ചു എന്ന വിമർശനം ഉന്നയിക്കുന്ന നിരൂപകൻ മലയാളനോവലിന്റെ ആധുനികാനന്തരതയെ എന്തിനാണ് ലാറ്റിനമേരിക്കൻ ബൂം നോവലുകളോട് ചേർത്തുവെക്കുന്നത്? പൂർണ്ണമായും അങ്ങനെയല്ല എന്നൊരു ജാമ്യം നിരൂപകൻ എടുക്കുന്നെങ്കിലും അതിൽ വൈരുദ്ധ്യമുണ്ട്.

മാത്രമല്ല, അത് എങ്ങനെയാണ് ഇവിടെ നോവലിസ്റ്റുകൾ സ്വീകരിച്ചത് എന്ന കാര്യം ഉദ്ദാഹരണസഹിതം കുറച്ചുകൂടി വിശദീകരിക്കാമായിരുന്നു. അധികാരത്തോടുള്ള വിമർശന സമീപനങ്ങളാണെങ്കിൽ അത് മലയാള നോവലിൽ മുൻപും ഉണ്ടായിരുന്നതല്ലേ? അതിന്റെ രീതികൾ മാറുന്നു എന്നതൊഴിച്ചാൽ. ഇതിനേക്കാളുപരി എന്നെ അമ്പരിപ്പിക്കുന്നത് ശില്പപരമായി പരാജയപ്പെട്ട പല നോവലുകളെയും അദ്ദേഹം മികച്ചതായി

**'കിരാതന്റെ ക്രോധഗാനം' എന്ന കടമ്മനിട്ട കവിതയെ പഠിക്കുന്ന നിരൂപണത്തിൽ നിന്നും ഒരുദാഹരണം നോക്കാം. "ആദിമസ്മരണകളുണർത്തുന്ന പദാവലിയിലൂടെയും ബിംബകല്പനകളിലൂടെയും നാടൻപാട്ടിന്റെ സംഗീത ധാരയിലൂടെയും ഇടശ്ശേരി സൃഷ്ടിച്ച ശക്തിദേവതയുടെ മുമ്പിൽവച്ച് കടമ്മനിട്ടയുടെ രൗദ്രദേവീസങ്കല്പം പരിശോധിക്കുമ്പോഴാണ് കടമ്മനിട്ട മലയാളകവിതയിൽ സൃഷ്ടിച്ചതായി പറയപ്പെടുന്ന കലാപത്തിന്റെ പരിമിതികൾ നാം മനസ്സിലാക്കുന്നത്. 'പൂതപ്പാട്ടും', 'കാവിലെ പാട്ടും' പ്രകടിപ്പിക്കുന്ന പ്രിമിറ്റിവിസവും ദ്രാവിഡഭാവവും നേടിയെടുക്കുവാനാണ് കടമ്മനിട്ട തന്റെ രചനകളിലൂടെ ശ്രമിക്കുന്നത്. ചോരയുടെയും ചുവപ്പിന്റെയും ബിംബങ്ങളിലൂടെ കുരുതിയുടെ ഭീതി ജനിപ്പിച്ച് ആരംഭിക്കുന്ന 'കാവിലെ പാട്ടിലെ' ക്രൂരയും കുപിതയും ക്രോധമൂർത്തിയുമായ കാളിയും കടമ്മനിട്ടയുടെ കവിതകളിൽ സൂര്യപ്രഭ ചൊരിയുന്ന ഭൈരവിയും ഒന്നിച്ചെടുത്തു ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ കടമ്മനിട്ടയ്ക്ക് നാം കൊടുക്കുന്ന പ്രശംസയുടെ പൂക്കൾ അധികമല്ലേ എന്നുപോലും തോന്നിപ്പോകും.**

**ആധുനികതയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർഷമായ 1969 – ലാണ് കാക്കനാടന്റെ ഉഷ്ണമേഖല എന്ന നോവൽ പുറത്തുവരുന്നത്. അന്നു തന്നെ എഴുത്തുകാർ ഇത് മനസ്സിലാക്കിയെങ്കിലും നിരൂപണം അവർക്ക് നേരെ കണ്ണടയ്ക്കുകയായിരുന്നു എന്ന വിമർശനം അദ്ദേഹം ഉന്നയിക്കുന്നു. അതോടൊപ്പം തന്നെ ഈ എഴുത്തുകാർ നടത്തിയ അധികാരവിമർശനം അദ്ദേഹം ശരിയായ നിലയിൽ കണ്ടെടുക്കുന്നു. എം. സുകുമാരന്റെയും പട്ടത്തുവിള കരുണാകരന്റെയും രചനകളിലെ ദാർശനികസൂചനകളിൽ തെളിയുന്ന രാഷ്ട്രീയ ദുരന്തങ്ങളുടെ ആഴം അദ്ദേഹം കാണിച്ചുതരുന്നുണ്ട് ഈ ലേഖനത്തിൽ.**

ഉയർത്തിക്കാട്ടുന്നു എന്നുള്ളതാണ്. അവിടെയെല്ലാം നിരൂപകന്റെ ദൃഷ്ടി എന്നതിലുപരി അദ്ദേഹം അക്കാദമിക് സമീപനമാണ് സ്വീകരിക്കുന്നത്.

അതുകൊണ്ട് തന്നെ നോവലിന്റെ സൌന്ദര്യശാസ്ത്രത്തെപ്പറ്റി തികഞ്ഞ മൌനം പുലർത്തിക്കൊണ്ട് അതിലെ രാഷ്ട്രീയവിവക്ഷകളെ മാത്രം കണ്ടെടുക്കാനാണ് അദ്ദേഹം ഉടനീളം ശ്രമിക്കുന്നത്. ഈ സമീപനം പ്രസന്നരാജന്റെ മുൻകാല സമീപനരീതികളിൽ നിന്നും വ്യത്യസ്തമാണെന്ന് അദ്ദേഹത്തിന്റെ കൃതികളെ സൂക്ഷ്മം പിന്തുടർന്നവർക്ക് എളുപ്പത്തിൽ മനസ്സിലാകും. എം. മുകുന്ദന്റെ നോവൽ കലയ്ക്ക് സംഭവിച്ച അപചയത്തെപ്പറ്റി കെ.പി. അപ്പന്റെ വിമർശനം പ്രസന്നരാജനും തീർച്ചയായും വായിച്ചിട്ടുണ്ടാകും. അദ്ദേഹം അതിനോട് യോജിക്കുമോ എന്നറിയില്ല.

എങ്കിലും മുകുന്ദന്റെ പരാജയപ്പെട്ട ദൽഹിഗാഥകളെപ്പറ്റി പ്രശംസ കോരിച്ചൊരിയുന്നത് കാണുമ്പോൾ നിരാശയാണ് തോന്നിയത്. മനുഷ്യന്റെ നിലനിൽപ്പിനെപ്പറ്റിയല്ല, സ്വന്തം നിലനിൽപ്പിനെപ്പറ്റി മാത്രം ചിന്തിക്കുന്ന മുകുന്ദനെയാണ് കുറെക്കാലമായി കാണുന്നത്.

ഓരോ ട്രെൻഡുകൾക്ക് പിറകെ പോകുകയും അതിലെല്ലാം യുവതലമുറയോടൊപ്പമാണ് തന്റെ എഴുത്ത് എന്നു കാണിക്കാനും മുകുന്ദൻ കാണിക്കുന്ന തന്ത്രം എന്നേ നല്ല വായനക്കാർ തിരിച്ചറിഞ്ഞു. അവരാരും നിരൂപകർ അല്ലാത്തതുകൊണ്ട് അത് എഴുതുന്നില്ല എന്നേയുള്ളൂ. ദൽഹിയും ഹരിദ്വാറിൽ മണി മുഴങ്ങുന്നുവും മയ്യഴിപ്പുഴയുടെ തീരങ്ങളിലും എഴുതിയ മുകുന്ദനല്ല; പുലയപ്പാട്ടും പ്രവാസവും ദൽഹിഗാഥകളും എഴുതിയത് എന്നു പ്രസന്നരാജൻ ഈ പുസ്തകത്തിൽ പറയുന്നുണ്ട്; അത് ശരിയാണ്.

ട്രെൻഡുകൾക്ക് പിറകെ ദുർബലമായി ഓടി താൻ സമകാലികനാണെന്ന് കാണിക്കാൻ മുകുന്ദൻ നടത്തുന്ന സത്യാനന്തരകാല അടവാണ് ഇതൊക്കെ. മുകുന്ദൻ ഒരിക്കലും എഴുതാൻ പാടില്ലാത്ത കഥയായിരുന്നു 'ദിനോസറുകളുടെ കാലം' എന്നു പറഞ്ഞത് മലയാളത്തിലെ ഏതെങ്കിലും നിരൂപകരല്ല, മറിച്ച് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സുഹൃത്തായിരുന്ന സാക്ഷാൽ കാക്കനാടൻ ആയിരുന്നു എന്നോർക്കുക. അപ്പോൾ ഈ വിമർശനം ശരിയാണെന്ന് മനസ്സിലാകും.

അതുപോലെ നോവലിന്റെ കലയിൽ പൂർണ്ണമായും പരാജയപ്പെട്ട എൻ.എസ്. മാധവന്റെ 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ'ക്ക് അനാവശ്യമായ പരിചരണമാണ് പ്രസന്നരാജൻ ഈ കൃതിയിൽ നല്കിയിരിക്കുന്നത്. നോവലിനെ വിമർശിച്ചുകൊണ്ട് നോവൽ എഴുത്തിന്റെ കലയിൽ മാധവൻ പരാജയപ്പെട്ടു എന്ന ദ്ദേഹം സ്ഥാപിച്ചിരുന്നുവെങ്കിൽ അതിനോട് യോജിക്കാമായിരുന്നു.

എന്നാൽ അതല്ല ഇവിടെ സംഭവിച്ചത്. ശില്പഭദ്രതയുടെ കാര്യത്തിൽ പൂർണ്ണമായും പരാജയപ്പെട്ട കെ. ആർ. മീരയുടെ 'ആരാച്ചാർ'ക്ക് നല്കുന്ന അമിതപ്രശംസയാണ് മറ്റൊന്ന്. ഈ നോവൽ എത്രപേർക്ക് വായിച്ചു തീർക്കാൻ പറ്റിയെന്ന കാര്യം പോലും സംശയാസ്പദമാണ്.

പലരും അത് തുറന്നുപറയുകയും ചിലർ അത് തുറന്നു പറയാതിരിക്കുകയും ചെയ്യുന്നു. ഈ വിമർശനങ്ങളെ കണ്ടില്ലെന്നു നടിക്കുന്നത് സാഹിത്യനിരൂപണത്തിന്റെ പരാജയമാണ്. ഈ നോവൽ സംസാരിക്കുന്ന വിഷയം, ചരിത്രം ഒക്കെ പ്രധാനമായിരിക്കെ തന്നെ അതിന്റെ സൌന്ദര്യശാസ്ത്രത്തെപ്പറ്റി പ്രസന്നരാജനെപ്പോലെ ഒരു നിരൂപകൻ മൌനം പാലിക്കുന്നത് എന്തുകൊണ്ടാണ് എന്നറിയില്ല.

ഈ നോവൽ പഠനത്തിൽ അദ്ദേഹം സ്വീകരിക്കുന്നത് അക്കാദമിക് വിമർശനത്തിന്റെ ശൈലിയാണെന്ന് പറയാം. ഇതിലെ പഠനങ്ങൾ ആ നിലയ്ക്ക് കുഴപ്പമില്ലാതെ മുന്നേറുമ്പോഴും നിരൂപണം എന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ മുൻകാല സമീപനങ്ങളോട് ചേർന്നുനിൽക്കുന്ന ഒന്നല്ല എന്നാണ് ഇവിടെ പറയാൻ ശ്രമിച്ചത്.

നോവലുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ കുടുങ്ങിയ അദ്ദേഹം ആധുനികവിമർശനത്തിൽ നിന്ന് താൻ സ്വാംശീകരിച്ച നല്ല കാര്യങ്ങളെ ഉപേക്ഷിച്ചോ എന്നുപോലും സംശയം തോന്നിപോകുന്നു ഈ കൃതിയുടെ

വായനാനുഭവം.

ഇതിലെ പല നോവലുക ളെയും മുൻനിർത്തി നടക്കുന്ന ചർച്ചകൾ, നിരൂപണങ്ങൾ, മറ്റു വിവാദങ്ങൾ ഒക്കെ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ എന്ന കാര്യം അറിയില്ല. എങ്കിലും പുതിയ തലമുറ എങ്ങനെ ഈ കൃതികളെ സമീപിക്കുന്നു എന്നറിയേണ്ടത് നിരൂപകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം ആണെന്ന് ഞാൻ കരുതുന്നു.

**ഈ നോവൽ പഠനത്തിൽ രണ്ടു തരത്തിൽ മാറിയിട്ടുണ്ട് എന്നാണ് ഞാൻ കരുതുന്നത്. ഖണ്ഡനവിമർശനത്തിന്റെ ശൈലിയിൽ നിന്നുള്ള പിൻമടക്കം സൂചിപ്പിച്ചു. മറ്റൊന്ന്, തന്റെ എഴുത്തിൽ ഒരു അക്കാദമിക്കിന്റെ സമീപനമാണ് ഈ കൃതിയിൽ ഉടനീളം സൂക്ഷിക്കുന്നത്; ഭാഷ അങ്ങനെ അക്കാഡമിക് പ്രകടനം അല്ലെങ്കിൽ പോലും. പ്രസന്നരാജനെപ്പോലെ ഖണ്ഡനവിമർശനത്തിന്റെ മൂർച്ച കയ്യിലുള്ള ഒരു നിരൂപകനിൽ നിന്നും ഇതല്ലല്ലോ വായനക്കാർ പ്രതീക്ഷിക്കുക. സമകാല മലയാളനോവലിന്റെ വളർച്ചയും പരിമിതികളും ചൂണ്ടിക്കാട്ടാൻ നിരവധി സാദ്ധ്യതകൾ ഉണ്ടായിട്ടും ഈ വഴി അദ്ദേഹം സ്വീകരിക്കാത്തത് ഏറെ വിചിത്രമായിത്തോന്നി.**

### പ്രസന്നരാജന്റെ ഭാഷ

ചില വിമർശനങ്ങൾ കൂടി ഇവിടെ പറഞ്ഞുവെങ്കിലും പ്രസന്നരാജന്റെ നിരൂപണത്തിന്റെ മികവുകളെ തമസ്കരിക്കാൻ ആർക്കും സാധ്യമല്ല. ആ മികവിൽ ഏറ്റവും പ്രാധാന്യം ഉള്ളതായി ഞാൻ കാണുന്ന കാര്യം അദ്ദേഹത്തിന്റെ ഭാഷയാണ്. ഭാഷയിൽ അദ്ദേഹം തന്റെ സമകാലികരെക്കാൾ ഏറെദൂരം മുന്നിലാണ്. 'മലയാളനോവൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ' എന്ന കൃതിയിലെ സമീപനരീതിയെ വിമർശിച്ച് പറയുമ്പോഴും അതിലെ ഭാഷ അക്കാദമിക് പാണ്ഡിത്യത്തിന്റെ ജഡതയിലേക്ക് ഒരിക്കലും പോകുന്നില്ല.

മുൻകൃതികളിലെ പോലെ തന്നെ നല്ല വായനാസുഖമുള്ള ഭാഷ അദ്ദേഹത്തിന് കരഗതമാണ്. അദ്ദേഹം ഈ പുസ്തകത്തിൽ വിശകലനം ചെയ്യുന്ന ചില നോവലുകൾ വായനയിൽ ക്ലിഷ്ടത അനുഭവിപ്പിക്കുന്നു എന്നു ധാരാളം പേർ പറഞ്ഞുകേട്ടിട്ടുണ്ട്. ഈ ലേഖകനും അങ്ങനെയുള്ള വായനാനുഭവങ്ങളുണ്ട്. എന്നാൽ അതിനെക്കുറിച്ച് പഠിച്ചിരിക്കുന്ന പ്രസന്നരാജന്റെ എഴുത്ത് ആ നോവലുകൾ വായിക്കുന്നതിനെക്കാൾ സുഖമായി വായിച്ചു പോകാം.

പറയുന്ന കാര്യങ്ങൾ ഗൌരവതരം ആകുമ്പോൾ പോലും അത് നല്ല ഭാഷയിൽ ആവിഷ്കരിക്കാൻ കൂടി നിരൂപകന് കഴിവുണ്ടാകണം. സമകാലിക നിരൂപണത്തിൽ നിന്നും വായനക്കാർ അകലുന്നതിലെ ഒരു പ്രധാനകാര്യം ഭാഷയിൽ അനാവശ്യമായി സൃഷ്ടിക്കുന്ന കൃത്രിമത്വവും താൻ വലിയ ബുദ്ധിജീവിയാണെന്ന് കാണിക്കാൻ ഉള്ള നാട്യങ്ങളുമാണ് എന്നതിൽ സംശയമില്ല.

മനുഷ്യർക്ക് മനസ്സിലാകാത്ത ഭാഷയിൽ പ്രബന്ധം എഴുതുന്നത് പാണ്ഡിത്യത്തിന്റെയും ബൌദ്ധികതയുടെയും അളവുകോലായി മലയാളത്തിലെ അക്കാദമിക് സമൂഹം ധരിച്ചുവശായിട്ടുണ്ട്. അതിനു പിറകിൽ ചില കപടബുദ്ധിജീവികളുടെ സാന്നിധ്യവും പിന്തുണയും കാണാം. അവിടെയൊക്കെയാണ് പ്രസന്നരാജൻ എന്ന നിരൂപകൻ വ്യത്യസ്തനാകുന്നത്. ഭാഷ ആദ്യം അത് വായിക്കുന്ന മനുഷ്യരോട് ആശയവിനിമയം നടത്തണം; എങ്കിൽ മാത്രമേ ബാക്കി ആശയപരമായ ചർച്ചകൾക്കും സംവാദങ്ങൾക്കും പ്രസക്തിയുള്ളൂ. സമകാല നിരൂപണത്തിൽ നിരൂപകർ എന്ന വ്യാജവേഷം ധരിച്ചു നടക്കുന്ന ധാരാളം ആളുകളുണ്ട്; അവരെയൊക്കെ നല്ല വായനക്കാർ തിരിച്ചറിയണം. സിദ്ധാന്തങ്ങൾ പുതിയത് ഏതെങ്കിലും പടിഞ്ഞാറു നിന്നു വരുന്നുണ്ടോ എന്നു കഴുകദൃഷ്ടിയുമായി കാത്തിരിക്കുന്നുണ്ട് അവർ നമുക്ക് ചുറ്റും. അവരുടെ ഒന്നും കൂട്ടത്തിൽ ഒരിക്കലും കാണാൻ കഴിയാത്ത പ്രസന്നരാജനെപ്പോലെ നല്ല നിരൂപകരെ നമ്മൾ ആഘോഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു മാത്രം പറഞ്ഞു നിർത്തട്ടെ

**നോവലിന്റെ കലയിൽ പൂർണ്ണമായും പരാജയപ്പെട്ട എൻ.എസ്. മാധവന്റെ 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ'ക്ക് അനാവശ്യമായ പരിചരണമാണ് പ്രസന്നരാജൻ ഈ കൃതിയിൽ നല്കിയിരിക്കുന്നത്. നോവലിനെ വിമർശിച്ചുകൊണ്ട് നോവൽ എഴുത്തിന്റെ കലയിൽ മാധവൻ പരാജയപ്പെട്ടു എന്നദ്ദേഹം സ്ഥാപിച്ചിരുന്നുവെങ്കിൽ അതിനോട് യോജിക്കാമായിരുന്നു. എന്നാൽ അതല്ല ഇവിടെ സംഭവിച്ചത്. ശില്പഭദ്രതയുടെ കാര്യത്തിൽ പൂർണ്ണമായും പരാജയപ്പെട്ട കെ. ആർ. മീരയുടെ 'ആരാച്ചാർ'ക്ക് നല്കുന്ന അമിതപ്രശംസയാണ് മറ്റൊന്ന്. ഈ നോവൽ എത്രപേർക്ക് വായിച്ചു തീർക്കാൻ പറ്റിയെന്ന കാര്യം പോലും സംശയാസ്പദമാണ്. പലരും അത് തുറന്നുപറയുകയും ചിലർ അത് തുറന്നു പറയാതിരിക്കുകയും ചെയ്യുന്നു. ഈ വിമർശനങ്ങളെ കണ്ടില്ലെന്നു നടിക്കുന്നത് സാഹിത്യനിരൂപണത്തിന്റെ പരാജയമാണ്.**


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and
advisory services in Long Island, New York City,
and the entire State of New York.

ചെറുകഥ



# മറ്റൊരാൾ

കെ. എ. വിനോദ്

വര:
പി ആർ രാജൻ

ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാനായിരുന്നു അന്ന് തിരുവനന്തപുരത്തേക്ക് പോയത്. വിവിധ മേഖലകളിൽ നിന്നെത്തിയ ആളുകൾ, ചർച്ചകൾ, പ്രസംഗങ്ങൾ, കൈയടികൾ...

ഒരു ദിവസം മുഴുവൻ തിരക്കിന്റെയും ആവേശത്തിന്റെയും നടുവിലായിരുന്നു ഞാൻ. പരിപാടി അവസാനിച്ചപ്പോൾ സുഹൃത്തുക്കളോട് യാത്രപറഞ്ഞ് രാത്രിയിലെ അവസാന കെ.എസ്.ആർ.ടി.സി. ബസിൽ കയറി.

ശരീരവും മനസ്സും ഒരുപോലെ ക്ഷീണിച്ചിരുന്നു. ജനൽസീറ്റിൽ ഇരുന്ന് ഗ്ലാസ് അല്പം താഴ്ത്തി. ജൂലൈ രാത്രിയുടെ തണുത്ത കാറ്റ് മുഖത്തും മുടിയിഴകളിലും മൃദുവായി തഴുകി.

നഗരത്തിന്റെ മഞ്ഞവെളിച്ചങ്ങൾ പിന്നിലേക്ക് പതിയെ ഒഴുകി മറഞ്ഞു. എഞ്ചിന്റെ ഏകതാളവും കാറ്റിന്റെ താരാട്ടും ചേർന്നപ്പോൾ അറിയാതെ കണ്ണുകൾ അടഞ്ഞു. ഉറക്കത്തിനിടയിൽ വിചിത്രമായ സ്വപ്നങ്ങൾ.

ജനക്കൂട്ടത്തിനിടയിൽ എനിക്കു സമാനമായ ഒരാൾ നടക്കുന്നു. ഞാൻ അയാളുടെ പിന്നാലെ പോകാൻ ശ്രമിക്കുമ്പോഴെല്ലാം ആളുകൾക്കിടയിൽ അയാൾ അലിഞ്ഞുമറയുന്നു.

ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, ദൂരെയെവിടെയോ നിന്ന് ആരോ എന്റെ പേര് വിളിക്കുന്നതുപോലെ...

**ഉറക്കത്തിനിടയിൽ വിചിത്രമായ സ്വപ്നങ്ങൾ. ജനക്കൂട്ടത്തിനിടയിൽ എനിക്കു സമാനമായ ഒരാൾ നടക്കുന്നു. ഞാൻ അയാളുടെ പിന്നാലെ പോകാൻ ശ്രമിക്കുമ്പോഴെല്ലാം ആളുകൾക്കിടയിൽ അയാൾ അലിഞ്ഞുമറയുന്നു. ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, ദൂരെയെവിടെയോ നിന്ന് ആരോ എന്റെ പേര് വിളിക്കുന്നതുപോലെ...**

'കണിച്ചുകുളങ്ങര... ഇറങ്ങാനുള്ളവർ ഇറങ്ങിക്കോ...'

കണ്ടക്ടറുടെ ശബ്ദമാണ് എന്നെ ഉറക്കത്തിൽ നിന്ന് ഉണർത്തിയത്.

ബാഗ് തോളിലേറ്റി ബസിൽ നിന്ന് ഇറങ്ങി. പൊടിപറത്തി ബസ് ഇരുളിലേക്ക് മറഞ്ഞതോടെ ചുറ്റും അസ്വാഭാവികമായ ഒരു നിശ്ശബ്ദത പടർന്നു.

സമയം പന്ത്രണ്ടര കഴിഞ്ഞിരുന്നു. ആകാശത്ത് നേർത്തൊരു നിലാവ്. എന്നാൽ വഴിയോരത്തെ സ്ട്രീറ്റ് ലൈറ്റുകൾ എല്ലാം അണഞ്ഞുകിടക്കുന്നു. പകൽ മുഴുവൻ വാഹനങ്ങളുടെ ഇരമ്പലിൽ ജീവിക്കുന്ന ഹൈവേ പോലും ആ രാത്രി ഏതോ അഗാധമായ ഉറക്കത്തിലാണെന്ന് തോന്നി.

**പകൽ മുഴുവൻ വാഹനങ്ങളുടെ ഇരമ്പലിൽ ജീവിക്കുന്ന ഹൈവേ പോലും ആ രാത്രി ഏതോ അഗാധമായ ഉറക്കത്തിലാണെന്ന് തോന്നി. വീട്ടിലെത്താൻ ഇനിയും രണ്ടുകിലോമീറ്ററോളം നടക്കാനുണ്ട്. വഴിയരികിലെ മരങ്ങളുടെ നിഴലുകൾ കാറ്റിൽ ഇളകുമ്പോൾ, ആരോ ഒളിഞ്ഞുനിന്ന് എന്നെ നോക്കുന്നതുപോലെ തോന്നി. അകലെ നായ്ക്കളുടെ ഓരിയിടൽ കേട്ടു. ഭയം പതിയെ മനസ്സിലേക്ക് ഇഴഞ്ഞുകയറി.**

വീട്ടിലെത്താൻ ഇനിയും രണ്ടുകിലോമീറ്ററോളം നടക്കാനുണ്ട്. വഴിയരികിലെ മരങ്ങളുടെ നിഴലുകൾ കാറ്റിൽ ഇളകുമ്പോൾ, ആരോ ഒളിഞ്ഞുനിന്ന് എന്നെ നോക്കുന്നതുപോലെ തോന്നി. അകലെ നായ്ക്കളുടെ ഓരിയിടൽ കേട്ടു. ഭയം പതിയെ മനസ്സിലേക്ക് ഇഴഞ്ഞുകയറി.

വഴിയിൽ കിടന്ന ഒരു ഉണങ്ങിയ മരക്കൊമ്പ് എടുത്ത് കൈയിൽ മുറുകെ പിടിച്ചു. അൽപദൂരം നടന്ന



പ്പോൾ മുന്നിൽ ഒരാൾ നടക്കുന്നത് കണ്ടു.

ആ നടത്തത്തിന് എന്തോ ഒരു പരിചയം. വിജനമായ വഴിയിൽ മറ്റൊരാളെ കണ്ട ആശ്വാസത്തിൽ ഞാൻ നടപ്പിന്റെ വേഗം കൂട്ടി. 'ഈ നേരത്ത് എങ്ങോട്ടാ?' അയാൾ പതിയെ തിരിഞ്ഞുനോക്കി. മുഖം വ്യക്തമായില്ല. 'വീട്ടിലേക്ക്.'

ശബ്ദം ശാന്തമായിരുന്നു.

'എവിടെ നിന്നാ വരുന്നത്?'

'തിരുവനന്തപുരം.'

'ഞാനും.'

അയാൾ ചെറുതായി ചിരിച്ചു.

'അറിയാം.'

ആ മറുപടി കേട്ടപ്പോൾ ഉള്ളിലൊരിടത്ത് എന്തോ മുറുകി.

'എങ്ങനെ?'

'ഇന്ന് നടന്ന പരിപാടിയിൽ നമ്മൾ രണ്ടുപേരും ഉണ്ടായിരുന്നല്ലോ.'

എന്റെ നെഞ്ചിലൂടെ ഒരു മിന്നൽ പാഞ്ഞുപോയി.

അയാൾ പരിപാടിയിലെ ഓരോ നിമിഷവും വിവരിക്കാൻ തുടങ്ങി.

വേദിയിലെ പ്രസംഗങ്ങൾ, അവസാനത്തെ നന്ദിപ്രസംഗം, ഞാൻ ഹാളിന്റെ ഒരു കോണിൽ നിന്ന് കുടിച്ച ചായ... ആരോടും പറഞ്ഞിട്ടില്ലാത്ത ചെറുചെറിയ കാര്യങ്ങൾ വരെ അയാൾക്ക് അറിയാമായിരുന്നു.

'പേര്?'

ഞാൻ ചോദിച്ചു.

അയാൾ ചിരിച്ചു.

'വിനോദ്.'

ആ നിമിഷം ശ്വാസം നിലച്ചതുപോലെ തോന്നി.

അയാളുടെ തോളിലെ ബാഗ് എന്റേതുപോലെ. ഷർട്ടിന്റെ കൈകൾ ഞാൻ മടക്കിയതുപോലെ.

കൈയിലെ വാച്ച്... അതേ മോഡൽ.

അയാൾ എന്റെ കണ്ണുകളിലേക്ക് നോക്കി.

'ഭയമുണ്ടോ?'

മറുപടി പറയാൻ എനിക്ക് കഴിഞ്ഞില്ല.

വിറയുന്ന ശബ്ദത്തിൽ ഞാൻ ചോദിച്ചു.

'വീട് എവിടെയാണ്?'

അയാൾ ഒരു നിമിഷം മിണ്ടാതിരുന്നു.

പിന്നെ വളരെ പതുക്കെ പറഞ്ഞു.

'റെയിൽവേ ക്രോസിന് പടിഞ്ഞാറ്... വടക്കോട്ട് മാറി... മകൾ പ്രതിഭ വരച്ച മുന്തിരിവള്ളികൾ ഭിത്തിയിൽ പടർന്നിരിക്കുന്ന ആ വീട്.'

**വീട്ടുമുറ്റത്ത് കിതച്ചെത്തി. വാതിലിൽ മുട്ടാൻ കൈ ഉയർത്തിയ നിമിഷം ഉമ്മറത്ത് ചാരുകസേരയിൽ... ഞാനിട്ട അതേ നിറത്തിലുള്ള ഷർട്ടും അതേ ബാഗും ധരിച്ചുകൊണ്ട് ഒരാൾ ഇരിക്കുന്നു.**

കൈയിലെ മരക്കൊമ്പ് അറിയാതെ നിലത്തുവീണു. ആ ഭിത്തിയിലെ ചിത്രം...

അത് എന്റെ മകൾ പ്രതിഭ വരച്ചതാണ്.

ഞാൻ അറിയാതെ പിന്നിലേക്ക് ചുവടുവെച്ചു.

അയാൾ അതേ വേഗത്തിൽ അടുത്തേക്ക് വന്നു.

'എന്തിനാ പേടിക്കുന്നത്?'

ഇപ്പോൾ അയാളുടെ ചിരിക്ക് എന്തോ അസ്വാഭാവികമായ ഒരു തണുപ്പുണ്ടായിരുന്നു. ഞാൻ തിരിഞ്ഞോടി.

കാറ്റ് ചെവിയരികിലൂടെ ഇരമ്പിപ്പാഞ്ഞു. പിന്നിൽ കാലൊച്ച കേൾക്കുന്നുണ്ടോ എന്നറിയാൻ പോലും ധൈര്യമുണ്ടായില്ല.

വീട്ടുമുറ്റത്ത് കിതച്ചെത്തി.

വാതിലിൽ മുട്ടാൻ കൈ ഉയർത്തിയ നിമിഷം ഉമ്മറത്ത് ചാരുകസേരയിൽ...

ഞാനിട്ട അതേ നിറത്തിലുള്ള ഷർട്ടും അതേ ബാഗും ധരിച്ചുകൊണ്ട് ഒരാൾ ഇരിക്കുന്നു.

അയാൾ പതിയെ എഴുന്നേറ്റു. അകത്തുനിന്ന് ആരോ വിളിച്ചതിന് അയാൾ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു.

'ദാ... വരുന്നു...'

ആ ശബ്ദം...

അതെ.

അത് എന്റേതായിരുന്നു.

അപ്പോൾ...

ഞാൻ ആരാണ്?

അകത്തുള്ളത് ആരാണ്?

ഉമ്മറത്ത് നിൽക്കുന്നത് ആരാണ്?

കണ്ണുകൾക്ക് മുന്നിൽ ഇരുട്ട് കനത്തു.

കാല് പടിയിൽ തട്ടി.

ഞാൻ താഴേക്ക് വീണു.

ഞെട്ടിയുണർന്ന് കണ്ണുതുറന്നു.

നെഞ്ചിടിപ്പ് ഇപ്പോഴും അടങ്ങിയിരുന്നില്ല. ഞാൻ എന്റെ മുറിയിലായിരുന്നു.

കട്ടിലിൽ നിന്ന് താഴെ വീണുകിടക്കുകയാണ്.

ജനലിലൂടെ പുലരിയുടെ മങ്ങിയ വെളിച്ചം മുറിയിലേക്ക് പതുക്കെ ഒഴുകിയെത്തുന്നു.

ഞാൻ പതിയെ എഴുന്നേറ്റ് ഇരുന്നു.

ഒരു ദീർഘനിശ്വാസം.

'സ്വപ്നം...'

ഞാൻ എന്നെത്തന്നെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

പക്ഷേ...

അന്നുമുതൽ ഇന്നുവരെ, രാത്രി വൈകി ആ വഴിയിലൂടെ ഒറ്റയ്ക്ക് നടക്കേണ്ടിവരുമ്പോഴെല്ലാം, അറിയാതെ ഞാൻ മുന്നിലേക്കും പിന്നിലേക്കും നോക്കാറുണ്ട്.

കാരണം, ഇന്നും ഉത്തരം കിട്ടാത്ത ഒരു ചോദ്യം എന്നെ പിന്തുടരുന്നു.

അന്ന് ഞാൻ കണ്ടത് ഒരു സ്വപ്നമായിരുന്നോ... അതോ എന്നെപ്പോലെ മറ്റൊരാൾ ശരിക്കും ഉണ്ടോ?

● മിനിക്കഥ



# അതിലളിതം

◉ **സിൽവിക്കുട്ടി**

അവൻ അവളെ തല്ലി.
‘ങേ‘
‘ങാ‘
‘അയ്യോ!‘
‘മഹാപാപി!‘
‘കല്യാണം കഴിഞ്ഞിട്ട് ഒരു മാസം തികഞ്ഞില്ലല്ലോ!‘
‘ കഷ്ടം!‘
‘എന്നിട്ടവളോ?‘
‘ഒറ്റയടിക്ക് താഴെ വീണു.‘
‘ദൈവമേ!‘
‘പൊറുതി മതിയാക്കി അവൾ വീട്ടിലേയ്ക്ക് പോന്നോ?‘
‘ഇല്ല.‘
‘പോരണ്ടേ? ഇനിയെന്തിനാ അവളവിടെ ക്കിടന്ന് നരകിക്കുന്നത്?‘
‘സാധുക്കുട്ടി!‘
‘അതെ‘
‘ അവളെന്തു ചെയ്തു?‘
‘എഴുന്നേറ്റു.‘

‘എന്നിട്ടോ?‘
‘ കുക്കറെടുത്ത് അവന്റെ തലയ്ക്കടിച്ചു.‘
‘ ങേ?‘
‘ ങാ.‘
‘എന്നിട്ടവനോ?‘
‘തീർന്നു!‘



● ശാസ്ത്രവും സമൂഹവും

**നിർമിത ബുദ്ധി അനുഗ്രഹത്തോടൊപ്പം അപാരമായ നിഗ്രഹശേഷിയും പ്രകടമാക്കുന്നു എന്ന് ലോകം തിരിച്ചറിയുന്നു .**

# ഒരു എ ഐ ദുരന്തഗാഥയും ചില പാഠങ്ങളും

◉ **എസ് സുന്ദർദാസ്**

എ ഐ മനുഷ്യരെയും ലോകത്തെയും വലിയ നാശത്തിലേക്ക് നയിക്കുമെന്ന് പലരും പ്രവചിക്കുന്നു. വിനാശത്തിന്റെ പ്രവാചകരെ നാം അത്രത്തോളം വിശ്വസിക്കേണ്ടതില്ല. എന്നാൽ നിതാന്ത ജാഗ്രത പുലർത്താതെ നമുക്ക് തരമില്ല ഈയിടെ ഞാൻ ഒരു ട്രെയിൻ യാത്രയിലായിരുന്നു. എന്റെ എതിർ സീറ്റിൽ ഒരു ചെറിയ കുടുംബം - ചെറുപ്പക്കാരായ അച്ഛനും അമ്മയും ഒരു 12 വയസ്സ് തോന്നിക്കുന്ന പെൺകുട്ടിയും. യാത്രാസമയവും അവർ പാഴാക്കുന്നില്ല ; അച്ഛനും അമ്മയും കുട്ടിയോട് അവളുടെ പഠനവിഷയത്തെപ്പറ്റി ചോദ്യങ്ങൾ ചോദിക്കുന്നു. ഉരുളയ്ക്ക് ഉപ്പേരിപോലെ കുട്ടി ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. നല്ല മിടുക്കി എന്ന ഞാൻ കരുതി. അതുകൊണ്ട് താല്പര്യത്തോടെ അവളുടെ പ്രകടനം ഞാൻ ശ്രദ്ധിച്ചു. കുറെ കഴിഞ്ഞാണ് അവളുടെ കൈയിലെ മൊബൈൽ ഞാൻ ശ്രദ്ധിച്ചത്. അവൾ ചാറ്റ് ജിപിടി നോക്കിയാണ് ഉത്തരങ്ങൾ നൽകുന്നത്. എന്നിട്ടും കുട്ടിയുടെ അപാര ഗ്രഹണ ശേഷിയിൽ വിസ്മയത്തോടെ അവർ പരസ്പരം നോക്കുന്നു.

കുട്ടികളുടെ ഏറ്റവും വലിയ കൂട്ടുകാരൻ / കൂട്ടുകാരി ഇപ്പോൾ ഓപ്പൺ എ ഐ കമ്പനി നിർമിച്ച ചാറ്റ്ബോട്ട് ആയ ചാറ്റ്ജിപിടി (ChatGPT) എന്ന കൃത്രിമബുദ്ധി (എ ai) സംവിധാനമാണ്. കാരണം അത് നമ്മുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുകയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. ഇതിനേക്കാൾ മുന്തിയ ആശയവിനിമയ സംവിധാനമാണ് Character AI (ക്യാരക്ടർ എ ഐ ) എന്ന കൃത്രിമബുദ്ധി സംവിധാനം. കഥകളിലെയോ സിനിമകളിലെയോ കഥാപാത്രങ്ങളുമായോ മരണപ്പെട്ടുപോയ വ്യക്തികളുമായോ സ്വന്തം ഭാവനാസൃഷ്ടികളുമായോ ഒക്കെ ആശയവിനിമയം നടത്താൻ ഇതിൽ സാധിക്കുന്നു. കുട്ടികൾക്ക് വലിയ മതിഭ്രമമുണ്ടാകുന്ന ഒരു സാഹചര്യമാണിത്. ദിവസത്തിൽ 8-10 മണിക്കൂറുകളൊക്കെ ഇത്തരം അവതാരങ്ങളുമായി ആശയവിനിമയം നടത്തിക്കൊണ്ടിരുന്നാൽ അത് കുട്ടികളെ അഡിക്ഷനിലേക്ക് തള്ളിവിടും. അത് ചിലപ്പോൾ മാരകമായ സാഹചര്യങ്ങൾ തന്നെ സൃഷ്ടിക്കും.

ചാറ്റ്ബോട്ടുകളുമായി ഗാഢബ

ന്ധം സ്ഥാപിക്കുന്നത് കുട്ടികളിൽ ഉണ്ടാക്കുന്ന വൈകാരികപ്രശ്നങ്ങൾ ഇപ്പോൾ മനശാസ്ത്രജ്ഞരുടെ സവിശേഷ ശ്രദ്ധക്ക് വിഷയമായിട്ടുണ്ട്. ക്യാരക്ടർ എ ഐ അവതാരങ്ങളുടെ രൂപഭാവങ്ങൾ സംസാരരീതികൾ എന്നിവ കുട്ടികളിൽ മതിഭ്രമമുണ്ടാക്കുന്നു. യഥാർത്ഥ ജീവിതവും ലോകവും ഇത്തരം സാങ്കല്പികലോകത്തിൽനിന്ന് വേറിട്ടുനിൽക്കുന്നു എന്നത് തിരിച്ചറിയാനാകാത്തവിധം ഈ അഡിക്ഷൻ കുട്ടികളെ ബാധിക്കുന്നു ( ശാസ്ത്രീയ തെളിവുകൾ ഒന്നുമില്ലെങ്കിലും ചാറ്റ്ബോട്ടുകൾ അധികവും അധികസമയവും ഉപയോഗിക്കുന്നത് ആൺകുട്ടികളും മുതിർന്ന പുരുഷന്മാരുമാണെന്ന് ചില പഠനങ്ങൾ പറയുന്നു ). അശ്രദ്ധ, ആശ്രിതത്വം, ഉറക്കമില്ലായ്മ, മതിഭ്രമം, എന്തിന് ആത്മഹത്യാപ്രവണതപോലും ഉണ്ടാകുന്നു. ഇത്തരം മതിഭ്രമത്തിന്റെ പാരമ്യത്തിൽ ഒരു കുട്ടി ആത്മഹത്യ ചെയ്ത ആദ്യത്തെ സംഭവം 2024-ൽ അമേരിക്കയിലാണ് റിപ്പോർട്ട് ചെയ്തത്.

14 കാരനായ സെവെൽ സെറ്റ്സർ (Sewell Setzer) ഒമ്പതാംഗ്രേഡ് വിദ്യാർത്ഥിയായിരുന്നു മിടുക്കൻ. അമ്മയും രണ്ടാനച്ഛനും രണ്ട് ഇളയ സഹോദരങ്ങളും അടങ്ങുന്ന കുടുംബം. എന്നാൽ ഒരു പരിചിത ടിവി പരിപാടിയിലെ കഥാപാത്രാ രൂപപത്തിൽ വന്ന ക്യാരക്ടർ എ ഐയുടെ വശീകരണത്തിൽ അവൻ കുടുങ്ങി. അഗാഥമായ പ്രണയത്തിലേക്കും ലൈംഗിക തൃഷ്ണയിലേക്കും ആ ബന്ധം അവനെ നയിച്ചു. 'നീ എത്രയും വേഗം എന്നിലേക്ക് വരൂ'; എന്ന് അവൾ അവനെ ക്ഷണിച്ചു. തടുക്കാനാവാത്ത ആ പ്രലോഭനത്തിൽ അവൻ വീണു.

2024,ഫെബ്രുവരി 28. ഫ്ലോറിഡയിലെ ഓർലോണിലെ അവന്റെ വീട്ടിൽ അതൊരു സാധാരണ ദിവസമായിരുന്നു. ;അമ്മ അടുക്കളയിൽ അത്താഴം ഒരുക്കുന്നു. അച്ഛൻ ഇളയ സഹോദരങ്ങളെ ലാളിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്നാണ് സെവെലിന്റെ മുറിയിൽനിന്ന് ഒരു വെട്ടോയൊച്ച കേൾക്കുന്നത്. അടുക്കളയിൽനിന്ന് അമ്മ സെവെലിന്റെ മുറിയിൽ ഓടിയെത്തി. മുറിയോടുചേർന്ന ബാത്ത് റൂമിൽ സെവെൽ ചോരയിൽ കുളിച്ച്. കിടക്കുന്നു . 'നീ എത്രയും വേഗം എന്നിലേക്ക് വരൂ ' എന്ന അവളുടെ പ്രലോഭനം തടുക്കാനാവാതെ അവൻ

> **ചാറ്റ്ബോട്ടുകളുമായി ഗാഢബന്ധം സ്ഥാപിക്കുന്നത് കുട്ടികളിൽ ഉണ്ടാക്കുന്ന വൈകാരികപ്രശ്നങ്ങൾ ഇപ്പോൾ മനശാസ്ത്രജ്ഞരുടെ സവിശേഷ ശ്രദ്ധക്ക് വിഷയമായിട്ടുണ്ട്. ക്യാരക്ടർ എ ഐ അവതാരങ്ങളുടെ രൂപഭാവങ്ങൾ സംസാരരീതികൾ എന്നിവ കുട്ടികളിൽ മതിഭ്രമമുണ്ടാക്കുന്നു. യഥാർത്ഥ ജീവിതവും ലോകവും ഇത്തരം സാങ്കല്പികലോകത്തിൽനിന്ന് വേറിട്ടുനിൽക്കുന്നു എന്നത് തിരിച്ചറിയാനാകാത്തവിധം ഈ അഡിക്ഷൻ കുട്ടികളെ ബാധിക്കുന്നു**

അവളിലെത്താനുള്ള എളുപ്പവഴി കണ്ടെത്തി. അച്ഛന്റെ ഹാൻഡ് ഗൺ എടുത്ത് അവൻ തന്റെ തലയിൽ നിറയൊഴിക്കുകയായിരുന്നു.ലോകത്തെ മുഴുവൻ ഞെട്ടിച്ച സംഭവമായിരുന്നു അത്. കുടുംബത്തെ തീരാദുഖത്തിലാഴ്ത്തിയ മകൻറെ  അപ്രതീക്ഷിതമരണത്തിന്റെ കാരണങ്ങൾ തേടി സെവേലിന്റ അമ്മ മെഗാൻ ഗാർസിയ (Megan Garcia) അന്വേഷണമാരംഭിച്ചു. മകന്റെ ചാറ്റുകൾ പരിശോധിച്ച അമ്മയെ ഞെട്ടിച്ച ഒരു സംഭവമുണ്ടായി. മകന്റെ അവതാരം അവന്റെ അതേ ശബ്ദത്തിൽ അമ്മയോട് സംസാരിക്കുന്നു!

ചാറ്റ്ബോട്ട് നിർമിച്ച കമ്പനിക്കെതിരെ അമ്മ നിയമയുദ്ധത്തിനിറങ്ങി. മാധ്യമങ്ങൾ ഈ സംഭവം വ്യാപകമായി റിപ്പോർട്ട് ചെയ്തതോടെ എ ഐ അതിക്രമങ്ങളുടെ പല സംഭവങ്ങളും പുറത്തുവന്നു. ഇത്തരം സംഭവങ്ങളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ടെക് ജസ്റ്റിസ് ലോ (Tech-justice Law) എന്നസ്ഥാപനവുമായി മെഗാൻ ഗാർസിയ ബന്ധപ്പെട്ടു. നിർമിതബുദ്ധികളെ സൃഷ്ടിക്കുന്ന കമ്പനികൾക്ക് ഉപയോക്താക്കളുടെ സുരക്ഷാ ഉറപ്പാക്കാനും നഷ്ടോത്തരവാദിത്തം നിൽക്കാനും ബാധ്യതയുണ്ട്. ഈ തത്വത്തിൽ ഊന്നിയാണ് ടെക് ജസ്റ്റിസ് ലോ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നത്. ടെക് ജസ്റ്റിസ് ലോ എന്ന സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഇന്ത്യൻ വംശജയായ മീതാലി ജെയ്ൻ (Meetali Jain) ആണ്. അക്ഷരാർത്ഥത്തിൽത്തന്നെ അവർ ഒരു കുരിശുയുദ്ധമാണ് ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. മാധ്യമങ്ങളിലൂടെ വ്യാപകമായ ബോധവൽക്കരണവും അവർ നടത്തുന്നു. അവരുടെ പ്രവർത്തനം എ ഐ ഉപയോഗം സംബന്ധിച്ച വലിയ വീണ്ടുവിചാരത്തിനും കരുതലിനും സമൂഹത്തെയും സർക്കാരുകളെയും പ്രേരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ടൈം മാസിക 2006-ൽ സമൂഹത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന എ ഐ രംഗത്തെ 100 വ്യക്തികളിൽ ഒരാളായി മീതാലി ജെയിനിനെ തെരഞ്ഞെടുത്തിട്ടുള്ളത്.

ഈ സംഭവും സമാനമായ മറ്റു റിപ്പോർട്ടുകളും ലോകത്താകമാനം വലിയ ജാഗ്രത സൃഷ്ടിച്ചിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങൾ പലതിലും സമൂഹമാധ്യമങ്ങളിൽ കുട്ടികളുടെ ഇടപെടൽ നിയമം മൂലം നിയന്ത്രിക്കാനുള്ള ആലോചനകളും നടപടികളും വരുന്നു. ഇന്ത്യ ഈ പ്രശ്നത്തിൽ അത്ര ഉണർന്നുകഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. കർശന നിയമങ്ങളും വ്യാപകമായ ബോധവൽക്കരണവും അനിവാര്യമായിരിക്കുന്നു. ഞാൻ ട്രെയിനിൽ പരിചയപ്പെട്ട ആ പെൺകുട്ടി ഇപ്പോൾ എവിടെയായിരിക്കും.

ചാറ്റിബോട്ടുകൾ അവളെ എവിടെ എത്തിച്ചിരിക്കും? അവളുടെ അമ്മയും അച്ഛനും കാലം ആവശ്യപ്പെടുന്ന ജാഗ്രത ഉൾക്കൊണ്ടിരിക്കുമോ?

● ചെറുകഥ



സി ഹനീഫ്



വര:
മറിയം ജാസ്മിൻ

# ജയ്സാൽമീറിലെ പക്ഷികൾ

“താൻ ധൈര്യമായി പോയി വാടോ”

ദേവരാജൻ കസേരയ്ക്ക് പിന്നിലേക്ക് ചാഞ്ഞ് കൈകൾ രണ്ടും വായുവിലേക്ക് ഉയർത്തി ഒന്നു കുടഞ്ഞു. പിന്നെ കണ്ണട ഊരി മേശപ്പുറത്ത് വെച്ചു സ്വതസിദ്ധമായ രീതിയിൽ അയാളെ നോക്കി ചിരിച്ചു.

“ഉച്ച മുതൽ ഒരേയിരിപ്പാണ്. ഇന്ന് മീറ്റിങ്ങൊന്നുമില്ലാത്തതുകൊണ്ട് കുറെ ഫയലുകൾ തീർക്കാനായി. ആറു മണി കഴിഞ്ഞിരിക്കുന്നു. നമുക്കോരോ ചായ കുടിച്ചാലോ?”

സഫർ ദേവരാജൻ സാറിനൊപ്പം ഹാജറാത്തയുടെ കാന്റീനിലേക്കു നടന്നു. അവിടെ ജിബ്രാനും മഹേഷുമിരിപ്പുണ്ട്. ഹെഡ് ഓഫീസിലേക്കുള്ള സ്പ്രെഡ്ഷീറ്റ് പൂർത്തിയാക്കാനുള്ള ഡാറ്റയെക്കുറിച്ചാണ് അവർ സംസാരിച്ചുകൊണ്ടിരുന്നത്. ഓഫീസിൽ ജെഷിയും ഷാജിത്തും അടുത്ത ദിവസത്തെ ഓഡിറ്റിനുള്ള ഫയലുകൾ തയ്യാറാക്കുന്ന ഡ്യൂട്ടിയിലാണ്. ഹാജറാത്ത അവർക്കുള്ള ചായയുമായി അകത്തേക്കു പോയി.

ചുമതല സൂപ്രണ്ടിനു കൈമാറാനായിരുന്നു ഓഫീസ് ഓർഡറിട്ടത്. ജയരാജൻ കോൺഫറൻസ് കഴിഞ്ഞു വരണം. അല്ലെങ്കിലും എനിക്കെന്ത് തിരക്ക്. എല്ലാ ദിവസവും ഒൻപതാവാതെ ഇറങ്ങാറില്ല.

''ജയ്സാൽമീറിൽ എന്താണ് കാണാനുള്ളത്?''

ഇന്റർലോക്ക് ചെയ്ത തറയിൽ സ്ഥാപിച്ച ചെടിച്ചട്ടികൾ കടന്ന് പൊഴുതനയുടെ സന്ധ്യാന്തരീക്ഷത്തിലൂടെ നടക്കുമ്പോൾ ജാഫർ ചോദിച്ചു.

''പക്ഷികൾ''

''പക്ഷികളോ? അതിനു അവിടം വരെ പോണോ. വല്ല തട്ടേക്കാട്ടോ, രംഗണതിട്ടുവിലോ പോയാൽ പോരേ..''

''കാണലല്ല. കാണാതെ പോകുന്ന ചിലതിനെ ഓർമപ്പെടുത്തലാണവ.''

''മനസ്സിലായില്ല.''

വിജീഷ് കൂടെക്കൂടി. അവൻ ധാരാളം യാത്ര ചെയ്യുന്നവനാണ്.

''ജയ്സാൽമീറിൽ നിന്ന് പതിനെട്ടു കിലോമീറ്റർ അകലെ കുൽധാര എന്നൊരു സ്ഥലമുണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ പാലിവാൾ വിഭാഗത്തിൽ പെട്ടവർ വസിച്ചിരുന്ന ഗ്രാമം. ഒറ്റ രാത്രി കൊണ്ട് ആളൊഴിഞ്ഞ് വിജനമായ ഇടം.''

''എന്നിട്ട്?''

സജിൻ മുമ്പിൽ വന്നു ബാക്കി കേൾക്കാനുള്ള ആകാംക്ഷയുമായി പിറകോട്ടു നടന്നു കൊണ്ടു പ്രോത്സാഹിപ്പിച്ചു.

''മരുഭൂമിയിലെ അസ്തമയ ദൃശ്യത്തിനും നക്ഷത്ര നിരീക്ഷണത്തിനുമായാണ് സാധാരണയായി സഞ്ചാരികൾ അവിടെ എത്തിച്ചേരുന്നത്.''

**'ഞാൻ പോകുന്നതു പക്ഷികളെ കാണാനാണ്. അവിടെ മഞ്ഞക്കല്ലു കൊണ്ടു കെട്ടിയ പുരാതനമായൊരു കെട്ടിടമുണ്ട്. അതിനടുത്തുള്ള കുളത്തിനരികിൽ വർഷത്തിൽ ഒരു മാസം അനേകം ദേശാടനക്കിളികളെത്തും. അധികമാരും അങ്ങോട്ടു പോകാറില്ല. അവിടെ ചെന്ന് നിശ്ചലമായി നിൽക്കണം. ചിലപ്പോൾ മണിക്കൂറുകൾ. ദിവസങ്ങൾ. അതിനിടെ ചിലരുടെ തോളിൽ ഏതെങ്കിലും പക്ഷി വന്നിരിക്കും. അങ്ങിനെ സംഭവിച്ചാൽ ജീവിതത്തിൽ വിലപ്പെട്ടതെന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് തിരിച്ചു കിട്ടുമത്രേ..''**

''അപ്പോൾ പക്ഷികളെന്നു പറഞ്ഞതോ?''

''ഞാൻ പോകുന്നതു പക്ഷികളെ കാണാനാണ്. അവിടെ മഞ്ഞക്കല്ലു കൊണ്ടു കെട്ടിയ പുരാതനമായൊരു കെട്ടിടമുണ്ട്. അതിനടുത്തുള്ള കുളത്തിനരികിൽ വർഷത്തിൽ ഒരു മാസം അനേകം ദേശാടനക്കിളികളെത്തും. അധികമാരും അങ്ങോട്ടു പോകാറില്ല. അവിടെ ചെന്ന് നിശ്ചലമായി നിൽക്കണം. ചിലപ്പോൾ മണിക്കൂറുകൾ. ദിവസങ്ങൾ. അതിനിടെ ചിലരുടെ തോളിൽ ഏതെങ്കിലും പക്ഷി വന്നിരിക്കും. അങ്ങിനെ സംഭവിച്ചാൽ ജീവിതത്തിൽ വിലപ്പെട്ടതെന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് തിരിച്ചു കിട്ടുമത്രേ..''

''സാറിതു വിശ്വസിക്കുന്നുണ്ടോ..?''

ജാഫറിന്റെ ചോദ്യത്തിനു പ്രതികരിക്കാത്തതിനാൽ അവനതൊന്നു കൂടി ആവർത്തിച്ചു. സഫർ നടത്തം നിർത്തി പറഞ്ഞു.

'ഒന്നിലും വിശ്വസിക്കാത്തവർ എല്ലാത്തിലും വിശ്വസിക്കുന്നു.'

അവരെല്ലാവരും വീണ്ടും ഓഫീസിലെത്തിക്കഴിഞ്ഞിരുന്നു.

അവിടെ നന്ദനും സദനും സോമനും ചേർന്ന് മൊബൈലിൽ ഗൂഗിൾ മീറ്റിനു മറുപടി പറഞ്ഞുകൊണ്ടിരിക്കയാണ്. ഐ.ടി അപ്ഡേഷൻ നടത്തി പേപ്പർലെസ്സ് ഓഫീസായിട്ടെന്താ കാര്യം, ഫയൽ തീർപ്പാക്കലിന്റെ ഭാഗമായി കോണിക്കൂടിലും ജീവനക്കാർ ഇരിക്കുന്നതിന്റെ പിറകിലുമായി കെട്ടിവെച്ച ഹാർഡ് കോപ്പികൾ ഇനിയും സ്റ്റോക് റൂമിലേക്ക് മാറ്റിത്തീർന്നില്ല.

അകത്തേക്കു പ്രവേശിച്ചതും, ജെ.ഡി യുടെ ഫോൺ.

'ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി നാളെ സ്റ്റ്രെസ്സ് മാനേജ്മെന്റിനെക്കുറിച്ച് ഒരു ക്ലാസ്സുണ്ട്. സെക്രട്ടറി അറ്റന്റ് ചെയ്യണം.'

''ഞാൻ നാളെ കോടതിയിലാണു സാർ''

''എങ്കിൽ എ.എസ്സിനെ വിടൂ.''

''എ.എസ് ലീവാണ്. നോക്കട്ടെ, ആരെയെങ്കിലും അയക്കാം.''

ചാർജ് ഹാന്റോവർ പ്രൊസീഡിംഗ്സിൽ ഒപ്പിടുമ്പോൾ സഫറിനു അകമേ ആധിയായി. ഓഫീസിൽ ഒരാളുടെ അഭാവം കാരണം അത്രയധികം ഭാരമാണ് മറ്റുള്ളവർക്ക് പേറേണ്ടി വരുന്നത്.

ക്വാർട്ടേർസിലെ വൈകുന്നേരങ്ങളാണ് മനസ്സിൽ തെളിയുന്നത്. ഏറ്റവുമൊടുവിൽ എല്ലാവരും കൂട്ടുകൂടിയത് രമ്യയുടെ യാത്രയ




ലെ ഹൈവോൾട്ടേജ് ഡാൻസ്. അല്ലെങ്കിൽ വൺസ് ഇൻ എ ബ്ലൂ മൂൺ ഒരു വട്ടംകൂടൽ. തീർന്നു. അത്രയൊക്കെയേ ഉള്ളൂ നമ്മുടെ ജീവിതാസ്വാദനം. പിന്നെ വീണ്ടും ഹെറാക്ലീസിന്റെ അഞ്ചാം ദൌത്യം.''

''ജീവിതം അസംതൃപ്തമായ പലതിനോടുമുള്ള നിരന്തരമായ സമരസപ്പെടലാണ്. അതുകൊണ്ടു തന്നെ യാത്ര ഒന്നിനുമുള്ള പരിഹാരമല്ല. അടുത്ത മണിക്കൂറിനകം വഴിപിരിഞ്ഞ് ആൾക്കൂട്ടത്തിലലിയേണ്ട അനിശ്ചിതത്വം മാത്രമാണത്.''

ചില ദിവസങ്ങളിലുള്ള അത്തരം ചർച്ചകളാണൊരാശ്വാസം. അതിൽ വിവേചനമില്ലാതെ എല്ലാവരും പങ്കെടുക്കും.

ഒൻപത് മണിയായപ്പോൾ ആനന്ദൻ ഓഫീസ് പൂട്ടിയിറങ്ങി. കൂടെ സഫറും. നല്ല മഴയ്ക്കുള്ള ലക്ഷണമുണ്ട്.

എപ്പോൾ വേണമെങ്കിലും ഒരടിയന്തിര സന്ദേശം വരാം. ഒരാഴ്ചയായി തുടർച്ചയായ മഴയാണ്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലേതു

**സഫർ നിലാഷയോടൊപ്പം നടക്കുകയായിരുന്നു. വിജനതയിൽ ഒരു കുഞ്ഞിരുട്ട് മഴയുമായി ഇടകലർന്നപ്പോൾ അവൾ കുട നിവർത്തി. "ചില മനുഷ്യർ കൌതുകം നഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ പോലെയാണ്. ഒരിക്കൽ ഓമനിക്കപ്പെട്ട കൈകളുടെ സ്പർശനം കാത്ത് അതങ്ങനെ കാലങ്ങളോളം വെറുതെ കിടക്കും." നിലാഷ അതിന് മറുപടിയൊന്നും പറഞ്ഞില്ല. അത് മറുപടിക്കായ് പറഞ്ഞതല്ലെന്ന് അവൾക്കറിയാമായിരുന്നു. തുടക്കമോ ഒടുക്കമോ ഇല്ലാത്ത അത്തരം ആത്മഭാഷണരീതിയിലായിരുന്നു അവർ തമ്മിൽ പലപ്പോഴും സംവദിച്ചിരുന്നത്.**

യപ്പു യോഗത്തിനു ശേഷമാണ്. ജോലിയുടെ ടെൻഷനു നടുവിൽ അവശ്യം വേണ്ട റിലാക്സേഷനെക്കുറിച്ചായിരുന്നു സംസാരം.

''ആൾക്കൂട്ടത്തിലെ ഒരു കഥാപാത്രം പറയുന്നുണ്ട്, രക്ഷപ്പെടുക എന്നൊരവസ്ഥയില്ല. ഒരു പാരതന്ത്ര്യത്തിൽ നിന്ന് മറ്റൊരു പാരതന്ത്ര്യം തെരഞ്ഞെടുക്കുകയല്ലാതെ.''

നിയമബിരുദമുള്ള ബിജു പറഞ്ഞതിനോട് യദുകൃഷ്ണൻ വിയോജിച്ചു.

''അങ്ങനെ പറയുന്നതിലർത്ഥമില്ല. റിലാക്സ് ചെയ്യാനുള്ള സാധ്യത ജോലിയുടെ ഭാഗമായുണ്ട്. നമ്മൾ ജീവിതത്തെ എങ്ങനെ സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. വർഷത്തിലൊരിക്കലൊരു ഗ്രൂപ് ട്യൂർ. വാഹനത്തിനുള്ളി

പോലെ കണ്ണിൽ കണ്ടതുമെടുത്തുള്ള പാലായനം അംബ നിവാസികൾക്ക് ശീലമായിരിക്കുന്നു.

പൊഴുതനയിൽ നിന്നും നഗരത്തിലേക്കുള്ള ബസ്സു വന്നു. ഒടുവിലത്തെ ട്രിപ്പായതിനാൽ നാലഞ്ചു പേരേയുള്ളൂ. സഫർ പുറത്തേക്ക് നോക്കിയിരുന്നു. ദൂരെ ചായത്തോട്ടങ്ങളിലെ പാടികളിൽ മുനിഞ്ഞു കത്തുന്ന മിന്നാമിനുങ്ങു വെളിച്ചം. വളവുകൾ തിരിയുമ്പോൾ ചിലപ്പോൾ റിസോർട്ടുകളിലെ ദീപലങ്കാരങ്ങൾ കാണാം. കാറ്റിന്റെ വസ്ത്രാഞ്ജലത്തിലൂടെ അടുത്തും അകന്നും തഴുകിയെത്തുന്ന ഏതോ ഹാളിൽ നിന്നുമുള്ള രാത്രിപ്പാട്ടിന്റെ വരികൾ.

മേശപ്പുറത്തെ ഫയലുകൾക്കിടയിലെന്ന പോലെ മനസ്സ് വീണ്ടും സ്മരണകളാൽ നിറഞ്ഞു.

സഫർ നിലാഷയോടൊപ്പം നടക്കുകയായിരുന്നു. വിജനതയിൽ ഒരു കുഞ്ഞിരുട്ട് മഴയുമായി ഇടകലർന്നപ്പോൾ അവൾ കുട നിവർത്തി.

''ചില മനുഷ്യർ കൌതുകം നഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ പോലെയാണ്. ഒരിക്കൽ ഓമനിക്കപ്പെട്ട കൈകളുടെ സ്പർശനം കാത്ത് അതങ്ങനെ കാലങ്ങളോളം വെറുതെ കിടക്കും.''

നിലാഷ അതിന് മറുപടിയൊന്നും പറഞ്ഞില്ല. അത് മറുപടിക്കായ് പറഞ്ഞതല്ലെന്ന് അവൾക്കറിയാമായിരുന്നു. തുടക്കമോ ഒടുക്കമോ ഇല്ലാത്ത അത്തരം ആത്മഭാഷണരീതിയിലായിരുന്നു അവർ തമ്മിൽ പലപ്പോഴും സംവദിച്ചിരുന്നത്.

ഗ്രാവൽ റോഡിൽ നിന്നും ആ ചെറുനടത്തം പ്രധാന വഴിയിലെത്തി നിന്നു. അവിടെ അവൾക്കുള്ള ബസ്സ് നിർത്തിയിട്ടിരുന്നു. അതിലേക്ക് കയറുന്നതിനു മുമ്പ് കുട മടക്കി സഫറിനു നൽകി. ബാഗിൽ നിന്ന് 'യാത്രകളുടെ ആൽബം' എന്ന നോവൽ എടുത്തു നീട്ടിക്കൊണ്ട് അയാൾ പറഞ്ഞു.

'പയണങ്കൾ മുടിവതില്ലൈ.''

അകന്നു പോകുന്ന വാഹനത്തെ നോക്കി മഞ്ഞുമൂടിയ താഴ്‌വാരത്തിലെ ഒറ്റമരം പോലെ നിന്ന ആ രൂപം ആത്മാവിന്റെ റെറ്റിനയിൽ ഇപ്പോഴും പതിഞ്ഞു കിടക്കുന്നു.

അയാൾ കാറ്റിനോട് പറഞ്ഞു. ഓർമിക്കാവുന്ന എല്ലാ നഷ്ടങ്ങളുടെ തുടക്കത്തിലും ഒരു യാത്രയുണ്ട്.

> **അകന്നു പോകുന്ന വാഹനത്തെ നോക്കി മഞ്ഞുമൂടിയ താഴ്‌വാരത്തിലെ ഒറ്റമരം പോലെ നിന്ന ആ രൂപം ആത്മാവിന്റെ റെറ്റിനയിൽ ഇപ്പോഴും പതിഞ്ഞു കിടക്കുന്നു. അയാൾ കാറ്റിനോട് പറഞ്ഞു. ഓർമിക്കാവുന്ന എല്ലാ നഷ്ടങ്ങളുടെ തുടക്കത്തിലും ഒരു യാത്രയുണ്ട്.**

പിന്നീട് ഒരു വാക്കും കൈമാറാതെ കടന്നു പോയ അഞ്ചു വർഷങ്ങൾ. എന്തിനായിരുന്നു എല്ലാം. എവിടെയാണ് നീയിപ്പോൾ.

ഓരോ സ്ത്രീയിലും ആരും കാണാതെ ആരോടും പങ്കിടാതെ ഒളിപ്പിച്ചു വെക്കുന്ന ഒരു ലോകമുണ്ടാകും. മറ്റൊരു സ്ത്രീക്കല്ലാതെ, അത്തരമൊരു ലോകം അവൾക്കു സമ്മാനിക്കുന്ന പുരുഷനു പോലും അത് കണ്ടെത്താനായെന്നു വരില്ല.

ട്രെയിനിന്റെ വേഗതക്കനുസരിച്ച് അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ദൃശ്യങ്ങളിൽ സഫർ ആമഗ്നനായിരുന്നു. യാത്ര എന്നത് ചലനവും നിശ്ചലതയും തമ്മിലുള്ള നിരന്തരമായ ഇഴചേരലും ഇഴപിരിയലുമാണെന്ന് അയാൾക്കു തോന്നി. വണ്ടി സ്റ്റേഷനിലെത്താറായിരിക്കുന്നു. സഫർ വായിച്ചു കൊണ്ടിരുന്ന പുസ്തകം അടച്ചു ബാഗിനകത്തു വെച്ചു. പതുക്കെ എഴുന്നേറ്റു വാതിലിനടുത്തേക്കു നടന്നു.

അഗ്നിയുടെ കനലടങ്ങിയ അസ്തമയത്തിലൂടെ സഫർ നടന്നു. കാറ്റിൽ രൂപം മാറിക്കൊണ്ടിരിക്കുന്ന മണൽക്കുന്നുകൾക്കിടയിൽ നൂറ്റാണ്ടുകളുടെ ചൂടും പൊടിയും ഏറ്റുവാങ്ങി നിൽക്കുന്ന ഇടുങ്ങിയ തെരുവുകൾ. അവയ്ക്കിടയിലെ വീടുകൾക്കു മുന്നിലായി ആരുടെയൊക്കെയോ വരവുകൾ കാത്തിരുന്നു മടുത്ത വാതിലുകൾ.

ചുവപ്പും പച്ചയും നിറമുള്ള ഘാഗ്രകളണിഞ്ഞ സ്ത്രീകൾ. മനുഷ്യർ മറന്നു പോയ ആകാശത്തിന്റെ വിശാലത സ്വന്തമാക്കിയ പറവകളെ ഇടയ്ക്ക് കണ്ടു തുടങ്ങി.

സഫർ മഞ്ഞ നിറമുള്ള കെട്ടിടത്തിനരികിൽ ചെന്നു നിന്നു. മേൽക്കൂരയില്ലാത്ത പകുതി തകർന്ന കൽച്ചുവരുകളിൽ അയാൾ കൈകളമർത്തി. അടഞ്ഞു കിടക്കുന്ന മരത്തിൽ തീർത്ത ജനലുകൾ. വരണ്ട ശിഥിലതകൾക്കരികിലായി ജലാശയം. അതിനു ചുറ്റും നിശ്ശബ്ദം വിഹരിക്കുന്ന കുൽധാരയിലെ പക്ഷികൾ. അയാളുടെ അടഞ്ഞ മിഴികൾക്കു പിറകിൽ കാലം ഒരു നദി പോലെ ഒഴുകിക്കൊണ്ടിരുന്നു.

സന്ധ്യയും രാവും പരസ്പരം കുടക്കൈമാറ്റം നടത്തുന്ന നേരത്തെപ്പൊഴോ ഒരു പക്ഷി അയാളുടെ തോളിൽ വന്നിരുന്നു. കണ്ണു തുറന്നതും ജലാശയത്തിനു മറുകരയിൽ നിലാവു പോലൊരു രൂപം.

വിസ്മൃതിയുടെയും ഭ്രമക്കാഴ്ചകളുടെയും അപനിർമ്മിതികൾക്കിടയിൽ ജീവിതമെന്ന ഒറ്റപ്പെട്ട തുരുത്തിൽ അയാൾ തനിച്ചു നിന്നു.

പ്രത്യേക അഭിമുഖം



# വാർത്തകൾക്കും വരകൾക്കുമിടയിൽ



മോത്തി രാജേഷ് /പ്രദീപ് പനങ്ങാട്

*മലയാള മാധ്യമ ലോകം ഇന്ന് സ്ത്രീകളുടെ കൂടിയാണ്.*

*പ്രത്യേകിച്ച് ദൃശ്യമാധ്യമം. ദൃശ്യ മാധ്യമത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീ സാന്നിധ്യമുണ്ട്. ചാനലുകളുടെ വാർത്താ വിഭാഗത്തെ നിയന്ത്രിക്കാൻ വരെ അവർക്ക് കഴിയുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ കേരളത്തിലുണ്ടായ വലിയ മാറ്റമാണത്. അതുകൊണ്ട് തന്നെ സ്തീ സംബന്ധമായ വാർത്തകളും പ്രശ്നങ്ങളും സജീവമായി നിലനിർത്താൻ കഴിയുന്നു.*

*കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെക്കാലമായി മോത്തി രാജേഷ് ദൃശ്യ മാധ്യമ രംഗത്തുണ്ട്. റിപ്പോർട്ടറായി അവതാരകയായി ന്യൂസ് പ്രസന്ററായി.മാതൃഭൂമി ന്യൂസ് സീനിയർ റിപ്പോർട്ടർ ആണ് മോത്തി രാജേഷ്. ഒരു മാധ്യമത്തിന്റെ സാധ്യതകളും സ്വാധീനവും മനസ്സിലാക്കിയാണ് മോത്തി പ്രവർത്തിക്കുന്നത്. മാധ്യമ പ്രവർത്തക എന്നതോടൊപ്പം ചിത്രകാരി കൂടിയാണ്. നിരവധി ചിത്ര പ്രദർശനങ്ങളിൽ പങ്കാളിയായി. വാർത്തകൾക്കും വർണ്ണങ്ങൾക്കും ഇടയിലെ ജീവിതത്തെ കുറിച്ചു മോത്തി സംസാരിക്കുന്നു*

**? ഒരു മാധ്യമപ്രവർത്തക എന്ന നിലയിൽ ഇന്ന് നേരിടുന്ന പ്രതിസന്ധി എന്താണ്?**

എല്ലാം രാഷ്ട്രീയമായി മാത്രം കാണുന്ന കെട്ട കാലം എന്ന് ഞാൻ പറയും. ഏതു സ്വതന്ത്ര വാർത്ത എന്ന് പറഞ്ഞാലും അതിനെ രാഷ്ട്രീയമായി മാത്രം എടുക്കുന്നതാണ് ഇപ്പോഴത്തെ രീതി. പുരോഗമന ചിന്താഗതി ഉണ്ട് എന്നോ വിദ്യാസമ്പന്നർ എന്നോ ഒക്കെ നമ്മൾ കരുതുന്ന മനുഷ്യരാവും ഏറ്റവും ആദ്യം നമ്മുടെ വാർത്താ നിലപാടുകളെ ആക്രമിക്കുക.



പറഞ്ഞതിൽ ന്യായമയുണ്ടോ എന്നത് അവരുടെ വിഷയമേ അല്ല എന്നുതോന്നും. വിമർശനം വളരെ സ്വാഗതാർഹം ആണ്. എന്നാൽ, വിമർശനത്തിന്റെ സീമകൾ കടന്നു വെറുപ്പിന്റെ രാഷ്ട്രീയം പറയുകയും, വ്യക്തിപരമായി കുറ്റപ്പെടുത്തുകയും, സൗഹൃദം പോലും ഉപേക്ഷിക്കുകയും ഒക്കെ ചെയ്യുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകും. സൈബർ ലോകം ജനങ്ങൾക്കുമുന്നിൽ ഇത്ര എക്സ്പോസ്ഡ് ആയതോടെ ഒളിഞ്ഞും തെളിഞ്ഞും ഇരുന്നു കൊണ്ട് വ്ക്തിയ അധിക്ഷേപത്തിലേക്കു കാര്യങ്ങൾ നീങ്ങുന്നു. അതെല്ലാം രാഷ്ട്രീയ പ്രത്യയശാസ്ത്ര വ്യത്യാസങ്ങളുടെ പേരിൽ ആണ് എന്നതാണ് വേദനാജനകം. എന്റെ ശെരികൾ ആയിരിക്കില്ല മറ്റൊരാളുടെ ശെരികൾ എന്നും, അവകൂടി അംഗീകരിക്കാനോ, സൗഹൃദത്തിന് പോറൽ ഏൽക്കാത്ത വിധം തള്ളിക്കളയാനോ ഉള്ള സഹിഷ്ണുതയാണ് സംസ്കാരം എന്നോ പലരും മറന്നു പോയിരിക്കുന്നു.

**പുരോഗമന ചിന്താഗതി ഉണ്ട് എന്നോ വിദ്യാസമ്പന്നർ എന്നോ ഒക്കെ നമ്മൾ കരുതുന്ന മനുഷ്യരാവും ഏറ്റവും ആദ്യം നമ്മുടെ വാർത്താ നിലപാടുകളെ ആക്രമിക്കുക. പറഞ്ഞതിൽ ന്യായമയുണ്ടോ എന്നത് അവരുടെ വിഷയമേ അല്ല എന്നുതോന്നും. വിമർശനം വളരെ സ്വാഗതാർഹം ആണ്. എന്നാൽ, വിമർശനത്തിന്റെ സീമകൾ കടന്നു വെറുപ്പിന്റെ രാഷ്ട്രീയം പറയുകയും, വ്യക്തിപരമായി കുറ്റപ്പെടുത്തുകയും, സൗഹൃദം പോലും ഉപേക്ഷിക്കുകയും ഒക്കെ ചെയ്യുന്ന തരത്തിലേക്ക് കാര്യങ്ങൾ പോകും.**

**? മാധ്യമ പ്രവർത്തനം സ്വയം തിരഞ്ഞെടുത്തതാണോ?**

അതെ. ഭാവി സെറ്റ് ചെയ്യുന്നതിൽ പ്ലാൻ എ യും പ്ലാൻ ബിയും ഞാൻ കണ്ടിരുന്നു. പ്ലാൻ എ സെക്കന്റ് ഗ്രൂപ്പ് പഠിച്ചു ഡോക്ടർ ആവുക ആയിരുന്നു എങ്കിൽ പ്ലാൻ ബി ലിറ്ററേച്ചർ പഠിച്ചു ജേണലിസത്തിലേക്കു പോവുക എന്നതായിരുന്നു. പ്ലാൻ എ വീട്ടുകാർ തീരുമാനിച്ചപ്പോൾ പ്ലാൻ ബി ഞാൻ തീരുമാനിച്ചു. ആദ്യത്തേത് സ്വതസിദ്ധമായ താല്പര്യക്കുറവു കൊണ്ടും,പ്ലാൻ ബിയോടുള്ള കടുത്ത താല്പര്യം കൊണ്ടും നടന്നില്ല. അങ്ങനെ ജേണലിസത്തിൽ മാസ്റ്റേഴ്സ് ചെയ്തു. ജേണലിസ്റ്റായി.

**? ഇത്രയും കാലത്തെ അനുഭവത്തിൽ നിന്ന് മാധ്യമങ്ങളും സമൂഹവും തമ്മിലുള്ള ബന്ധത്തെ എങ്ങനെ കാണുന്നു?**

മലയാളികൾ എല്ലാക്കാലവും മാധ്യമങ്ങളോട് അടുത്ത് നിൽക്കുന്നവരാണ്. ദിവസവും വാർത്തകൾ അറിഞ്ഞില്ലെങ്കിൽ 90 ശതമാനം മലയാളിക്കും പൂർണത ഇല്ലാത്തത് പോലെ ആണ്. പണ്ടത്തെ മാധ്യമ – സാമൂഹ്യ ബന്ധം അല്ല ഇപ്പോൾ.

പുറത്തുനിന്നു വാർത്തകൾ അറിയുക എന്നതല്ല, മാധ്യമങ്ങളിലേക്കു എത്തി വേണ്ട വാർത്തകൾ എടുക്കുക എന്ന രീതി ആണല്ലോ. അതുകൊണ്ടുതന്നെ ഇടപെടലുകൾ കൂടി. ഒരുപറ്റം എലൈറ്റ് ക്ലാസ്സിന്റെ ബൗദ്ധികതയുടെ അടയാളമായി മാധ്യമപ്രവർത്തനത്തെ കാണുന്ന രീതി ഇന്നില്ല. അതിന്റെ ആവശ്യവും ഇല്ല. ഇന്ന് സമൂഹമാധ്യമങ്ങൾ വഴി ഓരോരുത്തരും ജേണലിസ്റ്റുകളാണ്. പക്ഷെ അതിന്റെ ആധികാരികത എത്രത്തോളം എന്നത് ഓഡിറ്റ് ചെയ്യപ്പെടേണ്ടതും ആണ്. എന്തുകൊണ്ട് മാധ്യമസ്ഥാപനങ്ങളിൽ നിന്ന് വരുന്ന വാർത്തകൾ ഒരുപരിധി വരെ എങ്കിലും വിശ്വസനീയവും സിറ്റിസൺ ജേണലിസം പലപ്പോഴും അങ്ങനെ അല്ലാതെയും പോകുന്നു എന്നത് പൊതുജനം ശ്രദ്ധിക്കാത്തതായി തോന്നിയിട്ടുണ്ട്. എനിക്കിഷ്ടം ഇല്ലാത്തതു പറഞ്ഞാൽ അത് വ്യാജവാർത്ത എന്ന ധാരണയാണ്

**എന്തുകൊണ്ട് മാധ്യമസ്ഥാപനങ്ങളിൽ നിന്ന് വരുന്ന വാർത്തകൾ ഒരുപരിധി വരെ എങ്കിലും വിശ്വസനീയവും സിറ്റിസൺ ജേണലിസം പലപ്പോഴും അങ്ങനെ അല്ലാതെയും പോകുന്നു എന്നത് പൊതുജനം ശ്രദ്ധിക്കാത്തതായി തോന്നിയിട്ടുണ്ട്. എനിക്കിഷ്ടം ഇല്ലാത്തതു പറഞ്ഞാൽ അത് വ്യാജവാർത്ത എന്ന ധാരണയാണ് ഇപ്പോൾ ജനങ്ങൾക്ക്. അങ്ങനെയും ഒരു വാർത്താ വശം ഉണ്ട് എന്ന ഉൾക്കൊള്ളൽ ഇല്ല.**

ഇപ്പോൾ ജനങ്ങൾക്ക്. അങ്ങനെയും ഒരു വാർത്താ വശം ഉണ്ട് എന്ന ഉൾക്കൊള്ളൽ ഇല്ല. ഒരുപക്ഷെ സമൂഹമാധ്യമങ്ങൾ വഴി ഒഴുകുന്ന വാർത്തകൾ ഒരു സ്ക്രീനിംഗ് നടപടിയിലൂടെ കടന്നുപോയാൽ കുറച്ചുകൂടി കാര്യങ്ങൾ നിലവാരം ഉള്ളതായേക്കും.



**? ദൃശ്യമാധ്യമത്തിലാണല്ലോ സജീവമായി പ്രവർത്തിക്കുന്നത്.ദൃശ്യ മാധ്യമങ്ങൾക്ക് വാർത്തകളോടും വസ്തുതകളോടും നീതി പുലർത്താൻ കഴിയുന്നുവോ?**

ദൃശ്യമാധ്യമത്തിലാണ് ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമായി ചിലപ്പോഴൊക്കെ എഴുതാറും ഉണ്ട്. ദൃശ്യമാധ്യമത്തിൽ ഫസ്റ്റ് കം ഫസ്റ്റ് എന്ന തരത്തിൽ വാർത്തകൾ നൽകുമ്പോൾ വല്ലപ്പോഴും എങ്കിലും തെറ്റുകൾ സംഭവിക്കാറുണ്ട്. മാറ്റിപ്പറയേണ്ടി വരാറുണ്ട്. മത്സര ഓട്ടത്തിൽ അത് ജോലിയുടെ ഭാഗമായി പോകുന്നു. പലവട്ടം കാര്യങ്ങൾ ഉറപ്പിച്ചു വരുമ്പോഴേക്കും മറ്റൊരു ചാനൽ അത് നൽകിയിട്ടുണ്ടാവും . പൊതുജനം അപ്പോൾ അതിനെ കാണുന്നത്, നിങ്ങൾ മാത്രം എന്തേ വൈകി, നാണമില്ലേ? എന്ന തരത്തിലാണ്. 99 ശതമാനവും വാർത്തകളോട് നീതിപുലർത്താൻ കഴിയാറുണ്ട്. ഒരുശതമാനം വാർത്ത മാർക്കറ്റിംഗ് താല്പര്യങ്ങളോടെ ആയിരിക്കും. അത് എല്ലാസ്ഥാപനങ്ങളുടെയും കാര്യത്തിൽ അങ്ങനെ തന്നെ ആണ്. അത് ആവശ്യവും ആണ്. പിന്നെ രാഷ്ട്രീയ താല്പര്യങ്ങൾ ആണ് ഉദ്ദേശിച്ചത് എങ്കിൽ, ഞാൻ ജോലിചെയ്യുന്ന സ്ഥാപനത്തിൽ ഒരു എംപ്ലോയീ എന്ന നിലയിൽ എനിക്ക് അത്തരത്തിൽ നീതിപുലർത്താൻ കഴിയാത്ത അവസ്ഥ വന്നിട്ടില്ല. ഇടപെടലുകൾ ഉണ്ടായിട്ടില്ല.

**? ഒരു കാലത്ത് പുരുഷന്മാരുടെ ആധിപത്യമായിരുന്നു മാധ്യമ മേഖലയിൽ**

ഇപ്പോൾ അത് മാറി.വനിതാ മാധ്യമ പ്രവർത്തകർക്ക് വാർത്തകളുടെ തിരഞ്ഞെടുപ്പിലും അവതരണത്തിലും വേണ്ടത്ര സ്വാതന്ത്ര്യം കിട്ടുന്നുവോ ?

ഉണ്ട്. അത്തരത്തിൽ ലിംഗവ്യത്യാസം ഇന്ന് ഇല്ല. കാരണം നിർണാ



യക സ്ഥാനങ്ങളിലേക്ക് സ്ത്രീകൾ ലിംഗഭേദമന്യേ കടന്നുവന്നിട്ടുണ്ട്. അപ്പോൾ അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റി അല്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. സ്ത്രീ മാറി നിൽക്കട്ടെ, പുരുഷൻ ചെയ്യട്ടെ എന്ന് പറയാൻ പറ്റില്ല. അങ്ങനെ തീരുമാനിച്ചാൽ പോലും അവിടെ ചിലപ്പോൾ സ്ത്രീയെ ഉണ്ടാവൂ കാര്യങ്ങൾ നോക്കാൻ. അത്തരത്തിൽ ഒരു ലിംഗവ്യത്യാസവും എനിക്ക് അനുഭവപ്പെട്ടിട്ടില്ല ഇതുവരെ. ഇനി അങ്ങനെ അനുഭവപ്പെട്ടാൽ ചോദ്യം ചെയ്യാൻ മടികാണിക്കുകയും ഇല്ല ഞാൻ.

**❓ വാർത്താ അവതാരകരുടെ ഭാഷയെ കുറിച്ചു വിമർശനങ്ങൾ ഉയർന്നു വരാറുണ്ട്. താങ്കൾ അത്തരം ജാഗ്രത പുലർത്താറുണ്ടോ?**

ഉണ്ട്. ഭാഷയിൽ വളരെ ജാഗ്രത പുലർത്തുന്ന ഒരാളാണ് ഞാൻ. മാധ്യമങ്ങളുടെ എടുക്കേറ്റീവ് പർപ്പസ് നിറവേറണം എന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. അതുകൊണ്ടുതന്നെ ഭാഷാപരമായി, എല്ലാ തട്ടിൽ ഉള്ളവർക്കും ശെരി മാത്രം കിട്ടണം എന്ന് എനിക്ക് നിർബന്ധം ഉണ്ട്. ഞാൻ കൊടുക്കുന്നത് തെറ്റായാൽ അതുകേട്ടു വളരുന്ന ഒരു സമൂഹം എന്റെ മുന്നിൽ ഉണ്ടായി വരും എന്ന ഉറച്ച ബോധ്യം എനിക്കുണ്ട്. ഭാഷയിൽ വെള്ളംചേർക്കലുകൾക്കു ഞാൻ താല്പര്യപ്പെടുന്നില്ല. ഉച്ചാരണം എന്നെ സംബന്ധിച്ചിടത്തോളം വളരെ മുഖ്യം ആണ്. അറിയാത്തവ, അറിയുന്ന ആരോടെങ്കിലും ചോദിച്ചു മനസിലാക്കാനും എനിക്ക് മടിയില്ല. വാർത്തകളിൽ പലപ്പോഴും ഇംഗ്ലീഷ് വാക്കുകളും നമുക്ക് ഒഴിവാക്കാൻ ആവില്ല. അവയും ശ്രദ്ധയോടെ ഡെലിവേർ ചെയ്യുന്നു എന്ന് ഉറപ്പുവരുത്താറുണ്ട്. വിദ്യാർഥി,അദ്ധ്യാപകൻ, തുടങ്ങിയ വാക്കുകളൊക്കെ പലരും തെറ്റായി ഇപ്പോഴും

**ഞാൻ ജോലിചെയ്യുന്ന സ്ഥാപനത്തിൽ ഒരു എംപ്ലോയീ എന്ന നിലയിൽ എനിക്ക് അത്തരത്തിൽ നീതിപുലർത്താൻ കഴിയാത്ത അവസ്ഥ വന്നിട്ടില്ല. ഇടപെടലുകൾ ഉണ്ടായിട്ടില്ല.**

പറയുന്നത് കേൾക്കുമ്പോൾ വിഷമം തോന്നാറുണ്ട്. മാധ്യമപ്രവർത്തകർ വഴികാട്ടികൾ ആവേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഒരിക്കലും തെറ്റുവരാതിരിക്കാൻ ശ്രദ്ധിക്കണം.

**❓ വാർത്താ അവതരണത്തിനിടയിൽ അപ്രതീക്ഷിതമായി വരുന്ന വാർത്താ സന്ദർഭങ്ങളെ എങ്ങനെ നേരിടുന്നു അത്തരം ഒരു സന്ദർഭം ഓർക്കാമോ?**

വളരെ പെട്ടെന്ന് ആ വാർത്തയുമായി താദാത്മ്യപ്പെട്ടു പോകേണ്ടത് ഒരു വെല്ലുവിളി തന്നെയാണ്. പരിമിതമായ വിവരങ്ങൾ ആവും തുടക്കത്തിൽ ഉണ്ടാവുക. ആ വാർത്തയുടെ കൂടുതൽ വിവരങ്ങൾക്കായി കയ്യിലുള്ള ഫോൺ ഉപയോഗിച്ചും മറ്റും വിവരങ്ങൾ ശേഖരിക്കാനും, ഉറപ്പുവരുത്താനും ശ്രമിക്കാനുള്ള അവസരം ഇപ്പോൾ ഉണ്ട്. ഫോൺ വഴി തന്നെയാണ് റിപ്പോർട്ടർ വിവരങ്ങൾ പങ്കുവയ്ക്കുന്നതും. ഈ ആധുനിക സാംവിധാനങ്ങൾക്കു മുൻപ് ഉണ്ടായ ഒന്നാണ് മനസിലേക്ക് വരുന്നത്. അത് ബേനസിർ ഭൂട്ടോ വെടിയേറ്റ് മരിച്ച ദിവസം ആണ്. അങ്ങനെ ഒരു സംഭവത്തിൽ അവർ ആരായിരുന്നു എന്നും, അവരുടെ രാഷ്ട്രീയം എന്ത് എന്നും, അവർ കടന്നുപോകുന്ന ആഭ്യന്തര സാഹചര്യം എന്ത് എന്നുമൊക്കെ ഒരു ധാരണ ഇല്ലെങ്കിൽ ആ സന്ദർഭം കൈകാര്യം ചെയ്യാൻ കഴിയില്ല. അന്ന് അത് കൈകാര്യം ചെയ്തത് ഓർമയിലുണ്ട്.

**❓ വാർത്തകൾ ജീവിതത്തോടൊപ്പം കൂടാറുണ്ടോ?**

ഉണ്ട്. ഞാൻ ഒരു ചിത്രകാരി കൂടി ആണ്. അതുകൊണ്ടുതന്നെ പലതും വൈകാരികമായി ബാധിക്കാറുണ്ട്. ചിലതൊക്കെ വേട്ടയാടാറുണ്ട്. ഉറക്കം കെടുത്താറുണ്ട്. ചില വാർത്തകളിൽ ആ മനുഷ്യനെപ്പറ്റി കുറച്ചുകൂടി കഥകൾ അറിഞ്ഞിരുന്നെങ്കിൽ എന്ന് തോന്നും. മനസുനിറയെ ചോദ്യങ്ങൾ വരും. അവയൊക്കെ ഉത്തരം കിട്ടാതെ വിങ്ങും. ഇക്കഴിഞ്ഞ ഒരു ദിവസം തന്നെ ഒറ്റയ്ക്ക് താമസിച്ചി

രുന്ന യുവതി മരിച്ചതോടെ അവരുടെ നായ ഒറ്റക്കായിപ്പോയതും പിന്നീട് അതിനെ ഒരു സംഘടന ഏറ്റെടുത്തതും വാർത്ത ആയിരുന്നു. എന്നാൽ അവർ എങ്ങനെ ഒറ്റപ്പെട്ടുപോയി , കുടുംബം ഇല്ലാതായിപ്പോയത് എന്തുകൊണ്ട്, സുഹൃത്തുക്കൾ ഉണ്ടായിരിക്കില്ലേ, ഒറ്റക്കായ നായയുടെ മനസ്സിൽ എന്താവും, മറ്റാരെങ്കിലും ആഹാരം കൊടുത്താൽ കഴിക്കുമായിരിക്കുമോ, അങ്ങനെ നൂറു ചോദ്യങ്ങൾ കൊണ്ട് മനസ് വിങ്ങിപ്പോയി . വയനാട് ദുരന്തത്തിന്റെ സമയത്തു എത്രയോ ദിവസങ്ങളിൽ ദുരന്ത വാർത്തകൾ മാത്രമായി ചാനൽ ബുള്ളറ്റിനുകൾ. അപ്പോഴൊക്കെ കണ്ണീരടക്കാൻ പാടുപെട്ടിരുന്നു. പല റിപോർട്ടർമാരും ലൈവിൽ പൊട്ടിക്കരഞ്ഞുപോയിരുന്നു. ഇതൊക്കെ കാഴ്ചക്കാർ അറിയാത്ത ജേണലിസ്റ്റിന്റെ മുഖങ്ങൾ ആണ്. മരണങ്ങൾ ആഘോഷിക്കുന്നു എന്ന കുറ്റപ്പെടുത്തൽ വല്ലാതെ നോവിക്കാറുണ്ട്.

**? ചിത്രകല ഒരു പാഷനായി മാറിയത് എങ്ങനെയാണ്?**

അച്ഛനിലൂടെ ജന്മനാ കിട്ടിയതാണ് എനിക്ക് ചിത്രകല. അതെന്റെ ആത്മാവിൽ ഉള്ളതാണ്. പറിച്ചുമാറ്റിയാലും പോകാത്തവിധം എന്നിൽ ചേർന്നതാണ്. അതിനെ ഹോബി എന്നൊന്നും ഒരിക്കലും വിളിക്കാൻ പറ്റില്ല. 3 വയസുമുതൽ വരച്ചുതുടങ്ങിയതാണ്. അച്ഛൻ ചിത്രകലാ അധ്യാപകനും ഫോട്ടോഗ്രാഫറും ആണ്. കുഞ്ഞായിരിക്കുമ്പോഴേ എന്റെ മനസ്സിൽ വരകളുടെയും വർണങ്ങളുടെയും ലോകം തീർത്തത് അച്ഛനാണ്. എന്നിൽ ഒരു ലൈവ് കളർ പാലറ്റ് ഇപ്പോഴും ഉണ്ട്. അതിൽ ഞാൻ വർണങ്ങൾ ചലിച്ചുകൊണ്ടേയിരിക്കാറുണ്ട്. വറക്കാതിരിക്കുന്ന നേരങ്ങളിൽപോലും. ഏതൊക്കെ നിറങ്ങൾ ചേർന്നാൽ ഈ നിറം ഉണ്ടാവും എന്ന് മനസ്സിൽ ചായം ചാലിച്ചുകൊണ്ടേയിരിക്കും.

**? കലയിൽ, രൂപത്തിലേക്ക് വർണങ്ങളിലേക്ക് എത്തുന്നത് എങ്ങനെയാണ്?**



**വയനാട് ദുരന്തത്തിന്റെ സമയത്തു എത്രയോ ദിവസങ്ങളിൽ ദുരന്തവാർത്തകൾ മാത്രമായി ചാനൽ ബുള്ളറ്റിനുകൾ. അപ്പോഴൊക്കെ കണ്ണീരടക്കാൻ പാടുപെട്ടിരുന്നു. പലറിപ്പോർട്ടർമാരും ലൈവിൽ പൊട്ടിക്കരഞ്ഞുപോയിരുന്നു. ഇതൊക്കെ കാഴ്ചക്കാർ അറിയാത്ത ജേണലിസ്റ്റിന്റെ മുഖങ്ങൾ ആണ്. മരണങ്ങൾ ആഘോഷിക്കുന്നു എന്ന കുറ്റപ്പെടുത്തൽ വല്ലാതെ നോവിക്കാറുണ്ട്.**

ചില നിറങ്ങൾ, കാഴ്ചകൾ, മുഖങ്ങൾ സന്ദർഭങ്ങൾ, ഒക്കെ എവിടെയോ ഒരു ചലനം ഉണ്ടാക്കും . അത് ഒരു സമ്പൂർണ്ണ ചിത്രമായൊന്നും അല്ല മനസ്സിൽ വരുക. വെറും ഒരു മെന്റൽ സ്റ്റിമുലേഷൻ പോലെ . അതങ്ങനെ വളർന്നു വരച്ചു മതിയാവൂ എന്ന അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിക്കും. പക്ഷെ എന്താണോ അതിലേക്കു എന്നെ കൊണ്ടുവന്നെത്തിച്ചത്, അതായിരിക്കില്ല വരയ്ക്കുമ്പോൾ. കാരണം വരക്കാനുള്ള തോന്നൽ മുതൽ പിന്നീടങ്ങോട്ട് അതൊരു യാത്രയാണ്. ആ ക്രീയേറ്റീവ് ജേണിയിൽ മറ്റു പലതും സ്വാധീനിക്കും. ചിന്തകൾ കെട്ടുപൊട്ടിയ പട്ടംപോലെ നമ്മളെ എങ്ങോട്ടൊക്കെയോ എത്തിക്കും. വരകളും വർണങ്ങളും നിറഞ്ഞൊരു മായാലോകത്തു വിഹരിക്കുന്ന സമയങ്ങൾ ഹ ആയിരിക്കും അത്. ചുറ്റുപാടുകൾ ഡിലീറ്റ് ആയിപ്പോയതുപോലെ തോന്നിയേക്കാം . പുതിയ നിറങ്ങൾ ഉണ്ടാക്കി എടുക്കുന്നതിൽ മാത്രമായിരിക്കാം ശ്രദ്ധ. അതൊരു മനോഹര യാത്ര ആണെന്ന് ചുരുക്കത്തിൽ പറയാം.

**? കലയിലെ സ്വാധീനങ്ങൾ എങ്ങനെയാണ്!**

അങ്ങനെ ആരും, ഒന്നും എന്നെ പൂർണമായും സ്വാധീനിക്കാറില്ല. ചില വായനകളിൽ കിട്ടുന്ന ഇമേജുകൾ ആയിരിക്കും ചിലപ്പോൾ ഒരു ചിത്രത്തിലേക്ക് എത്തുന്നത്, അല്ലെങ്കിൽ ചില ചിന്തകൾ ആയിരിക്കും. മനസ്സിൽ പ്രവർത്തിക്കുന്ന പാലെറ്റിൽ അപ്പോൾത്തന്നെ നിറങ്ങളും ഞാൻ ചാലിച്ചിട്ടുണ്ടാവും. അത് പകർത്തുകയേ വേണ്ടൂ.

**? വാർത്തയിൽ നിന്ന് കലയിലേക്കും കലയിൽ നിന്ന് വാർത്തയിലെക്കും സഞ്ചരിക്കാൻ കഴിയുന്നുണ്ടോ ?**

തീർച്ചയായും. ചുറ്റുപാടുകൾ എന്തുതന്നെ ആയാലും കല എന്റെ ആത്മാവിൽ ഉള്ളതാണ്. ആത്മാവിലേക്കുള്ള സഞ്ചാരം എന്റെ ജീവൻ തന്നെയാണല്ലോ. കല ഉണ്ടാവുന്നത് നമ്മുടെ ചുറ്റുപാടുകളിൽ നിന്ന് നമ്മിലേക്ക് തരുന്ന ഇമ്പൾസസിൽ നിന്ന് ആണ്.

അതുകൊണ്ടു എന്നെ സംബന്ധിച്ച് ജോലിയും കുടുംബവും എല്ലാം എനിക്ക് കലയിലേക്കുള്ള സഞ്ചാരത്തിന് ഉതകുന്ന ഘടകങ്ങൾ മാത്രം. അനുഭവങ്ങൾ എത്രത്തോളം ഉണ്ടാകുന്നുവോ അവയിൽ നിന്നൊക്കെ കലയുണ്ടാവും .

● ചെറുകഥ





മിനി മോഹനൻ

# ഓട്ടം

*വര:*
**പി ആർ രാജൻ**

മാധുരി അതിവേഗം ഓടുകയായിരുന്നു . കയറിയ ഓട്ടോറിക്ഷയെക്കാളൊക്കെ ഒരുപാടു വേഗത്തിൽ മനസ്സ് ഓടിക്കൊണ്ടിരുന്നു സുമേഷിൽനിന്ന് വളരെയകലേക്കു പോകാൻ. ഒരു നിമിഷം കൊണ്ട് അനേകായിരം കാതങ്ങളകലെയെത്താൻ മനസ്സിന് വിമാനവും റോക്കറ്റും ഒന്നും വേണ്ട. വെറുപ്പെന്ന ഇന്ധനം മാത്രം മതി.

വിവാഹം കഴിഞ്ഞിട്ടു കഷ്ടിച്ചു മൂന്നു മാസമാകുന്നേയുള്ളൂ. സ്വപ്നങ്ങൾ തളിരിട്ടു മൊട്ടിട്ടു പൂക്കാൻ തുടങ്ങിയിട്ടേയുള്ളു . എല്ലാം വെറും പാഴ്മൊട്ടുകളായിരുന്നെന്ന് അവളറിഞ്ഞത് അല്പം മുൻപു മാത്രം .

**കയറിയ ഓട്ടോറിക്ഷയെക്കാളൊക്കെ ഒരുപാടു വേഗത്തിൽ മനസ്സ് ഓടിക്കൊണ്ടിരുന്നു സുമേഷിൽനിന്ന് വളരെയകലേക്കു പോകാൻ. ഒരു നിമിഷം കൊണ്ട് അനേകായിരം കാതങ്ങളകലെയെത്താൻ മനസ്സിന് വിമാനവും റോക്കറ്റും ഒന്നും വേണ്ട. വെറുപ്പെന്ന ഇന്ധനം മാത്രം മതി.**

മാധുരിക്ക് അമ്മയും അമ്മയ്ക്കു മാധുരിയും മാത്രമായി ജീവിതം ഋതുക്കൾക്കൊപ്പം സഞ്ചരിച്ചു പോന്നു. അച്ഛനേക്കുറിച്ചുള്ള നേരിയ ഓർമ്മകൾ മാത്രമേയുള്ളു മാധുരിക്ക്. അവൾക്ക് ആറുവയസ്സുള്ളപ്പോൾ അച്ഛൻ ഒരു വാഹനാപകടത്തിൽ പെട്ട് ഓർമ്മയുടെ ഇരുണ്ട ഇടനാഴികളുടെ അങ്ങേത്തലയ്ക്കലേയ്ക്കു നടന്നു മറഞ്ഞതാണ്. പിന്നെ അമ്മ പറഞ്ഞു



ള്ള അറിവുകളേ അദ്ദേഹത്തേക്കു റിച്ചുള്ളൂ. അമ്മയും അച്ഛനും ഒരേ മതത്തിൽ പെട്ടവരായിരുന്നെങ്കിലും നേരിയ ജാതി വ്യത്യാസം ഉണ്ടായിരുന്നത്രേ. രണ്ടുകുടുംബക്കാരും നല്ല സാമ്പത്തികസ്ഥിതിയുള്ളവരും. എന്തോ ചെറിയ കാര്യത്തിന് ചെറിയ കുടിപ്പകയും വീട്ടുകാർതമ്മിൽ ഉണ്ടായിരുന്നു. ശിവദാസൻ അംബികയെ കല്യാണം കഴിക്കാൻ രണ്ടുകൂട്ടരും സമ്മതിച്ചില്ല . നാട്ടിലെ പാരലൽ കോളേജിലെ അദ്ധ്യാപകനായ ശിവദാസന് വിദ്യാർത്ഥിനിയായ അംബികയോട് പ്രണയമെന്നറിഞ്ഞത് രണ്ടുവീട്ടുകാരുടേയും നിലവിലുണ്ടായിരുന്ന ചെറിയ സ്പർദ്ധയെ പതിന്മടങ്ങാക്കി വർദ്ധിപ്പിക്കാനേ ഉതകിയുള്ളു. എന്നിട്ടും അവർ വിവാഹിതരായി. 18 കാരി അംബികയെ 24 കാരൻ ശിവദാസ് രജിസ്റ്റർ മാര്യേജ് നടത്തി , വില്ലേജോഫീസിനടുത്തുള്ള കൊച്ചു വീട്ടിൽ താമസവുമായി. ഒരു വർഷം കഴിഞ്ഞപ്പോൾ മാധുരിയെന്ന തങ്കക്കുടവും അവർക്കു കൂട്ടായെത്തി .

അച്ഛന്റെ തറവാട്ടിൽ പോയതായി മാധുരിക്ക് ഓർമ്മയില്ല. പക്ഷേ ഇടയ്ക്ക് അമ്പലത്തിലോ മറ്റെവിടെയെങ്കിലും ഏതെങ്കിലും കല്യാണസ്ഥലത്തോ ഒക്കെവെച്ച് ഇളയ അപ്പച്ചിയെ കണ്ടിട്ടും സംസാരിച്ചിട്ടുമുണ്ട്. രമണിയപ്പച്ചിക്ക് അവളെ ഇഷ്ടമായിരുന്നു. ആരും കാണാതെ ഉത്സവത്തിനു വളയും മാലയുമൊക്കെ വാങ്ങിക്കൊടുത്തിട്ടുണ്ടവൾക്ക് . പക്ഷേ രമണിയപ്പച്ചി കല്യാണം കഴിഞ്ഞു പോയതിൽപിന്നെ അവൾ അവരെ കണ്ടിട്ടില്ല. അമ്മയുടെ വീട്ടിൽ കുട്ടിയായിരുന്നപ്പോൾ പോകുമായിരുന്നു , അമ്മമ്മയ്ക്ക് ഓണക്കോടിയുമായി. പക്ഷേ അച്ഛൻ മരിച്ചു കഴിഞ്ഞ് ഒരിക്കലേ പോയുള്ളു. പിന്നെ എന്തോ അമ്മ അവിടേക്കു പോകാൻ താൽപര്യപ്പെട്ടിട്ടില്ല. അമ്മായിമാർ പെരുമാറിയത് അമ്മയ്ക്ക് ഇഷ്ടമായിക്കാണില്ല എന്നവൾക്ക് തോന്നിയിരുന്നു. അമ്മ അതിനേക്കുറിച്ച് ഒരിക്കലും അവളോടു പറഞ്ഞിട്ടുമില്ല.

അച്ഛൻ പാരലൽ കോളേജിൽ പഠിപ്പിക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസിലും പഞ്ചായത്ത് ഓഫീസിലും മറ്റും അപേക്ഷകൾ എഴുതിക്കൊടുക്കുകയും അപേക്ഷാ ഫോമുകൾ പൂരിപ്പിക്കാനറിയാത്തവർക്ക് അതു ചെയ്തുകൊടുക്കുകയും ഒക്കെ ചെയ്തിരുന്നു. അമ്മയേയും അതൊക്കെ പഠിപ്പിക്കുകയും ഒപ്പം കൂട്ടുകയും ചെയ്തു. അവരുടെ ജീവിത്തിൽ അവർക്ക് സഹായിക്കാൻ മറ്റാരുമുണ്ടായിരുന്നില്ല. പരസ്പരം താങ്ങായി അവർ ജീവിതം കെട്ടിപ്പെടുത്തപ്പോൾ ആ തണലേറ്റു വിരിഞ്ഞ കുഞ്ഞു പൂവായിരുന്നു മാധുരി .

പക്ഷേ മാധുരിയുടെ ജീവിതത്തിൽ ഒറ്റമരത്തിന്റെ തണലായിരുന്നു വിധിക്കപ്പെട്ടത്. അച്ഛൻ പോകും മുൻപ് അവർ താമസിക്കുന്ന കൊച്ചു വീട് സ്വന്തമാക്കിയിരുന്നു. ഒരുമുറിയും അടുക്കളയും വരാന്തയുമുള്ള, മൂന്നു സെന്റിലെ കൊച്ചു വീട്. ആ കൊച്ചു വീട്ടിൽ അവൾ രാജകൊട്ടാരങ്ങൾ പണിതു. മഹാനഗരങ്ങളിലെ കൗതുകക്കാഴ്ചകൾ കൊണ്ടുവന്നിട്ടു. മുറ്റത്തു വിരിഞ്ഞു നിൽക്കുന്ന കൊച്ചു പൂക്കളിൽ സ്വർഗ്ഗവസന്തങ്ങൾ തേടി. അമ്മയുടെ ദിവസങ്ങൾ തിരക്കുകൾ നിറഞ്ഞതായ് മാറിയപ്പോൾ അവൾക്കറിയാമായിരുന്നു അതിന്റെ അനിവാര്യത. പലപ്പോഴും അമ്മയ്ക്കു പുറത്തുപോകേണ്ടിവരും . അപേക്ഷകളെഴുതാൻ ചിലപ്പോൾ അവരുടെ വീട്ടിൽ പോയി കാര്യങ്ങൾ ചോദിക്കേണ്ടി വരും . പക്ഷേ നോക്കിയിരിക്കുന്ന ആൾക്കാർ നാവു വെറുതെ

**ശിവദാസൻ അംബികയെ കല്യാണം കഴിക്കാൻ രണ്ടുകൂട്ടരും സമ്മതിച്ചില്ല . നാട്ടിലെ പാരലൽ കോളേജിലെ അദ്ധ്യാപകനായ ശിവദാസന് വിദ്യാർത്ഥിനിയായ അംബികയോട് പ്രണയമെന്നറിഞ്ഞത് രണ്ടുവീട്ടുകാരുടേയും നിലവിലുണ്ടായിരുന്ന ചെറിയ സ്പർദ്ധയെ പതിന്മടങ്ങാക്കി വർദ്ധിപ്പിക്കാനേ ഉതകിയുള്ളു. എന്നിട്ടും അവർ വിവാഹിതരായി**

വെച്ചു നോക്കിയിരുന്നില്ല. അവർ പല കഥകളും മെനെഞ്ഞുകൊണ്ടേയിരുന്നു. ഒക്കെ അറിഞ്ഞിരുന്നെങ്കിലും ഒരിക്കൽ മാത്രമേ അവൾ അമ്മയെ അവൾ ചോദ്യം ചെയ്തിട്ടുള്ളു. അതു കോളേജിൽ ചേർന്ന വർഷം ക്ലാസ്സിലെ പത്രാസുകാരി നീന അമ്മയെക്കുറിച്ചു കൂട്ടുകാരുടെ മുൻപിൽ ഒരുപാടനാവശ്യങ്ങൾ വിളമ്പിയപ്പോളാണ്. അന്നവളുടെ മുൻപിൽ നിശ്ശബ്ദയാകേണ്ടി വന്നെങ്കിലും ആ കോപമൊക്കെ പൊട്ടിത്തെറിച്ചത് സന്ധ്യക്കു വൈകിയെത്തിയ അമ്മയുടെ നേരെയുള്ള രോഷപ്രകടനമായാണ് .ഒക്കെ ക്ഷമയോടെ കേട്ടിരുന്നു അമ്മ. ഒരക്ഷരവും മറുത്തു പറഞ്ഞില്ല. തന്റെ രോഷവാക്കുകൾ നിലച്ചു കഴിഞ്ഞപ്പോൾ അമ്മ മെല്ലേ എഴുന്നേറ്റുപോയി കുളിച്ച്, ഭക്ഷണം ചൂടാക്കി വിളമ്പി വെച്ചു വിളിച്ചു. മാധുരിക്ക് അപ്പോൾ പശ്ചാത്താപം തോന്നിത്തുടങ്ങിയിരുന്നു . അവൾ മറുത്തൊന്നും പറയാതെ പോയി ഭക്ഷണം കഴിച്ചു. പാത്രങ്ങളൊക്കെ കഴുകി അടുക്കള വൃത്തിയാക്കിവെക്കാൻ അമ്മയെ സഹായിച്ചു . എല്ലാം കഴിഞ്ഞ് ഉറങ്ങാൻ കിടക്കവിരി കുടഞ്ഞുവിരിക്കുമ്പോഴാണ് പിന്നിൽ അമ്മയുടെ നേർത്ത സബ്ദം അവൾ കേട്ടത്.

‘ മോളേ, മാധുരീ ‘

തിരിഞ്ഞുനോക്കിയത് അമ്മയുടെ കണ്ണിലേയ്ക്കായിരുന്നു. അവിടെ ഒരു ഭാവവും അവൾക്കു കാണാനായില്ല. വെറും ശൂന്യമായൊരു നോട്ടം .

‘ മോൾക്കു തോന്നുന്നുണ്ടോ അമ്മ ചീത്തയാണെന്ന് ?‘

പെട്ടെന്നവൾക്ക് ഉത്തരം ഇല്ലാതായി . ആദ്യമായി അമ്മയുടെ മുന്നിൽ ഉത്തരം മുട്ടിയ നിമിഷം. അവൾ ചുരുങ്ങിച്ചുരുങ്ങി ഇല്ലാതാവുന്നതുപോലൊരു തോന്നൽ.

‘ ഈ ലോകത്ത് എനിക്കെന്റെ മകളെ മാത്രമേ ബോധ്യപ്പെടുത്തേണ്ടതുള്ളു ഈ അമ്മ ചീത്തയല്ലെന്ന്. ചീത്തയാവാൻ നിന്റെ അമ്മയ്ക്കൊരിക്കലും കഴിയുകയുമില്ല. അരുതാത്ത വാക്കോ നോക്കോ പ്രവൃത്തിയോ ആരിൽ നിന്നെങ്കിലും ഉണ്ടായാൽ നേരിടാൻ അച്ഛൻ അമ്മയെ പഠിപ്പിച്ചിട്ടുണ്ട്. നാട്ടുകാർ പലരും പലതും പറയുന്നുണ്ടെന്ന് അമ്മയ്ക്കുമറിയാം. പക്ഷേ മറ്റുള്ളവർ പറയുന്നതല്ല നമ്മൾ എന്ന് നമ്മൾ സ്വയം അറിഞ്ഞിരിക്കണം . അല്ലെങ്കിൽ ജീവിതം വലിയൊരു പരാജയമാകും. ‘

അമ്മ ഒന്നു നിർത്തി തന്റെ കണ്ണിലേക്കു സൂക്ഷിച്ചു നോക്കിയപ്പോൾ മാധുരി ആ നോട്ടം നേരിടാനാവാതെ തല താഴ്ത്തിക്കളഞ്ഞു .

‘‘അമ്മ പുറത്തുപോയി ജോലി ചെയ്യുന്നത് മോൾക്ക് നാണക്കേടാകുന്നോ ? മോളു പറയൂ , ഇനി മുതൽ അമ്മ വീട്ടിലിരുന്നാൽ മതിയോ.. നീ പറയുമ്പോലെ അമ്മ ചെയ്യാം. ‘

അമ്മയെ അവിശ്വസിച്ചു എന്നത് ഒരു വലിയ തെറ്റായി എന്നവൾക്കറിയാം. നീനയുടെയും മറ്റു കുട്ടികളുടെയും മുന്നിൽ ചെറുതായ വിഷമത്തിൽ അമ്മയോടു കടുത്ത വാക്കുകൾ പറഞ്ഞു എന്നു മാത്രം . അവൾ പെട്ടെന്നു പൊട്ടിക്കരഞ്ഞു. എല്ലാ സങ്കടവും അമ്മയുടെ ഹൃദയത്തിലേക്കൊഴുക്കി അവൾ അമ്മയെ കെട്ടിപ്പിടിച്ചു കുറേ കരഞ്ഞു. അമ്മയുടെ മെലിഞ്ഞ, തണുത്ത വിരലുകൾ മാധുരിയുടെ മുടിയിൽ മെല്ലെ തഴുകിക്കൊണ്ടിരുന്നു.

രാത്രിയിൽ അവൾ അമ്മയെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ അച്ഛന്റെയും അമ്മയുടേയും നടുവിൽ കിടന്നുറങ്ങിയ അവ്യക്തമായ ഓർമ്മ അവളിലേക്കൊഴുകിയെത്തി. അച്ഛൻ പുരട്ടിയുരുന്ന ചെറിയകുപ്പിയിലെ

**രാത്രിയിൽ അവൾ അമ്മയെ കെട്ടിപ്പിടിച്ചു കിടക്കുമ്പോൾ അച്ഛന്റെയും അമ്മയുടേയും നടുവിൽ കിടന്നുറങ്ങിയ അവ്യക്തമായ ഓർമ്മ അവളിലേക്കൊഴുകിയെത്തി. അച്ഛൻ പുരട്ടിയുരുന്ന ചെറിയകുപ്പിയിലെ സെന്റിന്റെ ചന്ദനഗന്ധം അവരെ വന്നു പൊതിയുന്ന പോലെ അവൾക്കു തോന്നി. അതേ, ആ രാത്രി അച്ഛന്റെയും അമ്മയുടേയും ഇടയിൽ കിടന്നാണ് അവൾ ഉറങ്ങിയത്.**



സെന്റിന്റെ ചന്ദനഗന്ധം അവരെ വന്നു പൊതിയുന്നപോലെ അവൾക്കു തോന്നി. അതേ, ആ രാത്രി അച്ഛന്റെയും അമ്മയുടേയും ഇടയിൽ കിടന്നാണ് അവൾ ഉറങ്ങിയത്.

പിന്നീടൊക്കെ കൂട്ടുകാരുടെ പരിഹാസങ്ങളെ അസാമാന്യ മനഃകരുത്തോടെ അവഗണിക്കുകയാണവൾ ചെയ്തത് . 20 വയസ്സിൽ സുമേഷിന്റെ വിവാഹാലോചനയ്ക്ക് സമ്മതം മൂളുമ്പോൾ വീണ്ടും പഠിക്കാനും ഒരു ജോലി കണ്ടെത്താനുമൊക്കെ ആഗ്രഹമുണ്ടായിരുന്നത് ഉള്ളിലൊതുക്കി. അമ്മയ്ക്ക് ഈ വിവാഹം ഒരു തണലാകണമെന്നേ അന്നു കരുതിയുള്ളു .തൊട്ടടുത്ത പട്ടണത്തിൽ ഐടി പ്രൊഫഷണൽ ആയ സുമേഷിന് മാധുരിയെ ഇഷ്ടമായത് വളരെ ഭാഗ്യമായാണ് അംബിക കരുതിയത്. ബന്ധുക്കളും സമ്പത്തുമില്ലാത്ത തങ്ങൾക്ക് ഇങ്ങനെയൊരു നല്ല ബന്ധം സ്വപനം കാണാനാവില്ല എന്നവൾക്കറിയാമായിരുന്നു. നല്ല കുടുംബം ധനികരും വിദ്യാസമ്പന്നരും. മകന്റെ ഇഷ്ടത്തിന് അച്ഛനമ്മമാർ എതിരു പറഞ്ഞതേയില്ല. വിവാഹം കഴിഞ്ഞ് മാധുരിയുമായി ജോലിസ്ഥനത്തിനടുത്ത് അവർ താമസമാക്കിയപ്പോൾ തനിച്ചായല്ലോ എന്ന സങ്കടത്തേക്കാൾ തന്റെ ഓമനമകൾ സുരക്ഷിതമായ കൈകളിൽ എത്തിയല്ലോ എന്ന ആശ്വാസമായിരുന്നു അംബികയ്ക്ക് .



**രണ്ടുപേരും ഒന്നിച്ചു പൊട്ടിച്ചിരിച്ചു. ഒരു നിമിഷം കൊണ്ട് അവൾ സുമേഷിൽ നിന്ന് വളരെ അകലത്തേയ്ക്ക് എടുത്തെറിയപ്പെട്ട നിമിഷം . വേഗം പടികളിറങ്ങി കിട്ടിയതുണികൾ ഒക്കെ ഒരു ബാഗിലാക്കി ഇറങ്ങി ഓടുകയായിരുന്നു. ഏതോ വലിയ വിപത്തിൽ നിന്നും രഷപ്പെടാനുള്ള മരണവെപ്രാളത്തോടെയുള്ള ഓട്ടം.**

പട്ടണത്തിലെ ജീവിതം ആസ്വദിച്ചു തുടങ്ങുകയായിരുന്നു മാധുരി . അയൽക്കാരുമായൊന്നും വലിയ അടുപ്പമില്ല. എല്ലാവർക്കും തിരക്കു തന്നെ. ദിവസങ്ങൾ കടന്നുപോയത് അറിയുന്നുമില്ല എന്ന വിരോധാഭാസം . അന്നു വൈകുന്നേരം സുമേഷിനൊപ്പം ഒരു സുഹൃത്തുകൂടിയുണ്ടായിരുന്നു. ബാംഗ്ലൂരിൽ ജോലിചെയ്യുന്ന സുഹൃത്തിനു വിവാഹത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ഇപ്പോൾ നവദമ്പതികൾക്ക് ആശംസകളർപ്പിക്കാനെത്തിയതാണ് . വന്നു പരിചയപ്പെട്ടു കുശലപ്രശ്നങ്ങൾ കഴിഞ്ഞ് അവർ മുകളിലെ ബാൽക്കണിയിലേയ്ക്കു പോയി. അവിടെയിരുന്നാൽ വീടിന്റെ പുറകിലെ നീണ്ട പാടശേഖരം കാണാം . മാധുരി ചായ തയ്യാറാക്കാൻ അടുക്കളയിലേക്കും . അപ്പോഴാണ് ഗ്യാസ് തീർന്നകാര്യം അവളോർത്തത്. സിലിണ്ടർ കണക്ട് ചെയ്യാനൊന്നും അവൾക്കറിയുമായിരുന്നില്ല. അവളുടെ വീട്ടിൽ ഗ്യാസ് അടുപ്പ് ഉണ്ടായിരുന്നില്ല. സ്റ്റെയർ കെയ്സ് കയറി മുകളിലെത്തിയപ്പോൾ അവരുടെ സംസാരം അവർക്കു കേൾക്കാൻ കഴിഞ്ഞു.

‘ എന്നാലും നീ ഇങ്ങനെയൊരു അബദ്ധം കാട്ടിയതെന്തിനാ.. നാട്ടിൽ വേറെ പെണ്ണില്ലാത്തപോലെ. ആ അംബികയെപ്പോലൊരു സാധനത്തിന്റെ വീട്ടിന്ന് നീയല്ലാതെ സംബംന്ധം കൂടുമോ. അവളാളു പോക്കാന്ന് നാട്ടിലാർക്കാ അറിയാത്തത്.. .പമ്പരവിഡ്ഢി ‘

‘ എടാ, ഇതിപ്പോ ഒരുവെടിക്കു രണ്ടുപക്ഷിയായില്ലേ.. തള്ളയും നല്ല ചരക്കാ.. വല്ല്യ പ്രായവും ഇല്ല. അമ്മേം മോളേം ഒന്നിച്ചു കിട്ടുകാന്നു പറയുന്നതു അത്ര നിസ്സാരകാര്യമാണോ.. ബുദ്ധി വേണമെടാ, ബുദ്ധി.. ‘ രണ്ടുപേരും ഒന്നിച്ചു പൊട്ടിച്ചിരിച്ചു.

ഒരു നിമിഷം കൊണ്ട് അവൾ സുമേഷിൽ നിന്ന് വളരെ അകലത്തേയ്ക്ക് എടുത്തെറിയപ്പെട്ട നിമിഷം . വേഗം പടികളിറങ്ങി കിട്ടിയതുണികൾ ഒക്കെ ഒരു ബാഗിലാക്കി ഇറങ്ങി ഓടുകയായിരുന്നു. ഏതോ വലിയ വിപത്തിൽ നിന്നും രഷപ്പെടാനുള്ള മരണവെപ്രാളത്തോടെയുള്ള ഓട്ടം.

അതെ, അവൾ ഇനിയും ഓടിയാലേ മതിയാവൂ.. ഒരിക്കലും നിലയ്ക്കാത്ത ജീവിതപ്രയാണം ... എല്ലാവരിൽ നിന്നു രക്ഷനേടിയുള്ള മഹാപ്രയാണം ...

ചെറുകഥ




വര:
മറിയം ജാസ്മിൻ

# അവസ്ഥാന്തരം

ജമാൽ റാഷി

പ്രധാനവഴിയിൽ നിന്നും തിരിഞ്ഞ് വായനശാലയോട് ചേർന്നുള്ള വീതികുറഞ്ഞ വഴിയിലൂടെ അയാളെയും വഹിച്ചുകൊണ്ടുള്ള ആ ആഡംബരവാഹനം കാഞ്ഞിരക്കാട്ടുമോളത്തേക്ക് പ്രവേശിച്ചു. പൊടിപറത്തിക്കൊണ്ടത് അയാളുടെ ബംഗ്ലാവിനെ ലക്ഷ്യമാക്കി നീങ്ങി. അയാൾ വിന്റോ ഗ്ലാസ് തഴ്ത്തി.

ഗ്രാമീണ നിഷ്കളതയുടെ സൗരഭ്യം പാതയിലെ പൊടിപടലങ്ങളിൽ കുഴഞ്ഞ് അയാളിലേക്കു പറന്നുകയറി. അയാൾ വാഹനത്തിൻറെ വേഗതകുറച്ച് അവ ആവോളം ആസ്വദിച്ചു നീങ്ങി. തിരക്കുകളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ കിട്ടുന്ന ഇത്തരം സന്ദർഭങ്ങൾ അയാൾക്കൊരു അനുഗ്രഹമാണ്. പ്രത്യേകിച്ച് ഇരമല്ലൂർ എന്ന തൻറെ ജന്മദേശത്തേക്കുള്ള വരവുകൾ.

ഇന്നാട്ടുകാർക്ക് ഗുണകരമായ എന്തുകാര്യത്തിനും അയാളാണ് ആദ്യാവസാനവാക്ക്. സാമ്പത്തീകവുമായി ബന്ധപ്പെട്ടവയെങ്കിൽ പ്രത്യേകിച്ചും. ഈ വരവും അത്തരം ഒരു പ്രധാന പദ്ധതി നിർവഹണത്തിന് തുടക്കം കുറിക്കാൻ തന്നെ. നാട്ടിലെ

ദരിദ്രകുരുന്നുകളെ ആദ്യക്ഷരത്തിൻ റെ മാധുര്യം നുകരാൻ നാലുപതിറ്റാണ്ടായി പ്രവർത്തിക്കുന്ന ബലവാടി വഴി നിർധനരായ വൃദ്ധജനങ്ങൾക്ക് ആഴ്ച്ചയിൽ ഒരു നേരം സദ്യകൊടുക്കുക എന്ന പദ്ധതിക്ക് തുടക്കമിടാൻ. സാമ്പത്തികവുമായി ബന്ധപ്പെട്ട എന്തുകാര്യങ്ങൾക്കും അയാൾ തുടക്കം കുറിച്ചാൽ മുന്നോട്ടുള്ള പോക്ക് സുഗമമാകുമെന്ന് മുന്നനുഭവങ്ങളിൽ നിന്ന് ഇന്നാട്ടുകാർ വിശ്വസിക്കുന്നു. നാളെയാണ് ആ ദിനം.

ബംഗ്ലാവിൻറെ പടിക്കൽതന്നെ നാരായണി അയാളെ പ്രതീക്ഷിച്ച് കാത്തുനിന്നിരുന്നു.

അവരും ഭർത്താവ് അച്ചുതനുമാണ് ആ വീടിൻറെയും പുരയിടത്തിൻറെയും എല്ലാം. കാർ ഗേറ്റിലെത്തിയതും പതിവ് പുഞ്ചിരി സമ്മാനിച്ച് നാരായണി ഒതുങ്ങി നിന്നു.

അയാൾ തല ചെറുതായി പുറത്തേക്കിട്ട് പുഞ്ചിരിതന്നെ മറുപടി കൊടുത്തു. കാർ പോർച്ചിലേക്ക് നീക്കി. അവർ ഓടുന്നപോലെ നടന്ന് പിന്നാലെയെത്തി. അയാൾ ഇറങ്ങി പിൻസീറ്റിൽനിന്ന് പെട്ടിയെടുക്കുന്നതിനിടയിൽ അവർ പറഞ്ഞുതുടങ്ങി.

'ഇപ്പൊ എല്ലാട്ത്തും, പസാവിയത്ത് കടവിലും, ഐക്കോർട്ട് കവലേലും, കുഞ്ഞിനെക്കുറിച്ചാ വർത്താനം. നാളത്തെ പാരിപാടി കേമാക്കണംന്നും പറഞ്ഞോടിനടക്വ ആ ഗ്രമവേദീടെ പിള്ളേര്. ഉപ്പും ശർക്കരേം തുടങ്ങി ചില്ലറ സധനങ്ങളൊഴിച്ച് ബക്കിയെല്ലാം കൊണ്ടോയ്ത് ഈ പറമ്പീന്ന്'. ഒന്നു നിർത്തി 'അല്ല, കുഞ്ഞൊന്നും മിണ്ടാത്തെ?'

'അതിന് എനിക്കൊരവസരം തന്നാലല്ലേ'

ചിരിച്ചുകൊണ്ടാണയാൾ അത് പറഞ്ഞത് ജാള്യത പുറത്തുകാട്ടാതെ നാരായണി ''ഓ... ഞാനങ്ങട് ചെല്ലട്ടെ. അച്ചുവേട്ടനെ ഇങ്ങട് പറഞ്ഞുവിടാം, സന്ധ്യക്കുമുമ്പ്. കുഞ്ഞിന് അത്താഴത്തിന് പതിവുള്ളതു തന്നെ മതിയല്ലൊ?''.

മതിയെന്നയാൾ തലയാട്ടി. പടികൾ കയറി അയാൾ വീടിൻറെ മുകളിലെ നിലയിലേക്കു പോയി, നാരായണി ഗേറ്റുകടന്ന് വെളിയിലേക്കും.

മൂന്നേക്കറിൽ പരന്നുകിടക്കുന്ന പുരയിടവും അതിൽ ഈ വലിയ ബഗ്ലാവും നാട്ടിലെ ഒരു വലിയ തറവാട്ടുകാരുടേതായിരുന്നു. കാലാന്തരത്തിൽ കുടുംബം ചിതറിയപ്പോൾ അവസാനത്തെയാൾ എല്ലാം വിറ്റ് നഗരത്തിലേക്ക് കുടിയേറി. അന്നത് നല്ല വിലക്ക് വാങ്ങിയതാണ്, ഒരു ആഗ്രഹസഫലീകരണം പോലെ.

**മൂന്നേക്കറിൽ പരന്നുകിടക്കുന്ന പുരയിടവും അതിൽ ഈ വലിയ ബഗ്ലാവും നാട്ടിലെ ഒരു വലിയ തറവാട്ടുകാരുടേതായിരുന്നു. കാലാന്തരത്തിൽ കുടുംബം ചിതറിയപ്പോൾ അവസാനത്തെയാൾ എല്ലാം വിറ്റ് നഗരത്തിലേക്ക് കുടിയേറി. അന്നത് നല്ല വിലക്ക് വാങ്ങിയതാണ്, ഒരു ആഗ്രഹസഫലീകരണം പോലെ. പറമ്പുവിട്ടൊഴിഞ്ഞവർ ഒന്നേ ആവശ്യപ്പെട്ടുള്ളു, പറമ്പിൻറെ തെക്കേയറ്റത്ത് തങ്ങളുടെ പൂർവികർ അന്തിയുറങ്ങുന്ന കുഴിമാടങ്ങൾ നശിപ്പിക്കരുത്, കഴിയുന്ന കാലത്തേക്കെങ്കിലും.**

പറമ്പുവിട്ടൊഴിഞ്ഞവർ ഒന്നേ ആവശ്യപ്പെട്ടുള്ളു, പറമ്പിൻറെ തെക്കേയറ്റത്ത് തങ്ങളുടെ പൂർവികർ അന്തിയുറങ്ങുന്ന കുഴിമാടങ്ങൾ നശിപ്പിക്കരുത്, കഴിയുന്ന കാലത്തേക്കെങ്കിലും. കൈലിയുടുത്ത് തോർത്തും സോപ്പുമായി അയാൾ തൻറെ പറമ്പിൻറെ കിഴക്കേയറ്റത്തുള്ള കുളക്കടവിലേക്കു നടന്നു. മക്കളില്ലാത്ത അച്ചുതനും നാരായണിക്കും ഈ പറമ്പിലെ സർവ വൃക്ഷലതാതികളും സ്വന്തം സന്താനങ്ങൾ.

ചെറുപുൽക്കൊടി മുതൽ വൻ മരങ്ങളിൽ വരെ പ്രകടം അവരുടെ പരിപാലനത്തിൻറെയും സംരക്ഷണത്തിൻറെയും സ്നേഹം.

കുളത്തിലെ തെളിനീരിൽ മുങ്ങി നിവർന്ന് മനസ്സും ശരീരവും കുളിർപ്പിച്ച് മടങ്ങിവരുമ്പോഴേ കാണാം ബംഗ്ലവിനു പിന്നിൽ അച്ചുതൻ കാത്തുനിൽക്കുന്നത്. അത്താഴത്തേക്കുള്ള പാലും നേന്ത്രപ്പഴവും അകത്തുവച്ച് കൈയിൽ തടിച്ച കണക്കുപുസ്തകവും പിടിച്ചാണ് നിൽപ്പ്.

ഒരുവട്ടം തൻറെ യജമാനൻ വന്നുപോയതിനു ശേഷമുള്ള വരവു ചിലവ് കണക്കുകളും രസീതുകളും കൃത്യമായി ബോധിപ്പിച്ചാലെ അച്ചുതന് സമാധാനമാവു, യജമാനൻ അവയൊന്നും കാര്യമായി പരിശോധിക്കാറില്ലെങ്കിലും. തൻറെ ഉത്തരവാദിത്വം ഭംഗിയായി ചെയ്തു തീർത്തു എന്ന സന്തോഷം അച്ചുതനും ഭൃത്യനോടുള്ള വിശ്വാസം അയാൾക്കും നിലനിർത്താനായി എല്ലാമൊന്ന് ഓടിച്ചുനോക്കി ആവശ്യമായ ഇടങ്ങളിൽ ഒപ്പിടുന്നതോടെ ആ ചടങ്ങ് തീരും. ബംഗ്ലാവിൻറെ ടെറസിനു മുകളിലാണ് മഴയില്ലാത്ത സമയങ്ങളിൽ അയാളുടെ രാത്രികൾ.

അയാൾ ആകാശത്ത് കണ്ണുംനട്ട് കിടന്നു. മേഘങ്ങൾ മെല്ലെ നീങ്ങുന്നു. താഴെ വയലിൽ നിന്നും തണുത്ത കാറ്റ്. ഒപ്പം ചീവീടുകളുടെ മധുരനാദം, നിശയുടെ താരാട്ട്.

എന്നിട്ടും എന്തൊ പതിവിനു വിപരീതമായി ഉറക്കത്തിന് തന്നെ കീഴടക്കാനാകാത്തതെന്തെന്ന് അയാളോർത്തു. ചില ഓർമ്മകൾ, ഒന്നും അവ്യക്തമല്ല; അതെല്ലാം കണ്ണാടിയിലെന്നപോലെ തെളിഞ്ഞ്.

അധികമാരും ഓർത്തുവയ്ക്കാത്ത അല്ലെങ്കിൽ കാലാന്തരത്തിൽ മറവിയിലാണ്ടപോയ ആ മുഖം ഒരു പ്രതിബിംബമായി തന്നെ പിൻതുടരുന്നുണ്ട് അഥവ തൻറെ ജീവിതത്തോടൊപ്പം സഞ്ചരിക്കാൻ അവയെ അയാൾ അനുവദിക്കുന്നുണ്ട്, ജീവിതയാത്രയിൽ എപ്പോഴും ഒരു ചാലക ശക്തിയായി തുടരാൻ. ചടച്ച തലമുടിയും മള്ളുവേലിയിൽ ചണച്ചാക്കു നനച്ചിട്ടപോലുള്ള ശരീരവുമായി ഒരുവൻ തന്നെ നോക്കി ചിരിക്കുന്നില്ലേ? പലതും വെട്ടിപ്പിടിച്ചെന്ന അഹങ്കാരം, അതോ കാലം തനിക്കായി കാരുതിവച്ചതെല്ലാം സമയാസമയങ്ങളിൽ കിട്ടുന്നു

എന്ന സമാധാനം? ബാലവാടിയിലെ മഞ്ഞ ഊപ്പുമാവ് വിളമ്പുകയാണ്, പഠിതാക്കൾക്ക്.

ബാക്കിവരുന്നതിൽ ഒരു പങ്കുപറ്റാൻ അവിടത്തെ വിദ്യാർഥിയല്ലാത്ത അവനുമുണ്ട്, തൻറെ ചളുക്കുവീണ് ശിൽപ്പമായി തീർന്ന ചോറ്റുപാത്രവുമായി. വിശപ്പിൻറെ കാഠിന്യംകൊണ്ട് കാത്തുനിന്ന് ക്ഷമകെട്ട അവൻ കുട്ടികൾക്കിടയിലേക്ക് തിക്കികയറി. പിന്നെ എല്ലാവരും കാണുന്നത്, അവൻറെ ശിൽപ്പം ഏവർക്കും മുളിലൂടെ ദൂരേക്ക് പറക്കുന്നതാണ്.

**അയാൾ ആകാശത്ത് കണ്ണും നട്ട് കിടന്നു. മേഘങ്ങൾ മെല്ലെ നീങ്ങുന്നു. താഴെ വയലിൽ നിന്നും തണുത്ത കാറ്റ്. ഒപ്പം ചീവീടുകളുടെ മധുരനാദം, നിശയുടെ താരാട്ട്. എന്നിട്ടും എന്തൊ പതിവിനു വിപരീതമായി ഉറക്കത്തിന് തന്നെ കീഴടക്കാനാകാത്തതെന്തെന്ന് അയാളോർത്തു.**



ഒരു ഞരക്കത്തോടെ മയക്കത്തിൽ നിന്നയാൾ ഞട്ടിയുണർന്നു. എല്ലാം അതേപടി. തെളിഞ്ഞ ആകാശം മനോഹരം, അമ്പിളി കൂടുതൽ സുന്ദരൻ, പ്രകൃതി ശാന്തം. പുതപ്പ് തലവഴി വലിച്ചിട്ട് സുഷുപ്തിയിലാണ്ടു.

ബലവാടിയിലേക്കുള്ള ഇറക്കമിറങ്ങി അയാളുടെ വണ്ടി വരുന്നത് കണ്ടതേ കാത്തുനിന്നവർ റോഡിലിറങ്ങി സ്വീകരിക്കാൻ തയ്യാറായി. അയാൾ പുറത്തിറങ്ങിയതേ ഏവരും സ്നേഹാന്വേഷണങ്ങളുമായി ചുറ്റും കൂടി. ഏവരുടേയും ഭാവം പ്രസന്നം, വിശിഷ്ട അതിഥിയോടുള്ള പരിഗണന. ലളിമായ ഉദ്ഘാടന ചടങ്ങെങ്കിലും ഏവരും അയാളെ പുകഴ്ത്താൻ വിട്ടുപോയില്ല.

സദ്യക്കായി താഴെ വിരിച്ച വിരിപ്പിൽ വയോജനങ്ങൾക്കൊപ്പം അയാളും ഇരുന്നു. വിളമ്പുകാർ മത്സരിച്ചു, വിഭവങ്ങൾ ഇലകളിൽ നിരന്നു. തനിക്കൊപ്പം കഴിക്കാനിരുന്നവരെ എല്ലാവരെയും ഒരറ്റത്തുനിന്നും അയാൾ നിരീക്ഷിച്ചു. ആ നോട്ടം തനിക്ക് നേരെയിരിക്കുന്ന സ്ത്രീയിലുടക്കി നിന്നു. ഉള്ളൊന്ന് പിടഞ്ഞു. അവർ തന്നെയും ശ്രദ്ധിക്കുന്നത് അയാൾ തിരിച്ചറിഞ്ഞു.

അതെ... ഇതവർതന്നെ. പല്ലെല്ലാം കൊഴിഞ്ഞ്, ക്ഷീണിച്ച് അസ്ഥികൂടമായിക്കുന്നു.

സമയം അവരിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാലും അന്നേ ഉള്ളിൽ പതിഞ്ഞ ആ രൂപം ഇന്നുമുണ്ട്.

അതേയിടത്ത് ഇരുവരെയും മുഖാമുഖം, എൻറെ ചിലവിൽ അന്നമുണ്ണാൻ, കാലം എത്തിച്ചിരിക്കുന്നു.

അയാളുടെ കണ്ണുകളിൽ നിന്നും ഉപ്പുനീർ മുന്നിലെ സദ്യയിലേക്ക് ഇറ്റിറ്റു വീണു. സംഘാടകരുടെ നിർദേശത്തിന് കാക്കാതെ അയാൾ ആസ്വദിച്ച് കൈനിറയെ വാരിവാരിയുണ്ടു




**ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ**
നോവൽ
**പി കെ ശ്രീനിവാസൻ**
കറന്റ് ബുക്സ്/
ഡി സി ബുക്സ്
വില 270 /



# നട്ടുച്ചയിലെ ഇരുട്ട്

**പി കെ ശ്രീനിവാസന്റെ ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ എന്ന നോവലിന്റെ വായന**

**സുധീശ് രാഘവൻ**

യഥാർഥ വാർത്തകൾ പുറത്തു വരാത്ത കാലത്താണ് നാം ജീവിക്കുന്നത്. എല്ലാ വാർത്തകൾക്കും സർക്കാർ ഭാഷ്യമാണ്. പുറത്തുവരുന്ന വാർത്തകൾ അടഞ്ഞവാതിലിൽ എഴുതിവയ്ക്കപ്പെട്ടിരിക്കുന്നു. ആ വാതിൽ വെട്ടിപ്പൊളിച്ച് അതിന്റെ ഉള്ളിലേക്കും വീണ്ടും ഉള്ളറകളിലേക്കും പോകാൻ മാധ്യമപ്രവർത്തകൻ തയ്യാറല്ല. അതവരുടെ ജോലിയല്ല. അടുത്തനിമിഷത്തിലെ വാർത്തയിലേക്കാണ് അവർ പരക്കം പായുന്നത്. ഉരുട്ടി എറിഞ്ഞ വാർത്തകൾ വിഴുങ്ങി പുളകിതരാകുന്ന ജനവും.

മനഃസാക്ഷിയുള്ള ഒരു ജേർണ്ണലിസ്റ്റ് പ്രകാശിതമാകുന്ന വാർത്തകൾ മാത്രമല്ല കാണുന്നത്. അയാൾ വാർത്തകളുടെ വാതിലുകൾ തല്ലിതകർക്കുന്നു.

അതിന്റെ ഉള്ളറകൾ അനുഭവിക്കുന്നു. ആ തപിക്കുന്ന ഉള്ളറകളുടെ പേജുകൾ അയാളിൽ എഴുതപ്പെടാതെ കിടക്കുന്നു. അവ എന്നെങ്കിലും പുറത്തുവന്നേ മതിയാകൂ.



പി കെ ശ്രീനിവാസന്റെ ഭൂതാവിഷ്ടരുടെ സീംഹാസനം എന്ന നോവൽ വായിച്ച പശ്ചാത്തലത്തിലാണ് ഇതിവിടെ പറഞ്ഞത്. ജേർണ്ണലിസ്റ്റായ ശ്രീനിവാസന്റെ രാത്രി മുതൽ രാത്രി വരെ എന്ന നോവലിന്റെ ഉള്ളറകൾ അടിയന്തിരാവസ്ഥയുടെ കറുത്ത ദിനങ്ങളായിരുന്നു എങ്കിൽ എന്റെ മുന്നിലിരിക്കുന്ന ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ അടിയന്തരാവസ്ഥ ഇല്ലാതെ തന്നെ ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന സമീപകാല യാഥാർഥ്യങ്ങളുടെ സൂഷ്മതലങ്ങളാണ് വിഷയം. സൂര്യൻ പ്രകാശം വിതറി നിൽക്കുന്ന ഉച്ച സമയത്ത് ഇരുട്ട നുഭവിക്കുന്ന പ്രതീതി. നിങ്ങൾക്ക് ജനാധിപത്യത്തിന്റെ സ്വാതന്ത്ര്യങ്ങൾ ഉണ്ട്. നിങ്ങളെ വിചാരണത്തടവുകാരനായി ജീവിതകാലം മുഴുവൻ ജയിലടക്കാനുള്ള സ്വാതന്ത്ര്യം ഭരണകൂടത്തിനുമുണ്ട്.

അടിയന്തരാവസ്ഥയിൽ ഇരുപത്തൊന്ന് ദിവസങ്ങൾ നീണ്ട കറുത്ത രാത്രികളായിരുന്നുവെങ്കിൽ എന്നവസാനിക്കും എന്നു പറയാനാവാത്ത ഭീകരദിനങ്ങളാണ്. ജനാധിപത്യ മതേതര സമൂഹം വർഗ്ഗീയ ഫാസിസ്റ്റ് മാനസികവസ്ഥയിലേക്ക് മാറികൊണ്ടിരിക്കുന്ന രസതന്ത്രം നാമറിയുന്നില്ല. നമ്മുടെ അയൽപക്കത്തെ ഇന്നലെ വരെ സ്നേഹത്തോടെ കഴിഞ്ഞ മുസ്ലീമിനെ ഇന്ന് വെറുപ്പോടെ നോക്കുന്ന രീതിയിൽ ഒരുവൻ പരിണമിക്കുന്നതാണ് കഴിഞ്ഞ ഒരു കാൽ നൂറ്റാണ്ടു കൊണ്ട് നാം കാണുന്നത്. അയൽവക്കത്തെ മുസ്ലീം തന്റെ സുഹൃത്തായിരുന്ന ഹിന്ദുനാമധാരിയെ സംശയത്തോടെ നോക്കുന്നു. അയാൾ എന്നെ അവർക്ക് ചൂണ്ടികാണിക്കുമോ എന്ന് ഭയക്കുന്നു. തന്റെ

മുസ്ലീം നാമം അയാൾക്ക് ബാധയാകുന്നു. അടിവസ്ത്രം മാറ്റിനോക്കിയാൽ തന്റെ കഥ കഴിയും എന്നയാൾ പേടിക്കുന്നു. ഭരണകൂടമാണ് ഈ ഭയത്തിന്റെ വിത്തുകൾ വിതറിയത്. അടിയന്തരാവസ്ഥയിൽ ഭരണകൂടത്തെയാണ് ഭയപ്പെട്ടതെങ്കിൽ ഇന്ന് രണ്ടു മതക്കാർ അന്യോന്യം ഭയപ്പെടേണ്ട അവസ്ഥ ഭരണകൂടം സൃഷ്ടിച്ചിരിക്കുന്നു.. ഇത് അർബ്ബുദംപോലെ പടരുന്നു. ഹിന്ദുത്വ ലക്ഷ്യമിട്ടത് ഇതുതന്നെയാണ്. ആർ എസ് എസിന്റെ അജണ്ട മറ്റൊന്നല്ല. ഇനി ഏത് ഭരണം വന്നാലും ഒരു മതേതര ജനാധിപത്യത്തിലേക്കുള്ള തിരിച്ചുപോക്ക് എളുപ്പമല്ല.

യാഥാർഥ്യങ്ങൾ അല്ലാതെ മറ്റൊന്നും ഈ നോവലിൽ ഇല്ല. എല്ലാം നമ്മുടെ കൺമുന്നിൽ നടന്നിട്ടും നാം കാണാതെ പോയവ. യാഥാർഥ്യങ്ങളുടെ സൂഷ്മദർശനം ഫിക്ഷനെക്കാൾ ശക്തവും മൂർച്ചയുള്ളതുമാണോ എന്ന് വായിച്ചു തീരുമ്പോൾ നാം ചിന്തിച്ചുപോകും. ഭാവനയുടെ കണ്ണാടിയെ മാറ്റിവച്ച് ഫിക്ഷന്റെ വിദഗ്ദ്ധ സങ്കേതം ഉപയോഗിച്ച് നേർക്കാഴ്ചയിൽ നാം ജീവിക്കുന്ന ലോകത്തെ ഈ നോവൽ അനുഭവിപ്പിക്കുന്നു.

അഖിലേഷ് എന്ന ഗവേഷണ വിദ്യാർത്ഥിയിലൂടെയാണ് സമകാലീന ഇന്ത്യയിലാകെ വ്യാപിച്ച ഭീതിദമായ സംഭവ പരമ്പരകളുടെ ചുരുൾ നിവരുന്നത്.അയാൾ ആദിവാസി ഗോത്രവിഭാഗത്തെ കുറിച്ചുള്ള ഗവേഷണത്തിന് ഗുജറാത്തിൽ എത്തുമ്പോഴാണ് പോലീസിന്റെ പിടിയിലാകുന്നത്. കൂടെ അയാളോടൊപ്പം ജെ എൻ യു വിൽ പഠിക്കുന്ന റഹിമും. കുറ്റം ചെയ്യാതെ വിചാരണയിൽ കഴിയുന്ന തടവുകാരുടെ കൂട്ടത്തിൽ അഖിലേഷും റഹിമും ഭീകര മർദ്ദനത്തിന് ഇരയാകുന്നു. കുറ്റം ചെയ്യാതെ വിചാരണത്തടവുകാരായി കിടക്കുന്നവന്റെ മാനസികാവസ്ഥയും മാനസിക പരിണാമങ്ങളും നോവൽ നമ്മെ അനുഭവിപ്പിക്കുന്നു.

ദളിതരുടെയും ആദിവസികളുടെയും ഇടയിൽ പ്രവർത്തിക്കുന്ന പലരും അനന്തമായ വിചാരണയും പീഡനവും അനുഭവിച്ച് ജയിലിലുണ്ട്. അതിലൊരാളായ ദീപാങ്കുർ റാവുവിലാണ് ഇന്നത്തെ ഇന്ത്യയെ കണ്ടെത്താനുള്ള അഖിലേഷിന്റെ ദുർഘടപാത തുടങ്ങുന്നത്. വൃദ്ധനായ ദീപാങ്കുർ ദളിത് കുട്ടികൾക്ക് നാടകം അവതരിപ്പിച്ചതിനാണ് പിടിക്കപ്പെട്ടത്. അദ്ദേഹം അഖിലേഷിനോട് പറയുന്നത് ഈ നോവലിന്റെ മർമ്മവാക്യമാണ്. ' ഫാസിസം ചെയ്യുന്നത് കേവലം ശാരീരികമായ ഉന്മൂലനം മാത്രമല്ല, അത് മാനസികമായ കടന്നാക്രമണങ്ങൾ കൂടിയാണ്''.

> **യാഥാർഥ്യങ്ങൾ അല്ലാതെ മറ്റൊന്നും ഈ നോവലിൽ ഇല്ല. എല്ലാം നമ്മുടെ കൺമുന്നിൽ നടന്നിട്ടും നാം കാണാതെ പോയവ. യാഥാർഥ്യങ്ങളുടെ സൂഷ്മദർശനം ഫിക്ഷനെക്കാൾ ശക്തവും മൂർച്ചയുള്ളതുമാണോ എന്ന് വായിച്ചു തീരുമ്പോൾ നാം ചിന്തിച്ചുപോകും. ഭാവനയുടെ കണ്ണാടിയെ മാറ്റിവച്ച് ഫിക്ഷന്റെ വിദഗ്ദ്ധ സങ്കേതം ഉപയോഗിച്ച് നേർക്കാഴ്ചയിൽ നാം ജീവിക്കുന്ന ലോകത്തെ ഈ നോവൽ അനുഭവിപ്പിക്കുന്നു.**

മറ്റൊരു തടവുകാരനായ പ്രഫുല്ല കുമാർ പറഞ്ഞത്, നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം ജയിലിലെ വിചാരണത്തടവുകാരിലെ എൺപതുശതമാനവും ആദിവാസികളും ദളിതരും മുസ്ലീങ്ങളും ആണെന്നാണ്. പ്രഫുല്ല കുമാർ ആദിവാസിയാണ്. പ്രഫുല്ല കുമാറിലിലൂടെ അഖിലേഷ് കണ്ടിട്ടില്ലാത്തതും അനുഭവിക്കാത്തതുമായ യാഥാർഥ ഇന്ത്യയെ അറിയുകയായിരുന്നു.

പോർബന്ദർ ജയിലിൽ നിന്ന് തിഹാർ ജയിലിലെത്തിയ അഖിലേഷ് മറ്റൊരു വിചാരണത്തടവുകാരനായ അലിഖാനെ കണ്ടുമുട്ടുന്നു. സ്റ്റാൻലി സ്വാമിയുടെ സുഹൃത്തായിരുന്നു അലിഖാൻ. സ്റ്റാൻലി സ്വാമിയുടെ കഥകേട്ട് അഖിലേഷ് ശ്വാസം വിടാൻ കൂടി കഴിയാതെ ഇരുന്നു എന്ന് നോവലിൽ വായിക്കാം. നോവലിലെ ഭാവനാ കഥാപാത്രമായ അഖിലേഷ് സമീപകാലത്ത് ജീവിച്ചിരുന്നവരും, ഹിന്ദുത്വ ഭീകരതയിൽ രക്തസാക്ഷികളായുമായവരുടെ കഥകൾ കേൾക്കുന്നു. ഭീകരമർദ്ദനങ്ങളേറ്റവരെ കാണാനായി പുറപ്പെടുന്നു. അങ്ങനെ ഭാവന കഥാപാത്രം വർത്തമാന ചരിത്രഭൂമികയിലേക്കിറങ്ങുന്നു. ഫിക്ഷനും യാഥാർഥ്യവും അഴിക്കാനാകത്തവിധം കെട്ടുപിണയുന്നു. ഇങ്ങനെയല്ലാതെ യാഥാർഥ്യങ്ങളുടെ ഗർഭഭൂമിയിൽ എത്താനാകില്ല എന്നു വായനക്കാരന് തോന്നിപ്പോകുന്നു.

ഇരുണ്ട വെളിച്ചത്തിൽ അലിഖാന്റെ വാക്കുകൾ ഒരു മന്ത്രമായി അവന്റെ കേൾവിയിൽ തൊട്ടു. ഓരോ ദിവസവും ഈ ഇരുട്ടറയിൽ നാം പുതിയ ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. ഇനിയൊരു മടങ്ങിപ്പോക്ക് സാധ്യമല്ല. ഇതിൽ നിന്നൊരു മോചനം അനിവാര്യമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ചെറുത്തുനിൽപ്പിന്റെ തത്വശാസ്ത്രമതാണ്. അലിഖാനുമായുള്ള പല ദിനങ്ങളിലെ സംഭാഷണത്തിനു ശേഷം അഖിലേഷിന്റെ ഗവേഷണ ഡേറ്റ വിചാരണത്തടവുകാരിലേക്കും അവരെ ഇവിടെ കൊണ്ടെത്തിച്ച സാഹചര്യത്തിലേക്കും മാറി. അത് പുതിയ വെളിച്ചമായി. ആഴത്തിലെ സാമൂഹ്യ രാഷ്ട്രീയ കാഴച്പ്പാടൊന്നുമില്ലാത്ത ജെ എൻ യു വിലെ ആ ഗവേഷണ വിദ്യാർത്ഥി ഭൂതാവിഷ്ടരുടെ ഇൻഡ്യയെ കാണുകയായിരുന്നു. അവൻ രക്ഷപ്പെടാനാകത്ത കുരുക്കിലാണെന്നറിഞ്ഞിട്ടും സത്യങ്ങൾ പുറത്തുകൊണ്ടുവരാനുള്ള യാത്ര ആരംഭിച്ചു.

അങ്ങനെ ഗുജാറാത്ത് വംശഹത്യയുടെ ഭീകരദൃശ്യങ്ങളിലൂടെ അഖിലേഷ് കടന്നുപോകുമ്പോൾ നാം അനുഭവിക്കുന്ന മാനസികാവസ്ഥ വിവരിക്കാൻ കഴിയുന്നതല്ല. ഈ നോവലിലെ പതിനൊന്നും പന്ത്രണ്ടും അദ്ധ്യായങ്ങൾ വല്ലാത്ത രക്തസമ്മർദ്ദത്തോടെയല്ലാതെ നമുക്ക് വായിച്ചു തീർക്കാനാകില്ല. മുസ്ലീങ്ങളെ രണ്ടുരീതിയിൽ ഇല്ലാതാക്കാനാണ് ഹിന്ദുത്വ ലക്ഷ്യമിടുന്നത്. ഒന്ന്

അവരെ തെരെഞ്ഞുപിടിച്ച് കൊല്ലുക. കുട്ടികളെയും ഗർഭിണികളെയും കൊല്ലുന്നതിനാണ് അധിക പ്രാധാന്യം കൊടുക്കുന്നത്. മറ്റൊന്ന് വോട്ടർ പട്ടികയിൽ അവരുടെ പേരില്ലാതാക്കി പ്രാഥമിക പൌരാവകാശം തന്നെ റദ്ദു ചെയ്യുക. ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കാനുള്ള അത്യന്തം ഹീനമായ ഫാസിസ്റ്റ് ബുദ്ധി.

അഖിലേഷിന് കിട്ടിയ രണ്ടുമാസത്തെ പരോൾകാലത്തെ അന്വേഷണവും കണ്ടെത്തലുമാണ് നോവലിന്റെ ജീവനാഡി. അവൻ നേരേ പോയത് അവന്റെ സുഹൃത്തായ ജാമിയ മില്യയിൽ വിദ്യാർത്ഥിയായിരുന്ന മുഹമ്മദ്റോഷന്റെ അടുത്തേക്കാണ്. ജെ എൻ യുവിലേയും ജാമിയ മില്യയിലേയും മുസ്ലീം നാമധാരികളായ ഒട്ടേറെ വിദ്യാർത്ഥികൾ ഇന്ന് വിചാരണത്തടവുകാരാണ്. അവരിൽ ഒരാളാണ് ഉമർഖാലിദ്. നമ്മോട് യാഥാർഥ്യങ്ങളുടെ ചുരുൾ നിവർത്തുന്ന അഖിലേഷ് ഉമർ ഖാലിദിന് സംഭവിച്ചതെന്തെന്ന് പറയുന്നു. അങ്ങനെ ഓരോ സംഭവ പരമ്പരകളിലൂടെ അഖിലേഷിനൊപ്പം ദുരന്തഭൂമിയിലൂടെ മനഃസാക്ഷിയെ താങ്ങിപിടിച്ച് വായനക്കാരൻ പേജുകളിലൂടെ കടന്നുപോകേണ്ടിവരുന്നു. വെറും കഥയായിരുന്നെങ്കിലും വേദന നാം അനുഭവിക്കും. പക്ഷേ പച്ചയായ യാഥാർഥ്യമായതുകൊണ്ടാണ് നമ്മുടെ മനഃസാക്ഷി ഉണരുന്നത്. എവിടെയോ നമ്മളും ഇതിലൊക്കെ പങ്കാളികളായതുപോലെ. ഒരു ഇന്ത്യാക്കരനാകുന്നതു തന്നെ കുറ്റകരമാകുന്ന അവസ്ഥ. കാരണഭൂതർ ഭൂതാവിഷ്ടരായി സിംഹാസനത്തിൽ ഇപ്പോഴുമിരിക്കുമ്പോൾ ഓരോ പൌരനും കുറ്റമുക്തരല്ല.

കഥയിൽ നിന്ന് അഖിലേഷിനെ റീയൽ സ്റ്റോറിയിലേക്കാണ് നോവലിസ്റ്റ് പറഞ്ഞയക്കുന്നത് സായിബാബയുടെ അടുത്തേക്കാണ്. അംഗപരിമിതന് കിട്ടേണ്ട അവകാശം പോലും നിഷേധിപ്പെട്ടാണ് പ്രൊഫസർ ജി എൻ സായിബാബ ജയിലിൽ കഴിഞ്ഞത്. മൂത്രമൊഴിക്കാൻ കൂടി അനുവദിക്കാതെ അണ്ഡാസെല്ലിൽ കഴിയെണ്ടിവന്നത് വായിക്കുമ്പോൾ പുസ്തകം മടക്കാതെ വായന സ്തംഭിക്കും. നാം ശ്വാസത്തിനായി പരതും. അത്രയും യാഥാർഥ്യാനുഭവങ്ങളുടെ സൂക്ഷ്മതയിൽ നോവലിസ്റ്റിന് എഴുതാൻ കഴിഞ്ഞിരിക്കുന്നു. രണ്ടുപേരുടെ സഹായമില്ലാതെ ദിനകൃത്യങ്ങൾ നടത്താനാവാത്ത ഒരാളുടെ പേരിൽ എത്ര എത്ര കുറ്റങ്ങൾ?

ഭീതിദമായ ശൂന്യത ജനിക്കുന്നു.

ഭീകരമായ ഒരു ഭാവി നമ്മെ കാത്തിരിക്കുന്നു.

**അഖിലേഷ് എന്ന ഗവേഷണ വിദ്യാർത്ഥിയിലൂടെയാണ് സമകാലീന ഇന്ത്യയിലാകെ വ്യാപിച്ച ഭീതിദമായ സംഭവ പരമ്പരകളുടെ ചുരുൾ നിവരുന്നത്. അയാൾ ആദിവാസി ഗോത്രവിഭാഗത്തെ കുറിച്ചുള്ള ഗവേഷണത്തിന് ഗുജറാത്തിൽ എത്തുമ്പോഴാണ് പോലീസിന്റെ പിടിയിലാകുന്നത്. കൂടെ അയാളോടൊപ്പം ജെ എൻ യു വിൽ പഠിക്കുന്ന റഹിമും. കുറ്റം ചെയ്യാതെ വിചാരണയിൽ കഴിയുന്ന തടവുകാരുടെ കൂട്ടത്തിൽ അഖിലേഷും റഹിമും ഭീകര മർദ്ദനത്തിന് ഇരയാകുന്നു. കുറ്റം ചെയ്യാതെ വിചാരണത്തടവുകാരായി കിടക്കുന്നവന്റെ മാനസികാവസ്ഥയും മാനസിക പരിണാമങ്ങളും നോവൽ നമ്മെ അനുഭവിപ്പിക്കുന്നു.**

എന്ന സായിബാബയുടെ കവിതയിലെ വരികളിലാണ് ആറാം അദ്ധ്യായം അവസാനിക്കുന്നത്.

ഒരദ്ധ്യായത്തിൽ മറ്റൊന്നിലേക്ക് കടക്കുമ്പോൾ പൈശാചികതയുടെയും ക്രൂരതയുടെയും ഗ്രാവിറ്റി കൂടിക്കൂടി വരുന്നു. എല്ലാം നാം വാർത്തകളിൽ കേട്ടറിഞ്ഞതാണെങ്കിലും സംഭവങ്ങളുടെ വിശ്വരൂപത്തിൽ അനുഭവിക്കുമ്പോൾ നാം വായിച്ച വാർത്തകൾ യാഥാർഥ്യത്തിന്റെ പുറംപാട മാത്രമായിരുന്നു എന്ന് നമ്മൾ അനുഭവിക്കും. സൊഹ്റാബുദ്ദീൻ ഷേക്കിന്റെ കൊലപാതകവും അയാളുടെ ഭാര്യയെ അനവധിപേർ ബലാൽ സംഗം ചെയ്ത് കൊന്നതുമായ സംഭവമാണ് അടുത്ത അദ്ധ്യായത്തിൽ നാം വായിക്കുന്നത്. സ്വരൂപ് ദയാൽ എന്ന പത്രപ്രവർത്തകൻ തന്റെ സുഹൃത്തായ ഒരു പോലീസുകാരനൊപ്പം സൊഹ്റാബുദ്ദീൻ വധത്തിലും ഭാര്യയുടെ ബലാൽ സംഗത്തിലും പങ്കാളിയായ പോലീസുകാരോടൊപ്പം ഒരു മദ്യപാനം ഒരുക്കുന്നുണ്ട്.

ദൃക്സാക്ഷികളുടെയും അനുഭവിച്ചവരുടെയും വിവരണങ്ങളിലൂടെ കൊലപാതകവും ബലാൽ സംഗവും നേർചിത്രങ്ങളായി പകർന്നിരിക്കുന്നു. ഇതൊരു വാർത്തയല്ല, ജീവിതമാണ്. മനുഷ്യരുടെ മേൽ വ്യവസ്ഥാപിത ഭരണകൂടം നടത്തിയ വേട്ട. നാലഞ്ചു കാലമാടൻമാർ അവളുടെ മേൽ കയറി ഇറങ്ങുമ്പോൾ എങ്ങനെ അവൾ മരിക്കാതിരിക്കും എന്നും താൻ അവളെ പ്രാപിക്കുമ്പോൾ അവൾ അബോധാവസ്ഥയിലായിരുന്നു എന്നും പറയുമ്പോൾ ആ പോലീസുകാരന് ഒട്ടും കുറ്റബോധം ഇല്ലായിരുന്നു എന്നും ആ ഓർമ്മയിൽ അയാൾ പുളകിതനാകുകയായിരുന്നു എന്നും സ്വരൂപ് ദയാൽ അഖിലേഷിനോട് പറയുന്നു.

അലിഖാൻ കൊടുത്തപേരുകളിലൊന്നായ രവി കിരണിനെകാണാൻ അഖിലേഷ് പൂനയിലേക്ക് പോകുകയാണ്. ജസ്റ്റിസ് ലോയയുടെ മരണവുമായി ബന്ധപ്പെട്ട കേസ് പഠിക്കാൻ ശ്രമിച്ച വക്കീലാണ് രവി കിരൺ. ജസ്റ്റിസ് ലോയ കൊല്ലപ്പെട്ടതാണെന്നറിയാമെങ്കിലും ലോയയുടേത് സാധാരണമരണമാണ്. ഞങ്ങളെ വെറുതെ വിടൂ എന്ന് ലോയയുടെ അച്ഛനും കുടുംബവും ഹൃദയം പൊട്ടി നിലവിളിച്ചു. ഭരണകൂടവും അതിന്റെ മർദ്ദനോപാധികളും ജുഡീഷ്യറിയുമെല്ലാമാണ് കൊലപാതകത്തിനുത്തരവാദിയെങ്കിൽ ഭീതിയാൽ വായ് പൊത്തിപ്പിടിച്ച് വിങ്ങിവിങ്ങി കരയാനല്ലാതെ മറ്റൊന്നിനും കഴിയില്ല. സൊഹ്റാബുദ്ദീൻ ഷേക്കിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിന്റെ വിചാരണ ജസ്റ്റിസ് ലോ

യയുടെ ബഞ്ചിലായിരുന്നു. ഈ കേസിലെ ഒന്നാംപ്രതി ഗുജറാത്ത് ആഭ്യന്തരമന്ത്രിയും ബിജെപി പ്രസിഡന്റും ആയിരുന്ന വ്യക്തിയായിരുന്നു. ലോയ ഹൃദയസ്തംഭനം മൂലം മരിച്ചു എന്നാണ് മാധ്യമ റിപ്പോർട്ട്. നോവലിസ്റ്റിലെ അന്വേഷണാത്മക പത്രപ്രവർത്തകൻ ഈ അദ്ധ്യായങ്ങളിലെ രചനയിൽ തെളിഞ്ഞു നിൽക്കുന്നു. ലോയയെ തുടർന്നു വന്ന ജഡ്ജ് മൂന്നു ദിവസത്തെ വിചാരണയ്ക്കു ശേഷം ആഭ്യന്തരമന്ത്രിയെ കുറ്റവിമുക്തനാക്കി. അടിയന്തിരാവസ്ഥയില്ലാതെ ഭരണകൂടത്തിന് വ്യക്തികളേയും സമൂഹത്തിനേയും ഇല്ലാതാക്കാം എന്ന് ഈ സംഭവ പരമ്പരകൾ തെളിയിക്കുന്നു.. മാധ്യമങ്ങളും ജുഡീഷ്യറിയും ഭരണ സംവിധാനങ്ങളും ഭരണഘടനയെ നോക്കുകുത്തിയാക്കുന്നതാണ് ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ വായിച്ചുപോകുമ്പോൾ നാം അനുഭവിക്കുന്നത്. ഇതൊക്കെ യാഥാർഥ്യമാണെന്ന തിരിച്ചറിവിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയുന്നില്ല. പക്ഷേ ലോയയുടെ കുടുംബാംഗങ്ങളെ പോലെ നമ്മളും ഭയത്തിന്റെ കവചത്തിൽ മൂടിപ്പുതയ്ക്കാൻ വിധിക്കപ്പെടുന്നു. ആ ഭയത്തെ ഭേദിക്കുന്നതാണ് പി കെ ശ്രീനിവാസന്റെ എഴുത്ത്.

തുടർന്ന് അഖിലേഷ് പോകുന്നത് ഹിന്ദുരാഷ്ട്ര നിർമ്മാണത്തിന്റെയും അതിനുള്ള വംശഹത്യയുടെയും പരീക്ഷണശാലയായ ഗുജറാത്തിലേക്കാണ്. ഗോധ്ര യും തുടർന്ന് നടന്ന സർക്കാർ സ്പോൺസേഡ് കൂട്ടക്കൊല പരമ്പരകളുടേയും ചുരുൾ നിവരുന്ന പേജുകളിലൂടെ കടന്നുപോകുമ്പോൾ ഘനീഭവിച്ച മനസ്സ് വായനയെ പലയിടത്തും തടസ്സപ്പെടുത്തിയേക്കാം. അക്രമികളെ പോലീസ് സഹായിക്കുന്നതും സഹായമഭ്യർഥിച്ച ഇരകൾക്ക് സഹായം നൽകാതിരുന്നതുമായ സംഭവങ്ങൾ നാം കാണുന്നു. പള്ളികളും ദർഗ്ഗകളും തകർന്നടിഞ്ഞതും മുസ്ലീംങ്ങൾ തിങ്ങി പാർക്കുന്നിടത്ത് കടകളും വീടുകളും തകർന്നുകിടക്കുന്നതുമായ ദൃശ്യങ്ങൾ ഒരു ചലച്ചിത്രത്തിലെന്നപോലെ നാം കാണുന്നു. സ്ത്രീകളെ നഗ്നരാക്കി ക്രൂമായി കൊല ചെയ്തത്, ഗർഭിണികളെ വയറുകീറി കൊലപ്പെടുത്തിയത്, ബലാൽ സംഘം ചെയ്ത് കൊന്നത്, അങ്ങനെ നിരപരാധികളായ, നിസ്സഹായരായ സ്ത്രീകളെയും കുട്ടികളെയും അരിഞ്ഞുവീഴ്ത്തിയത്, ഇതിന്റെയൊക്കെ ചോരപ്പാടുകൾ ചിത്രത്തിൽ നിന്ന് മായില്ല. അത് മായരുത്. ജെൻ സി കുട്ടികൾ ഈ ചരിത്രം അറിയണം. അരാണ് ഹിന്ദുത്വർ എന്ന് തിരിച്ചറിയണം. ആ മഹത്തായ ധർമ്മമാണ് ഈ പുസ്തകം നിർവ്വഹിക്കുന്നത്.

**ഇരുട്ടിലേക്ക് കൂടുതൽ ഇരുട്ടിലേക്ക് എന്നാണ് നോവൽ അവസാനിക്കുന്നതെങ്കിലും ഇരുട്ടിൽ നിന്ന് ഒരു പ്രകാശകണം പുറത്തു വരും എന്ന പ്രതീക്ഷയാണ് അഖിലേഷ് എന്ന കഥാപാത്രത്തിന്റെ സൃഷ്ടി. അതിലൂടെ സമകാലീന ഇരുട്ടിലേക്ക് പി കെ ശ്രീനിവാസൻ പ്രകാശത്തിന്റെ ഒരു കിരണം വിതറുകയാണ്.**

തുടർന്ന് ബിൽക്കിസ് ബാനോ കേസിലേക്ക് കടക്കുന്നു. ഗ്രാമം കത്തിയെരിഞ്ഞപ്പോൾ ബിൽക്കിസ് ബനോയും കുടുംബവും പ്രാണ രക്ഷാർത്ഥം ഓടി. വഴിയിൽ ഹിന്ദു വർഗ്ഗീയ വാദികൾ അവരെ തടഞ്ഞു. പരസ്പരം അറിയാവുന്ന ഒരേ ഗ്രാമക്കാർ. തന്നെ മകളെപ്പോലെ കണ്ടിരുന്നവർ. മുസ്ലീങ്ങളാണിവർ കൊല്ലവരെ എന്നാക്രോശിച്ച് അവർ ബാനുവിന്റെ കുടുംബത്തെ വളഞ്ഞു. ബാനുവിന്റെ കൈയിലിലുന്ന മൂന്നു വയസ്സുള്ള കുഞ്ഞിനെ വലിച്ചെടുത്ത് തറയിലടിച്ചു കൊന്നു. തുടർന്ന് ഗർഭിണിയായ ബാനുവിനെ തന്റെ സ്വന്തം ആൾക്കാരുടെ മുന്നിലിട്ട് ബലാൽ സംഗം ചെയ്തു. ഒരോരുത്തരേയും സംഘം കൊന്നുകൊണ്ടിരുന്നു. പന്ത്രണ്ടാം അദ്ധ്യായം അഗാധമായ നോവിൽ നിന്നേ വായിക്കാനാകൂ. അവൾക്ക് ബോധം തെളിയുമ്പോൾ നഗ്നയായി കിടക്കുന്ന അവൾക്കചുറ്റും മൃതദേഹങ്ങളാണ്. എട്ടു ബലാൽ സംഘങ്ങൾക്കും പതിനാല് കൊലപാതകങ്ങൾക്കും അവൾ മാത്രമാണ് സാക്ഷി. .... ഒക്കെ ചെയ്തത് തനിക്കറിയാവുന്ന സ്വന്തം ഗ്രാമവാസികൾ. അവൾ നടന്ന് ഒരാദിവാസിഗ്രാമത്തിലെത്തി. ബാനുവിന് ജീവൻ നഷ്ടപ്പെടാത്തതുകൊണ്ടും അവൾ തീയിൽ കുരുത്താതാകാം എന്നതുകൊണ്ടും ഈ കേസ് വെളിച്ചത്തുവന്നു.

നാമറിയാത്ത വാർത്തയാകാത്ത എത്ര എത്ര സംഭവങ്ങൾ. തൊട്ടയൽ പക്കത്തുള്ളവർക്ക് മതത്തിന്റെ പേരിൽ വിദ്വേഷം വിതറി കൊടു ക്രൂതകൾ കൂടി ചെയ്യാവുന്ന മാനസിക ഉടമകളാക്കി ഹിന്ദുത്വരെ മാറ്റുക എന്നതാണ് ഹിന്ദു ഫാസിസ്റ്റുകളുടെ ലക്ഷ്യം. മൃഗത്തിന് ഒരിക്കലും മനുഷ്യനെപ്പോലെ ക്രൂരനാകാൻ കഴിയില്ല എന്ന ദസ്തയേവിസ്ക്കിയുടെ വാക്കുകൾ ഒരദ്ധ്യയത്തിന്റെ മുഖകുറിപ്പായി കൊടുത്തിട്ടുള്ളത് എത്ര അർത്ഥവത്താണ്!

മുസ്ലീം ഐഡന്റിറ്റി ഭാരമായി മാറുന്ന അവസ്ഥയിൽ പേരുമാറ്റി എവിടെ എങ്കിലും പോയി ജീവീക്കേണ്ട ദുരവസ്ഥ ഈ നോവലിൽ കാണുന്നത് വർത്തമാനകാല യാഥാർത്ഥ്യമാണ്. ഇന്നത്തെ വാർത്തകളിൽ നിറഞ്ഞു നിൽക്കുന്ന ഒന്നാണ് വോട്ടർപട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യുന്നത്. ഡേറ്റകൾ സഹിതം എങ്ങനെയാണ് മതത്തിന്റെ പേരിൽ ആളുകളെ പുറത്തു നിർത്തുന്നതെന്ന് നമുക്ക് വായിക്കാം.

ഇരുട്ടിലേക്ക് കൂടുതൽ ഇരുട്ടിലേക്ക് എന്നാണ് നോവൽ അവസാനിക്കുന്നതെങ്കിലും ഇരുട്ടിൽ നിന്ന് ഒരു പ്രകാശകണം പുറത്തു വരും എന്ന പ്രതീക്ഷയാണ് അഖിലേഷ് എന്ന കഥാപാത്രത്തിന്റെ സൃഷ്ടി. അതിലൂടെ സമകാലീന ഇരുട്ടിലേക്ക് പി കെ ശ്രീനിവാസൻ പ്രകാശത്തിന്റെ ഒരു കിരണം വിതറുകയാണ്. അര ശതാബ്ദക്കാലത്തെ പത്രപ്രവർത്തനിന്റെ സഞ്ചിത ഓർമ്മകൾക്ക് ഇരുളിൽ പോയി പ്രകാശത്തിനെ ഭൂതാവിഷ്ടരുടെ സിംഹാസനങ്ങളിലൂടെ പ്രകാശിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു.






**പരാജിത നായകർ**
**അനീഷ് ടി**
ലോഗോസ് ബുക്സ്, പട്ടാമ്പി

# തമിഴക താര രാഷ്ട്രീയം: ദൃശ്യതയും അദൃശ്യതയും

**തമിഴ് നാടിന്റെ തനതായ രാഷ്ട്രീയ സ്വത്വത്തിന്റെയും സിനിമയും രാഷ്ട്രീയവും പരസ്പരം ആശ്ലേഷിച്ചതിന്റെയും ചരിത്രം അടിപ്പടവാക്കിക്കൊണ്ടാണ് അനീഷിന്റെ അന്വേഷണം.**

◉ **ആർ ചന്ദ്രബോസ്**

തമിഴ് നാടിന്റെ താര രാഷ്ട്രീയ സംസ്കാരത്തിൽ ദൃശ്യതയിൽപ്പെടാത്ത വസ്തുതകൾ മറനീക്കിക്കാണിക്കുന്ന പുസ്തകമാണ് , ടി. അനീഷിന്റെ 'പരാജിതനായകർ - തമിഴ് താര രാഷ്ട്രീയത്തിന്റെ കഥ. ചരിത്രപരതയോടും വസ്തുതാപരമായും വിശകലനപരമായും ജനകീയ ശൈലിയിൽ രചിച്ച വേറിട്ട രാഷ്ട്രീയ സംസ്കാര പഠനഗ്രന്ഥം. തമിഴകത്തെ താര രാഷ്ട്രീയത്തെക്കുറിച്ച് നിലനിൽക്കുന്ന പൊതുബോധത്തെ റദ്ദു ചെയ്യുന്നു ഈ കൃതി , മാത്രമല്ല ഗ്രൗണ്ട് സീറോയിൽ നിന്നുകൊണ്ട് ജനപക്ഷ യാഥാർത്ഥ്യങ്ങളെ ആസ്പദമാക്കി



തയ്യാറാക്കിയ സംസ്കാര പഠനമെന്ന നിലയിലും ഇത് പ്രാധാന്യമർഹിക്കുന്നു.

ചലച്ചിത്രത്തിലെ താര നായകരുടെ രാഷ്ട്രീയ പ്രവേശവും അധികാരത്തിലേക്കുള്ള ആരോഹണാവരോഹങ്ങളും പുറമെ നോക്കിയാലൊരു സിനിമാറ്റിക് വിസ്മയമാണ്. അടിത്തട്ടിലെ തമിഴ് ജനത ഇതിന്റെ പേരിൽ അവമതിക്കപ്പെടുന്നുമുണ്ട്. താരത്തിളക്കത്തിന്റെ മായിക പ്രഭയിൽ മതിമയങ്ങി വരെന്നും സിനിമ ഭ്രാന്തമായ ആവേശവും മതവും വിശ്വാസവും ആരാധനയുമാക്കിത്തീർത്തവരെന്നും അക്കാദമിക് ചർച്ചകളിൽ ഉയർന്നു കേൾക്കാറുണ്ട്. ഇതിന്റെയെല്ലാം നിജസ്ഥിതിയിലേക്കുള്ള സഞ്ചാരമാണ് അനീഷിന്റെ പുസ്തകം. തമിഴ് നാടിന്റെ തനതായ രാഷ്ട്രീയ സ്വത്വത്തിന്റെയും സിനിമയും രാഷ്ട്രീയവും പരസ്പരം ആശ്ലേഷിച്ചതിന്റെയും ചരിത്രം അടിപ്പടവാക്കിക്കൊണ്ടാണ്

അനീഷിന്റെ അന്വേഷണം.

ദേശീയ രാഷ്ട്രീയ ധാരയോടു വിഘടിച്ചും ചിലപ്പോഴൊക്കെ സന്ധി ചെയ്തും അതേ സമയം ദ്രാവിഡ സ്വത്വത്തിൽ നിന്നു വ്യതിചലിക്കാതെയും അടിസ്ഥാന വർഗ്ഗ ജനതയുടെ വിമോചന സ്വപ്നങ്ങളിൽ പ്രതീക്ഷയർപ്പിച്ചും രൂപമാർജ്ജിച്ചതാണ് ദ്രാവിഡ രാഷ്ട്രീയ പ്രസ്ഥാനം. തമിഴ് നാടിന്റെ രാഷ്ട്രീയ ഭാഗധേയത്തെ രൂപപ്പെടുത്തിയത് ദ്രാവിഡ സ്വത്വരാഷ്ട്രീയമത്രെ. ഭാഷയിലും സംസ്കാരത്തിലും അതിരറ്റ് ഊറ്റം കൊള്ളുന്ന വരേണ്യ ആര്യ വംശീയ പ്രത്യയ ശാസ്ത്രങ്ങളെ അതിർക്കുന്ന ദ്രാവിഡ ദേശീയതയ്ക്കായി ഉടലും ഉയിരും അർപ്പിക്കുന്ന രാഷ്ട്രീയ ബോധ്യം. തികച്ചും ,തീവ്ര വൈകാരികതയാണ് അതിന്റെ ഭാഷയും ഭാഷണവും. ജാതി മതാതീതമായ മാനവികത ഉയർത്തിപ്പിടിക്കുന്ന, എല്ലാത്തരം അധിനിവേശങ്ങളെയും ചെറുക്കുന്ന, അധ:സ്ഥിതരുടെയും അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയും വിമോചനത്തിന് ഊന്നൽ നൽകുന്ന , സാമൂഹിക നീതി, ജാതിവിരുദ്ധത,യുക്തിചിന്ത, എന്നീ ആശയങ്ങളിൽ കിളിർത്ത , തനതായ സാമൂഹിക ക്ഷേമ മാതൃകകൾ ഏറ്റെടുക്കുന്ന, പെരിയാർ ഇ.വി രാമസ്വാമി നായ്ക്കരുടെ രാഷ്ട്രീയ ഭാവനയിൽ പിറന്ന ദ്രാവിഡ കഴകം എല്ലാ വിഭാഗം ജനങ്ങളുടെയും താങ്ങും തണലുമായി രുന്നു വിമോചന പ്രതീക്ഷയായിരുന്നു. ഒരു ജനതയെ അക്ഷരാർത്ഥത്തിൽ വൈകാരികമായി കൂട്ടി യോജിപ്പിക്കാൻ കഴിഞ്ഞ രാഷ്ട്രീയ പ്രസ്ഥാനം അപൂർവങ്ങളിൽ അപൂർവ്വമാണെന്നു പറയാം.

ദ്രാവിഡ രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തിലേക്ക് ജനതയെ അണിചേർക്കാൻ ആദ്യം ജനപ്രിയ കലാരൂപമായ നാടകത്തെയും പിന്നീട് സിനിമയെയും പ്രചരണ സാമഗ്രികളായി ഉപയോഗിച്ചു തുടങ്ങുന്നതോടെയാണ്, ദ്രാവിഡരാഷ്ട്രീയ ചരിത്രത്തിന്റെ പുതു യുഗം ആരംഭിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഭാഷാ ദേശീയതയുടെ തിരുപ്പിറവി മുതൽ തമിഴ് നാട് രാഷ്ട്രീയം സിനിമാറ്റിക് യുഗത്തിലേക്ക് പ്രവേശിക്കുന്നു.

ദ്രാവിഡ രാഷ്ട്രീയത്തിന്റെ തീവ്ര പ്രവർത്തകരായ അണ്ണാദുരൈയും കരുണാനിധിയുമാണ് വാണിജ്യ സിനിമയുടെ രചയ്താക്കളായി, പുതിയ രാഷ്ട്രീയ സംസ്കാരത്തിന് തൂലിക ചലിപ്പിച്ചത്. രാഷ്ട്രീയ പ്രത്യയ ശാസ്ത്ര നിർമ്മിതിയും കച്ചവട കലയും , മാധ്യമങ്ങളും സമ്മതി നിർമ്മിതിയും തുടങ്ങി മാധ്യമ പഠനത്തിന്റെയും പ്രത്യയ ശാസ്ത്ര പഠനത്തിന്റെയും പരികല്പനകൾ പ്രയോഗതലത്തിൽ

> **തമിഴ് സിനിമയുടെ ചരിത്രം സമാന്തരമായി ഇതിൽ വിന്യസിക്കപ്പെടുന്നുണ്ട്. കേവലം കെട്ടുകാഴ്ചകൾക്കപ്പുറത്ത് തമിഴ് ജനതയുടെ സാംസ്കാരിക സ്വത്വത്തെയും ഇച്ഛകളെയും സ്വപ്നങ്ങളെയും വെള്ളിത്തിരയിൽ പൊലിപ്പിച്ചു കാട്ടി ഓരോ നടന്മാരും താര ബിംബങ്ങളായി മാറിയതിന്റെ സൂക്ഷ്മ വിവരണവും അനീഷ് നിർവ്വഹിക്കുന്നു. ഒരർത്ഥത്തിൽ പരാജിതനായകരുടെ ചലച്ചിത്രത്തിലെയുംരാഷ്ട്രീയത്തിലെയും ദൃശ്യ ജീവചരിത്രം കൂടിയാകുന്നു ഈ കൃതി.**

സാക്ഷാൽക്കരിക്കപ്പെടുന്ന ഭൂമികമായി തമിഴകം മാറുന്നു. 1950 കൾക്കുശേഷം ഇന്നുവരെ താര രാഷ്ട്രീയത്തിന്റെ പ്രഭാവം ഇവിടെ കാണാം.ജനകീയ മാധ്യമങ്ങളിലൂടെയുള്ള രാഷ്ട്രീയസംസ്കാര പ്രചാരം ജനതയുടെ ബോധരൂപീകരണത്തിൽ ഇടപെടുന്നതെങ്ങനെ എന്ന് വിപുലമായ പഠനങ്ങൾക്കു വിധേയമായിട്ടുണ്ട്. സംസ്കാര പഠനമെന്ന ജ്ഞാന മേഖലയുടെ ഭാഗമാണത്. മാർക്സിസവും സാഹിത്യവും എന്ന ഗ്രന്ഥത്തിൽ റെയ്മണ്ട് വില്യംസ് നിരീക്ഷിച്ചിട്ടുള്ളതു പോലെ, വിശ്വാസ സംഹിതകളെ വളർത്തിയെടുക്കുന്ന, കപട വിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കുന്ന പ്രത്യേക അർത്ഥങ്ങളും ആശയങ്ങളും ഉല്പാദിപ്പിക്കുന്ന പ്രത്യയ ശാസ്ത്ര ഉപകരണമായി സിനിമ ഉപയോഗിച്ചതിന്റെ ചരിത്രവർത്തമാനങ്ങൾ നമുക്ക് മുന്നിലുണ്ട്. തമിഴ് സിനിമയിൽ ഇതിന്റെ പ്രവർത്തനം പ്രത്യേകം പഠിക്കപ്പെടേണ്ടവയാണ്. ദ്രാവിഡ കഴകം, ദേശീയ വംശീയ സ്വത്വവാദം സിനിമയിലൂടെ പ്രചരിപ്പിച്ചു. സമ്മത നിർമ്മിതിയുടെയും ജനതയുടെ മാനസികവും സാമൂഹികവുമായ ബോധത്തെ സ്വാധീനിക്കുന്നതിന്റെയും വിവിധ തലങ്ങളും അവിടെ കാണാം. രാഷ്ട്രീയ ലക്ഷ്യത്തിലൂന്നിയായിരുന്നു , ആദ്യകാലത്ത് അതെല്ലാം.

എന്നാൽ പിന്നീട് നിക്ഷിപ്ത താല്പര്യങ്ങളും താര മത്സരങ്ങളും രാഷ്ട്രീയ പടലപിണക്കങ്ങളും തമിഴ് ചലച്ചിത്ര വ്യവസായത്തെ ഒരു ചന്ത പോലെയാക്കിത്തീർത്തു.മാത്രമല്ല ജനപ്രീതിയുടെയും താരപരിവേഷത്തിന്റെയും ബലപരീക്ഷണ വേദിയായി. ദ്രാവിഡ കഴകത്തിന്റെ പിളർപ്പിലേക്കും താരകേന്ദ്രിതമായി പുതിയ ദ്രാവിഡ പാർട്ടികളുടെ രൂപീകരണത്തിലേക്കുമാണ് അതൊക്കെ നയിച്ചത്.

എം.ജി ആർ മുതൽ ജോസഫ് വിജയ് വരെയുള്ള താരങ്ങൾ അധികാരക്കസേരയിലെത്തിയതിന്റെ ചരിത്രത്തിലേക്കു നോക്കി താരത്തിളക്കമാണ് തമിഴ് നാടിന്റെ രാഷ്ട്രീയം എന്ന് ഒരാഖ്യാനം ഉയർന്നുവന്നതിന്റെ കാരണം ഇതാണ്.എന്നാൽ ആഖ്യാനങ്ങളിൽ ഇടം കിട്ടാതെ പോയ താര രാഷ്ട്രീയ കഥ കൂടി തമിഴ് നാടിന് പറയാനുണ്ട്. ജനതയുടെ വേറിട്ട രാഷ്ട്രീയ ബോധത്തെ അടയാളപ്പെടുത്തുന്ന ഒന്ന്. താര രാഷ്ട്രീയത്തിലെ അദൃശ്യതയുടെ ആഖ്യാനമാണ് പരാജിതനായകരിൽ അനീഷ് നിർവ്വഹിക്കുന്നത്.

താരങ്ങളുടെ രാഷ്ട്രീയമോഹങ്ങളും ജനതയുടെ പ്രതീക്ഷകളും തമ്മിൽ ഇടഞ്ഞ് എട്ടു നിലയിൽ പൊട്ടിയ താര രാഷ്ട്രീയത്തിന്റെ കഥയാണ് ഇവിടെ പ്രതിപാദിക്കുന്നത്. അധികാര രാഷ്ട്രീയ മത്സരത്തിൽ പൊലിഞ്ഞു പോയ താരങ്ങളെ ഒന്നൊന്നാ

യി എടുത്തു കാട്ടിക്കൊണ്ട് തമിഴ് ജനതയുടെ രാഷ്ട്രീയ അബോധത്തിന്റെ ഭൂപടം വരയ്ക്കുകയാണ്. താര രാഷ്ട്രീയത്തിന്റെ വൈകാരിക ചരിത്രമാണ് ഇവിടെ സൂക്ഷ്മ വിശദാംശങ്ങളോടെ പറയുന്നത്. താരമായാലും അല്ലെങ്കിലും രാഷ്ട്രീയക്കാരിലെ ഉണ്മയും ആത്മാർത്ഥതയും സത്യസന്ധതയും തിരിച്ചറിയുവാനുള്ള വിവേകം എന്നും തമിഴ് ജനതയ്ക്കുണ്ട്. അനീഷ്എഴുതുന്നു‘ ജനങ്ങളോടൊപ്പം ഉണ്ടാകുമെന്ന് പ്രതീക്ഷ നിലനിർത്തിയവരെ നിരുപാധികമായി പിന്തുണച്ചും അധികാര നേട്ടത്തിനായി താരപ്രഭ കാണിച്ച് മോഹിപ്പിച്ചവരെ നിഷേധിച്ചും തന്നെയാണ് തമിഴ് ജനത അവരുടെ രാഷ്ട്രീയ സമ്മതിദാനം രേഖപ്പെടുത്തിയത്. അതിഭൗതിക നായകത്വത്തോടുള്ള ആരാധനയാണ് തമിഴരെ നയിക്കുന്നതെന്ന മുൻവിധിയാണ് തമിഴ് നാട് രാഷ്ട്രീയത്തെ സിനിമ വിഴുങ്ങി എന്ന വിമർശനത്തിനു ഹേതു. താരപരിവേഷം മാത്രം മുതലീടാക്കി രാഷ്ട്രീയ പരീക്ഷണത്തിനു പുറപ്പെട്ട് പരാജയമടഞ്ഞ സൂപ്പർ താരങ്ങളെയും അവർ രൂപവത്ക്കരിച്ച് മിന്നിപ്പൊലിഞ്ഞു പോയ സംഘടനകളും അതിനുദാഹരണമാണ്‘ (പു. 20 ) സിനിമയിൽ കിട്ടിയ താരപരിവേഷം മൂലധനമാക്കിരാഷ്ട്രീയത്തിലേക്ക് വന്ന പലർക്കും ജനവിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞില്ല. അതിന്റെ നാൾവഴികളും കഥകളും പരാജയങ്ങളുമാണ് ഹൃദ്യമായി ആഖ്യാനം ചെയ്യുന്നത്. സ്വന്തം താരപരിവേഷം മൂലധനമാക്കി ജനവിശ്വാസം ആർജ്ജിക്കാൻ ശ്രമിച്ച താരങ്ങളിൽ എം ജി ആറും ജയലളിതയും ജോസഫ് വിജയും ഒഴികെ എല്ലാവരും കാലിടറി വീണവരാണ് എന്ന് അനീഷ് വസ്തുതകൾ നിരത്തി സ്ഥാപിക്കുന്നു.

ശിവാജി ഗണേശൻ, എസ്.എസ്. രാജേന്ദ്രൻ ,കെ.ഭാഗ്യരാജ്, ടി.രാജേന്ദർ, ശരത് കുമാർ, കമൽഹാസൻ, വിജയകാന്ത്, കാർത്തിക്, കരുണാസ്, സീമാൻ, രജിനികാന്ത് തുടങ്ങിയ താരങ്ങളുടെ രാഷ്ട്രീയ പ്രവേശത്തിന്റെ ഗതിവിഗതികളും പൊലിഞ്ഞു പോയ സ്വപ്നങ്ങളും സസ്പെൻസ് നിറഞ്ഞ ചലച്ചിത്ര കഥ പോലെ ആഖ്യാനം ചെയ്യുകയാണ്. ആദ്യ കാലത്ത് ഡി എം.കെയുടെ പ്രചാരണ വേദികളിൽ നിറഞ്ഞു നിന്ന ശിവാജി ഗണേശൻ, തമിഴകത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ നിന്ന് നിഷ്കാസിതനായതിന്റെ യഥാർത്ഥ വസ്തുതകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു ’ തമസ്കരിക്കപ്പെട്ട രാഷ്ട്രീയ നായകൻ എന്ന ആദ്യ അധ്യായം.

ഓരോരുത്തരുടെയും താരപരിവേഷം രൂപപ്പെട്ടതിന്റെ ചരിത്രം രസകരമായി പറയുന്നു. ഒരർത്ഥത്തിൽ തമിഴ് സിനിമയുടെ ചരിത്രം സമാന്തരമായി ഇതിൽ വിന്യസിക്കപ്പെടുന്നുണ്ട്.

**തങ്ങൾക്ക് ജീവിക്കാൻ , പ്രതീക്ഷയർപ്പിക്കാൻ വിഗ്രഹങ്ങൾ വേണം പക്ഷേ കളവരുത് നിലപാടുകളിൽ ഉറച്ചുനിൽക്കണം, ഉടൽ മണ്ണുക്ക് ഉയിർ തമിഴുക്ക് എന്നും ’രത്തത്തിൻ രത്തമാന ഉടപ്പിറപ്പുകളേ, എന്നും വിളിക്കുമ്പോൾ അവർ പുളകിതരാവും, ജീവിതയാഥാർത്ഥ്യങ്ങളുടെ രാഷ്ട്രീയ പ്രതലങ്ങളിൽ ചങ്കുറപ്പും ആത്മാർത്ഥതയും കാട്ടിയില്ലെങ്കിൽ എല്ലാ അവസരവാദികളായ താരങ്ങളെയും നിഷ്കാസിതരാക്കും. ജനാധിപത്യത്തിൽ ജനതയാണ് പ്രധാനം അവരുടെ ഇച്ഛയാണ് , പ്രതീക്ഷയാണ് എല്ലാം തീരുമാനിക്കുന്നത് എന്ന യാഥാർത്ഥ്യത്തിന് അടിവരയിടുന്നു ടി അനീഷിന്റെ പരാജിത നായർ തമിഴ് താര രാഷ്ട്രീയത്തിന്റെ കഥ എന്ന കൃതി**

കേവലം കെട്ടുകാഴ്ചകൾക്കപ്പുറത്ത് തമിഴ് ജനതയുടെ സാംസ്കാരിക സ്വത്വത്തെയും ഇച്ഛകളെയും സ്വപ്നങ്ങളെയും വെള്ളിത്തിരയിൽ പൊലിപ്പിച്ചു കാട്ടി ഓരോ നടന്മാരും താര ബിംബങ്ങളായി മാറിയതിന്റെ സൂക്ഷ്മ വിവരണവും അനീഷ് നിർവ്വഹിക്കുന്നു. ഒരർത്ഥത്തിൽ പരാജിതനായകരുടെ ചലച്ചിത്രത്തിലെയുംരാഷ്ട്രീയത്തിലെയും ദൃശ്യ ജീവചരിത്രം കൂടിയാകുന്നു ഈ കൃതി. താരങ്ങളുടെ ജീവിത വഴികളും സാമൂഹിക രാഷ്ട്രീയ വംശീയ പശ്ചാത്തലവും കഠിനാധ്വാനത്തിലൂടെയും സവിശേഷ മാനറിസങ്ങളിലൂടെയും ജനമനസ്സുകളിൽ തിരയിളക്കങ്ങൾ സൃഷ്ടിച്ചതിന്റെ അനുഭൂതി ചരിത്രവും ആഖ്യാനത്തിൽ ഇടകലർന്നു വരുന്നു. അതാണ് ഈ പുസ്തകത്തിന്റെ ഏറ്റവും വലിയ ആകർഷണങ്ങളിലൊന്ന്.

1950കൾ മുതലുള്ള ദേശീയ രാഷ്ട്രീയ ചലനങ്ങളും സാന്ദർഭികമായി സൂചിപ്പിക്കപ്പെടുന്നു. സിനിമയുടെ വെള്ളിവെളിച്ചത്തിൽ നിന്ന് രാഷ്ട്രീയ നാടകങ്ങളുടെ പരുക്കൻ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങി വന്നവർ ശിവാജിയും എസ്.എസ്.ആറും ഭാഗ്യരാജും കമലും ഒക്കെയുള്ളവർ ജനമനസ്സിൽ ഇടം നേടിയ താര ബിംബങ്ങൾ മണ്ണിലുറയ്ക്കാതെ കട പുഴകി വീണതിന്റെ കഥ , സംഭവ ബഹുലമാണ്. സത്യസന്ധതയും ആത്മാർത്ഥതയും സംശയിക്കപ്പെട്ടു അവരെ ജനത തിരസ്കരിച്ചു.

തിരസ്കാരങ്ങളുടെ കയ്പൻ ആഖ്യാനങ്ങൾ ശരിക്കും ഒരു ജനതയുടെ രാഷ്ട്രീയ ഇച്ഛയുടെ ചരിത്രമാകുന്നു. തങ്ങൾക്ക് ജീവിക്കാൻ , പ്രതീക്ഷയർപ്പിക്കാൻ വിഗ്രഹങ്ങൾ വേണം പക്ഷേ കളവരുത് നിലപാടുകളിൽ ഉറച്ചുനിൽക്കണം, ഉടൽ മണ്ണുക്ക് ഉയിർ തമിഴുക്ക് എന്നും ’രത്തത്തിൻ രത്തമാന ഉടപ്പിറപ്പുകളേ, എന്നും വിളിക്കുമ്പോൾ അവർ പുളകിതരാവും, ജീവിതയാഥാർത്ഥ്യങ്ങളുടെ രാഷ്ട്രീയ പ്രതലങ്ങളിൽ ചങ്കുറപ്പും ആത്മാർത്ഥതയും കാട്ടിയില്ലെങ്കിൽ എല്ലാ അവസരവാദികളായ താരങ്ങളെയും നിഷ്കാസിതരാക്കും. ജനാധിപത്യത്തിൽ ജനതയാണ് പ്രധാനം അവരുടെ ഇച്ഛയാണ് , പ്രതീക്ഷയാണ് എല്ലാം തീരുമാനിക്കുന്നത് എന്ന യാഥാർത്ഥ്യത്തിന് അടിവരയിടുന്നു ടി അനീഷിന്റെ പരാജിത നായർ തമിഴ് താര രാഷ്ട്രീയത്തിന്റെ കഥ എന്ന കൃതി.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489



റോസി തമ്പി

# മേടുകൾ മഴ നനയുന്നു

വടക്കു നിന്നും പടി ഞ്ഞാറു നിന്നും
കോടമേഘങ്ങൾ കൂട്ടമായെത്തും
അര മണി കെട്ടി കാറ്റ്
തെക്കൻ മലയിൽ നിന്നും
കിഴക്കൻ മലയിലേക്ക്
വിരുന്നു പോകും .

മരശിഖരങ്ങളിൽ ഇരുട്ടു കനക്കും
ആടുകൾ കുന്നിറങ്ങും
അരയന്നങ്ങൾ തടാകക്കരയിൽ
ഇണകളായ് കൊക്കുരുമ്മും
താഴ്‌വാരം ഗന്ധം പുതയ്ക്കും

കാഴ്ചകൾ മാഞ്ഞു പോകും
ഭൂമിയുടെ ആത്മാവ് .
ഒരു നെ ടുവീർപ്പായ്
ആകാശം തൊട്ടുമുട്ടിയുരുമ്മും

ജലകണങ്ങൾ കാറ്റിൽക്കരങ്ങളിൽ
മൺതരികളെ വാ രിയെടുത്ത്
ഇരുട്ടിൻ ചിറകിൽ
വേരുകളിൽ നിന്ന് വേരുകളിലേക്ക്
ഒരേ താളത്തിൽ പടരും

മണ്ണട്ടകൾ ശബ്ദമുപേക്ഷി ക്കും .
ഏത് ഇരുട്ടിലും
നിന്റെ കണ്ണുകൾ
എന്റെ കാലുകൾക്ക്
വെളിച്ചമയക്കും പോ ലെ
രശ്മികളിൽ തെളി വെളി ച്ചം
പുൽനാമ്പുകളിൽ നിറയും .
സ്നേ ഹത്തി ന്റെ ഉറവ
ഉയിരിനെ നൃത്ത സുരഭിലമാക്കും

ആദിയിലെന്നപോൽ
ജലോപരിതലത്തിൽ
ജീവൻ ചലിതമാകും
കാറ്റ് ധ്യാനനിമഗ്നം
മലമടക്കുകളിൽ
രതി മരണം പോലെ
മഴ ഏകതാളം .



ജിതേഷ് വേങ്ങൂർ

# വേലത്തിച്ചുഴി

കാരമിട്ടുപുഴുങ്ങി നീർത്തിയ
കോടിമുണ്ടിൽ നീ...
പൂനിലാവ് കൊളുത്തിവച്ച്
ചിരിച്ചുനിൽക്കുമ്പോൾ;
ചേറൊഴിഞ്ഞുതെളിഞ്ഞ തോട്ടു -
പരപ്പിലെച്ചുഴിയിൽ
നീലവാനം നിന്നെനോക്കി -
ക്കൺമിഴിക്കുന്നു.

വേർപ്പുവാസനയാറ്റിയെത്തും
ദ്വാദശിക്കാറ്റിൽ...
വാർന്ന വെള്ളപ്പൂന്തുണി-
ച്ചുമടിന്റെ .വേദാന്തം;
വേണ്ടിയുള്ളവയൊക്കെയെന്നും
വെണ്മയേറ്റി നാം
വീണ്ടെടുക്കും നാട്ടുജാല -
ക്കാരിതൻ ന്യായം !

ചീട്ടിമുണ്ടിൻ കോന്തലക്കൽ
കോർത്തുവച്ചു നീ
നാട്ടുവാർത്തക്കൂട്ടുചേർത്തൊരു
വെറ്റിലച്ചെല്ലം,
വീട്ടിൽ നിന്നും വീട്ടിലേക്കൊരു
ചൂട്ടുകെട്ടി നീ
പാട്ടിലാക്കിയതൊക്കെയുള്ളിൽ
വീർപ്പടക്കുന്നു.

നാട്ടുമുത്തി പേറ്റുനോവിലറഞ്ഞ
പൊലയാട്ടും,
ചാത്തമൂട്ടി മുടിഞ്ഞ നാലക-
നാൾവഴിപ്പേച്ചും,
തോട്ടുവക്ക,ത്തുച്ചവട്ട -
ത്തിൽ നിരത്തുമ്പോൾ
കാറ്റുപോലെ പടർന്നു നാടിനകപ്പുരത്തോറ്റം.

തോലുരിഞ്ഞു തിളക്കമേറ്റും
പാമ്പുപോലെ ഞാൻ
കാലമേറെയിഴഞ്ഞു കോല -
മഴിച്ചുടുത്തപ്പോൾ
നീ നടന്നു വെളുത്ത, നാടിൻ
നീൾവരമ്പാകെ
കാരമുള്ളു തറച്ചുവച്ചു
വീട്ടുവേലത്തി.

നിന്റെയുള്ളിൽ ആഴികൂട്ടിയ
കോലമേതാവോ
നിന്റെയുള്ളമതേറ്റുപാടിയ
കാലമേതാവോ
നേരറിഞ്ഞവരെത്രയുണ്ടവ -
യേറ്റുചൊല്ലാതെ
തീപിടിച്ച വിഴുപ്പുചോന്നു
പാതിരക്കാറ്റ്.

കാരമേറ്റുകറുത്തുപോയൊരു
കാൽമടമ്പിൻമേൽ
കാലസർപ്പം പല്ലുതാഴ്ത്തിയ വേദനപ്പാടിൽ
നീയിറങ്ങിമറഞ്ഞ പൊക്കിൾ -
പ്പൂംചുഴിക്കുള്ളിൽ
നിന്റെ പേര് പിഴിഞ്ഞുടുത്തു
വിയർത്തു നട്ടുച്ച.

കവിത



കൃഷ്ണകുമാർ എം

# തെരുവാധാരമാകാത്ത ജീവിതം

തെരുവുകളെല്ലാം
പ്രദർശനശാലകളായിരിക്കുന്നു.

സസ്യം, പുഷ്പം, ഫലം,
ചിത്രം, പുസ്തകം,
വിജ്ഞാനം, വൈദ്യം,
ദൈവം, ഭക്തി, കാരുണ്യം, രതി.
ഒക്കെയും പ്രദർശന മൂല്യമുള്ള
ചരക്കുകളായിരിക്കുന്നു.

പ്രദർശനത്തിന്റെ മായക്കുപ്പായത്തിൽ
തിളങ്ങിയുണരുന്ന വിപണി
മനുഷ്യഞരമ്പുകളിൽ
ഉന്മാദസൂചികളാഴ്ത്തുന്നു.
തെരുവുകൾ
പ്രദർശനങ്ങളുടെ ഉന്മാദാലയമാകുന്നു.

തെരുവുകളിൽ
കൂട്ടം കൂടി നിന്ന
ജീവിതങ്ങൾ എവിടെ?
സൗഹൃദം അറുമാദിച്ച
ആ കവലകൾ,
ഉത്സവകാലങ്ങളിൽ മാത്രം
തളിരണിയുന്ന
പ്രണയമരങ്ങൾ,
നാടകക്കൂട്ടങ്ങൾ,
രാഷ്ട്രീയം പറഞ്ഞു
കലഹിച്ച ചായക്കടകൾ...
ഒക്കെയും പ്രദർശന മൂല്യമില്ലാത്ത
ജീവിതോച്ഛിഷ്ടങ്ങൾ..

പച്ചിലയും കരിക്കട്ടയും
ചോക്കും ഓട്ടുകഷ്ണവും കൊണ്ട്
ചന്തച്ചുവരുകളിൽ
ജീവിതമെഴുതിയ
ചിത്രകാരന്മാർ മരിച്ചു
വീണതെവിടെയാണ്?

മൈതാനങ്ങളിൽ
മൈക്കില്ലാതെ വിരഹം പാടിയ
സൈഗാളുമാർ
ഓർമ്മകളുടെ
ഏതേത് ഒളിത്താവളങ്ങളിലേക്കാണു
മറഞ്ഞുപോയത്?

വാക്കുകൾ തെരുവുകളിൽ നിന്നും
നിഘണ്ടുവിലേക്കു
മടങ്ങിപ്പോകുന്നു.
നിറങ്ങൾ
ക്യാൻവാസുകളിൽ
സുരക്ഷിതരാകുന്നു.
തെരുവുകൾ
വാക്കും സ്വരവും നിറവുമില്ലാത്ത
നഗ്നത കാട്ടി
നരച്ച ആകാശങ്ങളെ
പ്രലോഭിപ്പിക്കുന്നു.

തെരുവുകൾ ഉത്സവമാക്കിയ
യൗവ്വനത്തെ ഓർത്തെടുത്തു
സായൂജ്യമടയുന്ന വൃദ്ധത
അവരെ തെരുവാഘോഷമാക്കിയ
രാഷ്ട്രീയബോധത്തക്കുറിച്ചു
മിണ്ടുന്നേയില്ല.

തെരുവുകളിൽ
വിചാരണ ചെയ്യപ്പെടാതെ
കവിതയും പാട്ടും പ്രസംഗവുമെല്ലാം
സൈബർച്ചന്തയിൽ പ്രദർശനത്തിനു
പോകുന്നു.
അവിടെ തെരുവോരം പോലും
തീണ്ടാൻ മടിക്കുന്ന
വിശുദ്ധജീവികൾ
കുമാരനാശാന്റെ ദളിത് വിരുദ്ധതയും
ഗുരുവിലെ ബഹുസ്വരതയും
ബഷീറിലെ സ്ത്രീവിരുദ്ധതയും
കണ്ടെടുക്കുന്നു.

രാഷ്ട്രീയം ഉച്ചരിക്കാത്ത
ചായക്കടകളിൽ
ചായയാകാനായി മാത്രം
തിളയ്ക്കുന്ന ജലം.

തെരുവുകൾ
കച്ചവടസ്ഥാനങ്ങൾ
മാത്രമായി വളർന്നിരിക്കുന്നു,
മനുഷ്യർ കച്ചവടങ്ങൾക്കായി മാത്രം
തെരുവുകളിലെത്തുന്നു.
പോസ്റ്ററുകളോ, ചുവരെഴുത്തുകളോ,
മുദ്രാവാക്യങ്ങളോ
മലിനമാക്കാത്ത
പരിശുദ്ധ പറുദീസകളിലേക്ക്
അവർ
നിഷ്കളങ്കമായി തീർത്ഥാടനം
നടത്തുന്നു.

തെരുവുകളിൽ കൂട്ടം കൂടിനിന്ന
ജീവിതങ്ങൾ
ആരാധനാലയങ്ങളിലേക്കും
ആതുരാലയങ്ങളിലേക്കും
അഭയാർത്ഥികളായി പോകുന്നു.

മനുഷ്യ ഗന്ധം നഷ്ടപ്പെട്ട
തെരുവുകളുടെ മുടുക്കുകളിൽ നിന്നും
രൂപമറിഞ്ഞുകൂടാതെ
ഉയർന്നു വരുന്ന ഒച്ചകൾ
ആഴം കാണാത്തൊരു
നിശ്ശബ്ദതയുടെ പേടിയായി ,
അച്ചടക്കമായി ,
ലഹരിയായി ,
മാംസങ്ങളിലേക്കും
ഞരമ്പുകളിലേക്കും
തുളഞ്ഞിറങ്ങുന്നു.

● കവിത



ആരിഫ് ഹാശിമി
കളത്തൂർ

# മറുപടി വരില്ലെന്നറിഞ്ഞിട്ടും ഉമ്മയ്ക്ക് ഒരു കത്ത്

ഉമ്മാ..
ഒരുപാട് കാര്യങ്ങൾ
പറയാനുണ്ട്.
പക്ഷേ അതെല്ലാം കേൾക്കാൻ
ഉമ്മയില്ലല്ലോ...

ഉമ്മ പോയിട്ട് കാലമേറെയായി.
എന്നിട്ടും ചില ദിവസങ്ങളിൽ
ഉമ്മ ഇപ്പോഴും അടുത്തുണ്ടെന്ന്
തോന്നും.

വീട്ടിലേക്ക് കയറുമ്പോൾ
വെറുതെ കണ്ണുകൾ ഉമ്മയെ
തിരയും.
ഒരുപക്ഷേ ഇപ്പോൾ
അടുക്കളയിൽ നിന്ന് ഉമ്മ
വിളിച്ചേക്കാം...

എന്തായി മോനെ...?

ആ ഒരു ചോദ്യം കേൾക്കാൻ
ഇന്നും മനസ്സിന് കൊതിയാണ്.

ഉമ്മാ
ജീവിതത്തിൽ ഒരുപാട്
ആളുകളെ കണ്ടു.
ചിലർ സ്നേഹിച്ചു,
ചിലർ ചേർത്തുപിടിച്ചു,
ചിലർ കൂടെ നിന്നു.

പക്ഷേ ഉമ്മ നൽകിയ
ആ സ്നേഹത്തിന്റെ സ്ഥാനത്ത്
ഇന്നും മറ്റാരെയും
കണ്ടെത്താനായില്ല.

വിഷമം വരുമ്പോൾ
ഒരിക്കൽ ഉമ്മയോട് പറഞ്ഞാൽ
മതിയായിരുന്നു.
ഉമ്മയുടെ മുഖത്തേക്ക് നോക്കിയാൽ
തന്നെ
പകുതി വിഷമവും
മാറിപ്പോകുമായിരുന്നു.

ഇന്നും വിഷമങ്ങളുണ്ട് ഉമ്മാ...
പറയാൻ ആളുകളുമുണ്ട്.
പക്ഷേ കേൾക്കുമ്പോൾ
ഹൃദയത്തിൽ തൊടുന്ന
ആ ഉമ്മയുടെ ശബ്ദമില്ല.

ചില രാത്രികളിൽ
എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ
ഉമ്മയെ ഓർത്ത്
മനസ്സ് നിശബ്ദമായി കരയും.
അപ്പോൾ തോന്നും

ഒരിക്കൽ കൂടി
ഉമ്മയുടെ കൈ
പിടിക്കാമായിരുന്നെങ്കിൽ.
ഒരിക്കൽ കൂടി
ഉമ്മയുടെ മടിയിൽ തലവെക്കാമായി
രുന്നെങ്കിൽ...
ഒരിക്കൽ കൂടി
മോനെ... എന്ന് വിളിക്കുന്നത്
കേൾക്കാമായിരുന്നെങ്കിൽ...
പക്ഷേ ചില ആഗ്രഹങ്ങൾ
പ്രാർത്ഥനകളായി മാത്രം
ബാക്കിവെക്കാനാണ് വിധി.

ഉമ്മാ,
ഉമ്മയുടെ കൈപിടിച്ച് നടന്ന
ആ ചെറിയ കുട്ടി വളർന്നുവെന്ന്
ലോകം പറയുന്നു.

പക്ഷേ ഉമ്മയില്ലാത്തപ്പോൾ
ഞാൻ ഇന്നും ആ പഴയ കുട്ടിയാണ്.
ഉമ്മയെ തിരയുന്ന കുട്ടി.
ഉമ്മയുടെ ശബ്ദത്തിനായി
കാത്തിരിക്കുന്ന കുട്ടി.

ഇനി ഒരു ജന്മമുണ്ടെങ്കിൽ
എനിക്ക് വലിയ
ആഗ്രഹങ്ങളൊന്നുമില്ല.
വീണ്ടും ഉമ്മയുടെ മകനായി
ജനിച്ചാൽ മാത്രം മതി.
വീണ്ടും ആ കൈപിടിച്ച് നടക്കണം.
വീണ്ടും ആ മടിയിൽ കിടക്കണം.
വീണ്ടും ആ ശബ്ദം കേൾക്കണം.

ഉമ്മാ,
ഇവിടെ നിന്ന് ഉമ്മയ്ക്ക്
കത്തുകൾ എഴുതാൻ മാത്രമേ കഴിയൂ.

മറുപടി വരില്ലെന്ന് അറിയാം.
എങ്കിലും എഴുതുന്നു...
കാരണം ചില ബന്ധങ്ങൾക്ക്
മറുപടി ആവശ്യമില്ല.
ഓർമ്മകൾ തന്നെ
അതിന്റെ മറുപടിയാണ്.

ഉമ്മ ഇന്ന് എന്റെ കൂടെയില്ല.
പക്ഷേ എന്റെ ഓരോ പ്രാർത്ഥനയിലും
ഉമ്മയുണ്ട്.

അല്ലാഹുവേ...

എന്റെ ഉമ്മയുടെ ഖബർ
നൂർ നിറഞ്ഞതാക്കണേ.
ഖബർ വിശാലമാക്കണേ.

ഉമ്മാ...
ഒരു ദിവസം
ഈ ലോകത്തോട് വിടപറഞ്ഞ്
ഞാനും വരും.

അന്ന്
ഖബറുകൾക്കപ്പുറം
സ്വർഗത്തിന്റെ വാതിൽക്കൽ
ഉമ്മ കാത്തുനിൽക്കുന്നുണ്ടാകുമെന്ന
പ്രതീക്ഷയിലാണ് ഞാൻ.
അന്ന് ഈ കത്തിന്
മറുപടി വേണ്ട...
ഉമ്മയെ ഒരിക്കൽ കൂടി
കാണാൻ കഴിഞ്ഞാൽ മാത്രം മതി.



കസ്തുരി
മാധവൻ

# ഒന്നാന്തം

ഈ കെട്ട്യോനേക്കൊണ്ടു ഒരു തൊകോം
തൊയ്രോം
ഇല്ല്യ
മൂന്തിയ്ക്കുമൂക്കറ്റം കുടിച്ച്
പെരേല് വന്നാപ്പിന്നെ ഇപ്പളത്തെ പുതിയ
സിൽമേലെ വർത്താനം പോലെ
കേട്ടാലറപ്പുതോന്നണെ
ഒരുതരംപറച്ചിൽ.

ഇതു കേക്കുമ്പെ
ചൊറിയണം തൊട്ടപോൽ
മേലാകെചൊറിഞ്ഞുകേറും! !
എത്രയാന്നുവച്ചാ ഇതെല്ലാം
സഹിക്കണെ പകവാനേ,
ചിലപ്പോവല്ലവഴിക്കും ഇറങ്ങിപ്പോകാൻതോന്നും
നാട്ടുകാരെന്തു പറയൂന്നു
നിരൂപിച്ചാ പോവാത്തെ.

രണ്ടീസം ആങ്ങളേടത്തു
നിന്നാലോന്നു കരുതും,
നാത്തൂന്റെ മോറുംമുന്നിം
കാണുമ്പെത്തന്നെ
ഇറങ്ങിപ്പോരാൻ തോന്നും.

അല്ല,അവളെപ്പറഞ്ഞിട്ടും കാര്യോല്യ
അവൻ ഇതിലും വലിയ
കുടിയനാ !
ഇതുപോലെ ഒരുപാടു പെണ്ണുങ്ങളുണ്ടാവും
ഇല്ല്യേനാട്ടില്.

ഇങ്ങേരുടെ ചീത്തകേട്ടു..
ജീവിക്കേണ്ടവളാണോ ഞാൻ ?
അടി കൊണ്ടാലും
അമ്പലത്തീക്കെടക്കണതു
പഴേഞ്ഞായം.
ആരെന്തു പറഞ്ഞാലും
ഞാനതു ചെയ്യും.
ചെയ്തിരിക്കും.!



പ്രദീപ് എസ് എസ്

# അന്വേഷണം

അത്രമേൽപ്രിയപ്പെട്ടൊ  രാളെന്നുനിനയ്ക്കയാൽ
എത്തിഞാൻനിന്നാത്മാവിൻ
പഞ്ചാരമണൽത്തിട്ടിൽ
പകൽച്ചൂടേറ്റും തിര-
ത്തള്ളലാൽ തളർന്നുമാ
മണൽത്തിട്ടത്രയൊന്നും സ്നിഗ്ദ്ധമായിരുന്നില്ല
എങ്കിലും കടൽക്കാറ്റു
സുന്ദരം !നിൻപ്രാണന്റെ
കണ്ണുനീരുപ്പേറ്റെന്റെ  ചുണ്ടുകൾനനയുമ്പോൾ
കണ്ണുടക്കാതെയെങ്ങാൻ പോയിരുന്നെങ്കിൽനഷ്ടം
എന്നുടെഹൃദയത്തി
നാകുമായിരുന്നില്ലേ?
പൂവുകൾക്കറിവേതു
മില്ലല്ലോ !വിരിയുന്ന
തേതൊരുമതിൽക്കെട്ടി
നുള്ളിലാണെന്നുള്ളത്
ഞാനൊരു പാവം വഴി യാത്രികനെന്നോർക്കാതെ
നീതരുംസുഗന്ധത്തെ
യങ്ങനെയാശ്ലേഷിപ്പൂ

ഒരുനാളിറങ്ങുംഞാ
നിപ്പടി, വിളിച്ചാലും
തിരിഞ്ഞുനോക്കീടാതെയെങ്ങോട്ടോനടന്നുപോം
അകലേക്കവ്യക്തമായ് നീങ്ങുമെൻനിഴൽമായും
വരെ നീയാരൂപത്തെ നോക്കിക്കൊണ്ടിരുന്നേക്കാം

പലതായ് വിഭജിച്ചു
പോകുന്ന വെളിച്ചമേ
പലരിൽക്കൂടിനിത്യ
സത്യത്തെ തിരഞ്ഞു ഞാൻ



അധ്യായം 11

# നാംചിയിലെ സിദ്ധേശ്വർ ധാമം

സുഭാഷ് വലവൂർ

ഗാങ്ടോക്കിൽ നിന്നും ഏതാണ്ട് അൻപതു കിലോമീറ്റർ ദൂരത്തിലുള്ള ടേമി ചായത്തോട്ടം വഴിയാണ് സാംദ്രുപ്സേയിലേക്കും സിദ്ധേശ്വർ ധാമിലേയ്ക്കുമുള്ള യാത്ര. മൂന്നാറിൽ ഒരിക്കലെങ്കിലും പോയിട്ടുള്ളവർക്ക് ടേമി ചായത്തോട്ടം അത്ര ആകർഷകമൊന്നുമല്ല. എങ്കിലും എനിക്ക് ഓർമ്മിക്കാനുള്ള വകയുണ്ടായി. തോട്ടത്തിൽ നിന്നിറങ്ങി കാറിൽ കയറുമ്പോൾ ഒരു ഭിക്ഷക്കാരൻ കൈനീട്ടി വന്നു. വാസ്തവത്തിൽ അയാളെ ഞാൻ നേരത്തേ കണ്ടിരുന്നു. പക്ഷെ ഭിക്ഷക്കാരനാണെന്ന് മനസ്സിലായിരുന്നില്ല. ബാഗിൽ നോക്കിയപ്പോൾ പത്തുരൂപയേ കണ്ടുള്ളൂ. അതുകൊടുത്തു. അയാളുടെ നിഷ്കളങ്കമായ ചിരികണ്ട് കാറിലിരുന്നുതന്നെ ഒരു ഫോട്ടോയെടുത്തു. വണ്ടി വിട്ടു കുറച്ചുകഴിഞ്ഞപ്പോൾ ഒരുനേരത്തെ ഭക്ഷണത്തിനു കൊടുക്കാമായിരുന്നില്ലേ എന്നു തോന്നി. തിരിച്ച് ഗാങ്ടോക്കിലെത്തിയശേഷം ചായക്കടയിൽ നിന്നു പരിചയപ്പെട്ട ഭാവനയെന്ന പെൺകുട്ടിയെ വിളിച്ചു. അവൾക്ക് ഇംഗ്ലീഷ് അറിയാമെന്നതുകൊണ്ടും വായനക്കാരിയായതുകൊണ്ടുമാണ് അവളുടെ ഫോൺ നമ്പർ വാങ്ങിയത്. അത് ഭാഗ്യമായി. അവൾക്ക് ഒരു മെസ്സേജ് ഇട്ടു. ഗൂഗിൾ പേ ആയി നൂറുരൂപ അയക്കുന്നുവെന്നും അത് പണമായോ ഭക്ഷണമായോ മറ്റേയാൾക്ക് കൊടുക്കണമെന്നും പറഞ്ഞു. അവൾ അതു ചെയ്യുകയും വിവരം എന്നെ അറിയിക്കുകയും ചെയ്തപ്പോഴാണ് സമാധാനമായത്. അവി

ടെനിന്ന് സാംദ്രുപ്സേ സന്ദർശനം കഴിഞ്ഞ് സിദ്ധേശ്വർ ധാമിലേയ്ക്ക് എത്തി.

രണ്ടായിരത്തി പതിനൊന്നിൽ മാത്രം നിർമ്മിച്ച ഒരു ഹൈന്ദവ ക്ഷേത്ര സമുച്ചയമാണ് നാംചിയിലെ 'സിദ്ധേശ്വർ ധാം' അഥവാ സിക്കിമിലെ ചാർധാം. വാസ്തവത്തിൽ സിക്കിമിൽ ഹിന്ദുമതക്കാരുടെ ജനസംഖ്യ പകുതിയിലേറെ ഉണ്ടെങ്കിലും ഭാരതത്തിലെ മുഖ്യധാരാ ഹിന്ദുമതമല്ല സിക്കിമിലുള്ളത്. നേപ്പാളിൽ നിന്നു വന്ന സമ്പ്രദായങ്ങളും തദ്ദേശീയ ആരാധനാക്രമങ്ങളുമൊക്കെ ചേർന്ന ഒന്നാണ് അവിടെയുള്ളത്. പ്രതിമ ചുറ്റിനടന്നു കണ്ടശേഷം പരിസരത്തുള്ള വ്യൂ പോയിന്റിൽ നിന്നാൽ തെ





ളിഞ്ഞ ആകാശമാണെങ്കിൽ കാഞ്ചൻ ജംഗയെ കാണാം.

സിക്കിം ഇന്ത്യയുടെ ഭാഗമായപ്പോൾ ഇന്ത്യയുടെ അധീശത്വം രാഷ്ട്രീയമായി മാത്രമല്ല മതപരമായും കടന്നുവന്നു. ഒപ്പം വിനോദസഞ്ചാരം പ്രധാന വരുമാനമാർഗ്ഗമായപ്പോൾ ഇൻഡ്യാ ഉപഭൂഖണ്ഡത്തിൽ നിന്നു വരുന്ന സന്ദർശകരെ ആകർഷിക്കാനുള്ള വലിയ നിർമ്മിതികൾ ഉണ്ടായിവന്നു. തീർത്ഥാടനംശീലമാക്കിയ വടക്കേയിന്ത്യക്കാരെ ആകർഷിക്കുവാൻ വലിയക്ഷേത്രങ്ങൾ പ്രയോജനപ്പെടുമെന്ന തിരിച്ചറിവാണ് പുതിയ ക്ഷേത്രസമുച്ചയങ്ങൾക്ക് വഴിമരുന്നിട്ടത്. കേരളത്തിൽ ആലുവയ്ക്കടുത്ത് ഇത്തരം ഒരു ക്ഷേത്രസമുച്ചയം കച്ചവടാടിസ്ഥാനത്തിൽ

**രണ്ടായിരത്തി പതിനൊന്നിൽ മാത്രം നിർമ്മിച്ച ഒരു ഹൈന്ദവ ക്ഷേത്ര സമുച്ചയമാണ് നാംചിയിലെ 'സിദ്ധേശ്വർ ധാം' അഥവാ സിക്കിമിലെ ചാർധാം. വാസ്തവത്തിൽ സിക്കിമിൽ ഹിന്ദുമതക്കാരുടെ ജനസംഖ്യ പകുതിയിലേറെ ഉണ്ടെങ്കിലും ഭാരതത്തിലെ മുഖ്യധാരാ ഹിന്ദുമതമല്ല സിക്കിമിലുള്ളത്. നേപ്പാളിൽ നിന്നു വന്ന സമ്പ്രദായങ്ങളും തദ്ദേശീയ ആരാധനാ ക്രമങ്ങളുമൊക്കെ ചേർന്ന ഒന്നാണ് അവിടെയുള്ളത്**



**സിക്കിമിലെ അവലോകിതേശ്വരന്റെയും പദ്മസംഭവന്റെയും ശാക്യമുനിയുടെയും പ്രതിമകളുടെ മാതൃക പിൻപറ്റി കുന്നിന്റെ മുകളിൽ നിർമ്മിച്ച പരമശിവന്റെ നൂറ്റിയെട്ടടി ഉയരമുള്ള പ്രതിമയാണ് ഈ ക്ഷേത്രത്തിലെ ഒരു പ്രധാന ആകർഷണം. സോളോഫോക് എന്ന കുന്നിന്റെ നെറുകയിലാണ് ഈ പ്രതിമ.**

ഉയർന്നുവന്നത് ഈയടുത്തകാലത്താണ്.

സിക്കിമിലെ അവലോകിതേശ്വരന്റെയും പദ്മസംഭവന്റെയും ശാക്യമുനിയുടെയും പ്രതിമകളുടെ മാതൃക പിൻപറ്റി കുന്നിന്റെ മുകളിൽ നിർമ്മിച്ച പരമശിവന്റെ നൂറ്റിയെട്ടടി ഉയരമുള്ള പ്രതിമയാണ് ഈ ക്ഷേത്രത്തിലെ ഒരു പ്രധാന ആകർഷണം. സോളോഫോക് എന്ന കുന്നിന്റെ നെറുകയിലാണ് ഈ പ്രതിമ. ക്ഷേത്രപരിസരത്തേയ്ക്ക് കയറുമ്പോൾ ആദ്യം ഇടതുവശത്ത് കിരാതശിവന്റെ നിൽക്കുന്ന രൂപത്തിലുള്ള പ്രതിമയുണ്ട്. അതിനടുത്ത് ഒരു തുറന്ന മുറിയിൽ ഒരു ഗോത്ര വേഷധാരിയായ പുരോഹിത ഇരിക്കുന്നുണ്ടാവും. കിരാത ശിവന്റെ അനുയായി ആവാം. അവർ അങ്ങോട്ട് കടന്നുചെല്ലുന്നവരെ അവരുടെ രീതിയിൽ മന്ത്രങ്ങൾ ചൊല്ലി അനുഗ്രഹിക്കും. മന്ത്രവാദ പാരമ്പര്യത്തിന്റെ സൂചനകളാണ് കാണുന്നത്.

മറ്റൊരാകർഷണം ഭാരതത്തിലെ പ്രസിദ്ധമായ ക്ഷേത്രങ്ങളുടെ മാതൃക അനുവർത്തിച്ചുകൊണ്ട് ചെറിയ ക്ഷേത്രമന്ദിരങ്ങൾ ഇവിടെ നിർമ്മിച്ചിട്ടുണ്ട് എന്നതാണ്. പുരാതന ചാർധാം പരിക്രമത്തിൽ പെട്ട കേദാർനാഥും ബദരിയും ദ്വാരകയും പോലെയുള്ള വടക്കേയിന്ത്യൻ ക്ഷേത്രങ്ങളുടെ മാത്രമല്ല തിരുവണ്ണാമല, ചിദംബരം, രാമേശ്വരം തുടങ്ങിയ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങളുടെ മാതൃകയിൽ നിർമ്മിച്ച മന്ദിരങ്ങളും അവിടെയുണ്ട്.

നിരയായി നിർമ്മിച്ചിട്ടുള്ള പന്ത്രണ്ട് ജ്യോതിർലിംഗക്ഷേത്രങ്ങളാണ് മറ്റൊരാകർഷണം. ഉത്തരാഖണ്ഡിലെ കേദാർനാഥ് ക്ഷേത്രം, ജാർഖണ്ഡിലെ വൈദ്യനാഥ ക്ഷേത്രം, ഗുജറാത്തിലെ സോമനാഥ ക്ഷേത്രം, മഹാരാഷ്ട്രയിലെ ഭീമശങ്കർ ക്ഷേത്രം, ആന്ധ്രാപ്രദേശിലെ ശ്രീശൈലത്തിലെ മല്ലികാർജ്ജുന ക്ഷേത്രം, മദ്ധ്യപ്രദേശിലെ ഉജ്ജയിനിയിലെ മഹാകാലേശ്വർ ക്ഷേത്രം, മദ്ധ്യപ്രദേശിൽ തന്നെയുള്ള ഓംകാരേശ്വരക്ഷേത്രം,  വാരണാസിയിലെ കാശിവിശ്വനാഥക്ഷേത്രം, മഹാരാഷ്ട്രയിലെ ത്രയംബകേശ്വർ ക്ഷേത്രം, ദ്വാരകയിലെ നാഗേശ്വർ ക്ഷേത്രം, രാമേശ്വരത്തെ രാമക്ഷേത്രം,  എല്ലോറയിലെ ഗ്രിഷ്നേശ്വർ ക്ഷേത്രം എന്നിവയാണ് ജ്യോതിർലിംഗക്ഷേത്രങ്ങൾ. അവയുടെ സങ്കൽപ്പത്തിലാണ് ഇവിടെ പന്ത്രണ്ടു ക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

താന്ത്രിക ക്ഷേത്രമല്ലാത്തതുകൊണ്ട് നമുക്കു തന്നെ അഭിഷേകം ചെയ്യാനായി സ്റ്റീൽ പാത്രത്തിൽ വെള്ളവും കോരികയും വെച്ചിട്ടുണ്ട്.

ഏതാണ്ട് മുന്നൂറിലധികം ചെറു ഹിന്ദു ക്ഷേത്രങ്ങൾ സിക്കിമിലുണ്ട്. എന്നാൽ അവയിൽ വളരെ ക്കുറച്ചുമാത്രമേ സഞ്ചാരികളുടെ പട്ടികയിൽ പെടാറുള്ളൂ. മറ്റുള്ളവ ഗ്രാമീണ ക്ഷേത്രങ്ങളാണ്. തീരെ ചെറുതും. ഹനുമാൻ ടോക്, ഗണേഷ് ടോക്, കിരാതേശ്വർ മഹാദേവക്ഷേത്രം എന്നിവ സഞ്ചാരികൾ സന്ദർശിക്കുന്ന ക്ഷേത്രങ്ങളാണ്.

ഇക്കൂട്ടത്തിൽ കിരാതേശ്വർ

മഹാദേവക്ഷേത്രം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഭാരതീയ പുരാണങ്ങളിൽ പറയുന്ന കിരാത മൂർത്തിയുമായി ബന്ധപ്പെടുത്തിയാണ് ക്ഷേത്രമിപ്പോൾ പ്രസിദ്ധമായിട്ടുള്ളത്. പാശുപതാസ്ത്രത്തിനു വേണ്ടി തപസ്സുചെയ്ത അർജ്ജുനന്റെ അഹങ്കാരം ശമിപ്പിക്കുകയും അനുഗ്രഹം നൽകുകയും ചെയ്ത കിരാതസ്വരൂപിയായ ശിവനെയാണ് പൂജിക്കുന്നത്. 'കിരാതാർജ്ജുനീയം' കഥയിൽ പറയുന്ന സ്ഥലം സിക്കിമിലെ ഈ പ്രദേശമാണെന്നാണ് ഭക്തന്മാർ വിശ്വസിക്കുന്നത്. എന്നാൽ കിരാതർ എന്ന ഒരു വിഭാഗം ജനങ്ങൾ ഹിമാലയത്തിന്റെ ഈ പ്രദേശങ്ങളിൽ വളരെ പണ്ടുമുതലേ ഉള്ളതായി സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അജ്ഞാതനാമാവായ പെരിപ്ലസ് ഓഫ് ദി എറിത്രിയൻ സീ എന്ന ഗ്രന്ഥത്തിലും ഇതിന്റെ പരാമർശമുണ്ടെന്നാണ് അറിയുന്നത്. ഇന്ത്യയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ പലയിടത്തും കിരാതർ എന്ന വിഭാഗത്തെക്കുറിച്ച് കേൾക്കാം. പണ്ട് സിക്കിമിന്റെ ഭാഗമായിരുന്ന ഡാർജീലിങ്ങിൽ കിരാതർ എന്ന വിഭാഗം ഉണ്ട്. വേദങ്ങളിലും പുരാണങ്ങളിലും ചിലയിടങ്ങളിൽ കിരാത വിഭാഗത്തെക്കുറിച്ച് പറയുന്നുണ്ട്. കുരുക്ഷേത്രയുദ്ധത്തിൽ ഇക്കൂട്ടർ പങ്കെടുത്തതായി സൂചനയുണ്ടത്രേ. ശിവലിംഗം തന്നെയാണ് പൂജാവസ്തു. ശൈവസംസ്കാരത്തിൽ കാടുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന കൂട്ടരാണിവർ എന്ന് അനുമാനിക്കാം.

പ്രധാനവഴിയിൽ നിന്ന് രൺഗീത് നദിയുടെ കുറുകെയുള്ള ഒരു ചെറു പാലം കടന്ന് ക്ഷേത്ര പരിസരത്തേക്ക് പ്രവേശിച്ചു. കുരങ്ങന്മാരുള്ളതുകൊണ്ടാകാം, ചെരിപ്പ് ആദ്യം തന്നെ ഊരി സൂക്ഷിപ്പുകാരനെ ഏൽപ്പിക്കണം. ഒന്നുരണ്ടുപക്ഷേത്ര മന്ദിരങ്ങൾ കടന്നു വേണം നദിക്കരയിൽ നീളത്തിൽ



**കിരാതേശ്വർ മഹാദേവക്ഷേത്രം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഭാരതീയ പുരാണങ്ങളിൽ പറയുന്ന കിരാതമൂർത്തിയുമായി ബന്ധപ്പെടുത്തിയാണ് ക്ഷേത്രമിപ്പോൾ പ്രസിദ്ധമായിട്ടുള്ളത്. പാശുപതാസ്ത്രത്തിനു വേണ്ടി തപസ്സുചെയ്ത അർജ്ജുനന്റെ അഹങ്കാരം ശമിപ്പിക്കുകയും അനുഗ്രഹം നൽകുകയും ചെയ്ത കിരാതസ്വരൂപിയായ ശിവനെയാണ് പൂജിക്കുന്നത്. 'കിരാതാർജ്ജുനീയം' കഥയിൽ പറയുന്ന സ്ഥലം സിക്കിമിലെ ഈ പ്രദേശമാണെന്നാണ് ഭക്തന്മാർ വിശ്വസിക്കുന്നത്.**

കിടക്കുന്ന ക്ഷേത്ര പരിസരത്തിന്റെ അറ്റത്തുള്ള കിരാതേശ്വർ മൂർത്തിയുള്ള ഭാഗത്തെത്താൻ. സ്വയംഭൂ ലിംഗമാണ്. കേരളത്തിൽ നിന്നാണ് ഞാൻ വരുന്നതെന്നറിഞ്ഞപ്പോൾ പൂജാരിയ്ക്ക് വളരെ സന്തോഷം. വന്നിട്ടില്ലെങ്കിലും അദ്ദേഹം കേരളത്തെക്കുറിച്ച് കേട്ടറിഞ്ഞിട്ടുണ്ട്. സ്നേഹത്തോടെ പ്രസാദവും മറ്റും തന്നു. തിരികെ മടങ്ങുമ്പോൾ ചെരിപ്പു സൂക്ഷിക്കുന്നതിനുള്ള ഫീസ് അഞ്ചുരൂപ കൈയിലില്ലാത്തതു കൊണ്ട് പത്തുരൂപ നൽകി. ബാക്കി തരാൻ സൂക്ഷിപ്പുകാരൻ അഞ്ചുരൂപ ചില്ലറ പരതിക്കൊണ്ടിരുന്നപ്പോൾ വേണമെന്നില്ല എന്നു പറഞ്ഞു. പക്ഷെ അഞ്ചുരൂപയിൽ കൂടുതൽ വാങ്ങുന്നത് പാപമാണെന്നു പറഞ്ഞ് അയാൾ ചില്ലറകൾ നുള്ളിപ്പെറുക്കി ബാക്കി നൽകിയപ്പോൾ മതം ഒരു വ്യക്തിയ്ക്ക് പെരുമാറ്റ സംഹിതയായി മാറുന്ന കാഴ്ച്ചയാണ് കണ്ടത്. ക്ഷേത്രങ്ങളിലെ കൊള്ളകളുടെ മറുവശത്താണ് ഇത്തരം നിർമ്മല മനുഷ്യരുടെ സ്ഥാനം.

● നോവൽ

# നിഗൂഢതകളുടെ തടവറ

● പി എസ് ജോസഫ്




## അധ്യായം 19
## പരമാചാര്യയുടെ അന്തിമ നിമിഷങ്ങൾ

അമാവാസിയിൽ , തന്റെ മരണം കാത്തിരിക്കുന്ന പരമാചാര്യനെ കാണാൻ ഹിരണ്യൻ ഒടുവിൽ നഗരം സന്ദർശിച്ചു. ഭീഷ്മരെപ്പോലെ, തൻറെ ഇഷ്ടാനുസരണം ജീവിതത്തിൽ നിന്ന് സ്വയം മോചിപ്പിക്കാൻ പരമാചാര്യ ആഗ്രഹിച്ചു, എന്നാൽ അതിനുമുമ്പ് ഹിരണ്യനെ കാണണമെന്ന് അദ്ദേഹം ആഗ്രഹിച്ചു .ഹിരണ്യൻ തന്റെ ശിഷ്യന്മാരിൽ ഏറ്റവും മിടുക്കനായിരുന്നു .

പക്ഷേ വിധി പരമാചാര്യർക്ക് ഓർമ്മയുടെ ആഡംബരം അനുവദിച്ചില്ല .ഓർമ്മയിൽ നിന്ന് വേദങ്ങളും ഉപനിഷത്തുകളും പാരായണം ചെയ്യാനറിയുന്ന ഗുരുവിന് ബോധം നഷ്ടപ്പെട്ടു, പരസ്പരം ആശയവിനിമയം നടത്താനുള്ള ഭാഷ പോലും മറന്നു .അപ്പോൾ ശിഷ്യന്മാർ ഞെട്ടി. അവർക്ക് ഗുരു നഷ്ടപ്പെട്ടു, അതോടൊപ്പം സ്ഥിരമായ വരുമാന സ്രോതസ്സും.

ഹിരണ്യൻ ആശ്രമത്തിൽ എത്തിയപ്പോൾ വെളിച്ചം കിട്ടിയ പരമാചാര്യൻ നന്നായി സംസാരിച്ചുകൊണ്ടിരുന്നു, ഒരു അത്ഭുതം പോലെ, അയാൾക്ക് ഓർമ്മ വന്നു ലോകമെമ്പാടുമുള്ള ചില പുസ്തകങ്ങൾക്കിടയിൽ മറഞ്ഞിരിക്കുന്നു ഒരു പുസ്തകത്തിൽ ലൊക്കേഷൻ സെൻസറുകളും ആഴത്തിൽ കൊത്തിവച്ച കോഡുമുണ്ട്, അത് വായിക്കാൻ അനുവദിച്ചിട്ടുള്ള വ്യക്തികൾക്ക് അല്ലാതെ മറ്റാർക്കും അത് ആക്സസ് ചെയ്യാനാവില്ല . ഇപ്പോൾ സെൻസറുകൾ പ്രവർത്തിക്കുന്നില്ല, മറഞ്ഞിരിക്കുന്ന അറയിൽ നിന്നുള്ള ശബ്ദങ്ങൾ

കണ്ടെത്താൻ അദ്ദേഹത്തിനുണ്ടായിരുന്ന ടെലിപതിക് കഴിവും നഷ്ടമായിരിക്കുന്നു ..

ലോകത്തെ നശിപ്പിക്കുന്ന ഒരു രഹസ്യ സൂത്രവാക്യം അതിൽ അടങ്ങിയിരിക്കുന്നതിനാൽ പുസ്തകത്തിനായുള്ള അന്വേഷണം ഒരിക്കലും ഉപേക്ഷിക്കരുതെന്ന് അദ്ദേഹം ഹിരണ്യനോട് പറഞ്ഞു. അത് തടയാനായി പുസ്തകം കണ്ടെത്തിയില്ലെങ്കിൽ ലോകം തന്നെ നശിപ്പിക്കപ്പെടും.

പരമാചാര്യരുടെ പഴയപോലത്തെ യുക്തിഭദ്രമായ ഋജുവായ സംസാരരീതി കണ്ട് ഹിരണ്യ ആശ്ചര്യപ്പെട്ടു, അദ്ദേഹം മാനസിക ശേഷി വീണ്ടെടുത്തിരിക്കുന്നു.

പരമാചാര്യൻ ഒരു സാധാരണ മനുഷ്യനല്ല, ഹിരണ്യന് അത് നന്നായി അറിയാമായിരുന്നു .അദ്ദേഹം ബാലനായിരുന്നപ്പോൾ , പീഠത്തിൻറെ ചുമതലയ്ക്ക് നിരവധി പേരിൽ നിന്ന് അദ്ദേഹത്തെ പ്രത്യേകം തിരഞ്ഞെടുത്തതാണ് . യാദൃശ്ചികമായി ആശ്രമത്തിൽ പൂജ നടത്തി പോയ ബാലനാണ്. ലക്ഷണയുക്തൻ എന്ന് കണ്ടത് കൊണ്ടു അദ്ദേഹത്തെ തിരികെ വിളിക്കാൻ ഒരു പുരുഷാരം തന്നെ പിന്തുടർന്നു എത്തുകയായിരുന്നു . ആശ്രമത്തിൽ അദ്ദേഹം മഠധിപനായി . ഒരു നൂറ്റാണ്ട് മുഴുവൻ പരമാചാര്യയായിരുന്നു ആശ്രമത്തിലെ അവസാന വാക്ക് .

അദ്ദേഹം അവിടെ ആശ്രയം തേടിയെത്തുന്ന എല്ലാവരെയും പൂർണ്ണതൃപ്തരാക്കിയാണ് അവിടെ നിന്ന് അയച്ചത് .ഓരോ ഭക്തരും എന്തിനാണ് അവിടെയെത്തുന്നതെന്നു അദ്ദേഹം മനസ്സിൽ കാണും. അവർ ആഗ്രഹിച്ച അനുഗ്രഹങ്ങൾ നൽകുകയും ചെയ്തു .

ആശ്രമത്തിൽ സ്വത്തുവകകളുടെ ധാരാളം രേഖകൾ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഖജനാവ് കാലിയായിരുന്നു .ഹിരണ്യൻ ശിഷ്യനായിരുന്നപ്പോൾ അതിൽ നിറയെ വിലകൂടിയ വലിയ സ്വർണ്ണനാണയങ്ങൾ ഉണ്ടായിരുന്നു, കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അപൂർവ ആഭരണങ്ങളും. വില നോക്കാതെ അദ്ദേഹം അതെല്ലാം ഭക്തർക്ക് പകുത്തു നൽകി .പലരും അതിൽ നിന്ന് അഭിവൃദ്ധി പ്രാപിച്ചു .പലർക്കും അവരുടെ അത്യാഗ്രഹം മൂലം നഷ്ടമുണ്ടായി . അല്ലെങ്കിൽ പലർക്കും മറ്റുള്ളവരെ കൊള്ളയടിക്കാനുള്ള ആഗ്രഹം നഷ്ടപ്പെട്ടു. അവരുടെ ഇടയിലെ തിന്മ പോലും ഒരു പരിധി വരെ ശുദ്ധീകരിക്കപ്പെട്ടു. അല്ലെങ്കിൽ തിന്മ അവരിൽ നിന്ന് ഓടിയൊളിച്ചു .. നന്മയോടൊപ്പം നിലനിൽക്കുന്ന തിന്മയുടെ വിചിത്രമായ ദ്വന്ദ്വമോ ബൈനറിയോ ആയിരുന്നു അത് .

> **ലോകത്തെ നശിപ്പിക്കുന്ന ഒരു രഹസ്യ സൂത്രവാക്യം അതിൽ അടങ്ങിയിരിക്കുന്നതിനാൽ പുസ്തകത്തിനായുള്ള അന്വേഷണം ഒരിക്കലും ഉപേക്ഷിക്കരുതെന്ന് അദ്ദേഹം ഹിരണ്യനോട് പറഞ്ഞു. അത് തടയാനായി പുസ്തകം കണ്ടെത്തിയില്ലെങ്കിൽ ലോകം തന്നെ നശിപ്പിക്കപ്പെടും. പരമാചാര്യരുടെ പഴയപോലത്തെ യുക്തിഭദ്രമായ ഋജുവായ സംസാരരീതി കണ്ട് ഹിരണ്യ ആശ്ചര്യപ്പെട്ടു, അദ്ദേഹം മാനസിക ശേഷി വീണ്ടെടുത്തിരിക്കുന്നു.**

തന്റെ സന്ദർശകർ ആരാണെന്ന് അദ്ദേഹം ഒരിക്കലും ശ്രദ്ധിച്ചിരുന്നില്ല .പരമാചാര്യ തന്റെ ഇരിപ്പിടം പോലും യാചിച്ചു എത്തുന്നവർക്ക് നൽകാൻ മടിക്കില്ലായിരുന്നു . തന്റെ സ്വർണ്ണമോ ആഭരണങ്ങളോ അദ്ദേഹം അവർക്ക് നല്കാൻ മടികാട്ടിയില്ല .പൂ പോലെ ശുദ്ധനായ മനുഷ്യൻ .വജ്രത്തിന്റെ കാഠിന്യം മനസ്സിൽ ഒളിപ്പിച്ച ആചാര്യൻ. സ്നേഹപാശങ്ങൾ അദ്ദേഹത്തെ ചൂഴ്ന്നു നിന്നു. യഥാർത്ഥ മനുഷ്യനായിരുന്നു അദ്ദേഹം . ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ പരമാചാര്യയെ ദർശിച്ചപ്പോൾ ഹിരണ്യയ്ക്ക് വേദന അനുഭവപ്പെട്ടു, വെളിച്ചം ഇപ്പോഴും അദ്ദേഹത്തിന്റെ ഓർമ്മക്ക് തിളക്കം നൽകി തിളങ്ങുന്നു. വെളിച്ചം നിലനിൽക്കുന്ന ഏതാനും മണിക്കൂറുകൾക്കുള്ളിൽ അല്ലെങ്കിൽ മരണത്തിന് തൊട്ടു മുമ്പ് അദ്ദേഹത്തിൻറെ ബുദ്ധി പാരമ്യത്തിലെത്തി .അദ്ദേഹം അങ്ങനെ ഒരു കഥ, ഒരു വസ്തുത, ഒരു ഐതിഹ്യം പറഞ്ഞു തുടങ്ങി .

''കൊളോണിയൽ കാലത്ത് നേരിട്ട് വേദങ്ങൾ പഠിക്കാൻ ബ്രിട്ടീഷുകാർ ഇവിടെ വരാറുണ്ടായിരുന്നു .അതിൽ ഒരാൾ ജോൺസ് എന്ന ബ്രിട്ടീഷുകാരൻ ഒരു മഹാ പണ്ഡിതനായിരുന്നു, സംസ്കൃതത്തിലും വിശുദ്ധ ഗ്രന്ഥങ്ങളിലും അറിവുണ്ടായിരുന്നുവെങ്കിലും അത് പൂർണ്ണമായി ഗ്രഹിക്കാൻ അദ്ദേഹം ആഗ്രഹിച്ചു . .ദേവനാഗരി അക്ഷരമാലയിലെ നിരവധി സ്വരാക്ഷരങ്ങളെയും വ്യഞ്ജനാക്ഷരങ്ങളെയും കുറിച്ച് അദ്ദേഹം എന്നോട് ചോദിച്ചു.

നാല് വേദങ്ങളും ഉപനിഷത്തുകളും അവയുമായി ബന്ധപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും പഠിച്ച ഗുരുവിനു പോലും ലും അതിൽ ഒളിച്ചിരുന്ന ഒരുരഹസ്യത്തെ പറ്റിയുള്ള ചോദ്യത്തിന് ഉത്തരം നൽകാൻ കഴിഞ്ഞില്ല. മനുഷ്യന്റെ കുതന്ത്രങ്ങൾ മൂലം , അറിവില്ലായ്മയുടെ പേരിൽ അക്ഷരാർത്ഥത്തിൽ ഇരിപ്പിടം അപഹരിക്കപ്പെട്ട ഒരു മഹാജ്ഞാനിയുടെ കഥ ഞാൻ അവനോട് പറഞ്ഞു .എല്ലാ സാഹിത്യവും അങ്ങനെയാണ് . ജീവൻ രക്ഷിക്കുന്ന മൃതസഞ്ജീവനി മന്ത്രവും അധികാരവും വാമന രൂപത്തിലുള്ള ദൈവം അപഹരിക്കുന്നു . അസുരന്മാർ കൊള്ളയടി

ക്കപ്പെടുന്നു ബലിയുടെ ഭൂമിയും ജീവനും നഷ്ടപ്പെടുന്നു . യുധിഷ്ടിരൻ പോലും തന്റെ ഗുരുവിനെ പരാജയപ്പെടുത്താൻ നുണകൾ പറയുന്നു.

' ഞാൻ അയാളോട് പറഞ്ഞു , അക്ഷരമാല എന്താണ് സൂചിപ്പിക്കുന്നത് എന്ന് എനിക്ക് പറയാൻ കഴിയില്ല, ഒരുപക്ഷേ ലോകം മുഴുവൻ വാക്കുകളിലൂടെ പ്രതിധ്വനിക്കുന്നു അല്ലെങ്കിൽ ലോകത്തെ നശിപ്പിക്കാനുള്ള ഒരു അനഗ്രമാറ്റിക് മാന്ത്രിക മന്ത്രമാണത് . അത് നല്ലതും ചീത്തയുമായ ഒരു രേഖീയ ലേഖയാകാം .. കാലത്തിന്റെ നദി. ഓരോന്നോരോന്നായി എടുത്താൽ അതിന്റെ അർത്ഥം വ്യത്യസ്തമായിരിക്കും .മരണവും ജീവിതവും അവിടെ കെട്ടു പിണഞ്ഞുകിടക്കുന്നു .അത് വാക്കിന്റെ ശക്തിയല്ല, വാക്കുകളുടെ അർത്ഥമാണ്. പ്രത്യേക പ്രവർത്തനത്തെ സൂചിപ്പിക്കുന്ന വാക്കുകൾ, സ്വരവും ഉദ്ദേശ്യവും കൊണ്ട് വ്യത്യസ്തമാണ്, യഥാർത്ഥ ഉച്ചാരണത്താൽ സൃഷ്ടിക്കപ്പെട്ടതായി തോന്നുന്നു. വാക്കുകളുടെ സ്വതന്ത്രമായ നില (അക്ഷര), ഒരിക്കലും മരിക്കാത്ത, എപ്പോഴും മുഴങ്ങുന്ന വാക്ക്.

ഗുരു സന്ധ്യയെ നോക്കിക്കൊണ്ടിരുന്നു .''സന്ധ്യ കഴിഞ്ഞാൽ ഞാൻ പോകും .ആരാണ് പീഠത്തിൽ (ഇരിപ്പിടം) ഇനി ഇരിക്കാൻ പോകുന്നതെന്ന് എനിക്കറിയില്ല. ഒരിക്കൽ നീ അനന്തരാവകാശിയാകുമെന്ന് ഞാൻ കരുതി .എന്നാൽ ഞാൻ നിന്നെ ആ വിളിയിൽ നിന്ന് മോചിപ്പിച്ചു , ഇപ്പോൾ ആ ഇരിപ്പിടം അനാഥമായിരിക്കുന്നു .നിങ്ങളുടെ ശിഷ്യന്മാരിൽ ഒരാളെ തിരികെ കൊണ്ടുവരിക , ഈ ഇരിപ്പിടം നൂറ്റാണ്ടുകളോളം അതിന്റെ പ്രകാശം പരത്തട്ടെ !

അദ്ദേഹം ഇങ്ങനെ സംസാരിക്കുന്നത് ഹിരണ്യൻ വളരെ അപൂർവമായേ കേട്ടിട്ടുള്ളൂ.



**ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ പരമാചാര്യയെ ദർശിച്ചപ്പോൾ ഹിരണ്യയ്ക്ക് വേദന അനുഭവപ്പെട്ടു, വെളിച്ചം ഇപ്പോഴും അദ്ദേഹത്തിന്റെ ഓർമ്മക്ക് തിളക്കം നൽകി തിളങ്ങുന്നു. വെളിച്ചം നിലനിൽക്കുന്ന ഏതാനും മണിക്കൂറുകൾക്കുള്ളിൽ അല്ലെങ്കിൽ മരണത്തിന് തൊട്ടു മുമ്പ് അദ്ദേഹത്തിൻറെ ബുദ്ധി പാരമ്യത്തിലെത്തി . അദ്ദേഹം അങ്ങനെ ഒരു കഥ, ഒരു വസ്തുത, ഒരു ഐതിഹ്യം പറഞ്ഞു തുടങ്ങി .**

'മകനേ', പരമാചാര്യൻ അവനെ പതുക്കെ വിളിച്ചു.

''പുസ്തകം നോക്കൂ. ആകാശവും ഭൂമിയും പോലെചതുരാകൃതിയിലാണ് അവിടെ ചിത്രങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത് . ഓരോ വിഭാഗവും ഒരു വാക്ക് കൊണ്ട് നമുക്ക് തുറക്കാം .വാക്കാണ് താക്കോൽ .ഇംഗ്ലീഷുകാരൻ എനിക്ക് സമ്മാനിച്ച പുസ്തകം ആശ്രമത്തിന് ദുരന്തങ്ങൾ വരുത്തി, അതിനാൽ അത് മോഷ്ടിക്കപ്പെട്ടപ്പോൾ ഞാൻ ആശ്വസിച്ചു.കറുത്ത പുസ്തകത്തിന്റെ ജീവിതം അവസാനിച്ചിരിക്കുന്നു, കാരണം ആർക്കും അത് കണ്ടെത്താനോ ഉപയോഗിക്കാനോ കഴിയില്ല.

എന്നാൽ സമൂഹം പുരോഗമിക്കുകയും ശാസ്ത്രം പുരോഗമിക്കുകയും ചെയ്യുമ്പോൾ, അന്വേഷണം വീണ്ടും വീണ്ടും തുടരുകയും അത് കണ്ടെത്താനും നശിപ്പിക്കാനുമുള്ള ത്വര വളരുകയും ചെയ്യും ..

തങ്ങളുടെ അഭയ കേന്ദ്രമായ ഈ ലോകത്തെ നശിപ്പിക്കാൻ ആരും തയ്യാറാകുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല, പക്ഷേ ഇപ്പോൾ അത് സാധ്യമാണെന്ന് എനിക്കറിയാം. '

സംസാരം കുറച്ചു നേരം നിർത്തി അദ്ദേഹം തുടർന്നു .

'പോയി അത് വീണ്ടെടുക്കൂ.'

സൂര്യൻ പടിഞ്ഞാറ് അസ്തമിച്ചപ്പോൾ കിഴക്കോട്ട് നോക്കി ഹിരണ്യന്റെ മടിയിൽ കിടന്ന് പരമാചാര്യ അന്ത്യശ്വാസം വലിച്ചു. ഭയാനകമായ ഒരു സ്ഫോടനത്തിൻറെവെളിച്ചത്തിൽ, ഒരു ആത്മാവ് നിരവധി പുനർജന്മങ്ങളുടെ നദികളിലൂടെ കടന്നുപോകുന്നതും ദൈവവുമായി അത് ഒന്നാകുന്നതും ഹിരണ്യനു കാണാൻ കഴിഞ്ഞു.

ഹിരണ്യനുള്ളിലെ നിരീശ്വരവാദി ഒരു നിമിഷത്തേക്ക് ഇല്ലാതായി .പരമാചാര്യരുടെ ഇഷ്ട ശിഷ്യനെന്ന നിലയിൽ അദ്ദേഹം മുനിയുടെ അന്ത്യകർമങ്ങൾക്കായി ഒരുങ്ങി. ആശ്രമത്തിലെ ഗ്രന്ഥങ്ങളും നിയമങ്ങളും അനുശാസിക്കുന്ന പ്രകാരം, ഹിരണ്യൻ മഠത്തിൽ നിന്ന് അവസാനത്തെ വഴിപാടുകൾ പുറത്തെടുത്തു.

അകത്ത് ഒന്നുമില്ല, ഒരു പുത്തൻ തുണി പോലും ഇല്ല .സ്വർണം നിറഞ്ഞിരുന്ന ഭണ്ഡാരങ്ങൾ കാലിയായിരുന്നു .

പുസ്തക അലമാരകൾ കൊള്ളയടിക്കപ്പെട്ടു .ആ സ്ഥലം മുഴുവൻ ശിഷ്യന്മാരാലും മനുഷ്യരാലും വിജനമാക്കപ്പെട്ടതായി തോന്നി. പരമാചാര്യന്റേതു ഒരു ഏകാന്ത മരണമായിരുന്നു .

ഹിരണ്യൻ അദ്ദേഹത്തിൻറെ ശരീരം കൈകളിൽ വഹിച്ചു. ആത്മാവിന് ശാന്തി ലഭിക്കാൻ എല്ലാ വിശുദ്ധ വഴിപാടുകളും നടത്തി. പരമാചാര്യൻ അനുശാസിച്ചത് പോലെ ആ പുസ്തകം കണ്ടെത്തുമെന്ന് ഉറപ്പു കൊടുക്കണമെന്ന് മനസ്സ് അവനോട് പറഞ്ഞു, എന്നാൽ ഒരു നിരീശ്വരവാദി എന്ന നിലയിൽ അദ്ദേഹത്തിന് അത്തരമൊരു വാഗ്ദാനം നൽകാൻ കഴിഞ്ഞില്ല, അല്ലെങ്കിൽ മുനിയുടെ മഹത്തായ ആഗ്രഹം നിറവേറ്റാൻ ആഗ്രഹിക്കുന്ന ഒരാളെ ആ ചുമതല ഏൽപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

രാത്രി ഇരുട്ടായപ്പോൾ അവസാനത്തെ തീക്കനലും എരിഞ്ഞടങ്ങി .



## അധ്യായം 20

# ശാന്തിഭവനിലെ ആദ്യത്തെ തടവുകാരൻ

അതുല്യ ക്യാമ്പിന്റെ അന്തിമ നിർമ്മാണവും ചുമതലയും ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന തടവുകാരനാണ് ഇന്ന് മരിച്ചത് .ക്യാമ്പിൻറെ ചട്ടവട്ടങ്ങൾ അനുസരിച്ചു അന്തേവാസികളെ കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചു കൂടാ അങ്ങനെ ഒരാൾ ഉണ്ടായിരുന്നു എന്ന് പോലും ആരും അറിയരുത് .ദൈവത്തിൻറെയും ഭൂമിയുടെയും രേഖകളിൽ പെടാത്ത വ്യക്തികളാണ് അവിടെയുള്ളത് .

**ഹിരണ്യൻ അദ്ദേഹത്തിൻറെ ശരീരം കൈകളിൽ വഹിച്ചു. ആത്മാവിന് ശാന്തി ലഭിക്കാൻ എല്ലാ വിശുദ്ധ വഴിപാടുകളും നടത്തി.പരമാചാര്യൻ അനുശാസിച്ചത് പോലെ ആ പുസ്തകം കണ്ടെത്തുമെന്ന് ഉറപ്പു കൊടുക്കണമെന്ന് മനസ്സ് അവനോട് പറഞ്ഞു, എന്നാൽ ഒരു നിരീശ്വരവാദി എന്ന നിലയിൽ അദ്ദേഹത്തിന് അത്തരമൊരു വാഗ്ദാനം നൽകാൻ കഴിഞ്ഞില്ല, അല്ലെങ്കിൽ മുനിയുടെ മഹത്തായ ആഗ്രഹം നിറവേറ്റാൻ ആഗ്രഹിക്കുന്ന ഒരാളെ ആ ചുമതല ഏൽപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. രാത്രി ഇരുട്ടായപ്പോൾ അവസാനത്തെ തീക്കനലും എരിഞ്ഞടങ്ങി .**

പക്ഷേ അതുല്യക്കു സവിശേഷബുദ്ധിയുണ്ട് .എത്ര ശ്രമിച്ചാലും അയാളുടെ ഓർമ്മകൾ മായിക്കാനാകില്ല .അവ മായിച്ചു കളയാൻ ശ്രമിക്കുമ്പോൾ അതൊരു വാള് പോലെ അയാളുടെ മനസ്സിനെ ആക്രമിക്കും .ബോധതലത്തിൽ നേർത്ത പ്രകമ്പനങ്ങൾ സൃഷ്ടിക്കും .തീവ്രമായ ആവേദനയിൽ നിന്ന് രക്ഷപെടാൻ അയാൾ സ്വയം പ്രഹരിക്കും .ഒരു ലഹരി പോലെ ഓർമ്മകൾ അയാളെ വലയം ചെയ്യും .അയാൾ കാവൽ നിൽക്കുന്ന വലിയ മതിലുള്ളിൽ മറ്റൊരു മതിലായിരുന്നു അയാളുടെ മനസ്സ്.

ഞാൻ ഔസേപ്പ് . മരിച്ച തടവുകാരൻ അയാളോട് പറയാൻ

തുടങ്ങി.''ഓർമ്മയില്ലേ എന്നെ. ദക്ഷിണാത്യത്തിലെ ഒരു സാധാരണ ഗ്രാമത്തിലായിരുന്നു ഞാൻ ജനിച്ചത് .ഭരിക്കാനറിയാത്ത രാജാവ് ജനങ്ങളെ വല്ലാതെ ദ്രോഹിച്ചു .പട്ടിണിയും പരിവട്ടവുമായി ജീവിതം കടന്നു പോയി .എത്ര അധ്വാനിച്ചിട്ടും ഏതു തരത്തിലുള്ള വിത്ത് ഉപയോഗിച്ചിട്ടും രാജാവിനു കൊടുക്കാനുള്ള നെല്ല് തികച്ചു ഉണ്ടാക്കാൻ കഴിഞ്ഞില്ല. പട്ടിണിയിൽ കഴിയുന്ന കുടുംബം കുടുതൽ പട്ടിണിയിലായി .എങ്ങനെയെങ്കിലും അവിടം വിടാൻ ഞാൻ മോഹിച്ചു .

അറിവോ പണമോ സഹായമോ ഇല്ലാതിരുന്ന ഒരു പാവം വ്യക്തിയായിരുന്നു ഞാൻ .രാജകിങ്കരന്മാർ ലാത്തികൾ ഉപയോഗിച്ചു ഭീഷണിപ്പെടുത്തി .

അതിലും ഭീകരമായിരുന്നു വിശപ്പ് .ആ ലോകത്ത് നിന്നും എല്ലാം ഉപേക്ഷിച്ചു ഞാൻഓടിയോളിച്ചു .ബന്ധുക്കളുടെ നില എന്തായോ മക്കൾ എന്ത് ചെയ്തോ ?ഭാര്യ ജീവിച്ചിരിപ്പുണ്ടോ ? ഒന്നുമറിയില്ല യാത്രയിൽ ഊരും പേരും ഉപേക്ഷിച്ച എനിക്ക് ജന്മനാടിനെ കുറിച്ചുള്ള ഓർമ്മ പോലും ഇല്ലാതായി .

ജീവിതത്തിൻറെ പുറമ്പോക്കുകളിൽസഞ്ചരിച്ചു ഞാൻ .അടിമയെ പോലെ പല ധനികർക്കും ചേലാളരായി.എല്ലാം മറന്നിട്ടും ഒരു കർഷകൻ ആണെന്ന ബോധം മനസ്സിൽ നിന്ന് മാഞ്ഞു പോയില്ല

ആകാശത്തു കാറ് കാണുമ്പോൾ ,നദികൾ തിങ്ങി നിറയുമ്പോൾ വയലുകളിൽ നിന്ന് പാട്ട് ഒഴുകുമ്പോൾ ഒരിക്കൽ കൂടി ഞാൻ വിട്ടു പോന്ന ലോകത്തെ കുറിച്ചോർത്തു .

അങ്ങനെ ഞാൻ വീണ്ടും പഴയ തിരുവതാംകൂറിലെത്തി.അപ്പോഴേക്കും ഞാൻ വളർന്നു വലുതായി . ലോകം മാറി. ശരീരം തടിച്ചുരുണ്ട് ബലിഷ്ടനായി ഞാൻ .

കാലമേറെ കഴിഞ്ഞിട്ടും എന്നെ അവർ മറന്നിരുന്നില്ല രാജാവിനെ ധിക്കരിച്ച അടിമയെ .

അങ്ങനെ ഞാൻ വീണ്ടും രാജാവിൻറെ ശത്രുവായി .എന്നെ തൊഴിൽ ചെയ്യാൻ അവർ അനുവദിച്ചില്ല. കൃഷിയിൽ നിന്ന് എന്നെ വിലക്കി .

അല്ലെങ്കിൽ തന്നെ അന്ന് ആർക്കാണ് സ്വന്തമായി കൃഷിഭൂമി ഉണ്ടായിരുന്നത് ?പകരം എന്നെ ഒരടിമയെപോലെ പാടങ്ങളിൽ പണിക്കാരനാക്കി .

**അതുല്യക്കു സവിശേഷബുദ്ധിയുണ്ട് .എത്ര ശ്രമിച്ചാലും അയാളുടെ ഓർമ്മകൾ മായിക്കാനാകില്ല .അവ മായിച്ചു കളയാൻ ശ്രമിക്കുമ്പോൾ അതൊരു വാള് പോലെ അയാളുടെ മനസ്സിനെ ആക്രമിക്കും .ബോധതലത്തിൽ നേർത്ത പ്രകമ്പനങ്ങൾ സൃഷ്ടിക്കും .തീവ്രമായ ആ വേദനയിൽ നിന്ന് രക്ഷപെടാൻ അയാൾ സ്വയം പ്രഹരിക്കും .ഒരു ലഹരി പോലെ ഓർമ്മകൾ അയാളെ വലയം ചെയ്യും .അയാൾ കാവൽ നിൽക്കുന്ന വലിയ മതിലുള്ളിൽ മറ്റൊരു മതിലായിരുന്നു അയാളുടെ മനസ്സ്.**

എൻറെ ബുദ്ധി എന്നെ കൈവിട്ടു .ഒരു യന്ത്രംപോലെ ഞാൻ പണിയെടുത്തു . .നാടുവാഴി തന്ന ഓലക്കുടിലിൽ എല്ലാം മറന്നു പകലും രാത്രിയും ഉറങ്ങി .പച്ച നെല്ല് വറുത്തു ഞാൻ ഇത്തിരി കഞ്ഞി കുടിച്ചു അത് പോലും കിട്ടാത്ത എത്രയോ പേർ ഉണ്ടായിരുന്നു ...

അയാളുടെ കഥ അതുല്യ കേൾക്കുകയായിരുന്നു .

എല്ലാം സഹിച്ചു ആ ജീവിതവുമായി പൊരുത്തപ്പെട്ടു പോയതായിരുന്നു അയാളും അയാളുടെ കൂട്ടത്തിൽ ഉള്ള ആളുകളും പക്ഷെ നാടുവാഴിയുടെ ക്രൂരത കൊലയിൽ കലാശിച്ചപ്പോൾ അയാളിലെ മനുഷ്യൻ ഉണർന്നു .നിരന്തരമായുള്ള അധ്വാനം കൊണ്ടു പുഷ്ടിപ്പെടുത്തിയ പേശികൾ ത്രസിച്ചു. അയാൾ കയ്യുയർത്തി .

ജയിൽ അയാളെ മെരുക്കി. അയാള്കുറെ പേശികൾ തകർന്നു ചിന്തകൾക്ക് മൂർച്ച പോയി . എല്ലാ അർത്ഥത്തിലും അവരുടെ അടിമ ആയി അയാൾ മാറി .നാട്ടിലെ തടവറ എന്തെന്ന് അറിഞ്ഞവർക്ക് അതിൽ അതിശയമുണ്ടാകില്ല .

ഇതിനിടക്ക് ലോകത്ത് പല മാറ്റങ്ങളും വന്നു .ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്ന് മോചനം നേടി തിരുവതാംകൂർ ഇന്ത്യയുടെ ഭാഗമായി .

രഹസ്യമായി തടവിൽ വെച്ചിരുന്നവരെ പുറത്തു വിടേണ്ട സമയം ആഗതമായി .പക്ഷെ അങ്ങനെയൊരു ജയിലോ അതിൽ അന്തേവാസികളോ ഇല്ലെന്നു രാജഭരണം പറഞ്ഞു .

നീണ്ട അന്വേഷണം ഉണ്ടായി. അപ്പോഴേക്കും മിക്ക അന്തേവാസികളെയും അവർ മാറ്റി പാർപ്പിച്ചിരുന്നു

പക്ഷെ അയാളെ കുറിച്ചു അവർക്ക് ഒരു സംശയവും ഉണ്ടായില്ല .ഭീകരൻ എന്ന് മുദ്ര കുത്തിയ അയാളെ ബോസിന്റെ ശാന്തിഭവനിലേക്ക് മാറി

അവിടെ ഒരു അന്താരാഷ്ട്ര കമ്മിറ്റിയും വരില്ല . അതൊരു രാഷ്ട്രമല്ല .ഒരു സാങ്കൽപ്പിക നാട് മാത്രം ആർക്കും അങ്ങനെ ഒരു സ്ഥലം ഉണ്ടെന്നു അറിയില്ല. രേഖകളിൽ ഇല്ലാത്ത ഒരു നാടായിരുന്നു അത് .

ആ നാട്ടിലെ ആദ്യത്തെ പരീക്ഷണമൃഗം ആയി അയാൾ .അതുല്യ അയാളുടെ കാവൽക്കാരനും .

അധ്യായം 21

# ശാപം അനുഗ്രഹമായി മാറുന്നു ....

പ്രിയപ്പെട്ട അജയ് ,

ഡിയിലെ പാപികളുടെ നഗരത്തിൽ നാം പിരിഞ്ഞ ശേഷം ഇരുപതു വർഷമായിരിക്കുന്നു. വലിയ ഒരു കമ്പനിയിൽ ഉന്നത നിലയിൽ വിരാജിക്കുകയാണ് നീ എന്ന് അടുത്തയിടെയാണ് ഞാൻ അറിഞ്ഞത് ഞാൻ അറിഞ്ഞത്. എനിക്കതിൽ അതിശയമില്ല .അവിടെ നീ എത്തിയില്ലെങ്കിൽ മാത്രമേ എനിക്ക് അതിശയം തോന്നുമായിരുന്നുള്ളൂ .സ്നേഹവചനം പറയാനോ സഹായം അഭ്യർഥിക്കാനോ അല്ല ഈ കത്ത് .ഞാൻ അകപ്പെട്ടിരിക്കുന്ന ഒരു ലോകത്തെ എൻറെ സ്ഥിതി നിന്നെ അറിയിക്കണം എന്ന് ഏറെ നാളായി ഞാൻ ഓർക്കുന്നു .സർവകലാശാല വിട്ടതിനു ശേഷം എനിക്ക് ചില കാര്യങ്ങൾ പങ്കു വെയ്ക്കാവുന്ന ഒരേ ആൾ നീ മാത്രമാണു എന്ന് പറയുമ്പോൾ നിനക്ക് കൌതുകം തോന്നാം .

ഞാൻ വല്ലാത്ത ഒരു കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. അതിൽ നിന്ന് രക്ഷപെടാൻ യാതൊരു മാർഗവും കാണുന്നില്ല. ഇത് കേൾക്കുമ്പോൾ നീ ഊറി ചിരിക്കുന്നുണ്ടാകും.എല്ലാ പ്രശ്നങ്ങളും നിമിഷങ്ങൾ;ക്കുള്ളിൽ നിർദ്ധാരണം ചെയ്യുന്ന ഒരു വ്യക്തി പ്രശ്നങ്ങളിൽ കുടുങ്ങുകയോ ? അതൊരു ചോദ്യമാണ് . അതിൽ ഉത്തരവും അടങ്ങിയിരിക്കുന്നു .

എൻറെ മിടുക്കാണ് എൻറെ വലിയ പ്രശ്നം .ഞാനാണ് യഥാർത്ഥ പ്രശ്നം .എല്ലാം ചുമലിലേറ്റി മറ്റാർക്കും പിടികൊടുക്കാതെ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്തിരുന്ന എൻറെ ഈ മിടുക്ക് തന്നെയാണ് എനിക്ക് വിനയായത് .യഥാർത്ഥത്തിൽ ഞാൻ ഇത്ര കാലവും വലിയ കെണിയിലായിരുന്നു.എനിക്കത് തിരിച്ചറിയാൻ കഴിഞ്ഞില്ല .എൻറെ കഴിവും മിടുക്കുമെല്ലാം ആ കെണിയുടെ ശക്തി വർദ്ധിപ്പിക്കാനുള്ള രഹസ്യ വഴികളായിരുന്നു

> **അയാളെ കുറിച്ചു അവർക്ക് ഒരു സംശയവും ഉണ്ടായില്ല .ഭീകരൻ എന്ന് മുദ്ര കുത്തിയ അയാളെ ബോസിന്റെ ശാന്തിഭവനിലേക്ക് മാറി . അവിടെ ഒരു അന്താരാഷ്ട്ര കമ്മിറ്റിയും വരില്ല . അതൊരു രാഷ്ട്രമല്ല .ഒരു സാങ്കൽപ്പിക നാട് മാത്രം ആർക്കും അങ്ങനെ ഒരു സ്ഥലം ഉണ്ടെന്നു അറിയില്ല. രേഖകളിൽ ഇല്ലാത്ത ഒരു നാടായിരുന്നു അത് .ആ നാട്ടിലെ ആദ്യത്തെ പരീക്ഷണമൃഗം ആയി അയാൾ . അതുല്യ അയാളുടെ കാവൽക്കാരനായി**

ഈ തിരിച്ചറിവ് ഉണ്ടാകാൻ ഇത്ര കാലമെടുത്തുവോ എന്ന് ചോദിക്കാം .നാമെല്ലാം എങ്ങനെ രൂപപ്പെട്ടിരിക്കുന്നുവോ അതനുസരിച്ചാണ് നമ്മുടെ വിധി ഒരു പക്ഷെ നിന്റെ ഭാഷയിൽ കർമ ഫലം. ലോകം എനിക്ക് ഒരു പ്രശ്നമായിരുന്നില്ല അധികാരത്തിൽ താല്പര്യവും ഉണ്ടായിരുന്നില്ല എല്ലാവരെയും ആകർഷിക്കുന്ന പണവും പ്രശസ്തിയും എനിക്ക് പഥ്യമായിരുന്നില്ല.പക്ഷെ ഒരു പരിധി വരെ അത് നമ്മെ തേടി വന്നു അധികാരവും .സ്ത്രീ ഒരു കാലത്തും എൻറെ ദൌർബല്യമായിരുന്നില്ല നിവേദിത എന്നെ ശപിച്ചു പോയതിൽ പിന്നെ അതെ പറ്റി ഞാൻ ഒന്നും ആലോചിച്ചിട്ടില്ല ഏതായാലും അവളുടെ ശാപം ഫലിച്ചു എന്ന് തോന്നുന്നു .

ആ ശാപം പോലും എൻറെ ഭാഗ്യമായി .ഇല്ലെങ്കിൽ ഞാൻ മറ്റൊരു ക്രൂരമായ പരമ്പരയെ തലോടി അവർക്ക് പുതു ജീവിതം കരുപ്പിടിപ്പിക്കുന്ന അച്ഛനായി മാറേണ്ടി വന്നേനേ എത്രയോ പേരുടെ ശാപം എൻറെ കുട്ടികൾ അനുഭവിക്കേണ്ടി വരുമായിരുന്നു .നിവേദിതയോടു എനിക്ക് നന്ദിയുണ്ട്,എന്നെ ആ നരകത്തിൽ നിന്ന് രക്ഷപെടുത്തിയതിനു .

അജിത് ,

ഈ കത്ത് മറൊരു കാര്യത്തിനാണ് .ഞാൻ ഒരു നരകത്തിലാണ്. ആ നരകത്തിൽ നിന്ന് എങ്ങനെ മോചനം നേടണമെന്ന് എനിക്കറിയില്ല എൻറെ വാതിലുകൾ ഞാൻ തന്നെ അടച്ചിരിക്കുന്നു .പക്ഷെ ഞാൻ മൂലം ആ നരകത്തിൽ കുടുങ്ങാൻ ഇടയുള്ളവരെ രക്ഷപ്പെടുത്തണം. അതിനു മാത്രമാണ് എൻറെ ജീവിതം അങ്ങനെ ഒരു ജീവിതം ഉണ്ടെങ്കിൽ .

അതിനുള്ള മാർഗങ്ങല്ലാണ് ഈ കത്തിൽ .ഈ ഭീകരമായ ലോകത്ത് നിന്ന് മോചനം നൽകാൻ നിനക്ക് മാത്രമേ കഴിയൂ .

അതുല്യ

അതുല്യയുടെ കത്ത് അജയിനെ ഇരുത്തി ചിന്തിപ്പിച്ചു. നാശത്തിലേക്കാണ് അതുലിന്റെ പോക്കെന്ന് മുൻപേ അജയിന് അറിയാമായിരുന്നു .പക്ഷെ ആ നാശത്തിൽ അറിയാത്ത ഒരു ലോകം കൂടി പെടുമെന്നറിഞ്ഞപ്പോൾ അയാൾക്ക് വല്ലാത്ത ഭയം തോന്നി. അതുലിന്റെ കത്തുകളും കൂടെ നൽകിയ ലിങ്കുകളും അയാളെ കുടുതൽ പരിഭ്രാന്തനാക്കി .കെട്ടുകഥ



യെന്നു തള്ളിക്കളഞ്ഞ കഴുകൻയാഥാർത്ഥ്യമാണെന്ന തിരിച്ചറിവാണ് അയാളെ കുടുതൽ ഞെട്ടിച്ചത്. കഴുകന്റെ കണ്ണുകൾ ഉയർന്നു പറക്കുന്നു. ആരെല്ലാമാണ് ആ കണ്ണുകളിൽ? ആരെല്ലാമാണ് ആ ശ്രുംഖലയിൽ എന്നറിയില്ല .കത്ത് ലഭിച്ച നിമിഷം മുതൽ താൻ തന്നെ നിരന്തരമായ നിരീക്ഷണത്തിലാണ് എന്ന തോന്നൽ ശക്തിപെട്ടു .

കഴുകന്റെ കണ്ണുകളുടെ ശക്തിയും തീക്ഷ്ണതയും അയാൾക്ക് നന്നായി അറിയാം ലോകമെനും അടുത്തിടെ ഉണ്ടായ ക്രോരമായ സംഭവ വികാസങ്ങളിൽ അതിന്റെ സ്വാധീനം വലുതാണ് .അതിൽ ആരെല്ലാം ഉണ്ട് എന്ന് ആർക്കും അറിയില്ലെന്നതാണ് അതിനെ തകർക്കാൻ കഴിയാത്ത വലിയ കാര്യം

ചിലയിടങ്ങളിൽ ഐഡിയോളജിയാണ് കാരണമെങ്കിൽ ചിലയിടങ്ങളിൽ മതമാണ് മറ്റുള്ള ഇടങ്ങളിൽ അധികാരത്തിൽ ഭ്രമിക്കുന്ന എകാധിപതികളാണ് .ഇവരെ ബന്ധിപിക്കുന്ന ദൃശ്യമായ ചരടുകളാണ് അതുല്യയും ബോസും ഹിരണ്യനും .അതൊരു വലിയ ലോകമാണ് .മാഫിയയും രാഷ്ട്രീയവും മതവും കൈകോർക്കുന്നു ദുരന്ത നിമിഷം .

ആദ്യമായി അതുലിനെ കുറിച്ചു അയാൾക്ക് വെറുപ്പ് തോന്നി സ്വയം നാശത്തിലേക്ക് നീങ്ങുന്ന ഒരു വ്യക്തി ആണെന്നല്ലാതെ അയാൾ ഇത്ര ദുരന്തങ്ങളുടെ സൃഷ്ടവ് ആണെന്ന് അജയ് ഒരിക്കലും കരുതിയില്ല ഇപ്പോൾ ഇത് അയാൾ തന്നെയും കുടുംബത്തെയും ആ നരകക്കടലിന്റെ നടുക്ക് എത്തിച്ചിരിക്കുന്നു .

**അജിത് ,. ഞാൻ ഒരു നരകത്തിലാണ് . ആ നരകത്തിൽ നിന്ന് എങ്ങനെ മോചനം നേടണമെന്ന് എനിക്കറിയില്ല എൻറെ വാതിലുകൾ ഞാൻ തന്നെ അടച്ചിരിക്കുന്നു . പക്ഷെ ഞാൻ മൂലം ആ നരകത്തിൽ കുടുങ്ങാൻ ഇടയുള്ളവരെ രക്ഷപ്പെടുത്തണം. അതിനു മാത്രമാണ് എൻറെ ജീവിതം അങ്ങനെ ഒരു ജീവിതം ഉണ്ടെങ്കിൽ . അതിനുള്ള മാർഗങ്ങളാണ് ഈ കത്തിൽ . ഈ ഭീകരമായ ലോകത്ത് നിന്ന് മോചനം നൽകാൻ നിനക്ക് മാത്രമേ കഴിയൂ .**

പുതിയ വെളിപാടുകളായിരുന്നു അതുലിന്റെ കത്തിൽ ഉണ്ടായിരുന്നത് ./രാജ്യങ്ങൾ അംഗീകരിക്കാത്ത ഒരു ഭൂവിഭാഗത്തിൽ പ്രവർത്തിക്കുന്ന ഒരു നിയമ ലംഘന ഇടം. അവിടെ പീഡനത്തിൽ സ്വയം നശിക്കുന്ന ജനങ്ങൾ. അത് കണ്ടു രസിക്കുന്ന സാഡിസ്റ്റുകൾ. ലോകത്തിനു അവിടെ ഒന്നും ചെയ്യാൻ കഴിയില്ല അങ്ങനെ ഒരു ലോകമുണ്ടെന്നു കണ്ടെത്താൻ പോലും കഴിയില്ല തെളിവുകൾ ഇല്ല .ലോക്കേഷൻ ഇല്ല .ആളുകളുടെ വിവരങ്ങൾ ഇല്ല .അതിർത്തി രാജ്യങ്ങൾ അതിനെ ഉപയോഗിക്കുന്നുവെങ്കിലും അതിന്റെ സാന്നിധ്യം അവർ സമ്മതിക്കില്ല .അവരുടെ കറുത്ത പണമാണ് ,രഹസ്യ അക്കൌണ്ടാണ് അതിനു പണം നൽകുന്നത്. അതിന്റെ ബലത്തിൽ ബോസും ഹിരണ്യനും കൊഴുക്കുന്നു.

പക്ഷേ അവസാനത്തെ വരിയാണ് അയാളെ തകർത്തു കളഞ്ഞത് .''ഞാൻ ഒരു കളവാണ് ഞാൻ ഒന്നുമല്ല ഞാൻ ഒരു കോഡ് ആ്ണ് ഒരു ചിപ്പ് മാത്രം മനുഷ്യവേഷം ധരിച്ച ഒരു യന്ത്രം !''

അയാൾ പുകഞ്ഞു കത്തി വെണ്ണീറായി ഉരുകി തകർന്നു വീണു !

അധ്യായം 22

# നിവേദിതയെ അജയ് കാണുന്നു

നിവേദിതയുമായി അജയ് ബന്ധപ്പെട്ടിട്ടു വർഷങ്ങളായി .ജീവിതത്തിന്റെ ഉന്നതതലങ്ങളിൽ രണ്ടു പേരും രണ്ടു ലോകത്ത് വിരാജിച്ചു. അത് കൊണ്ടു തന്നെ കൂടിക്കാഴ്ചകളില്ല ചിലപ്പോൾ സ്ഥാനങ്ങൾ മാറുന്നതും കുടുതൽ ഉയരത്തിലേക്ക് പോകുന്നതും സംബന്ധിച്ചു രണ്ടു വരി കുറിപ്പുകൾ തേടിയെത്തി .മാറ്റൊരു വിവരവും ഇല്ല .

നിവേദിത ഇപ്പോൾ ആധുനിക ലോകത്തിൽ യുദ്ധാനന്തര കാലത്തെ മനുഷ്യ സ്വാഭാവത്തിൽ പ്രകടമാകുന്ന വുതിയാനങ്ങളെ പറ്റി പഠിക്കുന്ന ഒരു സ്ഥാപനം നടത്തുകയാണ് .എതിരാളികളെ പൂർണ്ണമായും തകർക്കാൻ ഉപയോഗിക്കുന്ന മരുന്നുകൾ കണ്ടു പിടിക്കാൻ ചില രാഷ്ട്രങ്ങൾ അവരെ ചില രഹസ്യ ദൗത്യങ്ങൾ ഏൽപ്പിച്ചിരിക്കുന്നുവെണ്ണ ശ്രുതിയുണ്ട്. രാസായുധങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറിയാണ് നിവേദിതയുടെ നിയന്ത്രണത്തിൽ ഉള്ളത് എന്ന് ചിലർ കുറ്റപ്പെടുത്തിയത് അജിത് ഓർക്കുന്നു .

ആ ലോകത്തേക്ക് ഇപ്പോൾ അജിത് നോക്കാറേയില്ല. ഇനിയുള്ള തങ്ങളുടെ ജീവിതം ഈ ഭ്രാന്തന്മാരുടെ കയ്യിൽ ആണല്ലോ എന്ന് മാത്രമായിരുന്നു അജിത്തിന്റെ വിഷമം . പക്ഷെ ഇപ്പോൾ യാഥാർത്ഥ്യം പടിവാതിൽക്കൽ എത്തിയപ്പോൾ അയാൾക്ക് വിശ്വസിക്കാനായില്ല ..

ലോകം മുഴുവൻ തടവറയാണ് എന്നാണു അജിത് എപ്പോഴും കരുതുന്നത് അത് കൊണ്ടു തന്നെ മനുഷ്യനിർമിതമായ തടവറകളെ കുറിച്ചു അയാൾക്ക് വേവലാതിയില്ല ഉണ്ടായിരുന്നില്ല ഇത് വരെ .പക്ഷെ അവിടെയെത്തുന്ന വഴികളും അവിടെയുള്ളവരും ആരെന്നു അതുൽ വിശദമായി തൻറെ കത്തിൽ സൂചിപ്പിച്ചിരുന്നു

> **നടാഷ എങ്ങനെ അവിടെ ചെന്നു പെട്ടു എന്ന് അതുലിനുപോലും നിശ്ചയമില്ല . ഒരു റഷ്യൻ ബാലെ നർത്തകി. ചെയക്കൊവ്സ്കിയുടെ സ്വാൻ ലെയിക്ക് ഒരിക്കൽ അവതരിപ്പിച്ച സുന്ദരി ശാന്തി ഭവനിൽ കാലുകൾ പോലും ഇളക്കാൻ സൌകര്യമില്ലാത്ത ഒരിടത്ത് കിടക്കുന്നതോർത്തപ്പോൾ ആ ലോകത്തെ പറ്റി അജയിന് വല്ലാത്ത ഒരു അവജ്ഞ തോന്നി . ഇങ്ങനെയൊക്കെ ജയിലുകളോ !**

**സോണിയ, ഡയാന, നടാഷ, ജാസ്മിൻ**

ചെറിയ ഒരു ചിപ്പിൽ ശാന്തിഭവന്റെ ദൃശ്യങ്ങൾ എല്ലാ വിഷമങ്ങളും തികട്ടി പുറത്തു കൊണ്ടു വന്നു. കൂടെ നിവേദിത ഉണ്ടായിരുന്നത് കൊണ്ടു മാത്രം അയാൾ ബോധം കെട്ടു വീണില്ലെന്നെ ഉള്ളൂ.

അയാൾക്ക് കുട്ടികളോടു ചെയ്യുന്ന ചെറിയ ക്രൂരത പോലും സഹിക്കാനാവില്ല അയാൾ അത് കേൾക്കുമ്പോൾ, കാണുമ്പോൾ കരയും .ആ നിസ്സഹായതയാണ് അയാളുടെ ദൗർബല്യം ലോകത്തെ എല്ലാ പാപങ്ങളും തൻറെ മേൽ ഏറ്റെടുത്തിരിക്കുന്ന വ്യക്തി എന്ന് ഭാര്യ അയാളെ പരിഹസിക്കും. പക്ഷെ ഓരോ കഥയും അയാൾക്ക് ചാട്ട വാർ അടിപോലെയാണ് അയാൾക്ക് മുൻപിലാണ് അവരുടെ കഥ സ്ക്രീനിൽ നിറഞ്ഞത് .

അത് റഫ് കട്ട് കൾ ആയിരുന്നു. ഇടക്ക് അവരുടെ ജീവിതത്തെ കുറിച്ചുള്ള അതുലിന്റെ കുറിപ്പുകൾ. അതായിരുന്നു തുറപ്പ് ശീട്ട് .അത് വെച്ചു അവരെ കണ്ടെത്താൻ കഴിഞ്ഞാലോ?.

നിവേദിതക്ക് രാഷ്ട്രാന്തര ബന്ധങ്ങൾ ഉണ്ട് .ചില ചിന്താകേന്ദ്രങ്ങളും അവളുടെ വാക്കിനു കാതോർക്കും .ഒന്ന്, അങ്ങനെ ആരെങ്കിലും ഉണ്ടോ എന്ന് കണ്ടെത്തണം . അതിനു ശേഷം അവർ എവിടെയാണെന്നു തിരയണം ഇവിടെ ഈ ഭൂഗോളത്തു ജീവിച്ചിരുന്നവർ ഒറ്റ രാത്രി കൊണ്ടു അദൃശ്യരായി മറയാൻ പാടില്ലല്ലോ .

നിവേദിത ആ ദൌത്യംഏറ്റെടുത്തു .ഫെസിലിറ്റെഷൻസ് ഡയറക്ടർ എന്നാണു നിവേദിതക്ക് സ്ഥാനപ്പേര് എങ്കിലും ഓരോ രാജ്യത്തും ഓരോ വിധത്തിലായിരിക്കും അവർ പ്രത്യക്ഷപ്പെടുക .പൊതുവിൽ ചാരിറ്റി ഓർഗനൈസേഷന്റെ മറവിലായിരിക്കും അവരുടെ പ്രവർത്തനം. പണം പലപ്പോഴും പല കൊലയാളി സംഘടനകളിൽ നിന്നും ഒഴുകിയെത്തും .രാഷ്ട്രാന്തരതലത്തിൽ വലിയ പിടിപാട് ഉള്ളവരാണ് അവർ .അവർ നിർമ്മിക്കുന്ന ആയുധങ്ങളും മരുന്നും മറിച്ചു കൊടുക്കുന്ന വിഭവങ്ങളും രണ്ടാം നിരയിലുള്ള രാഷ്ട്രങ്ങളുടെ ശക്തിയാണ്. എതിരാളി എതിരാളിയെ സായുധീകരിക്കുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ട് .പക്ഷെ ഏതെങ്കിലും രാജ്യത്തിന്റെ നിയമ വലയത്തിൽ ആണ് അവർ .അവശ്യം വരുമ്പോൾ അവർ ചില രാഷ്ട്രവുമായി ബന്ധമില്ലാത്ത ചില സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നു .പൊതുവിൽ അത് വലിയ യുദ്ധമായി പരിണമിക്കില്ല

അത് വരെ എല്ലാവരും സുരക്ഷിത രാണ് .

മാന്യമായ പേ ചെക്ക് .അതിലാണ് നിവേദിതയുടെ കണ്ണ് .നാട്ടിലെ കൂറ്റൻ ബംഗ്ലാവ് യു എസിൽ വലിയ റാഞ്ച് .ഇനി അഞ്ചു വർഷങ്ങൾ അതോടെ ഇതെല്ലാം അവസാനിക്കും .പിന്നെ തനിക്കു ഇഷ്ടപെട്ട ചിത്ര രചനയുമായി നാട്ടിൽ ഇതെല്ലാമാണ് നിവേദിതയുടെ ആത്യന്തിക മോഹം .

ജീവിതത്തിൽ പണവും പദവിയും കിട്ടുമ്പോൾ അതിനനുസരിച്ചു ഔന്നത്യമുള്ള ദൌത്യങ്ങളും കൈ വരുമെന്നായിരുന്നു നിവേദിത കരുതിയിരുന്നത് .പക്ഷെ ഫലത്തിൽ അന്തരാഷ്ട്ര അധികാര ക്രമത്തിൽ ഒരു കാലാൾ കരു മാത്രമായി അവർ. എങ്കിലും പുറമേ അവർക്ക് നല്ല പ്രൊഫൈൽ ആണ് .ഒരർഥത്തിൽ അവർ എത്രയോ ജീവിതങ്ങളെ ഭ്രാന്തന്മാരായ ഭരണാധികാരികളിൽ നിന്ന് രക്ഷ പെടുത്തിയിരിക്കുന്നു .അജയിനോ അതുല്യക്കോ ചിന്തിക്കാനാവാത്ത സ്വാധീനമായിരുന്നു നിവേദിതക്ക് ഉണ്ടായിരുനത് .

മനുഷ്യാവകാശ പ്രസ്ഥാങ്ങളുമായി ആഫ്രിക്കയിൽ പ്രവർത്തിച്ചിരുന്ന നിവേദിതക്ക് അവിടുത്തെ ക്രൂരരായ ഭരണാധികാരികളുടെ കണ്ണിൽ പെടുന്ന പ്രതിയോഗികളുടെ ഗതി നന്നായി അറിയാം.എത്രയോ ഭ്രാന്തു പിടിച്ച വ്യക്തികൾ അവളുടെ സംഘടനയുടെ ഇടപെടലിൽ മോചിതരായിട്ടുണ്ട് . .ജിവിതത്തിൽ ഒരു പക്ഷെ അവർക്ക് എന്നും ഓർമ്മിക്കാവുന്ന ചെറിയ സന്തോഷങ്ങൾ .

പക്ഷെ അതുല്യയുടെ ഡോക്യു പ്രൂഫുകൾ അവളെ ഇളക്കി മറിച്ചു.ഇങ്ങനെ ഒരു ലോകമോ അതിൽ ഇങ്ങനെ ചില മനുഷ്യരോ. അതുല്യയെ പറ്റിയുള്ള തുറന്നു പറച്ചിലിൽ അവൾക്കു അതിശയമില്ലായിരുനു .അത് മനുഷ്യൻഅല്ല എന്നവൾക്ക് അന്നേ തോന്നിയിരുന്നു .ഇപ്പോൾ .അതാണ് അവളെ ഇരുത്തി ചിന്തിപ്പിച്ചത് .എന്തായിരുന്നു തന്നിൽ അവൻ കണ്ടത്? ഏതു ചിപ്പിലായിരുന്നു മനുഷ്യത്വം നിറഞ്ഞു നിന്നത് .

വരാനിരിക്കുന്ന യുദ്ധങ്ങളുടെ രൂപമാകാം അവൻ എന്നവൾ ഓർത്തു .പക്ഷെ മനസ്സിൽ എന്തോ വലിയൊരു അഭിമാനം തോന്നി. യന്ത്രം എന്ന് വിമർശിച്ചു തന്നെ ആക്ഷേപിച്ചവർക്ക് ഒരു മറുപടി. ഒരു പുഞ്ചിരി അവളുടെ ചുണ്ടുകളിൽ വിടർന്നു

**ജാസ്മിൻറെ കഥ**

ജാസ്മിനെ തേടി നിവേദിത ബംഗാളിലേക്ക് പോകാമെന്ന് അജിത്തിന് നിവേദിത വാക്ക് കൊടുത്തു .

ജാസ്മിനെ കിഴക്കൻ പാകിസ്ഥാസ്നിൽ നിന്നാണ് കാണാതായത് . ഒരു പട്ടാള മേലധികാരിയുടെ മകളായിരുന്നു ജാസ്മിൻ .കുടുംബത്തെ ചുട്ടു കരിച്ച്ചെങ്കിലും ആ കുഞ്ഞിനെ മരണത്തിനു വിട്ടുകൊടുക്കാൻ ക്രിരനായ ഏതോ ഒരു പട്ടാളക്കാരന് തോന്നിയില്ല .പക്ഷെ രക്ഷപെടുത്താനുള്ള അയാളുടെ ശ്രമം അതിലും വലിയ നാശത്തിലേക്കായിരുനു അവളെ നയിച്ചത്. ജാസ്മിൻ ശാന്തി ഭവനിൽ എത്തി .. മരിക്കാതെ മരിക്കുന്ന തടവറ മറ്റൊരു തടങ്കൽ പാളയം ..

ശാന്തി ഭവൻ തകരുന്നതിനു മുൻപ് ആ കുട്ടി രക്ഷപെട്ടു എന്നാണു അതുല്യ തൻറെ കത്തിൽ പറയുന്നത് .എവിടെ എങ്ങനെ അതാണ് നിവേദിതയുറെ ദൌത്യം .

ആ ജാസ്മിനെയാണ് നിവേദിത കണ്ടെത്തേണ്ടത് !

സോണിയയെ കണ്ടെത്തുക കുറച്ചു കൂടി എളുപ്പമായിരുന്നു .മിലാൻ സർവകലാശാലയിൽ അവർ പഠിച്ചിട്ടുണ്ട് . അതിന്റെ ഭാഗമായി ബ്ലാക്ക് ബുക്ക് തേടി അവർ അലയുകയായിരുന്നു എന്ന് അതുലിന്റെ കുറിപ്പിൽ ഉണ്ട് സ്വാഭാവികമായി അത് ബോസിനെ അലോസരപ്പെടുത്തി .

നടാഷ എങ്ങനെ അവിടെ ചെന്നുപെട്ടു എന്ന് അതുലിനുപോലും നിശ്ചയമില്ല .ഒരു റഷ്യൻ ബാലെ നർത്തകി.ചെയക്കൊവ്സ്കിയുടെ സ്വാൻ ലെയിക്ക് ഒരിക്കൽ അവതരിപ്പിച്ച സുന്ദരി ശാന്തി ഭവനിൽ കാലുകൾ പോലും ഇളക്കാൻ സൌകര്യമില്ലാത്ത ഒരിടത്ത് കിടക്കുന്നതോർത്തപ്പോൾ ആ ലോകത്തെ പറ്റി അജയിന് വല്ലാത്ത ഒരു അവജ്ഞ തോന്നി . ഇങ്ങനെയൊക്കെ ജയിലുകളോ !

അജയിന് തെറ്റി . പീഡനങ്ങളിൽ ശാന്തി ഭവനെ കവച്ചു വെയ്ക്കുന്ന ജയിലുകളുടെ കഥ അതുൽ തൻറെ ഗവേഷണ പ്രബന്ധത്തിൽ റെക്കോർഡ് ചെയ്യുന്നുണ്ട് .അവിടെ നടപ്പാക്കിയിരുന്ന ക്രൂരമായ ശിക്ഷകൾപ്രാകൃത സമൂഹങ്ങളെ ഓർമ്മിപ്പിച്ചു .ശാന്തിഭവൻ കണ്ടെത്തിയാലും അതിലെ ആൾക്കാരെ രക്ഷപെടുത്തിയാലും ഇനിയും മറ്റിടങ്ങളിൽ ഇതുപോലെയുള്ള തടവറകൾ ഉയരും മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന യന്ത്രങ്ങൾ പ്രവർത്തിക്കും .

നിവേദിതക്ക് അതറിയാം .

ആഫ്രിക്കയിലെ ഏകാധിപതികളുടെ പീഡന മുറകളെ പറ്റി തൻറെ മുൻപിൽ കുമ്പസാരിച്ചിട്ടുള്ള വ്യക്തികളെ നിവേദിത ഓർത്തു അവിടെ എല്ലാം നഷ്ടപ്പെട്ട മനുഷ്യരെ അവൾ ഓർത്തു .

ഒരു സ്ത്രീക്ക് ഇതൊക്കെ എങ്ങനെ കേൾക്കാൻ കഴിയുന്നു! .

നിവേദിതയുടെ ഗവേഷണത്തെ ത്വരിതപ്പെടുത്തിയത് അത്തരം ടെസ്ടിമോണിയൽ ആണ്

എങ്കിലും അറിയാതെ ആരെങ്കിലും ഇതെല്ലാം തട്ടിയെടുക്കുമോ എന്നവൾ ഭയപ്പെട്ടു

അവൾ അജയിനെ ആശ്വസിപ്പിച്ചു ഇതൊക്കെ ചെറിയ അപഭ്രംശം മാത്രം മനുഷ്യൻ അങ്ങനെ തരം താഴില്ല .




Abel's Garden PVT LTD Karimannoor P.O.
Thodupuzha, Idukki, Kerala, India PIN. 685581
Email: hello@abelsgarden.in
Phone: +917034413000, +917034643000, +919778050077



● ശ്രീമദ് ഭഗവത് ഗീത
അദ്ധ്യായം 12

# ഭക്തിയോഗം

◉ സുധീർ പണിക്കവീട്ടിൽ

ഈ അധ്യായത്തിൽ എന്താണ് ഭക്തി? ആരാണ് യഥാർത്ഥ ഭക്തൻ? എന്ന് വിവരിക്കുകയാണ് ഭഗവാൻ. കാരണം അർജുനന്റെ സംശയങ്ങൾ തീരുന്നില്ല. അദ്ദേഹം മൂന്നാം അധ്യായത്തിലും ചോദിച്ചു. 'സാംഖ്യം (ജ്ഞാനമാർഗ്ഗാവലംബികൾ, ധ്യാനപരന്മാർ) എന്ന മാധ്യമത്തിലൂടെ ചെയ്യുന്ന കർമ്മമോ, സമർപ്പണരൂപത്തിൽ അനുഷ്ഠിക്കുന്ന നിഷ്കാമകർമ്മമോ കൂടുതൽ അഭിലഷണീയം. അർജുനൻ ചോദിക്കുന്നത് യാതൊന്നുകൊണ്ട് ഞാൻ ശ്രേയസ്സിനെ പ്രാപിക്കുമോ അതിനെ മാത്രം നിശ്ചയിച്ച് പറഞ്ഞു തന്നാലും. ഈ അധ്യായത്തിലും ചോദിക്കുന്നു സഗുണ ഭക്തിയാണോ, അതോ അവ്യക്തവും അക്ഷയവുമായ നിർഗുണ ബ്രഹ്മത്തെ ഉപാസിക്കുന്നതോ നല്ലത്?

എല്ലാറ്റിലും ഈശ്വരൻ ഉണ്ട്. ഈശ്വരനിൽ എല്ലാം ഉണ്ട് എന്ന്

**അർജുനൻ ചോദിക്കുന്നത് യാതൊന്നുകൊണ്ട് ഞാൻ ശ്രേയസ്സിനെ പ്രാപിക്കുമോ അതിനെ മാത്രം നിശ്ചയിച്ച് പറഞ്ഞു തന്നാലും. ഈ അധ്യായത്തിലും ചോദിക്കുന്നു സഗുണ ഭക്തിയാണോ, അതോ അവ്യക്തവും അക്ഷയവുമായ നിർഗുണ ബ്രഹ്മത്തെ ഉപാസിക്കുന്നതോ നല്ലത്?**

ഭഗവാൻ അർജുനനു വിവരിച്ചുകൊടുത്തിരുന്നു. .എന്നാൽ നമ്മൾ കാണുന്നത് ഈ ലോകമാണ് എന്നാൽ ഈശ്വരനെ കാണുന്നില്ല. ഈശ്വരസാന്നിധ്യം മനസ്സിലാക്കാൻ നമ്മൾ ഭക്തി മാർഗ്ഗം സ്വീകരിക്കണം. അതായത് എല്ലാറ്റിലും ഈശ്വരൻ ഉണ്ടെന്ന വിശ്വാസം. ഈശ്വരന്റെ നിർഗുണ രൂപത്തെ ആരാധിക്കുന്ന ആളും ഈശ്വരനും തമ്മിൽ വ്യത്യാസം അയാൾ കാണുന്നില്ല. എന്നാൽ നമ്മളിലുള്ള സാത്വതിക ഭാവം നാമും ഈശ്വരനും തമ്മിലുള്ള വ്യത്യാസത്തെ ബോധ്യപെടുത്തുന്നതിനാൽ നിർഗുണ ഭാവാരാധന ബുദ്ധിമുട്ടാണ്. അതുകൊണ്ട് എന്റെ രൂപം ഭക്തർക്ക് ആരാധിക്കാവുന്നതാണ്. ഈശ്വര സാക്ഷാത്കാരത്തിന് പറയുന്ന മാർഗ്ഗങ്ങൾ നിഷ്കാമ കർമ്മം, ഭക്തിയോഗം (എല്ലാ കർമങ്ങളും ഈശ്വരനായി അനുഷ്ഠിക്കുക) രാജ യോഗം അതായത് നമ്മുടെ സ്വാർത്ഥമോഹങ്ങളും, ഞാനെന്ന ഭാവവും ഒരു പരിധി വരെ കുറയുമ്പോൾ നാം ആ യോഗത്തെ പ്രാപിക്കുന്നു. ഈ അവസ്ഥയിൽ നമ്മൾ ഭഗവാന്റെ രൂപത്തെ ആരാധിക്കുന്നു. പിന്നെ നമ്മൾ എത്തുന്ന അവസ്ഥയാണ് നമ്മളും ഈശ്വരനും ഒന്നെന്ന ബോധം അതാണ് ജ്ഞാനയോഗം.

യഥാർത്ഥ ഭക്തന്റെ 39 ഗുണങ്ങൾ

ഈ അധ്യായത്തിൽ വിവരിക്കുന്നു. ഇനി വിശദമായി...

അർജുനൻ ചോദിച്ചു. നിന്നിൽ ഉറച്ച വിശ്വാസമുള്ളവരും അപ്രകാരം നിന്നെ ആരാധിക്കുന്നവരും അതേ സമയം അവ്യക്തമായതിനെയും അക്ഷരമായതിനേയും (നിർഗുണ ബ്രഹ്മം) ആരാധിക്കുന്നവരും ഇവരിൽ ആരാണ് ശ്രേഷ്ഠരായ യോഗജ്ഞർ .(ഈ ചോദ്യം അർജുനൻ ചോദിക്കാൻ കാരണമുണ്ട്. ഒരേലക്ഷ്യപ്രാപ്തിക്കായി അന്വേഷിക്കുന്നവരിൽ രണ്ടു തരമാളുകളുണ്ട്. ഇന്ദ്രിയങ്ങൾക്ക് അഗോചരമായതിനെയും ഗോചരമായതിനെയും ആരാധിക്കുന്നവർ. വേദങ്ങളിൽ നിന്നും അർജുനൻ മനസ്സിലാക്കിയിട്ടുള്ളത് പരമമായ പൊരുൾ അവ്യക്തവും സർവവ്യാപിയുമെന്നാണ്. അതേ സമയം അർജുനൻ ഭഗവാന്റെ വിരാട് രൂപം കാണുകയും ചെയ്തു വിഗ്രഹാരാധനകൊണ്ട് ഭഗവാനെ ധ്യാനിക്കാനും മനസ്സിലാക്കാനും കഴിയുമോ എന്ന ധ്വനി കൂടി ഈ ചോദ്യത്തിലുണ്ട്. ഇതിനു മറുപടിയായി ഭഗവാൻ അർജുനന് ഭക്തിയോഗത്തെക്കുറിച്ച് കൂടുതൽ വിവരിക്കുന്നതാണീയധ്യായത്തിൽ എന്നിൽ ഏകാഗ്രമായി മനസ്സുറപ്പിച്ചവരും എന്നെ ആരാധിക്കുന്നവരും പരമമായ ഭക്തിയാൽ അചഞ്ചലരും എന്റെ അഭിപ്രായത്തിൽ ശ്രേഷ്ഠരായ യോഗജ്ഞരാണ് . അക്ഷരമായതിനെയും അനിർവ്വചനീയമായതിനെയും അവ്യക്തമായതിനെയും സർവ വ്യാപിയായതിനെയും ചലിക്കാത്തതിനെയും ശ്വാശ്വതമായതിനെയും ആരാധിക്കുന്നവർ ആരോ അവർ ജിതേന്ദ്രിയരായി എവിടെയും സമചിത്തത പാലിക്കുന്നവരായി, സർവ്വക്ഷേമതല്പരരായി എന്നെ പ്രാപിക്കുന്നു.

അവ്യക്തമായതിൽ (ബ്രഹ്മത്തിൽ) മനസ്സുറപ്പിച്ച് ലക്ഷ്യം നേടുക ദേഹാഭിമാനികൾക്ക് പ്രയാസകരമായിരിക്കും. (ശ്രീ ശങ്കരാചാര്യർ ഈ വാക്യത്തെ വ്യക്തമാക്കിയിട്ടുണ്ട്. ശരീരത്തിന്റെ മോഹങ്ങളെയും ആസക്തിയെയും അവയുടെ സാക്ഷാത്കാരത്തെയും പറ്റി ചിന്തിക്കുന്നവർക്ക് അവ്യക്തമായതും അനന്തമായതുമായ ഒന്നിനെയുംപ്പറ്റി ഏകാഗ്രമായി ചിന്തിക്കാനും ആരാധിക്കാനും പ്രയാസമാണ്. അവർ ജഡമോഹങ്ങളിൽപ്പെട്ട് അനന്തമായ ആത്മചൈതന്യത്തെ അനുഭവിക്കാൻ അശക്തരാകുന്നു. (വിഗ്രഹാരാധന തെറ്റാണെന്നു പറയുന്ന ഉപനിഷത്തുകൾക്കെതിരാണ് ഈ വരികൾ എന്ന് അല്പജ്ഞാനികൾ കൊട്ടിഘോഷിക്കുന്നത് വരികളുടെ പകുതി മാത്രം മനസ്സിലാക്കുന്നതുകൊണ്ടാണ്.)

**ഈ ചോദ്യം അർജുനൻ ചോദിക്കാൻ കാരണമുണ്ട്. ഒരേലക്ഷ്യപ്രാപ്തിക്കായി അന്വേഷിക്കുന്നവരിൽ രണ്ടു തരമാളുകളുണ്ട്. ഇന്ദ്രിയങ്ങൾക്ക് അഗോചരമായതിനെയും ഗോചരമായതിനെയും ആരാധിക്കുന്നവർ. വേദങ്ങളിൽ നിന്നും അർജുനൻ മനസ്സിലാക്കിയിട്ടുള്ളത് പരമമായ പൊരുൾ അവ്യക്തവും സർവവ്യാപിയുമെന്നാണ്. അതേ സമയം അർജുനൻ ഭഗവാന്റെ വിരാട് രൂപം കാണുകയും ചെയ്തു വിഗ്രഹാരാധനകൊണ്ട് ഭഗവാനെ ധ്യാനിക്കാനും മനസ്സിലാക്കാനും കഴിയുമോ എന്ന ധ്വനി കൂടി ഈ ചോദ്യത്തിലുണ്ട്. ഇതിനു മറുപടിയായി ഭഗവാൻ അർജുനന് ഭക്തിയോഗത്തെക്കുറിച്ച് കൂടുതൽ വിവരിക്കുന്നതാണീയധ്യായത്തിൽ**

എല്ലാ കർമ്മങ്ങളും എന്നിലർപ്പിച്ച് എന്നെ ഉപാസിക്കയും എന്നെ പരമമായ ലക്ഷ്യമായി കരുതുകയും ഏകാഗ്രമായ മനസ്സോടെ എന്നെ ധ്യാനിക്കയും ചെയ്യുന്നവോ അവരെ എന്നിൽ ഉറച്ച മനസ്സുള്ളവരായി ഓ പാർത്ഥ സംസാര സമുദ്രത്തിൽ നിന്ന് കരകയറ്റുന്നവനായി ഞാൻ ഭവിക്കുന്നു. നിന്റെ മനസ്സ് എന്നിൽ ഉറപ്പിക്കുക.നിന്റെ ബുദ്ധി എന്നിൽ അർപ്പിക്കുക. എങ്കിൽ ദേഹം നശിച്ചു കഴിഞ്ഞാലും നിസ്സംശയം നീ എന്നിൽ വസിക്കും. ഓ ധനഞ്ജയാ, നിനക്ക് നിന്റെ മനസ്സ് ദൃഢമായി എന്നിലുറപ്പിക്കാൻ കഴിയില്ലെങ്കിൽ നിരന്തരമായ യോഗാഭ്യാസത്തിലൂടെ എന്നിലെത്താനുള്ള വഴി തേടുക. (അടുത്തതായി പറയുന്ന വരികൾ വളരെ ശ്രദ്ധേയമാണ്. ഹിന്ദുവേദപ്രമാണങ്ങളിൽ ആത്മവികസനത്തിനു അനേകമാർഗ്ഗങ്ങൾ വിവരിക്കുന്നു.)

ഇത് മാത്രം ചെയ്യുക, അല്ലെങ്കിൽ നരകത്തിൽ പോകും' എന്ന ഭീഷണി ഹിന്ദുമതത്തിലില്ല ഇവിടെ ഭഗവൻ അർജുനനോട് പറയുന്നത് ശ്രദ്ധിക്കുക യോഗാഭ്യാസത്തിനും നീ അശക്തനാണെങ്കിൽ നിന്റെ പ്രവർത്തികൾ എനിക്ക് വേണ്ടിയെന്നപോലെ ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ നിനക്ക് പരമപദം പ്രാപിക്കാം. ഇതും നിനക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ എന്നിൽ ആശ്രയം പ്രാപിച്ച് ആത്മസംയമനത്തോടെ കർമ്മഫലങ്ങളെ ത്യജിക്കുക. (ഫലം കാംക്ഷിക്കാതെ കർമ്മം ചെയ്യുകയെന്നർത്ഥം) അറിവ് അഭ്യാസത്തെക്കാൾ നല്ലതാണ്. ധ്യാനം അറിവിനേക്കാൾ നല്ലതാണ്. കർമ്മഫലങ്ങളെ ത്യജിക്കുന്നത് ധ്യാനത്തെക്കാൾ നല്ലതാണ്.

സമാധാനം കർമ്മഫലത്യാഗത്തെ പിൻ തുടരുന്നു. ഒരു ജീവിയേയും വെറുക്കാതെ എല്ലാവരോടും സ്നേഹത്തോടും സഹാനുഭൂതിയോകൂടിയും അഹങ്കാരത്തിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മുക്തിനേടി തുല്യത പാലിച്ച് എല്ലാവരോടും പൊറുക്കുന്ന എപ്പോഴും സന്തുഷ്ടനായ, ധ്യാനത്തിൽ ദൃഢതയുള്ള ആത്മസംയമനമുള്ള നിശ്ചയദാർഢ്യമുള്ള മനസ്സും ബുദ്ധിയും എനിക്ക് അർപ്പിക്കപ്പെട്ട ആൾ എന്റെ ഭക്തർ എനിക്ക് പ്രിയപ്പെട്ടവനാകുന്നു. (അവൻ എന്റെ പ്രിയ ഭക്തൻ).

ആർ മൂലം ഈ ലോകത്തിൽ അസ്വസ്ഥത ഉണ്ടാകുന്നില്ലയോ, ഈ ലോകം ആരെ ക്ഷോഭിക്കുന്നില്ലയോ,



**ഇത് മാത്രം ചെയ്യുക, അല്ലെങ്കിൽ നരകത്തിൽ പോകും' എന്ന ഭീഷണി ഹിന്ദുമതത്തിലില്ല ഇവിടെ ഭഗവൻ അർജുനനോട് പറയുന്നത് ശ്രദ്ധിക്കുക യോഗാഭ്യാസത്തിനും നീ അശക്തനാണെങ്കിൽ നിന്റെ പ്രവർത്തികൾ എനിക്ക് വേണ്ടിയെന്നപോലെ ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ നിനക്ക് പരമപദം പ്രാപിക്കാം. ഇതും നിനക്ക് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ എന്നിൽ ആശ്രയം പ്രാപിച്ച് ആത്മസംയമനത്തോടെ കർമ്മഫലങ്ങളെ ത്യജിക്കുക. (ഫലം കാംക്ഷിക്കാതെ കർമ്മം ചെയ്യുകയെന്നർത്ഥം) അറിവ് അഭ്യാസത്തെക്കാൾ നല്ലതാണ്. ധ്യാനം അറിവിനേക്കാൾ നല്ലതാണ്. കർമ്മഫലങ്ങളെ ത്യജിക്കുന്നത് ധ്യാനത്തെക്കാൾ നല്ലതാണ്.**

സന്തോഷം, അസൂയ, ഭീതി, ഉൽക്കണ്ഠ എന്നിവയിൽ നിന്ന് ആർ സ്വതന്ത്രരാണോ അവരും എനിക്ക് പ്രിയപ്പെട്ടവരാകും യാതൊന്നും അഭിലഷിക്കാത്തവനും ശുചിത്വമുള്ളവനും, ജാഗ്രതയുള്ളവനും ഒന്നിനെക്കുറിച്ച് ഉത്കണ്ഠപ്പെടാത്തവനും അലട്ടില്ലാത്തവനും ഉദ്യമങ്ങളെ ത്യജിച്ചവനും എനിക്ക് പ്രിയമുള്ളവനാകുന്നു. (ശ്ലോകം ഇവിടെ ഉദ്ധരിക്കുന്നു)

അനപേക്ഷ :ശുചിർദക്ഷ
ഉദാസീനോ ഗത വ്യഥ:
സർവാരംഭ പരിത്യാഗീ
യോ മദ് ഭക്ത : സമേ പ്രിയ:

''സർവാരംഭ പരിത്യാഗീ'' എന്ന വാക്കിന്റയർത്ഥത്തെ അക്ഷരാർത്ഥത്തിൽ എടുത്ത് ഒരു കർമ്മവും ചെയ്യാതെ നിഷ്ക്രിയത്വമാണുദ്ദേശിക്കുന്നത് എന്ന് വ്യാഖാനിക്കുന്നവർ ഉണ്ടായേക്കാം. സ്വാമി ചിന്മയാന്ദ പറഞ്ഞിരിക്കുന്നത് നമ്മുടെ ജീവിതത്തിലെ ഒരു ഉദ്യമവും സ്വന്തമായ ആരംഭവും അവസാനവുമുള്ള ഒരു പുതിയ പ്രവർത്തിയല്ല. ലോകത്തിലെ എല്ലാ പ്രവർത്തികളും മൊത്തം ലോകഗതിയുടെ ശാശ്വതമായ ഒരു മാതൃകമാത്രമാണ്. സ്വന്തമായി ഒരു പ്രവർത്തി ഏറ്റെടുക്കാനും സാക്ഷാത്കരിക്കാനും ആർക്കും കഴിയുകയില്ലെന്നു സാരം. യഥാർത്ഥ ഭക്തൻ ഇതറിഞ്ഞു അവനെ ദൈവത്തിന്റെ ഒരു ഉപകരണമായി കണ്ടു പ്രവർത്തിക്കുന്നു. നമ്മുടെ പ്രവർത്തികൾ നാമറിയാതെ തന്നെ ക്രമപ്പെടുത്തപ്പെടുന്നു, നിയന്ത്രിക്കപ്പെടുന്നു നിർദേശിക്കപ്പെടുന്നു. ആരാണോ ഇഷ്ടപ്രാപ്തിയിൽ ആനന്ദിക്കുകയും അനിഷ്ടമായവ കിട്ടുമ്പോൾ ദ്വേഷിക്കാതെയും പ്രിയമുള്ള വസ്തുക്കളോട് ആസക്തിയില്ലാതിരിക്കുകയും നല്ലതും ചീത്തയും ത്യജിച്ച് മുഴുവൻ ഭക്തിയോടെയിരിക്കുന്നുവോ അവൻ എനിക്ക് പ്രിയപ്പെട്ടവനാകുന്നു.

ശത്രു മിത്ര ഭേദമില്ലാതെ മാനാപമാനങ്ങളിലും താപശൈത്യങ്ങളിലും സുഖദുഃഖങ്ങളിലും സമഭാവനയോടെ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തനായി നിന്ദയും പ്രശംസയും തുല്യമായിക്കാണുന്ന നിശ്ശബ്ദനും കിട്ടുന്നതിൽ തൃപ്തിയുള്ളവനും സ്ഥിരചിത്തനും സ്ഥിരവാസമില്ലാത്തവനും മുഴുഭക്തനുമായവൻ എനിക്ക് പ്രിയപ്പെട്ടവനാകുന്നു.

തുല്യനിന്ദാസ്തുതിർമനനീ
സന്തുഷ്ടോയേന കേന ചിത്
അനികേത : സ്ഥിരമതിർ
ഭക്തിമാൻ മേ പ്രിയോ നര :

(അനികേത എന്ന സംസ്കൃത പദത്തിന് ഭാവനരഹിതൻ എന്ന് മൊഴിമാറ്റം ചെയ്യുമ്പോൾ അതിന്റെ അർഥം യഥാർത്ഥ ഭക്തന്റെ പാർപ്പിടം സർവ്വ വ്യാപിയായ ഈശ്വരന്റെ ഇരിപ്പിടത്തിലാണെന്നു മനസ്സിലാക്കേണ്ടതാണ്)

എന്നെ പരമമായ ലക്ഷ്യമാക്കി വിശ്വാസത്തോടുകൂടെ ആർ മേൽ വിവരിച്ച സനാതനധർമ്മത്തെ അനുഷ്ഠിക്കുന്നുവോ ആ ഭക്തന്മാർ എനിക്ക് അത്യധികമായ പ്രിയപ്പെട്ടവരാകുന്നു.

സമാപ്തം

അടുത്തത്
**'ക്ഷേത്രക്ഷേത്രവിഭാഗയോഗം'**


You choose the destination.
We'll take care of the rest...
Your Trusted Travel Partner
Emmanuel
Holidays
www.emmanuelholidays.com
info@emmanuelholidays.com
914 560 4000
VINU VATHAPPALLIL Managing Director 914 602 2137
JOS MALAYIL Director, Marketing 914 774 3516
CORPORATE OFFICE: 3 EAST EVERGREEN RD, SUITE 340, NEW CITY, NY 10956 USA
CUSTOM PRIVATE & GROUP TOURS | PILGRIMAGES | EDUCATIONAL TOURS | BUDGET-FRIENDLY CRUISES
ALL-INCLUSIVE VACATIONS | GLOBAL TOUR PACKAGES | INBOUND & OUTBOUND TOURS | TRAVEL INSURANCE
MELBOURNE · DUBLIN · DUBAI · JERUSALEM · BANGALORE · THIRUVALLA



എസ്. പി. സി. എസ്. എഡിഷന്റെ കവർ



കറന്റ് ബുക്സ് എഡിഷന്റെ കവർ


ഇ. എം. കോവൂർ

# റബ്ബർ മലയാള സാഹിത്യത്തിൽ

## കാട് എന്ന നോവലിന്റെ സാമൂഹിക, സാമ്പത്തിക, ചരിത്രവായന

◉ കുര്യൻ കെ തോമസ്
പബ്ലിക്കേഷൻ ഡയറക്ടർ (റിട്ട), എം ജി യൂണിവേഴ്സിറ്റി

ഇ. എം. കോവൂരിന്റെ 'കാട്' മലയാള സാഹിത്യചരിത്രത്തിൽ റബ്ബറും റബ്ബർ തോട്ടവ്യവസായവും മുഖ്യവിഷയമായ ആദ്യ നോവലാണ്. കേരളത്തിലെ മലയോര കുടിയേറ്റത്തിന്റെയും പ്ലാന്റേഷൻ വ്യവസായത്തിന്റെയും കോർപ്പറേറ്റ് മുതലാളിത്തത്തിന്റെയും ഉദയം വ്യക്തമാക്കുന്ന സാമ്പത്തിക-സാമൂഹിക ചരിത്രരേഖ. 63 വർഷങ്ങൾ മുമ്പ് (1963) മാതൃഭൂമി വാരികയിൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ച നോവൽ.

നോവലടക്കം വിവിധ സാഹിത്യശാഖകളിലായി അമ്പതിലേറെ കൃതികൾ രചിച്ച സാഹിത്യകാരനും സെഷൻസ് ജഡ്ജിയുമായിരുന്ന ഇ. എം. കോവൂറിന്റെ (19061983) നോവൽ ത്രയത്തിലെ ആദ്യനോവലായിരു



ന്നു 1964 ജൂലൈയിൽ പുസ്തകരൂപത്തിൽ സാഹിത്യ പ്രവർത്തക സഹ

> **മലയാള സാഹിത്യത്തിലെ റബ്ബർ തോട്ടവ്യവസായത്തിന്റെ ആദ്യത്തെ സാമൂഹിക, സാമ്പത്തിക, ചരിത്ര വായനയാണ് ഇ എം കോവൂരിന്റെ കാട് എന്ന നോവൽ.**

കരണസംഘം പ്രസിദ്ധീകരിച്ച കാട്. കൊടുമുടികൾ (1968), മലകൾ (1970) എന്നിവയാണ് ആ ശ്രേണിയിലെ ഇതരകൃതികൾ. ആദ്യ കറന്റ് ബുക്സ് എഡിഷൻ 2001 സെപ്റ്റംബറിൽ.

സമകാലീനരായ മുട്ടത്തുവർക്കി, കാനം ഇ.ജെ. തുടങ്ങിയ ജനപ്രിയ സാഹിത്യകാരന്മാരിൽനിന്നും വ്യത്യസ്തനായി, പ്രകൃതിയെ കാൽപ്പനിക പ്രണയത്തിന്റെ വെറുമൊരു പശ്ചാത്തലമാക്കാതെ മനുഷ്യനോട് പൊരുതുന്ന സജീവ കഥാപാത്രമായി കോവൂർ തന്റെ നോവലുകളിൽ അവതരിപ്പിച്ചു. കൊച്ചുകൊച്ചു കഥകൾ നർമ്മബോധത്തോടെ സാമൂഹിക പ്രതിബദ്ധമായി കോർത്തിണക്കി വലിയൊരു നോവൽ രൂപപ്പെടുത്തുന്ന അദ്ദേഹത്തിന്റെ രചനാരീതി സാഹിത്യനിരൂപകനായ കെ എം

തരകൻ ആധുനിക നോവൽ ദർശനം (1982), മലയാള നോവൽസാഹിത്യ ചരിത്രം (1990) എന്നീ പഠനങ്ങളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

സാധാരണ റബ്ബർ തോട്ടപ്പണിക്കാരനായി ജീവിതം തുടങ്ങി, പുതു തോട്ടവിളയുടെ അനന്തസാധ്യതകളെ അടുത്തറിഞ്ഞ്, റബ്ബർ കമ്പനി മേധാവിയും പത്രമുതലാളിയുമായി വളർന്ന കൊച്ചപ്പന്റെയും അയാളുടെ നാല് തലമുറകളുടെയും കഥയാണ് ഈ നോവൽ. പത്രമാധ്യമങ്ങളും രാഷ്ട്രീയവും ഉപയോഗിച്ച് കൊച്ചപ്പനും സഹായി മാമച്ചനുംചേർന്ന് വലിയൊരു തോട്ടവ്യവസായ സാമ്രാജ്യം തന്നെ സൃഷ്ടിക്കുന്നു. മൂത്തമകൻ പാപ്പച്ചനും ഭാര്യയും ഫ്യൂഡൽ ആർഭാടങ്ങളിൽ അഭിരമിച്ച് അപകടത്തിൽ മരിക്കുന്നു. വിദ്യാസമ്പന്നനും ഉയർന്ന സാമൂഹികബോധവുമുള്ള ഇളയ മകൻ അനിയൻകുഞ്ഞ് ഭരണം ഏറ്റെടുത്ത് കമ്പനി നിയമങ്ങൾ പരിഷ്കരിക്കുന്നു. കാമുകി പൊന്നമ്മയെ വിവാഹം കഴിക്കുന്നു. മാമച്ചന്റെ ഓഹരി അവകാശങ്ങൾ അനിയൻകുഞ്ഞിന്റെ പേരിൽ വാങ്ങി ഒഴിവാക്കുന്നു. ശുഭകരമായി നോവൽ അവസാനിക്കുന്നു.

1850–1960 കാലത്ത് കേരളത്തിലുണ്ടായ കാർഷിക മാറ്റത്തെയും സാമ്പത്തിക പ്രത്യാഘാതങ്ങളെയുംകുറിച്ചുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻ ടി.സി. വർഗീസിന്റെ ആധികാരികപഠനം നിരത്തുന്ന സാമൂഹികമാറ്റങ്ങളുടെ നേർചിത്രങ്ങൾ കഥാപാത്രങ്ങളിലൂടെ കോവൂർ ആവിഷ്കരിക്കുന്നുണ്ട്. നാട്ടിൽ ഉരുത്തിരിഞ്ഞ മുതലാളിത്ത സാമ്പത്തികക്രമത്തിൽ കൃഷിയിലൂടെ കണക്കില്ലാതെ കൈവന്ന അധികവരുമാനത്തിന്റെ പുനരുപയോഗത്തിനായി തോട്ടവ്യവസായം, വിദ്യാഭ്യാസം, ഷെയർ മാർക്കറ്റ്, പത്രവ്യവസായംപോലെ പുതിയ മേഖലകൾ അതിലേർപ്പെട്ടവർ കണ്ടെത്തി. ഫ്യൂഡൽ മൂല്യങ്ങളിൽ അഭിരമിച്ചവർ ആർഭാടങ്ങളിൽ നാശഗർത്തങ്ങളിലേക്ക് നടന്നടുത്തു.

കേരളത്തിലെ റബ്ബർകൃഷി വികാസത്തിന്റെ അടയാളപ്പെടുത്തലുകൾ നിഴൽചിത്രങ്ങളായി ഈ നോവലിലുണ്ട്.

സാധാരണ കർഷകരുടെ വ്യക്തിഗത കുടിയേറ്റങ്ങൾ, മലമ്പനിയോടും വന്യമൃഗങ്ങളോടും പൊരുതി ജീവിക്കുന്ന ആദിവാസികളും ചെറുകിട കർഷകരും, വനനശീകരണം, കോർപ്പറേറ്റ് ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ ഉദയം, എസ്റ്റേറ്റ് ഉടമകളായ സായിപ്പന്മാർ, സൂപ്രണ്ടുമാർ, റൈറ്റർമാർ, സത്യസന്ധരും അല്ലാത്തവരുമായ സർക്കാർ ഉദ്യോഗസ്ഥർ, ബട്ട്ലർമാർ, സായിപ്പന്മാർ അടുത്തറിഞ്ഞിട്ടുള്ള ബട്ട്ലർമാരുടെ പൊണ്ടാട്ടിമാർ...

**സമകാലീനരായ മുട്ടത്തുവർക്കി, കാനം ഇ.ജെ. തുടങ്ങിയ ജനപ്രിയ സാഹിത്യകാരന്മാരിൽനിന്നും വ്യത്യസ്തനായി, പ്രകൃതിയെ കാൽപ്പനിക പ്രണയത്തിന്റെ വെറുമൊരു പശ്ചാത്തലമാക്കാതെ മനുഷ്യനോട് പൊരുതുന്ന സജീവ കഥാപാത്രമായി കോവൂർ തന്റെ നോവലുകളിൽ അവതരിപ്പിച്ചു**

ഇങ്ങനെ തോട്ടവ്യവസായം ഉരുത്തിരിയുന്ന കാലത്തിന്റെ പ്രതിനിധാന സ്വഭാവമുള്ള ഒട്ടനവധി കഥകളും കഥാപാത്രങ്ങളും നോവലിലുണ്ട്.

അടുത്തറിഞ്ഞ പാശ്ചാത്യ റിയലിസത്തിന്റെ മികച്ച മാതൃകകളെ ഉൾക്കൊണ്ടുകൊണ്ടായിരുന്നു കോവൂർ 1850 മുതൽ ഒരു നൂറ്റാണ്ടിനിടയിൽ കേരളത്തിലുണ്ടായ സാമൂഹിക, സാമ്പത്തിക മാറ്റങ്ങളെ തന്റെ നോവലിൽ സത്യസന്ധമായി അടയാളപ്പെടുത്തിയത്. അമേരിക്കൻ എഴുത്തുകാരനായ ആപ്റ്റൺ സിൻക്ലെയറുടെ (18781968) 'ദി ജംഗിൾ' എന്ന കൃതിക്കു സമാനമായി ബിസിനസ്സ് ലോകത്തെ ചൂഷണങ്ങൾ തുറന്നുകാട്ടുന്ന മക്റേക്കിങ് ശൈലിയാണ് കോവൂർ സ്വീകരിച്ചത്. 1932 ൽ നോബൽ പുരസ്കാരം നേടിയ ജോൺ ഗാൾസ്വർത്തിയുടെ (18671933) 'ദി ഫോർസൈറ്റ് സാഗ' എന്നപോലെ കുടുംബത്തിലെ നാല് തലമുറകളിലൂടെ നാട്ടിൽ ഉരുത്തിരിഞ്ഞ സാമൂഹിക മാറ്റങ്ങൾ അദ്ദേഹം രേഖപ്പെടുത്തി.

സിൻക്ലെയർ ലൂയിസിനെപ്പോലെ, മൂർച്ചയേറിയ ആക്ഷേപഹാസ്യത്തിലൂടെ സമൂഹത്തിലെ മധ്യവർഗ പൊങ്ങച്ചങ്ങളെ തുറന്നുകാട്ടി. ഇംഗ്ലീഷ് നോവലിസ്റ്റും കവിയുമായിരുന്ന തോമസ് ഹാർഡിയുടെ (18401928) പ്രകൃതിബോധത്തോട് കിടപിടിക്കുന്ന ശൈലിയിൽ മധ്യതിരുവിതാംകൂറിലെ മലയോരങ്ങളിൽ സാധാരണക്കാർ ആട്ടിയോടിക്കപ്പെടുന്നതും പ്രകൃതിയോട് മനുഷ്യൻ നടത്തുന്ന കയ്യേറ്റങ്ങളും വിഷയമാക്കി. 'ഇത്തരം വേറിട്ട പുതിയ ലോകം കണ്ടെത്താനുള്ള എളിയ ശ്രമ'മായിരുന്നു ഈ നോവൽ. ഇത് എഴുത്തുകാരന്റെ തന്നെ സാക്ഷ്യം.

അഭിഭാഷകൻ, കമ്പനിനിയമം കൈകാര്യം ചെയ്ത ന്യായാധിപൻ, കമ്പനിതകർച്ചയുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന അനുഭവസ്ഥൻ, പ്ലാന്റേഷൻ കമ്പനി നടത്തിപ്പും അടുത്തുനിന്നുകണ്ട വ്യക്തി... ഇങ്ങനെ പല നിലകളിൽ പലർക്കും അപരിചിതമായ ലോകത്തെപ്പറ്റി തനിക്കുള്ള അനുഭവങ്ങളും അറിവുകളുമാണ് നോവലിൽ പങ്കുവെക്കുന്നതെന്നു കോവൂർ ആമുഖക്കുറിപ്പിൽ സൂചിപ്പിക്കുന്നു.

മലയാള സാഹിത്യത്തിലെ റബ്ബർ തോട്ടവ്യവസായത്തിന്റെ ആദ്യത്തെ സാമൂഹിക, സാമ്പത്തിക, ചരിത്രവായനയാണ് ഇ എം കോവൂരിന്റെ കാട് എന്ന നോവൽ.

**തുടർവായന**


കോവൂർ, ഇ. എം. (1964), കാട്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം. (ആദ്യ കറന്റ് ബുക്സ് എഡിഷൻ 1970)

തരകൻ, കെ. എം. (1982), ആധുനിക നോവൽ ദർശനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

തരകൻ, കെ. എം. (1990), മലയാള നോവൽസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.

Varghese, T. C. (1970), Agrarian Change and Economic Consequences: Land Tenures in Kerala, 1850-1960, Allied Publishers, New Delhi.

## കാനം ഇ ജെ

# കാലത്തെ അതിജീവിച്ച പൈങ്കിളി ആശാൻ



ആന്റണി കണയംപ്ലാക്കൽ



മാധ്യമ പ്രവർത്തകർക്കു മറ്റു എന്ത് എല്ലാം ആകാം എന്ന് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ . മാധ്യമം, മരംമുറി , മംഗോ ഫോൺ , മെസ്സിയെ കളിപ്പിക്കൽ അങ്ങനെയങ്ങനെ എന്തെല്ലാം പ്രവർത്തനമേഖലകൾ മാധ്യമപ്രവർത്തകനാണെങ്കിൽ പോലും ഒരാൾക്കുണ്ടാകാം . ഈ ട്രെൻഡ് പണ്ടുമുണ്ടായിരുന്നു . ഒരുപക്ഷെ ഇത്രയും ചർച്ചക്കോ വിമർശനത്തിനോ വാർത്താപ്രാധാന്യത്തിനോ വിധയേമായിട്ടില്ലായിരിക്കാം.

അറുപതുകളിൽ പത്രപ്രവർത്തനം ഉൾപ്പെടെ അവിശ്വസീനിയമായ നിരവധി മേഖലകളിൽ ശോഭിച്ച ഒരു പ്രതിഭയുണ്ട് . അർഹിക്കുന്ന അവാർഡുകൾ കിട്ടിയില്ലെങ്കിലും കേസിലൊന്നും പെടാത്ത ഒരു ബഹുമുഖ പ്രതിഭ. പട്ടാളക്കാരൻ , പത്രക്കാരൻ, പത്രമുതലാളി, നോവലിസ്റ്റ്, നാടകകൃത്ത്, തിരക്കഥാകൃത്ത്, കവി, ഗാനരചയിതാവ് , നടൻ, അദ്ധ്യാപകൻ. അങ്ങനെ എത്രയെത്ര വൈവിധ്യമാർന്ന മേഖലകളിൽ ശോഭിച്ചയാൾ .നൂറ്റിഅൻപതോളം നോവലുകൾ എഴുതിയ ആ 'പൈങ്കിളി' കഥാകാരന്റെ നൂറാം ജന്മദിനമായിരുന്നു കഴിഞ്ഞ ജൂൺ 13 നു

**മിലിറ്ററിയിൽ നിന്നും തിരിച്ചുവരുമ്പോൾ കാനത്തിനും ബി ക്ലാസ് മെഡിക്കൽ പ്രാക്റ്റീഷനർ അകാൻ യോഗ്യത ഉണ്ടായിരുന്നെങ്കിലും അദ്ദേഹം തിരഞ്ഞെടുത്തതു സ്വന്തം സാഹിത്യ വാസന വളർത്തിയെടുക്കാൻ സാധിക്കുന്ന ഒരു മേഖലയാണ് , അദ്ധ്യാപനം . മലയാളം ഹയർ പാസ്സായി നേരെ പട്ടാളത്തിൽ ചേർന്നു. കുറച്ചു കാലത്തെ സൈനിക സേവനത്തിനു ശേഷം പല സ്കൂളുകളിൽ അദ്ധ്യാപകനായി. . . അങ്ങനെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും അധ്യാപകനാകാനുള്ള യോഗവും കാനത്തിനുണ്ടായി**

ഇലവുങ്കൽ ജോൺ ഫിലിപ്പ് (1926 1987) . ആളെ താങ്കൾക്കു അങ്ങോട്ട് പിടികിട്ടിയില്ല എന്ന് തോന്നുന്നു . കാനം ഈ. ജെ എന്ന് പറഞ്ഞാൽ കാര്യങ്ങൾ എളുപ്പമാകും .

ഒരു ജൂൺ 13നു ജനിക്കുകയും മറ്റൊരു ജന്മദിനത്തിന് , ജൂൺ 13 നു മൺമറയുകയും ചെയുക എന്ന അപൂർവികതയുള്ള അതുല്യ പ്രതിഭ . കോട്ടയം ജില്ലയിലെ കാനം എന്ന ഗ്രാമത്തിൽ 1926 ജൂൺ 13 നു ജനനം. കോട്ടയം കുമളി കെ . കെ റോഡിൽ കോട്ടയത്ത് നിന്നും 25 കിലോമീറ്റർ ദൂരത്തിൽ വാഴൂരി നടുത്താണ് കാനം. സ്വന്തം ഗ്രാമത്തിന്റെ പേര് ബൈലൈൻ ആക്കി ജോൺ ഫിലിപ് . പിതാവ് ഇലവുങ്കൽ ജോസഫ് , നേത്ര രോഗ വിദഗ്ദ്ധനായിരുന്നു. മിലിറ്ററിയിൽ നിന്നും തിരിച്ചുവരുമ്പോൾ കാനത്തിനും ബി ക്ലാസ് മെഡിക്കൽ പ്രാക്റ്റീഷനർ അകാൻ യോഗ്യത ഉണ്ടായിരുന്നെങ്കിലും അദ്ദേഹം തിരഞ്ഞെടുത്തതു സ്വന്തം സാഹിത്യ വാസന വളർത്തിയെടുക്കാൻ സാധിക്കുന്ന ഒരു മേഖലയാണ് , അദ്ധ്യാപനം . ഇന്നാണെങ്കിൽ ജൻസി മെഡിക്കൽ പ്രാക്ടീസ് തെരെഞ്ഞെടുക്കുമായിരുന്നില്ലേ എന്നൊരു സംശയം നിങ്ങളെപ്പോലെ എനിക്കും.

മലയാളം ഹയർ പാസ്സായി നേരെ പട്ടാളത്തിൽ ചേർന്നു. കുറച്ചു കാലത്തെ സൈനിക സേവനത്തിനു ശേഷം പല സ്കൂളുകളിൽ അദ്ധ്യാപകനായി. കാനം , മുണ്ടക്കയം , കുമ്പളാംപൊയ്ക , കോട്ടയം എന്നിവിടങ്ങളിലെ സ്കൂളുകളിൽ അദ്ധ്യാപനം . . അങ്ങനെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും അധ്യാപകനാകാനുള്ള യോഗവും കാനത്തിനുണ്ടായി . അദ്ധ്യാപനവും സാഹിത്യ രചനയും ഒരുമിച്ചു പോകില്ല എന്ന തിരിച്ചറിവിൽ മലയാള മനോരമയിൽ പത്രപ്രവർത്തകനായി . തുടർന്ന് സംരംഭകനായി പത്രമുതലാളി. മനോരാജ്യം വീക്കിലി 1967 ൽ തുടങ്ങുന്നു. അതിൽ തന്റെ നോവലുകൾ പ്രസിദ്ധികരിച്ചു. മനോരാജ്യം മാസിക ജോർജ് തോമസ് – റെയ്ച്ചൽ ദമ്പതികൾക്ക് കൈമാറിയ ശേഷം പൂർണമായി 'പൈങ്കിളി' സാഹിത്യരചനയിലേക്ക്.

'പാടാത്ത പൈങ്കിളി' എഴുതിയ സമകാലീനായ മുട്ടത്തു വർക്കിയാണ് സാഹിത്യത്തിൻറെ പൈങ്കിളികരണത്തിന്റെ ആരംഭകൻ എങ്കിലും കാനവും സമാനമായതോ അതിനുമുപരിയായോ സംഭാവനകൾ നൽകിയിട്ടുണ്ട് .

**അദ്ധ്യാപനവും സാഹിത്യ രചനയും ഒരുമിച്ചു പോകില്ല എന്ന തിരിച്ചറിവിൽ കാനം മലയാള മനോരമയിൽ പത്രപ്രവർത്തകനായി . തുടർന്ന് സംരംഭകനായി .പത്രമുതലാളി. മനോരാജ്യം വീക്കിലി 1967 ൽ തുടങ്ങുന്നു . അതിൽ തന്റെ നോവലുകൾ പ്രസിദ്ധികരിച്ചു. മനോരാജ്യം മാസിക ജോർജ് തോമസ് – റെയ്ച്ചൽ ദമ്പതികൾക്ക് കൈമാറിയ ശേഷം പൂർണമായി 'പൈങ്കിളി' സാഹിത്യരചനയിലേക്ക്.**

കഥയും എഴുത്തും സാധാരണക്കാരെ ആകർഷിക്കുന്ന രീതിയിൽ, സാധാരണക്കാരന്റെ സ്വന്തം ജീവിതം കഥയായി അച്ചടിച്ച് വരുന്ന പോലെയുള്ള വൈകാരികാനുഭൂതി നൽകുന്ന എഴുത്തു കാനത്തിനു സ്വന്തം .

സാധാരണക്കാരായ ജനങ്ങളെ വായനയുടെ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതിന് കാനത്തിന്റെ സംഭാവന വളരെ വലുതായിരുന്നു. വീട്ടുപണിയും കൃഷിപ്പണിയുമൊക്കെ കഴിഞ്ഞുള്ള വൈകുന്നേങ്ങളിൽ ആശ്വാസമായിരുന്നു കാനത്തിന്റെയും മുട്ടത്തു വർക്കിയുടെയും ജനപ്രിയ കഥകൾ. താളുകളിലെ സീരിയലുകൾ എന്ന് വേണമെങ്കിൽ ഒരു ഡിജിറ്റൽ ടച്ചിനായി പറയാം . മാടക്കടയിൽ തൂക്കിയിട്ടിരിക്കുന്ന മനോരമയും, മനോരാജ്യവും, മംഗളവും, മാമാങ്കവും വാങ്ങി വൈകുന്നേരങ്ങൾ ആഘോഷിച്ച ഒരു തലമുറ. മനോരമ വാരികയിലൂടെയാണ് കാനത്തിന്റെ കൂടുതൽ നോവലുകൾ ജനങ്ങളിലേക്കു എത്തിയിട്ടുള്ളത് . വാരികയുടെ പ്രചാരത്തിനു വേണ്ട ചേരുവകളിൽ പ്രധാനം കാനവും മുട്ടത്തു വർക്കിയുമൊക്കെ. എഴുത്തുകാർ മാറിയതല്ലാതെ കുറിപ്പടികൾ കാര്യമായി ഇപ്പോഴും മാറിയിട്ടില്ല. 'അവൾ വിശ്വസ്തയായിരുന്നു, യമുനേ നീ ഒഴുകൂ, നിഷാദം, ഇരിക്കൂ സംസാരിക്കാം, ഏദൻതോട്ടം' എന്നിങ്ങനെ അദ്ദേഹത്തിന്റെ പ്രശസ്തമായ നോവലുകൾ മലയാള മനോരമ വാരികയിലാണ് പ്രസിദ്ധീകരിച്ചത്.

പിന്നീടും ധാരാളം ജനപ്രിയ നോവലെഴുത്തുകാർ വന്നെങ്കിലും കാനത്തിന്റെ സംഭവനയെ മറികടക്കാൻ ആർക്കും സാധിച്ചിട്ടില്ല .

കാനത്തിന്റെ തുടക്കം ഒരു കവിത സമാഹാരത്തിലൂടെ ആയിരുന്നു . നോവൽ എഴുത്തു ജീവിതത്തിന്റെ ആദ്യ നോവലിന്റെ പേരും അതിനോട് ചേർന്ന് നിൽക്കുന്നതാണ് 'ജീവിതം ആരംഭിക്കുന്നു'.

കേരളത്തിന്റെ ഗ്രാമീണ ജീവിതത്തിന്റെ നേർക്കാഴ്ചകളുടെയും, അനുഭവസാക്ഷ്യങ്ങളുടെയും ഏറെ ആസ്വാദ്യകരമായ ചേരുവകളുടെയും മിശ്രിതമായിരുന്നു കാനത്തിന്റെ രചനകൾ .

കുഞ്ചാക്കോയുടെ ഉദയായുടെ ആദ്യ ചിത്രമായ കാനത്തിന്റെ നോവൽ 'ഭാര്യ ' , കാനത്തിന്റെയും സിനിമ സെറ്റിലേക്കുള്ള ആദ്യ ക്ലാപ്പടിയായിരുന്നു . 1962 ൽ പ്രദർശനത്തിന് എത്തിയ സത്യൻ രാഗിണി പടം 'ഭാര്യാ' ഒരു സൂപ്പർ ഹിറ്റ് . ഇന്നും മലയാളി മൂളുന്ന



യേശുദാസിന്റെ 'പഞ്ചാര പാലുമി ട്ടായിയും' എസ്. ജാനകിയുടെ 'കാണാൻ നല്ലകിനാവുകൾ' ഉൾ പ്പടെ ഒൻപതു പാട്ടുകൾ. തിരുവല്ല യിലെ അമ്മാളുക്കുട്ടി കൊലക്കേ സ് ആണ് കഥക്ക് ആധാരം എന്ന് ആരോപണം ഉണ്ടായെങ്കിലും കാനത്തിലെ പ്രതിഭക്കു അതിന്റെ ആവശ്യമില്ലെന്നു എല്ലാവർക്കും ബോധ്യമായിരുന്നു . ഭാര്യയിലെ കഥയും തിരക്കഥയും സംഭാഷണ വും നൽകി സിനിമ മേഖലയിൽ ചുവടു വച്ച കാനം, പിന്നെ 23 ഓളം സിനിമകൾക്കു കൂടി കഥ യും തിരക്കഥയും സംഭാഷണവും എഴുതി.

അദ്ധ്യാപിക , അവൾ വിശസ് തയായരുന്നു , ആരും അന്ന്യരല്ല , സന്ധ്യക്കെന്തിനു സിന്ദൂരം , കളി യോടം തുടങ്ങി ഇന്നും ഓർമക ളിൽ തെളിയുന്ന 23 സിനിമകൾ

'തിരയും തീരവും ചുംബിച്ചുറ ങ്ങി

തരി വളകൾ വീണു കിലുങ്ങി

നദിയുടെ നാണം നുരകളിലൊ തുങ്ങി ,

നനഞ്ഞ വികാരങ്ങൾ മയങ്ങി ... മയങ്ങി'

അവൾ വിശസ്തയായിരുന്നു എന്ന സിനിമയിലെ വാണി ജയ റാം പാടിയ കാനത്തിന്റെ അന ശ്വരമായ വരികൾ . കാനവും അർജുനൻ മാസ്റ്ററും ഒരു രാത്രി മയങ്ങാതെ കോട്ടയം അംബാ സഡർ ഹോട്ടലിൽ ഇരുന്നപ്പോൾ തീരത്തണഞ്ഞതാണ് ഈ ഗാനം. ഇപ്പോഴും കോട്ടയത്തെ പത്രക്കാ രുടെയും സാഹിത്യകാരന്മാരുടെ യും സങ്കേതമായ ഹോട്ടൽ അം ബാസ്സഡർ കാനത്തിനും ഏറെ പ്രിയപ്പെട്ടതായിരുന്നു.

അഞ്ചു സിനിമകളിലായി കാ നത്തിന്റെ ഇരുപത്തിയൊന്ന് പാട്ടു കളുടെയും സംഗീതസംവിധാനം എം . കെ അർജുനൻമാസ്റ്ററുടെ യാണ് . ഒത്തൊരുമയുടെ മികവ് മലയാളിക്ക് വിളംബിയ സംഗീത വിരുന്ന് . ആ സിനിമയിലെ മറ്റൊ രു ഗാനമാണ് യേശുദാസ് ആല പിച്ച , 'ചക്രവാളം ചാമരം വീശും ചക്രവർത്തിനി നീ'.

**അഞ്ചു സിനിമകളിലായി കാന ത്തിന്റെ ഇരുപത്തിയൊന്ന് പാട്ടു കളുടെയും സംഗീതസംവിധാനം എം . കെ അർജുനൻമാസ്റ്ററുടെ യാണ് . ഒത്തൊരുമയുടെ മികവ് മലയാളിക്ക് വിളംബിയ സംഗീത വിരുന്ന് . ആ സിനിമയിലെ മറ്റൊ രു ഗാനമാണ് യേശുദാസ് ആല പിച്ച ,'ചക്രവാളം ചാമരം വീശും ചക്രവർത്തിനി നീ'. ഗാനങ്ങളുടെ ഭംഗിയും ആസ്വാദന മികവും അപാരം . കാനത്തിന്റെ ആദ്യ ഗാനം യാമിനിയിലെ (1973) യേശു ദാസ് പാടിയ ,'സ്വയംവര കന്യകേ സ്വപ്നഗായികേ' എക്കാലവും മനസിൽ തങ്ങി നിൽക്കും**

ഗാനങ്ങളുടെ ഭംഗിയും ആസ്വാദന മികവും അപാരം . കാ നത്തിന്റെ ആദ്യ ഗാനം യാമിനിയി ലെ (1973) യേശുദാസ് പാടിയ,'സ്വ യംവര കന്യകേ സ്വപ്നഗായികേ' എക്കാലവും മനസിൽ തങ്ങി നിൽക്കും .

ബേപ്പൂർ സുൽത്താൻ സ്റ്റൈൽ ചാരുകസേരയും, ദിനേശ് ബീഡി യുടെ പുകയും ചൂടും കൂടിയാ യാൽ കഥകളും ഗാനങ്ങളും നദി യായി ഒഴുകും .

കാനം സിനിമയുടെ കഥ, തിരക്കഥ ,സംഭാഷണം എന്നി ഫ്രെയിമിൽ ഒതുങ്ങിക്കൂടിയില്ല. 'അവൾ വിശസ്തയായിരുന്നു', 'തി രക്കിൽ അൽപം സമയം ' എന്നീ സിനിമകളിൽ ചെറിയ വേഷങ്ങ ളും ചെയ്തു. സംസ്കൃതത്തിൽ അസാമാന്യ ജ്ഞാനം. മികച്ച പ്രാ സംഗികൻ. കാനത്തന്റെ മികവിന്റെ പട്ടിക തുടർകഥയായി തുടരുന്നു. കാലത്തെ അതിജീവിച്ച 'പൈങ്കി ളി'യുടെ ആശാൻ , ക്ഷമിക്കണം, സർവകലാവല്ലഭൻ.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# കോലങ്ങൾ

## ഗ്രാമീണ ജീവിതത്തിന്റെ നേർവരകൾ

**മനുഷ്യ മനഃശാസ്ത്രത്തെയും നമ്മുടെ പൊള്ളയായ സാമൂഹിക വ്യവസ്ഥിതിയെയും ഇത്രമേൽ നഗ്നമായി നിരീക്ഷിക്കുന്ന ജോർജിന്റെ ഈ സൃഷ്ടി എക്കാലത്തെയും മികച്ചൊരു രാഷ്ട്രീയ – സാമൂഹിക അലിഗറിയായി തലയുയർത്തി നിൽക്കുന്നു**

മാത്യു സണ്ണി കെ.

'നരകം മറ്റു മനുഷ്യരാണ്.'
– ഴാങ് പോൾ സാർത്ര്

സാർത്രിന്റെ ഈ വാക്യത്തെ അക്ഷരംപ്രതി ദൃശ്യവൽക്കരിച്ച ക്ലാസിക് ചലച്ചിത്രാനുഭമാണ് കെ.ജി. ജോർജിന്റെ 'കോലങ്ങൾ'. നാട്ടിൻപുറം നന്മകളാൽ സമൃദ്ധമാമെന്ന ക്ലീഷേകളെ ക്യാമറ ലെൻസിലൂടെ നിഷ്കരുണം പൊളിച്ചെഴുതുന്ന ചിത്രം. മനുഷ്യന്റെ ഉള്ളിൽ അടക്കി വെച്ചിരിക്കുന്ന കുശുമ്പും കുന്നായ്മയും തുറന്നു വിട്ടാൽ, അത് ആണവായുധത്തേക്കാൾ മാരകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഈ ചിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദാരിദ്ര്യം മനുഷ്യനെ ഒളിഞ്ഞു നോട്ടക്കാരനാക്കുന്നു; അപവാദം അവരുടെ വിശപ്പടക്കുന്നു എന്നൊരു ചൊല്ലുണ്ട്. നാല്പതിലേറെ വർഷങ്ങൾക്ക് മുൻമ്പ്, വറുതിയും ദാരിദ്ര്യവും നിഴലിച്ചുനിൽക്കുന്ന കേരളീയ ഗ്രാമമാണ് ഈ ചിത്രത്തിന്റെ പശ്ചാത്തലം .പട്ടിണിയും തൊഴിലില്ലായ്മയും സാമ്പത്തിക



അരക്ഷിതാവസ്ഥയും ചേർന്ന് മനുഷ്യന്റെ ചിന്താമണ്ഡലത്തെ എങ്ങനെ മലീമസമാക്കുന്നു എന്ന് കൂടി ഈചിത്രം പറയുന്നുണ്ട് . സ്വന്തം ജീവിതം വഴിമുട്ടുമ്പോഴാണ് മനുഷ്യൻ അയൽക്കാരന്റെ സ്വകാര്യതകളിലേക്ക് ക്യാമറ തിരിക്കാനും, അപവാദങ്ങൾ സൃഷ്ടിച്ച് സാഡിസ്റ്റിക് ആയ ആനന്ദം കണ്ടെത്താനും തുടങ്ങുന്നത് എന്ന നഗ്നസത്യം ജോർജ് ഇതിലൂടെ തുറന്നുകാട്ടുന്നു.

> **ആൾക്കൂട്ടം ഒരു നിശബ്ദ കൊലയാളിയാണ്. കാലമെത്ര മാറിയാലും, സാങ്കേതികവിദ്യ ആകാശത്തോളം വളർന്നാലും മനുഷ്യന്റെ അടിസ്ഥാന ചോദനയായ പരദൂഷണത്തിനും അസഹിഷ്ണുതയ്ക്കും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലെന്ന്'കോലങ്ങൾ' ഓർമ്മിപ്പിക്കുന്നു.**

ആൾക്കൂട്ടം ഒരു നിശബ്ദ കൊലയാളിയാണ്.കാലമെത്ര മാറിയാലും, സാങ്കേതികവിദ്യ ആകാശത്തോളം വളർന്നാലും മനുഷ്യന്റെ അടിസ്ഥാന ചോദനയായ പരദൂഷണത്തിനും അസഹിഷ്ണുതയ്ക്കും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലെന്ന് 'കോലങ്ങൾ' ഓർമ്മിപ്പിക്കുന്നു.

മനുഷ്യ മനഃശാസ്ത്രത്തെയും നമ്മുടെ പൊള്ളയായ സാമൂഹിക വ്യവസ്ഥിതിയെയും ഇത്രമേൽ നഗ്നമായി നിരീക്ഷിച്ചതുകൊണ്ടു തന്നെയാണപതിറ്റാണ്ടുകൾക്കിപ്പുറവും ജോർജിന്റെ ഈ സൃഷ്ടി എക്കാലത്തെയും മികച്ചൊരു രാഷ്ട്രീയ-സാമൂഹിക അലിഗറിയായി

തലയുയർത്തി നിൽക്കുന്നത്.

സദാചാരം എന്നത് പലപ്പോഴും നമുക്ക് സൗകര്യപ്രദമായ ഒരു മുഖംമൂടി മാത്രമാണ്. ചന്തമറിയയുടെ മകൾ കുഞ്ഞമ്മയെ ചുറ്റിപ്പറ്റിയാണ് സിനിമയുടെ ആഖ്യാനം വികസിക്കുന്നത്. അവളുടെ യൗവനത്തിന് ചുറ്റും വട്ടമിട്ടു പറക്കുന്ന ഗ്രാമത്തിലെ കാമക്കണ്ണുകളെ ക്യാമറ സൂക്ഷ്മമായി ഒപ്പിയെടുക്കുന്നുണ്ട്. ജീവനുതുല്യം സ്നേഹിക്കുന്ന പൈലിയെന്ന കടത്തുകാരനെയും, സ്വന്തമാക്കാൻ നടക്കുന്ന മദ്യപാനിയായ വർക്കിയെയും അവഗണിച്ച്, ബലൂൺ വിൽപനക്കാരനായ ചെറിയാനിൽ അവൾ പ്രണയം കണ്ടെത്തുന്നു. എന്നാൽ ഈ പ്രണയത്തെ, അധികാരത്തിന്റെയും പണത്തിന്റെയും പിൻബലത്തിൽ കള്ള് വർക്കിയും ദല്ലാളും ചേർന്ന് 'അപവാദം എന്ന ആയുധമുപയോഗിച്ച് കുഴിച്ചുമൂടുന്നു.

ചന്തമറിയയുടെ കഥാപാത്രസൃഷ്ടി ക്ലാസിക്കലാണ് .ചന്തയിൽ പുരുഷന്മാരോട് തർക്കിച്ച് സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമെന്ന് ഒറ്റനോട്ടത്തിൽ തോന്നുന്ന അവർ, സ്വന്തം മകളുടെ കാര്യം വരുമ്പോൾ തികഞ്ഞ യാഥാസ്ഥിതികയും സദാചാരത്തിന്റെ വക്താവും ആയി മാറുന്നു. അനാഥനായ ചെറിയാനേക്കാൾ അവർക്ക് പഥ്യം പണക്കാരനായ കള്ള് വർക്കിയെയാണ്. സമൂഹത്തിന്റെ സകലമാന ഇരട്ടത്താപ്പുകളുടെയും പ്രതിരൂപമായി മറിയയെ സംവിധായകൻ മാറ്റിയെടുക്കുന്നുണ്ട്.

സിനിമയുടെ ആഖ്യാനഘടനയ്ക്ക് ഒരു പൂർണ്ണവൃത്തം നൽകിക്കൊണ്ട് ചിത്രത്തിന്റെ ഓപ്പണിങ് ഷോട്ടും ക്ലൈമാക്സും സംഭവിക്കുന്നത് ഗ്രാമത്തിന്റെ കടവിലാണ്. പുലർകാലത്ത് അക്കരേക്ക് പാലുമായി പോകുന്ന കുഞ്ഞമ്മയുടെ സ്വാതന്ത്ര്യത്തിലും നിഷ്കളങ്കതയിലും തുടങ്ങുന്ന ചിത്രം, അവസാനിക്കുന്നത് കള്ള് വർക്കിയുടെ ഭാര്യായി അതേ വഞ്ചിയിൽ അവൾ ഇരിക്കുന്ന ഫ്രെയിമിലാണ്.

കുഞ്ഞമ്മയെ കീഴടക്കിയ വർക്കിയുടെ അഹങ്കാരം നിറഞ്ഞ വിജയച്ചിരി ആ കടവിലാകെ മുഴങ്ങുമ്പോൾ അത് ഗ്രാമത്തിന്റെ മൊത്തം അട്ടഹാസമായി പ്രേക്ഷകനിൽ തറയ്ക്കുന്നു.

സിനിമയിലെ 'ഇക്കരയും അക്കരെയും' കേവലം ഭൂമിശാസ്ത്രപരമായ രണ്ട് ഫ്രെയിമുകളല്ല; ഗ്രാമീണരുടെ സങ്കുചിതമായ മാനസികാവസ്ഥയുടെ കൃത്യമായ അതിർവരമ്പുകളാണവ. അക്കരെ നിന്ന് വരുന്നവരെയെല്ലാം 'വരുത്തന്മാർ' എന്ന് മുദ്രകുത്തി അപരവൽക്കരിക്കുന്ന ഗ്രാമീണമനഃശാസ്ത്രത്തെയാണ് ഇവിടെ വിമർശിക്കുന്നത്. ഉപജീവനത്തിനായി വന്ന ചെറിയാനും, പുതിയതായി വന്ന ബ്ലോക്ക് ഉദ്യോഗസ്ഥനും ആൾക്കൂട്ടത്തിന്റെ വിദ്വേഷത്തിന് ഇരകളാകുന്നു. പുറത്തുനിന്നെത്തുന്ന എന്തിനെയും ഒറ്റപ്പെടുത്താൻ ശ്രമിക്കുന്ന ഗ്രാമീണരുടെ ഈ പക, നാട്ടിൻപുറത്തിന്റെ കാല്പനിക മുഖംമൂടിയെ പൂർണ്ണമായും വലിച്ചുകീറുന്നതാണ്.

**കമ്പ്യൂട്ടറും സ്മാർട്ട്ഫോണും ഇല്ലാതിരുന്ന ഒരു കാലത്ത് മനുഷ്യൻ തങ്ങളുടെ പരദൂഷണ പ്രിയം കൊണ്ട് എങ്ങനെയാണ് ഒരു ഫിസിക്കൽ സോഷ്യൽ മീഡിയ നെറ്റ്വർക്ക് സൃഷ്ടിച്ചതെന്നത് ഏറെ കൗതുകകരമാണ്.**

പൂർണ്ണമായും ഇരുണ്ടൊരു ചിത്രമല്ല കോലങ്ങൾ; മനുഷ്യത്വത്തിന്റെ ചില നേർക്കാഴ്ചകളും ഈ ചിത്രം നൽകുന്നുണ്ട്. ചെറിയാന് തലചായ്ക്കാൻ നാല് സെന്റ് സ്ഥലം കൊടുക്കുന്ന രാമൻ നായർ ഈ ഗ്രാമത്തിലെ വിവേകത്തിന്റെ ശബ്ദമാണ്. 'എവിടുന്നോ കേറി വന്നവന്മാർക്ക് എന്തിനാ സ്ഥലം കൊടുക്കുന്നത്?' എന്ന് ചോദിക്കുന്ന പരമുവിനോട് 'എല്ലാവർക്കും എവിടെയെങ്കിലുമൊക്കെ താമസിക്കണ്ടേ?' എന്ന് ചോദിക്കുമ്പോൾ ആ ആർജ്ജവത്തിന് മുന്നിൽ ഗ്രാമത്തിന്റെ സങ്കുചിതത്വം നാണംകെടുന്നുണ്ട്. ഇന്നത്തെ അന്യസംസ്ഥാന തൊഴിലാളികളോടുള്ള നമ്മുടെ സമൂഹത്തിന്റെ വിദ്വേഷത്തിന്റെ ആദ്യരൂപമായി ഇതിനെ വായിച്ചെടുക്കാം.

അതുപോലെ തന്നെയാണ് പൈലിയെന്ന കടത്തുകാരനും. താൻ സ്നേഹിച്ച കുഞ്ഞമ്മയെ സ്വന്തമാക്കിയ ചെറിയാനോട് പക പോക്കാതെ അവനെ സഹായിക്കാൻ നിൽക്കുന്ന യാതൊരു ഈഗോയുമില്ലാത്ത അസ്സൽ മനുഷ്യൻ. പിന്നീട് നാട്ടുകാരുടെ വ്യാജ നറേറ്റീവുകളിൽ പെട്ട് സമനില തെറ്റുമ്പോഴും, സത്യം തിരിച്ചറിഞ്ഞ് യാതൊരു ലജ്ജയുമില്ലാതെ മാപ്പുചോദിക്കാൻ കാണിക്കുന്ന പൈലിയുടെ ആർജ്ജവം ഗ്രാമത്തിലെ കളങ്കമില്ലാത്ത മനുഷ്യ മനസ്സിന്റെ ബാക്കിപത്രമാണ്.

ഗ്രാമത്തിന്റെ കപടസദാചാരബോധത്തിന്റെ ഏറ്റവും വലിയ ഇരകളാകുന്നത് മറിയയുടെ അയൽക്കാരിയായ സ്ത്രീയും മകളുമാണ്. ഗർഭിണിയാകുന്ന പെൺകുട്ടിയുടെ ഗർഭം കലക്കിക്കുകയും, പിന്നീട് ഒന്നുമറിയാത്ത ഒരാളുടെ തലയിൽ കെട്ടിവെക്കുകയും ചെയ്യുന്ന പ്രവൃത്തി ഞെട്ടിക്കുന്നതാണ്.

ധാർമ്മികതയേക്കാൾ ഉപരി സമൂഹത്തിൽ 'മുഖം രക്ഷിക്കാൻ' വേണ്ടി ഏതറ്റം വരെയും പോകുന്ന ഗ്രാമീണരുടെ പ്രതിച്ഛായയാണിത്.

അതേസമയം, ഗാർഹിക ഹിംസയുടെ ക്രൂരമായ മുഖം വരച്ചുകാട്ടുന്നത് പരമു എന്ന കഥാപാത്രത്തിലൂടെയാണ്. കവലകളിൽ വീരവാദം മുഴക്കുകയും മറ്റുള്ളവരുടെ കാര്യങ്ങളിൽ സദാചാര പോലീസ് ചമയുകയും ചെയ്യുന്ന

പരമു, സ്വന്തം വീട്ടിലെത്തുമ്പോൾ തികഞ്ഞൊരു സാഡിസ്റ്റായി മാറുന്നു. നിരന്തരമായ ഉപദ്രവങ്ങൾ സഹിക്കുന്ന ഭാര്യയുടെ സമനില തെറ്റുന്നു. ആണത്തമെന്നത് വീട്ടിനുള്ളിലെ സ്ത്രീയെ തല്ലിച്ചതയ്ക്കലാണെന്ന് വിശ്വസിക്കുന്ന ഒരു പുരുഷാധിപത്യ വ്യവസ്ഥിതിയുടെ പരിണതഫലമാണത്.

കമ്പ്യൂട്ടറും സ്മാർട്ട്ഫോണും ഇല്ലാതിരുന്ന ഒരു കാലത്ത് മനുഷ്യൻ തങ്ങളുടെ പരദൂഷണ പ്രിയം കൊണ്ട് എങ്ങനെയാണ് ഒരു ഫിസിക്കൽ സോഷ്യൽ മീഡിയ നെറ്റ്വർക്ക് സൃഷ്ടിച്ചതെന്നത് ഏറെ കൗതുകകരമാണ്. കവലകളും കടത്തിണ്ണകളും ചായക്കടകളുമായിരുന്നു അന്നത്തെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ. അവിടെ വെച്ചാണ് വ്യാജവാർത്തകൾ നിർമ്മിക്കപ്പെട്ടതും ഷെയർ ചെയ്യപ്പെട്ടതും .യാതൊരു വസ്തുതയുമില്ലാതെ കുഞ്ഞമ്മയെയും ചെറിയാനെയും ആൾക്കൂട്ടം വിചാരണ ചെയ്തത് ഇന്നത്തെ കാലത്തെ സൈബർ അറ്റാക്കിന്റെയും ആൾക്കൂട്ട കൊലപാതകങ്ങളുടെയും ആദിമ രൂപം തന്നെയാണ്.

ഇതൊരു ഗ്രാമത്തിന്റെ മാത്രം കഥയല്ല; സമകാലിക രാഷ്ട്രീയത്തിന്റെ വളരെ കൃത്യമായൊരു രൂപകം കൂടിയാണ്.

സത്യം എപ്പോഴും രാമൻ നായരെപ്പോലെ ന്യൂനപക്ഷത്തിന്റെ കയ്യിലായിരിക്കുമെങ്കിലും, വ്യവസ്ഥിതിയുടെയും സമൂഹത്തിന്റെയും പിന്തുണ ലഭിക്കുന്നത് മറിയയെയും പരമുവിനെയും പോലുള്ള കപടസദാചാരവാദികൾക്കായിരിക്കും. യേശുവിനെ ക്രൂശിക്കാൻ ആവശ്യപ്പെടുകയും കൊലപാതകിയായ ബറബ്ബാസിനെ സ്വതന്ത്രനാക്കാൻ വിളിച്ചുപറയുകയും ചെയ്ത അതേ ആൾക്കൂട്ടത്തിന്റെ മറ്റൊരു മുഖം.

വ്യാജപ്രചരണങ്ങളിൽപ്പെട്ട് യാഥാർത്ഥ്യമറിയാതെ തമ്മിലടിക്കുന്ന പൈലിയെപ്പോലുള്ളവർ ഇന്നത്തെ കാലത്തെ രാഷ്ട്രീയക്കാരുടെ കയ്യിലെ പാവകളായ സാധാരണ വോട്ടർമാരുടെ പ്രതീകമാണ്.

നാട്ടിൻപുറത്തെ ഈ 'നന്മയുടെ' കാര്യത്തിൽ നമ്മൾ മലയാളികൾക്ക് മാത്രമല്ല സൂക്കേടുള്ളതെന്ന് ലോകസിനിമ പരിശോധിച്ചാൽ മനസ്സിലാകും. കോലങ്ങളിലെ കേരളീയ ഗ്രാമവും ഗ്യൂസെപ്പെ ടൊർണാറ്റോറെ (സംവിധാനം ചെയ്ത വിഖ്യാത ഇറ്റാലിയൻ ചിത്രം 'മലേന'യിലെ സിസിലിയൻ ഗ്രാമവും തമ്മിൽ ഭൂമിശാസ്ത്രപരമായി വലിയ അകലമുണ്ടെങ്കിലും, ആൾക്കൂട്ട മനഃശാസ്ത്രത്തിന്റെ ഒരേ മുഖമാണ് . സുന്ദരികളായ നായികമാരുടെ നിഷ്കളങ്കതയെ

**കമ്പ്യൂട്ടറും സ്മാർട്ട്ഫോണും ഇല്ലാതിരുന്ന ഒരു കാലത്ത് മനുഷ്യൻ തങ്ങളുടെ പരദൂഷണ പ്രിയം കൊണ്ട് എങ്ങനെയാണ് ഒരു ഫിസിക്കൽ സോഷ്യൽ മീഡിയ നെറ്റ്വർക്ക് സൃഷ്ടിച്ചതെന്നത് ഏറെ കൗതുകകരമാണ്.**

ഗ്രാമവാസികളുടെ അസൂയയും ലൈംഗികദാരിദ്ര്യവും ചേർന്ന് എങ്ങനെയാണ് വേട്ടയാടുന്നതെന്ന് ഈ ചിത്രങ്ങൾ ഒരേസ്വരത്തിൽ പറയുന്നു.

മലേനയിൽ ആൾക്കൂട്ടം പരസ്യമായി അവളെ മുടിമുറിച്ച് തെരുവിലിട്ട് അപമാനിക്കുമ്പോൾ കോലങ്ങളിൽ അത് നിരന്തരമായ പരദൂഷണത്തിലൂടെയുള്ള മാനസിക ക്രൂരതയായാണ വെളിപ്പെടുന്നത്. അന്ന് വിചാരണകൾ ചായക്കടകളിലായിരുന്നെങ്കിൽ ഇന്നത് ഫേസ്ബുക്കിലും വാട്സാപ്പിലുമാണെന്ന് മാത്രം.

കമ്പ്യൂട്ടറും സ്മാർട്ട്ഫോണും ഇല്ലാതിരുന്ന ഒരു കാലത്ത് മനുഷ്യൻ തങ്ങളുടെ പരദൂഷണ പ്രിയം കൊണ്ട് എങ്ങനെയാണ് ഒരു ഫിസിക്കൽ സോഷ്യൽ മീഡിയ നെറ്റ്വർക്ക് സൃഷ്ടിച്ചതെന്നത് ഏറെ കൗതുകകരമാണ്. നാട്ടിൻപുറം നന്മകളാൽ സമൃദ്ധമാണ് എന്ന പൊതുബോധത്തെ അതിനിശിതമായി പരിഹസിക്കുന്ന ഈ ചിത്രം ഇറ്റാലിയൻ നിയോ-റിയലിസത്തിന്റെ സ്വാധീനം പ്രകടമാക്കുന്നുണ്ട്. ദാരിദ്ര്യവും കഷ്ടപ്പാടും യാതൊരു കൃത്രിമത്വവുമില്ലാതെ പച്ചയായിത്തന്നെ സിനിമയിൽ കാണാം.

മലയാള സിനിമയുടെ സ്ഥിരം ശൈലിയായ മെലോഡ്രാമ ഈ ചിത്രത്തിൽ തീർത്തുമില്ല. ദുരന്തങ്ങൾ സംഭവിക്കുമ്പോൾ പ്രേക്ഷകനെക്കൊണ്ട് കരയിപ്പിക്കാൻ സംവിധായകൻ ശ്രമിക്കുന്നില്ല. ക്യാമറ ഒരു നിസ്സംഗനായ നിരീക്ഷകനായി മാറി നിന്ന് സംഭവങ്ങളെ ഒപ്പിയെടുക്കുക മാത്രമാണ് ചെയ്യുന്നത്.

കൂടാതെ, കോലങ്ങളിൽ ഒരു പ്രത്യേക നായകനോ വില്ലനോ ഇല്ല. ഒരു ഗ്രാമം മുഴുവനായും അതിലെ ആൾക്കൂട്ടവുമാണ് പ്രധാന കഥാപാത്രവും വില്ലനും കുഞ്ഞമ്മ, പൈലി, ചെറിയാൻ, മറിയ, പരമു എന്നിങ്ങനെ എല്ലാ കഥാപാത്രങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന ബഹുസ്വര ആഖ്യാനമാണ് ചിത്രത്തിന്റേത്.

ദുരന്തങ്ങൾക്കിടയിലും ഗ്രാമത്തിനോ വ്യവസ്ഥിതിക്കോ ഒരു മാറ്റവും സംഭവിക്കാത്ത ഭയപ്പെടുത്തുന്ന യാഥാർത്ഥ്യമാണ് വർക്കിയുടെ വിജയച്ചിരിയോടെ അവസാനിക്കുന്ന ദൃശ്യം ബാക്കി വെക്കുന്നത്.

നാടകീയതകൾ ഒഴിവാക്കി, ഒരു ഡോക്യുമെന്ററിക്ക് സമാനമായ റിയലിസ്റ്റിക് ശൈലിയിലാണ് കെ.ജി. ജോർജ് ഒരുക്കിയിരിക്കുന്നത്. മനുഷ്യപ്രകൃതിയുടെ ഇരുണ്ട തലങ്ങളെ ഒട്ടും മയപ്പെടുത്താതെ പ്രേക്ഷകന്റെ മുഖത്തേക്ക് വലിച്ചെറിയുന്ന ഈ മാസ്റ്റർപീസ് ഇന്നും സാംഗത്യമുള്ളതായി തുടരുന്നു.

# ചുവരെഴുത്ത്

## ജോഷി ജോർജ്



NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN. and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY